

# കളിപ്പാട്ടം

## പ്രീസ്കൂൾ പ്രവർത്തനപുസ്തകം

## അധ്യാപകസഹായി

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്



*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

ശൈശവത്തെ സവിശേഷമായൊരു ജീവിതാവസ്ഥയായാണ് നോക്കിക്കാണേണ്ടത്. ദ്രുതഗതിയിലുള്ള മസ്തിഷ്കവികാസവും ശാരീരിക വളർച്ചയും നടക്കുന്ന കാലമാണിത്. ഈ കാലഘട്ടത്തിലെ ശിശുപരിചരണവും പരിരക്ഷയും വിദ്യാഭ്യാസവും ഏറെ ഗൗരവത്തോടെ നടപ്പിലാക്കണം. സർഗാത്മകവും ചടുലവും പരിസരബന്ധിതവും ജീവിതഗന്ധിയുമായ ഒരു പ്രവർത്തന പരിപാടിയാണ് നമുക്കാവശ്യം. മാറിവരുന്ന സമൂഹത്തിന്റെ ആവശ്യങ്ങളുമായും കുട്ടികളുടെ വികാസവുമായും ബന്ധപ്പെട്ട ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളുന്നതാവണം ശിശുപരിചരണ വിദ്യാഭ്യാസപദ്ധതി.

ഈ ലക്ഷ്യത്തോടെ എസ്. സി. ഇ. ആർ. ടിയുടെ നേതൃത്വത്തിൽ ഒരു സമീപനരേഖയും പാഠ്യപദ്ധതിയും രൂപീകരിക്കുകയുണ്ടായി. അതിനെ അടിസ്ഥാനമാക്കി തയാറാക്കിയ പ്രീസ്കൂൾ പ്രവർത്തകർക്കുള്ള കൈപ്പുസ്തകമാണിത്.

ശിശുവികാസമെന്നത് നിരവധി മേഖലകളിൽ നടക്കുന്ന സങ്കീർണമായ മാറ്റങ്ങളുടെ സംയോജിത ഫലമാണ്. കായികം, വൈജ്ഞാനികം, ഭാഷ, വൈകാരികം, ആസ്വാദനം, സർഗാത്മകത തുടങ്ങിയ മേഖലകളിൽ ഉണ്ടാകുന്ന ഗുണകരമായ മാറ്റങ്ങളാണ് സാമൂഹികജീവിതത്തിന്റെ വിഭിന്ന മേഖലകളിൽ ഫലപ്രദമായ സംഭാവനകൾ ചെയ്യാൻ ഭാവിയിൽ വ്യക്തികളെ പ്രാപ്തരാക്കുന്നത്. അനുഭവങ്ങളിലൂടെ കടന്നുപോവുകയും നിരീക്ഷണ-പരീക്ഷണ-അപഗ്രഥനപ്രക്രിയകളിൽ വ്യാപൃതരാവുകയും ചെയ്യുമ്പോഴാണ് കുട്ടികളിൽ അറിവും കഴിവും മനോഭാവവും രൂപപ്പെടുന്നത്. ഇതാകട്ടെ കുട്ടികളുടെ പ്രായം, പ്രകൃതം എന്നിവ കണക്കിലെടുത്തും ജീവിതചുറ്റുപാടുകൾ പരിഗണിച്ചുമായിരിക്കും. പ്രോത്സാഹനജനകമായ നിലപാടുകൾ സ്വീകരിച്ചുവേണം പ്രീസ്കൂൾ പ്രവർത്തകർ ഇതിനുള്ള സാഹചര്യമൊരുക്കേണ്ടത്. സ്നേഹത്തിന്റെ അന്തരീക്ഷവും കുട്ടി നിരന്തരം കേൾക്കുകയും പറയുകയും ചെയ്യുന്ന ഭാഷയിലൂടെയുള്ള വിനിമയവും ഇതിന് ആവശ്യമാണ്.

സ്വയം വികസിക്കാനും സമൂഹത്തിൽ സവിശേഷമായ രീതിയിൽ പ്രവർത്തിക്കാനും ഓരോ കുട്ടിക്കും അവകാശമുണ്ട്. സാമ്പത്തികസ്ഥിതി, കുടുംബപശ്ചാത്തലം, സാംസ്കാരികചുറ്റുപാട് എന്നിവയിലുള്ള അന്തരം ഒരു കുട്ടിയുടെയും വളർച്ചയ്ക്കും വികാസത്തിനും തടസ്സമാവരുത്.

നിശ്ചിത പ്രായപരിധിയിലുള്ള എല്ലാ കുഞ്ഞുങ്ങളെയും പരിഗണിച്ചുകൊണ്ടാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്. ഇത് ഉൾക്കൊണ്ട് സ്വന്തമായ പ്രവർത്തനക്കുറിപ്പുകളുണ്ടാക്കി വേണം പ്രീസ്കൂൾ പ്രവർത്തകർ കുട്ടികളോടൊപ്പം മുന്നേറാൻ. വിദ്യാഭ്യാസ, ശിശുപരിചരണമേഖലയിൽ വൈദഗ്ധ്യമുള്ള ഒട്ടേറെ വ്യക്തികൾ ഈ പ്രവർത്തനപുസ്തകം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി നിസ്വാർഥമായി പ്രവർത്തിച്ചിട്ടുണ്ട്. ഈ കൈപ്പുസ്തകം ഫലപ്രദമായി പ്രയോജനപ്പെടുത്തുമല്ലോ.

ആശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
**ഡയറക്ടർ**





# ഉള്ളടക്കം

## ഭാഗം 1


1. പ്രവർത്തനപുസ്തകം - സമീപനവും പ്രയോഗവും
2. വികാസമേഖലകളും ബഹുമുഖബുദ്ധിയും
3. വികാസമേഖലകളും ശേഷികളും


## ഭാഗം 2


4. ശിശുപ്രവർത്തന സങ്കേതങ്ങളും തന്ത്രങ്ങളും
5. തീമുകൾ - പഠനാനുഭവങ്ങൾ
6. തീം - ആസൂത്രണം
7. ഒപ്പം കൂട്ടാം
   (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ)
8. നിരന്തര വിലയിരുത്തൽ
9. പ്രിയ രക്ഷിതാവിന് സ്നേഹപൂർവം


## ഭാഗം 3


10. വിഭവങ്ങൾ







# പ്രവർത്തനപുസ്തകം– സമീപനവും പ്രയോഗവും

കുട്ടിയെക്കുറിച്ചും പഠനത്തെക്കുറിച്ചുമുള്ള ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനപുസ്തകം തയാറാക്കിയിട്ടുള്ളത്. മൂന്ന്,നാല് പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ വികാസത്തിനുതകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഉയർന്ന ക്ലാസുകളിലെ പഠനരീതി അനുകരിച്ചല്ല പ്രീസ്കൂൾ അനുഭവ പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. കളികളിലൂടെ അനുഭവങ്ങൾ ആർജിക്കുക, അനുഭവങ്ങളിലൂടെ അറിവും നൈപുണികളും മൂല്യങ്ങളും നേടുക, മൂർത്തവും പരിചിതവുമായ വസ്തുക്കളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി അനുഭവങ്ങൾ നൽകുക എന്നതിന് പ്രീ–സ്കൂളിൽ ഊന്നൽ നൽകേണ്ടിയിരിക്കുന്നു.

ശിശുവികാസമേഖലകൾ, ബഹുമുഖബുദ്ധിയുടെ തലങ്ങൾ എന്നിവ പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിനു സഹായകമായ വിശദാംശങ്ങൾ ഈ പുസ്തകത്തിൽ നൽകിയിട്ടുണ്ട്. തീമുകളെ (പ്രമേയം)അടിസ്ഥാനമാക്കി ഏറ്റവും പരിചിതമായ തീമിൽ നിന്നു ക്രമേണ വികസിച്ച് ഇതര തീമുകളിലേക്കു കടക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. തീമുകളുമായി ബന്ധപ്പെട്ട വിജ്ഞാനം കുട്ടിയുടെ വികാസഘട്ടത്തിനനുസരിച്ച് നൽകേണ്ടതാണ്. പ്രവർത്തനങ്ങളിലൂടെ സ്വായത്തമാക്കുന്ന അറിവിന്റെ പ്രാഥമിക തലത്തിനാണ് പ്രാധാന്യം നൽകേണ്ടത്. മഴ എന്ന തീം മഴയനുഭവങ്ങളും മഴപ്പാട്ടുകളും കഥകളുമൊക്കെയായി സമ്പന്നമാകും. മഴ ഉണ്ടാകുന്നതെങ്ങനെ എന്നത് കുട്ടിയെ സംബന്ധിച്ച് അമൂർത്തമായ കാര്യമാണ്. അത് ആ നിലയിൽ ബോധ്യമാക്കാൻ ശ്രമിക്കരുത്. ഓരോ തീമിലും ഇത്തരത്തിൽ വിവേകപൂർവമായ സമീപനം സ്വീകരിക്കണം. മൂന്ന്, നാല് വയസ്സുകാർക്ക് ഒരേ തീമിൽ പ്രവർത്തനം ഒരുക്കുമ്പോൾ അതിന്റെ വളർച്ച കൃത്യപ്പെടുത്തണം. അനുഭവവൈവിധ്യത്തിലൂടെയും സൂക്ഷ്മമായ നിരീക്ഷണത്തിന് അവസരം നൽകിയും ഇത് സാധ്യമാക്കാം. ഒരു തീമുമായി ബന്ധപ്പെട്ട ആശയങ്ങൾ ഒന്നിലധികം തവണ കടന്നുവരാം. ഉദാഹരണമായി, സസ്യങ്ങൾ എന്ന തീം പിന്നീട് പൂക്കൾ,പഴങ്ങൾ,പൂന്തോട്ടം എന്നിങ്ങനെയും ജീവികൾ എന്ന തീം വളർത്തുജന്തുക്കൾ, പക്ഷികൾ, ചെറുജീവികൾ, വന്യജീവികൾ, ജലജീവികൾ, പ്രാണികൾ, ഇഴജന്തുക്കൾ എന്നിങ്ങനെയും വരുന്നുണ്ട്. ക്രമേണ സവിശേഷവും സൂക്ഷ്മവുമായ കാര്യങ്ങളിലേക്ക് കുട്ടിയുടെ അനുഭവതലത്തെ കൂട്ടിക്കൊണ്ടു പോകണം. അതിനാൽ തീമുകളുടെ വിന്യാസം യുക്തിപൂർവമായിരിക്കണം. കുട്ടിയുടെ അനുഭവസീമയിൽ വരാത്ത ഒരു തീമും ഈ പ്രവർത്തനപുസ്തകം നിർദേശിക്കുന്നില്ല.

മൂന്ന്, നാല് പ്രായക്കാർ ആർജിക്കേണ്ട ശേഷികൾ ഈ പുസ്തകത്തിൽ നൽകിയിട്ടുണ്ട്. അവ വ്യത്യസ്ത തീമുകളിലൂടെ ക്രമാനുഗതമായി വികസിക്കുന്ന രീതിയിൽ വിന്യസിച്ച് പ്രവർത്തനാസൂത്രണം നടത്തേണ്ടതുണ്ട്. എല്ലാ ശേഷികളും ഒരു തവണത്തെ പ്രവർത്തനം കൊണ്ട് നേടാനായി എന്നു വരില്ല. പുനരനുഭവസാധ്യതകൾ ആലോചിക്കണം. ഓരോ കുട്ടിയും നിർദിഷ്ട കഴിവുകൾ നേടുന്നു എന്നുറപ്പാക്കുന്നതിനാണ് നിരന്തരവിലയിരുത്തൽ. പ്രവർത്തനത്തിലേർപ്പെടുന്ന കുട്ടിക്ക് തടസ്സങ്ങൾ മറികടക്കാൻ പിന്തുണ നൽകുന്നതും നിരന്തര വിലയിരുത്തലിന്റെ ഭാഗമാണ്. വാഴയുടെ കൂമ്പ് ഒടിച്ച് തേൻ കുടിക്കാൻ ആഗ്രഹിക്കുന്ന കുട്ടിക്ക് ഉയരം

ഒരു പ്രശ്നമാണ്.കമ്പുയർത്തി ബലം പ്രയോഗിച്ച് ഒടിക്കാനും കഴിഞ്ഞെന്നു വരില്ല. കൂമ്പ് ഒടിച്ചു കൊടുക്കേണ്ടിവരും. പക്ഷേ, പോളകൾ ഉയർത്തി വാഴപ്പൂവിൽനിന്നു തേൻ എടുക്കുന്നതിന് കുട്ടിയെ അനുവദിക്കണം. സ്വയം ചെയ്യാവുന്ന കാര്യങ്ങൾ കുട്ടിതന്നെ ചെയ്യണം. കുട്ടിക്കുവേണ്ടി ചെയ്തു കൊടുക്കുന്നത് തീർത്തും അനിവാര്യമാണെങ്കിൽ മാത്രമേ പാടുള്ളു. പൂർണ തയ്ക്കു വേണ്ടി കുട്ടിയിൽ സമ്മർദ്ദം ചെലുത്താനും പാടില്ല. ഇത്തരം കാര്യങ്ങളെല്ലാം പ്രവർത്തനങ്ങൾ നൽകുമ്പോൾ പരിഗണിക്കണം.

വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങൾ ഈ പ്രവർത്തനപുസ്തകത്തിൽ ഉദാഹരണസഹിതം സൂചിപ്പിക്കുന്നുണ്ട്. പഠനതന്ത്രങ്ങളുടെ വൈവിധ്യം പോലെ തന്നെ അവ എങ്ങനെ അവതരിപ്പിക്കുന്നു എന്നതും പ്രസക്തമാണ്. അതു സംബന്ധിച്ച സൂചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. അധ്യാപകരുടെ വൈഭവം വർധിപ്പിച്ചാലേ കുട്ടിയുടെ താൽപ്പര്യവും ശ്രദ്ധയും നിലനിർത്തി പഠനതന്ത്രങ്ങൾ നിർവഹിക്കാനാകൂ. താൽപ്പര്യമുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുക എന്നത് കുട്ടികളുടെ പ്രകൃതമാണ്.

*അധ്യാപകരുടെ അവതരണം താൽപ്പര്യത്തെ മാനിക്കാതെയാകുമ്പോഴും അവതരണത്തേക്കാൾ താൽപ്പര്യമുള്ള കാര്യങ്ങൾ ശ്രദ്ധയിൽ പെടുമ്പോഴും കുട്ടിയുടെ ശ്രദ്ധ മാറും. ഈ വെല്ലുവിളി സർഗാത്മകമായി ഏറ്റെടുക്കണം. പഠനതന്ത്രങ്ങൾ വിജയിക്കാൻ മികച്ച ആസൂത്രണം അനിവാര്യമാണ്. ഭിന്നശേഷി നിലവാരത്തിലുള്ള കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള ആസൂത്രണം ഉണ്ടാകണം. നിരന്തരവിലയിരുത്തലിലൂടെ എല്ലാവർക്കും എല്ലാം ലഭിക്കുന്ന സൂക്ഷ്മതല ആസൂത്രണത്തിന് സാധിക്കണം. ഈ കൈപ്പുസ്തകത്തിൽ നൽകിയതിനപ്പുറം സൂക്ഷ്മതയോടെ പ്രവർത്തനാസൂത്രണക്കുറിപ്പ് തയാറാക്കണം. ടീച്ചർ ഉന്നയിക്കുന്ന ഓരോ ചോദ്യവും കുട്ടിയുടെ ജിജ്ഞാസയെ ഉണർത്തുന്നതാവണം.*

പഠനസാമഗ്രികളുടെ വലിയൊരു ശേഖരം അധ്യാപകരുടെ കൈയിൽ ഉണ്ടായേ മതിയാകൂ. എല്ലാം വിലകൊടുത്തു വാങ്ങുന്നതാകണമെന്നില്ല. കുട്ടികൾ അതിനു നൽകുന്ന മൂല്യമാണ് പ്രധാനം. ഇലപ്പമ്പരവും മച്ചിങ്ങവണ്ടിയും പാളകൊണ്ടുള്ള മുഖംമൂടിയും ഒക്കെ ചെലവു കുറഞ്ഞ



താണെങ്കിലും കുട്ടികളെ സംബന്ധിച്ചിടത്തോളം മൂല്യമേറെയുള്ളവയാണ്. പ്രകൃതി നൽകിയ വിഭവങ്ങൾ കളിയുപകരണങ്ങളും പഠനോപകരണങ്ങളുമാക്കുന്നത് പ്രകൃതിസ്നേഹം വളർത്താനും വൈവിധ്യം ബോധ്യപ്പെടുത്താനും പ്രകൃതി മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിയാനും സഹായകമാണ്. അതിനാൽ അത്തരം പഠനോപകരണങ്ങളുടെ സാധ്യത അന്വേഷിക്കണം.



പ്രാദേശികപ്രസക്തിയും വഴക്കവുമുള്ള പാഠ്യപദ്ധതിയാണ് ഇവിടെ നിർദേശിക്കുന്നത്.സംസ്ഥാനതലത്തിൽ തയാറാക്കിയ ഈ പ്രവർത്തനപുസ്തകം നിർദേശിക്കുന്ന സമീപനം ഉൾക്കൊണ്ട് പ്രവർത്തിക്കുകയാണ് വേണ്ടത്. ഇക്കാര്യത്തിൽ സർഗാത്മകമായ സ്വാതന്ത്ര്യം ഉപയോഗിക്കണം. പ്രീസ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തെ ഭൂമിശാസ്ത്രപ്രത്യേകതകൾ, ജീവജാലങ്ങൾ, കളികൾ, ആഘോഷങ്ങൾ, ചൊല്ലുകൾ, സാമഗ്രികൾ തുടങ്ങിയവ പ്രയോജനപ്പെടുത്തണം. ഉദാഹരണമായി തീരദേശത്തുള്ളവർ ചിപ്പികളും തെങ്ങിന്റെ ഭാഗങ്ങളും മത്സ്യബന്ധനസാമഗ്രികളും പഠനോപകരണ നിർമിതിക്കായി ഉപയോഗിക്കാനും ഉപതീമുകളായി പരിഗണിക്കാനും ശ്രമിക്കണം.

ഈ കൈപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുള്ള ചില പ്രവർത്തനങ്ങൾ മുൻകൂട്ടി ചെയ്ത് (ട്രൈഔട്ട്) പ്രായോഗികത ബോധ്യപ്പെട്ടതാണ്. എന്നിരുന്നാലും വ്യത്യസ്ത സാമൂഹിക-സാംസ്കാരിക പശ്ചാത്തലമുള്ള കുട്ടികളിൽ അവ

ഒരുപോലെ പ്രവർത്തിക്കണമെന്നില്ല. അതിനാൽ മതിയായ മാറ്റങ്ങളോടെ അവ സ്വീകരിക്കണം. ഒരു പ്രവർത്തനം നിശ്ചിത രീതിയിൽ ചെയ്താൽ ഉദ്ദേശിച്ച ഫലം കിട്ടുമെന്ന സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ അധ്യാപകരും പ്രവർത്തനങ്ങൾ നൽകുന്നത്. എല്ലായ്പ്പോഴും ആഗ്രഹിച്ച ഫലം കിട്ടണമെന്നില്ല. അതിനാൽ പ്രയോഗിക്കുമ്പോൾ ലഭിക്കുന്ന തിരിച്ചറിവുകൾ പ്രധാനമാണ്. അവ കുറിച്ചുവയ്ക്കുകയും തുടർന്നുള്ള തീം ആസൂത്രണം മെച്ചപ്പെടുത്തുന്നതിനു പ്രയോജനപ്പെടുത്തുകയും വേണം. ആസൂത്രണക്കുറിപ്പുകൾ പരിശോധിച്ചാൽ ഗവേഷണമനോഭാവത്തോടെ സ്വയം, നിരന്തരം പുതുക്കുന്ന അധ്യാപകരെ കാണാൻ കഴിയണം. ഒരു വർഷം നടത്തിയ പ്രവർത്തനങ്ങൾ അടുത്ത വർഷം ആസൂത്രണം ചെയ്യുമ്പോൾ മുന്നനുഭവത്തിലെ തിരിച്ചറിവുകൾ പ്രതിഫലിക്കണം. ഇത് തീർച്ചയായും പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്തും.

*ഈ കൈപ്പുസ്തകം 3 ഭാഗങ്ങളായാണ് തയാറാക്കിയിരിക്കുന്നത്. ഭാഗം 1 ൽ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ അനുവാര്യത, ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രസക്തി, വികാസമേഖലകൾ, ബഹുമുഖബുദ്ധിതലങ്ങൾ, കുട്ടികൾ നേടേണ്ട ശേഷികൾ എന്നിവ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. ഭാഗം 1 ൽ ശിശുപ്രവർത്തനസങ്കേതങ്ങൾ തന്ത്രങ്ങൾ, തീമുകൾ, പഠനാനുഭവങ്ങൾ, തീം ആസൂത്രണത്തിന്റെ രീതി, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ, നിരന്തരവിലയിരുത്തൽ പ്രീസ്കൂളിൽ എത്രത്തോളം രക്ഷിതാക്കളുടെ ഉത്തരവാദിത്തങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭാഗം 3 ൽ അധ്യാപകർക്ക് തീം പ്രവർത്തനത്തിന്റെ ഭാഗമായി ഉപയോഗപ്പെടുത്താവുന്ന വിഭവങ്ങൾ (കഥ, പാട്ട്, നിർമാണം, കളിപ്രവർത്തനങ്ങൾ റോൾപ്ലേ, പാവകളി ഉൾപ്പെടുത്തിയിരിക്കുന്നു.*

അന്വേഷകരായ പ്രീസ്കൂൾ അധ്യാപകരെയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്നത്. ബാഹ്യസമ്മർദങ്ങൾ നേരിടേണ്ടിവരാം. അതിനു വഴങ്ങി പഠനസമീപനത്തിൽ വെള്ളം ചേർത്ത് ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസത്തെ നിരാകരിക്കുന്ന സ്ഥിതിയുണ്ടാവരുത്. കച്ചവടവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രലോഭനങ്ങളെ നേരിടണം. ഇക്കാര്യത്തിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പിന്തുണ ആവശ്യമാണ്. ഇത് എങ്ങനെ സാധ്യമാക്കാം എന്നതു സംബന്ധിച്ചുള്ള സൂചനകളും ഈ പുസ്തകത്തിലുണ്ട്. മാതൃഭാഷയാണ് പ്രീസ്കൂളിലെ പഠനമാധ്യമം. ഇന്ന് ലോകത്ത് മുന്നിൽ നിൽക്കുന്ന ഒട്ടുമിക്ക രാജ്യങ്ങളും മാതൃഭാഷ പഠനമാധ്യമമായുള്ള വിദ്യാഭ്യാസരീതിയാണ് പിന്തുടരുന്നത്. അതിനാൽ കുട്ടികളുടെയും സമൂഹത്തിന്റെയും ശരിയായ വളർച്ചയ്ക്ക് മാതൃഭാഷ വഹിക്കുന്ന പങ്ക് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സ്വന്തം രീതിയിൽ ചെയ്യാനും പ്രീസ്കൂൾ അധ്യാപകർ ശ്രമിക്കണം.

എല്ലാ പ്രീസ്കൂൾ അധ്യാപകരും വിദ്യാഭ്യാസപ്രവർത്തകരായി മാറണം. കുട്ടിയുടെ വീട്ടിലെ അന്തരീക്ഷം പഠനോന്മുഖമാക്കുന്നതിനുള്ള ഇടപെടലും നടത്തണം. പ്രീസ്കൂൾ അധ്യാപകർക്ക് പല റോളുകൾ വഹിക്കേണ്ടിവരും. കുട്ടികളുടെ മുന്നിൽ അമ്മയായും കൂട്ടുകാരിയായും പെരുമാറണം. സ്നേഹത്തിന്റെയും സഹായത്തിന്റെയും പ്രകടിതരൂപമാകണമവർ. അന്വേഷകരും ഗവേഷകരും പ്രശ്നപരിഹാരകരുമാകണം. വീട്ടിൽ നിന്നു പ്രീസ്കൂളിൽ എത്തുന്ന കുട്ടിക്ക് അവിടം സ്വന്തം വീടായി അനുഭവപ്പെടണം. സുരക്ഷിതത്വവും പരിഗണനയും താൽപ്പര്യസംരക്ഷണവും പ്രോത്സാഹനവും ഹൃദയബന്ധവും കുട്ടിക്ക് ലഭിക്കണം.

പ്രീസ്കൂൾ സമീപനം തിരിച്ചറിഞ്ഞ് ഫലപ്രദമായി ഇടപെടുന്ന അധ്യാപകരാണ് പാഠ്യപദ്ധതിയുടെ വിജയം ഉറപ്പുവരുത്തുന്നത്. പ്രീസ്കൂൾ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ സർഗാത്മകമായി ഇടപെടുന്നതിലൂടെ നമുക്ക് അത്തരത്തിൽ ഉയരാൻ സാധിക്കും.




# വികാസമേഖലകളും ബഹുമുഖബുദ്ധിയും

ലോകത്തെമ്പാടും നടന്ന നിരവധി ഗവേഷണങ്ങൾ പ്രീസ്കൂൾ വിദ്യാഭ്യാസം രൂപകല്പന ചെയ്യുമ്പോൾ പാലിക്കേണ്ട പ്രധാന തത്ത്വങ്ങൾ സംബന്ധിച്ച സൂചനകൾ നൽകുന്നുണ്ട്.

അവയിൽ ഏറെ പ്രസക്തമായ നാലു കാര്യങ്ങൾ ഇവയാണ്:

1) കുട്ടിയുടെ വികാസം തുടർച്ചയായതും സഞ്ചിതവുമായ പ്രക്രിയയാണ്. ആദ്യം ലഭിക്കുന്ന അനുഭവങ്ങൾ തുടർന്നുള്ളവയെ സ്വാധീനിക്കും. ജനനപൂർവഘട്ടം മുതൽ പ്രൈമറി ഘട്ടം വരെയുള്ള ഓരോ ഉപഘട്ടത്തിലും വികാസാവശ്യങ്ങൾ അഭിസംബോധന ചെയ്യപ്പെടണം.

2) ശാരീരിക (ആരോഗ്യം, പോഷകാഹാരം), വൈജ്ഞാനിക, വൈകാരിക വികാസങ്ങൾ പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്നു. അതുകൊണ്ട് ഇവയെല്ലാം പരിഗണിക്കുന്ന സമഗ്ര സമീപനം അനിവാര്യമാണ്.

3) കളിപ്രവർത്തനങ്ങളിലൂടെയുള്ള പഠനാസൂത്രണമാണ് നടക്കേണ്ടത്.

4) കുട്ടിയുടെ ജീവിതസാഹചര്യങ്ങൾ മുഴുവൻ പരിഗണിച്ചുകൊണ്ടുള്ള ഇടപെടലുകൾ നടത്തുമ്പോഴാണ് വികാസം പരമാവധിയിലെത്തുക.

പ്രീസ്കൂൾ പാഠ്യപദ്ധതി ഇവയെല്ലാം കണക്കിലെടുത്താണ് തയാറാക്കിയിരിക്കുന്നത്. പ്രീസ്കൂൾ വിദ്യാഭ്യാസം, സമഗ്രവികസനത്തിനായി കുട്ടിയുടെ ശേഷികളുടെ പരമാവധി വളർച്ച സാധ്യമാക്കൽ, കുട്ടികളെ ഔപചാരികപഠനത്തിന് സജ്ജരാക്കൽ, അമ്മയ്ക്കും കുഞ്ഞിനും ആവശ്യമായ പിന്തുണയും സഹായവും ഒരുക്കൽ എന്നിവ ലക്ഷ്യമിടണം.

പ്രീസ്കൂൾ പഠനപ്രവർത്തനങ്ങൾ കുട്ടിയുടെ പ്രായത്തിന് അനുയോജ്യമായിരിക്കണം. അത് സമഗ്രസമീപനം പുലർത്തണം; ഉദ്ഗ്രഥിത സ്വഭാവമുള്ളതാകണം. കളിയെ അടിസ്ഥാനമാക്കുന്നതാകണം; അനുഭവാധിഷ്ഠിതവും അയവുള്ളതും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതവുമായിരിക്കണം. പാഠ്യപദ്ധതി വിനിമയത്തിൽ ചുവടെ നൽകുന്ന കാര്യങ്ങൾ പ്രധാനമാണ്.

- കളികളും കലകളും പഠനത്തിന്റെ ആധാരതലങ്ങളാക്കൽ.
- കുഞ്ഞുങ്ങളുടെ സവിശേഷമായ ചിന്താരീതികളെ മാനിക്കൽ.
- നേരനുഭവങ്ങൾക്ക് പ്രഥമപരിഗണന നൽകൽ.
- ദൈനംദിന ജീവിതത്തിലെ പരിചിതവും വെല്ലുവിളിയുണർത്തുന്നതുമായ സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തൽ.
- ഔപചാരികവും അനൗപചാരികവുമായ ഇടപെടൽരീതികൾ ഇടകലർത്തി ഉപയോഗിക്കൽ.
- പ്രാദേശിക സാമഗ്രികൾ, പ്രാദേശിക കലകൾ, പ്രദേശത്തെ അറിവുകൾ എന്നിവ പ്രയോജനപ്പെടുത്തൽ.
- വൈവിധ്യങ്ങളെ മാനിക്കൽ (കുട്ടികൾ, പ്രവർത്തനങ്ങൾ).
- ആരോഗ്യം, ആരോഗ്യശീലങ്ങൾ, കുട്ടിയുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകൽ.

## വികാസമേഖലകൾ

കുട്ടിയുടെ സമഗ്രവികാസം എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ രണ്ടു കാര്യങ്ങൾ കണക്കിലെടുക്കണം – വികാസമേഖലകളും ബഹുമുഖബുദ്ധി സിദ്ധാന്തവും. അതിനാൽ ബഹുമുഖബുദ്ധിയും വികാസമേഖലകളും സമന്വയിപ്പിച്ചുള്ള പ്രവർത്തനാസൂത്രണമാണ് നടത്തേണ്ടത്. വികാസമേഖലകളെ പ്രീസ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തി പരിശോധിക്കണം.

- ശാരീരികചാലക വികാസമേഖല (Psychomotor development domain)
2. ഭാഷാവികാസ മേഖല (Language development domain)
3. വൈജ്ഞാനിക വികാസമേഖല (Cognitive development domain)
4. സാമൂഹികവും വൈകാരികവുമായ വികാസമേഖല (Socio Emotional development domain)
5. സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസമേഖല (Creative, aesthetic development domain)

ഈ വികാസമേഖലകൾ പരസ്പരബന്ധിതമാണ്. അവ ഒറ്റയ്ക്ക് നിൽക്കുന്നില്ല. ഉദാഹരണത്തിന്, മൂന്നു വയസ്സുകാർക്ക് കഥ പറഞ്ഞുകൊടുക്കുന്ന സന്ദർഭം പരിശോധിക്കാം. പാവകൾ ഉപയോഗിച്ചും താളാത്മകമായ വാക്യങ്ങളും പദങ്ങളും പാട്ടുകളും പ്രയോജനപ്പെടുത്തിയും കഥപറയുമ്പോൾ കുട്ടികളുടെ താൽപ്പര്യവും ശ്രദ്ധാനൈപുണിയും വളരും. കഥയിലെ സംഭവങ്ങളുടെ ക്രമം മനസ്സിലാക്കുന്നതിനും ഭാഷാപരമായ പ്രത്യേകതകൾ സ്വാംശീകരിക്കുന്നതിനും ഇത് സഹായകമാകും. കുട്ടി കഥയിലെ വൈകാരിക മുഹൂർത്തങ്ങളുമായി സ്വന്തം വൈകാരിക അവസ്ഥകളെ പൊരുത്തപ്പെടുത്തും. കഥയിലെ കഥാപാത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ കുട്ടികളുടെ അറിവുവർധിപ്പിക്കും. കഥാപാത്രങ്ങളുടെ പക്ഷത്തുനിന്നുള്ള ആലോചനയും പ്രതികരണങ്ങളും ഉണ്ടാകും. ഇങ്ങനെ പ്രിസ്കൂളുകളിലെ ഏതൊരു പ്രവർത്തനവും ഒന്നിലേറെ വികാസമേഖലകളുടെ വളർച്ചയ്ക്ക് സഹായകമാകുമെന്ന തിരിച്ചറിവുണ്ടാകണം. എന്നാൽ ഓരോ പ്രവർത്തനത്തിലും ഏതെങ്കിലുമൊരു വികാസമേഖലയ്ക്കു പ്രാധാന്യം നൽകണം. ഇതര സാധ്യതകൾ കൂടി കണക്കിലെടുക്കണമെന്നു മാത്രം.

## ബഹുമുഖബുദ്ധി


ഹവാർഡ് ഗാർഡ്നറുടെ അഭിപ്രായത്തിൽ, ബുദ്ധി എന്നത് യഥാർഥ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവാണ്. പ്രശ്നപരിഹരണത്തിനുള്ള വഴികൾ ചിന്തിച്ചെടുക്കാനുള്ള കഴിവ്, നവാശയങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള കഴിവ്, പുതിയ വസ്തുക്കൾ നിർമിക്കുന്നതിനുള്ള കഴിവ് എന്നിവയെല്ലാം പ്രശ്നപരിഹരണചിന്തയുടെ ഭാഗമാണ്. സാമൂഹികവും മനശ്ശാസ്ത്രപരവുമായ പ്രക്രിയകളിലൂടെയാണ് കുട്ടിയുടെ പഠനം നടക്കുന്നത്. വികാസമേഖലകളുടെ പുരോഗതിയെ ഹവാർഡ് ഗാർഡ്നർ എന്ന മനശ്ശാസ്ത്രജ്ഞൻ 1983 ൽ അവതരിപ്പിച്ചിരിക്കുന്നത് ഇപ്രകാരമാണ്: 'ബുദ്ധിഎന്നത് ഏകാത്മകമല്ല, അതിന് ബഹുമുഖങ്ങളുണ്ട്.'

1 ഭാഷാപരമായ ബുദ്ധി (Verbal-Linguistic Intelligence)
2 യുക്തിപരവും ഗണിതപരവുമായ ബുദ്ധി (Logical and Mathematical Intelligence)
3 ദൃശ്യ-സ്ഥലപരമായ ബുദ്ധി (Visual-Spatial Intelligence)
4 ശാരീരികചലനപരമായ ബുദ്ധി (Bodily-Kinaesthetical Intelligence)
5 സംഗീതപരവും താളാത്മകവുമായ ബുദ്ധി (Musical-Rhythmical Intelligence)
6 വ്യക്ത്യാന്തരബുദ്ധി (Interpersonal Intelligence)
7 ആന്തരിക വൈയക്തിക ബുദ്ധി (Intrapersonal Intelligence)
8 പ്രകൃതിപരമായ ബുദ്ധി (Naturalistic Intelligence)

ബുദ്ധിയുടെ ഈ മേഖലകളെല്ലാം ഓരോ വ്യക്തിയിലും ഏറ്റക്കുറച്ചിലുകളോടെ ഉണ്ടായിരിക്കും. എല്ലാ ബുദ്ധിമേഖലകളെയും പരിപോഷിപ്പിക്കാൻ വേണ്ടി വ്യത്യസ്ത അനുഭവങ്ങൾ ഓരോ കുട്ടിക്കും നൽകേണ്ടതുണ്ട്. ഇവിടെ കുട്ടിയുടെ ചിന്തയ്ക്കും മുൻകൈയെടുക്കലിനും അവസരം നൽകുക എന്നത് പ്രധാനമാണ്.

ഒരു തീമിനെ ബഹുമുഖബുദ്ധിയുടെ വിവിധ തലങ്ങളിലൂടെ നോക്കിക്കാണുമ്പോൾ പ്രസ്തുത പ്രമേയത്തെ സമഗ്രമായി മനസ്സിലാക്കാൻ കഴിയുന്നു. അനുഭവത്തിന്റെ വൈവിധ്യം ആശയധാരണയുടെ ആഴം വർധിപ്പിക്കും. വ്യത്യസ്ത പഠനശൈലിയുള്ളവർക്ക് ബഹുമുഖബുദ്ധി ആധാരമാക്കിയ പഠനാനുഭവങ്ങളാണ് ഏറെ പ്രയോജനകരം.

പ്രീസ്കൂളിൽ വൈജ്ഞാനികവികാസത്തിന് എന്ന പേരിൽ ഔപചാരിക പഠനരീതികളും ഉള്ളടക്കവും നിർബന്ധിപ്പിക്കപ്പെടുകയും മറ്റു വികാസമേഖലകൾക്ക് അർഹമായ പ്രാധാന്യം ലഭിക്കാതെപോവുകയും ചെയ്യുന്നുണ്ട്. ഇത് പരിഹരിക്കപ്പെടണം. ബുദ്ധിയെക്കുറിച്ചുള്ള തെറ്റായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലും തെറ്റായ വ്യാഖ്യാനത്തിന്റെ ഫലമായും സംഭവിക്കുന്നതാണിത്. ബഹുമുഖബുദ്ധിയെ മുൻനിർത്തിയുള്ള പാഠാസൂത്രണം എല്ലാ വികാസമേഖലകളേയും ഉൾക്കൊള്ളുമെന്നു മാത്രമല്ല, ബുദ്ധിയെ സംബന്ധിച്ച രക്ഷിതാക്കളുടെ ധാരണ തിരുത്തുന്നതിനും സഹായകമാകും. ലോകത്തെ അറിയാനും വ്യാഖ്യാനിക്കാനും ഇടപെടാനും കുട്ടികളെ പ്രാപ്തരാക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. അതിന് തീമുകളെ അടിസ്ഥാനമാക്കി ബഹുമുഖബുദ്ധിസിദ്ധാന്തം, വികാസപരമായ ആവശ്യങ്ങൾ, ഉദ്ഗ്രഥിത രീതി എന്നിവ കണക്കിലെടുത്തുള്ള പ്രവർത്തനങ്ങളാണ് അഭികാമ്യം. ബഹുമുഖബുദ്ധിയും വികാസമേഖലകളും എങ്ങനെ ബന്ധപ്പെടുത്താമെന്ന് നോക്കൂ




## പ്രായത്തിനനുയോജ്യമായ അനുഭവങ്ങൾ

ഓരോ പ്രായത്തിലുമുള്ളവരുടെ ആവശ്യങ്ങളും കഴിവുകളും ഒരുപോലെയല്ല. വികാസം അനുസ്യൂതം സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പ്രായം പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഉദാഹരണമായി, മൂന്നു വയസ്സുള്ള കുട്ടി കേൾക്കാനും പറയാനും കൂടുതൽ ഇഷ്ടപ്പെടുന്നു. പ്രവർത്തനങ്ങളിലേർപ്പെടാനും ചലിക്കാനും ആഗ്രഹിക്കുന്നു. നിർമാണപ്രവർത്തനങ്ങൾ, ഓടുക, ചാടുക തുടങ്ങിയ സ്ഥൂലപേശീചലനപരമായ പ്രവർത്തനങ്ങൾ എന്നിവയിൽ ആനന്ദം കണ്ടെത്തുന്നു.

നാലു വയസ്സിലെത്തുമ്പോൾ സൂക്ഷ്മപേശീചലനപരമായ പ്രവർത്തനങ്ങളും ഇഷ്ടപ്പെടുന്നു. സൂക്ഷ്മമായി വരയ്ക്കാനും കത്രിക ഉപയോഗിച്ച് വെട്ടാനും മുറിക്കാനും കുട്ടി ശ്രമിക്കുന്നു. വസ്തുക്കളെ നിരീക്ഷിക്കാനും അവയുടെ സവിശേഷതകളിൽ (നിറം, ആകൃതി, വലുപ്പം) ശ്രദ്ധ കേന്ദ്രീകരിക്കാനും അവ ഓർത്തുവയ്ക്കാനും കുട്ടിക്കു കഴിയും. ഗണിതപരമായ ധാരണകൾ പ്രയോജനപ്പെടുത്തുന്നതിനും പ്രശ്നപരിഹരണ പ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നതിനും കഴിയുന്നു.

മൂന്നു വയസ്സുകാർ സ്വന്തം നിലയിൽ സമാന്തര കളിപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ താൽപ്പര്യപ്പെടുന്നു. എന്നാൽ നാലു വയസ്സുകാർ ഗ്രൂപ്പുകളിൽ സഹകരണത്തോടെ കളിക്കാനാണ് ഇഷ്ടപ്പെടുക. ഒന്നിനൊന്നു പൊരുത്തപ്പെടുത്താനും സംഭവങ്ങളും അനുഭവങ്ങളും ഓർത്തുവയ്ക്കാനുമുള്ള കഴിവ് മൂന്നുവയസ്സുകാരേക്കാൾ ഇവർക്ക് കൂടുതലാണ്. അക്ഷരങ്ങൾ, വാക്കുകൾ എന്നിവ പഠിപ്പിക്കുന്നതിനേക്കാൾ അച്ചടിസമൃദ്ധമായ അന്തരീക്ഷത്തിലൂടെ ഭാഷ മനസ്സിലാക്കുന്നതിനാണ് പ്രാധാന്യം നൽകേണ്ടത്. താൽപ്പര്യമുള്ളവ എഴുതാൻ കുട്ടിക്ക് ഇഷ്ടമാണ്. സ്വന്തം പേരെഴുതാൻ കുട്ടികൾ ആഗ്രഹം പ്രകടിപ്പിക്കാറുണ്ട്. സന്നദ്ധതയോടെ എഴുത്തിലേക്കോ വായനയിലേക്കോ വരുമ്പോൾ അത് അനുവദിക്കാം. ആശയവിനിമയത്തിന് കുട്ടി ആഗ്രഹിക്കുന്ന രീതികൾ പ്രോത്സാഹിപ്പിക്കണം.

## കുട്ടിയുടെ ആവശ്യങ്ങൾ

കുട്ടിയുടെ ആവശ്യങ്ങളുടെ പ്രത്യേകതകൾ ശ്രദ്ധിച്ചിട്ടുണ്ടോ?

അവ ഇങ്ങനെ സംഗ്രഹിക്കാം.

- കളിപ്രവർത്തനങ്ങളിലാണ് കുട്ടിയുടെ പരമമായ താൽപ്പര്യം.
- നിരീക്ഷിക്കാനും പരീക്ഷണങ്ങളിൽ ഏർപ്പെടാനും വെല്ലുവിളികൾ ഏറ്റെടുക്കാനുമുള്ള സ്വാതന്ത്ര്യം കുട്ടികൾ ആഗ്രഹിക്കുന്നു.
- അവസരങ്ങൾ, മാർഗനിർദേശങ്ങൾ, ഉചിതമായ സഹായം,സുരക്ഷിതത്വം എന്നിവയിലൂടെ കൈവരിക്കുന്ന നേട്ടങ്ങളിൽ ആനന്ദം അനുഭവിക്കാൻ ആഗ്രഹിക്കുന്നു.
- കൂട്ടായ്മയുടെ ലോകം സൃഷ്ടിക്കുന്നതിന് സ്വയം വഴങ്ങിക്കൊടുക്കാൻ കുട്ടികൾ സന്നദ്ധരാകുന്നു.
- മറ്റുള്ളവരെ കേൾക്കാനും പങ്കുവയ്ക്കാനും കൂട്ടുകാരുടെ അവസ്ഥകളുമായി താദാത്മ്യം പ്രാപിക്കാനും കുട്ടി താൽപ്പര്യപ്പെടുന്നു.

ഇവയെല്ലാം വളരെ പ്രധാനപ്പെട്ടവയാണ്; ഗുണാത്മകമായ മാറ്റത്തിന് ആധാരവും. ഇത്തരം സന്ദർഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന അനുഭവങ്ങൾ സൃഷ്ടിക്കപ്പെടണം.

ഈ പാഠ്യപദ്ധതി വിനിമയം ചെയ്യുന്ന അധ്യാപകർ മറ്റെന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- കളിപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയാവണം പഠനാസൂത്രണം.
- നിർദേശങ്ങൾ കർശനമായി പാലിക്കാൻ നിർബന്ധിക്കുന്നതിനു പകരം സഹായം വാഗ്ദാനം ചെയ്തും പ്രചോദിപ്പിച്ചും പ്രോത്സാഹനവും അംഗീകാരവും നൽകിയും പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കണം.
- കുഞ്ഞിന്റെ മനസ്സിലുള്ള ആശയങ്ങളും ചിന്തകളും പ്രകാശിപ്പിക്കാൻ അവസരം നൽകണം. സംഭാഷണങ്ങൾക്കും വിവരണത്തിനും പ്രാധാന്യം കിട്ടണം. ആത്മപ്രകാശനത്തിന്റെയും ആവിഷ്കാരത്തിന്റെയും വിവിധ സാധ്യതകൾ തുറന്നുകൊടുക്കണം.
- പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കാൻ സഹായിക്കണം.
- മറ്റുള്ളവരുമായി ഇടപഴകാൻ അവസരം പ്രദാനം ചെയ്ത് ആത്മബോധവികാസത്തിന് വഴിയൊരുക്കണം.
- ഭയരഹിതവും സംതൃപ്തി ഉളവാക്കുന്നതുമായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കണം.
- കുട്ടിയുടെ ഭാവനയെ വിശകലനം ചെയ്ത് പ്രോത്സാഹിപ്പിക്കണം.

തീമുകളുമായി ഉദ്ഗ്രഥിച്ച് പ്രവർത്തനങ്ങൾ ഒരുക്കുമ്പോൾ കുട്ടിയുടെ പ്രായം, ആവശ്യങ്ങൾ, കുട്ടിയോടുള്ള സമീപനം എന്നിവയും പ്രസക്തമാണ്. തുടർന്നു വരുന്ന അധ്യായങ്ങളിൽ ഇതിന്റെ വിശദാംശങ്ങളുണ്ട്. പ്രായോഗിക പ്രവർത്തനനിർദേശങ്ങളുണ്ട്. അറിവ് നിർമിക്കുന്ന അധ്യാപകർ എന്ന നിലയിൽ ഇവ സ്വാംശീകരിച്ച് സ്വന്തം സർഗാത്മകതയും അന്വേഷണത്തിലെ കണ്ടെത്തലുകളും പ്രയോജനപ്പെടുത്തി ഉൾക്കാഴ്ചയോടെ പ്രവർത്തിക്കുകയാണ് വേണ്ടത്.








# വികാസമേഖലകളും ശേഷികളും

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005) പ്രകാരം കുട്ടികളുടെ ആജീവനാന്ത വികാസത്തിനും അവരുടെ സിദ്ധികളുടെ പൂർണമായ സാക്ഷാത്കാരത്തിനും അടിത്തറയിടുന്ന നിർണായക ഘട്ടമാണ് ആദ്യത്തെ എട്ടുവർഷക്കാലം. മസ്തിഷ്കവളർച്ചയുടെ 85% ശതമാനവും നടക്കുന്നത് ആദ്യത്തെ മൂന്നുവർഷത്തിനുള്ളിലാണ്. ശിശുവിന്റെ വളർച്ചയും വികാസവും ഒരു തുടർപ്രക്രിയയാണ്. ശൈശവത്തിൽ ദ്രുതഗതിയിലുള്ള വളർച്ചയും വികാസവുമാണ് ഉണ്ടാകുന്നത്. അതുകൊണ്ട് അതിനാവശ്യമായ മുഴുവൻ പിന്തുണാസംവിധാനങ്ങളും ഉറപ്പുവരുത്തണം. മസ്തിഷ്കവളർച്ച ഏറ്റവും വേഗത്തിൽ നടക്കുന്ന കാലഘട്ടമെന്ന നിലയിൽ ഈ പ്രായത്തിൽ പഠനാനുഭവങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ട്.

## ശിശുപ്രകൃതം

കുട്ടികൾ വളരെയേറെ ചലനാത്മകതയുള്ളവരും പ്രകൃതിപ്രതിഭാസങ്ങളിലും ചുറ്റുമുള്ള മനുഷ്യരുൾപ്പെടെ സർവജീവജാലങ്ങളിലും കൗതുകം കൊള്ളുന്നവരുമാണ്. ചുറ്റുപാടുകളെക്കുറിച്ച് അറിയുന്നതിനും നിരന്തരം ചോദ്യങ്ങൾ ചോദിക്കുന്നതിനും ആഭിമുഖ്യമുള്ളവരാണ്. കുട്ടികളുടെ ഈ പ്രായത്തിലെ സവിശേഷതകൾ ശരിയായി മനസ്സിലാക്കിയാൽ മാത്രമേ അവർക്ക് നൽകേണ്ട അനുഭവപ്രവർത്തനങ്ങൾ രൂപപ്പെടുത്താൻ കഴിയൂ.

കുട്ടിയുടെ പ്രകൃതത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞത് റൂസ്സോയാണ്. പ്രകൃതം പരിഗണിക്കുന്നതും തനതായ രീതിയിലുള്ള വികാസം ഉറപ്പിക്കുന്നതുമായ വിദ്യാഭ്യാസത്തിനായി റൂസ്സോ വാദിച്ചു. ജോൺ ഡ്യൂയിയും വിദ്യാഭ്യാസത്തിൽ കുട്ടികളുടെ പ്രകൃതവും സഹജമായ കഴിവുകളും പരിഗണിക്കണമെന്നു ശക്തമായി വാദിച്ച ദാർശനികനാണ്. അറിവ് നിർമിക്കാനും സ്വയം നിയന്ത്രിക്കാനുമുള്ള കുട്ടിയുടെ കഴിവുകൾ അംഗീകരിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന ജ്ഞാനനിർമ്മിതിവാദം കുട്ടിയുടെ പ്രകൃതം പരിഗണിച്ചുകൊണ്ട് അനുഭവങ്ങൾ ഒരുക്കുന്നതിൽ പ്രത്യേകം ഊന്നൽ നൽകുന്നു.

**പ്രീസ്കൂൾ തലത്തിൽ ശിശുപ്രകൃതത്തിന്റെ സവിശേഷതകൾ**

- ഞാൻ, എന്റേത് എന്ന ഭാവം
- കളികളോടുള്ള അളവറ്റ താൽപ്പര്യം
- അളവറ്റ ജിജ്ഞാസ
- ചലനാത്മകമായ സ്വഭാവം
- സ്നേഹം, അംഗീകാരം എന്നിവ ഇഷ്ടപ്പെടുന്നു
- സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നു, നഷ്ടപ്പെടുമ്പോൾ പ്രതിഷേധിക്കുന്നു
- ഭാവനയും സർഗാത്മകതയുമുണ്ട്
- കൂട്ടമായി കളികളിലും പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു
- അനുകരണശീലം
- എല്ലാ കാര്യങ്ങളും സ്വന്തം കാഴ്ചപ്പാടിലൂടെ മാത്രം കാണുന്നു
- ശ്രദ്ധാദൈർഘ്യം (Attention span) കുറവ്
- സ്വതന്ത്രമായി ചിന്തിക്കുന്നതിനും ഭയരഹിതമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതിനുമുള്ള താൽപ്പര്യം
- കഥയോടും പാട്ടിനോടും ഇഷ്ടം

- ചുറ്റുപാടുമുള്ള വസ്തുക്കളെ ജീവനുള്ളതായി കണക്കാക്കി ഇടപെടൽ
- ഇഷ്ടം തോന്നുന്നത് സ്വന്തമാക്കാനുള്ള അഭിനിവേശം
- വരും വരായ്കകൾ നോക്കാതെയുള്ള എടുത്തുചാട്ടം
- കൈയിൽ കിട്ടുന്ന സാധനങ്ങൾ പൊളിച്ചുനോക്കാനും പുനക്രമീകരിക്കാനും പുതിയ സൃഷ്ടികൾ നടത്താനുമുള്ള താൽപ്പര്യം
- ചോദ്യം ചോദിക്കാനും അന്വേഷിക്കാനുമുള്ള പ്രവണത
- സൂക്ഷ്മ-സ്ഥൂലപേശികളുടെ വഴക്കക്കുറവ്
- അവയവങ്ങളുടെ ഏകോപനശേഷിക്കുറവ്
- വൈകാരിക നിയന്ത്രണശേഷിയുടെ കുറവ് (സങ്കടം, കോപം, സന്തോഷം തുടങ്ങിയ വികാരങ്ങളുടെ തീവ്രവും ക്ഷണികവുമായ പ്രകടനം)
- അമൂർത്തമായ ആശയങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവുകുറവ്

ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ പരമാവധിയിലേക്കുയർത്തുന്ന തരത്തിലായിരിക്കണം പ്രവർത്തനങ്ങൾ. ശിശുവിന്റെ പ്രകൃതം മനസ്സിലായാൽ മാത്രമേ പഠിതാവിനെ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ രൂപകൽപ്പന ചെയ്യാൻ കഴിയൂ. ശിശുകേന്ദ്രീകൃതവും ജനാധിപത്യപരവും ജീവിതഗന്ധിയുമായ പഠനപ്രവർത്തനങ്ങൾ തയാറാക്കുന്നതിന് ശിശുവിനെ കുറിച്ച് ശരിയായ ധാരണ ലഭിക്കേണ്ടതാണ്.

## മൂന്ന്, നാല് പ്രായക്കാർക്കായി ശേഷീപ്രസ്താവനകൾ തയാറാക്കുന്നതിന്റെ ആവശ്യകത

ശിശുകേന്ദ്രീകൃത പഠനാന്തരീക്ഷത്തിൽ കുട്ടികളുടെ വളർച്ചയും വികാസവും പരിഗണിച്ചാവണം പൊതുപഠനസമീപനം. ഓരോ പ്രായത്തിലുമുള്ള കുട്ടികൾ വ്യത്യസ്തമായ വികസനാവശ്യങ്ങളുള്ളവരാണ്. അതിനാൽത്തന്നെ മൂന്ന്,നാല് പ്രായക്കാർക്ക് ഭിന്നമായ പ്രവർത്തനങ്ങൾ വേണ്ടി വരും. ഈ പ്രായത്തിലുള്ളവരുടെ പ്രത്യേകതകൾ മനസ്സിലാക്കിയാൽ ഇതിന്റെ പ്രാധാന്യം തിരിച്ചറിയാനാവും. പ്രവർത്തനാനുഭവങ്ങൾ ശേഷീബന്ധിതവും കുട്ടിക്ക് സ്വതന്ത്രമായി പങ്കെടുക്കാൻ കഴിയുന്നതുമാകണം. കുട്ടിയുടെ വിവിധ ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന പഠനപ്രവർത്തനങ്ങൾ മൂന്നുവയസ്സുകാരും നാലുവയസ്സുകാരും ഏറ്റെടുക്കുന്നത് വ്യത്യസ്ത തലങ്ങളിലായിരിക്കും.

## മൂന്നുവയസ്സുകാർ [3+]

- ഏതാണ്ട് സ്ഥായിയായ ഒരു സ്വഭാവരീതി മൂന്നുവയസ്സോടെ കുഞ്ഞുങ്ങൾ ആർജിച്ചിരിക്കും.
- തന്റെ പ്രായം, ലിംഗപദവി എന്നിവ സംബന്ധിച്ച് ശിശുവിന് ധാരണ വികസിച്ചിട്ടുണ്ടാവും.
- കുടുംബാന്തരീക്ഷത്തിൽനിന്ന് ചുറ്റുവട്ടത്തിലേക്കും അയൽപക്കങ്ങളിലേക്കും സമപ്രായക്കാരായ കുട്ടികളിലേക്കും മൂന്നുവയസ്സുകാരുടെ ശ്രദ്ധയും താൽപ്പര്യവും വികസിക്കുന്നു.
- ഈ ഘട്ടത്തിൽ കേവലമായ കുടുംബാന്തരീക്ഷം കുട്ടിക്ക് പ്രചോദനപരമല്ല.
- തന്റെ ചുറ്റുവട്ടത്തിനുമേൽ ശിശു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ഘട്ടമാണിത്. സ്വതന്ത്രമായി ഓടുന്നതിനും പടവുകൾ കയറിയിറങ്ങുന്നതിനും കുട്ടി ശേഷി ആർജിക്കുന്നു.
- പുതുതായി നേടിയ ശേഷികൾ ഉപയോഗിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നത് കുട്ടികൾ ഇഷ്ടപ്പെടുന്നില്ല.
- കുട്ടി തന്റെ പ്രതിഷേധം സാഹചര്യവും സമയവും നോക്കാതെ തന്നെ പ്രകടിപ്പിക്കും. ചലിക്കുന്ന വസ്തുക്കൾ ഉപയോഗിക്കാൻ കുട്ടിക്ക് താൽപ്പര്യമുണ്ടാകും.
- സവിശേഷമായ സൂക്ഷ്മപേശീവികാസവും ബന്ധപ്പെട്ട ശേഷികളും ഈ ഘട്ടത്തിൽ വികസിച്ചുവരുന്നതാണ്. വസ്ത്രത്തിലെ ബട്ടണുകൾ ഇടാനും ചെരുപ്പ് ഇടാനും കൈകഴുകാനും കുട്ടിക്ക് കഴിയും.

- ക്രയോൺ, പെൻസിൽ എന്നിവ ഉപയോഗിക്കുന്നതിന് കുട്ടിക്ക് താൽപ്പര്യമുണ്ടാകും. ലംബ-തിരശ്ചീനരേഖകൾ, വൃത്തം എന്നീ ജ്യാമിതീയരൂപങ്ങൾ വരയ്ക്കാൻ ശിശുവിന് കഴിയും.
- വട്ടം വരച്ച് അതിൽ മനുഷ്യമുഖത്തെ ഉദ്ദേശിച്ച് കണ്ണ്, മൂക്ക് തുടങ്ങിയവ വരയ്ക്കാൻ ശിശു സ്വാഭാവികമായ താൽപ്പര്യം പ്രകടിപ്പിക്കും.
- പ്രോത്സാഹനജനകമായ അന്തരീക്ഷത്തിൽ ശിശു ഈ ഘട്ടത്തിൽ ഏറെ മുന്നോട്ടുപോകും.
- ഈ ഘട്ടത്തിൽ കുട്ടിയിൽ സംസാരശേഷി പതിന്മടങ്ങ് വർധിക്കുന്നതാണ്. മൂന്നു വസ്തുക്കളെ എണ്ണുന്നതിനും പൂർണമായ ഒരു വാക്യം പറയുന്നതിനും കഴിയും. കഥകൾ കേൾക്കാൻ ശിശുവിന് താൽപ്പര്യം വർധിക്കും.
- പടം കാണിച്ച് കഥ പറഞ്ഞുകൊടുക്കുന്നത് കൂടുതൽ പ്രചോദനപരമാണ്. ഇത് കുട്ടിയുടെ നിരീക്ഷണപാടവവും വാക്ചാതുരിയും വർധിപ്പിക്കും.
- ഈ ഘട്ടത്തിൽ സമപ്രായക്കാരുടെ കളികൾ നിരീക്ഷിച്ച് അതുപോലെ സ്വന്തം കളിപ്പാട്ടം വച്ച് വ്യക്തികേന്ദ്രീകൃതമായ സമാന്തര കളികളിലേർപ്പെടാനായിരിക്കും ശിശുവിന് ഇഷ്ടം. തന്റെ കളിപ്പാട്ടങ്ങൾ കൂട്ടുകാർക്ക് കൊടുത്തും വാങ്ങിയും കളിക്കുന്നതിനുള്ള സ്വഭാവശേഷി വികസിച്ചിട്ടുണ്ടാവില്ല.
- തന്റെ ആഗ്രഹങ്ങളും താൽപ്പര്യങ്ങളും സാധിച്ചു കിട്ടുന്നതിന് കൂടുതൽ നിർബന്ധബുദ്ധിയും വാശിയും സാഹചര്യം നോക്കാതെ പ്രകടിപ്പിക്കുന്ന ഘട്ടമാണിത്.

## നാലുവയസ്സുകാർ [4+]

- ശാരീരികവികാസം ഒരുപടി കൂടി കടന്ന് ഒറ്റക്കാലിൽ നിൽക്കാനും ചാടാനുമുള്ള താൽപ്പര്യം ഈ ഘട്ടത്തിൽ കുട്ടികൾ പ്രകടിപ്പിക്കുന്നു.
- കത്രിക ഉപയോഗിച്ച് പേപ്പർ മുറിക്കാൻ കഴിയും. ചിത്രങ്ങൾ മുറിച്ചെടുക്കുന്നതിൽ താൽപ്പര്യമുണ്ടാകും.
- 3+ ൽ സൂചിപ്പിച്ച മനുഷ്യമുഖത്തെ കൂടുതൽ അവയവങ്ങൾ ചേർത്ത് വികസിപ്പിക്കുന്നതിനൊപ്പം ചതുരം തുടങ്ങിയ ജ്യാമിതീയരൂപങ്ങൾ വരയ്ക്കാനുള്ള കഴിവും വികസിച്ചുവരുന്നു.
- കൂടുതൽ നന്നായി പെൻസിൽ, ക്രയോൺ എന്നിവ പിടിക്കാനും ഉപയോഗിക്കാനും കഴിയുന്നു. മനുഷ്യരൂപത്തെ കൂടാതെ തന്റെ ചുറ്റുവട്ടത്തിൽ തനിക്ക് ഇഷ്ടമുള്ള മറ്റു രൂപങ്ങൾ വരയ്ക്കുന്നതിനും സ്വാഭാവികമായ ഉത്സാഹം ഉണ്ടാകും. പക്ഷിമൃഗാദികളുടെ ചിത്രമുള്ള പുസ്തകങ്ങളും വരയ്ക്കുന്നതിനുള്ള സാമഗ്രികളും ഈ ഘട്ടത്തിൽ കൊടുക്കാവുന്നതാണ്.
- ചിത്രങ്ങളുള്ള പുസ്തകങ്ങൾക്കൊപ്പം ചിത്രകഥകൾ വായിച്ചു കേൾക്കാനും അതീവ താല്പര്യം പ്രകടിപ്പിക്കും.
- ചിത്രം കണ്ടും അല്ലാതെയും ചോദ്യങ്ങൾ ചോദിച്ചു തുടങ്ങും. അനുഭവങ്ങൾ ആർജിക്കാനുള്ള കുട്ടികളുടെ തനത് മാർഗമാണിത്.
- പറഞ്ഞ്/വായിച്ച് കേട്ട കഥതന്നെ വീണ്ടും വീണ്ടും കേൾക്കാൻ താൽപ്പര്യം പ്രകടിപ്പിക്കും. ഇതോടൊപ്പം കഥപറയൽശേഷിയും കഥയിലെ യുക്തി കണ്ടെത്താനുള്ള ശേഷിയും വർധിച്ചുവരും.
- കുട്ടിയുടെ സ്വതന്ത്രമായ അന്വേഷണാത്മകസ്വഭാവം കൂടുതൽ വികസിച്ചുവരുന്ന ഘട്ടമാണിത്.
- വ്യക്തികേന്ദ്രിതമായ കളികളിൽനിന്നു മറ്റു കുട്ടികളുമായി ചേർന്നുള്ള കൊടുക്കൽ വാങ്ങലുകളിലേക്ക് കളിപ്രവർത്തനം വികസിക്കും. മറ്റു കുഞ്ഞുങ്ങളുമായി ചേർന്ന് ചമഞ്ഞുകളികളിലായിരിക്കും താൽപ്പര്യം.
- തന്റെ ആവശ്യങ്ങൾ സാധിച്ചു കിട്ടുന്നതിനുവേണ്ടിയുള്ള നിർബന്ധബുദ്ധിയും വാശിയും ഈ ഘട്ടത്തിൽ കൂടുതലായിരിക്കും.
- ടോയ്ലറ്റ് സ്വയം ഉപയോഗിക്കാനുള്ള ശേഷി പ്രകടിപ്പിക്കും.

മുകളിൽ സൂചിപ്പിച്ചതിൽ നിന്നു മൂന്നുവയസ്സുകാരും നാലുവയസ്സുകാരും തമ്മിൽ പലകാര്യങ്ങളിലും വ്യത്യാസമുണ്ടെന്നു കണ്ടല്ലോ. അതുകൊണ്ടു തന്നെ അവർക്കായി ഒരുക്കുന്ന പഠനപ്രവർത്തനങ്ങളിലും ലക്ഷ്യമിടുന്ന ശേഷികളിലും വളർച്ച പ്രതിഫലിക്കണം. പ്രീസ്കൂളുകളിലേക്ക് പരിഗണിക്കാവുന്ന ശേഷികളും വികാസമേഖലകളും ബഹുമുഖബുദ്ധിതലങ്ങൾ പരിഗണിച്ച് നൽകണം. മൂന്നുവയസ്സുകാർക്കായി ലക്ഷ്യമിടുന്ന പല ശേഷികളും നാലുവയസ്സുകാർക്കും ബാധകമാണ്. എന്നാൽ നാലുവയസ്സുകാർക്കു നിർദേശിക്കുന്ന പഠനനാനുഭവങ്ങൾ മൂന്നുവയസ്സുകാർക്ക് പരിഗണിക്കേണ്ടതില്ല.

## വികാസമേഖലകൾ - ശേഷികൾ

### 4+ പ്രായത്തിൽ പൂർത്തിയാക്കാവുന്ന വികാസശേഷികൾ

**ശാരീരികചാലക വികാസം**

1. ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തനം ചെയ്യാൻ കഴിയുന്നു.
2. ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) ലഘു പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. ഉദാഹരണമായി മുഖം, തോൾ, മണിബന്ധം, വിരലുകൾ, കാൽമുട്ട്, പാദം എന്നിവയിലെ ചെറുപേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു.
3. പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ആഹാരവസ്തുക്കൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
4. കൈവിരൽ, ഈർക്കിൽ, പെൻസിൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്കെച്ച്പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു.
5. സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച്പെൻ, പെൻസിൽ വാട്ടർകളർ, അറക്കപ്പൊടി, പേപ്പർ, തുണി.....).
6. കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു.
7. കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു.
8. ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
9. താളാത്മകമായി ശബ്ദമുണ്ടാക്കാനും ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കാനും കഴിയുന്നു.
10. സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും ചരിഞ്ഞും ഇഴഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നു.
11. സൂക്ഷ്മ-സ്ഥൂലപേശികളെ ഏകോപിപ്പിച്ചുകൊണ്ട് ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്നു.
12. ലഘുയന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.
13. പ്രാഗ്ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടാനാവുന്നു.

**ഭാഷാവികാസം**

14. ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു.
15. തന്റെ ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ശ്രദ്ധിച്ചു കാണാനും കേൾക്കാനും കഴിയുന്നു.
16. കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരണങ്ങൾ, കഥകൾ എന്നിവ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു.

17. ഭാവം ഉൾക്കൊണ്ടുകൊണ്ട് കഥകൾ, പാട്ടുകൾ, സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു (ശബ്ദവ്യത്യാസം, ഭാവം, ആംഗ്യം, ഈണം, താളം, ചലനം).

18. ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു.

19. വായിച്ചു കേട്ടതിന്റെ അടിസ്ഥാനത്തിൽ ചിത്രങ്ങൾ ക്രമപ്പെടുത്തി കഥപറയാൻ കഴിയുന്നു.

20. കഥാഗാനങ്ങളിലെ വരികളെ ചിത്രങ്ങളുമായി ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു.

21. വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു.

22. ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ചു പറയാൻ കഴിയുന്നു.

23. വൈവിധ്യമാർന്ന നിത്യജീവിതസന്ദർഭങ്ങളിൽ (വീട്, സ്കൂൾ, കളിക്കൂട്ടങ്ങൾ, ആഘോഷങ്ങൾ...) ഇഷ്ടപ്പെട്ട വിഷയങ്ങളിൽ പരമാവധി കാര്യങ്ങൾ പറയാനും കേട്ടു മനസ്സിലാക്കാനും ചോദിച്ചറിയാനും കഴിയുന്നു.

24. വിവിധ സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു.

25. മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾപ്ലേ, ചമഞ്ഞുകളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു.

26. തന്റെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവ മറ്റുള്ളവർക്ക് (കൂട്ടുകാർ, മുതിർന്നവർ....) മനസ്സിലാകും വിധം പങ്കുവയ്ക്കാൻ കഴിയുന്നു.

27. സംഘത്തിലെ അംഗം എന്ന നിലയിൽ മറ്റുള്ളവർക്ക് അവസരം നൽകിയും തന്റെ ഊഴം തിരിച്ചറിഞ്ഞും സംഭാഷണങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

28. വിവിധ തീമുകളുമായി ബന്ധപ്പെട്ട് ആർജിച്ച പദസമ്പത്തും വാക്യമാതൃകകളും വിവിധ സന്ദർഭങ്ങളിൽ ആശയവിനിമയത്തിനായി ആത്മവിശ്വാസത്തോടെ പ്രയോഗിക്കാൻ കഴിയുന്നു.

29. ലഘു ബാലസാഹിത്യകൃതികൾ വായിച്ചുകേൾക്കാനും വായിച്ചു കേട്ട കാര്യങ്ങൾ വിവിധ രീതികളിൽ (വാചികം, അഭിനയം, ചിത്രം..) ആവിഷ്കരിക്കാനും കഴിയുന്നു.

**വൈജ്ഞാനിക വികാസം**

30. പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി അവതരിപ്പിക്കാനും കഴിയുന്നു (നിറം, വലുപ്പം, ആകൃതി. മണം, ശബ്ദം, രുചി, മിനുസം).

31. കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു.

32. വസ്തുക്കൾ, ജന്തുക്കൾ, സസ്യങ്ങൾ.. ഇവയെ സംബന്ധിച്ച് കാര്യകാരണ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നു.

33. വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ചു കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു.

34. പ്രാണികൾ, ശലഭങ്ങൾ, വീട്ടുമൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ, പക്ഷികൾ, എന്നിവയെ തിരിച്ചറിഞ്ഞു പറയാൻ കഴിയുന്നു.

35. മഴ, വേനൽ, തണുപ്പ് എന്നിവ നിരീക്ഷിച്ചറിയുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

36. ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു.

37. ചുറ്റുപാടും നിരീക്ഷിച്ച് വ്യത്യസ്ത രൂപങ്ങളിലുള്ള വസ്തുക്കൾ (വട്ടം, ചതുരം, ഉരുണ്ടത്, പരന്നത്, നീളത്തിലുള്ളത്) കണ്ടെത്തി നിർമിതികളിൽ ഏർപ്പെടാനും ചിത്രീകരിക്കാനും ശ്രമിക്കുന്നു.

38. ഗണിത ധാരണയുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച് സ്ഥാനം പറയുന്നു.

39. വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു.

40. വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു.

41. നിറം, ആകൃതി, വലുപ്പം, നീളം തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു.

42. ഗണിതപാറ്റേണുകൾ പ്രദർശിപ്പിച്ച് അവ സൗന്ദര്യാത്മകമായി ക്രമീകരിക്കാൻ കഴിയുന്നു.

43. സമയവും പ്രായവുമനുസരിച്ച് നിരീക്ഷണങ്ങൾ പറയാൻ കഴിയുന്നു.

44. 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു.

45. ലളിതമായ ഗണിതപ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുന്നു.

46. ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു.

47. ഒരു പാറ്റേൺ നിരീക്ഷിച്ച് അടുത്തത് പ്രവചിക്കാൻ കഴിയുന്നു.

**സാമൂഹിക-വൈകാരിക വികാസം**

47. ആരോഗ്യ-ശുചിത്വശീലങ്ങളെക്കുറിച്ച് അറിയുന്നു.

48. തന്റെ ലഘുവായ ആവശ്യങ്ങൾ (പ്രായത്തിനനുസരിച്ച് ചെയ്യാൻ കഴിയുന്നവ) പരാശ്രയമില്ലാതെ ചെയ്യാൻ കഴിയുന്നു.

49. സ്വന്തം പേര്, മാതാപിതാക്കളുടെ പേര് എന്നിവ മറ്റുള്ളവരോടു പറയാൻ കഴിയുന്നു.

50. കളിപ്പാട്ടങ്ങൾ, ആഹാരം, മറ്റു വസ്തുക്കൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും ഊഴം കാത്തിരിക്കാനും കഴിയുന്നു. (സഹവർത്തിത്വ മനോഭാവം)

51. കളികളിലും നിർമാണപ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോടു ചേർന്നും സഹകരണ മനോഭാവത്തോടെയും നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ടും പ്രവർത്തിക്കാൻ കഴിയുന്നു.

52. മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നു.

53. സങ്കോചമില്ലാതെ, സഹപാഠികളുടെ/മുതിർന്നവരുടെ മുഖത്തു നോക്കി സന്തോഷത്തോടെ സംസാരിക്കാനും പുതിയ സഹപാഠികൾ/മുതിർന്നവർ എന്നിവരുമായി പരിചയപ്പെടാനും കഴിയുന്നു.

54. മുഖഭാവങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും ശബ്ദവ്യത്യാസത്തിലൂടെയും മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യാൻ കഴിയുന്നു.

55. വ്യത്യസ്ത ബന്ധങ്ങൾ തിരിച്ചറിയാനും നല്ല രീതിയിൽ പെരുമാറാനും കഴിയുന്നു. (അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി, അനിയൻ, അനിയത്തി, അപ്പൂപ്പൻ, അമ്മൂമ്മ, മാമൻ, മാമി)

56. ഉത്സവങ്ങൾ/ആഘോഷങ്ങൾ (ഓണം, ക്രിസ്മസ്, റംസാൻ....) തുടങ്ങിയ സന്ദർഭങ്ങളിൽ ഉണ്ടാക്കുന്ന ആഹാരങ്ങൾ (സദ്യ, ബിരിയാണി, കേക്ക്.....) പരിചയപ്പെടാനും അവ പരസ്പരം പങ്കുവയ്ക്കാനും കഴിയുന്നു.

57. തന്റെ കുടുംബത്തിലും ചുറ്റുപാടിലുമുള്ള വ്യക്തികളുടെ പ്രായം തിരിച്ചറിഞ്ഞ് ബഹുമാനപൂർവം സംസാരിക്കാനും ശങ്ക കൂടാതെ പെരുമാറാനും കഴിയുന്നു.

58. കഥകൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ പറഞ്ഞ് മറ്റുള്ളവർക്ക് സന്തോഷം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

59. സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കാനും പരിപാലിക്കാനും കഴിയുന്നു.

60. കൂട്ടുകൂടിയുള്ള കളികളിൽ ഏർപ്പെടാൻ കഴിയുന്നു.

61. മറ്റുള്ളവരോട് അനുതാപത്തോടെയും അനുകമ്പയോടെയും ഇടപെട്ടു പ്രവർത്തിക്കാൻ കഴിയുന്നു.

62. കൃത്യനിഷ്ഠ പാലിക്കാൻ കഴിയുന്നു.

**സർഗാത്മക-സൗന്ദര്യാത്മക വികാസം**

63. വിവിധയിനം പാട്ടുകൾ(കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ......) ശ്രദ്ധയോടെ കേൾക്കാനും ആസ്വദിക്കാനും കഴിയുന്നു.

64. കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു.

65. വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ തീമുകളുമായി ബന്ധപ്പെടുത്തി പുതിയ പാട്ടുകൾ കണ്ടെത്താനും പദങ്ങൾ, വരികൾ എന്നിവ കൂട്ടിച്ചേർത്തു പാടാനും കഴിയുന്നു.

66. സഹപാഠികളുടെ പ്രകടനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു.

67. വിവിധ സന്ദർഭങ്ങളിൽ പാട്ടു കേൾക്കാനും ഇഷ്ടപ്പെട്ടവ അവതരിപ്പിക്കാനും കഴിയുന്നു.

68. സംഗീതോപകരണങ്ങൾ ഒറ്റയ്ക്കും സംഘമായും ആസ്വാദ്യകരമായി കൈകാര്യം ചെയ്യാനും ആസ്വദിക്കാനും കഴിയുന്നു.

69. കളിപ്പാട്ടങ്ങൾ നിർമിക്കാൻ കഴിയുന്നു.

70. കമഴ്ത്തിവച്ച വിവിധ പാത്രങ്ങളിൽ ചെറുകമ്പുകൊണ്ട് അടിച്ച് താളാത്മകമായി ശബ്ദമുണ്ടാക്കാൻ കഴിയുന്നു.

71. കഥകൾ കേൾക്കാനും ആസ്വദിക്കാനും കഴിയുന്നു.

72. കഥകൾ ഭാവം ഉൾക്കൊണ്ട് ആസ്വാദ്യകരമായി പറയാൻ കഴിയുന്നു.

73. സ്വന്തമായി കഥകൾ ഉണ്ടാക്കാനും പറയാനും കഥാപാത്രങ്ങളെ അഭിനയിച്ചു കാണിക്കാനും കഴിയുന്നു.

74. കഥകൾ, അനുഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയിക്കാൻ കഴിയുന്നു. (റോൾപ്ലേ)

75. ഒന്നിനെ മറ്റൊന്നായി സങ്കൽപ്പിച്ചും (ചുറ്റുമുള്ള ജീവികൾ, വസ്തുക്കൾ) മറ്റൊരാളായി സ്വയം സങ്കൽപ്പിച്ചും ഭാവനയിൽ ആശയപ്രകടനം നടത്താൻ കഴിയുന്നു.

76. പൊതുസദസ്സുകളിൽ തന്റെ കലാശേഷികൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

77. ലഘു ആശയങ്ങളെ വിവിധ കലാരൂപങ്ങളിൽ ആവിഷ്കരിക്കാൻ കഴിയുന്നു.

78. ചുറ്റുമുള്ള ജീവികളുടെയും വസ്തുക്കളുടെയും ആളുകളുടെയും ശബ്ദം, ചലനം തുടങ്ങിയവ അനുകരിക്കാൻ കഴിയുന്നു.

79. പ്രകൃതിയെ ആസ്വദിക്കാനും ചിത്രത്തിലൂടെ പ്രകടിപ്പിക്കാനും നിറം നൽകാനും കഴിയുന്നു.

80. ചിത്രപുസ്തകങ്ങൾ വായിച്ചുകേൾക്കുന്നതിനും ചിത്രം ആസ്വദിക്കുന്നതിനും ആസ്വാദനം പറയുന്നതിനും കഴിയുന്നു.

81. പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിങ്, സ്പ്രേവർക്ക് എന്നിവ ചെയ്യാൻ കഴിയുന്നു.

82. ജലകേളികളിൽ ഏർപ്പെടാൻ കഴിയുന്നു.

83. വസ്തുക്കൾ (പ്രകൃതിയിൽനിന്നു ലഭിക്കുന്നവ/പാഴ്വസ്തുക്കൾ) ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

84. ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ, കൗതുകവസ്തുക്കൾ, കലാകാരന്മാരുടെ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു.

85. വിവിധ കലകൾ (ചിത്രം,പാട്ട്,നൃത്തം....) നിരീക്ഷിക്കാനും ആസ്വദിക്കാനും കഴിയുന്നു.

86. ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു.

## ശേഷികളെ അടിസ്ഥാനമാക്കി 3+, 4+ കുട്ടികൾക്ക് നൽകാവുന്ന പ്രവർത്തന സൂചനകൾ

1. **വികാസമേഖല** – **ശാരീരിക ചാലക വികാസം**

**ബുദ്ധിയുടെ ബഹുമുഖങ്ങൾ** - ശാരീരിക ചലനപരമായ ബുദ്ധി

- ദൃശ്യസ്ഥലപരമായ ബുദ്ധി

**ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രമായി പ്രവർത്തനം ചെയ്യാൻ കഴിയുന്നു.**

| പ്രവർത്തനങ്ങൾ (3 +) | പ്രവർത്തനങ്ങൾ 4 + |
|---|---|
| **സ്വതന്ത്രമായി കളികളിൽ ഏർപ്പെടൽ**<br>• സ്വതന്ത്രമായി നടക്കൽ<br>• സ്വതന്ത്രമായി ഓടൽ<br>• ചാടൽ<br>• ഇഷ്ടികയിലൂടെ ചാടൽ<br>• നടക്കൽ | **സ്വതന്ത്രമായി കളികളിൽ ഏർപ്പെടൽ**<br>• ഇഷ്ടികയിലൂടെ നടക്കൽ<br>• വരയിലൂടെ നടക്കൽ<br>• കയറിലൂടെ നടക്കൽ<br>• സ്വതന്ത്രമായി ഓടൽ<br>• രണ്ടുകാലിൽ ഉയർന്നുചാടൽ<br>• ചാടിക്കടക്കൽ<br>• നിശ്ചിത ദൂരം ചാടൽ |
| • ഇഴയൽ<br>• പടികൾ കയറൽ, ഇറങ്ങൽ<br>• വലിക്കൽ<br>• ഉയർത്തൽ | • ഇഴയൽ<br>• ഏണിയിൽ കയറൽ, ഇറങ്ങൽ<br>• കയറേണിയിലൂടെ കയറൽ, ഇറങ്ങൽ<br>• മരംകയറൽ |
| • കളിമൂലകളിൽ കളിക്കൽ<br>• മുച്ചക്ര സൈക്കിൾ ഓടിക്കൽ<br>• പന്ത് ഉരുട്ടിക്കളിക്കൽ | • കളിമൂലകളിൽ കളിക്കൽ<br>• മുച്ചക്രസൈക്കിൾ ഓടിക്കൽ<br>• പന്ത് മറ്റൊരാൾക്ക് എറിഞ്ഞുകൊടുക്കൽ<br>• കാലുകൊണ്ട് പന്തു തട്ടൽ |
| • ഊഞ്ഞാലാട്ടം<br>• കളിപ്പാട്ടങ്ങൾ ഉപയോഗിച്ച് കളിക്കൽ | • ഊഞ്ഞാലാട്ടം<br>• കളിയുപകരണങ്ങൾ (സീസോ, മെറിഗൊറൗണ്ട്......) ഉപയോഗിച്ചുള്ള കളികൾ |

**ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. ഉദാഹരണമായി മുഖം, തോൾ, മണിബന്ധം, വിരലുകൾ, കാൽമുട്ട്, പാദം എന്നിവയിലെ ചെറുപേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു.**

| പ്രവർത്തനങ്ങൾ (3 +) | പ്രവർത്തനങ്ങൾ (4 +) |
|---|---|
| • ചായം ചേർത്ത് കുറുക്കിയ പശ/മൈദ പേപ്പറിൽ തേയ്ക്കുക. വിരൽ ഉപയോഗിച്ച് ചിത്രം വരയ്ക്കുക. | • പേപ്പറിൽ പശ ചായം ചേർത്ത് കുറുക്കിയ മൈദ തേച്ചതിൽ വേറൊരു പേപ്പർ വച്ച് പ്രിന്റ് എടുക്കുക. |
| • കളിമണ്ണ്, മൈദ, പ്ലാസ്റ്റിസീൻ എന്നിവ കുഴയ്ക്കുക, ഉരുട്ടുക. | • കളിമണ്ണ്, മൈദ, പ്ലാസ്റ്റിസീൻ എന്നിവ കുഴയ്ക്കുക, ഉരുട്ടുക, രൂപങ്ങൾ നിർമ്മിക്കുക. |
| • ചായത്തിൽ കൈപ്പത്തി മുക്കി പേപ്പറിൽ പതിക്കുക. | • ചായത്തിൽ വിരൽ മുക്കി ചിത്രത്തിൽ നിറയെ കുത്തിടുക, ചിത്രങ്ങൾ വരയ്ക്കുക. |
| • ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുക. | • ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>  • ക്ലാഞ്ഞിൽ (തേങ്ങയെ കുലയിൽ ബന്ധിപ്പിക്കുന്ന ഭാഗം). ബ്രഷ് ചായത്തിൽ മുക്കി ഇഷ്ടാനുസരണം ചായം തേയ്ക്കുക. |
| • പ്രിന്റിങ് (വിരൽ, പച്ചക്കറി, കമ്പ് ഉപയോഗിച്ച്). | • പ്രിന്റിങ് (വിരൽ, പച്ചക്കറി, കമ്പ്, ഇല......കടലാസ് ചുരുട്ടിയത്). |
| • ബോർഡിലും നിലത്തും വെറുതെ വരയ്ക്കൽ. | • ബോർഡിലും നിലത്തും ചിത്രങ്ങൾ വരയ്ക്കൽ |
| • പേപ്പർ ചുരുട്ടൽ | • ചിത്രങ്ങൾ കീറിയെടുക്കൽ.<br>കീറിയെടുത്ത ചിത്രങ്ങൾ പേപ്പറിൽ ഒട്ടിക്കൽ. |
| • പേപ്പർ കീറുക (ചെറിയ കഷണങ്ങളായി) | • പേപ്പർ ചെറുതായി കീറി ഔട്ട്ലൈൻ ചിത്രങ്ങളിൽ ഒട്ടിക്കൽ. |
| • കീറിയ പേപ്പർ കഷണങ്ങൾ മറ്റൊരു പേപ്പറിൽ ഒട്ടിക്കൽ. | • കൈക്കുഴ, കാൽക്കുഴ തുടങ്ങിയവ ചലിപ്പിക്കുന്ന തരത്തിലുള്ള വ്യായാമങ്ങൾ. |
| • ഭാവാഭിനയം<br>(വിരൽപ്പാവകൾ ഉപയോഗിക്കൽ) | • എയ്റോബിക്സ് |
| • ചക്രം കറക്കൽ<br>  • വിരൽപ്പാവകൾ ഉപയോഗിക്കൽ | • പമ്പരം കറക്കൽ/തിരി തെറുക്കൽ<br>• പേപ്പർ മടക്കി വിശറിയുണ്ടാക്കൽ |
| • കൈകൾ ഉപയോഗിച്ചുള്ള സൂക്ഷ്മപ്രവൃത്തികൾ<br>  • ഈർക്കിലിൽ പൂവ്/വലിയ മുത്ത് പപ്പായത്തണ്ട് കഷണങ്ങൾ കോർക്കൽ<br>  • മിഠായി പെറുക്കൽ | • കൈകൾ ഉപയോഗിച്ചുള്ള സൂക്ഷ്മപ്രവൃത്തികൾ<br>  • നൂലിൽ മുത്തുകോർക്കൽ, പൂകോർക്കൽ<br>  • മുത്തു പെറുക്കൽ<br>  • ധാന്യമണികൾ വേർതിരിക്കൽ |
| • പേപ്പർ/അപ്പൂപ്പൻതാടി/ഇല ബലൂൺ തുടങ്ങിയവ ഊതിപ്പറപ്പിക്കൽ. | • മെഴുകുതിരി ഊതി അണയ്ക്കൽ<br>  • പേപ്പർ/അപ്പൂപ്പൻതാടി, ബലൂൺ ഊതിപ്പറപ്പിക്കൽ |

| 3 + | 4 + |
|---|---|
| **പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ആഹാരവസ്തുക്കൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.** | |
| • പഴം തൊലികളയുക.<br>• പഴം കഷണങ്ങളാക്കൽ.<br>• പദാർഥങ്ങൾ ഒന്നിൽനിന്നു മറ്റൊന്നിലേക്കു പകരൽ.<br>• കുപ്പിയുടെ അടപ്പ് തുറക്കൽ.<br>• സ്പൂൺ ഉപയോഗിച്ച് പഞ്ചസാര/ഉപ്പ് അലിയിക്കൽ. | • പഴം തൊലികളഞ്ഞ് കഷണങ്ങളാക്കി, ഫോർക്ക് ഉപയോഗിച്ച് കഴിക്കൽ.<br>• വെള്ളം നിറയ്ക്കൽ<br>• സാലഡ് ഉണ്ടാക്കൽ |
| **കൈവിരൽ, ഈർക്കിൽ, പെൻസിൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്കെച്ച് പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു.** | |
| • കൈവിരൽ, വെള്ളം, ചോക്ക്, ക്രയോൺ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ.<br>• വിരൽ ഉപയോഗിച്ച് മണലിൽ വരയ്ക്കൽ. | • ചോക്ക്, സ്കെച്ച് പെൻ, ക്രയോൺ, പെൻസിൽ, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ.<br>• ഇയർ ബഡ്സ് ചായത്തിൽ മുക്കി ചിത്രം വരയ്ക്കൽ. |
| **സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച് പെൻ, വാട്ടർകളർ, അറക്കപ്പൊടി, പേപ്പർ, തുണി.....)** | |
| • ചിത്രങ്ങളിൽ ക്രയോൺ, സ്കെച്ച്പെൻ എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു. | • ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻസിൽ, വാട്ടർകളർ, പേപ്പർ, തുണി എന്നിവ ഉപയോഗിച്ച് നിറം നൽകൽ. |
| **കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു.** | |
| • കടലാസ് മടക്കുക.<br>• കടലാസ് വലിയ കഷണങ്ങളായി കീറുക.<br>• കീറിയ കഷണങ്ങൾ ഒട്ടിക്കുക. | • കടലാസ്,തുണി തുടങ്ങിയവ മടക്കുക.<br>• കടലാസ് ആവശ്യാനുസരണം കീറുക.<br>• കീറി ഒട്ടിയ കഷണങ്ങൾ ഒട്ടിക്കുക. |

| 3 + | 4 + |
|---|---|
| **കത്രിക ഉപയോഗിച്ച് മുറിക്കാൻ കഴിയുന്നു.** | |
| | • കത്രിക ഉപയോഗിച്ച് മുറിക്കുക. |
| **ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.** | |
| • മരക്കട്ടകൾ, ബിൽഡിങ് ബ്ലോക്ക്സ്, തീപ്പെട്ടിക്കൂട്, കാർഡ്ബോർഡ് പെട്ടി തുടങ്ങിയവ ഉപയോഗിച്ചുള്ള നിർമാണം. | • കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമിക്കൽ (മച്ചിങ്ങവണ്ടി, തീപ്പെട്ടി ത്തീവണ്ടി.....)<br>• പേപ്പർ, കളിമണ്ണ്, ഇല, കമ്പുകൾ,ചരട്, പൂക്കൾ, മുത്ത്, വിത്ത്, മൈദ, കളിമണ്ണ് തുടങ്ങിയവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കൽ. |
| **താളാത്മകമായി ശബ്ദമുണ്ടാക്കാനും ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കാനും കഴിയുന്നു.** | |
| • അഭിനയഗാനം<br>• താളത്തിൽ കൈകൊട്ടൽ | • നൃത്തം/എയ്റോബിക്സ്<br>• കിലുക്ക്, ഡ്രം തുടങ്ങിയവയിൽ താളാത്മകമായി ശബ്ദം ഉണ്ടാക്കി കളിക്കൽ. |
| **സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും ചരിഞ്ഞും ഇഴഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നു.** | |
| • കുനിയൽ, ഇഴയൽ തുടങ്ങിയ ശാരീരിക ചലനങ്ങളെ പ്രോത്സാഹിപ്പി ക്കുന്ന തരത്തിലുള്ള കഥപറയലും പ്രകടനവും.<br>• കൈക്കുമ്പിളിൽ വെള്ളമെടുക്കൽ.<br>• വാവട്ടം കുറഞ്ഞ കുപ്പിയിൽ വെള്ളമൊഴിക്കൽ.<br>• വെള്ളത്തിൽ വീഴാതെ (സങ്കൽപ്പിച്ച്) ഇഷ്ടികയിലൂടെ നടക്കൽ. | • കുനിയൽ, ഇഴയൽ, മുട്ടുകുത്തി നടക്കൽ തുടങ്ങിയ ശാരീരിക ചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കഥപറയലും പ്രകടനവും.<br>• കൈക്കുമ്പിളിൽ വെള്ളമെടുത്ത് മറ്റു പാത്രങ്ങളിൽ നിറയ്ക്കൽ.<br>• ഡസ്ക്, കസേര തുടങ്ങിയ ഫർണിച്ചറുകളുടെ അടിയിലൂടെ പുറത്തു വരൽ. |

**സൂക്ഷ്മ-സ്ഥൂലപേശികളെ ഏകോപിപ്പിച്ചുകൊണ്ട് ദൈനംദിനജീവിതത്തിലെ പ്രവർത്തനങ്ങൾ ശ്രദ്ധയോടെ ചെയ്യാൻ കഴിയുന്നു.**

| | |
|---|---|
| • ആഹാരം കഴിക്കൽ<br>• ബ്രഷ് ചെയ്യൽ<br>• വസ്ത്രം ഊരൽ<br>• ധരിക്കൽ, | • ആഹാരം താഴെ വീഴാതെ കഴിക്കൽ.<br>• ബ്രഷ് ചെയ്യൽ<br>• വസ്ത്രം ഊരൽ<br>• ധരിക്കൽ,<br>• ഷർട്ടിന്റെ ബട്ടൺസ് ഇടൽ, ഊരൽ<br>• ഷൂലേസ് കെട്ടൽ |

**ലഘുയന്ത്രങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • സ്പൂൺ ഉപയോഗിച്ച് ടിന്നിന്റെ അടപ്പ് ഇളക്കൽ. | • സ്ക്രൂ ഡ്രൈവർ ഉപയോഗിച്ച് സ്ക്രൂ പിരിച്ചു കയറ്റൽ, അഴിച്ചെടുക്കൽ |

**പ്രാഗ്ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • വരകൾക്കിടയിലൂടെ ചായമിടൽ.<br>• വഴികാണിക്കൽ<br>• അക്ഷരപാറ്റേണുകളിലൂടെ വരയ്ക്കൽ. | • വരകൾക്കിടയിലൂടെ ചായമിടൽ |

**2. വികാസമേഖല - ഭാഷാവികാസം**

**ബുദ്ധിയുടെ ബഹുമുഖങ്ങൾ** - ഭാഷാപരമായ ബുദ്ധി

- സംഗീതപരമായ ബുദ്ധി

| | |
|---|---|
| **ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ വായിച്ച് (പ്രാഗ്‌വായന) ആശയങ്ങൾ പറയാൻ കഴിയുന്നു.** | |
| | |
| **തന്റെ ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ശ്രദ്ധിച്ചു കാണാനും കേൾക്കാനും കഴിയുന്നു.** | |
| • ശബ്ദം തിരിച്ചറിയൽകളി (പക്ഷികൾ, മൃഗങ്ങൾ,വാഹനങ്ങൾ)<br>• ആംഗ്യപ്പാട്ട് ശ്രദ്ധിക്കൽ<br>• പാട്ടു കേൾക്കൽ (ഐ.സി.ടി.)<br>• കഥ കേൾക്കൽ (ഐ.സി.ടി.) | • ശബ്ദാനുകരണ കളികൾ (പക്ഷികൾ...)<br>• പാട്ട്, കഥ, നാടകം കേൾക്കൽ (ഐ.സി.ടി.) |
| **കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരണങ്ങൾ, കഥകൾ എന്നിവ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു.** | |
| • കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ. | • കളിരീതി പ്രക്രിയ പാലിച്ച് പറയുന്നു.<br>• കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തി പറയൽ.<br>• സംഭവങ്ങൾ വിശദാംശങ്ങളോടെ പറയൽ. |
| **ഭാവം ഉൾക്കൊണ്ടു കഥകൾ, പാട്ടുകൾ, സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു (ശബ്ദവ്യത്യാസം, ഭാവം, ആംഗ്യം, ഈണം, താളം, ചലനം).** | |
| • ആംഗ്യപ്പാട്ട് പാടൽ<br>• കഥപറയൽ | • ഈണത്തോടെ താളാത്മകമായി പാടി അഭിനയിക്കൽ.<br>• ഭാവം ഉൾക്കൊണ്ടുകൊണ്ട് ശബ്ദവ്യതിയാനത്തോടെ കഥകൾ, സംഭവങ്ങൾ എന്നിവ പറയൽ. |
| **ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു.** | |
| | • ചിത്രം നിരീക്ഷിച്ച് കഥ ഊഹിച്ചു പറയൽ. |
| **വായിച്ചു കേട്ടതിന്റെ അടിസ്ഥാനത്തിൽ ചിത്രങ്ങൾ ക്രമപ്പെടുത്തി കഥപറയാൻ കഴിയുന്നു.** | |
| • വായിച്ചു കേട്ട കഥയിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ പറയൽ. | • കഥ ക്രമം പാലിച്ച് പറയൽ.<br>• ചിത്രം ക്രമപ്പെടുത്തി പറയൽ. |

**കഥാഗാനങ്ങളിലെ വരികളെ ചിത്രങ്ങളുമായി ബന്ധിപ്പിച്ചു പറയാൻ കഴിയുന്നു.**

| | |
|---|---|
| • കഥാഗാനം പാടൽ | • കഥാഗാനം പാടൽ, പാട്ടിലെ വരികളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ കണ്ടെത്തൽ. |

**വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ചിത്രം നോക്കി പറയൽ.<br>• ഇഷ്ടപ്പെട്ട വസ്തുക്കളെ കുറിച്ച് പറയൽ. | • ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ.<br>• കഥ മെനഞ്ഞ് പറയൽ. |

**ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, അവസ്ഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു.**

| | |
|---|---|
| • ഇഷ്ടപ്പെട്ട ഭക്ഷണം, കളി, യാത്ര എന്നിവയെ കുറിച്ച് പറയൽ. | • ഇഷ്ടപ്പെട്ട ഭക്ഷണം, കളി, യാത്ര എന്നിവയെ കുറിച്ച് വിശദാംശങ്ങളോടെ പറയൽ.<br><br>**ബിസ്ക്കറ്റ് കഴിച്ച അനുഭവം :**<br>**വട്ടത്തിലുള്ള ബിസ്ക്കറ്റ്.**<br>**ബിസ്ക്കറ്റിന് മഞ്ഞനിറം.**<br>**പെട്ടെന്ന് തിന്നാൻ കഴിയും.**<br>**കട്ടിയില്ല.**<br><br>**അടുക്കളയുപകരണങ്ങൾ.**<br>**കിച്ചൺസെറ്റ് ഉപയോഗം പറയൽ.** |

**വൈവിധ്യമാർന്ന നിത്യജീവിതസന്ദർഭങ്ങളിൽ (വീട്, സ്കൂൾ, കളിക്കൂട്ടങ്ങൾ, ആഘോഷങ്ങൾ...) ഇഷ്ടപ്പെട്ട വിഷയങ്ങളിൽ പരമാവധി കാര്യങ്ങൾ പറയാനും കേട്ടു മനസ്സിലാക്കാനും ചോദിച്ചറിയാനും കഴിയുന്നു.**

| | |
|---|---|
| • പ്രകൃതിനടത്തത്തിൽ കണ്ട വസ്തുക്കൾ/ ചെടി/ വിത്ത്/പൂക്കൾ/ ആകർഷിച്ച വസ്തുക്കൾ എന്നിവയെ കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും ചോദിക്കൽ. | • പ്രകൃതിനടത്തത്തിൽ കണ്ട വസ്തുക്കൾ/ ചെടി/ വിത്ത്/പൂക്കൾ/ ആകർഷിച്ച വസ്തുക്കൾ എന്നിവയുടെ സവിശേഷതകൾ അച്ഛനമ്മമാർ, അധ്യാപിക, കൂട്ടുകാർ, മുതിർന്നവർ എന്നിവരോട് ചോദിക്കൽ.<br>• തിരിച്ചറിഞ്ഞ സവിശേഷതകൾ മറ്റൊരു സന്ദർഭത്തിൽ വിവരിക്കൽ. |

**വിവിധ സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു.**

| | |
|---|---|
| • ക്ലാസ് മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം, പൂന്തോട്ടം ഒരുക്കൽ... സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവിടങ്ങളിൽ തന്റെ അഭിപ്രായങ്ങൾ പറയൽ (എങ്ങനെ? എപ്പോൾ? എന്തൊക്കെ ഒരുക്കങ്ങൾ?) | • ക്ലാസ് മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം, പൂന്തോട്ടം ഒരുക്കൽ... സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവിടങ്ങളിൽ തന്റെ നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ പറയൽ.<br>ഉദാ - അത്തപ്പൂക്കളമിടൽ<br>എങ്ങനെ തയാറാക്കാം? എന്തൊക്കെ ചെയ്യണം? (അഭിപ്രായങ്ങൾ)<br>പൂക്കളത്തിൽ പൂക്കൾ എവിടെ, എങ്ങനെ ഒരുക്കണം? (നിർദേശങ്ങൾ)<br>പൂക്കളം ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്? (നിഗമനം) |

**മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾപ്ലേ, ചമഞ്ഞുകളി തുടങ്ങിയ സന്ദർഭങ്ങളിൽ അഭിനയിക്കാൻ കഴിയുന്നു.**

| | |
|---|---|
| • സവിശേഷത പറയൽ, മേനിപറയൽ (പഴങ്ങൾ,പച്ചക്കറികൾ..)<br>• ചമഞ്ഞുകളി | • റോൾപ്ലേ , പാവനാടകം, ചമഞ്ഞുകളി എന്നിവയിൽ സംഭാഷണങ്ങൾ പറയൽ. |

**തന്റെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവ മറ്റുള്ളവർക്ക് (കൂട്ടുകാർ, മുതിർന്നവർ....) മനസ്സിലാകും വിധം പങ്കുവയ്ക്കാൻ കഴിയുന്നു.**

| | |
|---|---|
| • നിശ്ചിത സന്ദർഭങ്ങളിൽ തന്റെ വികാരങ്ങൾ പ്രകടിപ്പിക്കൽ. | • ഭാവനാപൂർവം കഥ രൂപീകരിച്ച് പറയൽ/പങ്കുവയ്ക്കൽ.<br>• നിശ്ചിത സന്ദർഭങ്ങളിൽ (സന്തോഷം, സങ്കടം, കൗതുകം)വികാരങ്ങൾ പ്രകടിപ്പിക്കൽ.<br>ഉദാ- ആനയുടെ കഥ പറയുന്ന വേളയിൽ ടീച്ചർ-<br>'ആനക്കൊരു ചെരുപ്പ് വേണം'<br>- എന്തൊക്കെ വസ്തുക്കൾ കൊണ്ട് ചെരുപ്പുണ്ടാക്കാം?<br>- ചെരുപ്പിട്ട് ആന നടക്കുന്നത് എങ്ങനെയായിരിക്കും? |

**സംഘത്തിലെ അംഗം എന്ന നിലയിൽ മറ്റുള്ളവർക്ക് അവസരം നൽകിയും തന്റെ ഊഴം തിരിച്ചറിഞ്ഞും സംഭാഷണങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • നിശ്ചിത സന്ദർഭത്തിൽ സംഭാഷണത്തിൽ ഏർപ്പെടൽ. | • നിശ്ചിതസന്ദർഭങ്ങളിൽ ആശയത്തുടർച്ചയോടെ സംഭാഷണത്തിൽ ഏർപ്പെടൽ.<br>• ചർച്ചയിൽ പങ്കെടുക്കൽ. |

**വിവിധ തീമുകളുമായി ബന്ധപ്പെട്ട് ആർജിച്ച പദസമ്പത്തും വാക്യമാതൃകകളും വിവിധ സന്ദർഭങ്ങളിൽ ആശയവിനിമയത്തിനായി ആത്മവിശ്വാസത്തോടെ പ്രയോഗിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ആർജിച്ച പദസമ്പത്ത് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | • ആർജിച്ച പദസമ്പത്ത്, വാക്യമാതൃക ('എന്തു ചന്തം!, ഹായ്' ചേർന്നു വരുന്ന വാക്യങ്ങൾ) എന്നിവ പ്രയോഗിക്കൽ. |

**ലഘു ബാലസാഹിത്യകൃതികൾ വായിച്ചുകേൾക്കാനും വായിച്ചു കേട്ട കാര്യങ്ങൾ വിവിധ രീതികളിൽ (വാചികം, അഭിനയം, ചിത്രം..) ആവിഷ്കരിക്കാനും കഴിയുന്നു.**

| | |
|---|---|
| • വായിച്ചു കേട്ട കാര്യങ്ങൾ അഭിനയിച്ചും ചിത്രം വരച്ചും പ്രകടിപ്പിക്കൽ. | • വായിച്ചു കേട്ട കാര്യങ്ങൾ റോൾപ്ലേ, സംഭാഷണം, ചിത്രംവര, അഭിനയം എന്നിവയിലൂടെ പ്രകടിപ്പിക്കൽ. |

**3. വികാസ മേഖല - വൈജ്ഞാനിക വികാസമേഖല**

**ബുദ്ധിയുടെ ബഹുമുഖങ്ങൾ** - യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

- പ്രകൃതിപരമായ ബുദ്ധി

**പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ,ജീവജാലങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി പറയാനും കഴിയുന്നു. (നിറം, വലുപ്പം, ആകൃതി, മണം, ശബ്ദം, രുചി, മിനുസം...)**

| | |
|---|---|
| • ശബ്ദം തിരിച്ചറിയൽകളി (കാക്ക കരയുന്ന ശബ്ദം, ചുമയ്ക്കുന്ന ശബ്ദം....)<br>• നിറങ്ങൾ തിരിച്ചറിയൽ<br>• നിറങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ<br>• വിവിധ വസ്തുക്കൾ നിറത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ. (കാർഡുകൾ, മുത്തുകൾ, പൂക്കൾ.....)<br>• മണത്തു പറയൽ.<br>• മണമുള്ളതും ഇല്ലാത്തുമായ പൂക്കൾ തരംതിരിക്കൽ.<br>• രുചിച്ചുനോക്കൽ.<br>• മിനുസമുള്ളതും പരുപരുത്തതുമായ വസ്തുക്കൾ തിരിച്ചറിഞ്ഞു പറയൽ (പലതരം ഇലകൾ, തുണി, കല്ലുകൾ).<br>• ആകൃതികൾ തിരിച്ചറിയൽകളി (വട്ടം,ചതുരം...) | • ശബ്ദം തിരിച്ചറിയൽകളി (വിവിധ ജീവികൾ കരയുന്ന ശബ്ദങ്ങൾ, ചുമയ്ക്കുന്ന ശബ്ദം....)<br>• നിറങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ.<br>• നിറങ്ങൾ തിരിച്ചറിയൽകളി<br>• നിറം നൽകൽ<br>• നിറങ്ങൾ പലതരത്തിൽ ക്രമീകരിക്കൽ<br>• മണത്തുപറയാം<br>• പൂവ്, ഇല, കായ് തുടങ്ങിയവയുടെ മണം തിരിച്ചറിയൽ.<br>• രുചിച്ചുനോക്കൽ.<br>• മിനുസമുള്ളതും പരുപരുത്തതുമായ വസ്തുക്കൾ തിരിച്ചറിഞ്ഞു പറയൽ<br>• ആകൃതികൾ തിരിച്ചറിയൽകളി<br>• പരിചിതമായ ആകൃതികൾ പറയൽ. |

**കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും അനുഭവത്തിന്റെ പിൻബലത്തിൽ നിഗമനങ്ങൾ അവതരിപ്പിക്കാനും കഴിയുന്നു.**

| | |
|---|---|
| • | • ലഘുപരീക്ഷണങ്ങളിലേർപ്പെട്ട് കണ്ടെത്തലുകൾ പറയൽ.<br>ഉദാ: മുങ്ങുമോ? പൊങ്ങുമോ? |

**വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നിവയെ സംബന്ധിച്ച് കാര്യകാരണ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചുള്ള ചോദ്യോത്തരപ്പാട്ടുകൾ പാടൽ. ഉദാ: എന്തുകൊണ്ടെന്തുകൊണ്ട്? | • ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>• പ്രകൃതിപ്രതിഭാസങ്ങൾ/വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നിവയുടെ കടങ്കഥകൾ പറയൽ. |

**വസ്തുക്കൾ, ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ചു കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു.**

| | |
|---|---|
| • ബന്ധമുള്ളവ കണ്ടെത്തൽ (പാവാട, ബ്ലൗസ്)<br>• പക്ഷികൾ/മൃഗങ്ങൾ തിരിച്ചറിയൽ<br>• പഴം/പച്ചക്കറി തരംതിരിക്കൽ | • ചിത്രങ്ങൾ വസ്തുക്കൾ – സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി പറയൽ. |

**പ്രാണികൾ, ശലഭങ്ങൾ, വീട്ടുമൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിഞ്ഞു പറയാൻ കഴിയുന്നു.**

| | |
|---|---|
| • പ്രകൃതിനടത്തം (കാണുന്ന ജീവികളെ തിരിച്ചറിഞ്ഞ് പേരു പറയൽ, സവിശേഷതകൾ പറയൽ)<br>• ചിത്രവായന | • പ്രകൃതിനടത്തം (പ്രാണികൾ, ശലഭങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിയൽ/സവിശേഷതപറയൽ/വാസപ്രദേശങ്ങൾ തിരിച്ചറിയൽ.<br>• വിവിധ ജീവികളെ നേരിൽ കാണൽ. |

**മഴ, വേനൽ, തണുപ്പ് നിരീക്ഷിച്ചറിയുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**

| | |
|---|---|
| • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പറയൽ | • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>• പ്രകൃതിയിലെ മാറ്റങ്ങൾ പറയൽ. |

| | |
|---|---|
| **ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവയെക്കുറിച്ച് അറിയുന്നു.** | |
| • ആരോഗ്യപ്പാട്ടുകൾ/ശുചിത്വവുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ (കൈകഴുകൽ, ശരിയായ രീതിയിൽ ഭക്ഷണം കഴിക്കൽ, പല്ലുതേയ്ക്കൽ, കുളി, മുടി ചീകൽ, നഖം മുറിക്കൽ)<br>• ടോയ്‌ലറ്റിങ് പരിശീലനം | • ആരോഗ്യം/ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ.<br>• ശുചീകരണപ്രവർത്തനങ്ങൾ (ക്ലാസ്/കളിക്കോപ്പ് വൃത്തിയാക്കൽ, കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് വയ്ക്കൽ) |
| **ചുറ്റുപാടും നിരീക്ഷിച്ച് വിവിധ രൂപങ്ങളിലുള്ള വസ്തുക്കൾ (വട്ടം, ചതുരം, ഉരുണ്ടത്, പരന്നത്, നീളത്തിലുള്ളത്) കണ്ടെത്തി ഉദാഹരിക്കുന്നതിനും നിർമിതികളിൽ ഏർപ്പെടുന്നതിനും ചിത്രീകരിക്കുന്നതിനും ശ്രമിക്കുന്നു.** | |
| • ആകൃതികൾ തിരിച്ചറിയൽ കളി (വട്ടം, ചതുരം...)<br>• വട്ടത്തിലെന്തുണ്ട്?<br>ചതുരത്തിലെന്തുണ്ട്?<br>വട്ടത്തിൽ പപ്പടം, ചതുരത്തിൽ തീപ്പെട്ടി.<br>................................................................................<br>................................................................................<br>• പരിചിതമായ ആകൃതികൾ പറയൽ.<br>• വട്ടം, ചതുരം.... എന്നിവ തിരിച്ചറിയൽ. | • പാട്ടുകൾ, കഥകൾ, റോൾപ്ലേ എന്നിവയിലൂടെ വിവിധ ആകൃതിയിലുള്ള സാധനങ്ങൾ ശേഖരിക്കൽ.<br>• ജ്യാമിതീയരൂപങ്ങൾ പൂർത്തിയാക്കൽ(വട്ടം,ചതുരം).<br>• ചതുരപേപ്പർ വച്ച് ഒറിഗാമി<br>• വിവിധ ജ്യാമിതീയരൂപങ്ങൾ നിർമിക്കൽ (ചതുരം, വട്ടം).<br>• വിവിധ ആകൃതിയിലുള്ള കഷണങ്ങൾ ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കൽ. |
| **ഗണിതധാരണയുടെ അടിസ്ഥാനത്തിൽ നിരീക്ഷിച്ച് സ്ഥാനം പറയാൻ കഴിയുന്നു.** | |
| • ഗണിതകളികൾ<br>• ഗണിതകഥകൾ<br>• ചിത്രവായന<br>മുകളിൽ - താഴെ<br>അടുത്ത് - അകലെ (ദൂരെ)<br>മുന്നിൽ - പിന്നിൽ (പിറകിൽ) | • ഗണിതകളികൾ<br>• ഗണിതകഥകൾ<br>• ചിത്രവായന<br>മുകളിൽ - താഴെ,<br>അടുത്ത് - അകലെ,<br>മുന്നിൽ - പിന്നിൽ,<br>ഇടത് - വലത്,<br>ആദ്യം - അവസാനം,<br>ഇടയ്ക്ക് - നടുക്ക്,<br>അപ്പുറം- ഇപ്പുറം, അതിനുമപ്പുറം |

**വസ്തുക്കളെ താരതമ്യം ചെയ്യുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ഗണിതപ്പാട്ടുകൾ<br>• കഥ കേൾപ്പിക്കൽ<br>• ഗണിതകേളികൾ<br>• ചിത്രവായന<br>• ഇലകൾ, വസ്തുക്കൾ, മുത്തുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>(കൂടുതൽ, കുറവ്, അൽപ്പം, ധാരാളം, ഏകദേശം, ആകാശം മുട്ടെ) | • ഗണിതപ്പാട്ടുകൾ<br>• കഥകേൾപ്പിക്കൽ<br>• ഗണിതകേളികൾ<br>• ഗണിതപ്രവർത്തനങ്ങൾ<br>(കൂടുതൽ, കുറവ്, അൽപ്പം, ധാരാളം, ഒത്തിരി, ഒട്ടേറെ, ഏറെ, തുല്യം, ഒപ്പം, ഏകദേശം, ഇത്രത്തോളം, ആനയോളം വലുപ്പം, കടുകുമണിയോളം.....) |

**വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ചിത്രങ്ങൾ പൂർത്തിയാക്കൽ<br>(പൂവ്, വീട് ....)<br>• ചിത്രപസിലുകൾ പൂർത്തിയാക്കൽ | • ചിത്രങ്ങൾ പൂർത്തിയാക്കൽ (പൂവ്, വാഹനങ്ങൾ, ശരീരഭാഗങ്ങൾ, പാറ്റേണുകൾ)<br>• ചിത്രപസിലുകൾ പൂർത്തിയാക്കൽ |

**നിറം, ആകൃതി, വലുപ്പം, നീളം തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ഗണിതകളികൾ<br>• ചിത്രവായന<br>• പ്രവർത്തനങ്ങൾ<br>(നിറം, വലുപ്പം, നീളം) | • ഗണിതകളികൾ<br>• പ്രവർത്തനങ്ങൾ<br>(നിറം, ആകൃതി, വലുപ്പം, ഭാരം, നീളം, കനം) |

**ഗണിതപാറ്റേണുകൾ പ്രദർശിപ്പിച്ച് അവ സൗന്ദര്യാത്മകമായി ക്രമീകരിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ഫിങ്കർ പ്രിന്റിങ്<br>• വെജിറ്റബിൾ പ്രിന്റിങ്<br>• വിവിധ നിറത്തിലുള്ള മുത്തുകൾ കോർക്കൽ | • വെജിറ്റബിൾ പ്രിന്റിങ്<br>• മുത്തുകോർക്കൽ<br>• അലങ്കാരപ്പണി |

**സമയം, പ്രായം അടിസ്ഥാനപ്പെടുത്തി നിരീക്ഷണങ്ങൾ പറയാൻ കഴിയുന്നു.**

| | |
|---|---|
| • രാത്രി-പകൽ കളി (രാവിലെ, ഉച്ച, രാത്രി)<br>• കഥകൾ, പാട്ടുകൾ<br>(ഇന്നലെ, ഇന്ന്, നാളെ<br>പഴയത് - പുതിയത്,<br>ചേച്ചി - ചേട്ടൻ,<br>അനിയൻ - അനിയത്തി<br>മുത്തശ്ശൻ - മുത്തശ്ശി) | • രാത്രി - പകൽകളി<br>(രാവിലെ, ഉച്ച, വൈകിട്ട്, സന്ധ്യ, രാത്രി, വെളുപ്പിന്)<br>• കഥകൾ/പാട്ടുകൾ<br>(ഇന്നലെ - ഇന്ന് - നാളെ,<br>പ്രായം കുറഞ്ഞവർ - കൂടിയവർ,<br>പഴയത് - പുതിയത്)<br>• കഴിഞ്ഞ സംഭവങ്ങൾ ക്രമീകരിച്ചു പറയൽ (അതിനുശേഷം ....) |

**1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണാനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കാനും കഴിയുന്നു.**

| | |
|---|---|
| • സംഖ്യാഗാനങ്ങൾ കേൾക്കൽ<br>• സംഖ്യകളുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ<br>• വീട്ടിലെ/അയൽക്കാരുടെ വീട്ടിലെ അംഗങ്ങളുടെ എണ്ണം പറയൽ. | • സംഖ്യാഗാനങ്ങൾ കേൾക്കൽ, പാടൽ<br>• സംഖ്യകളുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ, പറയൽ<br>• എണ്ണവും - ചിത്രവും ബന്ധിപ്പിക്കൽ<br>• തീപ്പെട്ടി, ബ്ലോക്കുകൾ എണ്ണത്തിനുസരിച്ച് ക്രമീകരിക്കൽ, കൂട്ടങ്ങളാക്കൽ |

**ലളിതമായ ഗണിതപ്രോജക്ടുകളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • ശേഖരണം (ഉദാ: വട്ടത്തിലുള്ള വസ്തുക്കളുടെ ശേഖരണം) | • ശേഖരണം (വിവിധ ജ്യാമിതീയ രൂപങ്ങൾ) |

**ഒരു പാറ്റേൺ നിരീക്ഷിച്ച് അടുത്തത് പ്രവചിക്കാൻ കഴിയുന്നു.**

| | |
|---|---|
| | ● ○ ● ○ ●<br>● ∧ ● ∧ ● |

**ഗണിതപ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നു.**

| | |
|---|---|
| • ലഘുവായ ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>• ജിഗ്സോപസിലുകൾ (പരമാവധി 4 കഷണം)<br>• വിവിധ ജ്യാമിതീയരൂപങ്ങൾ നിർമിക്കൽ<br>• വഴി കണ്ടെത്തൽ | • ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>• ജിഗ്സോ പസിലുകൾ (പരമാവധി 5 കഷണം)<br>• ജ്യാമിതീയരൂപങ്ങൾ പൂർത്തിയാക്കൽ<br>• വഴി കണ്ടെത്തൽ |

3. **വികാസമേഖല** - **സാമൂഹിക-വൈകാരിക വികാസമേഖല**

**ബുദ്ധിയുടെ ബഹുമുഖങ്ങൾ** - ആന്തരിക വൈയക്തികബുദ്ധി<br>വ്യക്ത്യാന്തരബുദ്ധി

**(1) വ്യക്തിഗതം**

**ആരോഗ്യ-ശുചിത്വശീലങ്ങളെക്കുറിച്ച് അറിയുന്നു**

| | |
|---|---|
| • ശരീരശുചിത്വം പാലിക്കൽ.<br>(കൈകഴുകൽ, പല്ലുതേയ്ക്കൽ, കുളിക്കൽ, നഖം മുറിക്കൽ, മുടിചീകൽ).<br>• വസ്ത്രശുചിത്വം പാലിക്കൽ.<br>• പരിസരശുചിത്വം.<br>(വേസ്റ്റ്ബിൻ ശരിയായി ഉപയോഗിക്കൽ, കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് വയ്ക്കൽ).<br>• ശരിയായ ഭക്ഷണശീലം.<br>(ആഹാരത്തിനു മുൻപും പിൻപും കൈയും വായും കഴുകുക).<br>• ശരിയായ ടോയ്‌ലറ്റിങ് പരിശീലനം. | • ശരീരശുചിത്വം പാലിക്കൽ.<br>• വസ്ത്രശുചിത്വം പാലിക്കൽ.<br>• പരിസരശുചിത്വം.<br>(ക്ലാസ് വൃത്തിയാക്കൽ, ക്ലാസിലെ ഉപകരണങ്ങൾ/കളിക്കോപ്പുകൾ എന്നിവ വൃത്തിയാക്കൽ).<br>• അടുക്കും ചിട്ടയോടും കൂടി വസ്തുക്കൾ ക്രമീകരിക്കൽ.<br>• ശരിയായ ഭക്ഷണശീലം (ആഹാരം കളയാതെ കഴിക്കുക).<br>• ശരിയായ ടോയ്‌ലറ്റിങ്. |

**തന്റെ ലഘുവായ ആവശ്യങ്ങൾ (പ്രായത്തിനനുസരിച്ച് ചെയ്യാൻ കഴിയുന്നവ) പരാശ്രയമില്ലാതെ ചെയ്യാൻ കഴിയുന്നു.**

| | |
|---|---|
| • പല്ലുതേയ്ക്കൽ<br>• കൈകഴുകൽ<br>• തുടയ്ക്കൽ<br>• ചെരുപ്പ് ധരിക്കൽ<br>• മുടിചീകൽ<br>• വസ്ത്രം അഴിക്കൽ, ധരിക്കൽ<br>• ടോയ്‌ലറ്റ് ഉപയോഗം<br>• കളിക്കൽ | • പല്ലുതേയ്ക്കൽ<br>• കൈകഴുകൽ<br>• തുടയ്ക്കൽ<br>• ചെരുപ്പ് ധരിക്കൽ<br>• മുടിചീകൽ<br>• വസ്ത്രം അഴിക്കൽ, ധരിക്കൽ, മടക്കിവയ്ക്കൽ<br>• കളിക്കൽ<br>• അടുക്കും ചിട്ടയോടും കൂടി വസ്തുക്കൾ വയ്ക്കൽ<br>• ശരിയായ ടോയ്‌ലറ്റ് ഉപയോഗം |

**സ്വന്തം പേര്, മാതാപിതാക്കളുടെ പേര് എന്നിവ മറ്റുള്ളവരോട് പറയാൻ കഴിയുന്നു.**

| | |
|---|---|
| • സ്വന്തം പേര് പറയൽ<br>• അച്ഛൻ/അമ്മ/ചേട്ടൻ/ചേച്ചി എന്നിവരുടെ പേര് പറയൽ.<br>• താമസസ്ഥലം | • സ്വന്തം പേര് പറയൽ<br>• അച്ഛനമ്മമാർ, ചേട്ടൻ, ചേച്ചി എന്നിവരുടെ പേര് പറയൽ.<br>• വീടിന്റെ അഡ്രസ്, ഫോൺ നമ്പർ പറയൽ. |

**(2) സാമൂഹികം**

**കളിപ്പാട്ടങ്ങൾ, ആഹാരം, മറ്റു വസ്തുക്കൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കാനും ഊഴം കാത്തിരിക്കാനും കഴിയുന്നു (സഹവർത്തിത്വ മനോഭാവം).**

| | |
|---|---|
| • കഥകൾ കേൾക്കൽ<br>• സ്വതന്ത്രകളികൾ<br>• കൂട്ടമായുള്ള കളികൾ<br>• ഊഴംകാക്കൽകളി<br>• ഒരുമിച്ച് ഭക്ഷണം കഴിക്കൽ | • കഥകൾ കേൾക്കൽ<br>• കൂട്ടമായുള്ള പ്രവർത്തനങ്ങൾ<br>• ഊഴംകാക്കൽകളി<br>• ഒരുമിച്ച് ഭക്ഷണം കഴിക്കൽ<br>• പഠനകളിക്കോപ്പുകൾ പങ്കുവയ്ക്കൽ<br>• പിറന്നാൾ ആഘോഷിക്കൽ |

**കളികളിലും നിർമാണപ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോടു ചേർന്നും സഹകരണമനോഭാവത്തോടും നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ടും പ്രവർത്തിക്കാൻ കഴിയുന്നു.**

| | |
|---|---|
| • കൂട്ടമായുള്ള പ്രവർത്തനങ്ങൾ.<br>• സംഘഗാനം<br>• പിറന്നാൾ ആഘോഷം.<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ. | • സംഘപ്രവർത്തനങ്ങൾ.<br>• പിറന്നാൾ ആഘോഷം.<br>• ക്ലാസ്മുറി വൃത്തിയാക്കൽ.<br>• മുതിർന്നവരെ ബഹുമാനിക്കൽ,സ്വാഗതം ചെയ്യൽ.<br>• കളികളിൽ നേതൃത്വപരമായ പങ്ക് ഏറ്റെടുക്കൽ. |

**മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവ കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നു.**

| | |
|---|---|
| • പാട്ടുപാടിക്കഴിഞ്ഞ് കൂട്ടുകാർക്ക് കൈയടിച്ചു പ്രോത്സാഹനം നൽകൽ. | • പാട്ട്/കഥ/നിർമാണപ്രവർത്തനങ്ങൾ തുടങ്ങിയ ചെയ്തു കഴിയുമ്പോൾ കൈയടിച്ചു പ്രോത്സാഹനം നൽകൽ. |

**സങ്കോചമില്ലാതെയും സന്തോഷത്തോടെയും സഹപാഠികളുടെ/മുതിർന്നവരുടെ മുഖത്തു നോക്കി സംസാരിക്കാനും പുതിയ സഹപാഠികൾ/ മുതിർന്നവരുമായി പരിചയപ്പെടാനും കഴിയുന്നു.**

| | |
|---|---|
| • മുതിർന്നവരോട് സംസാരിക്കൽ.<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ. | • പരിചയപ്പെടൽ<br>• സ്വാഗതം ചെയ്യൽ<br>• ബഹുമാനിക്കൽ<br>• സംഘപ്രവർത്തനങ്ങൾ<br>• റോൾപ്ലേ |

**മുഖഭാവങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും ശബ്ദവ്യത്യാസത്തിലൂടെയും മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യാൻ കഴിയുന്നു.**

| | |
|---|---|
| • അഭിനയഗാനം<br>• കഥപറയൽ | • ചമഞ്ഞുകളി<br>• റോൾപ്ലേ<br>• കഥപറയൽ |

**വ്യത്യസ്ത ബന്ധങ്ങൾ (അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി, അനിയൻ, അനിയത്തി, അപ്പൂപ്പൻ, അമ്മൂമ്മ, മാമൻ, മാമി) തിരിച്ചറിയാനും അവ നല്ല രീതി യിൽ കൊണ്ടുപോകാനും (പെരുമാറുന്നതിനും) കഴിയുന്നു.**

| | |
|---|---|
| • ചമഞ്ഞുകളി<br>• പാട്ടുകൾ<br>• കഥകൾ | • പാട്ടുകൾ<br>• കഥകൾ<br>• റോൾപ്ലേ |

**ഉത്സവങ്ങൾ/ആഘോഷങ്ങൾ (ഓണം, ക്രിസ്മസ്, റംസാൻ....) തുടങ്ങിയ സന്ദർഭങ്ങളിൽ ഉണ്ടാക്കുന്ന ആഹാരങ്ങൾ (സദ്യ, ബിരിയാണി, കേക്ക്.....) പരിചയപ്പെടാനും അവ പരസ്പരം പങ്കുവയ്ക്കാനും കഴിയുന്നു.**

| | |
|---|---|
| • വിശേഷാഹാരങ്ങളുടെ പേരുപറയൽ<br>• കഥകൾ കേൾക്കൽ<br>• ചിത്രങ്ങൾ കാണൽ<br>• ആഹാരം പങ്കുവയ്ക്കൽ | • വിശേഷാഹാരങ്ങളുടെ പേരുപറയൽ<br>• അനുഭവങ്ങൾ പറയൽ<br>• ആഹാരം പങ്കുവയ്ക്കൽ |

**തന്റെ കുടുംബത്തിലും ചുറ്റുപാടിലുമുള്ള വ്യക്തികളുടെ പ്രായം തിരിച്ചറിഞ്ഞ് ബഹുമാനപൂർവം അഭിസംബോധന ചെയ്ത് സംസാരിക്കാനും ശങ്കകൂടാതെ പെരുമാറാനും കഴിയുന്നു.**

| | |
|---|---|
| • കഥകൾ കേൾക്കൽ<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ, ബഹുമാനിക്കൽ. | • കഥകൾ കേൾക്കൽ<br>• റോൾപ്ലേ<br>• മറ്റുള്ളവരെ ബഹുമാനിക്കൽ, പരിചയപ്പെടൽ. |

**കഥകൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ പറഞ്ഞ് മറ്റുള്ളവർക്ക് സന്തോഷം ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ<br>(ഉദാ: വീട്ടിലെ ചേട്ടൻ/ചേച്ചി, അനിയൻ, അനിയത്തി കളിപ്പാട്ടത്തിന് പിടിവലി കൂടുന്നത്.) | • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ.<br>• കഥകൾ വിശകലനം ചെയ്യൽ.<br>(ഉദാ: കാക്കയും കുറുക്കനും അപ്പം തട്ടിയെടുത്ത കഥ. "കുറുക്കൻ ചെയ്തത് ശരിയാണോ?" |

**(3) വൈകാരികം**

**സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കാനും പരിപാലിക്കാനും കഴിയുന്നു.**

| | |
|---|---|
| • പ്രകൃതിനടത്തം<br>• സസ്യങ്ങളുടെയും ജന്തുക്കളുടെയും പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• ചെടികൾക്ക് വെള്ളമൊഴിക്കൽ.<br>• മീൻ, പക്ഷികൾ എന്നിവയ്ക്ക് ഭക്ഷണം നൽകൽ. | • പ്രകൃതിനടത്തം<br>• സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• പൂന്തോട്ടനിർമാണം, പരിപാലനം<br>• വളർത്തുപക്ഷികൾ/മൃഗങ്ങൾ എന്നിവയ്ക്ക് ആഹാരം നൽകൽ. |

**മറ്റുള്ളവരോട് അനുതാപത്തോടും അനുകമ്പയോടും കൂടി പ്രവർത്തിക്കാൻ കഴിയുന്നു.**

| | |
|---|---|
| • അനുതാപം പ്രകടമാകുന്ന കഥ കേൾക്കൽ. | • ഭിന്നശേഷിയുള്ളവരെ സഹായിക്കൽ. |

**കൃത്യനിഷ്ഠ പാലിക്കാൻ കഴിയുന്നു.**

| | |
|---|---|
| • കൃത്യസമയത്ത് സ്കൂളിൽ എത്തുന്നു.<br>• ടൈംടേബിൾ പ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | • കൃത്യസമയത്ത് സ്കൂളിൽ എത്തുന്നു.<br>• ക്ലാസ് പ്രവർത്തനങ്ങൾ കൃത്യസമയത്ത് ചെയ്തു പൂർത്തിയാക്കൽ.<br>• ടൈംടേബിൾ പ്രകാരമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. |

**കൂട്ടുകൂടിയുള്ള കളികളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • സംഘകളികൾ | • സംഘകളികൾ<br>• സംഘപ്രവർത്തനങ്ങൾ |

5. **വികാസമേഖല** - **സർഗാത്മക-സൗന്ദര്യാത്മക വികാസം**

**ബുദ്ധിയുടെ ബഹുമുഖങ്ങൾ** - സംഗീതപരമായ ബുദ്ധി

- ദൃശ്യസ്ഥലപരമായ ബുദ്ധി

| | |
|---|---|
| **വിവിധയിനം പാട്ടുകൾ(കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ......) മുതലായവ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു.** | |
| • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ). | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ). |
| **കേട്ട പാട്ടുകൾ താളാത്മകമായി പടാൻ കഴിയുന്നു.** | |
| • സംഘമായും ഒറ്റയ്ക്കും പാടൽ. | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ. |
| **വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ തീമുകളുമായി ബന്ധപ്പെടുത്തി പുതിയ പാട്ടുകൾ കണ്ടെത്തിയും പദങ്ങൾ, വരികൾ എന്നിവ കൂട്ടിച്ചേർത്തും പാടാൻ കഴിയുന്നു.** | |
| • വിവിധ തീമുകളുമായി ബന്ധപ്പെട്ട പാട്ടുകളിൽ പദങ്ങളും വരികളും കൂട്ടിച്ചേർത്തു പാടൽ. | • വിവിധ തീമുകളുമായി ബന്ധപ്പെട്ട പാട്ടുകളിൽ പദങ്ങളും വരികളും കൂട്ടിച്ചേർത്തു പാടൽ.<br>• പുതിയ പാട്ടുകൾ കണ്ടെത്തി പാടൽ.<br>• പുതിയ പാട്ടുകളുണ്ടാക്കി പാടൽ. |
| **സഹപാഠികളുടെ പ്രകടനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കഴിയുന്നു.** | |
| • ചെറിയ സംഘങ്ങളിൽ പാടൽ, കൈയടിച്ച് പ്രോത്സാഹിപ്പിക്കൽ. | • സംഘങ്ങളായി പാടൽ.<br>• കൈയടിച്ചും സമ്മാനങ്ങൾ നൽകിയും പ്രോത്സാഹിപ്പിക്കൽ. |
| **വിവിധ സന്ദർഭങ്ങളിൽ പാട്ടു കേൾക്കാനും ഇഷ്ടപ്പെട്ടവ അവതരിപ്പിക്കാനും കഴിയുന്നു.** | |
| • ആംഗ്യപ്പാട്ട്, താരാട്ടുപാട്ട്, സിനിമപ്പാട്ട് (ഓഡിയോ) കേൾക്കൽ.<br>• പരിപാടികളിൽ അവതരിപ്പിക്കൽ. | • വിവിധതരം പാട്ടുകൾ കേൾക്കൽ (ഓഡിയോ).<br>• വിവിധ പരിപാടികളിൽ അവതരിപ്പിക്കൽ. |

**സംഗീതോപകരണങ്ങൾ ഒറ്റയ്ക്കും സംഘമായും ആസ്വാദ്യകരമായി കൈകാര്യം ചെയ്യാനും ആസ്വദിക്കാനും കഴിയുന്നു.**

| | |
|---|---|
| • ഡ്രം, കിലുക്ക് തുടങ്ങിയവ ഉപയോഗിച്ച് സംഘമായി പാടൽ.<br>• സംഗീതോപകരണങ്ങൾ ഉപയോഗിച്ചു പാടുന്നത് കേൾക്കൽ. | • സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാടുന്നത് കാണൽ, കേൾക്കൽ<br>• സംഗീതോപകരണങ്ങൾ ഉപയോഗിച്ച് ഒറ്റയ്ക്കും സംഘമായും പാടൽ.<br>. |

**കളിപ്പാട്ടങ്ങൾ നിർമിക്കാൻ കഴിയുന്നു.**

| | |
|---|---|
| • തീപ്പെട്ടിക്കിലുക്ക്<br>• തീപ്പെട്ടിപ്പാവ | • ഓലപ്പീപ്പി<br>• മച്ചിങ്ങവണ്ടി<br>• വിവിധ കളിപ്പാട്ടങ്ങൾ |

**കമഴ്ത്തിവച്ച വിവിധ സ്റ്റീൽ പാത്രങ്ങളിൽ ചെറുകമ്പുകൊണ്ട് അടിച്ചു താളാത്മകമായി ശബ്ദം ഉണ്ടാക്കാൻ കഴിയുന്നു.**

| | |
|---|---|
| • പാത്രങ്ങളിൽ ചെറുകമ്പുകൊണ്ടടിച്ച് ശബ്ദമുണ്ടാക്കുന്നു. | • പാത്രങ്ങളിൽ ചെറുകമ്പുകൊണ്ടടിച്ച് താളാത്മകമായ ശബ്ദങ്ങൾ ഉണ്ടാക്കുന്നു. |

**കഥകൾ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു.**

| | |
|---|---|
| • കഥകൾ കേൾക്കൽ (ഓഡിയോ). | • കഥ കേൾക്കൽ (ഓഡിയോ)<br>• റോൾപ്ലേ, പാവകളി തുടങ്ങിയവയിലൂടെ കഥകൾ കേൾക്കൽ. |

**കഥകൾ ഭാവം ഉൾക്കൊണ്ടുകൊണ്ട് ആസ്വാദ്യകരമായി പറയാൻ കഴിയുന്നു.**

| | |
|---|---|
| • കഥകളിലെ ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയൽ. | • ഭാവം ഉൾക്കൊണ്ടുകൊണ്ട് കഥയിലെ സംഭവങ്ങൾ പറയൽ. |

**സ്വന്തമായി കഥകൾ ഉണ്ടാക്കാനും പറയാനും കഥാപാത്രങ്ങളെ അഭിനയിച്ചു കാണിക്കാനും കഴിയുന്നു.**

| | |
|---|---|
| • സഹായത്തോടെ കഥകളുണ്ടാക്കി പറയുന്നു. | • കഥകളുണ്ടാക്കി ഭാവം ഉൾക്കൊണ്ട് പറയുന്നു.<br>• കഥാപാത്രങ്ങളെ അഭിനയിച്ചു കാണിക്കുന്നു. |

| | |
|---|---|
| **കഥകൾ, അനുഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയിക്കാൻ കഴിയുന്നു (റോൾപ്ലേ).** | |
| • റോൾപ്ലേ അവതരിപ്പിക്കൽ (അച്ഛൻ/അമ്മ). | • റോൾപ്ലേ അവതരിപ്പിക്കൽ (സ്കൂൾ). |
| **ഒന്നിനെ മറ്റൊന്നായി സങ്കൽപ്പിച്ചും (ചുറ്റുമുള്ള ജീവികൾ, വസ്തുക്കൾ) മറ്റൊരാളായി സ്വയം സങ്കൽപ്പിച്ചും ആശയപ്രകടനം നടത്താൻ കഴിയുന്നു.** | |
| • ചമഞ്ഞുകളി<br>• മൃഗങ്ങളുടെയും പക്ഷികളുടെയും മുഖംമൂടിവച്ച് കളിക്കൽ | • മുഖം മൂടിവച്ച് കളിക്കൽ<br>• മേനിപറച്ചിൽ<br>• കമ്പ് തുടങ്ങിയ വസ്തുക്കളെ വിവിധ വസ്തുക്കളായി സങ്കൽപ്പിച്ച് അവതരണം<br>• കിച്ചൺസെറ്റ് (ഓർക്കസ്ട്ര) |
| **പൊതുസദസ്സുകളിൽ തന്റെ കലാശേഷികൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാൻ കഴിയുന്നു.** | |
| • പാട്ടുപാടൽ<br>• ആംഗ്യപ്പാട്ടുപാടൽ<br>• കഥപറയൽ | • പാട്ടുപാടൽ<br>• കഥപറയൽ<br>• റോൾപ്ലേ<br>• ആംഗ്യപ്പാട്ടുകൾ |
| **ലഘു ആശയങ്ങളെ വിവിധ കലാരൂപങ്ങളിൽ ആവിഷ്കരിക്കാൻ കഴിയുന്നു.** | |
| • വിവിധ കലാരൂപങ്ങളിലൂടെ പ്രകടിപ്പിക്കൽ | • ആശയങ്ങളെ വിവിധ കലാരൂപങ്ങളിലൂടെ പ്രകടിപ്പിക്കൽ. |
| **ചുറ്റുമുള്ള ജീവികൾ, വസ്തുക്കൾ, ആളുകൾ എന്നിവയുടെ ശബ്ദം, ചലനം തുടങ്ങിയവ അനുകരിക്കാൻ കഴിയുന്നു.** | |
| • ശബ്ദാനുകരണ കളികൾ | • ശബ്ദാനുകരണ കളികൾ<br>• സംഘകളികൾ |

**പ്രകൃതിയെ ആസ്വദിക്കുന്നതിനും ചിത്രത്തിലൂടെ പ്രകടിപ്പിക്കുന്നതിനും നിറം നൽകുന്നതിനും കഴിയുന്നു.**

| | |
|---|---|
| • ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• ചിത്രം വരച്ച് നിറം നൽകൽ. | • വിവിധ വസ്തുക്കൾ ഉപയോഗിച്ച് നിറം നൽകൽ.<br>• ചിത്രം വരച്ച് നിറം നൽകൽ.<br>• ചിത്രമൂല തയാറാക്കൽ. |

**ചിത്രപുസ്തകങ്ങൾ വായിച്ചുകേൾക്കുന്നതിനും ചിത്രം ആസ്വദിക്കുന്നതിനും ആസ്വാദനം പറയുന്നതിനും കഴിയുന്നു.**

| | |
|---|---|
| • ചിത്രപുസ്തകങ്ങൾ വായിച്ചു കേൾക്കൽ.<br>• ചിത്രത്തെക്കുറിച്ചു പറയൽ. | • ചിത്രപുസ്തകങ്ങൾ വായിച്ചു കേൾക്കൽ.<br>• ചിത്രത്തിൽ നിന്നു കഥ മെനഞ്ഞ് പറയൽ. |

**പല വസ്തുക്കൾ ഉപയോഗിച്ച് പ്രിന്റിങ്, സ്പ്രേവർക്ക് എന്നിവ ചെയ്യാൻ കഴിയുന്നു.**

| | |
|---|---|
| • ഇല പ്രിന്റിങ്<br>• കടലാസ് ചുരുട്ടി പ്രിന്റിങ്<br>• പച്ചക്കറി പ്രിന്റിങ് | • നൂല്, പച്ചക്കറി, സ്റ്റിക്ക്, മെഴുക്, ഇല പ്രിന്റിങ്.<br>• സ്പ്രേവർക്ക്. |

**ജലകേളികളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • കടലാസ് വള്ളം, കുപ്പിയുടെ അടപ്പ്, പാത്രത്തിന്റെ അടപ്പ് എന്നിവ ഉപയോഗിച്ചുള്ള കളികൾ. | • വിവിധ വസ്തുക്കൾ ഉപയോഗിച്ച് ജലകേളികളിൽ ഏർപ്പെടുന്നു. |

**വസ്തുക്കൾ (പ്രകൃതിയിൽനിന്നു ലഭിക്കുന്നവ/പാഴ്വസ്തുക്കൾ) ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ, കൊളാഷ് എന്നിവയുടെ നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.**

| | |
|---|---|
| • ഒറിഗാമി<br>• കളിപ്പാട്ടങ്ങൾ | • ഒറിഗാമി<br>• കളിപ്പാട്ടങ്ങൾ<br>• കൗതുകവസ്തുക്കൾ<br>• കൊളാഷ്<br>• വിവിധ രൂപങ്ങൾ നിർമിക്കൽ<br>• ഒറിഗാമി രൂപങ്ങൾ ക്രമീകരിച്ച് ഒട്ടിക്കൽ |

**ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ, കൗതുകവസ്തുക്കൾ, കലാകാരന്മാരുടെ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു.**

| | |
|---|---|
| • ഇലകൾ, തൂവലുകൾ ഒട്ടിക്കൽ | • ആൽബം നിർമിക്കൽ |

**വിവിധ കലകൾ (ചിത്രം, പാട്ട്, നൃത്തം....) നിരീക്ഷിക്കാനും ആസ്വദിക്കാനും കഴിയുന്നു.**

| | |
|---|---|
| • ചിത്രം, നൃത്തം, പാവകളി തുടങ്ങിയവ കാണൽ. | • ചിത്രം, പാട്ട്, നൃത്തം, പാവകളി തുടങ്ങിയവ കാണൽ, ആസ്വദിക്കൽ. |

**ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു.**

| | |
|---|---|
| • തീപ്പെട്ടിക്കോൽ, ഈർക്കിൽ, മച്ചിങ്ങ തുടങ്ങിയവ ഉപയോഗിച്ച് ദ്വിമാന രൂപങ്ങൾ (വീട്, കളിപ്പാട്ടങ്ങൾ) നിർമിക്കൽ. | • കളിമണ്ണ്, കുഴച്ചമാവ്, പ്ലാസ്റ്റിസീൻ എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമിക്കൽ.<br>• തീപ്പെട്ടിക്കൂട്, ഒഴിഞ്ഞകൂടുകൾ, ഈർക്കിൽ, മച്ചിങ്ങ എന്നിവ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ നിർമിക്കൽ. |




# ശിശുപ്രവർത്തന സങ്കേതങ്ങളും തന്ത്രങ്ങളും



## ആമുഖം

പ്രീസ്കൂൾ വിദ്യാലയത്തിലെത്തുന്ന കുട്ടികൾ മുന്നറിവിലും കഴിവിലും താൽപ്പര്യത്തിലും വികാസമേഖലകളിലും വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്നവരാണ്. പഞ്ചേന്ദ്രിയങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള അറിവു നിർമാണരീതിക്ക് സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. മാതാപിതാക്കളുടെ പിന്തുണ, കുടുംബസാഹചര്യം, സാമൂഹിക-സാംസ്കാരിക പശ്ചാത്തലം എന്നിവയൊക്കെ കുട്ടിയുടെ ശേഷീവികാസത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ശിശുവികാസവും അറിവുസമ്പാദനവും പ്രീസ്കൂൾ പഠനസമയത്തു മാത്രം നടക്കുന്ന പ്രക്രിയയല്ല. ഇടപെടാൻ ലഭിച്ച അവസരങ്ങൾ, ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം, കൂട്ടുകാർക്കൊപ്പമുള്ള കളികൾ എന്നിവയൊക്കെ അറിവുസമ്പാദനത്തിന്റെയും ശേഷീവികാസത്തിന്റെയും അവസരങ്ങൾ കൂടിയാണ്.



വികാസമേഖലകളെയും ബുദ്ധിയുടെ ബഹുമുഖങ്ങളെയും പരിഗണിക്കുമ്പോൾ കുഞ്ഞിന്റെ വികാസാവശ്യങ്ങൾ പലതാണെന്ന് കാണാൻ കഴിയും. അതുകൊണ്ടുതന്നെ കുഞ്ഞുങ്ങളുടെ സമഗ്രവികാസത്തിന് വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങൾ പ്രയോഗിക്കേണ്ടിവരും. കുഞ്ഞിന്റെ പ്രായം, പ്രകൃതം, ആവശ്യങ്ങൾ, കഴിവുകൾ, താൽപ്പര്യം എന്നിവ കണക്കിലെടുത്തുകൊണ്ടു വേണം പഠനതന്ത്രങ്ങൾ തിരഞ്ഞെടുക്കേണ്ടത്. വസിക്കുന്ന പ്രദേശം, സാമൂഹികവും സാംസ്കാരികവും ഭാഷാപരവും സാമ്പത്തികവുമായ പശ്ചാത്തലം എന്നിവ കുഞ്ഞുങ്ങളുടെ ഇഷ്ടങ്ങളെ സ്വാധീനിക്കുന്നു. പ്രീസ്കൂളിലെ പ്രവർത്തനങ്ങൾ ഓരോ കുഞ്ഞിന്റെയും ആവശ്യങ്ങളെ സംതൃപ്തമാക്കും വിധം സമഗ്രമാകണം. അതിന് അധ്യാപകരെ സഹായിക്കുംവിധം വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങൾ ഉദാഹരണസഹിതം ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

*കുഞ്ഞുങ്ങൾക്കാവശ്യം പ്രസംഗമല്ല, പ്രവർത്തനമാണ്. കുഞ്ഞുങ്ങളുടെ പ്രവർത്തനങ്ങളുടെ പൂർണതയ്ക്കല്ല; അവരുടെ പങ്കാളിത്തത്തിനാണ് പ്രാധാന്യം. കഥ, പാട്ട്, നാടകീകരണം, പാവകളി, കഥാഗാനങ്ങൾ, അഭിനയഗാനങ്ങൾ, സംഘഗാനങ്ങൾ, പ്രകൃതിനടത്തം, ഗണിതാനുഭവങ്ങൾ, ശാസ്ത്രാനുഭവങ്ങൾ, പ്രശ്നപരിഹരണ പ്രവർത്തനങ്ങൾ, ക്ലാസിനുപുറത്തും അകത്തും നടത്തുന്ന പ്രവർത്തനങ്ങൾ, സാങ്കൽപ്പിക കളികൾ, കഥാപാത്രാഭിനയം തുടങ്ങിയ വ്യത്യസ്തങ്ങളായ പഠനതന്ത്രങ്ങൾ, ശേഷികൾ പരിഗണിച്ച് തീമുകൾക്കനുസൃതമായി അധ്യാപിക തിരഞ്ഞെടുത്ത് കുഞ്ഞുങ്ങൾക്ക് നൽകണം. പ്രവർത്തനങ്ങൾ വൈവിധ്യമുള്ളതും അനുഭവസമ്പന്നവും സന്ദർഭോചിതവും അനൗപചാരികവുമായിരിക്കാൻ എപ്പോഴും ശ്രദ്ധിക്കണം.*

# അയ്യോ..... എന്റെ പട്ടം

## കഥാവതരണം : സാധ്യതകളും രീതികളും

കഥകൾ എല്ലാവർക്കും ഇഷ്ടമാണ്. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ കഥകേൾക്കാൻ താൽപ്പര്യമുള്ളവരാണ്. കൊച്ചുകുട്ടികൾക്ക് കഥ കേൾക്കാനും കേട്ടതുതന്നെ വീണ്ടും കേൾക്കാനും ഇഷ്ടമാണ്. സ്വന്ത മായി കഥകൾ നിർമിക്കാനും തന്റെ ഭാവനയ്ക്കനുസരിച്ച് ഭാവത്തോടെ പറയാനും എല്ലാ കുട്ടികൾക്കും സാധിക്കും. കഥ കേൾക്കുക, കഥ പറ യുക എന്നിവയിലൂടെ ഭാഷാപരമായ ബുദ്ധിവികാസം സാധ്യമാകുന്നു. മറ്റു വികാസമേഖലകളുടെ വളർച്ചയ്ക്കും വികാസത്തിനും കഥ ഉപയോ ഗിക്കാവുന്നതാണ്. കഥയുടെ തിരഞ്ഞെടുപ്പ്, അവയുടെ അവതരണം, അവ തരണത്തിനുപയോഗിക്കുന്ന വിവിധ തന്ത്രങ്ങൾ, രീതികൾ, കഥകൾക്കുള്ള പ്രാധാന്യം എന്നിവ എല്ലാ ശിശുവിദ്യാഭ്യാസ പ്രവർത്തകരും രക്ഷിതാവും അറിഞ്ഞിരിക്കേണ്ടതാണ്.




- കഥകളെ എങ്ങനെയൊക്കെ തരംതിരിക്കാമെന്ന് ആലോചിച്ചിട്ടുണ്ടോ?
  - കുട്ടികളുടെ ഭാവന ഉണർത്തുന്ന കഥകൾ.
  - പങ്കാളിത്തത്തോടെ പറയാവുന്ന കഥകൾ.
  - ചിത്രങ്ങൾ, ചിത്രപുസ്തകങ്ങൾ എന്നിവ ഉപയോഗിച്ച് പറയാവുന്നത്.
  - ശബ്ദാനുകരണസാധ്യതയുള്ള കഥകൾ.
  - പ്രകൃതിയുമായി ബന്ധപ്പെട്ട കഥകൾ.
  - പാട്ടുകൾ ചേർന്ന കഥകൾ.
  - പാവ ഉപയോഗിച്ച് പറയുന്ന കഥകൾ.
  - മുഖംമൂടി, മണൽത്തടം, ബിഗ്കാൻവാസ് എന്നീ സാധ്യതകൾ ഉപയോഗിച്ച് പറയുന്ന കഥകൾ.

ഇതിന്റെ അടിസ്ഥാനത്തിൽ കഥാശേഖരണപുസ്തകം ക്രമീകരിക്കാമോ?

**കഥയ്ക്കു മുമ്പ് എന്തൊക്കെ ഒരുക്കങ്ങളാണ് നടക്കേണ്ടത്?**

- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള കഥകൾ തെരഞ്ഞെടുക്കണം.
- തിരഞ്ഞെടുത്ത കഥകൾ അവതരിപ്പിക്കുന്നതിന് ഒരുക്കം നടത്തണം.
- കഥയ്ക്കനുയോജ്യമായ തന്ത്രം/രീതി തീരുമാനിക്കണം.
- ഏതു സങ്കേതം ഉപയോഗിച്ചാണോ കഥ അവതരിപ്പിക്കുന്നത്, അതി നാവശ്യമായ ഒരുക്കങ്ങൾ നടത്തണം.

ഉദാ: മണൽത്തടം

  - മണൽത്തടം ക്രമീകരിക്കണം.
  - മണൽത്തടത്തിലേക്കു വേണ്ട കഥാപാത്രങ്ങളെ ഉണ്ടാക്കണം.
  - ഓഡിയോ, വിഷ്വൽ ആവശ്യമെങ്കിൽ അവ തയാറാക്കണം.

- ഒരുക്കങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞാൽ കഥയിലേക്കു പ്രവേശിക്കു ന്നതിനുള്ള തുടക്കപ്രവർത്തനം കണ്ടെത്തണം. കഥയിലേക്കുള്ള പ്രവേശകപ്രവർത്തനം കുട്ടികൾക്ക് രസകരവും വിസ്മയമുണ്ടാക്കു ന്നതും കഥയിലൂടെ സഞ്ചരിക്കുന്നതുമാകണം.

## ഒരു കഥ വായിച്ചുനോക്കാം


### സുന്ദരിപ്പട്ടം

*ങേ................ങേ....................ങേ*

*ആരാ കരയുന്നത്? ദേവു മൂലയിലേക്കു നോക്കി.*
*ഓ.........നീയായിരുന്നോ?*

*ചുവന്ന ഉടുപ്പ്, കുഞ്ഞുവാലുകൾ-എന്റെ സുന്ദരിപ്പട്ടം!*

*എന്തിനാ കരയുന്നേ..........ദേവു സുന്ദരിപ്പട്ടത്തെ*
*മെല്ലെ എടുത്തു. അവൾ പട്ടത്തിൽ*
*നൂലുകെട്ടി.പുറത്തേക്കിറങ്ങി.*



*ഹായ്...നീലാകാശം!*
*സുന്ദരിപ്പട്ടം പറന്നു പറന്നുയർന്നു.*
*ഉയർന്നുയർന്നു പറന്നു.*
*സന്തോഷത്തോടെ താഴേക്കു നോക്കി.*
*തലയാട്ടി ചിരിച്ചു.*

*അപ്പോഴാണ് ചക്കിപ്പരുന്ത് സുന്ദരിപ്പട്ടത്തെ കണ്ടത്.*
*അവൾക്ക് ഒരു കുസൃതി തോന്നി.*
*അവൾ താഴ്ന്നു പറന്നുചെന്ന്*
*ചരടിൽ ഒറ്റക്കൊത്ത്!*
*സുന്ദരിപ്പട്ടം..കറങ്ങി, കറങ്ങിക്കറങ്ങി,*
*ചുറ്റി, ചുറ്റിച്ചുറ്റി തിരിഞ്ഞ്, തിരിഞ്ഞുതിരിഞ്ഞു തലകുത്തി*
*താഴേക്ക്.....താഴേക്ക്, താഴേക്ക്....*

*അപ്പോൾ ഒരു കാറ്റുവീശി.*
*കാറ്റടിച്ചു പട്ടം ദൂരേക്ക് ദൂരേക്ക്, ദൂരേക്ക് ദൂരേക്ക്.......*

*അയ്യോ എന്റെ പട്ടം!*
*ദേവു ഉറക്കെ കരഞ്ഞു,*

*ഉറക്കെ ഉറക്കെ കരഞ്ഞു.*

*നിലവിളികേട്ട് കുഞ്ഞിക്കിളി പറന്നുവന്നു.*

*ദേവു ആകാശത്തേക്കു നോക്കി കരയുകയാണ്.*
*ആകാശത്ത് നൂല് പൊട്ടിയ പട്ടം.*

*അവൾക്ക് സങ്കടം തോന്നി. കുഞ്ഞിക്കിളി പറന്നുചെന്നു*
*ചരടിൽ കൊത്തിപ്പിടിച്ചു. ദേവുവിന്റെ അരികിലേക്കു പറന്നു.*

**കഥ വായിച്ചല്ലോ?**

പ്രീസ്കൂൾ കുട്ടികൾക്കു വേണ്ടി ഈ കഥ എങ്ങനെയൊക്കെ അവതരിപ്പിക്കാം?

**ഒരു രീതി നമുക്കു പരിശോധിക്കാം.**

"ടീച്ചർ...ടീച്ചർ...കഥപറയാമോ?"

"ഓ അതിനെന്താ, കഥ പറയാലോ, ഏതു കഥയാ... വേണ്ടത്?"

"ടീച്ചറിന് ഇഷ്ടമുള്ള കഥ മതി."

"ശരി, കഥ കേൾക്കാൻ എല്ലാവരും തയാറായിക്കോളൂ."

അധ്യാപിക കാൻവാസിൽ ദേവുവിന്റെ കട്ടൗട്ട് ഒട്ടിക്കുന്നു.

"ഇത് ദേവു. അവൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു കരച്ചിൽ കേട്ടു.

ആരാണ് കരയുന്നത്?

അവൾ ചുറ്റും നോക്കി. ഓ,നീയായിരുന്നോ? ചുവന്ന ഉടുപ്പ്, കുഞ്ഞുവാലുകൾ-എന്റെ സുന്ദരിപ്പട്ടം ...എന്തിനാ കരയുന്നേ?.....ദേവു സുന്ദരിപ്പട്ടത്തെ മെല്ലെ എടുത്തു. അവൾ പട്ടത്തിൽ നൂലുകെട്ടി (ഒരു കുട്ടി പട്ടം മുതൽ ദേവുവിന്റെ കൈവരെ നൂല് ഒട്ടിക്കുന്നു). പട്ടം പുറത്തേക്കിറങ്ങി..ഹായ് നീലാകാശം...സുന്ദരിപ്പട്ടം പറന്നു. പറന്നുയർന്നു. ഉയർന്നുയർന്നു പറന്നു."

അധ്യാപിക ആംഗ്യത്തോടെ പറയുന്നു:

സുന്ദരിപ്പട്ടം സന്തോഷത്തോടെ താഴേക്ക് നോക്കി. ദേവുവിനെ നോക്കി തലയാട്ടി ചിരിച്ചു.

അപ്പോഴാണ് ചക്കിപ്പരുന്തിന്റെ വരവ്.

ടീച്ചർ ചക്കിപ്പരുന്തിന്റെ കട്ടൗട്ട് കാൻവാസിൽ ഒട്ടിക്കുന്നു.

"ഇതാരാ?" കുട്ടികൾ പരുന്ത് എന്നു പറയുന്നു.

"പരുന്ത് എന്താണ് ചെയ്യുന്നത്?"

കുട്ടികൾ പ്രതികരിക്കുന്നു.

*"ചക്കിപ്പരുന്ത് ഇതു കണ്ടു. അവൾക്ക് ഒരു കുസൃതി തോന്നി.*
*അവൾ താഴ്ന്നു പറന്നുചെന്നു.*
*ചരടിൽ ഒറ്റക്കൊത്ത്...ചരട് പൊട്ടി."*


"ഇനി എന്തു സംഭവിക്കും?" കുട്ടികൾക്ക് പറയാൻ അവസരം നൽകുന്നു.

*"സുന്ദരിപ്പട്ടം കറങ്ങി,കറങ്ങിക്കറങ്ങി,*
*ചുറ്റിച്ചുറ്റി തിരിഞ്ഞു. തലകുത്തി.*
*താഴേക്ക്, താഴേക്ക് താഴേക്ക്...*
*കാറ്റടിച്ചു. പട്ടം ദൂരേക്ക് ദൂരേക്ക് ദൂരേക്ക്....*

അയ്യോ......... എന്റെ പട്ടം...... ദേവു ഉറക്കെ കരഞ്ഞു. ഉറക്കെയുറക്കെ കരഞ്ഞു.

"പട്ടത്തിന് എന്തു സംഭവിച്ചിരിക്കും?" കുട്ടികൾക്ക് പറയാൻ അവസരം.

കുഞ്ഞിക്കിളിയുടെ കട്ടൗട്ട് കാൻവാസിൽ ഒട്ടിക്കുന്നു.



"നിലവിളികേട്ട് കുഞ്ഞിക്കിളി പറന്നുവന്നു.


ദേവു ആകാശത്തേക്ക് നോക്കി കരയുകയാണ്. ആകാശത്ത് നൂൽപൊട്ടിയ പട്ടം. അവൾക്ക് സങ്കടം തോന്നി. കുഞ്ഞിക്കിളി പറന്നുചെന്ന് പട്ടത്തിന്റെ ചരടിൽ കൊത്തി ദേവുവിന്റെ അരികിലേക്ക് പറന്നു."

**ബിഗ്കാൻവാസ് ഉപയോഗിച്ച് മറ്റ് ഏതൊക്കെ രീതിയിൽ കഥകൾ അവതരിപ്പിക്കാം?**

- കഥപറയുമ്പോൾ തന്നെ കഥാപാത്രങ്ങളെ പ്രദർശിപ്പിച്ചുകൊണ്ട് കഥ പറയൽ (3+, 4+).
- അധ്യാപികയുടെ കഥാവതരണവേളയിൽ കുട്ടികൾ ഓരോ കഥാപാത്രത്തെയും ബിഗ്കാൻവാസിൽ പ്രദർശിപ്പിച്ചുകൊണ്ട് (3+, 4+).
- തയാറാക്കിയ കഥാപാത്രങ്ങളെ/കട്ടൗട്ടുകളെ ബിഗ് കാൻവാസിൽ പ്രദർശിപ്പിച്ച് കഥ നിർമിക്കൽ(4+).
- കഥയിലെ സന്ദർഭം മാത്രം പ്രദർശിപ്പിച്ച് കഥപൂർത്തിയാക്കൽ(4+).
- കഥയ്ക്കുശേഷം കഥാപാത്രങ്ങളെ കണ്ടെത്തി ബിഗ്കാൻവാസിൽ പ്രദർശിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകൽ (3+).

## ബിഗ്കാൻവാസും കട്ടൗട്ടും

പ്രീസ്കൂളിൽ ഏറെ ഫലപ്രദമായി ഉപയോഗിക്കാവുന്ന ഒരു സംവിധാനമാണ് ഇത്. പല പഠനപ്രവർത്തനങ്ങൾക്കിടയിലും ബിഗ്കാൻവാസ് ഉപയോഗപ്പെടുത്താം. കുട്ടിക്ക് ദൃശ്യപരമായ പൂർണത ലഭിക്കുന്നതിന് ഇത് സഹായകമാകും. ടീച്ചർക്ക് ചിത്രങ്ങൾ, കട്ടൗട്ടുകൾ തുടങ്ങിയവ പ്രദർശിപ്പിക്കാൻ ഉപയോഗിക്കുന്നതിനു പുറമെ കുട്ടികൾ തയാറാക്കുന്ന ഉൽപ്പന്നങ്ങളും ഇതിൽ പൊതുവായി പ്രദർശിപ്പിക്കാം.



**തയാറാക്കുന്ന വിധം**

വലിയ തെർമോകോൾഷീറ്റ് ഫ്ളാനൽ തുണികൊണ്ട് കവർ ചെയ്ത് /ഹീറ്റ് ലോൺ പഫ് ക്ലോത്തിൽ പൊതിഞ്ഞ് ഇത് തയാറാക്കാം. ഒരു ഫ്രെയിമിൽ ഇത് ഉറപ്പിച്ച് ക്ലാസിൽ തൂക്കിയിടാം. ചുമരിൽത്തന്നെ നേരിട്ട് ആണിയടിച്ച് ഉറപ്പിക്കുകയുമാവാം.

ചിത്രങ്ങളും കട്ടൗട്ടുകളും ബോർഡിൽ കുത്തിനിർത്താൻ പ്രത്യേക പിൻ ഉപയോഗിക്കാം. (മൂർച്ചയുള്ള വസ്തുവായതിനാൽ ശ്രദ്ധിച്ച് ഉപയോഗിക്കണം).

ചിത്രങ്ങൾ വരച്ചതോ വെട്ടിയെടുത്തതോ കാർഡിൽ ഒട്ടിച്ച് ചിത്രത്തിന്റെ ആകൃതിയിൽ മുറിച്ചെടുത്താൽ കട്ടൗട്ടായി. ഒറിഗാമി രൂപങ്ങളും ഉപയോഗിക്കാം.

കഥാപാത്രങ്ങളെ അവയുടെ യഥാർഥ സ്ഥാനത്ത് ഒട്ടിച്ചുചേർക്കുന്നു.(4+)

പട്ടം ആകാശത്തിൽ, കുട്ടി താഴെ. പരുന്ത് നൂലിനരികിൽ, കിളി മരക്കൊമ്പിൽ, നീലാകാശം കാൻവാസിന്റെ മുകളിൽ.

## കഥാവതരണത്തിന് വിവിധ രീതികൾ ഉപയോഗിക്കാം




### ■ മണൽത്തടം

പ്രീസ്കൂളിലെ മറ്റൊരു ഫലപ്രദമായ പഠനോപകരണമാണ് മണൽത്തടം. എല്ലാ തീമിലും മണൽത്തടം പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ഒരുക്കാൻ സാധിക്കും.

**മണൽത്തടം ഉപയോഗിച്ചുള്ള കഥാവതരണസാധ്യതകൾ എന്തൊക്കെയാണെന്നു നോക്കാം.**

കഥാപാത്രങ്ങളെ മുൻകൂട്ടി തയാറാക്കണം. ചിത്രകട്ടൗട്ടുകൾ (കുത്തിനിർത്താൻ കഴിയുന്നത്) കഥയ്ക്കാവശ്യമായ കഥാപാത്രങ്ങളാക്കി മാറ്റണം. കഥയ്ക്കനുയോജ്യമായ രീതിയിൽ മണൽത്തടവും ക്രമീകരിക്കണം. എങ്ങനെയൊക്കെ കഥ അവതരിപ്പിക്കാം?

- കഥാവതരണവേളയിൽത്തന്നെ മണൽത്തടത്തിൽ കഥാപാത്രങ്ങളെ അതതു സ്ഥാനങ്ങളിൽ ക്രമീകരിച്ചുവച്ചുകൊണ്ട്.
- അധ്യാപിക കഥപറയുമ്പോൾ കഥാപാത്രങ്ങളെ കുട്ടികൾ കണ്ടെത്തി മണൽത്തടത്തിൽ ക്രമീകരിക്കണം. 3+, 4+ കുട്ടികൾ യഥാസ്ഥാനത്തു ക്രമീകരിക്കുന്നു.
- കഥാപാത്രങ്ങളെ മുൻകൂട്ടി മണൽത്തടത്തിൽ ക്രമീകരിക്കുന്നു. കുട്ടികളും അധ്യാപികയും ചേർന്ന് കഥ നിർമിക്കുന്നു. (3+, 4+)
- മണൽത്തടത്തിൽ ക്രമീകരിച്ചുകൊണ്ട് സ്വന്തമായി കഥ നിർമിക്കുന്നു. (4+)
- മണൽത്തടത്തിൽ ക്രമീകരിച്ച കഥാസന്ദർഭത്തെ അടിസ്ഥാനമാക്കി കഥ നിർമിക്കുന്നു. (4+)

  ഉദാ: കുളക്കരയിൽ മരം, മരത്തിന്റെ മുകളിൽ കൊക്ക്, കുളത്തിൽ മീൻ

മണൽത്തടത്തിൽ ഒരുക്കിയ കഥാസന്ദർഭത്തെ അടിസ്ഥാനമാക്കി കൊച്ചു കൊച്ചു ചോദ്യങ്ങൾ അധ്യാപിക ചോദിക്കുന്നു. കുട്ടികളുടെ പ്രതികരണങ്ങളിലൂടെ കഥ വികസിപ്പിക്കുന്നു. (4+)


**മണൽത്തടം നിർമിക്കാം**

ഒരു ചതുരപ്പെട്ടി (ഷർട്ടിന്റെ കവർ/ മരംകൊണ്ട് ഉണ്ടാക്കിയ ട്രേ) ഒരുക്കുക. ഇതിൽ കഴുകി വൃത്തിയാക്കിയ മണൽ നിറച്ചാൽ മണൽത്തടമായി.



(ഉദാ - പശുക്കിടാവിന്റെ ചെവിയോടു ചേർന്ന് തലയിൽ ഇരിക്കുന്ന കുഞ്ഞിക്കിളി. തൊട്ടരികിൽ അമ്മപ്പശു വൈക്കോൽ തിന്നുന്നു.)

അധ്യാപിക കുട്ടികളുമായി സംസാരിക്കുന്നു.



- അമ്മപ്പശു എന്തു ചെയ്യുന്നു? (3+)
- പശുക്കിടാവിന്റെ പുറത്തിരിക്കുന്ന താരാണ്? (3+)
- എന്തിനായിരിക്കും കുഞ്ഞിക്കിളി പുറത്തിരിക്കുന്നത്? (3+)
- പശുക്കിടാവിന്റെ ചെവിയിൽ കുഞ്ഞിക്കിളി പറഞ്ഞത് എന്തായിരിക്കും? (4+)

കുട്ടികളുടെ സഹകരണത്തോടെ കഥ വികസിപ്പിക്കുന്നു. (3+, (4+))

## ■ ചിത്രങ്ങൾ ഉപയോഗിച്ച് കഥപറയാം

ചിത്രങ്ങളുടെ സഹായത്തോടെ കഥാവതരണം എങ്ങനെ സാധ്യമാക്കാം?

- കഥാചിത്രങ്ങളിൽനിന്നു കഥ രൂപീകരിക്കൽ.
- ചിത്രങ്ങളോടുകൂടിയ കൊച്ചുപുസ്തകത്തിന്റെ സഹായത്തോടെ.
- കഥയുടെ തുടക്കം മാത്രമുള്ള ചിത്രം.
- കഥയുടെ ഒടുക്കം മാത്രമുള്ള ചിത്രം.
- കഥയ്ക്കിടയിലെ ഒരു സന്ദർഭമുള്ള ചിത്രം.
- കഥയ്ക്ക് സാധ്യതയുള്ള ചിത്രം.

ഉദാ: സുന്ദരിപ്പട്ടം എന്ന കഥയിലെ കഥാസന്ദർഭങ്ങൾ ചിത്രീകരിച്ചത് പ്രദർശിപ്പിച്ച് കഥപറയാനും പറഞ്ഞുകൊടുക്കാനും അവസരമൊരുക്കാം.

## ■ മുഖംമൂടി ഉപയോഗിച്ച് കഥപറയാം

ജീവികളുടെയും മറ്റു കഥാപാത്രങ്ങളുടെയും (രാജാവ്, രാജ്ഞി..) മുഖംമൂടി തയാറാക്കാം. മുഖത്തിന്റെ ചിത്രം വരച്ച് ചാർട്ട്പേപ്പറിൽ ഒട്ടിക്കുക. വെട്ടിയെടുത്താൽ മുഖംമൂടി തയാറായി. ചായം നൽകി മനോഹരമാക്കാം. മുഖംമൂടി കൂടുതൽ നാൾ കേടാകാതെ സൂക്ഷിക്കാൻ പിറകുവശത്ത് കോട്ടൺതുണി ഫെവിക്കോൾ ഉപയോഗിച്ച് ഒട്ടിച്ചാൽ മതി.

കഥയിൽ വരുന്ന കഥാപാത്രങ്ങളുടെ മുഖംമൂടി കുട്ടികൾക്ക് വച്ചുകൊടുക്കുന്നു. കഥയിൽ പറയുന്ന കാര്യങ്ങൾ അവർ പറയുകയും അഭിനയിച്ചു കാണിക്കുകയും ചെയ്യുന്നു.

- ടീച്ചർ മുഖംമൂടി വച്ച് കഥ അഭിനയിച്ചു പറയുന്നു.

## ■ ഐ.സി.ടി. ഉപയോഗിച്ച് കഥപറയാം

ഐ.സി.ടി. സാധ്യത കഥപറയുന്നതിന് എങ്ങനെ ഉപയോഗപ്പെടുത്താം?

- കഥകൾ ദൃശ്യാവിഷ്കരണം നടത്തിയത് കാണിച്ചുകൊടുക്കാം.
- കഥയുടെ പശ്ചാത്തലം, ശബ്ദങ്ങൾ എന്നിവ കേൾപ്പിക്കാം.
- ശബ്ദം ഇല്ലാതെ കഥാപാത്രങ്ങളുടെ ദൃശ്യം കാണിക്കുന്നു. എന്താണ് അവർ പറയുന്നതെന്ന് കുട്ടി പറയുന്നു.
- യഥാർഥ ശബ്ദം കേൾപ്പിക്കുന്നു.

ഇതുപോലെ ഓഡിയോ സംവിധാനവും ഉപയോഗിക്കാം.

- താളാത്മകമായ ആഖ്യാനരീതി കേൾപ്പിക്കുന്നതിന്.
- ശബ്ദങ്ങൾ കേൾപ്പിക്കുന്നതിന്.

ഇങ്ങനെ എന്തെല്ലാം സാധ്യതകൾ...

**കഥാവതരണത്തിന്റെ കൂടുതൽ രീതികളും സാധ്യതകളും കണ്ടെത്തൂ!**

- പങ്കാളിത്തരീതിയിൽ കഥപറയാമല്ലോ.
- കഥ പ്രത്യേക സന്ദർഭങ്ങളിൽ അവസാനിപ്പിച്ച് ബാക്കി കുട്ടികൾ പറയുക.
- കഥയിലെ സംഭാഷണം മാത്രം കുട്ടികൾ പറയുക.
- ചെറിയ ഭാഗം അഭിനയിക്കുക.
- കഥാപാത്രങ്ങളെ ബിഗ്കാൻവാസിൽ ക്രമീകരിക്കുക.

ഇതൊക്കെ കുട്ടികളെ പങ്കെടുപ്പിച്ച് കഥപറയുന്ന രീതികളാണ്.

അനുയോജ്യമായ രീതിയിൽ 3+, 4+ കുട്ടികൾക്ക് കഥ അവതരിപ്പിക്കാൻ ഇനി സാധിക്കുമല്ലോ.

**കഥാവതരണത്തിൽ മറ്റെന്തൊക്കെയാണ് ശ്രദ്ധിക്കേണ്ടത്?**




**കഥ പറഞ്ഞുകഴിഞ്ഞല്ലോ. ഇനി എന്തു ചെയ്യും? എന്തൊക്കെ ചെയ്യാൻ കഴിയും?**

- *കൊച്ചുകൊച്ചു ചോദ്യങ്ങളിലൂടെ കഥയെ ഒന്നുകൂടി അറിയാൻ (ആശയഗ്രഹണം).*
- *കഥാസന്ദർഭങ്ങൾ അഭിനയിച്ചു കാണിക്കാം.*

  *ഉദാ: ചക്കിപ്പരുന്തിന്റെ പറക്കൽ, ചരടുപൊട്ടിയ പട്ടത്തിന്റെ കറക്കം, ദേവുവിന്റെ സങ്കടം.*
- *കഥാപാത്രങ്ങളെ ചിത്രീകരിക്കൽ.*
- *ഇഷ്ടപ്പെട്ട കഥാപാത്രം, എന്തുകൊണ്ട് ഇഷ്ടപ്പെട്ടു എന്ന് പറയൽ.*
- *കഥയിലെ കഥാപാത്രത്തെ ഇഷ്ടപ്പെടാതിരിക്കാൻ കാരണം?*
- *കഥയിലെ ചില സന്ദർഭങ്ങളെ 'സംഭാഷണരൂപത്തിൽ' അവതരിപ്പിക്കൽ.*
- *കഥയ്ക്ക് ശേഷം നടക്കുന്നത് പ്രവചിക്കൽ.*
- *കേട്ട കഥ പറയൽ.*
- *കഥ 'റോൾപ്ലേ' ആയി അവതരിപ്പിക്കൽ.*
- *പാവകൾ, മുഖംമൂടികൾ ഉപയോഗിച്ച് അവതരിപ്പിക്കൽ.*
- *കഥാസന്ദർഭങ്ങളുടെ ചിത്രങ്ങൾ ക്രമീകരിക്കൽ.*
- 

കഥയുമായി ബന്ധപ്പെട്ട് നിരവധി തുടർപ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയല്ലോ. 3+, 4+ നിലവാരത്തിന് യോജിച്ച രീതിയിൽ ഇത് സൂക്ഷ്മമായി ആസൂത്രണം ചെയ്യുക എന്നതാണ് പ്രധാനം.

**പ്രീസ്കൂൾ കുട്ടികൾക്കുവേണ്ടിയുള്ള കഥകൾക്ക് ഏറെ പ്രത്യേകതകളുണ്ട്. എന്തൊക്കെയായിരിക്കണം ആ സവിശേഷതകൾ?**




മനോചിത്രം രൂപീകരിക്കുന്നതിന് ഒരു ഉദാഹരണം നോക്കാം. 'സുന്ദരിപ്പട്ടം' എന്ന കഥയിലെ പട്ടത്തെ അവതരിപ്പിച്ചിരിക്കുന്നത് നോക്കൂ.

*'ചുവന്ന ഉടുപ്പ്,*
*കുഞ്ഞുവാലുകൾ*
*എന്റെ സുന്ദരിപ്പട്ടം'.*

## കഥകൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

- ശിശുപ്രകൃതത്തിനു യോജിച്ചതാവണം.
- രസകരവും ആനന്ദപ്രദവുമായവ.
- താളത്തോടെ പറയാൻ കഴിയുന്നത്.
- ലളിതമായ പദങ്ങളോടുകൂടിയവ.
- ലഘുവാക്യങ്ങളിൽ തയാറാക്കിയവ.
- ഉറക്കെ പറയാൻ കഴിയുന്നത്.
- വായിച്ചുകൊടുക്കാൻ കഴിയുന്നത്.
- ശബ്ദാനുകരണത്തിന് സാധിക്കുന്നത്.
- ഒരേപദങ്ങൾ, വാക്യങ്ങൾ, ശബ്ദങ്ങൾ എന്നിവ ആവർത്തിച്ചു വരുന്നവ..
- അഭിനയസാധ്യതയുള്ളത്.
- ക്രിയാത്മകചിന്തയെ സഹായിക്കുന്നത്.
- വിവിധ രീതികളിലൂടെ അവതരിപ്പിക്കാൻ കഴിയുന്നത് (മണൽത്തടം, മുഖംമൂടി, പാവ.....).
- ദൃശ്യ-ശ്രാവ്യ ഉപകരണങ്ങളുടെ സഹായത്തോടെ പറയാൻ കഴിയുന്നത്.

*കഥ പറയുന്നതിലൂടെയും കേൾക്കുന്നതിലൂടെയും കുട്ടിയിലെ പദസമ്പത്ത് വർധിക്കുന്നു. വാക്യമാതൃകകൾ സ്വായത്തമാക്കാൻ കഴിയുന്നു. ലഭിച്ച വിവരങ്ങൾ ക്രമീകരിച്ച് പറയാൻ സാധിക്കുന്നു. വിവരണം, സംഭാഷണം, വിശേഷണങ്ങൾ ചേർത്തു പറയൽ തുടങ്ങിയ ഉയർന്നശേഷികളിലെ വ്യവഹാരരൂപത്തിലേക്ക് വളരുന്നതിന് കഥവഴി കഴിയുന്നു. 3+, 4+ കുട്ടികൾക്ക് നൽകുന്ന കഥയിലും രീതിയിലും മാറ്റവും വൈവിധ്യവും ആവശ്യമാണ്.*

ഭാഷാശേഷി വികാസത്തിന് കഥകൾ ഏറെ സഹായകമാണ്. സവിശേഷമായ ഭാഷാപ്രയോഗങ്ങൾ കഥാഖ്യാനത്തിൽ ഉൾപ്പെടുത്താൻ ബോധപൂർവമായ ശ്രമം ടീച്ചറുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. സവിശേഷപദങ്ങൾ, വിശേഷണങ്ങൾ, ശൈലികൾ, പ്രയോഗങ്ങൾ എന്നിവയെല്ലാം ഇങ്ങനെ ഭാഷാശേഷി വികാസത്തിനുള്ള അവസരങ്ങളാണ്.

റങ്ങി.

ആമയും മുയലും പന്തയം വച്ച കഥയിൽ ആമ ഇഴഞ്ഞിഴഞ്ഞു നീങ്ങി. മുയൽ ചാടിച്ചാടിപ്പോയി. വലിയൊരു മരത്തിന്റെ കീഴിൽ സുഖമായി കിടന്നുറങ്ങി. ആമ മറ്റൊന്നും ചിന്തിക്കാതെ വേഗം വേഗം ഇഴഞ്ഞു. മുയൽ ഞെട്ടിയുണർന്നു. ഓടടാ... ഓട്ടം.

ഇത്തരത്തിൽ ഭാഷാശേഷി വികാസസാധ്യതകൾ കൂട്ടിച്ചേർക്കാൻ ശ്രദ്ധിക്കേണ്ടതല്ലേ?

## വിലയിരുത്തൽ

ഓരോ കഥാവതരണത്തിനുശേഷവും കുട്ടികളുടെ ഭാഷാപരമായ വികാസം വിലയിരുത്തുന്നതു നല്ലതാണ്. എങ്ങനെയൊക്കെയാകാം?

- പറഞ്ഞുകേട്ട കഥാപാത്രങ്ങളുടെ പേരുകൾ ഓർത്തു പറയുന്നുണ്ടോ? ☑
- ചുരുങ്ങിയ വാക്യങ്ങളിൽ കഥ പറയുന്നുണ്ടോ? (3+) ☐
- ആദ്യവസാനം കഥ അവതരിപ്പിക്കുന്നുണ്ടോ? (4+) ☐
- കുട്ടികൾ സ്വന്തമായി കഥ പറയുന്നുണ്ടോ? ☐
- കഥകളിലൂടെ ലഭിച്ച പദങ്ങൾ, വാക്യമാതൃകകൾ എന്നിവ സ്വന്തം കഥാവതരണവേളകളിൽ പ്രയോഗിക്കുന്നുണ്ടോ? ☐
- സന്ദർഭങ്ങളിൽ നിന്നു കഥ നിർമിച്ചു പറയാൻ സാധിക്കുന്നുണ്ടോ? ☐
- കഥയിലൂടെ ലഭിച്ച മനോചിത്രങ്ങളെ മറ്റേതെങ്കിലും രീതിയിൽ പ്രകടിപ്പിക്കാൻ കഴിയുന്നുണ്ടോ? (ചിത്രം, റോൾപ്ലേ...) (4+) ☐

**റോൾപ്ലേ**

### മരം വീഴുന്നേ...

എല്ലാ കുട്ടികൾക്കും ഇഷ്ടമുള്ള ഒരു സങ്കേതമാണ് റോൾപ്ലേ. മുതിർന്നവരെ അനുകരിച്ചുകൊണ്ട് അഭിനയിക്കുക, കുട്ടികൾക്കിഷ്ടപ്പെട്ട സന്ദർഭങ്ങൾ അഭിനയിക്കുക തുടങ്ങിയവ കുട്ടികൾ സ്വാഭാവികമായി ചെയ്യുന്ന കളികളാണ്. ഈ കുട്ടികളെ സാമൂഹികവും വൈകാരികവുമായ വികാസത്തിനും മറ്റു ബുദ്ധിവികാസങ്ങൾക്കും അനുയോജ്യരാക്കേണ്ടത് ഒരു പ്രീസ്കൂൾ അധ്യാപികയുടെ ഉത്തരവാദിത്തമാണ്.


റോൾപ്ലേ നടത്തുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. കഥ എന്ത്? അത് എങ്ങനെ വികസിപ്പിക്കണം? എന്ന് കൃത്യമായി ആസൂത്രണം ചെയ്തിരിക്കണം. അതിനുശേഷം കഥയിലെ സന്ദർഭങ്ങൾ സ്പഷ്ടമായി കുട്ടികളോട് വിശദീകരിക്കണം. എത്ര കഥാപാത്രങ്ങൾ? അവർ എന്തൊക്കെ ചെയ്യണം? ഏതു സമയത്താണ് തങ്ങളുടെ റോൾ അഭിനയിച്ചു കാണിക്കേണ്ടത്? ഇക്കാര്യങ്ങളിൽ ആസൂത്രണം നടക്കണം. ഓരോ സന്ദർഭത്തിലും ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെ എന്ന് ഓരോരുത്തരേയും പറഞ്ഞ് ബോധ്യപ്പെടുത്തണം. അഭിനയിക്കുന്നവർ, ദൃശ്യങ്ങൾ ഒരുക്കുന്നവർ, ദൃശ്യങ്ങളാകുന്നവർ (മരം, വാഹനം), ഓരോരുത്തരും എവിടെ നൽക്കണം? എങ്ങനെ ചലിക്കണം? ഇതെല്ലാം ആസൂത്രണത്തിന്റെ ഭാഗമാകണം.

റോൾപ്ലേ തുടങ്ങിക്കഴിഞ്ഞാൽ ഓരോരുത്തരും അവരവരുടെ റോൾ കൃത്യമായി ചെയ്യുന്നുണ്ടോ എന്ന് ടീച്ചർ നിരീക്ഷിക്കണം. ചില അവസരങ്ങളിൽ തത്സമയ പിന്തുണ കുട്ടികൾക്ക് ആവശ്യമായി വന്നേക്കാം. റോൾപ്ലേ ചെയ്തു കഴിഞ്ഞാൽ അഭിനന്ദിക്കണം. എന്തൊക്കെ കാര്യങ്ങളാണ് തുടർന്ന് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്ന് വിശദമാക്കണം. ചില റോളുകൾ ടീച്ചർ തന്നെ അഭിനയിക്കേണ്ട സന്ദർഭങ്ങളും ഉണ്ടായിരിക്കും. റോൾപ്ലേ കണ്ട കുട്ടികൾക്കും അഭിപ്രായം പറയാൻ അവസരം നൽകണം. ചെറിയ ചോദ്യങ്ങളിലൂടെ ഇത് സാധ്യമാക്കാം.

ഉദാഹരണം നോക്കൂ.

*മുത്തശ്ശനും മുത്തശ്ശിയും കടയിൽ പോയി സാധനങ്ങൾ വാങ്ങി ഒരു സഞ്ചിയിൽ നിറച്ചു. ഇരുവരും മെല്ലെ മെല്ലെ നടന്നു. നടന്നു ക്ഷീണിച്ചു. ഹാവൂ... ഇനിയും നടക്കാൻ വയ്യ... (മുത്തശ്ശി പറഞ്ഞു). നമുക്ക് ഈ മരച്ചുവട്ടിൽ ഇരിക്കാം (മുത്തശ്ശൻ പറഞ്ഞു). രണ്ടുപേരും ഒരു മരച്ചുവട്ടിൽ ഇരുന്നു. ഠേ... ഠേ.... ശബ്ദം കേട്ട് മുത്തശ്ശൻ മുകളിലേക്ക് നോക്കിയതേയുള്ളൂ. മരക്കൊമ്പ് പൊട്ടി മുത്തശ്ശന്റെ തലയിൽ വീണു. അയ്യോ... അത് കണ്ട് മുത്തശ്ശി നിലവിളിച്ചു.*

ഇനി ഇതിൽനിന്ന് എങ്ങനെ റോൾപ്ലേ ഉണ്ടാക്കും? കഥയിൽനിന്ന് കൊച്ചുകൊച്ചു ചോദ്യങ്ങൾ ചോദിക്കുന്നു. ചോദ്യങ്ങൾക്ക് പ്രതികരണമായി കുട്ടികൾ അതിലെ കഥാപാത്രങ്ങളുടെ റോൾ അവതരിപ്പിക്കട്ടെ.



- കഥയിൽ ആരൊക്കെ?
- മുത്തശ്ശൻ എങ്ങനെയാ നടക്കാ......?
- മുത്തശ്ശി എങ്ങനെയാ നടക്കാ....?
- മുത്തശ്ശനും മുത്തശ്ശിയും എന്താണ് പറഞ്ഞത്?
  - സഞ്ചിക്കെട്ടുമായി നടക്കുന്നത് അഭിനയിക്കുന്നു. (3+, 4+)
  - കുട്ടികൾ മുത്തശ്ശനും മുത്തശ്ശിയും പറഞ്ഞത് അഭിനയിച്ചു കാണിക്കുന്നു.
- തലയിൽ മരക്കൊമ്പ് വീണപ്പോൾ നടന്ന കാര്യങ്ങൾ എന്തൊക്കെ?
- മരക്കൊമ്പ് തലയിൽ വീണ മുത്തശ്ശന് എന്തു സംഭവിച്ചിരിക്കും?
  കുട്ടികൾ പ്രതികരിക്കുന്നു.
- കുട്ടികൾ അഭിനയിച്ചു കാണിക്കുന്നു.

ആവശ്യമായ സഹായം അധ്യാപികയുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.

മറ്റൊരു രീതിയിൽ ഈ കഥയുടെ അടുത്ത ഭാഗം റോൾപ്ലേയായി അവതരിപ്പിക്കുന്നത് എങ്ങനെയാണെന്ന് നോക്കാം.

- കുട്ടികളുടെ നിലവാരത്തിന് യോജിച്ച ആക്ഷൻചിത്രം പ്രദർശിപ്പിക്കുന്നു. കുട്ടികളുമായി ചർച്ചചെയ്യുന്നു. ആവശ്യമായ സാമഗ്രികൾ ഒരുക്കുന്നു.
- മുത്തശ്ശൻ, മുത്തശ്ശി, ഡോക്ടർ, നഴ്സ്. മുത്തശ്ശൻ ആശുപത്രിക്കിടക്കയിൽ കിടക്കുന്നു. ഡോക്ടർ പരിശോധിക്കുന്നു. മുത്തശ്ശി അരികിൽ ഇരിക്കുന്നു. നഴ്സിന്റെ കൈയിൽ സിറിഞ്ച്.

**സാമഗ്രികൾ**

- സ്റ്റെതസ്കോപ്പ്
- സിറിഞ്ച്
- മുണ്ടുകൾ
- വടി

ചെറുഗ്രൂപ്പിൽ കുട്ടികൾ ഇതു സ്വതന്ത്രമായി അഭിനയിക്കുന്നു. അവർതന്നെ സംഭാഷണങ്ങൾ പറയുമോ?....ആവശ്യമായ സഹായം അധ്യാപികയുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.

- ഒരു കഥയുടെ ദൃശ്യം കാണിക്കുന്നു. മൃഗകഥയായാൽ നല്ലത് (ഉദാ :കുറുക്കൻ രാജാവായ കഥ).

  ദൃശ്യം കണ്ടതിനുശേഷം - കുട്ടികളുമായി സംസാരിച്ച് അവർ നേരത്തേ നിർമാണപ്രവർത്തനത്തിന്റെ ഭാഗമായി തയാറാക്കിയ മുഖംമൂടികൾ ധരിച്ച് റോൾപ്ലേയിലേക്ക് നയിക്കുന്നു.

റോൾപ്ലേയുടെ ചില സന്ദർഭങ്ങൾ നോക്കൂ.

- കളിവീടുകളി
- അടുക്കള

- കളിസ്ഥലം
- സിനിമ, നാടകം എന്നിവയിലെ കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങൾ.

ഇത്തരത്തിൽ വിവിധ സാധ്യതകൾ റോൾപ്ലേയുടെ അവതരണത്തിന് ഉപയോഗിക്കാവുന്നതാണ്. കുട്ടികൾക്ക് ആവശ്യമായ അനുഭവങ്ങൾ ക്രമമായി നൽകിയാൽ റോൾപ്ലേ അവതരിപ്പിക്കുന്നതിൽ മികവു നേടുന്നത് ദൃശ്യമാകും. ചിട്ടയായ ആസൂത്രണം ഓരോ തീമിനകത്തും നടത്താൻ അധ്യാപികയ്ക്ക് കഴിയണം.

ഇത്തരത്തിൽ മറ്റു സാധ്യതകൾ കണ്ടെത്തി അവതരിപ്പിക്കാൻ ശ്രമിക്കൂ.

**എന്തിനാണ് പ്രീസ്കൂളിൽ റോൾപ്ലേ അവതരിപ്പിക്കുന്നത്?**

**റോൾപ്ലേയിലൂടെ എന്തൊക്കെ കഴിവുകളാണ് കുട്ടികൾ നേടുന്നത്?**

- കുട്ടികളിൽ സഹകരണബോധവും സംഘബോധവും വളരാൻ.
- നേതൃത്വഗുണം സൃഷ്ടിക്കാൻ.
- സ്നേഹം, പരസ്പരവിശ്വാസം, സഹിഷ്ണുത എന്നിവ വളരാൻ.
- സർഗാത്മകത ഉണർത്താൻ
- ക്രിയാത്മകചിന്ത വികസിക്കാൻ
- ഭാഷാപരമായ വികാസം സാധ്യമാക്കാൻ.
- സാമൂഹികവും വൈകാരികവുമായ വികാസം ഉറപ്പാക്കാൻ.
- സ്വയം തിരിച്ചറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും അവസരം സൃഷ്ടിക്കാൻ.
- ആത്മവിശ്വാസം വർധിക്കാൻ.
- മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്താൻ.



## പാട്ട്

### ഒന്നും തുള്ളി പാറ്റ രണ്ടും തുള്ളി പാറ്റ

ടീച്ചർ മണൽത്തടത്തിൽ ഒരു തുണിക്കട ഒരുക്കിയിട്ടുണ്ട്. അതിനെ അടിസ്ഥാനമാക്കി ഒരു ആഖ്യാനം അവതരിപ്പിക്കുകയാണ്.

- ഇതാ ഒരു തുണിക്കട. ആരൊക്കെയാണ് തുണിക്കടയുടെ മുന്നിൽ എത്തിയിരിക്കുന്നത്? (കാക്ക, തത്ത, കൊക്ക്, അമ്മു)
- എന്തിനാണ് തുണിക്കടയിൽ നാം പോകുന്നത്? കുട്ടികൾ പ്രതികരിക്കുന്നു.
- തുണിക്കടയിൽ ഏതെല്ലാം നിറത്തിലുള്ള കുപ്പായങ്ങളാണ് തൂക്കിയിരിക്കുന്നത്?

  (കറുപ്പ്, പച്ച, വെള്ള, പുള്ളികളുള്ള കുപ്പായങ്ങൾ - കടലാസിൽ നിർമിച്ചവ പ്രദർശിപ്പിക്കണം).
- എല്ലാവരും ഒരേപോലെയുള്ള ഉടുപ്പായിരിക്കുമോ വാങ്ങുക?
- ഓരോരുത്തരും തിരഞ്ഞെടുത്ത കുപ്പായം ഏതായിരിക്കും?







അധ്യാപിക പാട്ട് അവതരിപ്പിക്കുന്നു.

*കാക്കയ്ക്കുണ്ടൊരു കുപ്പായം*
*കറുത്ത കുപ്പായം*
*തത്തയ്ക്കുണ്ടൊരു കുപ്പായം*
.............................................................
*കൊക്കിനുമുണ്ടൊരു കുപ്പായം*
.............................................................

പാട്ടിലെ വരികൾ പാടി നിർത്തുമ്പോൾ കുട്ടികൾക്ക് പച്ചക്കുപ്പായം, വെള്ള ക്കുപ്പായം എന്നിങ്ങനെ കൂട്ടിച്ചേർക്കാൻ കഴിയില്ലേ?

*അമ്മുവിനുണ്ടൊരു കുപ്പായം*
*പുള്ളിക്കുപ്പായം*

ടീച്ചർ എല്ലാ വരികളും ചേർത്ത് പാടുകയും കുട്ടികൾ സംഘമായി പാടു കയും ചെയ്യുന്നു. പാട്ട് അവതരിപ്പിച്ചശേഷം കുട്ടികളുമായുള്ള ചർച്ചയി ലൂടെ ആശയരൂപീകരണം നടക്കണം. അതിനാവശ്യമായ ചോദ്യങ്ങൾ ചോദിക്കണം. കുട്ടികളുടെ ചിന്തയെ ഉദ്ദീപിപ്പിക്കുന്നതും വിശകലനാത്മ കവുമായ ചോദ്യങ്ങൾ ഏതൊക്കെ എന്ന് മുൻകൂട്ടി കണ്ട് അവ ആസൂത്ര ണത്തിൽ ഉൾപ്പെടുത്താൻ അധ്യാപിക തയാറെടുക്കേണ്ടതുണ്ട്. സാന്ദർഭി കമായ ചോദ്യങ്ങളും ഉപയോഗപ്പെടുത്താം. രൂപപ്പെടേണ്ട ആശയങ്ങൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവ മനസ്സിൽ കണ്ടുകൊണ്ടാവണം ചോദ്യ ങ്ങൾ തയാറാക്കേണ്ടത്.

ഇവിടെ കുപ്പായം (വസ്ത്രം) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പക്ഷിക ളുടെ തൂവലുകളാണ് എന്ന ആശയം ഗ്രഹിക്കുമ്പോഴാണ് കവിത ആസ്വാദ്യ മാവുന്നത്. അതിനായി എന്തൊക്കെ ചോദ്യങ്ങൾ ചോദിക്കാം?

- ഈ പാട്ടിൽ ആരെയൊക്കെപ്പറ്റിയാണ് പറയുന്നത്?
- ഓരോരുത്തരുടെയും കുപ്പായങ്ങളുടെ നിറം ഏതൊക്കെയാണ്?
- എന്തിനാണ് നാം കുപ്പായം ഇടുന്നത്?
- നമുക്ക് ദിവസവും കുപ്പായം മാറിമാറി ഇടാം. പക്ഷികൾക്കോ?
- പക്ഷികളുടെ കുപ്പായം എന്ന് പറയുന്നതെന്താവും?
- കുപ്പായം (തൂവലുകൾ) കൊണ്ട് പക്ഷികൾക്കെന്താണ് ഗുണം?

ഇതുപോലുള്ള ചോദ്യങ്ങൾ ആവാം. കുട്ടികളുടെ നിലവാരമനുസരിച്ച് ചോദ്യങ്ങളെ ഇനിയും ലഘൂകരിക്കുകയും ചെയ്യാം. ഇങ്ങനെ അവതരിപ്പി ക്കുന്നതിലൂടെ എന്തൊക്കെ പഠനാനുഭവങ്ങളും ശേഷികളുമാണ് കുട്ടിക്ക് ലഭിക്കുക?

- താളാത്മകമായി വരികൾ ചൊല്ലുന്നതിന്.
- പാട്ടിലെ ആശയം ഗ്രഹിക്കുന്നതിന്.
- മണൽത്തടത്തിലെ ജീവികൾ/കഥാപാത്രങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുന്നതിന്.
- ജീവികളുടെ നിറം തിരിച്ചറിയുന്നതിന്.
- ജീവികളുടെ നിറവും കുപ്പായങ്ങളുടെ നിറവും പൊരുത്തപ്പെടുത്തു ന്നതിന്.
- വരികളിലെ താളം കണക്കിലെടുത്ത് പാട്ടിലെ വരികൾ കൂട്ടിച്ചേർക്കു ന്നതിന്.
- ലഘുചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനും ചോദ്യങ്ങൾ ഉണ്ടാക്കി ചോദിക്കുന്നതിനും.

**പാട്ടുകൾ അവതരിപ്പിക്കുന്നതിന് മറ്റെന്തൊക്കെ സാധ്യതകൾ പ്രയോ ജനപ്പെടുത്താൻ കഴിയും?**

- താളം പിടിക്കാനുള്ള വാദ്യോപകരണങ്ങൾ ഉപയോഗിച്ച് (കൈമണി, കളിച്ചെണ്ട......).
- ചിത്രങ്ങൾ/വീഡിയോ ദൃശ്യങ്ങൾ ഉപയോഗിച്ച്.
- ആനിമേഷൻ ദൃശ്യസാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട്.
- ആംഗ്യം/അഭിനയം എന്നിവയുടെ സാധ്യത പരിഗണിച്ച്.
- ഓരോ വരി ഓരോ സംഘമായി അവതരിപ്പിച്ചുകൊണ്ട്. (ഉദാ: ചോദ്യോത്തരപ്പാട്ട്)
- ഓഡിയോ ഉപകരണസാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട്.

**പ്രീസ്കൂൾ കുട്ടികളുടെ പാട്ടുകൾക്ക് എന്തൊക്കെ സവിശേ ഷതകൾ ഉണ്ടാകണം?**

- *കാക്ക പാറിവന്നു*
  *പാറ മേലിരുന്നു*
  *കാക്ക പാറിപ്പോയി*
  *പാറ ബാക്കിയായി*

- *പശുവിന് പാർക്കാൻ ആല*
  *കോഴിയുറങ്ങും കൂട്ടിൽ*
  *പാമ്പിന് പാർക്കാൻ മാളം*
  *എനിക്കുമച്ഛനുമമ്മയ്ക്കും*
  *അമ്മിണിമോൾക്കും വീടുണ്ട്.*

ഇതുപോലെ ലളിതമായതും രസകരവുമായ പാട്ടുകൾ ആണ് ഉചിതം.

**മറ്റെന്തൊക്കെ സവിശേഷതകൾ വേണം?**


- താളാത്മകമായി ചൊല്ലാവുന്നത്.
- കൂടുതൽ വരികൾ ഇല്ലാത്തത്.
- അക്ഷരങ്ങളോ പദങ്ങളോ ആവർത്തിക്കുന്നത്.
- അഭിനയസാധ്യതകളുള്ളത്.
- തീമുകളുമായി ബന്ധപ്പെട്ടത്.

4+ പ്രായത്തിലുള്ള കുട്ടികളെ പരിഗണിക്കുമ്പോൾ ഇതോടൊപ്പം മറ്റു ചില കാര്യങ്ങൾകൂടി ശ്രദ്ധിക്കണം.


- ആശയപൂർണതയുള്ളത്.
- ഭാവനയുണർത്തുന്നത്.
- വരികൾ കൂട്ടിച്ചേർത്ത് പാടാൻ കഴിയുന്നത്.
- കടങ്കവിതകൾ
- കഥാഗാനങ്ങൾ
- സംഖ്യാഗാനങ്ങൾ

## സംഖ്യാഗാനം

*ഒന്നും തുള്ളി പാറ്റ*
*രണ്ടും തുള്ളി പാറ്റ*
*മൂന്നും തുള്ളി പാറ്റ*



*നാലും തുള്ളി പാറ്റ*
*അഞ്ചും തുള്ളി പാറ്റ*



## കടങ്കവിത

*കിഴക്ക് കാണാം കാലത്ത്*
*തലയ്ക്കു മീതെ ഉച്ചയ്ക്ക്*
*കടലിൽ താഴും സന്ധ്യക്ക്*
*ശരിക്ക് പറയൂ ഞാനാര്?*
*ഉത്തരം : സൂര്യൻ*

## കഥാഗാനം

*പണ്ടൊരു കാക്ക*
*അപ്പം കൊത്തിപ്പറന്നു*
*അപ്പം തിന്നാനായി*
*മരക്കൊമ്പിലിരുന്നു*
*ഇതുകണ്ട കുറുക്കൻ*
*കാക്കയോടു പറഞ്ഞു*
*പാട്ടുകാരി കാക്കേ*
*പാട്ടൊന്നു പാടൂ*
*കാക്ക പാട്ടുപാടി*
*അപ്പം താഴെ വീണു*
*സൂത്രക്കാരൻ കുറുക്കൻ*
*അപ്പം കടിച്ചോടി*

## പൂരണകവിതകൾ

*മഞ്ഞനിറത്തിൽ കൊന്നപ്പൂ*
*ചോപ്പുനിറത്തിൽ ചെത്തിപ്പൂ*
*വെള്ളനിറത്തിൽ മുല്ലപ്പൂ*
*നീലനിറത്തിൽ കാക്കപ്പൂ*

*............................................................ മുക്കുറ്റി*
*റോസുനിറത്തിൽ ....................................*

*..............................................................................*

*കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കുമ്പോൾ മൂന്നുവയസ്സുകാർക്ക് ഒരു പദം മാത്രം കൂട്ടിച്ചേർക്കാനുള്ള വരികൾ നൽകുന്നതാവും നല്ലത്. വരികളുടെ തുടക്കത്തിലോ മധ്യത്തിലോ ഒടുക്കത്തിലോ പദങ്ങൾ കൂട്ടിച്ചേർക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. നാലുവയസ്സ് ഗ്രൂപ്പിൽ പെടുന്നവർക്ക് പൂർണമായ വരികൾ കൂട്ടിച്ചേർക്കുന്ന തരത്തിലും നൽകാം.*

പൂക്കളും നിറങ്ങളും ചേർത്ത് വരികൾ കൂട്ടിച്ചേർക്കുന്ന കവിതയാണ് ഉദാഹരണമായി നൽകിയിരിക്കുന്നത്. ഇത് അവതരിപ്പിക്കുന്നതിനുമുമ്പ് പൂക്കളും അവയുടെ നിറങ്ങളും തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകേണ്ടതല്ലേ?

## പാട്ടുകളിലെ വൈവിധ്യം

പ്രീസ്കൂൾ നിലവാരത്തിലുള്ള പാട്ടുകളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞല്ലോ. വൈവിധ്യമാർന്ന ഈണവും താളവുമുള്ള പാട്ടുകൾ കുട്ടികൾ പരിചയപ്പെടേണ്ടതില്ലേ?

താരാട്ടുപാട്ടുകളുടെ അനുഭവമുള്ളവരായിരിക്കും മിക്ക കുട്ടികളും. എങ്കിലും അവയുടെ വായ്ത്താരികൾ പരിചയപ്പെടുത്താം.

*രാരീരം രാരീരം രാരീരം രാരീരം*
*രാരീരം രാരീരം രാരീരാരോ....*

ഇതുപോലെ പ്രത്യേകമായ അർഥമൊന്നുമില്ലാത്ത പദങ്ങൾ ചേർത്തുള്ള വായ്ത്താരികൾ താളബോധമുണ്ടാക്കാൻ പ്രയോജനകരമാണ്. ഈ അനുഭവങ്ങൾ ഉയർന്ന ക്ലാസുകളിൽ കവിതകൾ രചിക്കുന്നതിന് കുട്ടിയെ പ്രാപ്തനാക്കാൻ സഹായിക്കില്ലേ? ഇതാ ചില വായ്ത്താരികൾ.

*തന്നാനെ താനേ തന*
*തന്നാനെ താനേ............*

*ഓ........... തിത്തിത്താരാ തിത്തിത്തൈ*
*തിത്തെയ് തക തെയ് തെയ് തോം*

*താരികം താരാരോ .. തക*
*താരികം താരാരോ....*

*അയ്യയ്യ ഹരി അയ്യയ്യാ*
*അയ്യയ്യ ഹരി അയ്യയ്യാ*

*ലാലല ലാലല ലാ...ല...ലാ...*
*ലാലല ലാലല ലാ...ല...ലാ...*

*ഏലോം... ഏലേലോം....*
*ഏലോം... ഏലേലോം....*



വായ്ത്താരികളെപ്പോലെ 'നാവുവഴക്കികൾ' താളാത്മകമായ ഭാഷാകേളികളായി ഉപയോഗിക്കാം. ലളിതമായ ചില നാവുവഴക്കികൾ നോക്കൂ.

- പച്ചത്തത്ത ചത്തു

താളത്തിന് മാത്രം പ്രാധാന്യമുള്ള പാട്ടുകളാണ് മറ്റൊരു വിഭാഗം. അർഥരഹിതമായ പദങ്ങളാവും ഇത്തരം പാട്ടുകളിലുണ്ടാവുക. ഉദാഹരണമായി

*സിങ്കളക്ക സിങ്കളക്ക സിംഗ് സിംഗ് സിംഗ്*

*പിങ്കളക്ക പിങ്കളക്ക പിംഗ് പിംഗ് പിംഗ്*

കളികളുമായി ബന്ധപ്പെട്ട പാട്ടുകൾ കുട്ടികൾ വളരെ വേഗത്തിൽ പഠിക്കുന്നത് കാണാം. പാട്ടുകൾ പാടിയാലേ കളി നടക്കൂ എന്ന ആവശ്യകതാബോധം പാട്ടുകൾ പഠിക്കുന്നതിന് കുട്ടിക്ക് പ്രചോദനമാകുന്നു. കളികളുമായി ബന്ധപ്പെട്ട ഭാഗത്ത് ചില പാട്ടുകൾ നൽകിയിട്ടുണ്ട്. ഗ്രൂപ്പ് തിരിയാനും നേതാവിനെ കണ്ടെത്താനും കളികളിൽ ഉപയോഗിക്കുന്ന ചില പാട്ടുകൾ നോക്കൂ.

- *ഞാനെണ്ണ നീയെണ്ണ*
  *മണ്ണെണ്ണ പിണ്ണാക്ക്*
- *വട്ടം വട്ടം നാരങ്ങ*
  *കൊത്തിക്കൊത്തി തിന്നുമ്പോൾ*
  *എന്താ ചിഞ്ചൂ മിണ്ടാത്തെ*
  *റഡി വൺ.... ടൂ.... ത്രീ*

ഓരോ പ്രദേശത്തും വിവിധ ജനവിഭാഗങ്ങളുടെ തൊഴിൽ, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകളും പ്രയോജനപ്പെടുത്താൻ അധ്യാപികയ്ക്ക് കഴിയണം.

മറ്റെന്തെല്ലാം തരം പാട്ടുകൾ കുട്ടികളെ പരിചയപ്പെടുത്താൻ കഴിയും?

- ലഘുവായ നാടൻപാട്ടുകൾ
- വഞ്ചിപ്പാട്ട്/വള്ളപ്പാട്ടുകൾ
- മാപ്പിളപ്പാട്ടുകൾ
- ചോദ്യോത്തരപ്പാട്ടുകൾ
- ആഘോഷങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ
- സിനിമപ്പാട്ടുകൾ
- 

പാട്ടുകളുടെ അവതരണത്തിന് അവസരം നൽകുമ്പോൾ കുട്ടികളുടെ കഴിവുകൾ വിലയിരുത്തേണ്ടതല്ലേ?

എന്തൊക്കെ കാര്യങ്ങളാണ് ടീച്ചർ പരിഗണിക്കേണ്ടത്?

- ഈണം
- താളം
- ഭാവം
- ആംഗ്യങ്ങളുടെ/ചുവടുകളുടെ അനുയോജ്യത.
- സംഘത്തിലെ പങ്കാളിത്തം.
- പദങ്ങളുടെ ഉച്ചാരണം,സ്ഫുടത, വ്യക്തത.
- ഒരേ സ്വരത്തിൽ ഒപ്പം ചൊല്ലാനുള്ള കഴിവ്.
- 

*എല്ലാ ഘടകങ്ങളും ഒരുമിച്ചു വിലയിരുത്തുകയല്ല, വിവിധ സന്ദർഭങ്ങളിലായി വിലയിരുത്തി കുറിപ്പുകളായി രേഖപ്പെടുത്തുകയാവും നന്നാവുക.*

*ഭാഷാപരമായ ബുദ്ധി (Verbal - Linguistic Intelligence) യുടെയും സംഗീതപരമായ ബുദ്ധി (Musical- Rhythemical Intelligence) യുടെയും പോഷണത്തിന് വൈവിധ്യമാർന്ന പാട്ടുകൾ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രയോജനപ്പെടുത്താൻ ഓരോ അധ്യാപികയ്ക്കും സാധിക്കേണ്ടതുണ്ട്. ഓരോ തീമുമായി ബന്ധപ്പെട്ടും പരമാവധി പാട്ടുകളുടെ സാധ്യതകൾ ഉപയോഗിക്കുന്നതിലൂടെ മെച്ചപ്പെട്ട പഠനാനുഭവങ്ങൾ നൽകാൻ നമുക്കു കഴിയും.*

## എന്റെ പാട്ടുപുസ്തകം

ഓരോ ടീച്ചർക്കും പാട്ടുകളുടെ വിപുലമായ ശേഖരണപുസ്തകം വേണം. കിട്ടുന്ന മുറയ്ക്ക് പാട്ടുകൾ ശേഖരിച്ചുവയ്ക്കുന്നതിനു പകരം ഓരോ തീമിനനുസരിച്ച് അവയെ തരം തിരിച്ചു ശേഖരിക്കുന്നതല്ലേ നല്ലത്? ഉചിതമായ

പാട്ടുകൾ കണ്ടെത്താൻ ഇത് സഹായകമായിരിക്കും. മൂന്നുവയസ്സുകാർക്കും നാലുവയസ്സുകാർക്കും യോജ്യമായ പാട്ടുകൾ തരംതിരിച്ച് ശേഖരിക്കാനും കഴിയണം. പാട്ടുകളുടെ തരമനുസരിച്ചും വർഗീകരിക്കാവുന്നതാണ്.

- കടങ്കവിതകൾ
- സംഖ്യാഗാനങ്ങൾ
- കഥാഗാനങ്ങൾ
- കളിപ്പാട്ടുകൾ
- ദേശഭക്തിഗാനങ്ങൾ
- പ്രാർഥനാഗാനങ്ങൾ
- നാടൻപാട്ടുകൾ
- ആംഗ്യപ്പാട്ടുകൾ
- ചോദ്യോത്തരപ്പാട്ടുകൾ
- വായ്ത്താരികൾ

ഇവ എഴുതിസൂക്ഷിക്കുന്നതോ ബാലമാസികകളിൽനിന്നു വെട്ടി ഒട്ടിച്ചതോ ആവാം. ചിത്രങ്ങളും നിറങ്ങളുമൊക്കെ ഉപയോഗിച്ച് ആകർഷകമായി രൂപകല്പന ചെയ്താൽ എങ്ങനെയുണ്ടാവും?


സഹപ്രവർത്തകർ, രക്ഷിതാക്കൾ എന്നിവരുമായി നിങ്ങളുടെ ശേഖരണ പുസ്തകങ്ങൾ പങ്കുവയ്ക്കൂ. നിങ്ങളുടെ ശേഖരണം വിപുലമാക്കാൻ അവരും സഹായിക്കില്ലേ?



**പാവകളി**

## എന്റെ പാവക്കുട്ടി

*ഹി.....ഹി......ഹി....... ഇന്ന് എല്ലാവരും വന്നിട്ടില്ലേ? കുരങ്ങൻപാവയുടെ ചോദ്യം കേട്ട് കുട്ടികളെല്ലാം ആർത്തുവിളിച്ചു. പിന്നെ പാവയുടെ ചോദ്യങ്ങൾക്കെല്ലാം മണിമണിപോലെ പ്രതികരണങ്ങൾ. കരഞ്ഞുകൊണ്ടിരുന്ന ഷാൽവിൻ പോലും പാവയുടെ ചോദ്യങ്ങളിലും ആംഗ്യങ്ങളിലും ആകൃഷ്ടനായി.*



കുഞ്ഞുന്നാളിലേ പാവകൾ കുട്ടികളെ ആകർഷിക്കുന്ന ഒരു കളിപ്പാട്ടമാണ്. പാവകളെ കളിപ്പിക്കുക, ഉടുപ്പണിയിക്കുക, കൂടെ കിടത്തി ഉറക്കുക തുടങ്ങി അമ്മമാരുടെ ചെയ്തികളൊക്കെ അനുകരിക്കുക എന്നത് കുട്ടിയുടെ പ്രകൃതത്തിന്റെ ഭാഗമാണ്. പാവകളുമായി സംഭാഷണത്തിലേർപ്പെടുന്നതും കണ്ടുവരാറുണ്ട്.

കുട്ടിയുടെ നൈസർഗികമായ ഈ പ്രകൃതത്തെ ശിശുവിദ്യാഭ്യാസത്തിൽ എങ്ങനെ സമർഥമായി പ്രയോജനപ്പെടുത്താമെന്നാണ് നാം ആലോചിക്കേണ്ടത്.

നിശ്ചലമായ പാവകളേക്കാൾ (Dolls) ചലിക്കുന്ന പാവകളെയാണ് (Puppets) എല്ലാവർക്കും ഇഷ്ടം. തലകുലുക്കിയും കൈകൾ ചലിപ്പിച്ചും സംസാരിക്കുന്ന പാവകളോടുള്ള കൗതുകത്തിനുമപ്പുറം കുഞ്ഞുങ്ങളുടെ ഭാഷണശേഷിയും സൂക്ഷ്മപേശീവികാസവും പരിപോഷിപ്പിക്കുകയെന്നതാണ് അധ്യാപകരുടെ ധർമം.

- സൗഹൃദസംഭാഷണങ്ങളിൽ ഏർപ്പെടൽ
- ചെറുസംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ പാവകൾ ഉപയോഗിച്ച് അവതരിപ്പിക്കൽ

തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സന്ദർഭത്തിനനുസരിച്ച് ഭാഷ ഉൽപ്പാദിപ്പിക്കാനും പ്രയോഗിക്കാനുമുള്ള കഴിവ് വളരുന്നു.

കൂടാതെ പാവകളെ ചലിപ്പിക്കുന്നതിലൂടെ പേശീചലനപരമായ വികാസവും സാധ്യമാകുന്നു. സഭാകമ്പമുള്ളവർക്കു പോലും ഒരു കർട്ടന് പിറകിൽ നിന്നു കൊണ്ട് ആത്മവിശ്വാസത്തോടെ സംഭാഷണം നടത്താൻ കഴിയുന്നുവെന്നതും പാവനാടകത്തിന്റെ സവിശേഷതയാണ്.

## പലതരം പാവകൾ

ഏതൊരു അധ്യാപികയ്ക്കും നിർമിച്ച് ഉപയോഗിക്കാൻ കഴിയുന്നതരം പാവകളാണ് പ്രീസ്കൂൾ ക്ലാസിൽ ഉപയോഗിക്കേണ്ടത്. ചുറ്റുപാടുനിന്നും എളുപ്പത്തിൽ ലഭിക്കുന്ന ചെലവില്ലാത്തതോ ചെലവ് കുറഞ്ഞതോ ആയ പാവകൾ ഏതൊക്കെയാണ്?





- വിരൽപ്പാവകൾ
- കടലാസ് കൂട്/കാരിബാഗ് പാവകൾ
- വടിപ്പാവകൾ / കട്ടൗട്ട് പാവകൾ
- പെട്ടിപ്പാവകൾ
- ബലൂൺ പാവകൾ

പാട്ടുകൾ, കഥകൾ, സംഭാഷണങ്ങൾ എന്നിവയൊക്കെ പാവകളുടെ സഹായത്തോടെ അവതരിപ്പിച്ചുകൂടേ? ആദ്യഘട്ടത്തിൽ പാവകൾ ഉപയോഗിച്ചുള്ള പ്രവർത്തനസന്ദർഭങ്ങൾ കുട്ടികൾക്ക് കാണാനുള്ള അവസരം ധാരാളമായി ലഭിക്കണം. രക്ഷിതാക്കൾ, മുതിർന്ന കുട്ടികൾ, മറ്റ് അധ്യാപകർ എന്നിവരുടെയൊക്കെ സഹായം തേടിക്കൂടേ?

മൂന്നുവയസ്സുകാർക്ക് ഒന്നോ രണ്ടോ സംഭാഷണങ്ങൾ വരുന്ന ലഘുസന്ദർഭങ്ങൾ ഒരുക്കാം. നാലുവയസ്സുകാർക്ക് ചെറിയ ചോദ്യോത്തരപ്പാട്ടുകൾ, പഠിച്ച കഥയിലെ സംഭാഷണസന്ദർഭങ്ങൾ തുടങ്ങിയവയാവും ഉചിതം. ഏത് കഥാപാത്രമാണോ സംസാരിക്കുന്നത്, ആ പാവയെ ചലിപ്പിക്കണം. എങ്കിലേ കാണികൾക്ക് ആരാണ് സംസാരിക്കുന്നത് എന്നു തിരിച്ചറിയാനാവൂ. ഇങ്ങനെയുള്ള പരിശീലനങ്ങൾ കുട്ടികൾക്ക് നൽകണം.

ഒരു വസ്തുവിനെ മറ്റൊന്നായി സങ്കൽപ്പിച്ച് അഭിനയിക്കാൻ കുട്ടികൾക്കു കഴിയും.

ഏതൊരു വസ്തുവിലും കഥാപാത്രങ്ങളെ കാണുന്നതാണ് കുട്ടികളുടെ പ്രകൃതം. (പലക-പാവക്കുട്ടി, വളയം - ചക്രം, വടി - വാൾ മുതലായവ)

- സംഭാഷണങ്ങൾ സ്വാഭാവികമായിരിക്കണം.
- ചെറിയ വാക്യങ്ങളിൽ ആശയം വ്യക്തമാക്കണം.
- പ്രാദേശികമായ സംഭാഷണരീതിയായിരിക്കും കുട്ടിക്ക് രസിക്കുക.
- ആവശ്യാനുസരണം ചലനം ക്രമീകരിക്കണം.
- പശ്ചാത്തലങ്ങൾ/സന്ദർഭങ്ങൾ ഒരുക്കുന്നത് നന്നായിരിക്കും.
- സംഗീതോപകരണങ്ങൾ/റിക്കാർഡുകൾ മുതലായവ ഉപയോഗിക്കുന്നത് പാവകളി കൂടുതൽ ആസ്വാദ്യമാക്കും.

ഒരു കഥ പറയുന്ന സന്ദർഭത്തിലോ കഥകൾ മുഴുവൻ പറഞ്ഞുകഴിഞ്ഞ് ഒരു കഥാപാത്രം മാത്രം വന്ന് പറയുന്നതരത്തിലോ കഥയുടെ സംഭാഷണ സന്ദർഭങ്ങൾക്ക് വേണ്ടിയോ ഒക്കെ പാവകളെ/പാവകളിയെ പ്രയോജനപ്പെടുത്താവുന്നതാണ്.

## സ്ക്രിപ്റ്റിന്റെ സവിശേഷതകൾ

ഒരു നാടകം അവതരിപ്പിക്കുമ്പോൾ ആശയം വ്യക്തമാക്കാൻ എന്തെല്ലാം തരത്തിൽ സംഭാഷണങ്ങൾ പ്രയോജനപ്പെടുത്തുന്നുവോ, അത്രയും ശ്രദ്ധ പാവകളി സ്ക്രിപ്റ്റിലും വേണ്ടതാണ്. പശ്ചാത്തലം, കഥാപാത്രങ്ങളുടെ ചലനം, സംഭാഷണത്തിലെ ശബ്ദവ്യത്യാസം, ആശയസംപുഷ്ടത തുടങ്ങിയവയൊക്കെ പാവകളി സ്ക്രിപ്റ്റ് തയാറാക്കുമ്പോഴും അവതരിപ്പിക്കുമ്പോഴും ടീച്ചറുടെ മനസ്സിൽ ഉണ്ടായിരിക്കണം.

ഉദാഹരണത്തിന്, സിംഹത്തിന്റെയും എലിയുടെയും കഥ പറയുന്നു എന്നിരിക്കട്ടെ. എലി ദേഹത്ത് വീണപ്പോൾ ഉറങ്ങുകയായിരുന്ന സിംഹം ഞെട്ടി ഉണർന്നു. ടീച്ചർ കഥ ഇവിടെ നിർത്തി എലിയുടെയും സിംഹത്തിന്റെയും

പപ്പറ്റ് പ്രയോജനപ്പെടുത്തി അവർ തമ്മിൽ നടന്ന സംഭാഷണം പറയുന്നു എന്നിരിക്കട്ടെ (കുട്ടികൾക്ക് പപ്പറ്റ് കൊടുത്തുകൊണ്ട് അവരെ സംഭാഷണം നിർമിക്കാൻ പങ്കാളികളാക്കുകയും ചെയ്യാം.) എന്തായിരിക്കും സിംഹം പറഞ്ഞത്?എന്ത് മറുപടിയാണ് എലി പറഞ്ഞത്? ടീച്ചർ തുടർന്ന് കഥ പറയുന്നു. ഇങ്ങനെ കഥ, സംഭവം, വിവരണം എന്നിവ അവതരിപ്പിക്കുന്ന ഘട്ടത്തിൽ രൂപീകരിക്കുന്ന തത്സമയ സ്ക്രിപ്റ്റുകളുടെ അവതരണത്തിന് പാവകളെ ഉപയോഗപ്പെടുത്തണം.

ഒരു കഥ അവതരിപ്പിച്ച ശേഷം കഥയിലെ ഇഷ്ടപ്പെട്ട സന്ദർഭങ്ങൾ അവതരിപ്പിക്കാനും പാവകളെ ഉപയോഗപ്പെടുത്തണം. നേരത്തേ സൂചിപ്പിച്ച കഥയിൽ എലിയും സിംഹവും എന്തൊക്കെ പറഞ്ഞു എന്ന് കഥയ്ക്ക് ശേഷം ടീച്ചർക്ക് ചോദിക്കാം. അത് രണ്ടു കുട്ടികൾ ചേർന്ന് അവതരിപ്പിക്കട്ടെ. ഇവിടെ സ്ക്രിപ്റ്റ് ചിലപ്പോൾ കുട്ടികൾ തനിച്ചോ ടീച്ചറും കുട്ടികളും ചേർന്നോ തയാറാക്കിയതാവാം. ഇതും തത്സമയം രൂപപ്പെടുന്ന സ്ക്രിപ്റ്റുകളാണ്.

ചില ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിന് പാവകളിയോളം ഫലപ്രദമായ സങ്കേതം ഇല്ല എന്നു പറയാം. ഉദാഹരണത്തിന്, കൊതുകുകളുടെയും ഈച്ചയുടെയും കീടാണുവിന്റെയും ശല്യം പപ്പറ്റ് കുട്ടികളോട് സംവദിക്കുന്ന രൂപത്തിലായാൽ അവർ കൂടുതൽ വേഗത്തിൽ ആശയം ഉൾക്കൊള്ളുന്നതായി അനുഭവപ്പെടാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ടീച്ചർ ബോധപൂർവം സംഭാഷണങ്ങൾ എഴുതി തയാറാക്കേണ്ടതുണ്ട്.

പൂമ്പാറ്റ ജീവിതകഥ പറയുന്നത്, പാലുതരുന്ന മൃഗങ്ങൾ, കാലത്ത് എഴുന്നേറ്റ് ദിനചര്യകൾ ചെയ്യുന്നത് പോലെയുള്ളവയും ടീച്ചർ തയാറാക്കുന്ന സ്ക്രിപ്റ്റിലൂടെ കുട്ടികൾക്കുമുമ്പിൽ അവതരിപ്പിക്കാവുന്നവയാണ്. നിഴൽപ്പാവ, ചരടുപാവ, കൈയുറപ്പാവ എന്നിവയെ സമന്വയിപ്പിച്ചുകൊണ്ടുള്ള പാവകളി കൂടുതൽ ചലനങ്ങൾക്കും കാര്യങ്ങൾ നന്നായി അവതരിപ്പിക്കാനും സഹായകമാണ്.

## പാവനാടക സന്ദർഭങ്ങൾ – ചില മാതൃകകൾ

### പൂവും പൂമ്പാറ്റയും

തോട്ടത്തിൽ ധാരാളം പൂക്കൾ. ഒരു പൂമ്പാറ്റ പറന്നു വരുന്നു.

പൂവ് : ഹായ്! പൂമ്പാറ്റേ, എന്തൊക്കെയുണ്ട് വിശേഷങ്ങൾ?

പൂമ്പാറ്റ : ഇന്ന് നീ വളരെ സുന്ദരിയാണല്ലോ. നന്നായി തേനും ഉണ്ട്.

പൂവ് : നിനക്ക് എല്ലാ സ്ഥലത്തും ചുറ്റിക്കാണാലോ? കണ്ട കാഴ്ചകൾ എനിക്ക് പറഞ്ഞുതരുമോ?

പൂമ്പാറ്റ : ഞാൻ അങ്ങ് മലേന്ന് താഴോട്ട് വരുമ്പോൾ ഒരുപാട് പൂക്കളും പുഴകളും ഒക്കെ കണ്ടു.

പൂവ് : ഭാഗ്യവാൻ തന്നെ.

പൂമ്പാറ്റ : ഇവിടെ ഇരിക്കുന്ന നിന്നെ കാണാൻ ഒരുപാട് ആളുകൾ വരുന്നുണ്ടല്ലോ. വണ്ട്, ഉറുമ്പ്, തേനീച്ച...എത്രയെത്ര പേർ. നീയും ഭാഗ്യവതി തന്നെ.

പൂവ് : ശരിയാണ്, എന്നെ കാണാൻ ഒരുപാട് കുട്ടികളും വരാറുണ്ട്.

### കാറ്റും മേഘവും

കുട്ടിയുടെയും അമ്മയുടെയും കൈയുറപ്പാവ.

കിളികളുടെ ശബ്ദം, കാറ്റടിക്കുന്നുണ്ട് (തൂക്കിയിട്ട ഇലകളോ തോരണങ്ങളോ ചലിക്കുന്ന തരത്തിൽ ഫാൻ കൊണ്ടോ കാർഡ്ബോർഡ് കൊണ്ടോ കാറ്റുണ്ടാക്കാം.)

ഉണ്ണിക്കുട്ടൻ കോട്ടുവായിട്ടുകൊണ്ട് രംഗത്തേക്കു വരുന്നു.

ഉണ്ണിക്കുട്ടൻ : കാറ്റടിക്കുന്നുണ്ടല്ലോ, ഇന്ന് രാവിലെ തന്നെ കാറ്റ് തുടങ്ങി.(*മുകളിലേക്ക് നോക്കിക്കൊണ്ട്*) ആകാശത്തിന് കറുത്തനിറമാണ്. അമ്മേ... അമ്മേ...

അമ്മ (ശബ്ദം മാത്രം): എന്താ മോനേ നീ പല്ലു തേക്കുകയും കുളിക്കുകയും ഒന്നും ചെയ്യുന്നില്ലേ?

അമ്മ മെല്ലെ രംഗത്തേക്കു വരുന്നു.



(പശ്ചാത്തലത്തിൽ കാറ്റിന്റെയും ഇടിയുടെയും ശബ്ദം കേൾക്കട്ടെ.)

ഉണ്ണിക്കുട്ടൻ : അമ്മേ, ഞാനെണീറ്റ് വന്നപ്പോൾ സൂര്യനെ കാണുന്നില്ല. എവിടെ പോയി?

അമ്മ : മോനേ, ഇന്ന് രാവിലെ തന്നെ മഴയാണെന്ന് തോന്നുന്നു. നീ വേഗം പോയി പല്ലുതേക്കാനും കുളിക്കാനുമൊക്കെ നോക്ക്. ഞാൻ അകത്തേക്ക് പോട്ടെ.

ഉണ്ണി : വേണ്ടമ്മേ, എന്തിനാ ഈ മാനം കറുത്തത് എന്ന് പറഞ്ഞുതാ.

## സംഭാഷണങ്ങൾ അവതരിപ്പിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

- ഭാവം ഉൾക്കൊള്ളുന്നത്
- ശബ്ദത്തിന്റെ ക്രമീകരണം
- പാവകളുടെ ചലനം
- 

സിംഹത്തെ കിണറ്റിൽ ചാടിച്ച മുയലിന്റെ കഥ കേട്ടിട്ടില്ലേ? പേടിച്ചുവിറച്ചുകൊണ്ടുള്ള മുയലിന്റെ വരവു കണ്ട് ആക്രോശിക്കുന്ന സിംഹം. അവർ തമ്മിലുള്ള സംഭാഷണം നോക്കൂ.

*സിംഹം : എവിടെ ആയിരുന്നെടാ നീ ഇത്രനേരം? ഗ്ർ..............*

*മുയൽ : അയ്യോ....... ഞാൻ ... വരുന്നവഴിയിൽ.............*

*സിംഹം : എന്തായിരുന്നെടാ വഴിയിൽ?*

*മുയൽ : മറ്റൊരു സിംഹം.................. എന്നെ തടഞ്ഞു.*

*സിംഹം : മറ്റൊരു സിംഹമോ? എവിടെ അവൻ?*

*മുയൽ : ആ കിണറിനടുത്ത്...*

*സിംഹം : ഓ..ഹാ.....അവനെ ഇന്ന് ഞാൻ ശരിയാക്കും!*



ക്രൂരനായ സിംഹത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന രീതിയിലാവണം ശബ്ദം. പാവത്താനായ മുയലിന്റെ സംഭാഷണത്തിൽ വിനയവും പേടിയും പ്രതിഫലിക്കേണ്ടേ? ഇങ്ങനെ ശബ്ദ, ഭാവ വ്യതിയാനത്തോടെയുള്ള അവതരണം കേൾക്കുന്ന കുട്ടിക്ക് തന്റെ അവതരണത്തിലും വരുത്തേണ്ട മാറ്റത്തിന്റെ ആവശ്യകത ബോധ്യപ്പെടും.

സംഭാഷണങ്ങൾ ഹൃദിസ്ഥമാക്കി അവതരിപ്പിക്കുകയല്ല നമ്മുടെ ലക്ഷ്യം. കഥാസന്ദർഭം സ്വാംശീകരിച്ച് തന്റേതായ ഭാഷയിൽ സംഭാഷണം അവതരിപ്പിക്കുകയാണ് വേണ്ടത്. ഭാഷാപരമായ വളർച്ച വിലയിരുത്തപ്പെടേണ്ടത് അങ്ങനെയാണ്.

## പാവകളിക്കുള്ള സ്ക്രിപ്റ്റ് ഉണ്ടാക്കുമ്പോൾ...

- ഒരു ഇതിവൃത്തം (സംഭവങ്ങളോ ആശയങ്ങളോ ഉൾക്കൊള്ളിച്ച് കൊണ്ട്).
- കഥാപാത്രങ്ങൾക്ക് പ്രായം, ലിംഗം, വേഷം എന്നിവ പരിഗണിക്കണം.
- ഉചിതമായ സംഭാഷണം തയാറാക്കൽ.
- അനുയോജ്യമായ പശ്ചാത്തലം രൂപകല്പന ചെയ്യൽ.

**പാവകളുടെ അവതരണത്തിൽ എന്തെല്ലാമാണ് വിലയിരുത്തലിന് വിധേയമാക്കേണ്ടി വരുക?**

- ഭാവം, ഉചിതമായ ശബ്ദവ്യതിയാനം എന്നിവയോടെയുള്ള അവതരണം.
- ഉച്ചാരണസ്ഫുടതയും വ്യക്തതയും.
- പാവകളെ സന്ദർഭാനുസരണം ചലിപ്പിക്കുന്നതിനുള്ള കഴിവ്.
- ഒരു കഥാപാത്രത്തിന്റെ സംഭാഷണം പൂർത്തിയാക്കിയ ശേഷമാണോ അടുത്ത കഥാപാത്രം സംസാരിക്കുന്നത്?
- തന്റേതായ ഭാഷയിൽ ഉചിതമായ പദങ്ങൾ ചേർത്ത് സംഭാഷണം അവതരിപ്പിക്കാൻ കഴിയുന്നുണ്ടോ?


## പാവകൾ പാവകൾ

ഭാവനാസമ്പന്നയായ ഒരു അധ്യാപികയ്ക്ക് ഏതൊരു വസ്തുവിനെയും പാവയാക്കാൻ കഴിയും. ഉദാഹരണത്തിന് പ്ലാസ്റ്റിക് കുപ്പികൾ, പേപ്പർ ഗ്ലാസുകൾ, കുടകൾ, തീപ്പെട്ടിക്കൂടുകൾ, ഒഴിഞ്ഞ ടിന്നുകൾ, ഒഴിഞ്ഞ മരുന്നുകൂടുകൾ, പഴയ തുണി, ഐസ്ക്രീം ബോളുകൾ, കപ്പുകൾ, സ്റ്റിക്കുകൾ, ചിരട്ട, ചകിരിത്തൊണ്ട്, ഇലകൾ, കാർഡ്ബോർഡ്, കട്ടിയുള്ള പേപ്പറുകൾ, ന്യൂസ് പേപ്പറുകൾ മുതലായവയൊക്കെ പാവനിർമാണത്തിന് ഉപയോഗിക്കാം.

കുട്ടികളുടെ ആവശ്യവും പ്രകൃതവും മനസ്സിലാക്കുന്ന ഒരു വ്യക്തി എന്ന നിലയ്ക്ക് അവരുടെ ആവശ്യം നിറവേറ്റുന്ന തരത്തിൽ വളരെ ലളിതമായ പാവകളെ നിർമിക്കുന്നതാണ് ഉത്തമം. നിർമാണത്തിൽ കുട്ടികളെക്കൂടി പങ്കെടുപ്പിക്കുകയും സഹകരിപ്പിക്കുകയും ചെയ്യുന്നത് അവരിൽ ആത്മവിശ്വാസം വളർത്താൻ സഹായകമാണ്.

ഏതാനും ചില പാവകളെ ഇവിടെ പരിചയപ്പെടുത്താം.

### തീപ്പെട്ടിപ്പാവ



ഒഴിഞ്ഞ തീപ്പെട്ടി എടുത്ത് വെള്ള പേപ്പർ പൊതിഞ്ഞ് ഒരു കമ്പിൽ/ഈർക്കിലിൽ ഒട്ടിച്ച് സ്റ്റിക് പാവയാക്കാം. ആവശ്യമായ മുഖം വരച്ചുചേർക്കുകയോ ഒട്ടിക്കുകയോ ചെയ്ത് പപ്പറ്റ് ഉണ്ടാക്കാം.

### കയർപ്പാവ

കോട്ടൺ വെയ്സ്റ്റിന്റെ കുറച്ച് നൂൽ (ഒരടി നീളത്തിൽ) കട്ടിയിൽ എടുക്കുക. അതിനെ രണ്ടാക്കി മടക്കി ഒരു ഭാഗം തലയുടെ ആകൃതിയിൽ കെട്ടണം. ബാക്കി ഭാഗം കൈ, നെഞ്ച്, കാലുകൾ എന്നിവയാക്കി ആവശ്യാനുസരണം കെട്ടി പാവയാക്കാം.

### പ്ലാസ്റ്റിക് കുപ്പി

ഒഴിഞ്ഞ പ്ലാസ്റ്റിക് കുപ്പി മുറിച്ച് മൃഗരൂപമാക്കി മുകളിൽ പേപ്പർ ഒട്ടിച്ച് പാവയാക്കാം. മനുഷ്യരുടെയും ജീവികളുടെയും തലകളും കുപ്പികൊണ്ട് നിർമിക്കാവുന്നതാണ്.

### പേപ്പർ ഗ്ലാസ്

പേപ്പർ ഗ്ലാസുകൾ, പൊട്ടുകൾ, കമ്പുകൾ മുതലായവ ഉപയോഗിച്ച് വിവിധ തരത്തിൽ പാവകൾ നിർമിക്കാവുന്നതാണ്.

### കടലാസ്കൂടുകൊണ്ടുള്ള പപ്പറ്റ്

ഒരു കടലാസ്കൂടെടുത്ത് പാഴ്സാധനങ്ങൾ കൊണ്ട് നിറയ്ക്കുക. ഒരു മുഖം വരച്ച് ചായമിടുകയോ മുഖത്തിന്നു കണ്ണും വായും മൂക്കും നിറമുള്ള കടലാസ് വെട്ടി ഒട്ടിക്കുകയോ ചെയ്യാം. എന്തായാലും ഇതൊക്കെ വലുതായിരിക്കണം. എന്നാൽ മാത്രമേ പപ്പറ്റ് നന്നാവുകയുള്ളൂ. കടലാസ്കൂടിന് താഴെ നിന്ന് ഒരു കമ്പ് ഊരിപ്പോകാത്ത വിധത്തിൽ അകത്തുകടത്തി ബലമായി കെട്ടുക. കമ്പോ മുളയോ ഒന്നും കിട്ടിയില്ലെങ്കിൽ കടലാസു തന്നെ ചുരുട്ടി കമ്പുപോലാക്കി അരുക് ഒട്ടിച്ചെടുക്കാവുന്നതേയുള്ളൂ. ഇപ്രകാരം പഴയ ടിന്നുകൾ, പേപ്പർ പ്ലെയ്റ്റുകൾ, കട്ടി കാർഡ്ബോർഡ് മുതലായവ കൊണ്ടും പപ്പറ്റ് നിർമിക്കാവുന്നതാണ്.

### പന്തുകൊണ്ടുള്ള പപ്പറ്റ്

പഴയ ഒരു റബ്ബർപന്തെടുത്ത് അതിൽ ഒരു മുഖം ചായമിട്ടെടുക്കുക. അതിനു താഴെയായി ഒരു ദ്വാരമിട്ട് അതിൽക്കൂടി ഒരു കമ്പു കടത്തി പപ്പറ്റാക്കാം.

റബ്ബർ പന്തിനുപകരം ചെറിയ തുണിസഞ്ചി പഴന്തുണി നിറച്ച് എടുക്കാം. അല്ലെങ്കിൽ ചിരട്ടയോ പ്ലാസ്റ്റിക് കുപ്പിയോ ഉപയോഗിക്കാം. ആകൃതി ഒത്തുകിട്ടുന്ന എന്തും മനോധർമ്മമനുസരിച്ച് ഉപയോഗിക്കാം. പാവയ്ക്ക് ഉടുപ്പിന് തുണികൊണ്ട് ഒരു ഉറ തയ്ച്ച് മുകളിൽ ഒരു ദ്വാരമിടണം. കമ്പ് അതിൽ കൂടി കടത്തി തലയുടെ താഴെയായി ഉറപ്പിക്കണം.

### വിരൽ പപ്പറ്റ്

a. നിങ്ങളുടെ പെരുവിരൽ തന്നെ പേനയോ പെൻസിലോ കൊണ്ട് മുഖം വരച്ച് തുണികൊണ്ട് മൂടുകയാണെങ്കിൽ വിരൽപ്പാവയായി. രണ്ട് കൈയിലെയും പെരുവിരൽപ്പാവകൾക്ക് സംഭാഷണം നടത്താൻ എന്ത് രസമാണ്!

“പെരുവിരൽ എവിടെ പോയ്?
ഞാനിതാ ഇവിടുണ്ട്
സുഖം തന്നെയാണോ?
സുഖം തന്നെയാണ്
ഞാനിതാ പോകുന്നു
ഞാനും പോകുന്നു”

തുടങ്ങിയ പാട്ടുകൾ പാടുമ്പോഴും മറ്റും ഇത്തരം വിരൽപ്പാവ ഉപയോഗിക്കുന്നത് ക്ലാസ് വളരെ ആകർഷകമാക്കാൻ സഹായിക്കും.

b. ചതുരക്കടലാസ് വിരലിന് പാകത്തിൽ കോൺ ഉണ്ടാക്കി അതിൻമേൽ ചിത്രങ്ങൾ/മുഖങ്ങൾ/രൂപങ്ങൾ ഒട്ടിച്ച് വിരൽപ്പാവ നിർമിക്കാം.

c. മോതിരം പോലെ വിരലിൽ ഇടാവുന്നതരത്തിൽ ചാർട്ട് പേപ്പർ വളയങ്ങൾ ഉണ്ടാക്കി അതിനു മുകളിൽ ചിത്രങ്ങൾ/രൂപങ്ങൾ ഒട്ടിച്ച് വിരൽപ്പാവകൾ നിർമിക്കാവുന്നതാണ്.

### പരന്ന പപ്പറ്റ്

ഇത് മൃഗങ്ങളുടെ പപ്പറ്റുകൾ ഉണ്ടാക്കാൻ പറ്റിയ രീതിയാണ്. ഒരു മൃഗത്തിന്റെ രൂപം കാർഡ്ബോർഡിൽ വരച്ച് വെട്ടിയെടുക്കുക. അതിൽ ചായം തേച്ച് കണ്ണും മൂക്കും വരയ്ക്കുക. പിറകുവശത്തായി കനം കുറഞ്ഞ ഒരു കമ്പ് പശയോ സെല്ലോടേപ്പോ ഉപയോഗിച്ച് ഉറപ്പിക്കുക. പേപ്പർ പ്ലെയ്റ്റ് മുതലായവയും ഇങ്ങനെ പപ്പറ്റാക്കാം (മൃഗങ്ങളുടെ ചിത്രം വെട്ടിയെടുത്തും ഇത്തരം പപ്പറ്റുണ്ടാക്കാം).

### എക്സ്റേ ഫിലിം/ചാർട്ട്പേപ്പർ പാവ

എക്സ്റേ ഫിലിം കോൺ ആകൃതിയിൽ മടക്കി ആവശ്യമുള്ള മൃഗത്തിന്റെ മുഖമാക്കാം. കോണിനു വലുപ്പം ക്രമീകരിച്ചുകൊണ്ട് മൃഗരൂപമാക്കാം. കോൺ പിൻ ചെയ്ത് ഉറപ്പിച്ച ശേഷം പേപ്പർ ഒട്ടിച്ച് ബലപ്പെടുത്തി ചെവി, കൊമ്പ് മുതലായവ വച്ച് പാവയെ ഭംഗിയാക്കാം. കോണിനുള്ളിലൂടെ കൈയിട്ട് പിടിച്ചോ കമ്പ് ഉപയോഗിച്ചോ ഈ പപ്പറ്റ് ചലിപ്പിക്കാവുന്നതാണ്. എക്സ്റേ ഫിലിം ഇല്ലെങ്കിൽ ചാർട്ട്പേപ്പർ കൊണ്ടും ഇവ നിർമിക്കാം.

### ഒറിഗാമി പപ്പറ്റ്

ഒറിഗാമിരൂപങ്ങൾ ഉണ്ടാക്കി പപ്പറ്റാക്കി ഉപയോഗിക്കാവുന്നതാണ്. ഉദാ: കാക്ക, മയിൽ, കൊക്ക്, അരയന്നം, മീൻ, തവള മുതലായവ.

ഇവ കൂടാതെ ക്ലാസ്മുറികളിൽ ഉപയോഗിക്കാൻ കഴിയുന്ന മറ്റു വിവിധതരം പാവകളുണ്ട്.അധ്യാപകരുടെ കൂടിച്ചേരലുകളിൽ ഇത്തരം പാവകൾ നിർമിക്കാനുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക വഴി നമ്മുടെ കഴിവുകളും വിർധിപ്പിക്കാനാവില്ലേ?

## കൂടില്ലാത്തണ്ണാനേ ഓടി വായോ



### സ്നേഹമാണ് ഭാഷ, കളിയാണ് രീതി

പ്രീസ്കൂൾ പഠനരീതിയെക്കുറിച്ച് ഏറ്റവും ഉചിതമായ പ്രസ്താവനയാണിത്. കളിയാണ് പ്രീസ്കൂൾ പ്രവർത്തനങ്ങളുടെ ജീവൻ. കളിക്കുക എന്നത് കുട്ടിയുടെ നൈസർഗികമായ വാസനകൂടിയാണ്. കളിയിലൂടെയുള്ള പഠനം കുട്ടികൾ ഏറെ ഇഷ്ടപ്പെടുന്നു. "ചെറിയ കുട്ടികളെ സംബന്ധിച്ചിടത്തോളം അവർ സ്വാഭാവികമായി ഏർപ്പെടുന്ന ഏതൊരു പ്രവർത്തനവും കളി തന്നെയാണെന്ന്" ഗാന്ധിജി അഭിപ്രായപ്പെട്ടതും അതുകൊണ്ടുതന്നെ. കളി എന്ന് നാം വ്യവഹരിക്കുന്നുവെങ്കിലും ഇവ കുട്ടികളെ സംബന്ധിച്ച് ഗൗരവമായ പ്രവർത്തനങ്ങൾ തന്നെയാണ്. ഇതിലൂടെ കുട്ടി അറിയാതെ തന്നെ അറിവു സമ്പാദനം നടക്കുന്നു.

*നാരങ്ങപ്പാല്*
*ചൂണ്ടങ്ങ രണ്ട്*
*ഇലകൾ പച്ച*
*പൂക്കൾ മഞ്ഞ*
*ഇതിലേ പോകണ*
*കള്ളനെ പിടിച്ചോളിൻ*

കൂട്ടുകാർക്കൊപ്പം താളത്തിൽ പാടിക്കളിക്കാൻ കുട്ടികൾക്ക് വലിയ ഇഷ്ടമാണ്.

*നാരങ്ങപ്പാല്, കുലകുല മുന്തിരി, കൂടില്ലാത്തണ്ണാൻ, മാണിക്യച്ചെമ്പഴുക്ക, പൂ പറിക്കാൻ പോരുമോ?*

തുടങ്ങിയ കളികളെല്ലാം ആവേശപൂർവം കുട്ടികൾ കളിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ?

### ശിശുവികാസമേഖലകളും കളിയും


ശാരീരികചാലകവികാസത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തന സങ്കേതമാണ് കളികൾ. ശാരീരികചാലക വികാസത്തിനു പുറമേ ഭാഷാവികാസം, വൈജ്ഞാനികവികാസം, പ്രാഗ്ഗണിതശേഷീവികാസം, സാമൂഹിക വൈകാരിക വികാസം തുടങ്ങിയ മേഖലകളിലൊക്കെ കളിപ്രവർത്തനങ്ങൾക്ക് വലിയ സാധ്യതയുണ്ട്. പാട്ടുകൾ പാടിക്കൊണ്ട് കളിക്കാവുന്ന കളികൾ, ചോദ്യോത്തരങ്ങൾ പറഞ്ഞുകൊണ്ടുള്ള കളികൾ എന്നിവയൊക്കെ ഭാഷാവികാസത്തിനുള്ള സ്വാഭാവികസന്ദർഭങ്ങൾ കുട്ടികൾക്ക് നൽകുന്നുണ്ട്. ജിഗ്സോപസിലുകൾ, യുക്തിപൂർവം ചിന്തിച്ച് വിജയിക്കേണ്ടുന്ന മറ്റുകളികൾ എന്നിവ പോലെ വൈജ്ഞാനിക വികാസത്തിനുതകുന്ന മറ്റെന്ത് പ്രവർത്തനങ്ങളുണ്ട്? സാമൂഹിക-വൈകാരിക വികാസം ഉറപ്പുവരുത്തുന്ന ഒട്ടേറെ സന്ദർഭങ്ങൾ കളികൾക്കിടയിൽ ലഭിക്കുന്നുണ്ടെന്നും നാം വിസ്മരിച്ചുകൂടാ. കളിയുപകരണങ്ങൾ നിർമിക്കുക എന്നത് ക്രിയാത്മകവും സർഗാത്മകവുമായ പ്രവർത്തനമായി മാറുകയല്ലേ ചെയ്യുന്നത്.

### 3+, 4+ പ്രായഗ്രൂപ്പും കളികളും

കളികളിൽ ഏർപ്പെടുമ്പോൾ 3+, 4+ പ്രായഗ്രൂപ്പിലെ കുട്ടികൾക്ക് മറ്റു മേഖലകളിലെ പ്രവർത്തനം പോലെ പ്രയാസം നേരിടാറില്ല എന്നത് കളിപ്രവർത്തനങ്ങളുടെ മെച്ചമാണ്. കളിയിൽ ഏർപ്പെടുമ്പോൾ അനുഭവിക്കുന്ന ആഹ്ലാദം, പരസ്പരം ആശ്വസിപ്പിക്കൽ, അഭിനന്ദിക്കൽ എന്നിവയൊക്കെ വൈകാരികവികാസത്തിനുള്ള പ്രായോഗിക അവസരങ്ങൾ കുട്ടിക്ക് നൽകുന്നു. 3+ പ്രായഗ്രൂപ്പിലെ കുട്ടികൾക്ക് കൂടുതലായും ചമഞ്ഞുകളി, സ്വതന്ത്രകളി, സംഘമായി കളിക്കാവുന്ന കളികൾ എന്നിവ തിരഞ്ഞെടുക്കുന്നതാണ് ഉചിതം. കളിനിയമങ്ങൾ കൃത്യമായി പാലിക്കേണ്ട കളികൾ 4+ പ്രായഗ്രൂപ്പുകാർക്ക് തിരഞ്ഞെടുക്കാം.

## കളിപ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിലൂടെ എന്തൊക്കെ അനുഭവങ്ങളാണ് കുട്ടിക്ക് ലഭിക്കുക?

- കളിയിൽ ഏർപ്പെടുമ്പോൾ സൂക്ഷ്മ - സ്ഥൂല പേശീവികസനത്തിന് അവസരം ലഭിക്കുന്നു.
- കളിക്കിടയിൽ സ്വാഭാവികസംഭാഷണത്തിന് അവസരം ലഭിക്കുന്നു.
- കളിനിയമങ്ങൾ കേൾക്കാനുള്ള അവസരം.
- സംഘം ചേർന്നു കളിക്കുമ്പോൾ പാലിക്കേണ്ട പൊതുമര്യാദകൾ തിരിച്ചറിയുന്നു.
- കളിയിൽ വിജയിക്കാനുള്ള ആലോചനകളും അതിനനുസരിച്ച് പ്രവർത്തിക്കാനുമുള്ള അവസരം.
- കളിയുപകരണങ്ങൾ നിരീക്ഷിക്കാനും ശേഖരിക്കാനുമുള്ള അവസരം.
- കളിയുപകരണങ്ങൾ നിർമിക്കാനും കൈകാര്യം ചെയ്യാനുമുള്ള അവസരം.



*പ്രീ സ്കൂളിലെ ഏതു തീമിലും കളിപ്രവർത്തനങ്ങൾ കൃത്യമായ ലക്ഷ്യത്തോടെ ഉൾച്ചേർക്കാൻ സാധിക്കും. വ്യക്തിഗതമായി കളിക്കാവുന്നത്, രണ്ടുപേർ ഗ്രൂപ്പിലെ കളി,വലിയ ഗ്രൂപ്പിൽ കളിക്കാവുന്ന കളികൾ, ബോർഡ് ഗെയിമുകൾ, ചമഞ്ഞുകളി, അകം പുറം കളി, സ്വതന്ത്രകളി, നിയന്ത്രിതകളി, എയ്റോബിക്സ്, തിയേറ്റർ ഗെയിം, ICT പ്രയോജനപ്പെടുത്തി സംഘടിപ്പിക്കാവുന്ന കളികൾ, വ്യായാമ കളികൾ.....എന്നിങ്ങനെ വ്യത്യസ്തങ്ങളായ കളികൾ പ്രീസ്കൂൾ പഠനസങ്കേതമായി പ്രയോജനപ്പെടുത്താവുന്നതാണ്.*

## കളികൾ

ഉയർന്ന സർഗാത്മകതയുള്ള കുട്ടികൾ പ്രീസ്കൂളിലുണ്ട്. സ്വന്തമായി കളികൾ രൂപീകരിക്കാൻ എന്തു പിന്തുണയാണ് അവർക്ക് നൽകേണ്ടത് എന്ന് ആലോചിക്കേണ്ടതുണ്ട്. കളിയുപകരണമായി പരിവർത്തിപ്പിക്കാവുന്ന പാഴ്‌വസ്തുക്കൾ, മറ്റു സാമഗ്രികൾ എന്നിവ കുട്ടികൾക്ക് നൽകിനോക്കൂ. ഈ സാമഗ്രികൾ പ്രയോജനപ്പെടുത്തി ചുരുങ്ങിയ സമയം കൊണ്ട് കുട്ടി ഒരു കളിയിൽ ഏർപ്പെടുന്നതു കാണാം. തന്റെ ചുറ്റുപാടുമുള്ള വസ്തുക്കളിൽ ഒരു കളിയുപകരണത്തെ ദർശിക്കാനുള്ള കഴിവാണ് ഇതിന് അവനെ സഹായിച്ചത്. ജിജ്ഞാസയും ശാസ്ത്രചിന്തയും വളർത്തുന്നതിന് ഇത്തരം അനുഭവങ്ങൾ കുട്ടിക്ക് വലിയ അളവിൽ സഹായകമാകും.

കുട്ടികൾക്ക് സ്വതന്ത്രമായി സർഗാത്മകതയോടെ കളിയിൽ ഏർപ്പെടുന്നതിന് പ്രീസ്കൂളിൽ കളികോർണറുകൾ സജ്ജമാക്കണം. സൂക്ഷ്മപേശീവികാസത്തിനുതകുന്ന സ്വാഭാവിക കളിപ്രവർത്തനങ്ങളിൽ മൂന്നുവയസ്സുകാരനെയും നാലുവയസ്സുകാരനെയും സജീവമായി പങ്കാളികളാക്കുന്നതിൽ കളികോർണറുകൾക്ക് വലിയ സ്ഥാനമുണ്ട്.


## കളിയും അനുരൂപീകരണവും

മുഴുവൻ കുട്ടികളേയും കളിപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ലക്ഷ്യം വയ്ക്കുന്ന ശേഷീവികാസം ഉറപ്പാക്കുകയും ചെയ്യണമെങ്കിൽ എല്ലാ കുട്ടികളെയും പരിഗണിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് നാം തിരഞ്ഞെടുക്കേണ്ടത്. വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ആത്മവിശ്വാസത്തോടെയും ആഹ്ലാദത്തോടെയും കളിപ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നുണ്ട് എന്ന് അധ്യാപിക ഉറപ്പുവരുത്തണം.

(വിശദാംശങ്ങൾക്ക് അനുരൂപീകരണം എന്ത്? എങ്ങനെ? എന്ന അധ്യായം നോക്കൂ).

**I. വ്യക്തിഗത കളികൾ**

- സ്വന്തം കളിക്കോപ്പുകൾക്കൊപ്പം.
- സ്ഥിരകളിയുപകരണങ്ങളിൽ (ഊഞ്ഞാൽ, മെറീഗോ റൗണ്ട്)
- ചെടികളോടും പൂക്കളോടും സംവദിച്ച്.
- ചമഞ്ഞുകളി (ഉദാ: പാവക്കുട്ടിയുടെ അമ്മയായി മാറൽ, അപ്പം ചുടൽ).
- കമ്പ്യൂട്ടർ/വീഡിയോ ഗെയിമുകൾ.
- കളിയുപകരണങ്ങൾ/കളിക്കോപ്പുകൾ നിർമിക്കൽ.
- കളിപ്പന്തൽ, കളിവീട് നിർമിക്കൽ തുടങ്ങിയവ.
- ജിഗ്സോ പസിലുകൾ പൂർത്തിയാക്കൽ.



**II. രണ്ടുപേരുടെ ഗ്രൂപ്പിൽ കളിക്കാവുന്ന കളികൾ**

- സൈഡുകളി
- പൂജ്യം വെട്ടിക്കളി
- റാണിയും മക്കളും
- ബോർഡ്ഗെയിമുകൾ
- ഡോമിനോ കളി
- കല്ലുകളി

**III. ഭാഷാവികാസത്തിനുതകുന്ന കളികൾ (കളിപ്പാട്ടുകൾ ഉള്ളവ).**

1. പൂ പറിക്കാൻ പോരുമോ?
2. മാണിക്യച്ചെമ്പഴുക്ക
3. കുലകുലമുന്തിരി
4. നാരങ്ങപ്പാല്
5. കൂടില്ലാത്തണ്ണാൻ
6. ....................



**IV. ചമഞ്ഞുകളി**

1. അമ്മയും കുഞ്ഞും
2. കഞ്ഞീം കറിയും വച്ചുകളി
3. ടീച്ചറും കുട്ടികളും
4. ബസ് - ഡ്രൈവറും കണ്ടക്ടറും

**V. ശാരീരിക ചാലകവികാസത്തിനുതകുന്ന, വലിയ ഗ്രൂപ്പിൽ കളിക്കാവുന്ന മറ്റു കളികൾ**

1. വിവിധ ഗെയിമുകൾ
2. പുലിയും പശുവും
3. കോഴിയും കുറുക്കനും
4. തൂവാല റാഞ്ചൽ
5. കാക്കകളി
6. കള്ളനും പോലീസും

## കളിയും ആശയരൂപീകരണവും

ആശയങ്ങളുടെ രൂപീകരണത്തിനും രൂപീകരിച്ച ആശയങ്ങൾ ഉറപ്പിക്കാനും കളികൾ പ്രയോജനപ്പെടുത്താം. ഉദാഹരണമായി, ജീവികൾ എന്ന തീമിൽ ശാരീരിക പ്രത്യേകതകളുടെ കാര്യത്തിൽ ജീവികൾ ഒരുപോലെയല്ല എന്ന ആശയത്തിന്റെ രൂപീകരണത്തിനായി ടീച്ചർക്ക് 'കൊമ്പരകൊമ്പേ' എന്ന കളി അവതരിപ്പിക്കാം.

### ഫ്രൂട്ട്സലാഡ് കളി

ടീച്ചർക്ക് കുട്ടികൾക്ക് 5/6 ജീവികളുടെ ചിത്രങ്ങൾ ബാഡ്ജായി നൽകുന്നു. (കൊമ്പുള്ളവ, ചിറകുള്ളവ, രണ്ടു കാലുള്ളത്, നാലുകാലുള്ളത്,

ഇഴയുന്നത്). കുട്ടികൾ വട്ടത്തിൽ കസേരയിൽ ഇരിക്കുന്നു. ടീച്ചർ ഒരു പ്രത്യേകത പറയുന്നു. (ഉദാ: കൊമ്പുള്ള ജീവി). ആ പ്രത്യേകതയുള്ള ജീവികൾ മാത്രം കസേരകൾ മാറിയിരിക്കണം. കുട്ടികൾ കസേര മാറുന്ന തിനിടയിൽ ടീച്ചർ ഒരു കസേരയിൽ ഇരിക്കുകയോ കൂട്ടത്തിൽനിന്ന് ഒരു കസേര എടുത്തുമാറ്റുകയോ ചെയ്യുന്നു. ഇങ്ങനെ വരുമ്പോൾ കസേര കിട്ടാത്ത കുട്ടിയാണ് തത്ത - തുടർന്ന് ആ കുട്ടി ഒരു പ്രത്യേകത പറയുന്നു. പ്രത്യേകതയുള്ള ജീവികൾ കസേര മാറുന്നു. ഇതിനിടയിൽ തത്തയായ കുട്ടി ഓടി ഒരു കസേരയിലിരിക്കുന്നു. മറ്റൊരു കുട്ടി കസേര കിട്ടാതെ കളിയിലെ തത്തയായി മാറുന്നു. ജീവികൾ എന്നാണ് തത്തയായ കുട്ടി വിളിച്ചു പറയുന്നത് എങ്കിൽ മുഴുവൻ കുട്ടികളും കസേര മാറണം.

**കളിപ്രവർത്തനത്തെ വിലയിരുത്തേണ്ടത് എങ്ങനെയൊക്കെ?**

- പങ്കാളിത്തം ഫലപ്രദമാണോ?
- ആശയം ഉൾക്കൊണ്ടുകൊണ്ട് കളിയിൽ ഏർപ്പെടാൻ കഴിഞ്ഞത് ആർക്കൊക്കെ?
- കളിയിൽ സജീവമാകുന്നതിൽ കുട്ടികൾ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ്?

**കളിയിലെ അനുരൂപീകരണം എങ്ങനെ?**

എല്ലാ കുട്ടികളേയും കളിയിൽ സജീവമായി പങ്കെടുപ്പിക്കാൻ ഇവിടെ എന്തു തന്ത്രം ഉപയോഗിക്കാമെന്ന് നോക്കൂ.

- ജീവികളുടെ ബാഡ്ജ് നൽകിയതിനുശേഷം പ്രത്യേകത പറഞ്ഞ് ജീവികളെ അടുത്തേക്ക് വിളിക്കാം.
- ബാഡ്ജ് ധരിച്ച് ജീവികൾ പ്രസ്തുത ജീവികളായി സഞ്ചരിക്കട്ടെ.

ഇത്തരം പ്രവർത്തനങ്ങൾക്കു ശേഷമാണ് ഫ്രൂട്ട്സലാഡ് കളി നടത്തുന്നതെങ്കിൽ താനാരാണെന്നും തന്റെ പ്രത്യേകത എന്തൊക്കെയാണെന്നുമുള്ള ബോധ്യത്തോടെ കുട്ടികൾക്ക് കളിയിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുകയില്ലേ?



## പെയ്യട്ടെ മഴ പെയ്യട്ടെ....

*നിർമല ടീച്ചർ ക്ലാസിലെത്തുമ്പോൾ കുട്ടികളെല്ലാം സ്നേഹത്തോടെ ചുറ്റും കൂടി. "ഇന്ന് ഒരു മാജിക് കാണിച്ചുതരാമെന്ന് ടീച്ചർ പറഞ്ഞിരുന്നു' - അമ്മു ഓർമിപ്പിച്ചു.*

*"ശരിയാണ്. എല്ലാവരും ഇരുന്നോളൂ. ഞാനിതാ മാജിക് ആരംഭിക്കുന്നു." ടീച്ചർ പറഞ്ഞു.*

*കുട്ടികളെല്ലാം ശ്വാസം അടക്കിപ്പിടിച്ചിരുന്നു.*

*ടീച്ചർ ഒരു കുപ്പിഗ്ലാസ് മേശയ്ക്ക് മുകളിൽ വച്ചു. " ആതിരമോൾ ഇതിൽ വെള്ളം നിറയ്ക്കൂ." ആതിരയ്ക്ക് വലിയ സന്തോഷമായി. അവൾ ഓടിപ്പോയി പാത്രത്തിൽ വെള്ളം കൊണ്ടുവന്ന് ഗ്ലാസിൽ ഒഴിച്ചു.*

*"ഗ്ലാസിൽ ഇപ്പോൾ വെള്ളമുണ്ടല്ലോ അല്ലേ?" ടീച്ചർ ചോദിച്ചു.*

*"ഉണ്ട് ടീച്ചർ" - കുട്ടികളെല്ലാം തലയാട്ടി.*

*"നിറയെ വെള്ളമുണ്ടല്ലോ?"*

*"ഇല്ല. നിറയാൻ ഇത്തിരിവെള്ളം കൂടി ഒഴിക്കണം" - ആദിത്യൻ പറഞ്ഞു.*

*"വെള്ളത്തിന് നിറമുണ്ടോ?"*

*"പച്ചവെള്ളത്തിന് നിറമുണ്ടാകില്ല ടീച്ചർ." അമ്മു അവളുടെ അറിവ് പങ്കുവച്ചു.*

*ടീച്ചർ കൈയിൽ കരുതിയ പൊട്ടാസ്യം പെർമാംഗനേറ്റിൽ നിന്ന് ഒരു തരിയെടുത്ത് പതിയെ ഗ്ലാസിലേക്കിട്ടു.*

*അത് വെള്ളത്തിനടിയിലേക്ക് താഴുമ്പോൾ വഴിയിലെല്ലാം വയലറ്റ് നിറം പടരാൻ തുടങ്ങി. നിറം പടർന്ന് വയലറ്റ് പൂക്കളുടെ രൂപമായി. "ഹായ്.... ഹായ്... ദേ നോക്കൂ, വെള്ളത്തിൽ വയലറ്റ് പൂവ്!"*

*കുട്ടികളെല്ലാം ഇരിപ്പിടത്തിൽനിന്നു ചാടിയെഴുന്നേറ്റു.*

*ടീച്ചർ വീണ്ടും തരികൾ ഗ്ലാസിലേക്കിട്ടു. പതിയെ വയലറ്റ് നിറം വെള്ളത്തിലാകെ പടർന്നു. ഗ്ലാസ് നിറയെ വയലറ്റ് നിറമായി.*

*"ടീച്ചർ എന്തു സൂത്രമാണ് കാണിച്ചത്?" കുട്ടികൾ ചോദിച്ചുകൊണ്ടേയിരുന്നു.*

കുട്ടികൾ അങ്ങനെയാണ്. കൗതുകക്കാഴ്ചകൾ അവർക്ക് വലിയ ഇഷ്ടമാണ്. അദ്ഭുതപ്പെടുത്തുന്ന കാഴ്ചകൾക്കു മുന്നിൽ എത്ര സമയം വേണമെങ്കിലും കുട്ടികൾ ചെലവഴിക്കും. ഇവിടെ അദ്ഭുതങ്ങളുടെ കേവല കാഴ്ചക്കാർ മാത്രമല്ല കുട്ടികൾ. തങ്ങളുടെ കണ്ണും കാതും മറ്റു പരമാവധി ഇന്ദ്രിയങ്ങളും പ്രയോജനപ്പെടുത്തി സമഗ്രമായ നിരീക്ഷണത്തിൽ ഏർപ്പെടുകയാണ് അവർ ചെയ്യുന്നത്. ഇത് അവരിൽ ജിജ്ഞാസ ഉണർത്തുകയും കാരണങ്ങൾ അന്വേഷിക്കാനുള്ള ത്വര ശക്തിപ്പെടുത്തുകയും ചെയ്യും. അവർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കും. കുട്ടികളുടെ ഈ നിരീക്ഷണശേഷി തുടർന്നുള്ള ആശയരൂപീകരണ പ്രക്രിയയിൽ അവരെ സഹായിക്കും. തന്റെ ചുറ്റുപാടുമുള്ള കാര്യങ്ങളെ സമഗ്രമായി നിരീക്ഷിക്കുന്നതിലൂടെ വിജ്ഞാനത്തിന്റെ വാതായനം അവർക്കു മുന്നിൽ തുറക്കപ്പെടും.

കുട്ടികളിൽ ത്വരിതഗതിയിൽ ന്യൂറോണുകൾ പരസ്പരം ബന്ധിക്കപ്പെടുന്ന ഘട്ടമാണ് പ്രീസ്കൂൾ കാലഘട്ടം. ഈ ഘട്ടത്തിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളാണ് പിൽക്കാലത്തെ അവരുടെ പഠനസന്നദ്ധതയെയും പഠനവേഗത്തെയും നിർണയിക്കുന്നത്. ചെറിയ പ്രായത്തിൽ കുട്ടികൾക്ക് ലഭിക്കുന്ന അനുഭവങ്ങളും കൗതുകക്കാഴ്ചകളും ന്യൂറോൺ വഴി തലച്ചോറിൽ സൂക്ഷിച്ചുവയ്ക്കപ്പെടുന്നുണ്ട്. ഉയർന്ന ക്ലാസിലെ അനുഭവങ്ങളെ തനിക്ക് ഇതിന് മുമ്പെ ലഭിച്ച അനുഭവങ്ങളുമായി ബന്ധിപ്പിച്ച് അറിവു രൂപീകരണ പ്രക്രിയ ഫലപ്രദമാക്കാനുള്ള കഴിവ് സഹജമായി കുട്ടികൾക്ക് ലഭിച്ചിട്ടുമുണ്ട്. ഇത്തരം പരസ്പര ന്യൂറോൺ ബന്ധങ്ങൾ (synapsis) നിശ്ചിത ആശയങ്ങളുമായി ബന്ധപ്പെട്ട കുട്ടിയുടെ അറിവിനെ ശക്തിപ്പെടുത്തും. അതുകൊണ്ടുതന്നെ പ്രീസ്കൂൾ ക്ലാസുകളിൽ ഒരു പഠനതന്ത്രം എന്ന നിലയിൽ ശാസ്ത്രകളികൾക്ക് വലിയ പ്രാധാന്യമുണ്ട്.

കുട്ടികളുടെ ജിജ്ഞാസ ഉണർത്തുന്നതും അവരിൽ കൗതുകം ജനിപ്പിക്കുന്നതുമായ എന്തൊക്കെ കാര്യങ്ങൾ നമുക്ക് ചുറ്റുമുണ്ട്? നിശ്ചിത തീമുമായി ബന്ധപ്പെട്ട് ഇത് എങ്ങനെയാണ് പ്രീസ്കൂൾ പ്രവർത്തനമായി നാം അവതരിപ്പിക്കുക?

**ഉദാഹരണങ്ങൾ നോക്കൂ!**

- തൊട്ടാവാടിയുടെ ഇല തൊടുമ്പോൾ ചുരുങ്ങുന്നതും അൽപ്പസമയം കഴിഞ്ഞാൽ നിവരുന്നതും.
- പൂമൊട്ട് വിരിഞ്ഞ് മനോഹരമായ പൂവാകുന്നത്.
- കായ പഴുക്കുന്നതും പച്ചനിറം മഞ്ഞനിറമാകുന്നതും.
- വിത്തു മുളയ്ക്കുന്നത്.
- തന്റെയൊപ്പം സഞ്ചരിക്കുന്ന അമ്പിളിമാമൻ.
- അപ്പൂപ്പൻതാടിയുടെ സഞ്ചാരം.
- നിഴലിന്റെ വിവിധ ആകൃതികൾ, സഞ്ചാരം.
-

ഈ കൗതുകങ്ങളിലൊക്കെ സാന്ദർഭികമായി കുട്ടികളുടെ ശ്രദ്ധയും നിരീക്ഷണവും ഉറപ്പുവരുത്തുക എന്നത് അധ്യാപികയുടെ ഉത്തരവാദിത്തമാണ്.

- സന്ദർഭം അവതരിപ്പിക്കുക, ജിജ്ഞാസ ഉണർത്തുക.
- ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുക.
- അന്വേഷിക്കാൻ ചുമതലപ്പെടുത്തുക.
- തന്റെ കണ്ടെത്തലുകൾ ശരിയാണോ എന്നുപരിശോധിക്കാൻ പ്രേരിപ്പിക്കുക.


അറിവുരൂപീകരണത്തിന്റെ ഈ പ്രക്രിയ ഉറപ്പുവരുത്താൻ അധ്യാപിക ശ്രദ്ധിക്കേണ്ടതുണ്ട്.

**പ്രീസ്കൂളിലെ തീമുകളുമായി ബന്ധപ്പെട്ട് ശാസ്ത്രകളികളായും ശാസ്ത്ര കൗതുകങ്ങളായും നൽകാവുന്ന ചില പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.**

## തീം : വെള്ളം / മഴ

**നിരീക്ഷണപ്രവർത്തനങ്ങൾ**

1. വെള്ളം തിളയ്ക്കുന്നത്.
2. പഞ്ചസാരയും ഉപ്പും വെള്ളത്തിൽ അലിഞ്ഞ് ഇല്ലാതാകുന്നത്.
3. വെള്ളത്തിൽ വസ്തുക്കൾ പൊങ്ങിനിൽക്കുന്നതും മുങ്ങിത്താഴുന്നതും.
4. കടലാസുതോണിയുടെ വെള്ളത്തിലൂടെയുള്ള സഞ്ചാരം.
5. വെള്ളത്തിലെ പ്രതിബിംബം.
6. വെള്ളം ഊതി മഴവില്ലാക്കൽ.
7. നനഞ്ഞ തുണി ഉണങ്ങുന്നത്.



8. നനയാത്ത തൂവാല (ശാസ്ത്രകൗതുകം).

## തീം : ജീവികൾ

**നിരീക്ഷണപ്രവർത്തനങ്ങൾ**

1. വർണച്ചിറകു വിരിച്ച് പൂമ്പാറ്റകളും തുമ്പികളും പറക്കുന്നത്.
2. പക്ഷികൾ പറക്കുന്നത്.
3. ജീവികൾ ഇഴയുന്നത്.
4. പക്ഷികളുടെ കൂടുകൾ
5. ചിതൽപ്പുറ്റ്
6. ഇലകൊണ്ടുള്ള ഉറുമ്പിന്റെ കൂട്
7. പുൽച്ചാടിയുടെ യാത്ര
8. ഓന്ത് നിറം മാറുന്നത്.
9. മുട്ടവിരിഞ്ഞ് കുഞ്ഞുങ്ങളുണ്ടാകുന്നത്.



## തീം : സസ്യങ്ങൾ

**നിരീക്ഷണപ്രവർത്തനങ്ങൾ**

1. വിവിധ ഇലകളുടെ ആകൃതി, നിറം എന്നിവ നിരീക്ഷിക്കൽ.
2. വിത്ത് മുളയ്ക്കുന്നത്.
3. വിവിധ വിത്തുകൾ, അവയുടെ നിറം, ആകൃതി (മഞ്ചാടിക്കുരു, കുന്നിമണി, പയർ...)
4. അപ്പൂപ്പൻതാടിയുടെ സഞ്ചാരം
5. പൂമൊട്ട് വിരിയുന്നത്.
6. വാഴത്തേനും വിരുന്നുകാരും
7. തൊട്ടാവാടി

അധ്യാപിക ഒരുക്കേണ്ടുന്ന നിരീക്ഷണപ്രവർത്തനങ്ങൾ, സാമഗ്രികൾ, പ്രവർത്തനരീതി എന്നിവ 'പഠനവിഭവങ്ങൾ' എന്ന പത്താം അധ്യായത്തിൽ നൽകിയിട്ടുണ്ട്. (പേജ് നമ്പർ 228 – 231)


കുട്ടികളുടെ പ്രായഗ്രൂപ്പ് അനുസരിച്ച് നിരീക്ഷണപ്രവർത്തനങ്ങൾ തിരഞ്ഞെടുത്ത് പ്രവർത്തനമൊരുക്കാൻ അധ്യാപിക ശ്രദ്ധിക്കണം. കൂടുതൽ സൂക്ഷ്മത ആവശ്യമുള്ള നിരീക്ഷണപ്രവർത്തനങ്ങൾ, നാലുവയസ്സുകാർക്ക് നൽകുന്നതാണ് ഉചിതം. മൂന്നുവയസ്സുകാർ കൗതുകക്കാഴ്ച എന്ന നില

യിൽ പ്രവർത്തനങ്ങളിൽ പങ്കാളികളാകുമ്പോൾ നാലുവയസ്സുകാരോട് കൂടുതൽ അന്വേഷണത്തിലേക്കു നയിക്കാനുതകുന്ന ചോദ്യങ്ങൾ അധ്യാപിക ചോദിക്കേണ്ടതാണ്.

കുട്ടികളുടെ നിരീക്ഷണശേഷി, ആശയഗ്രഹണശേഷി, ആശയവിനിമയ ശേഷി, നിരീക്ഷണ-പരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് എന്നിവ അധ്യാപിക വിലയിരുത്തുകയും ആവശ്യമായ ഫീഡ്ബാക്ക് നൽകുകയും വേണം.

**ശാസ്ത്രാനുഭവവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ**

- ചിത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ നിരീക്ഷിച്ച് സവിശേഷതകൾ പറയൽ.
- സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി പറയൽ.
  - വസ്തുക്കൾ താരതമ്യം ചെയ്ത്.
  - ചിത്രങ്ങൾ /മോഡലുകൾ താരതമ്യം ചെയ്ത്.
  - സംഭവങ്ങൾ (കേട്ട കഥ, സ്വാനുഭവം) താരതമ്യം ചെയ്ത്.
- ഒറ്റപ്പെട്ടവ കണ്ടെത്തൽ (ചിത്രങ്ങൾ, വസ്തുക്കൾ, നിഴലും ചിത്രവും എന്നിവ നിരീക്ഷിച്ച്).
- ജിഗ്സോ പസിലുകൾ (ബ്ലോക്സ്, ചിത്രങ്ങൾ തുടങ്ങിയവ).
- കളിപ്രവർത്തനങ്ങൾ (പഴം, പച്ചക്കറി, പൂവ്, കൊമ്പരകൊമ്പേ....)
- പഞ്ചേന്ദ്രിയാനുഭവങ്ങൾ - ഓർമപരിശോധന



മേശപ്പുറത്ത് കുറേ വാഹനങ്ങളുടെ കട്ടൗട്ട്/രൂപങ്ങൾ വച്ചിരിക്കുന്നു. എല്ലാ കുട്ടികളും വാഹനങ്ങൾ നിരീക്ഷിക്കുന്നു. അതിനുശേഷം കുട്ടികൾ കാണാതെ അതിലൊരു വാഹനം ടീച്ചർ ഒരു പെട്ടിയിലേക്ക് മാറ്റുന്നു.

ഏതു വാഹനമാണ് മാറ്റിയത് എന്ന് കുട്ടികൾ പറയണം.

മേശപ്പുറത്തെ മൊത്തം വാഹനങ്ങൾ നിരീക്ഷിച്ച് അതിൽ ഇല്ലാത്ത വാഹനം ഏതെന്നാണ് കുട്ടികൾ കണ്ടെത്തേണ്ടത്.

കുട്ടികൾ പറഞ്ഞു കഴിഞ്ഞാൽ ശരിയാണോ എന്നറിയാൻ പെട്ടി തുറന്നു കാണിക്കുന്നു. തുടർന്ന് മറ്റൊരു വാഹനം മാറ്റിവച്ച് കളി തുടരുന്നു.

ഈ പ്രവർത്തനം മറ്റൊരു രീതിയിൽ കളിക്കാം. മാറ്റിവച്ച വാഹനത്തിന്റെ സവിശേഷതകൾ ടീച്ചർ പറയുന്നു.

- വലുപ്പം
- ആകൃതി
- ചിത്രങ്ങളുടെ എണ്ണം
- ഉപയോഗം

കുട്ടികൾ വാഹനത്തിന്റെ പേരു പറയുന്നു.

കുട്ടികൾതന്നെ സവിശേഷതകൾ പറയുന്ന രീതിയിലും കളിയെ മാറ്റാം.

**ഈ കളിപ്രവർത്തനത്തിലൂടെ കുട്ടിക്ക് ഏതെല്ലാം ശേഷികളാണ് വികസിക്കുന്നത്?**



- നിരീക്ഷണം
- അപഗ്രഥിച്ചു പറയൽ
- ഓർമിച്ചെടുക്കൽ
- സവിശേഷതകൾ തിരിച്ചറിയൽ

ഇങ്ങനെ വൈജ്ഞാനിക വികാസമേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് വിവിധ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നൽകേണ്ടതില്ലേ?

- ചിത്രങ്ങൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവ നിരീക്ഷിച്ച് സവിശേഷതകൾ പറയൽ. കാര്യങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നവർക്ക് മാത്രമേ കൃത്യമായി പ്രതികരിക്കാൻ കഴിയൂ.
- താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തൽ. ഒരേ ചിത്രം ചില കാര്യങ്ങളിൽ വ്യത്യാസമോ ഒഴിവാക്കിയതോ ആയ ചിത്രങ്ങൾ നിരീക്ഷിച്ച് ഒന്ന് മറ്റൊന്നിൽനിന്ന് എന്തെല്ലാം കാര്യങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നത് എന്ന് കുട്ടി പറയണം. ഇവിടെയും സൂക്ഷ്മമായ നിരീക്ഷണമാണ് നടക്കുന്നത്.
- ഒറ്റപ്പെട്ടവ കണ്ടെത്തൽ - ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ ഇതിനായി ഉപയോഗിക്കാം.
- നിഴലും ചിത്രവും തമ്മിൽ ബന്ധിപ്പിക്കൽ.
- ജിഗ്സോ പസിലുകൾ (ബ്ലോക്കുകൾ, ചിത്രങ്ങൾ)
- പ്രാഗ്ഗണിത പ്രവർത്തനങ്ങൾ
- കളിപ്രവർത്തനങ്ങൾ

  ഉദാ: പഴം, പച്ചക്കറി, പൂവു കളി

  പഴം, പച്ചക്കറി, പൂവ് എന്നു പറഞ്ഞ് കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ഒരു കുട്ടി മുന്നിലെത്തുമ്പോൾ ടീച്ചർ പഴം എന്നു പറയുന്നു. അപ്പോൾ ആ കുട്ടി ഒരു പഴത്തിന്റെ പേരു പറയണം. കളി തുടരുന്നു. ഇങ്ങനെ പച്ചക്കറി, പൂവ് എന്നിവയെല്ലാം പറയാൻ കുട്ടികൾക്ക് അവസരം നൽകി കളി തുടരുന്നു.

  ഈ കളി ശരിയായി കളിക്കണമെങ്കിൽ കുട്ടിക്ക് പഴങ്ങൾ, പച്ചക്കറികൾ, പൂവ് എന്നിവയുടെ പേരുകൾ അറിയണം. അവയെ തരം തിരിക്കാൻ അറിയണം.

- കൊമ്പരകൊമ്പേ.........
- ഫ്രൂട്ട് സലാഡ്

  ഇതെല്ലാം വൈജ്ഞാനികമേഖലയുമായി ബന്ധപ്പെട്ട കളികളാണ്.

  പഞ്ചേന്ദ്രിയാനുഭവങ്ങളുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ പ്രീസ്കൂൾ ക്ലാസുകളിൽ നടക്കേണ്ടതുണ്ട്.

  കണ്ടും കേട്ടും തൊട്ടും മണത്തും രുചിച്ചും ചെയ്യാൻ അവസരം ലഭിക്കുന്ന പ്രവർത്തനങ്ങൾ വേണം. പെട്ടിയിൽ വച്ചിരിക്കുന്ന തക്കാളിയും ഉരുളക്കിഴങ്ങും കണ്ണുകെട്ടി തൊട്ടുനോക്കുന്നു.

- ഏതാണ് തക്കാളി? ഏതാണ് ഉരുളക്കിഴങ്ങ് എന്ന് കുട്ടി പറയണം.
- തുണിയിൽ പൊതിഞ്ഞു കെട്ടിയ കറിവേപ്പില, നാരകത്തിന്റെ ഇല എന്നിവ മണത്ത് കണ്ടുപിടിക്കുന്നു.

ഇങ്ങനെയുള്ള പഞ്ചേന്ദ്രിയവികസന സാധ്യതയുള്ള പ്രവർത്തനങ്ങളും വൈജ്ഞാനികമേഖലയുടെ ഭാഗമായി വരുന്നതു തന്നെയാണ്.

## ഒന്നും ഒന്നും രണ്ടല്ലോ

"ഇന്ന് ഞാനൊരു പാട്ടുപാടിത്തരാം. എല്ലാവരും ചേർന്ന് പാടണം. ടീച്ചർ കാണിക്കുന്ന ആംഗ്യം കാണിക്കുകയും വേണം". ബീനടീച്ചർ പാടിത്തുടങ്ങി:

*ഒന്നേ ഒന്നേ ഒന്നല്ലോ*
*കുടയ്ക്ക് കാല് ഒന്നല്ലോ*

*രണ്ടേ രണ്ടേ രണ്ടല്ലോ*
*കോഴിക്ക് കാലുകൾ രണ്ടല്ലോ*

*മൂന്നേ മൂന്നേ മൂന്നല്ലോ*
*തേങ്ങയ്ക്കു കണ്ണുകൾ മൂന്നല്ലോ*

*നാലേ നാലേ നാലല്ലോ*
*പൂച്ചയ്ക്ക് കാലുകൾ നാലല്ലോ*

*അഞ്ചേ അഞ്ചേ അഞ്ചല്ലോ*
*തെച്ചിക്കിതളുകൾ അഞ്ചല്ലോ*

പാട്ടുപാടുമ്പോൾ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ഓരോ സംഖ്യ പറയുമ്പോഴും അത്രയും എണ്ണം വിരലുകൾ പൊക്കിക്കാണിക്കുന്നു. കുട്ടികളും അതുപോലെ ചെയ്യുന്നു.

ഇങ്ങനെ ഗണിതപരമായ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പ്രീസ്കൂളിൽ നടത്താറുണ്ടല്ലോ. പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് ഗണിതപരമായി എന്തെല്ലാം മുന്നറിവുകളാണ് ഉള്ളത്? വലുത് - ചെറുത്, അടുത്ത് - അകലെ, കൂടുതൽ-കുറവ് ഇവ കുട്ടികളുടെ മുന്നറിവുകളല്ലേ? ഇതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം. കഥ, പാട്ട്, നിർമാണം, ചിത്രംവര, കളികൾ എന്നിവയിലെല്ലാം ഗണിതപരമായ ശേഷികൾ വളർത്തിയെടുക്കാനുള്ള അവസരമുണ്ട്.

ദാഹിച്ചുവലഞ്ഞ കാക്ക കുടത്തിലെ വെള്ളം കുടിച്ച് ദാഹം മാറ്റിയ കഥ കുട്ടികൾക്ക് പറഞ്ഞുകൊടുത്തിട്ടില്ലേ? ഈ കഥയിൽ ഗണിതശേഷികൾ ഉൾപ്പെടുത്തി പറയാമല്ലോ. അതിന് എന്തെല്ലാം മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ കഥയിൽ വരുത്തേണ്ടതുണ്ട്?

*ദാഹിച്ചുവലഞ്ഞ കാക്ക താഴെ വലിയൊരു കുടത്തിൽ കുറച്ചു വെള്ളം കണ്ടു.............................................. കാക്കയ്ക്ക് ഒരു സൂത്രം തോന്നി. കല്ലുകൾ കൊത്തിയിടാം. ഒന്ന്....... രണ്ട്..........മൂന്ന്..........നാല്.........അഞ്ച്.......... ഓരോ കല്ലും കൊത്തിയെടുത്ത് കുടത്തിലിട്ടു. ................................................ ദാഹം മാറ്റി കാക്ക കാ.........കാ........പാടി പറന്നുപോയി.*

ഇതുപോലെയുള്ള സാധ്യതകൾ മറ്റു കഥകളിലും ഉണ്ടാവില്ലേ? സ്വാഭാവികസന്ദർഭങ്ങളിൽ ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയണം.

വീട് എന്ന തീമുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടിക്ക് അവസരമുണ്ട്.

വീട് വരച്ച് നിറം നൽകുക, പേപ്പർ ഒട്ടിച്ച് വീടിന്റെ രൂപം ഉണ്ടാക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ഗണിതശേഷികൾക്ക് പ്രാധാന്യം നൽകുന്ന തരത്തിൽ നിർദേശങ്ങൾ നൽകാം.

രണ്ടു ജനലുകൾക്ക് ഒരേ നിറം നൽകുക, ഒരു വാതിൽ വരയ്ക്കുക, നീളത്തിൽ സ്റ്റെപ്പ് വരയ്ക്കുക എന്നിങ്ങനെയും വലിയ വീട്, ചെറിയ വീട്, ജനൽ, വാതിൽ ഇവയുടെ ആകൃതി, ഉയരമുള്ള വീട്, ഉയരം കുറഞ്ഞ വീട് ഇങ്ങനെ എന്തെല്ലാം സാധ്യതകളുണ്ട്?

ആദ്യം എല്ലാവരും വലിയൊരു വീട് വരയ്ക്കുക. അതിനുശേഷം അതിനേക്കാൾ ചെറിയ വീട് വരയ്ക്കുക. പിന്നീട് അതിനേക്കാൾ ചെറുത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ കുട്ടികളിൽ വെല്ലുവിളിയും താൽപ്പര്യവുമുണ്ടാക്കും.

മുൻകൂട്ടി തയാറാക്കിയ വിവിധ വലുപ്പത്തിലുള്ള വീടുകളുടെ കട്ടൗട്ടുകൾ നിശ്ചിത സമയം കൊണ്ട് വലുപ്പക്രമത്തിൽ ക്രമീകരിക്കുന്ന പ്രവർത്തനം രസകരമായ ഒരു കളികൂടിയാവില്ലേ?

വീടിന്റെ ഉപതീമായി അടുക്കള പരിഗണിക്കാം.അടുക്കള എന്ന തീമുമായി ബന്ധപ്പെടുത്തി ഗണിതശേഷികൾക്ക് ധാരാളം സാധ്യതകളുണ്ട്. പാത്രങ്ങളുടെ എണ്ണം, അളവുകൾ, പാചകം....

ഒരു ഗ്ലാസ് വെള്ളം, ഒരു കപ്പ് വെള്ളം, രണ്ട് ബക്കറ്റ് വെള്ളം എന്നിങ്ങനെയുള്ള പ്രയോഗങ്ങളുടെ സാധ്യത ഉണ്ടല്ലോ. പാചകം എന്നത് കുട്ടിക്ക് താൽപ്പര്യമുള്ള പ്രവർത്തനമാണ്.

നമുക്ക് സലാഡ് ഉണ്ടാക്കാം. എന്തെല്ലാമാണ് സലാഡ് ഉണ്ടാക്കാൻ വേണ്ടത്? സവാള, തക്കാളി, ഉപ്പ്, തൈര്... ആദ്യം രണ്ട് സവാള ചെറുതായി അരിയാം. ഇനി ഈ മൂന്നു തക്കാളി ചെറുതായി അരിയാം. ഇതിലേക്ക് ഒരു സ്പൂൺ ഉപ്പ് ചേർക്കാം. ഒരു ഗ്ലാസ് തൈരും കൂടി ചേർത്ത് ഇളക്കിയെടുക്കാം. നമ്മുടെ സലാഡ് തയാറായി.

ഇങ്ങനെ നിർദേശങ്ങൾ നൽകി കുട്ടികളെക്കൊണ്ട് സലാഡ് തയാറാക്കിക്കാം.

അളവുകൾ, സംഖ്യകൾ എന്നിവ സ്വാഭാവികസന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന പ്രവർത്തനമാണ് പാചകം.

കൂട്ടങ്ങളാക്കുക, വേർതിരിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നടത്താം.

യഥാർഥ പഴങ്ങൾ, പച്ചക്കറികൾ അല്ലെങ്കിൽ പഴങ്ങളുടെയും പച്ചക്കറികളുടെയും രൂപങ്ങൾ/ചിത്രം എന്നിവ കൂട്ടങ്ങളാക്കാൻ പറയാം. മാങ്ങയുടെ കൂട്ടം, ആപ്പിളിന്റെ കൂട്ടം, വെള്ളരിക്കയുടെ കൂട്ടം... ഇങ്ങനെ ചെയ്യാം. ഏതു കൂട്ടമാണ് വലുത്? ഏതാണ് ചെറുത്? എന്നിങ്ങനെയുള്ള ചോദ്യങ്ങളും ആവാം.

ഏതു കൂട്ടമാണ് ഏറ്റവും വലുത്? അതിനേക്കാൾ ചെറുത് ഏതു കൂട്ടമാണ്? എന്നിങ്ങനെ ചോദിച്ച് കുട്ടികളെക്കൊണ്ട് പറയിക്കാം.

ഇത് ഒരു കളിപ്രവർത്തനമായി നടത്താം. മേശപ്പുറത്ത് ഒരു സ്കൂൾബാഗ് വയ്ക്കുന്നു. ഇതിനേക്കാൾ ചെറിയ ഒരു സാധനം എല്ലാവരും എടുത്തു കാണിക്കൂ. കുട്ടികൾ ചെയ്യുന്നു.

ഇനി അതിനേക്കാൾ ചെറുത് എടുത്തു കാണിക്കൂ. ഇനി അതിലേറെ ചെറുത്..... ഇങ്ങനെ സൂക്ഷ്മമായ നിരീക്ഷണത്തിലേക്കു കുട്ടികളെ നയിക്കുന്ന തരത്തിൽ നിർദേശങ്ങൾ നൽകാം.

## ഇനിയും എന്തെല്ലാം സാധ്യതകൾ?

വിസിലടിക്കുമ്പോൾ ഇലകളെ വലുതിൽ നിന്ന് ക്രമമായി ചെറുതിലേക്കും തിരിച്ചും ക്രമീകരിക്കുക.

ഒരാൾ ഒരു വലിയ വട്ടം വരയ്ക്കുക. അടുത്തയാൾ അതിലേറെ ചെറുത്.... ഇങ്ങനെ എത്രമാത്രം ചെറുതാക്കി വരയ്ക്കാൻ കഴിയും?

സ്വാഭാവികമായ സന്ദർഭങ്ങളിൽ ഗണിതശേഷികൾ വികസിക്കുന്നതിനുള്ള അവസരങ്ങൾ പ്രവർത്തനങ്ങളുടെ ഭാഗമാക്കാൻ കഴിയണം.

സ്ഥലപരമായ കാര്യങ്ങൾ, ഗുണപരമായ കാര്യങ്ങൾ എന്നിവ പ്രാഗ്ഗണിതശേഷികളാണ്.

അടുത്ത്-അകലെ, താഴെ - മുകളിൽ എന്നിവ സ്ഥലപര ഗണിതശേഷിയും വലിയ കൂട്ടം - ചെറിയ കൂട്ടം, വലിയ പെട്ടി - ചെറിയ പെട്ടി, നീളം കൂടിയത് - നീളം കുറഞ്ഞത് എന്നിവ ഗുണപരമായ ഗണിതശേഷിയുമാണ്.

ഗണിതപഠനത്തിൽ **ELPS** ഘട്ടങ്ങൾ പാലിക്കേണ്ടതുണ്ട്.

**E** - Experience, **L** - Language , **P** - Picture , **S** - symbol

ഇതിൽ ആദ്യത്തെ മൂന്നു ഘട്ടങ്ങൾ പ്രീസ്കൂളിൽ പരിഗണിക്കേണ്ടതും S (symbol) ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതുമാണ്.

കുട്ടിയുടെ മുന്നറിവ് പ്രയോജനപ്പെടുത്തി അനുഭവങ്ങൾ നൽകുക.

ഇതിന് ആവശ്യമായ ഗണിതഭാഷ ഉപയോഗിക്കുക.

ചിത്രം/രൂപം എന്നിവയുമായി ബന്ധിപ്പിക്കുക. (5 പൂവ് , 4 കിളി..)

മുകളിൽ സൂചിപ്പിച്ച ഘട്ടങ്ങളിലൂടെ ക്രമമായി വികസിപ്പിച്ചു വരേണ്ടതാണ് ഗണിതശേഷികൾ.

# ചിത്രകൗതുകം

## അനുഭവക്കുറിപ്പ് വായിക്കാം

"പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തി എത്രത്തോളം എന്ന അന്വേഷണത്തിന്റെ ഭാഗമായി ഇന്ന് ഞാൻ തലവിൽ പ്രീസ്കൂൾ വിദ്യാലയത്തിലാണ് ചെന്നത്. ക്ലാസിലെ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയാണ് ശിവനന്ദ. ഞാനെത്തുമ്പോൾ 'അമ്മയെ കാണണമെന്നു പറഞ്ഞ്' കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു അവൾ. ടീച്ചർ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അവൾ കരച്ചിൽ നിർത്തിയില്ല. കരച്ചിലിന്റെ ശബ്ദം കുറഞ്ഞപ്പോൾ ടീച്ചർ പ്രവർത്തനത്തിലേക്കു കടന്നു.

വീടുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് ടീച്ചർ തുടക്കമിട്ടു. തുടർന്ന് ടീച്ചർ കുട്ടികൾ കണ്ട വീടിന്റെ ചിത്രം വരയ്ക്കാൻ നിർദേശിച്ചു. കുട്ടികളെല്ലാം ചിത്രം വരയ്ക്കാൻ തുടങ്ങി.

ഞാൻ പതിയെ ശിവനന്ദയുടെ അടുത്തെത്തി. അവളെ ചേർത്തുപിടിച്ച് കുറച്ചകലെ മാറിയിരുന്നു. ഞാനവളുടെ കൈയിൽ കടലാസും ക്രയോണും വച്ചുകൊടുത്തു. അവൾ വലിയ താൽപ്പര്യമൊന്നും കാണിക്കാതെ കടലാസിൽ കുത്തിവരച്ചു. ഞാനതിനെ ഒരു വട്ടമാക്കി മാറ്റി. കണ്ണും മൂക്കും വായും വരച്ചു. അവൾ വീണ്ടും എന്തോ കോറിയിട്ടു. ഞാനതിനെയും രൂപമാക്കി മാറ്റി. ഈ പ്രവർത്തനം അവൾക്കിഷ്ടമായി. അവൾ കുത്തിവരച്ചുകൊണ്ടേയിരുന്നു. ഞാനും വിട്ടില്ല. കടലാസ് മുഴുവൻ പലപല രൂപങ്ങൾ. അവളുടെ മുഖം വിടർന്നു.

ഞാൻ ഒരു ഗ്ലാസെടുത്ത് പേപ്പറിൽ വച്ച് അതിന് ചുറ്റിലും വരച്ച് ഒരു വട്ടമുണ്ടാക്കി. തുടർന്ന് ശിവനന്ദയും ഗ്ലാസിനു ചുറ്റിലും വരച്ച് വട്ടമുണ്ടാക്കി. ഞാനതിൽ ചില വരകൾ വരച്ച് പന്താക്കി മാറ്റി. അവൾ രണ്ടാമതും വട്ടം വരച്ചു. ഞാനതിനെ ആമയാക്കി മാറ്റി. ഈ പ്രക്രിയ തുടർന്നു. അവളിപ്പോൾ ആഹ്ലാദപൂർവം വരയ്ക്കാനും നിറം നൽകാനും തുടങ്ങി.



ക്ലാസിലെ കൂട്ടുകാർ അവർ വരച്ച വീടിന്റെ ചിത്രങ്ങൾ ടീച്ചറെ കാണിക്കാൻ തുടങ്ങി. ഞാൻ കടലാസെടുത്ത് ഒരു കൊച്ചു വീടു വരച്ച് ശിവനന്ദയ്ക്ക് നൽകി. ആ മൂന്നുവയസ്സുകാരി ആവേശത്തോടെ അതിന് നിറം നൽകാൻ തുടങ്ങി."

- ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ടോ?
- കുട്ടിയുടെ പ്രായവും താൽപ്പര്യവും വൈകാരികതലവുമെല്ലാം പരിഗണിച്ച് എങ്ങനെയാണ് ഇത്തരം സന്ദർഭങ്ങളിൽ നിങ്ങൾ ഇടപെട്ടത്?
- കുട്ടികളുടെ ശ്രദ്ധാദൈർഘ്യം വർധിപ്പിക്കാൻ ചിത്രംവര എത്രത്തോളം സഹായകമാണ്?

## ചിത്രംവരയുടെ പ്രസക്തി

ലേഖനശേഷി കൈവരിക്കുന്നതിനു മുമ്പുള്ള കുട്ടികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവിഷ്കാരരീതിയാണ് ചിത്രംവര. തന്റെ നിരീക്ഷണങ്ങളും ചിന്തകളും ഇഷ്ടങ്ങളും പ്രകടിപ്പിക്കാനുള്ള ഏറ്റവും ശക്തമായ സങ്കേതങ്ങളും ചിത്രംവര തന്നെ. കണ്ടും കേട്ടും അനുഭവിച്ചും മനസ്സിലാക്കിയ ആശയത്തെ ചിത്രീകരിക്കാൻ കുട്ടികൾക്കു കഴിയും. കുട്ടിയുടെ വളർച്ചയോടൊപ്പം ചിത്രരചനാശേഷിയും വളരും.

**കുട്ടിയുടെ ചിത്രത്തെ വിശകലനം ചെയ്താൽ എന്തൊക്കെ കാര്യങ്ങൾ കണ്ടെത്താം?**

- നിരീക്ഷണശേഷി
- ആശയഗ്രഹണത്തിന്റെ ഫലപ്രാപ്തി
- ആശയസ്വീകരണത്തിലെ സമഗ്രത

- തന്റെ ചുറ്റുപാടുമുള്ള വസ്തുക്കൾ, അവയുടെ പ്രത്യേകതകൾ എന്നിവ തിരിച്ചറിയാനുള്ള കുട്ടിയുടെ കഴിവ്.
- നിറങ്ങളെക്കുറിച്ചുള്ള ധാരണ.
- ചിത്രീകരണത്തിനുള്ള കഴിവ്, നിലനിൽക്കുന്ന പരിമിതി.
- ലേഖനസാമഗ്രികൾ (കടലാസ്, പെൻസിൽ, ക്രയോൺ കൈകാര്യം ചെയ്യാനുള്ള കഴിവ്/പരിമിതി).

ഇവയോരോന്നും സൂക്ഷ്മമായി കണ്ടെത്തി ആവശ്യമായ പിന്തുണ ഉറപ്പിക്കലല്ലേ ചിത്രരചനാശേഷി വികസിപ്പിക്കുന്നതിനായി നാം ചെയ്യേണ്ടത്?

## വിവിധ രചനാസങ്കേതങ്ങൾ

1. സ്ക്രിബ്ലിങ്
2. ലൈൻ ഡ്രോയിങ്
3. കുത്തുകൾ യോജിപ്പിക്കൽ
4. പകുതിച്ചിത്രം പൂർത്തിയാക്കൽ
5. സ്റ്റെൻസിൽ ചിത്രങ്ങൾ
6. കട്ടൗട്ട്ചിത്രങ്ങൾ
7. ഊതൽ ചിത്രങ്ങൾ
8. വിരൽച്ചിത്രങ്ങൾ
9. നൂൽച്ചിത്രങ്ങൾ
10. മാർബ്ളിങ്
11. വെജിറ്റബിൾ പ്രിന്റിങ്
12. ഇലപ്രിന്റ്
13. സ്വതന്ത്രചിത്രരചന
14. നിറം നൽകൽ
15. മെഴുകുചിത്രങ്ങൾ
16. കൊളാഷ്
17. സ്പ്രേ പെയിന്റിങ്







ചിത്രകലയുമായി ബന്ധപ്പെട്ട ഒട്ടേറെ രചനാസങ്കേതകൾ പ്രീസ്കൂൾ അധ്യാപികയ്ക്ക് പ്രയോജനപ്പെടുത്താൻ കഴിയും. എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ചില പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

എല്ലാ കുട്ടികളിലും ഒരു ചിത്രകാരനോ ചിത്രകാരിയോ മറഞ്ഞുകിടപ്പുണ്ടാവും. തന്റെ ആശയങ്ങളെ എഴുത്തിലൂടെ ആവിഷ്കരിക്കാൻ കഴിയാത്ത കുട്ടി അവ വരകളിലൂടെ പ്രകടിപ്പിക്കാൻ ശ്രമിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവും.

### സ്ക്രിബ്ലിങ്

*മൂന്നുവയസ്സുകാരി നജുമോൾ ഒരു കടലാസുമായി അച്ഛന്റെ അടുത്തേക്ക് ഓടിയെത്തി.*

*"അച്ഛാ.... അച്ഛാ.... ഇത് നോക്ക്. ഞാൻ അച്ഛന്റെയും അമ്മയുടെയും എന്റെയും പടം വരച്ചത് കണ്ടോ?" കടലാസിൽ നോക്കിയ അച്ഛൻ അവ്യക്തമായ കുറേ വരകളും വട്ടങ്ങളും കുത്തുകളുമാണ് കണ്ടത്.*

*"ഏതാ മോളേ ഇതിൽ അച്ഛൻ?"*

*"ഇതാ, ഈ മീശ വരച്ചത് അച്ഛൻ. ഇത് അമ്മ. ഇത് മോൾ." കുത്തിവരച്ചിട്ട വരകൾക്കിടയിൽനിന്ന് അച്ഛനെയും അമ്മയെയും മോളെയും കണ്ടെത്താൻ അച്ഛൻ ഏറെ ബുദ്ധിമുട്ടി.*

സ്ക്രിബ്ലിങ് എന്ന ഈ കുത്തിവരകൾ കുഞ്ഞിനെ സംബന്ധിച്ചിടത്തോളം

വ്യക്തമായ ചിത്രങ്ങൾ തന്നെയാണ്. ചിത്രരചനയുടെയും എഴുത്തിന്റെയും ബാലപാഠങ്ങൾ കുട്ടി സ്വായത്തമാക്കുന്നത് സ്ക്രിബ്ലിങ്ങിലൂടെയാണ്.

### ലൈൻ ഡ്രോയിങ്

നേർവരകളും വട്ടങ്ങളും ഉൾപ്പെടുത്തി തീപ്പെട്ടിക്കമ്പ് ചിത്രങ്ങൾ (stick pictures) വരയ്ക്കുന്ന ഘട്ടത്തിലേക്ക് ക്രമേണ കുട്ടി വളരും. അവയവങ്ങളുടെ വിശദാംശങ്ങളൊന്നുമില്ലാത്തതും അവയവങ്ങൾ യഥാസ്ഥാനത്തല്ലാത്തതുമായ മനുഷ്യരുടെയും ജീവികളുടെയും പരിചിത ചിത്രങ്ങൾ കുട്ടികൾ വരയ്ക്കുന്നത് കാണാൻ കഴിയും. വൃത്തം, ചതുരം, ത്രികോണം തുടങ്ങിയ ജ്യാമിതീയരൂപങ്ങൾ ഉപയോഗിച്ച് പ്രകൃതിയിൽ കാണുന്ന വസ്തുക്കളെ ചിത്രീകരിക്കാനുള്ള കഴിവ് പിന്നീട് വളരുന്നു. ഇത് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ സ്വതന്ത്രചിത്രരചനയിൽനിന്നു നിർദേശിക്കുന്ന വസ്തു/ആശയങ്ങൾ ചിത്രീകരിക്കുന്നതിലേക്ക് കുട്ടിയെ നയിക്കുന്നതാവണം പ്രീസ്കൂൾ അധ്യാപികയുടെ ബോധപൂർവമായ പ്രവർത്തനം.

*സൂക്ഷ്മനിരീക്ഷണത്തിലൂടെ വിശദാംശങ്ങൾ കണ്ടെത്തി ആവിഷ്കരിക്കുകയാണ് ചിത്രരചനയുടെ ആധാരശില. മാതൃകകൾ കാണിച്ച് നിരീക്ഷണത്തിന് പ്രേരണ നൽകുന്ന ഫീഡ്ബാക്കുകൾ നൽകിയും കുഞ്ഞുങ്ങളുടെ രചനകൾ മെച്ചപ്പെടുത്താൻ അധ്യാപികയ്ക്ക് കഴിയും.*

### കുത്തുകൾ യോജിപ്പിക്കൽ

മാതൃകകൾ നോക്കി കുത്തുകൾ മാത്രം നൽകിയ കടലാസിൽ ലളിതമായ ചിത്രം പുനർസൃഷ്ടിക്കാനുള്ള പ്രവർത്തനം നാലുവയസ്സുകാർക്ക് നൽകിത്തുടങ്ങാം. കുത്തുകളിൽനിന്ന് കുത്തുകളിലേക്ക് നേർവരകൾ വരയ്ക്കാൻ ഇതിലൂടെ പരിശീലനം ലഭിക്കുന്നു. കൂടാതെ മാതൃകകളെ സൂക്ഷ്മമായി നിരീക്ഷിക്കാനും പുനരാവിഷ്കരിക്കാനും കഴിവുനേടുന്നു.

### പകുതിച്ചിത്രം പൂർത്തിയാക്കൽ

ഒരു ഭാഗത്തെ ചിത്രം നോക്കി മറുപകുതി പൂർത്തിയാക്കൽ ചിത്രരചനയിൽ ഉപയോഗിക്കുന്ന ഒരു രീതിയാണ്. ചിത്രം നിരീക്ഷിച്ച് മറുപകുതിയിലുണ്ടാകേണ്ട മാറ്റങ്ങൾ കണ്ടെത്തി വരയ്ക്കുമ്പോൾ അംഗപ്പൊരുത്തമായ (Symmetrical) സവിശേഷതകൂടി കണക്കിലെടുക്കേണ്ടിവരും. നിരീക്ഷണത്തിനുമപ്പുറമുള്ള ചില മാനസികപ്രക്രിയകൾ ഇത്തരം രചനയിലൂടെ വളർത്തിയെടുക്കാൻ കഴിയില്ലേ?

### സ്റ്റെൻസിൽ/കട്ടൗട്ട് ചിത്രങ്ങൾ

കാർഡിലോ എക്സ്റേ ഷീറ്റിലോ നേരിയ പ്ലാസ്റ്റിക് ഷീറ്റിലോ ചിത്രങ്ങളുടെ ഔട്ട്ലൈനുകൾ വരച്ച് ഉള്ളിലെ ഭാഗം വെട്ടിമാറ്റിയെടുത്താൽ സ്റ്റെൻസിൽ നിർമിക്കാം.

മൂന്നുവയസ്സുകാർക്ക് ചിത്രങ്ങൾ വരയ്ക്കാൻ ഇത് നല്ല മാർഗമാണ്. പെൻസിൽ/ക്രയോൺ കൊണ്ട് ചിത്രത്തിന്റെ അരുക് ഭാഗത്തൂടെ വരയ്ക്കാം. പെൻസിൽ തുടങ്ങിയ എഴുത്തുപകരണങ്ങൾ പിടിക്കാനുള്ള പരിശീലനം ഇതിലൂടെ നേടാനാവും. ക്രയോൺ കൊണ്ട് സ്റ്റെൻസിലിലെ ഒഴിഞ്ഞ ഭാഗത്ത് ഉരസുമ്പോൾ സൂക്ഷ്മപേശികളുടെ പ്രവർത്തനമികവ് വർധിക്കുക മാത്രമല്ല, സ്റ്റെൻസിൽ മാറ്റി നോക്കുമ്പോൾ തെളിയുന്ന ചിത്രത്തിന്റെ മനോഹാരിത ഉണർത്തുന്ന കൗതുകവും ആഹ്ലാദവും ഒന്നുവേറെത്തന്നെയല്ലേ! ഇങ്ങനെ ഓരോ തീമിനും അനുയോജ്യമായ സ്റ്റെൻസിലുകൾ നിർമിച്ചുപയോഗിക്കാനാവും.

### കട്ടൗട്ടുകൾ

സ്റ്റെൻസിലുകളുടെ ചിത്രത്തിന് പുറത്തുള്ള ഭാഗത്ത് ഒരു കൈകൊണ്ട് പിടിച്ച് മറുകൈ കൊണ്ട് വരയ്ക്കാൻ കഴിയും. എന്നാൽ കട്ടൗട്ടുകളുടെ ചുറ്റും വരയുമ്പോൾ മധ്യഭാഗത്ത് അമർത്തിപ്പിടിച്ചേ വരയ്ക്കാനൊക്കൂ. കുറച്ചുകൂടി ശ്രമകരമായതിനാൽ നാലുവയസ്സുകാർക്ക് കട്ടൗട്ട് നൽകിത്തുടങ്ങാം. ഇവിടെയും ചിത്രരൂപത്തിന്റെ പുറത്തെ അരുകിലൂടെ ശ്രദ്ധിച്ച് വരച്ചാലേ ചിത്രം പൂർത്തീകരിക്കാൻ കഴിയൂ. പ്രീസ്കൂളിൽ നൽകുന്ന കട്ടൗട്ട് ചിത്രങ്ങൾ കുഞ്ഞിന് കൈകാര്യം ചെയ്യാവുന്ന തരത്തിൽ വലിയ ചിത്രങ്ങളാകുന്നതാണ് നല്ലത്.

### ഊതൽ ചിത്രങ്ങൾ

കടലാസിൽ ഒരു തുള്ളി ചായം വീഴ്ത്തിയ ശേഷം സ്ട്രോ ഉപയോഗിച്ച് ചായത്തിൽ ഊതുകയാണ് ചെയ്യുന്നത്. ചായം പലഭാഗത്തേക്ക് വരകൾ പോലെ പടർന്നു നീങ്ങും. ഉണ്ടാകുന്ന വരകളുടെ അറ്റങ്ങളിൽ കടലാസ് ചുരുട്ടി ചായത്തിൽ മുക്കി പതിപ്പിച്ചാൽ പൂക്കൾ നിർമിക്കാനും കഴിയും. പച്ചനിറം ഉപയോഗിച്ച് ഇലകളും ഇതേ രീതിയിൽ ചെയ്യാനാവും.

### വിരൽച്ചിത്രങ്ങൾ

കൈവിരൽ ചായത്തിൽ മുക്കി പതിപ്പിച്ച് നിർമിക്കുന്നവയാണ് വിരൽച്ചിത്രങ്ങൾ. കൈപ്പത്തി മുഴുവനായി പതിപ്പിച്ചും വിരലിന്റെ അറ്റം മാത്രം പതിപ്പിച്ചും ചിത്രങ്ങൾ ഉണ്ടാക്കാം. ചിത്രത്തിൽ സ്കെച്ച് പേനകൊണ്ട് ചെറുവരകൾ നൽകുമ്പോൾ പൂക്കളും പക്ഷികളും മൃഗങ്ങളും മറ്റു വസ്തുക്കളുമൊക്കെയാക്കാൻ കഴിയും.

### നൂൽച്ചിത്രങ്ങൾ

കടലാസ് നേർപകുതിയായി മടക്കുക. മടക്കിയ ഭാഗം തുറന്ന ശേഷം ചായത്തിൽ മുക്കിയ നൂൽ വളച്ചു പുളച്ച് നൂലിന്റെ അറ്റം കടലാസിന് പുറത്തു കാണത്തക്കവിധം വയ്ക്കുക. ഇനി കടലാസിനെ നൂലിന്റെ മുകളിലേക്ക് വീണ്ടും മടക്കുക. കട്ടിയുള്ള കാർഡ്ബോർഡോ ഒരു പുസ്തകമോ കടലാസിന് മുകളിൽവച്ച് അമർത്തിപ്പിടിച്ചശേഷം പുറത്ത് കാണുന്ന നൂലിന്റെ അറ്റം വലിക്കുക. കടലാസിൽ ഇരുവശത്തുമായി ലഭിച്ച ചിത്രം നോക്കൂ. വ്യത്യസ്ത നിറത്തിലുള്ള ചായങ്ങൾ ഉപയോഗിച്ച് വൈവിധ്യമുള്ള ചിത്രങ്ങൾ നിർമിക്കാം.

### പച്ചക്കറി പ്രിന്റിങ്

വെണ്ടക്ക, ചേമ്പിൻതണ്ട്, വാഴയിലക്കൈ, ഉള്ളി (സവാള), ബീൻസ്, കാപ്സിക്കം തുടങ്ങിയവ മുറിച്ച് ചായത്തിൽ മുക്കി പതിപ്പിച്ച് പൂക്കളും ഡിസൈനുകളും നിർമിക്കാം.

### ഇല പ്രിന്റിങ്

ഇലകളുടെ അടിയിൽ ചായം തേച്ച് അവ കടലാസിൽ പതിപ്പിക്കുന്നതാണ് ഒരു രീതി. കടലാസിൽ ചായം തേച്ച ഇലകൾ വച്ചശേഷം ഒരു കാർഡ്ബോർഡ് മുകളിൽവച്ച് അമർത്തുന്നതാണ് നല്ലത്.

കടലാസിനടിയിൽ കമഴ്ത്തിവച്ചശേഷം കടലാസിന് മുകളിലൂടെ ഇല വച്ച ഭാഗത്ത് ക്രയോൺ കൊണ്ട് ഉരസുകയാണ് വേണ്ടത്. ഇലയുടെ ഞരമ്പുകൾ തെളിഞ്ഞുവരും.

### സ്പ്രേ പെയിന്റിങ്

ഇലകളോ ചിത്രങ്ങൾ മുറിച്ചെടുത്തതോ കടലാസിൽ വയ്ക്കുക. പഴയ ടൂത്ത്ബ്രഷ് ചായത്തിൽ മുക്കിയശേഷം ബ്രഷിന്റെ നാരുകളിൽ വിരൽകൊണ്ട് അമർത്തി വലിക്കുമ്പോൾ ചായത്തുള്ളികൾ തെറിച്ചു വീഴും. ഇലയുടെ/ചിത്രത്തിന്റെ അരുകിലൂടെ ചായത്തുള്ളികൾ വീഴ്ത്തിയശേഷം ഇല/ചിത്രം എടുത്തു മാറ്റുക. വെളുത്ത നിഴൽ കടലാസിലുണ്ടാവും. ചുറ്റും സ്പ്രേ ചെയ്ത നിറവും. ഒന്നിലധികം നിറങ്ങൾ സ്പ്രേ ചെയ്താൽ നന്നായിരിക്കും.

### കൊളാഷ്

നിറമുള്ള കൊച്ചു കടലാസ്തുണ്ടുകളോ തുണിക്കഷണങ്ങളോ ഒട്ടിച്ച് രൂപപ്പെടുത്തുന്ന ചിത്രങ്ങളാണിത്. പ്രീസ്കൂൾ ക്ലാസിൽ ഔട്ട്ലൈൻ ചിത്രങ്ങൾക്കുള്ളിൽ അനുയോജ്യമായ നിറങ്ങളുള്ള കടലാസ് തുണ്ടുകൾ ഒട്ടിക്കുന്നതാണ് നല്ലത്. കടലാസ് ചെറുതായി കീറിയെടുക്കുക, പശതേക്കുക, ഒട്ടിക്കുക തുടങ്ങിയ സൂക്ഷ്മപ്രവൃത്തികളിൽ ഏർപ്പെടുമ്പോൾ കൈവിരലുകളിലെ പേശികളുടെ വികസനം സാധ്യമാകുന്നു. നിറങ്ങൾ തിരഞ്ഞെടുക്കുന്നതിലും ചിത്രം ആകർഷകമാക്കുന്നതിലും ഭാവനയും ക്രിയാത്മകതയും ഉപയോഗിക്കുകയല്ലേ ചെയ്യുന്നത്?

## മെഴുകുചിത്രങ്ങൾ

മെഴുകുതിരി/വെള്ളനിറമുള്ള ക്രയോൺ ഉപയോഗിച്ച് വെള്ളക്കടലാസിൽ നേരത്തേ ചിത്രം വരച്ചു നൽകുന്നു. ഇനി കടലാസിൽ കടുത്ത നിറമുള്ള ചായം തേയ്ക്കൂ. മെഴുകിൽ വരച്ച ചിത്രം തെളിഞ്ഞുവരുന്നതു കാണാം. കുട്ടികൾക്ക് കൗതുകകരമായ അനുഭവമായിരിക്കും ഇത്.

## മാർബിളിങ്

പരന്ന പാത്രത്തിലെ വെള്ളത്തിൽ പലനിറത്തിലുള്ള ഇനാമൽ പെയിന്റ് തുള്ളികൾ വീഴ്ത്തുക. ഒരു വടി ഉപയോഗിച്ച് ഇളക്കുക. വെള്ളത്തിന് മുകളിൽ പല ഡിസൈനുകളിലായി പെയിന്റ് നിൽക്കും. സാവധാനം വെള്ളക്കടലാസ് വെള്ളത്തിന്റെ ഉപരിതലത്തിൽ വച്ചശേഷം ഉയർത്തുക. കടലാസിൽ മാർബിൾ പോലെ ഡിസൈൻ പതിയും. കുട്ടികളെക്കൊണ്ട് ചെയ്യിക്കുമ്പോൾ പെയിന്റ് കൈയിൽ പറ്റിപ്പിടിക്കാത്തവിധം കടലാസിന്റെ ഇരുവശവും മടക്കുകൾ ഉണ്ടാക്കി അതിൽ പിടിച്ചുവേണം വെള്ളത്തിന്റെ ഉപരിതലത്തിലേക്ക് വയ്ക്കേണ്ടത്.

## സ്വതന്ത്രചിത്രരചന

കുട്ടികളുടെ മനസ്സിലുള്ള ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള ശക്തമായ മാധ്യമങ്ങളിലൊന്നാണ് ചിത്രരചന. ആശയങ്ങൾ മാത്രമല്ല, അവരുടെ വികാരങ്ങളും പ്രകടിപ്പിക്കാൻ ചിത്രങ്ങൾ ഉപയോഗിക്കുന്ന അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. വാചികമായി പ്രകടിപ്പിക്കാൻ പ്രയാസമുള്ള കുട്ടികൾക്കും ആശയപ്രകടനത്തിന് സഹായിക്കാൻ ചിത്രരചനയിലൂടെ സാധ്യമാകും. ഓരോ തീമിലെയും ആർജിതമായ ജ്ഞാനം പരിശോധിക്കുന്നതിനും ക്ലാസ് റൂം അനുഭവങ്ങൾക്ക് ശേഷം നേടിയ പുതിയ ആശയങ്ങൾ ആവിഷ്കരിക്കുന്നതിനും സ്വതന്ത്രചിത്രരചനയിലൂടെ സാധ്യമാകും.

**വിവിധ തരത്തിൽ സ്വതന്ത്രചിത്രരചന നിർവഹിക്കാം**

ഉദാഹരണം - വിവിധ നിറമുള്ള ചോക്കുകൾ ഉപയോഗിച്ച് തറയിൽ ചിത്രങ്ങൾ വരയ്ക്കാൻ കുട്ടികൾക്ക് അവസരം നൽകണം. ചെറിയ ചിത്രങ്ങൾ മാത്രം വരച്ച് ശീലമുള്ളവർക്ക് വലിയ ചിത്രങ്ങൾ വരയ്ക്കാനുള്ള പരിശീലനമാണ് ഇതിലൂടെ ലഭിക്കുന്നത്. തറ ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ ശിശുസൗഹൃദ ബ്ലാക്ക്ബോർഡുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

## നിറം നൽകൽ

3+ പ്രായത്തിലുള്ള കുട്ടികൾ നിറം നൽകുന്നതിനുള്ള മാധ്യമമായി ക്രയോണുകൾ ഉപയോഗിക്കുന്നതാണുത്തമം. 4+ പ്രായത്തിലുള്ള കുട്ടികൾക്ക് കളർപെൻസിലുകൾ, സ്കെച്ച്പേന, ജലച്ചായം തുടങ്ങിയ മാധ്യമങ്ങൾ നിറം നൽകാനായി ഉപയോഗിക്കാവുന്നതാണ്.

നിശ്ചിത അതിരുകൾക്കകത്ത് തന്നെ നിറം നൽകാൻ ആദ്യഘട്ടത്തിലൊന്നും കുട്ടികൾക്ക് കഴിയില്ല. ക്രമേണ ആ കഴിവിലേക്കെത്തുന്നതിന് ധാരാളം പ്രവർത്തനങ്ങൾ ഓരോ തീമിന്റെയും ഭാഗമായി നൽകേണ്ടതുണ്ട്. അനുയോജ്യമായ നിറം തിരഞ്ഞെടുക്കാനും അതിന്റെ യുക്തി പറയാനും കുട്ടികൾക്ക് അവസരം നൽകാവുന്നതാണ്.

ജലച്ചായം ഉപയോഗിക്കുമ്പോൾ ബ്രഷുകൾക്ക് പകരമായി സ്പോഞ്ച് കഷണങ്ങൾ, ഇയർബഡ്സ് തുടങ്ങിയവ ഉപയോഗിച്ച് നിറം നൽകാനുള്ള അവസരമാണ് ആദ്യഘട്ടത്തിൽ നൽകേണ്ടത്.

വൈവിധ്യമാർന്ന ചിത്രരചനാസങ്കേതങ്ങൾ പരിചയപ്പെട്ടല്ലോ.

ചിത്രങ്ങൾ വരയ്ക്കുന്നതിനു മുമ്പ് ചിത്രങ്ങൾ കാണാനും അവ വായിക്കാനുമുള്ള അനുഭവങ്ങൾ ധാരാളമായി ലഭിക്കേണ്ടതില്ലേ?

പ്രീസ്കൂളിന്റെ ചുമരുകൾ തന്നെ ശിശുസൗഹൃദപരമായ ചിത്രങ്ങൾ കൊണ്ട് ആകർഷകമാക്കാൻ കഴിയില്ലേ? കുട്ടികൾ ഇഷ്ടപ്പെടുന്ന കഥാപാത്രങ്ങളുടെ ആഹ്ലാദകരമായ അന്തരീക്ഷത്തിലുള്ള ചിത്രപശ്ചാത്തലമാണ് നന്നാവുക.

ചിത്രമൂല (Art corner) പ്രീസ്കൂളിൽ ഒരുക്കുന്നത് നന്നായിരിക്കും. അവിടെ എന്തൊക്കെയുണ്ടാവണം?

- ചിത്രം വരയ്ക്കാനാവശ്യമായ ഉപകരണങ്ങൾ (കടലാസ്, ക്രയോൺ, സ്കെച്ച് പേനകൾ, പെൻസിലുകൾ, നിറം നൽകുന്നതിനുള്ള ചായങ്ങൾ, വെള്ളം, പാലെറ്റ് (Palette), ചായം എടുക്കാനുള്ള പാത്രങ്ങൾ, സ്പോഞ്ച് കഷണങ്ങൾ, ഇയർ ബഡ്, ബ്രഷുകൾ, പഴയ ടൂത്ത്ബ്രഷുകൾ, നിറമുള്ള കടലാസുകൾ, പഴയ മാസികകൾ, പശ.....)
- കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള ഡിസ്പ്ലേ ബോർഡ്.
- മാതൃകാചിത്രങ്ങൾ
- ചിത്രപുസ്തകങ്ങൾ

## പോർട്ട്ഫോളിയോ

പ്രീസ്കൂളിൽ കുട്ടികളുടെ ശേഷീവികാസത്തിനുള്ള തെളിവുകളായി ഉപയോഗിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ടവ കുട്ടികളുടെ ചിത്രങ്ങളായിരിക്കും. പ്രീസ്കൂളിൽ ചേരുന്ന സമയത്തുള്ള കുട്ടിയുടെ രചനകളും ഓരോ മാസം കഴിയുമ്പോൾ രചനയിൽ വന്ന മാറ്റങ്ങളും കൃത്യമായി മനസ്സിലാക്കാനും രക്ഷിതാക്കളെ ബോധ്യപ്പെടുത്താനും സാധിക്കും.

ഇങ്ങനെ ഓരോ കുട്ടിയുടെയും ഉൽപ്പന്നങ്ങൾ ശേഖരിച്ച് ഒരു പോർട്ട്ഫോളിയോ ബാഗിൽ സൂക്ഷിക്കാവുന്നതാണ്. അധ്യാപകർക്ക് കുട്ടികളെ വിലയിരുത്തി കുറിപ്പുകൾ തയാറാക്കാനും കുട്ടികളെയും രക്ഷിതാക്കളെയും അധികാരികളെയും ബോധ്യപ്പെടുത്താനും ഇതിലൂടെ സാധിക്കും.


കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രവർത്തനത്തിനു ശേഷം പ്രദർശിപ്പിക്കുകയും മികച്ചവ തിരഞ്ഞെടുക്കാനുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യണം.

- ഏതാണ് ഏറ്റവും നന്നായത്?
- എന്തൊക്കെ പ്രത്യേകതകളാണ് ആ ചിത്രത്തിനുള്ളത്?

ഇങ്ങനെ ചോദിക്കുമ്പോൾ കുട്ടിയുടെ ചിന്തയും നിരീക്ഷണശേഷിയും വർധിക്കില്ലേ? കുട്ടി ഇവിടെ സ്വന്തം ചിത്രവുമായി താരതമ്യം നടത്തുമ്പോൾ ഉണ്ടാകുന്ന സ്വയം തിരിച്ചറിവാണ് പഠനത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകമാവുന്നത്. അതുകൊണ്ടുതന്നെ ഓരോ രചനയ്ക്കുശേഷവും ഈ രീതിയിലുള്ള വിലയിരുത്തൽ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കണം.







## നിർമാണം

# വണ്ടി വണ്ടി പ്ലാവിലവണ്ടി


അനുകരണസ്വഭാവമുള്ളവരാണ് കുട്ടികൾ. ഈ സ്വഭാവസവിശേഷത വരയ്ക്കുന്നതിലും നിർമിക്കുന്നതിലും കുട്ടികൾ പ്രകടിപ്പിക്കാറുണ്ട്. പ്രകൃതിയിൽ കാണുന്ന വസ്തുക്കളുടെ മാതൃകകൾ അവരുടേതായ രീതിയിൽ ആവിഷ്കരിക്കുന്നതിൽ ഏറെ തൽപ്പരരാണ് കുട്ടികൾ. ഈ സവിശേഷത പ്രയോജനപ്പെടുത്തി ധാരാളം പ്രവർത്തനങ്ങൾക്ക് പ്രീസ്കൂളിൽ സാധ്യതകളുണ്ട്. പേപ്പർ മടക്കി വിവിധ രൂപങ്ങൾ നിർമിക്കുക, പ്രകൃതിയിൽനിന്ന് നേരിട്ടു ലഭിക്കുന്ന ഇലകൾ, കായ്കൾ എന്നിവ ഉപയോഗിച്ച് കളിയുപകരണങ്ങൾ നിർമിക്കുക, മുറിച്ചും ഒട്ടിച്ചും വിവിധ വസ്തുക്കൾ ഉണ്ടാക്കുക എന്നിവയെല്ലാം നിർമാണ പ്രവർത്തനങ്ങൾ തന്നെയാണ്.

### നിർമാണപ്രവർത്തനത്തിൽ ഏർപ്പെടുമ്പോൾ...

- സൂക്ഷ്മപേശീവികാസത്തിന് അവസരം ലഭിക്കുന്നു.
- സർഗാത്മക, സൗന്ദര്യാത്മക ശേഷീവികാസം സാധ്യമാക്കുന്നു.
- സാമൂഹിക-വൈകാരിക വികാസം സാധ്യമാകുന്നു.
- കര-നയന ഏകോപനം സാധ്യമാകുന്നു.
- ഇതിനു പുറമേ പ്രകൃതിയോടും പ്രകൃതിയിലെ പാഴ്വസ്തുക്കളോടും താൽപ്പര്യം ഉണ്ടാക്കുന്നതിനും കഴിയുന്നു.
- കുട്ടിക്ക് വളരെ താൽപ്പര്യമുള്ള പ്രവർത്തനമാണ് നിർമാണം.


ഏറെ സാങ്കേതികത ആവശ്യമുള്ള നിർമാണപ്രവർത്തനങ്ങൾ 3+ 4+ പ്രായത്തിലുള്ള കുട്ടികൾക്ക് ചെയ്യാൻ കഴിയില്ല. ഇതിൽത്തന്നെ 3+ 4+ വ്യത്യാസങ്ങളുണ്ട്.

ടീച്ചർ തയാറാക്കുന്നവ നിരീക്ഷിക്കാനും ആസ്വദിക്കാനും കുട്ടിക്ക് അവസരം നൽകണം. കടലാസ് ഉപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും. ഏറ്റവും ലളിതമായി ഒരു തോണിയുടെ രൂപം ഉണ്ടാക്കുന്നത് നോക്കൂ. കടലാസ് ത്രികോണാകൃതിയിൽ മുറിച്ചെടുത്ത് ഒറ്റ മടക്കൽ കൊണ്ട് തോണിരൂപം ഉണ്ടാക്കാം.





ഇങ്ങനെ തയാറാക്കുന്ന തോണി ചായം തേച്ച് മനോഹരമാക്കാം. ഇത് ഉപയോഗിച്ച് കൂട്ടങ്ങളാക്കൽ, വരിവരിയായി ക്രമീകരിക്കൽ, ഒരേ നിറമുള്ളവയെ ക്രമീകരിക്കൽ എന്നിങ്ങനെ ധാരാളം പ്രവർത്തനസാധ്യതകളില്ലേ? അപ്പോൾ നിർമാണം എന്നത് കേവലമായ നിർമാണത്തിനു പകരം നിർമിച്ച വസ്തുക്കൾ ഉപയോഗിച്ച് ചില പ്രവർത്തനങ്ങൾ ചെയ്യാൻ പ്രയോജനപ്പെടുത്തുന്നതിലേക്കു വളരുന്നു.

ഓല ഉപയോഗിച്ച് വാച്ച്, പങ്ക, കണ്ണട, പാവ, പാമ്പ് ഇങ്ങനെ എന്തെല്ലാം കളിപ്പാട്ടങ്ങൾ ഉണ്ടാക്കാം. മച്ചിങ്ങയും പ്ലാവിലയും ഉപയോഗിച്ച് കളിവണ്ടി, വിത്തുകൾ ഒട്ടിച്ചുചേർത്ത് ചിത്രങ്ങൾ, കൊളാഷ്, സോക്സിനുള്ളിൽ പഞ്ഞി നിറച്ച് പാവ, കടലാസ് പെട്ടികൾ കൊണ്ട് വീട് എന്നിങ്ങനെ അനവധി സാധ്യതകളുണ്ട്.



ഓരോ നിർമാണപ്രവർത്തനവും കഴിഞ്ഞാൽ അത് ഉപയോഗിച്ച് മറ്റൊരു പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയണം. ഇത് കളി പ്രവർത്തനം, പ്രാഗ്ഗണിതപ്രവർത്തനം, ഭാഷാപ്രവർത്തനം എന്നിവയിൽ ഏതുമാകാം. ടീച്ചർ ആവശ്യമായ മുന്നൊരുക്കം നടത്തിയ ശേഷം വേണം നിർമാണപ്രവർത്തനം നടക്കേണ്ടത്.

കടയിൽനിന്ന് വാങ്ങുന്ന കളിപ്പാട്ടങ്ങളേക്കാൾ കുട്ടിക്ക് താൽപ്പര്യം അവൻ സ്വയം നിർമിക്കുന്ന കളിപ്പാട്ടങ്ങൾ തന്നെയാണ്. അത് കുട്ടിയിൽ അഭിമാന ബോധം ഉണ്ടാക്കുന്നു. ആത്മവിശ്വാസം വളർത്തുന്നു. പാഴ്വസ്തുക്കളുടെ പ്രയോജനപ്പെടുത്തൽ എന്ന ശീലത്തിലേക്ക് നയിക്കുന്നു.



- തന്റെ ചുറ്റുപാടിനെ സൂക്ഷ്മമായി നിരീക്ഷിക്കാനും തനിക്കാവശ്യമുള്ള വസ്തുക്കൾ കണ്ടെത്തി ഉപയോഗിക്കാനും കുട്ടി കഴിവ് നേടുന്നു.

**പ്രകൃതിനടത്തം**

## കറങ്ങി വരാം.... പറയാം...

പ്രീസ്കൂളിൽ കുട്ടികൾക്ക് ഏറ്റവും ഫലപ്രദമായത് നേരിട്ടു ലഭിക്കുന്ന അറിവുകളാണ്. കണ്ടും കേട്ടും ചെയ്തുനോക്കിയും കുട്ടി തന്റെ അറിവിന്റെ സീമകൾ വിപുലപ്പെടുത്തുന്നു. ക്ലാസ്മുറിക്കകത്തു വച്ച് നടക്കുന്ന പ്രവർത്തനവും പുറത്തു നടക്കുന്ന പ്രവർത്തനവുമുണ്ട്. കുട്ടിയെ സംബന്ധിച്ചിടത്തോളം ക്ലാസും ചുറ്റുപാടും എല്ലാം ചേർന്നതാണ് അവന്റെ പാഠപുസ്തകം.

നേരിട്ട് പ്രകൃതിയെ അറിയുന്നതിന്, പ്രകൃതിയിലെ വിവിധങ്ങളായ സസ്യങ്ങളെ തിരിച്ചറിയാൻ, ജീവജാലങ്ങൾ, ധാതുക്കൾ, പ്രകൃതിപ്രതിഭാസങ്ങൾ, ജലസ്രോതസ്സുകൾ എന്നിവയെല്ലാം കാണുന്നതിനും പ്രകൃതിനടത്തം ഏറെ പ്രയോജനപ്രദമാണ്.

**പ്രകൃതിനടത്തം കൊണ്ട് എന്തൊക്കെ മെച്ചങ്ങൾ?**

- സൂക്ഷ്മമായ നിരീക്ഷണശേഷി
- കണ്ട കാര്യങ്ങൾ പറയാനുള്ള ശേഷി
- അനുഭവങ്ങൾ വിവരിക്കാനുള്ള ശേഷി
- ശേഖരിക്കാനുള്ള മനോഭാവം



ഇങ്ങനെ ഒട്ടേറെ ശേഷികൾ പ്രകൃതിനടത്തത്തിലൂടെ കുട്ടിക്ക് ലഭിക്കുന്നുണ്ട്.

**ഒരു യാത്ര എന്നതിനപ്പുറത്തേക്ക് പ്രകൃതിനടത്തത്തിന് ഒട്ടേറെ പ്രത്യേകതകളുണ്ട്. അതിനനുസരിച്ച് ആസൂത്രണം ചെയ്തു വേണം പ്രകൃതിനടത്തം നടത്തേണ്ടത്.**

- പോകേണ്ടയിടം മുൻകൂട്ടി തീരുമാനിക്കണം.
- ഉദ്ദേശിച്ച കാര്യം അവിടെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.
- അപകടരഹിതമാണ് എന്ന് ഉറപ്പുവരുത്തണം.
- പോകുന്ന കാര്യം, എന്തിനാണ് പോകുന്നത് എന്നിവ കുട്ടികളുമായി മുൻകൂട്ടി ചർച്ചചെയ്യണം.
- പോകുമ്പോൾ എന്തു ചെയ്യണം? എന്തെല്ലാം ശ്രദ്ധിക്കണം? എന്തൊക്കെ ശേഖരിക്കണം? ഇക്കാര്യങ്ങൾ മുൻകൂട്ടി കുട്ടികളെ അറിയിക്കണം.
- രക്ഷിതാക്കളോട് വിവരം പറയുകയും അവരെക്കൂടി പങ്കാളികളാക്കുകയും വേണം.

ഇതെല്ലാം പ്രകൃതിനടത്തത്തിനു മുമ്പ് ചെയ്യേണ്ട കാര്യങ്ങളാണ്.

**പ്രകൃതിനടത്ത സമയത്ത് എന്തെല്ലാം ശ്രദ്ധിക്കണം?**

- ഉദ്ദേശിച്ച കാര്യങ്ങളിൽ എല്ലാ കുട്ടികളും പങ്കാളികളാകുന്നു എന്ന് ഉറപ്പുവരുത്തുക.
- അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കുട്ടികളെ പ്രേരിപ്പിക്കണം.
- ടീച്ചറുടെ നിർദേശങ്ങൾ, ചോദ്യങ്ങൾ എന്നിവയിലൂടെ കൃത്യമായ നിരീക്ഷണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- ഓരോ ഇടവും അപകടരഹിതമാണെന്ന് ഉറപ്പാക്കണം.

### പ്രകൃതിനടത്തത്തിനുശേഷം

- കണ്ട കാര്യങ്ങളെക്കുറിച്ച് പറയുന്നു.
- കണ്ട കാര്യങ്ങൾ ചിത്രീകരിക്കുന്നു.
- ടീച്ചറുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നു.

കൃത്യമായി ആസൂത്രണം ചെയ്താൽ ഏറെ രസകരവും വിജ്ഞാനപ്രദവുമായ പ്രവർത്തനമാക്കി പ്രകൃതിനടത്തത്തെ മാറ്റാം.

കുളം സന്ദർശിക്കുമ്പോൾ എന്തെല്ലാം കാര്യങ്ങളായിരിക്കും കുട്ടി നിരീക്ഷിച്ചിട്ടുണ്ടാവുക?

- വെള്ളം
- കരയിലെയും ജലത്തിലെയും സസ്യങ്ങൾ
- കുളത്തിലെ ജീവികൾ
- കുളത്തിനു ചുറ്റും കാണുന്ന മറ്റു ജീവികൾ (പൊൻമാൻ, കൊക്ക്)
- 



അപ്പോൾ ഇത്തരം കാര്യങ്ങളിലേക്ക് കുട്ടിയുടെ ശ്രദ്ധക്ഷണിക്കുന്ന തരത്തിലുള്ള ഇടപെടലായിരിക്കണം ടീച്ചർ നടത്തേണ്ടത്.




# തീമുകൾ – പഠനാനുഭവങ്ങൾ

## തീമുകൾ


പ്രിസ്കൂൾ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന ഓരോ കുട്ടിയും നിരവധി ശേഷികൾ ആർജിക്കേണ്ടതുണ്ട്. വിനിമയ സൗകര്യത്തിനുവേണ്ടി അവയെ വിവിധ ശേഷിപ്രസ്താവനകളാക്കി ക്രമീകരിച്ചിട്ടുണ്ട്.ഈ ശേഷികൾ തീംവിനിമയ പ്രവർത്തനങ്ങളിലൂടെയാണ് ഓരോ കുട്ടിയും കൈവരിക്കേണ്ടത്.അതുകൊണ്ട് ഈ ശേഷിപ്രസ്താവനകൾ സ്വാംശീകരിച്ചുകൊണ്ട് വേണം അധ്യാപകർ പ്രക്രിയയും അനുഭവപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യേണ്ടത്.ക്ലാസ്റൂം വിനിമയസൗകര്യത്തിനായി മുപ്പതു തീമുകൾ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട് (പട്ടിക നോക്കുക). മുപ്പതു തീമുകളെ ലളിതമായി സംഗ്രഹിച്ചിരിക്കുന്നു (വെബ് നോക്കുക).

### തീമുകൾ പരിഗണിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?

- ആശയങ്ങൾ കുത്തിനിറയ്ക്കുന്നതിനുള്ള ഉപാധിയാക്കി മാറ്ററുത്.
- കാലാവസ്ഥയ്ക്കും പ്രാദേശിക പ്രത്യേകതകൾക്കും അനുസരിച്ച് ക്രമപ്പെടുത്തണം.
- ശിശുവിന്റെ വിവിധ വികാസ മേഖലകൾ/ശേഷികൾ എന്നിവയുടെ വികാസത്തിന് അനുയോജ്യമാംവിധം ആസൂത്രണം ചെയ്യണം.
- തുടർപഠനത്തിന് ശിശുക്കൾക്ക് പ്രചോദനകരമാകുംവിധം തീമുകളുമായി ബന്ധപ്പെട്ട് പരമാവധി അനുഭവങ്ങൾ രസകരമായി നൽകണം.
- ഔപചാരിക പഠനതലത്തിലേക്ക് വഴുതിവീഴാതെ നോക്കണം.
- തീമുകളുടെ പരസ്പരബന്ധം പരിഗണിച്ച് അനുഭവങ്ങൾ നൽകണം.
- 3, 4 വയസ്സുകാരുടെ ശാരീരികവും മാനസികവുമായ വളർച്ച, കഴിവുകൾ, ആവശ്യങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വ്യത്യസ്ത അനുഭവങ്ങൾ അവർക്ക് നൽകണം. തീമുകൾ പരിഗണിക്കുമ്പോൾ പ്രായം പരിഗണിക്കാം. ഉദാഹരണമായി പൊതുസ്ഥാപനങ്ങൾ, ടി.വി., റേഡിയോ എന്നിവ നാലുവയസ്സുകാർക്ക് പരിഗണിക്കാം.
- ശിശുവികാസമേഖലകളും ബുദ്ധിയുടെ ബഹുമുഖതലങ്ങളും പരസ്പരം ബന്ധിപ്പിച്ചു പ്രവർത്തനാസൂത്രണം നടത്തണം.
- ചാക്രികാരോഹണം (Spiralling) സാധ്യത ഉറപ്പുവരുത്തണം. ഉപതീമുകൾ പരിഗണിച്ച് സ്പൈറിലിങ് ഉറപ്പുവരുത്താം.

ഉദാഹരണത്തിന് ജീവികൾ എന്ന തീം എടുക്കുമ്പോൾ വളർത്തുമൃഗങ്ങൾ, വളർത്തുപക്ഷികൾ എന്നിവ ആദ്യം പരിഗണിക്കാം. തുടർന്ന് വരുന്ന ഏതെങ്കിലും തീമുകളിൽ പക്ഷികൾ, ശലഭങ്ങൾ, പ്രാണികൾ എന്നിവയും പിന്നീട് ഇഴജന്തുക്കളും ഉൾക്കൊള്ളിക്കാം.

തീമുകളെ വികാസമേഖലകൾ/ശേഷികൾ എന്നിവയുമായി ബന്ധപ്പെടുത്തി ശിശുക്കൾക്ക് അനുഭവങ്ങൾ നൽകുന്ന രീതിയാണ് അവലംബിക്കേണ്ടത്. പ്രീസ്കൂളിൽ പരിഗണിക്കാവുന്ന തീമുകളാണ് താഴെ കൊടുത്തിരിക്കുന്നത്. പ്രാദേശിക സവിശേഷതകൾ, കാലാവസ്ഥ എന്നിവ പരിഗണിച്ച് ടീച്ചർക്ക് ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.



തീമുകൾ
കുടുംബം
വീടും പരിസരവും
ഞാനും എന്റെ ശരീരവും - ശുചിത്വം
ആഹാരം
വസ്ത്രം
മഴയും കാലാവസ്ഥയും
വാഹനങ്ങൾ
പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ
സസ്യങ്ങൾ പഴങ്ങൾ
പച്ചക്കറികൾ
പക്ഷികൾ
ജീവികൾ, വളർത്തുജീവികൾ, വളർത്തുപക്ഷികൾ
ആരോഗ്യം, രോഗങ്ങൾ, ആശുപത്രി
ഗാന്ധിജയന്തി
തൊഴിൽ
കളികൾ, വിനോദങ്ങൾ
വെള്ളം, പുഴ, കടൽ
പ്രാണികൾ, ഉരഗങ്ങൾ
ശിശുദിനം
ആകാശം
എന്റെ ഗ്രാമം
പൊതുസ്ഥാപനങ്ങൾ
കാട്, മരങ്ങൾ
ക്രിസ്മസ്
വാർത്താവിനിമയ മാധ്യമങ്ങൾ (റേഡിയോ, ടി.വി, ഫോൺ, പത്രം)

| പ്രീസ്കൂൾ തീമുകൾ | | |
|---|---|---|
| 1<br>2 | കുടുംബം<br>വീടും പരിസരവും | ജൂൺ |
| 3<br>4<br>5 | ഞാനും എന്റെ ശരീരവും - ശുചിത്വം<br>മഴയും കാലാവസ്ഥയും<br>സസ്യങ്ങൾ, പഴങ്ങൾ | ജൂലൈ |
| 6<br>7<br>8 | ആഹാരം<br>ആഘോഷങ്ങൾ - സ്വാതന്ത്ര്യദിനം<br>ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | ആഗസ്റ്റ് |
| 9<br>10<br>11 | പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ<br>ഓണം, റംസാൻ<br>പച്ചക്കറികൾ | സെപ്തംബർ |
| 12<br>13<br><br>14<br>15 | ഗാന്ധിജയന്തി<br>ജീവികൾ,വളർത്തുജീവികൾ,<br>വളർത്തുപക്ഷികൾ<br>വന്യജീവികൾ<br>മണ്ണ്, കൃഷി | ഒക്ടോബർ |
| 16<br>17<br>18 | തൊഴിൽ<br>ശിശുദിനം<br>പക്ഷികൾ | നവംബർ |
| 19<br>20<br>21 | പ്രാണികൾ, ഇഴജന്തുക്കൾ<br>വസ്ത്രം<br>ക്രിസ്മസ് | ഡിസംബർ |
| 22<br>23<br>24 | വാഹനങ്ങൾ<br>എന്റെ ഗ്രാമം<br>പൊതുസ്ഥാപനങ്ങൾ | ജനുവരി |
| 25<br>26<br>27 | കലകൾ, പ്രാദേശിക ഉത്സവങ്ങൾ<br>ആകാശം<br>കളികൾ, വിനോദങ്ങൾ | ഫെബ്രുവരി |
| 29<br><br>29<br>30 | വാർത്താവിനിമയ മാധ്യമങ്ങൾ<br>(റേഡിയോ, ടി.വി, ഫോൺ, പത്രം)<br>വെള്ളം, പുഴ, കടൽ<br>കാട്, മരങ്ങൾ | മാർച്ച് |

## ഗ്രിഡുകൾ എങ്ങനെ പ്രയോജനപ്പെടുത്താം?

വികാസമേഖലകൾ, ബഹുമുഖബുദ്ധിതലങ്ങൾ, തീമുകൾ എന്നിവയെ ആധാരമാക്കിക്കൊണ്ടാണ് ശേഷിപ്രസ്താവനകൾ തയാറാക്കിയിരിക്കുന്നത്. 3+, 4+ കുട്ടികൾക്ക് അനുയോജ്യമായ ശേഷികളും പഠനാനുഭവങ്ങളും ഗ്രിഡായി ഇവിടെ നൽകിയിട്ടുണ്ട്. പ്രാദേശികസാഹചര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി ആവശ്യമായ മാറ്റങ്ങളോടെ ഉപയോഗിക്കാൻ ഈ ഗ്രിഡുകൾ അധ്യാപകർക്ക് സഹായകമാകും.

തീമുകൾ, ആശയങ്ങൾ, ശേഷികൾ, പഠനാനുഭവങ്ങൾ (3+, 4+) എന്നിവ ഉൾപ്പെടുത്തിക്കൊണ്ടാണ് ഗ്രിഡുകൾ തയാറാക്കിയിട്ടുള്ളത്. പഠനാനുഭവങ്ങൾ പൂർണമല്ല. സൂചനകൾ മാത്രമേ തന്നിട്ടുള്ളൂ. കൂടുതൽ പഠനാനുഭവങ്ങൾ കൂട്ടിച്ചേർക്കാൻ ടീച്ചർക്ക് സ്വാതന്ത്ര്യമുണ്ട്. അതുപോലെ നിർദിഷ്ട ശേഷികളിൽ നിന്നു കൂടുതൽ ശേഷികൾ കൂട്ടിച്ചേർക്കുകയും ചെയ്യാം.

ശേഷികൾ ഏതൊക്കെ വികാസമേഖലകൾ, ബഹുമുഖബുദ്ധിതലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെടുന്നുവെന്നതിന്റെ സൂചനകൾ ആദ്യത്തെ രണ്ടു തീമുകളോടൊപ്പം നൽകിയിട്ടുണ്ട്. പിന്നീടുള്ള തീമുകളിലെ ശേഷികൾ ഏതൊക്കെ ബഹുമുഖബുദ്ധി, വികാസമേഖലയുമായി ബന്ധപ്പെടുന്നുവെന്ന കാര്യം ടീച്ചർ പരിശോധിക്കണം. ഒരു തീമുമായി ബന്ധപ്പെട്ട പാഠാസൂത്രണം നടത്തുമ്പോൾ ശേഷികൾ പരിശോധിച്ച് പഠനാനുഭവങ്ങളെ സ്വാഭാവികമായി ഉദ്ഗ്രഥിക്കണം. ഉദാഹരണമായി പക്ഷികൾ എന്ന തീമിൽ പ്രാവിന്റെയും ഉറുമ്പിന്റെയും കഥ പറയുമ്പോൾ കഥയോട് ഉദ്ഗ്രഥിച്ച് മുങ്ങുമോ പൊങ്ങുമോ എന്ന പഠനാനുഭവം നൽകി കഥയെ സമഗ്രവും അനുഭവാധിഷ്ഠവുമാക്കണം. മേൽപറഞ്ഞ രണ്ട് പഠനാനുഭവങ്ങളും വ്യത്യസ്ത ശേഷികളുമായി ബന്ധപ്പെടുന്നവയാണ്. ഗ്രിഡുമായി ബന്ധപ്പെട്ട് പാഠാസൂത്രണം നടത്തി ടീച്ചിങ് മാന്വൽ തയാറാക്കുമ്പോൾ ഈ കൈപ്പുസ്തകത്തിലെ ട്രൈഔട്ട് ഭാഗം പരിശോധിക്കുന്നത് കൂടുതൽ തെളിച്ചം ലഭിക്കുന്നതിന് സഹായിക്കും.

## തീം ആസൂത്രണത്തിന് സഹായകമായ ഗ്രിഡ്ഡുകൾ

**തീം : 1 – കുടുംബം** **കാലയളവ്: ജൂൺ**

### (3+)

**ആശയങ്ങൾ**

1. അച്ഛനും അമ്മയും മക്കളും ചേരുന്നതാണ് കുടുംബം.
2. കുടുംബത്തിലെ അംഗങ്ങൾ (അച്ഛൻ, അമ്മ, ചേച്ചി, ചേട്ടൻ, മുത്തശ്ശൻ, മുത്തശ്ശി) ഒന്നിച്ച് ഒരേ വീട്ടിൽ താമസിക്കുന്നു.

### (4+)

1. കുടുംബത്തിൽ പരസ്പരസഹകരണത്തോടും സ്നേഹത്തോടും ബഹുമാനത്തോടും ഓരോ അംഗങ്ങളും പ്രവർത്തിക്കുന്നു.
2. വീട്ടിലെ എല്ലാ അംഗങ്ങൾക്കും അവരവരുടേതായ ഉത്തരവാദിത്തങ്ങളും കടമകളുമുണ്ട്.

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***ശാരീരിക ചാലക വികാസം – ശാരീരിക ചലനപരമായ ബുദ്ധി***<br>• ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ ലഘുകളികളിൽ ഏർപ്പെടുന്നു. | • താളാത്മക ചലനങ്ങൾ<br>• ടീച്ചറുടെ സഹായത്തോടെ സ്വതന്ത്രകളികൾ | • താളാത്മകചലനങ്ങൾ<br>• കുടുംബവുമായി ബന്ധപ്പെട്ട പാട്ടുപാടി അഭിനയിക്കൽ *(അമ്മ നല്ല അമ്മ വീട്ടിലുണ്ടൊരമ്മ).*<br>• ആസൂത്രിതകളികൾ |
| ***ഭാഷാവികാസം – ഭാഷാപരമായ ബുദ്ധി***<br>• കുടുംബവുമായി ബന്ധപ്പെട്ട സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ കാണാനും കേൾക്കാനും കഴിയുന്നു. | • കുട്ടിയുടെ കുടുംബവുമായി ബന്ധപ്പെട്ട സ്വതന്ത്രഭാഷണം.<br>• കുടുംബവുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ട് ശ്രദ്ധിക്കൽ പാട്ട് കേൾക്കൽ (ഐ.സി.ടി), കഥ കേൾക്കൽ (ഐ.സി.ടി) | • കുടുംബവുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ട് ശ്രദ്ധിക്കൽ, പാട്ട് കേൾക്കൽ (ഐ.സി.ടി),കഥ കേൾക്കൽ (ഐ.സി.ടി) |
| • കുടുംബാംഗങ്ങളുടെ പ്രായം അടിസ്ഥാനപ്പെടുത്തി നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു. | • സ്വന്തം കുടുംബാംഗങ്ങളെ കുറിച്ചുള്ള ലഘുചോദ്യങ്ങൾ ചോദിക്കൽ, പറയൽ.<br>• ചിത്രത്തിലെ കുടുംബാംഗങ്ങളെ തിരിച്ചറിയൽ. | • കുടുംബവുമായി ബന്ധപ്പെട്ട ചിത്രശേഖരണം, ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ, ചിത്രവും കേട്ട വിവരണവും ബന്ധിപ്പിക്കൽ.<br>• കഥമെനഞ്ഞു പറയൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| **വൈജ്ഞാനികവികാസം**<br>• കുടുംബാംഗങ്ങളുടെ പ്രായം അടിസ്ഥാനപ്പെടുത്തി നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു. | • കുടുംബാംഗങ്ങളെ പ്രായമനുസരിച്ച് പറയുന്നു. (ചേട്ടൻ, ചേച്ചി, മുത്തശ്ശൻ, മുത്തശ്ശി, അനിയൻ, അനിയത്തി). | • കുടുംബാംഗങ്ങളെ പ്രായമനുസരിച്ച് പറയുന്നു. (ചേട്ടൻ, ചേച്ചി, മുത്തശ്ശൻ, മുത്തശ്ശി, അനിയൻ, അനിയത്തി). |
| • ചെറുത്, വലുത്, ഉയരം കൂടിയത്, കുറഞ്ഞത്, പ്രായം കൂടിയത്, കുറഞ്ഞത് എന്നിവയുടെ അടിസ്ഥാനത്തിൽ കുടുംബാംഗങ്ങൾ, വസ്തുക്കൾ, ജീവികൾ എന്നിവ താരതമ്യം ചെയ്യുന്നു. | • കുടുംബാംഗങ്ങളെ ഉയരമനുസരിച്ച് പറയൽ. | • ചിത്രത്തിലെ സാമഗ്രികൾക്കു വലുപ്പത്തിനുസരിച്ച് വ്യത്യസ്ത നിറം നൽകൽ.<br>• വസ്തുക്കൾ ചെറുതും വലുതും എന്ന രീതിയിൽ ക്രമീകരിക്കൽ (കുട, ചെരുപ്പ്, ഉടുപ്പ് എന്നിവ).<br>• കഥകൾ, പാട്ടുകൾ, ചിത്രങ്ങൾ എന്നിവ ബന്ധിപ്പിച്ച് പ്രായം കൂടിയവർ, കുറഞ്ഞവർ ചെറിയകുടുംബം, വലിയ കുടുംബം എന്നിങ്ങനെ പറയൽ. |
| **സാമൂഹിക - വൈകാരിക വികാസം**<br>5. സ്വന്തം പേര്, മാതാപിതാക്കളുടെ പേര് എന്നിവ മറ്റുള്ളവരോട് പറയാൻ കഴിയുന്നു. | • സ്വന്തം പേരു പറയൽ/അച്ഛൻ/അമ്മ/ചേട്ടൻ/ചേച്ചി എന്നിവരുടെ പേര് പറയൽ.<br>• തനിക്ക് ഇഷ്ടപ്പെട്ട കാര്യങ്ങൾ പറയൽ.<br>• താമസസ്ഥലം പറയൽ. | • സ്വന്തം പേരു പറയൽ<br>• അച്ഛനമ്മമാർ, ചേട്ടൻ, ചേച്ചി എന്നിവരുടെ പേര് പറയൽ.<br>• വീടിന്റെ സ്ഥലം പറയൽ.<br>• പാട്ടുകൾ പാടൽ |
| • അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി, അനിയൻ, അനിയത്തി, അപ്പൂപ്പൻ, അമ്മൂമ്മ, മാമൻ, മാമി എന്നീ വ്യത്യസ്ത ബന്ധങ്ങൾ തിരിച്ചറിയാൻ കഴിയുന്നു. | • കഥ (മുത്തശ്ശിയും മുത്തശ്ശനും കുട്ടികളും).<br>• കുടുംബബന്ധങ്ങൾ തിരിച്ചറിയൽ. | • കഥയിലെ സംഭവങ്ങൾ അഭിനയിച്ചു കാണിക്കൽ.<br>• റോൾപ്ലേ (ചോറും കറിയും കളി)<br>• കേട്ട കഥ സ്വന്തം ഭാഷയിൽ പറയൽ. |
| • തന്റെ കുടുംബത്തിലും ചുറ്റുപാടിലുമുള്ള വ്യക്തികളുടെ പ്രായം തിരിച്ചറിഞ്ഞ് ബഹുമാനപൂർവം സംസാരിക്കുന്നതിനും ശങ്ക കൂടാതെ പെരുമാറുന്നതിനും കഴിയുന്നു. | • കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ.<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ, ബഹുമാനിക്കൽ. | • കഥകൾ കേൾക്കൽ<br>• റോൾപ്ലേ - കുടുംബം<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ, ബഹുമാനിക്കൽ. |
| **സർഗാത്മക-സൗന്ദര്യാത്മക വികാസം**<br>• കുടുംബവുമായി ബന്ധപ്പെട്ട് കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു. | • സംഘമായും ഒറ്റയ്ക്കും പാടൽ<br>• ആംഗ്യപ്പാട്ട് | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ.<br>• ആംഗ്യപ്പാട്ട്<br>• പാവകളി |

| തീം : 2 - വീടും പരിസരവും | കാലയളവ് : ജൂൺ |
|---|---|
| **(3+)** | **(4+)** |
| **ആശയങ്ങൾ**<br>1. അമ്മ, അച്ഛൻ, മുത്തശ്ശൻ, മുത്തശ്ശി, ചേച്ചി, ചേട്ടൻ എന്നിവർ ഒന്നിച്ചു താമസിക്കുന്ന ഇടമാണ് വീട്.<br>2. ആഹാരം പാകം ചെയ്യുന്നതിന് അടുക്കളയും ഉറങ്ങുന്നതിന് കിടപ്പുമുറിയും കുളിക്കുന്നതിന് കുളിമുറിയും ഉണ്ട്.<br>3. കട്ടിൽ, മേശ, കസേര, പാത്രങ്ങൾ എന്നിങ്ങനെയുള്ള ഉപകരണങ്ങളുണ്ട്. | 1. അമ്മ, അച്ഛൻ, മുത്തശ്ശൻ, മുത്തശ്ശി, ചേട്ടൻ, ചേച്ചി എന്നിവർ കുടുംബത്തിലെ അംഗങ്ങളാണ്. കുടുംബത്തിലെ അംഗങ്ങൾ വിവിധ ജോലികൾ ചെയ്യുന്നുണ്ട്.<br>2. വീട്ടിൽ കട്ടിൽ, മേശ, കസേര, പാത്രങ്ങൾ തുടങ്ങിയ ഉപകരണങ്ങളുണ്ട്.<br>3. പൂച്ച, പട്ടി, പശു, കോഴി, താറാവ്, മീൻ തുടങ്ങിയ ജീവജാലങ്ങളെ വീട്ടിൽ വളർത്താറുണ്ട്.<br>4. പലതരം സസ്യങ്ങൾ വീടിനു ചുറ്റും നട്ടുവളർത്താറുണ്ട്.<br>5. വീട്ടിലുള്ളവർ പരസ്പരം സ്നേഹത്തോടുകൂടി ഇടപെടുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***ശാരീരിക ചാലക വികാസം - ശാരീരികവും ചലനപരവുമായ ബുദ്ധി***<br>• മുഖം, തോൾ, മണിബന്ധം, വിരലുകൾ, കാൽമുട്ട്, പാദം എന്നിവയിലെ ചെറുപേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പടികൾ കയറൽ, ഇറങ്ങൽ<br>• ഊഞ്ഞാലാട്ടം<br>• വീട്ടിൽ കയറാം കളി.<br>• ആസൂത്രിതകളി<br>• പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ (തവളച്ചാട്ടം, മുയൽ, ആന, പൂമ്പാറ്റ) | • ഏണിയിൽ കയറൽ, ഇറങ്ങൽ<br>• ഊഞ്ഞാലാട്ടം<br>• പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ - (തവളച്ചാട്ടം, മുയൽ, ആന, പൂമ്പാറ്റ)<br>• വീട്ടിൽ കയറാം കളി.<br>• ആസൂത്രിതകളികൾ<br>• കളിമണ്ണ്, മൈദ, പ്ലാസ്റ്റിസീൻ എന്നിവ കുഴച്ചും ഉരുട്ടിയും പരത്തിയും വീടിന്റെ രൂപങ്ങൾ നിർമിക്കൽ. |
| • സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച് പെൻ, വാട്ടർകളർ, അറക്കപ്പൊടി, പേപ്പർ, തുണി.....) | • വീടിന്റെ ചിത്രത്തിൽ നിറം നൽകൽ.<br>• ചിത്രങ്ങളിൽ ക്രയോൺ, ചായങ്ങൾ എന്നിവ ഉപയോഗിച്ച് നിറം നൽകൽ. | • പേപ്പറിൽ പശ (ചായം ചേർത്ത് കുറുക്കിയ മൈദ) തേച്ചതിൽ വേറൊരു പേപ്പർ വച്ച് പ്രിന്റ് എടുക്കൽ.<br>• ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻസിൽ, വാട്ടർ കളർ എന്നിവ ഉപയോഗിച്ച് നിറം നൽകൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • മരക്കട്ടകൾ, ബിൽഡിങ്ബ്ലോക്സ്, തീപ്പെട്ടിക്കൂട്, കാർഡ്ബോർഡ്പെട്ടി തുടങ്ങിയവ ഉപയോഗിച്ചുള്ള നിർമാണം. | • കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമിക്കൽ (മച്ചിങ്ങവണ്ടി, തീപ്പെട്ടിത്തീവണ്ടി തുടങ്ങിയവ).<br>• പേപ്പർ, കളിമണ്ണ്, ഇല, കമ്പുകൾ, ചരട്, പൂക്കൾ, വിത്ത്, മൈദ, കളിമണ്ണ് തുടങ്ങിയവ ഉപയോഗിച്ച് വീടിന്റെ രൂപങ്ങൾ ഉണ്ടാക്കൽ. |
| *ഭാഷാവികാസം (ഭാഷാപരമായ ബുദ്ധി)*<br>• കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ ,വിവരണങ്ങൾ,കഥകൾ എന്നിവ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • വീടിനകത്തെ വിവിധ മുറികൾ - ഉപയോഗം പറയൽ.<br>• ഇഷ്ടപ്പെട്ട ഭക്ഷണം, കളി,യാത്ര എന്നിവയെ കുറിച്ച് പറയൽ. | • കളിരീതി ക്രമം പാലിച്ച് പറയുന്നു. (കളിവീട്)<br>• വീട് നിരീക്ഷിച്ച് വീടുകളുടെ മേൽക്കൂര, ഓട്, ഓല, കോൺക്രീറ്റ്, വൈക്കോൽ, എന്നിങ്ങനെ പറയുന്നു.<br>• വിവിധ മുറികൾ, ഉപകരണങ്ങൾ എന്നിവയുടെ ഉപയോഗം പറയൽ. |
| *വൈജ്ഞാനിക വികാസം/ഗണിതപരമായ ബുദ്ധി/പ്രകൃതിപരമായ ബുദ്ധി*<br>• വൈവിധ്യമാർന്ന നിത്യജീവിതസന്ദർഭങ്ങളിൽ ആഘോഷങ്ങൾ...) ഇഷ്ടപ്പെട്ട വിഷയങ്ങളിൽ പരമാവധി കാര്യങ്ങൾ പറയാനും, കേട്ട് മനസ്സിലാക്കാനും ചോദിച്ചറിയാനും കഴിയുന്നു. | • വീടുകാണാം, വ്യത്യാസം കണ്ടെത്താം.<br>• പ്രകൃതിനടത്തത്തിൽ കണ്ട വീടുകളെ കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും പറയൽ. | • പ്രകൃതിനടത്തത്തിൽ കണ്ട വീടുകളെക്കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും പറയൽ.<br>• വീടുകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തി പറയൽ.<br>• ചിത്രത്തിൽ വ്യത്യാസമുള്ള വീട്ടുപകരണങ്ങൾ കണ്ടെത്തി പറയൽ.<br>• വീടുകളെ വലുപ്പ - ചെറുപ്പത്തിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നു. |
| • വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു. | • ചിത്രങ്ങൾ പൂർത്തിയാക്കൽ (പൂവ്, വീട് ....)<br>• ലഘുവായ ചിത്രപസിലുകൾ പൂർത്തിയാക്കൽ. | • ചിത്രങ്ങൾ പൂർത്തിയാക്കൽ (പൂവ്, വീട്)<br>• ചിത്രപസിലുകൾ ചെയ്യുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***സാമൂഹിക - വൈകാരിക വികാസം/ ആന്തരിക വൈയക്തിക ബുദ്ധി, വ്യക്ത്യാന്തര ബുദ്ധി***<br>• പരിസരശുചിത്വശീലങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു. | • ശുചിത്വശീലവുമായി ബന്ധപ്പെട്ട പാവകളി കാണൽ. കളിക്കൽ.<br>• കളിയുപകരണങ്ങൾ സ്ഥാനത്തു വയ്ക്കൽ.<br>• ശരിയായ ടോയ്‌ലറ്റിങ് പരിശീലനം. | • വീട്, പ്രീസ്കൂൾ അമ്മയ്ക്കൊപ്പം/ ടീച്ചർക്കൊപ്പം വൃത്തിയാക്കൽ.<br>• വെയ്സ്റ്റ് ബോക്സ് ഉപയോഗിക്കൽ.<br>• ശുചിത്വവുമായി ബന്ധപ്പെട്ട വീഡിയോ കാണൽ, അതിനെക്കുറിച്ച് സംസാരിക്കൽ.<br>• റോൾപ്ലേ<br>• കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് ക്രമീകരിക്കൽ.<br>• ശരിയായ ടോയ്‌ലറ്റിങ്. |
| • കഥകൾ, അനുഭവങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്നു. (റോൾപ്ലേ) | • കഥകൾ കേൾക്കൽ | • കഥകൾ വിശകലനം ചെയ്യൽ<br>(ഉദാ: കാക്കയും കുറുക്കനും അപ്പം തട്ടിയെടുത്ത കഥ.)<br>“കുറുക്കൻ ചെയ്തത് ശരിയാണോ?’<br>• മുത്തശ്ശിയും കാക്കയും (കഥ) |
| • സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയുന്നു. | • ജന്തുക്കളുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• ചെടികൾക്ക് വെള്ളമൊഴിക്കൽ.<br>• മീൻ, പക്ഷികൾ എന്നിവയ്ക്ക് ഭക്ഷണം നൽകൽ. | • ജീവികളുടെ കൂടുകൾ നിരീക്ഷിക്കൽ.<br>• സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• പൂന്തോട്ട പരിപാലനം<br>• വളർത്തുപക്ഷികൾ/മൃഗങ്ങൾ എന്നിവയ്ക്ക് ആഹാരം നൽകൽ.<br>• വളർത്തുപക്ഷികൾ, മൃഗങ്ങൾ എന്നിവയുടെ കൂടുകൾ നിരീക്ഷിക്കൽ.<br>• സംഘകളികളിൽ ഏർപ്പെടൽ. |

**തീം : 3 - ഞാനും എന്റെ ശരീരവും (ശുചിത്വം)** **കാലയളവ് : ജൂലൈ**

## (3+)

**ആശയങ്ങൾ -**

1. ശരീരം വൃത്തിയായി സൂക്ഷിക്കണം - കുളിക്കണം, പല്ലുതേക്കണം, നഖം മുറിക്കണം, വൃത്തിയുള്ള വസ്ത്രം ധരിക്കണം.
2. ശരീരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അസുഖം വരും.
3. വീടും ചുറ്റുപാടും ക്ലാസും വൃത്തിയായി സൂക്ഷിക്കണം.

## (4+)

1. ശരീരം വൃത്തിയായി സൂക്ഷിക്കണം- (കുളിക്കണം, പല്ലുതേക്കണം, നഖം മുറിക്കണം വൃത്തിയുള്ള വസ്ത്രം ധരിക്കണം).
2. ശരീരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അസുഖം വരും.
3. വീടും ചുറ്റുപാടും ക്ലാസും വൃത്തിയായി സൂക്ഷിക്കണം.

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • താളാത്മകമായി ശബ്ദമുണ്ടാക്കുന്നതിനും ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കുന്ന തിനും കഴിയുന്നു. | • ശരീരവുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ടുകൾ പാടി അഭിനയിക്കൽ..<br>• ആരോഗ്യം,ശുചിത്വം എന്നിവയുമായി ബന്ധ പ്പെട്ട പാട്ടുകൾ പാടൽ. | • ശരീരവുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ടുകൾ പാടി അഭിനയിക്കൽ..<br>• ആരോഗ്യം/ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ. |
| • ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവ അറിയുന്നു. | • സ്വതന്ത്രഭാഷണം വ്യക്തിശുചിത്വം (കൈകഴുകൽ, പല്ലുതേക്കൽ, കുളി, മുടിചീകൽ).<br>• ടോയിലറ്റിങ് പരിശീലനം.<br>• ശരീരശുചിത്വംപാലിക്കൽ (കൈകഴുകൽ, പല്ലുതേക്കൽ, കുളിക്കൽ, നഖം മുറിക്കൽ, മുടിചീകൽ). | • ശുചീകരണപ്രവർത്തനങ്ങൾ (ക്ലാസ്/കളിക്കോപ്പ് വൃത്തിയാക്കൽ, യഥാസ്ഥാനത്ത് വയ്ക്കൽ)<br>• സ്വതന്ത്രഭാഷണം (വ്യക്തിശുചിത്വം)<br>• ശരീരശുചിത്വം പാലിക്കൽ |
| • ആരോഗ്യ - ശുചിത്വശീലങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു. | • വസ്ത്രശുചിത്വം പാലിക്കൽ<br>• പരിസരശുചിത്വം (വേസ്റ്റ്ബിൻ ശരിയായി ഉപയോഗിക്കൽ, കളി യുപകരണങ്ങൾ യഥാസ്ഥാനത്തുവയ്ക്കൽ) | • ശരീരശുചിത്വം പാലിക്കൽ<br>• വസ്ത്രശുചിത്വം പാലിക്കൽ<br>• പരിസരശുചിത്വം (ക്ലാസിലെ ഉപകരണങ്ങൾ/കളിക്കോപ്പുകൾ എന്നിവ വൃത്തിയാക്കൽ). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***വൈജ്ഞാനികവികാസം***<br>• തന്റെ ലഘുവായ ആവശ്യങ്ങൾ പ്രായത്തിനനുസരിച്ച് കഴിയുന്നവ പരാശ്രയമില്ലാതെ ചെയ്യുന്നു. | • വീഡിയോ, കഥ, പാവകളി, ചിത്രനിരീക്ഷണം എന്നിവയിലൂടെ താഴെപ്പറയുന്നവയിൽ ധാരണ നേടുന്നു.<br>- പല്ലുതേക്കൽ<br>- കൈകഴുകൽ<br>- തുടയ്ക്കൽ<br>- ചെരുപ്പുധരിക്കൽ<br>- മുടിചീകൽ<br>- വസ്ത്രം അഴിച്ചുവയ്ക്കൽ, ധരിക്കൽ<br>- ടോയ്‌ലറ്റ് ഉപയോഗം | • വീഡിയോ, കഥ, പാവകളി, ചിത്രനിരീക്ഷണം എന്നിവയിലൂടെ താഴെപ്പറയുന്നവയിൽ ധാരണ നേടുന്നു.<br>- പല്ലുതേക്കൽ<br>- കൈകഴുകൽ<br>- തുടയ്ക്കൽ<br>- ചെരുപ്പു ധരിക്കൽ<br>- മുടിചീകൽ<br>- വസ്ത്രം ധരിക്കൽ, ഊരിവയ്ക്കൽ, മടക്കിവയ്ക്കൽ<br>- കുളിക്കൽ<br>- അടുക്കും ചിട്ടയോടും വസ്തുക്കൾ വയ്ക്കൽ. ഉദാ: അടുക്കും ചിട്ടയുമുള്ള പുസ്തകമേശ- അടുക്കും ചിട്ടയുമുള്ള മേശപ്പുറം.<br>• ശരിയായ ടോയ്‌ലറ്റ് ഉപയോഗം<br>• ചിത്രത്തിന്റെ സഹായത്തോടെ (വെളിയിടങ്ങളിൽ ടോയ്‌ലറ്റിങ് - ടോയ്‌ലറ്റിൽ തന്നെ) ശരിതെറ്റുകൾ കുട്ടികൾ പറയുന്നു. |
| ***സൗന്ദര്യാത്മകവും സർഗാത്മകവുമായ വികാസം***<br>• ആരോഗ്യ - ശുചിത്വശീലങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ കണ്ടെത്തുന്നതിനും പാടുന്നതിനും പദങ്ങളും വരികളും കൂട്ടിച്ചേർത്ത് പാടുന്നതിനും ചിത്രം വരയ്ക്കുന്നതിനും നിറം നൽകുന്നതിനും കഴിയുന്നു. | • ആരോഗ്യ- ശുചിത്വശീലങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളിൽ അനുയോജ്യമായ പദങ്ങൾ കൂട്ടിച്ചേർത്ത് പാടൽ.<br>• ചിത്രംവര, നിറം നൽകൽ<br>• മച്ചിങ്ങമനുഷ്യൻ നിർമാണം<br>• കൈപ്പത്തിച്ചിത്രം | • ചിത്രത്തിൽ നിന്നു ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് നിറം നൽകുന്നു.<br>• ആരോഗ്യ- ശുചിത്വശീലങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളിൽ പദങ്ങൾ കൂട്ടിച്ചേർത്ത് പാടൽ.<br>• ചിത്രംവര, നിറം നൽകൽ<br>• മച്ചിങ്ങമനുഷ്യൻ നിർമാണം<br>• മേനിപറച്ചിൽ<br>• കടങ്കഥ |
| ***സാമൂഹികവും വൈകാരികവുമായ വികാസം***<br>• നമ്മുടെ ചില പ്രവർത്തനങ്ങൾ മറ്റുള്ളവരെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ച് ചിന്തിക്കാനും മറ്റുള്ളവർക്ക് വിഷമമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കാനും കഴിയുന്നു. | • സ്വതന്ത്രഭാഷണത്തിൽ ഏർപ്പെടുന്നു. (വ്യക്തിശുചിത്വം, പരിസരശുചിത്വം) | • ചിത്രങ്ങൾ നിരീക്ഷിച്ച് പ്രതികരിക്കുന്നു.<br>• റോൾപ്ലേ നടത്തുന്നു. |

**തീം : 4 – മഴയും കാലാവസ്ഥയും** **കാലയളവ് : ജൂലൈ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.<br>2. മഴയുള്ള കാലവും മഴയില്ലാത്ത കാലവുമുണ്ട്.<br>3. മഴയോടൊപ്പം കാറ്റ്, ഇടി, മിന്നൽ എന്നിവ ഉണ്ടാകാറുണ്ട്.<br>4. വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കണം. | 1. മഴ പെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു.<br>2. മഴയുള്ള കാലവും മഴയില്ലാത്ത കാലവുമുണ്ട്. (വേനൽക്കാലം, തണുപ്പുകാലം, മഞ്ഞുകാലം)<br>3. മഴയോടൊപ്പം കാറ്റ്, ഇടി, മിന്നൽ എന്നിവ ഉണ്ടാകാറുണ്ട്.<br>4. മഴ പെയ്യുമ്പോൾ തണുപ്പുണ്ടാകുന്നു.<br>5. വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കണം.<br>6.. മഴക്കാലത്ത് ചെടികൾ വളരുന്നു, തളിർക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***ശാരീരിക ചാലക വികാസം***<br>• കൈവിരൽ, ഈർക്കിൽ, പെൻസിൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്കെച്ച്പെൻ എന്നിവ ഉപയോഗിച്ച് സ്വതന്ത്രമായി ചിത്രങ്ങൾ വരയ്ക്കാൻ കഴിയുന്നു. | • കൈവിരൽ, വെള്ളം, ചോക്ക്, ക്രയോൺ, സ്ലേറ്റ് പെൻസിൽ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ. | • ചോക്ക്, ക്രയോൺ, പെൻസിൽ, ഈർക്കിൽ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നു.<br>• ഇയർബഡ്സ്/ചെറിയ ബ്രഷ് ചായത്തിൽ മുക്കി ചിത്രം വരയ്ക്കൽ |
| • താളാത്മകമായി ശബ്ദമുണ്ടാക്കുന്നതിനും, ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കുന്നതിനും കഴിയുന്നു. | • അഭിനയഗാനം<br>• താളത്തിൽ കൈകൊട്ടൽ<br>• മഴച്ചിത്രം വര – നിറം കൊടുക്കൽ<br>• തോണിതുഴയൽകളി | • നൃത്തം/എയ്റോബിക്സ്<br>• കിലുക്ക്, ഡ്രം തുടങ്ങിയവയിൽ താളാത്മകമായി ശബ്ദമുണ്ടാക്കി കളിക്കൽ.<br>• മഴച്ചിത്രം വര – നിറം കൊടുക്കൽ<br>• തോണിതുഴയൽകളി |
| ***ഭാഷാപരമായ വികാസം***<br>• പ്രകൃതി, വസ്തു, ചിത്രങ്ങൾ എന്നിവ വായിച്ച് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. | • മഴയനുഭവങ്ങൾ പറയൽ<br>• മഴപ്പാട്ടു പാടൽ | • കുട വരയ്ക്കാം, നിറം കൊടുക്കാം.<br>• വസ്തുവായന, ചിത്രവായന<br>• മഴയനുഭവങ്ങൾ പറയൽ<br>• മഴപ്പാട്ടുപാടൽ<br>• മഴക്കഥ പറയൽ– ചിത്രകഥ ക്രമീകരിക്കൽ (മഴയുമായി ബന്ധപ്പെട്ടവ). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • തന്റെ ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു. | • കുട, തൊപ്പി എന്നിവയുടെ ചിത്രങ്ങളിൽ നിറം നൽകൽ. | • ഇഷ്ടപ്പെട്ട മഴയാത്രയെക്കുറിച്ചുപറയൽ<br>• മഴയുമായി ബന്ധപ്പെട്ട അനുഭവം പറയൽ,<br>• മഴയുമായി ബന്ധപ്പെട്ട ഉപകരണങ്ങളായ കുട, തൊപ്പി, കോട്ട് ഉപയോഗം പറയൽ, അവയുടെ ചിത്രത്തിനു നിറം നൽകൽ.<br>• മഴയിൽ കുടചൂടിയ കുട്ടിയുടെ ചിത്രം വരയ്ക്കൽ.<br>• കുട ചൂടാത്ത കുട്ടിക്ക് കുട വരച്ചു ചേർക്കൽ. |
| ***വൈജ്ഞാനികവികാസം***<br>• വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നിവയെ സംബന്ധിച്ച് കാര്യകാരണ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നു. | • ചോദ്യോത്തരപ്പാട്ടുകൾ പാടൽ<br>• വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നവയുടെ കടങ്കഥകൾ പറയൽ. | • ചോദ്യോത്തരപ്പാട്ടുകൾ പാടൽ<br>• പ്രകൃതിപ്രതിഭാസങ്ങൾ/വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നിവയുടെ കടങ്കഥകൾ പറയൽ. |
| • പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ (മഴ, വേനൽ, തണുപ്പ് എന്നിവ) തിരിച്ചറിയുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.<br> | • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പറയൽ<br>• ചിത്രം നിരീക്ഷിച്ചു പറയൽ<br>• അനുഭവിച്ചറിയൽ (ചൂട്, തണുപ്പ്)<br> | • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പങ്കുവയ്ക്കൽ.<br>• മഴക്കാലത്ത് കാണുന്ന മാറ്റങ്ങൾ പറയൽ.<br>• ചിത്രം നിരീക്ഷിച്ച് വ്യത്യാസങ്ങൾ പറയൽ.<br>• അനുഭവിച്ചറിയൽ (ചൂട്, തണുപ്പ്, വെയിൽ).<br>• ചാർട്ടിലെ ചിത്രം നോക്കി വിവരിക്കൽ.<br>• കഥയുടെ ബാക്കിഭാഗം പൂരിപ്പിക്കൽ.<br> |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***സാമൂഹിക-വൈകാരികവികാസം - ഭാഷാപരമായ വികാസം***<br>• മഴയുമായി ബന്ധപ്പെട്ട പാട്ടുകൾ(കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ, കളികൾ) ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ).<br>• മണ്ണാങ്കട്ടയും കരിയിലയും കഥ<br>• കുടയിൽ കയറാം കളി | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ).<br>• സന്ദർഭം പറയുമ്പോൾ അഭിനയിക്കൽ.<br>• മണ്ണാങ്കട്ടയും കരിയിലയും കാശിക്കുപോയ കഥകേൾക്കൽ.<br>• കുടയിൽ കയറാം കളി. |
| • കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു. | • സംഘമായും ഒറ്റയ്ക്കും പാടൽ.<br>• ഉപകരണങ്ങൾ (കിലുക്ക്) ഉപയോഗിച്ച് മഴപ്പാട്ട് പാടൽ. | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ<br>• കിലുക്ക് പോലുള്ള താളോപകരണങ്ങൾ ഉപയോഗിച്ച് പാടൽ. |
| ***സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസം***<br>• പ്രകൃതിവസ്തുക്കൾ, പാഴ്വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കൗതുകവസ്തുക്കൾ, കളിപ്പാട്ടങ്ങൾ എന്നിവ നിർമിക്കുന്നു. | • സ്റ്റെൻസിൽ കുടയിലൂടെ വരയ്ക്കൽ, നിറം കൊടുക്കൽ | • കടലാസ്തോണി നിർമാണം<br>• സ്റ്റെൻസിൽ കുടയിലൂടെ വരയ്ക്കൽ, നിറം കൊടുക്കൽ<br>• പേപ്പർകുടനിർമാണം<br>• കുട - കൊളാഷ്<br>• പലതരം കുട ഒട്ടിക്കൽ |

| തീം : 5 – സസ്യങ്ങൾ – പഴങ്ങൾ | | കാലയളവ് : ജൂലൈ |
|---|---|---|
| **(3+)** | | **(4+)** |
| **ആശയങ്ങൾ**<br>1. വീട്ടിൽ പലതരത്തിലുള്ള ചെടികൾ നട്ടുവളർത്താറുണ്ട്.<br>2. വിവിധതരം പഴങ്ങളുണ്ട്.<br>3. പഴങ്ങൾക്ക് മണം, രുചി, നിറം എന്നിവയുണ്ട്.<br>4. ചെടികൾ കൊണ്ട് പ്രയോജനങ്ങളുണ്ട്. | | 1. വീട്ടിൽ പലതരത്തിലുള്ള ചെടികൾ നട്ടുവളർത്താറുണ്ട്.<br>2. വിവിധതരം പഴങ്ങളുണ്ട്.<br>3. പഴങ്ങൾ ആകൃതി, മണം, രുചി, എന്നിവയിൽ വ്യത്യസ്തമാണ്.<br>4. ആരോഗ്യത്തിന് പഴങ്ങൾ പ്രയോജനപ്പെടുന്നു.<br>5. ചെടികൾ കൊണ്ട് പ്രയോജനമുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, വാട്ടർകളർ, അറക്കപ്പൊടി, പേപ്പർ, തുണി.....) | • പഴങ്ങളുടെ ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു. | • സസ്യങ്ങൾ, പഴങ്ങൾ എന്നിവയുടെ ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• പഴങ്ങളുടെ ചിത്രങ്ങൾ വരച്ച് ക്രയോൺ, പേന, വാട്ടർകളർ, പേപ്പർ, തുണി എന്നിവ ഉപയോഗിച്ച് നിറം നൽകൽ. |
| • പ്രകൃതി വസ്തു, ചിത്രങ്ങൾ എന്നിവ വായിച്ച് (പ്രാഗ്വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. | • പഴങ്ങളെക്കുറിച്ച് പറയുന്നു. | • ചിത്രവായന (സസ്യങ്ങൾ, പഴങ്ങൾ എന്നിവയുടെ ചിത്രം)<br>• പഴങ്ങൾ മേനിപറയുന്നു.<br>• പഴംതിന്നൽ അഭിനയം.<br>• പഴങ്ങളുടെ മാസ്ക് ഉപയോഗിച്ച് അഭിനയിക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ഒന്നുമുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നതിനും സംഖ്യയും വസ്തുക്കളുടെ എണ്ണവും തമ്മിൽ ബന്ധിപ്പിക്കുന്നതിനും കഴിയുന്നു. | • ചിത്രത്തിലെ പഴങ്ങളുടെ എണ്ണം പറയുന്നു. | • ചിത്രത്തിൽ നോക്കി പഴങ്ങളുടെ എണ്ണം പറയുന്നു.<br>• ഇലകളും പഴങ്ങളും കൂടുതൽ, കുറവ് ഏതെന്ന് പറയുന്നു.<br>• പഴങ്ങളുടെ എണ്ണവും ചിത്രവും തമ്മിൽ ബന്ധിപ്പിക്കുന്നു.<br>• പഴങ്ങളെ രണ്ടിന്റെ കൂട്ടങ്ങളാക്കുന്നു. |
| • പഴങ്ങളുടെ സവിശേഷതകൾ സ്വാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു. | • പഴങ്ങളെക്കുറിച്ച് പറയൽ<br>• പഴങ്ങളുടെ ചിത്രത്തിൽ നിറം നൽകൽ പറയൽ. | • ഇഷ്ടപ്പെട്ട പഴങ്ങളെ കുറിച്ച് പറയൽ.<br>• പഴം കഴിച്ച അനുഭവം - രുചി.<br>• പഴങ്ങൾ/ചിത്രങ്ങൾ നോക്കി സവിശേഷതകൾ പറയൽ. |
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി സസ്യങ്ങളുടെ ഭാഗങ്ങൾ, പഴങ്ങൾ എന്നിവ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തി വാചികമായി പറയുന്നു. | • സ്വതന്ത്രഭാഷണം<br>• പഴങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ. | • സ്വതന്ത്രഭാഷണം<br>• പൂവ്, ഇല തുടങ്ങിയവയുടെ മണം തിരിച്ചറിയൽ.<br>• രുചിച്ചുനോക്കാം.<br>• പഴങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ, പറയൽ.<br>• പഴങ്ങളെ തരംതിരിക്കൽ.<br>(നിറമുള്ള കാർഡുകൾ, മുത്തുകൾ, പൂക്കൾ) |
| • പഴങ്ങൾ (പലതരം), ചിത്രങ്ങൾ എന്നിവ നിരീക്ഷിച്ച് കൂട്ടത്തിൽ പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയാനും. കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു. | • പഴത്തിന് നിറം കൊടുക്കൽ, തരംതിരിക്കൽ | • സാമ്യം കണ്ടെത്തി പറയൽ.<br>• തരംതിരിക്കൽ<br>• യഥാർഥ നിറം നൽകൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • നിറം, ആകൃതി, വലുപ്പം, നീളം തുടങ്ങി ഒന്നിലേറെ സൂചനകൾ പരിഗണിച്ച് പഴങ്ങൾ, ഇലകൾ എന്നിവയെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു. | • ഗണിതകളികൾ - പഴക്കട<br>• ചിത്രവായന<br>• പ്രവർത്തനങ്ങൾ<br>(നിറം, വലുപ്പം, നീളം) | • ഗണിതകളികൾ - പഴക്കട<br>• പഴങ്ങൾ, ഇലകൾ എന്നിവ ക്രമീകരിക്കൽ. (നിറം, ആകൃതി, വലുപ്പം, നീളം,)<br>• ചിത്രവായന |
| • മാതൃക നോക്കി ഗണിതപാറ്റേൺ സൗന്ദര്യാത്മകമായി ക്രമീകരിക്കാൻ കഴിയുന്നു. | • പഴങ്ങളും ഇലകളും പാറ്റേൺ രൂപത്തിൽ ക്രമീകരിക്കുന്നു.<br>• ഫിംഗർ പ്രിന്റിങ്<br>• വെജിറ്റബിൾ പ്രിന്റിങ്<br>• വിവിധ നിറത്തിലുള്ള മുത്തുകൾ കോർക്കൽ. | • പൂക്കളും ഇലകളും പാറ്റേൺ രൂപത്തിൽ ക്രമീകരിക്കൽ.<br>• വെജിറ്റബിൾ പ്രിന്റിങ്<br>• മുത്തുകോർക്കൽ<br>• അലങ്കാരപ്പണി<br>• ഫിംഗർ പപ്പറ്റ് (പഴം) |
| • സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയുന്നു. | • പ്രകൃതിനടത്തം<br>• സസ്യങ്ങളുടെ പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• ചെടികൾ നട്ടുവളർത്തൽ.<br>• ചെടികൾക്ക് വെള്ളമൊഴിക്കൽ. | • പ്രകൃതിനടത്തം<br>• സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• പൂന്തോട്ടനിർമാണം, പരിപാലനം.<br>• ചെടികൾക്ക് വെള്ളമൊഴിക്കൽ. |
| • പഴങ്ങൾ, സസ്യങ്ങൾ എന്നിവയെ ബന്ധപ്പെടുത്തി പുതിയ പാട്ടുകൾ കണ്ടെത്തുന്നതിനും പാടുന്നതിനും പദങ്ങളും വരികളും കൂട്ടിച്ചേർത്ത് പാടുന്നതിനും കഴിയുന്നു. | • പഴങ്ങൾ, സസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകളിൽ പദങ്ങൾ കൂട്ടിച്ചേർത്ത് പാടൽ. | • പഴങ്ങൾ, സസ്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകളിൽ പദങ്ങളും വരികളും കൂട്ടിച്ചേർത്തു പാടൽ.<br>• പുതിയ പാട്ടുകൾ ഉണ്ടാക്കി പാടൽ. |
| • പ്രകൃതിയെ ആസ്വദിക്കുന്നതിനും ചിത്രത്തിലൂടെ പ്രകടിപ്പിക്കുന്നതിനും നിറംനൽകുന്നതിനും കഴിയുന്നു. | • ഇല പ്രിന്റിങ്<br>• കടലാസ് ചുരുട്ടി പ്രിന്റിങ്. | • ഇലപ്രിന്റിങ്, ഇലമൃഗശാല |
| • കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • ചെടികളുടെ ഭാഗങ്ങളുടെ പേരുകൾ പറയൽ.<br>• ഇലമണത്തുകളി (കറിവേപ്പില, തുളസി, നാരകം) | • ചെടികളുടെ ഭാഗങ്ങൾ നിരീക്ഷിച്ച് പേരുകൾ പറയൽ.<br>• വിവിധതരം ഇലകൾ നിരീക്ഷിച്ച് അവയുടെ സവിശേഷതകൾ പറയൽ. (നിറം, മണം, വലുപ്പം).<br>• ഇല മണത്തു കളി (കറിവേപ്പില, തുളസി, നാരകം, മല്ലിയില, ഞവരയില)<br>• ഇലകൾ തരംതിരിക്കൽ (മണം) |

**തീം : 6 – ആഹാരം** **കാലയളവ് : ആഗസ്റ്റ്**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. മനുഷ്യൻ മാത്രമല്ല, മറ്റു ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു.<br>2. പലതരം ആഹാരങ്ങളുണ്ട്. (ചോറ്, ഇഡ്ഡലി, മധുരപലഹാരങ്ങൾ,പഴങ്ങൾ, പച്ചക്കറികൾ മുതലായവ).<br>3. ഉപ്പും മധുരവും എരിവുമുള്ള ആഹാരപദാർഥങ്ങളുണ്ട്.<br>4. ശുചിത്വമുള്ള ആഹാരം കഴിക്കണം. | 1. എല്ലാ ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു.<br>2. പലതരം ആഹാരങ്ങളുണ്ട്. (ചോറ്, ഇഡ്ഡലി, മധുരപലഹാരങ്ങൾ, പഴങ്ങൾ, പച്ചക്കറികൾമുതലായവ).<br>3. ഉപ്പ്, മധുരം, എരിവ്, കയ്പ് എന്നീ രുചികളുള്ള ആഹാര പദാർഥങ്ങളുണ്ട്.<br>4. ശുചിത്വമുള്ള ആഹാരം കഴിക്കണം.<br>5. പച്ചയും കഴിക്കുന്ന ആഹാരങ്ങൾ വെള്ളത്തിൽ കഴുകി കഴിക്കണം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ***പേശീവികാസം***<br>• പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • പഴം തൊലിക്കൽ<br>• പദാർഥങ്ങൾ ഒന്നിൽനിന്നു മറ്റൊന്നിലേക്ക് പകരൽ.<br>• കുപ്പിയുടെ അടപ്പ് തുറക്കൽ.<br>• സ്പൂൺ ഉപയോഗിച്ച് പഞ്ചസാര, ഉപ്പ് അലിയിക്കൽ. | • പഴം തൊലിച്ച്, കഷണങ്ങളാക്കി, സ്പൂൺ ഉപയോഗിച്ച് കഴിക്കൽ.<br>• വെള്ളം നിറയ്ക്കൽ.<br>• സലാഡ് ഉണ്ടാക്കൽ.<br>• പഴം കഷണങ്ങളാക്കൽ.<br>• കുപ്പിയുടെ അടപ്പ് തുറക്കൽ.<br>• പഞ്ചസാര, ഉപ്പ് അലിയിക്കൽ. |
| ***ഭാഷാപരമായ വികാസം***<br>• വസ്തുക്കളെ/ആഹാരത്തെക്കുറിച്ച് വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി പറയൽ.<br>• ഇഷ്ടപ്പെട്ട ആഹാരത്തെ കുറിച്ച് പറയൽ. (സ്വതന്ത്രഭാഷണം).<br>• ചിത്രം വര – നിറം കൊടുക്കൽ. | • ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• കഥ മെനഞ്ഞ് പറയൽ (മുത്തശ്ശിയും കുരങ്ങൻമാരും) .<br>• ഇഷ്ടപ്പെട്ട ആഹാരത്തെ കുറിച്ച് പറയൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ആഹാരവുമായി ബന്ധപ്പെട്ട തന്റെ അനുഭവങ്ങൾ, സവിശേഷതകൾ എന്നിവ പറയാൻ കഴിയുന്നു. | • ഭക്ഷണത്തെക്കുറിച്ച് പറയൽ.<br>• ബിസ്കറ്റ് കഴിച്ച അനുഭവം പറയൽ.<br>• വളർത്തുജീവികളുടെ ആഹാരം പറയൽ. | • വിശപ്പുള്ള അവസ്ഥ – അഭിനയിക്കൽ. ആഹാരം കഴിക്കുന്നതിന്റെ ആവശ്യകത പറയൽ.<br>• ഉപ്പ്, മധുരം, എരിവ് എന്നിവ ആഹാര വസ്തുക്കളുമായി ബന്ധിപ്പിച്ചു പറയൽ.<br>• അടുക്കള ഉപകരണങ്ങളുടെ (കിച്ചൺസെറ്റ് ) ഉപയോഗം പറയൽ.<br>• വീഡിയോ കാണൽ, കണ്ടത് പറയൽ.<br>• വളർത്തുജീവികളുടെ ആഹാരം പറയൽ. |
| • റോൾപ്ലേ, ചമഞ്ഞുകളി തുടങ്ങിയവ സന്ദർഭാനുസരണം നടത്താൻ കഴിയുന്നു. | • പഴങ്ങൾ,പച്ചക്കറികൾ എന്നിവയെ കുറിച്ച് പറയൽ. | • റോൾപ്ലേ, പാവനാടകം, ചമഞ്ഞുകളി എന്നിവയിൽ സംഭാഷണങ്ങൾ പറയൽ. |
| *വൈജ്ഞാനികവികാസം*<br>• പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി ആഹാരവസ്തുക്കൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും വാചികമായി പറയാനും കഴിയുന്നു. (നിറം, വലുപ്പം, ആകൃതി. മണം, രുചി, കനം. വഴുവഴുപ്പ്, ....) | • അടുക്കള ഉപകരണങ്ങൾ തിരിച്ചറിയൽ (ശബ്ദങ്ങൾ, തിരിച്ചറിയൽ,പ്ലാസ്റ്റിക്, ലോഹസ്പൂണുകൾ, സ്റ്റീൽഗ്ലാസ്, പ്ലാസ്റ്റിക് തവി)<br>• നിറങ്ങൾ തിരിച്ചറിയൽ<br>• നിറങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ.<br>• വിവിധ ആഹാരവസ്തുക്കൾ നിറത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ.<br>• മണത്തുനോക്കാം, പറയാം കളി.<br>• രുചിച്ചുനോക്കാം, പറയാം കളി.<br>(പഞ്ചസാര, ഉപ്പുപൊടി, വെള്ളം, വെളിച്ചെണ്ണ....)<br>• ആകൃതികൾ തിരിച്ചറിയൽകളി (വട്ടം) ദോശ, അപ്പം, പപ്പടം | • ആഹാരവുമായി ബന്ധപ്പെട്ട ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>• അടുക്കളയുപകരണങ്ങൾ താരതമ്യം ചെയ്യൽ, തിരിച്ചറിയൽ (ശബ്ദങ്ങൾ തിരിച്ചറിയൽ, പ്ലാസ്റ്റിക്, ലോഹസ്പൂണുകൾ, സ്റ്റീൽഗ്ലാസ്, പ്ലാസ്റ്റിക് തവി........)<br>• അടുക്കളയുപകരണങ്ങൾ വലുപ്പച്ചെറുപ്പത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിക്കൽ.<br>• ചിത്രങ്ങൾക്ക് നിറം നൽകുന്നു.<br>• നിറങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ കേൾക്കൽ.<br>• നിറങ്ങൾ തിരിച്ചറിയൽ കളി<br>• നിറം നൽകൽ<br>• നിറങ്ങൾ പലതരത്തിൽ ക്രമീകരിക്കൽ.<br>• രുചിച്ചുനോക്കാം, പറയാം കളി. ഉപ്പുപൊടി, പഞ്ചസാര, തേയിലവെള്ളം, വെളിച്ചെണ്ണ<br>• ആകൃതി തിരിച്ചറിയൽ കളി – അപ്പം,ദോശ, ബിസ്കറ്റ്, പപ്പടം |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • അടുക്കളയിലെ വ്യത്യസ്ത രൂപങ്ങളുള്ള വസ്തുക്കൾ കണ്ടെത്തി ചിത്രീകരിക്കുന്നതിനും ഉദാഹരിക്കുന്നതിനും അഞ്ചിന് താഴെയുള്ളവ എണ്ണിപ്പറയുന്നതിനും കഴിയുന്നു. | • കിച്ചൺസെറ്റിന്റെ സഹായത്തോടെ പാത്രങ്ങളുടെ പേരുകൾ പറയുന്നു.<br>• ഉപകരണങ്ങൾ എത്രയെന്ന് എണ്ണിപ്പറയുന്നു. (ഉദാ: - സ്പൂൺ 2 എണ്ണം) | • കിച്ചൺസെറ്റിന്റെ സഹായത്തോടെ പാത്രങ്ങളെ പരന്നത്, വട്ടത്തിലുള്ളത്,നീളത്തിലുള്ളത് എന്നിങ്ങനെ തരംതിരിക്കുന്നു. പേരുകൾ പറയുന്നു. ചിത്രീകരിക്കുന്നു.<br>• ഉപകരണങ്ങൾ എത്രയെന്ന് എണ്ണിപ്പറയുന്നു. (ഉദാ: - സ്പൂൺ 2 എണ്ണം)<br>• കട്ടൗട്ടിന്റെ അടിസ്ഥാനത്തിൽ ചിത്രീകരിക്കുന്നു. |
| • സമയം, പ്രായം അടിസ്ഥാനപ്പെടുത്തി ശരിയായ ഭക്ഷണക്രമം പാലിക്കാൻ കഴിയുന്നുണ്ട്. | • രാവിലെ കഴിക്കുന്ന ആഹാരം, ഉച്ചയ്ക്ക് കഴിക്കുന്ന ആഹാരം, രാത്രി കഴിക്കുന്ന ആഹാരം. | • ശരിയായ ഭക്ഷണശീലം (ആഹാരം കളയാതെ കഴിക്കുക.) |
| ***സൗന്ദര്യാത്മകവും സർഗാത്മകവുമായ വികാസം***<br>• ആഹാരവുമായി ബന്ധപ്പെട്ട വിവിധയിനം പാട്ടുകൾ (കൂട്ടപ്പാട്ട്,വായ്ത്താരി, ചോദ്യോത്തര പ്പാട്ടുകൾ,കഥാഗാനങ്ങൾ, സംഭാഷണങ്ങൾ. ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ). | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ). |

**തീം : 7 – ആഘോഷങ്ങൾ, സ്വാതന്ത്ര്യദിനം** | **കാലയളവ് : ആഗസ്റ്റ്**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പിറന്നാൾ, വിവാഹം തുടങ്ങിയ ആഘോഷങ്ങൾ വീട്ടിൽ ഉണ്ടാകാറുണ്ട്.<br>2. ഓണം, ക്രിസ്മസ്, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുണ്ട്. (പൂക്കളം, ക്രിസ്മസ് അപ്പൂപ്പൻ, കേക്ക് തുടങ്ങിയ സവിശേഷതകളുണ്ട്).<br>4. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു. | 1. പിറന്നാൾ, വിവാഹം തുടങ്ങിയ ആഘോഷങ്ങൾ വീട്ടിൽ ഉണ്ടാകാറുണ്ട്.<br>2. ഓണം, ക്രിസ്മസ്, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുണ്ട്. (പൂക്കളം, ക്രിസ്മസ് അപ്പൂപ്പൻ, കേക്ക്..... തുടങ്ങിയ സവിശേഷതകളുണ്ട്. സ്കൂളിലും ആഘോഷങ്ങളുണ്ട്. (സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയവ).<br>3. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു. |


| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, വാട്ടർകളർ, അറക്കപ്പൊടി, പേപ്പർ, തുണി.....). | • ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ. | • ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻസിൽ, വാട്ടർകളർ, പേപ്പർ, തുണി എന്നിവ ഉപയോഗിച്ച് നിറം നൽകൽ. |
| • വ്യത്യസ്ത സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു. | • നിർദ്ദേശമനുസരിച്ച് ക്ലാസ്മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം. അവയെക്കുറിച്ച് പറയൽ (എങ്ങനെ? എപ്പോൾ? എന്തൊക്കെ? ഒരുക്കങ്ങൾ) | • ക്ലാസ്മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം,പൂന്തോട്ടം ഒരുക്കൽ, സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവിടങ്ങളിൽ തന്റെ അഭിപ്രായങ്ങൾ പറയൽ.<br>ഉദാ – അത്തപ്പൂക്കളമിടൽ, റംസാൻ, ക്രിസ്മസ്, മറ്റു ആഘോഷങ്ങൾ – എങ്ങനെ തയാറാക്കാം? എന്തൊക്കെ ചെയ്യണം? (അഭിപ്രായങ്ങൾ)<br>– പൂക്കളം ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്? (നിഗമനം) |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കടലാസ്, തുണി എന്നിവ മുറിക്കാനും മടക്കാനും ഒട്ടിക്കാനും കഴിയുന്നു. | • തോരണങ്ങൾ തയാറാക്കൽ, ക്ലാസ് അലങ്കരിക്കൽ. | • കൊടിതോരണങ്ങൾ തയാറാക്കൽ. ക്ലാസിനു പുറത്തും അകത്തും (കടലാസ്, ഇല, തുണി) അലങ്കരിക്കുന്നു.<br>• ബാഡ്ജ് നിർമാണം |
| • കളികളിലും നിർമാണപ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോടും ചേർന്നും സഹകരണമനോഭാവത്തോടെ നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിയുന്നു. | • ക്ലാസ് അലങ്കരിക്കൽ<br>• കലാപരിപാടികളിലെ പങ്കാളിത്തം<br>• കളികളിലെ പങ്കാളിത്തം | • കളികളിലെ പങ്കാളിത്തം<br>• വിവിധ കലാപരിപാടികളിലെ പങ്കാളിത്തം - ദേശഭക്തിഗാനങ്ങൾ |
| • മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും കഴിയുന്നു. | • പാട്ട്, കഥ, ചിത്രം എന്നിവയ്ക്കും ശേഷം കൈയടിച്ചു പ്രോത്സാഹിപ്പിക്കുന്നു. | • പാട്ട്, കഥ, റോൾപ്ലേ, ചിത്രം എന്നിവയുടെ അവതരണശേഷം കൈയടിച്ചു പ്രോത്സാഹിപ്പിക്കൽ.<br>• തന്റേതായ രീതിയിൽ സമ്മാനങ്ങൾ നൽകൽ. |
| • സങ്കോചമില്ലാതെ സഹപാഠികൾ/മുതിർന്നവർ എന്നിവരുമായി സന്തോഷത്തോടെ സംസാരിക്കാനും പുതിയ സഹപാഠി, മുതിർന്നവർ എന്നിവരെ പരിചയപ്പെടാനും കഴിയുന്നു. | • ആഘോഷങ്ങളിൽ പങ്കെടുക്കുന്നു. | • ആഘോഷങ്ങളിൽ പങ്കെടുക്കൽ, അവയെക്കുറിച്ച് പറയൽ.<br>• സംഘപ്രവർത്തനങ്ങൾ<br>• റോൾപ്ലേ |
| • കളിപ്പാട്ടങ്ങൾ, ആഹാരം, മറ്റു വസ്തുക്കൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഊഴം കാക്കുന്നതിനും കഴിയുന്നു. | • ആഘോഷങ്ങളുമായി ബന്ധപ്പെട്ട സദ്യയൊരുക്കൽ, ഒരുമിച്ചു ഭക്ഷണം കഴിക്കൽ. | • ആഘോഷങ്ങളുമായി ബന്ധപ്പെട്ട സദ്യയൊരുക്കൽ (റോൾപ്ലേ), ഒരുമിച്ചു ഭക്ഷണം കഴിക്കൽ.<br>• ഊഴം കാക്കൽ കളികൾ.<br>• മാസ്ഡ്രിൽ |

| തീം : 8 – ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | കാലയളവ് : ആഗസ്റ്റ് |
|---|---|
| **(3+)** | **(4+)** |
| **ആശയങ്ങൾ**<br>1. വിവിധ രോഗങ്ങളുണ്ട്.<br>2. ആരോഗ്യത്തിന് ശുചിത്വശീലങ്ങൾ വളരെ പ്രധാനമാണ്.<br>3. രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.<br>4. ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തുടങ്ങിയവരുണ്ട്. | 1. വിവിധ രോഗങ്ങളുണ്ട്.<br>2. ആരോഗ്യത്തിന് ശുചിത്വശീലങ്ങൾ വളരെ പ്രധാനമാണ്.<br>3. രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി.<br>4. ആശുപത്രിയിൽ ഡോക്ടർ, നഴ്സ് തുടങ്ങിയവരുണ്ട്.<br>5. വ്യക്തിശുചിത്വം പരിസരശുചിത്വം എന്നിവ പാലിച്ചാൽ രോഗത്തിൽ നിന്നു രക്ഷനേടാം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ആരോഗ്യശീലങ്ങൾ, ശുചിത്വശീലങ്ങൾ എന്നിവ പാലിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കഴിയുന്നു. | • ആരോഗ്യപ്പാട്ടുകൾ/ശുചിത്വവുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ (കൈകഴുകൽ, ശരിയായ രീതിയിൽ ഭക്ഷണം കഴിക്കൽ, പല്ലുതേക്കൽ, കുളി, മുടിചീകൽ, നഖം മുറിക്കൽ).<br>• ശരീരശുചിത്വംപാലിക്കൽ<br>• വസ്ത്രശുചിത്വം പാലിക്കൽ<br>• പരിസരശുചിത്വം<br>• ശരിയായ ടോയ്‌ലറ്റിങ് പരിശീലനം | • ആരോഗ്യം/ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ.<br>• ശുചീകരണപ്രവർത്തനങ്ങൾ (ക്ലാസ്/കളിക്കോപ്പ് വൃത്തിയാക്കൽ,യഥാസ്ഥാനത്ത് വയ്ക്കൽ)<br>• സ്വതന്ത്രഭാഷണം (കൈകഴുകൽ, പല്ലുതേക്കൽ, കുളിക്കൽ, നഖം മുറിക്കൽ, മുടിചീകൽ)<br>• വേസ്റ്റ്ബിൻ ശരിയായി ഉപയോഗിക്കൽ, കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് വയ്ക്കൽ) |
| • തന്റെ ലഘുവായ ആവശ്യങ്ങൾ പ്രായത്തിനനുസരിച്ച് ചെയ്യാൻ കഴിയുന്നവ സ്വന്തമായി, പരാശ്രമില്ലാതെ ചെയ്യാൻ കഴിയുന്നു. | • കൈയിൽ അഴുക്കുണ്ടോ – ലഘുപരീക്ഷണം<br>• പല്ലുതേക്കൽ<br>• കൈകഴുകൽ<br>• തുടയ്ക്കൽ<br>• ചെരുപ്പു ധരിക്കൽ<br>• മുടിചീകൽ<br>• വസ്ത്രം ധരിക്കൽ, ഊരിവയ്ക്കൽ<br>• ടോയ്‌ലറ്റ് ഉപയോഗം | • ചിത്രവായന (രോഗം പരത്തുന്ന ജീവികൾ, മലിനജലം, തുറന്നിരിക്കുന്ന ഭക്ഷണം).<br>• വീഡിയോ കാണൽ, പ്രതികരിക്കൽ<br>• പല്ലുതേക്കൽ<br>• കൈകഴുകൽ<br>• തുടയ്ക്കൽ<br>• ചെരുപ്പ് ധരിക്കൽ<br>• മുടിചീകൽ |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| | | • വസ്ത്രം ധരിക്കൽ, ഊരിവയ്ക്കൽ, മടക്കി വയ്ക്കൽ<br>• കളിക്കൽ<br>• അടുക്കും ചിട്ടയോടും വസ്തുക്കൾ വയ്ക്കൽ.<br>• ശരിയായ ടോയ്‌ലറ്റ് ഉപയോഗം. |
| • ആരോഗ്യ - ശുചിത്വശീലങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി പറയൽ - അനുഭവങ്ങൾ പറയൽ.<br>• ഡോക്ടർസെറ്റ് ഉപയോഗിച്ച് കളി. | • ആശുപത്രി - റോൾപ്ലേ<br>• വെയ്സ്റ്റ് ബോക്സ് നിർമാണം<br>• ചിത്രവായന (ഡോക്ടർ, നഴ്സ്), അനുഭവം പറയൽ.<br>• ഡോക്ടർ സെറ്റ് കളിപ്പാട്ടം ഉപയോഗിച്ച് കളിക്കൽ. |
| • മുഖഭാവങ്ങളിലൂടെയും ആംഗ്യങ്ങളിലൂടെയും ശബ്ദവ്യത്യാസത്തിലൂടെയും മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യാൻ സാധിക്കുന്നു. | • കളികൾ<br>• ചമഞ്ഞുകളി | • ചമഞ്ഞുകളി, റോൾപ്ലേ, അഭിനയം. |



**തീം : 9 – പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ** **കാലയളവ് : സെപ്തംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പൂക്കളുണ്ടാകുന്ന ചെടികൾ നട്ടുവളർത്താറുണ്ട്.<br>2. പൂക്കൾ പലനിറത്തിലുണ്ട്.<br>3. മണമുള്ള പൂക്കളും മണമില്ലാത്ത പൂക്കളുമുണ്ട്.<br>4. പൂക്കളിൽ പൂമ്പാറ്റകൾ വരുന്നു. | 1. വീട്ടിൽ പലതരത്തിലുള്ള ചെടികൾ നട്ടുവളർത്താറുണ്ട്.<br>2. പൂക്കളുണ്ടാകുന്ന ചെടികളുണ്ട്.<br>3. പൂക്കൾ പലനിറത്തിലുണ്ട്.<br>4. മണമുള്ള പൂക്കളും മണമില്ലാത്ത പൂക്കളുമുണ്ട്.<br>5. പൂക്കളിൽ പൂമ്പാറ്റയും വണ്ടും തേനീച്ചകളും തേൻ കുടിക്കാൻ വരുന്നു.<br>6. വെള്ളത്തിൽ വളരുന്ന സസ്യങ്ങൾക്കും പൂക്കളുണ്ട്.<br>7. അലങ്കാരത്തിന് പൂക്കൾ ഉപയോഗിക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പൂക്കളുമായി ബന്ധപ്പെട്ട അഭിനയഗാനങ്ങൾ. | • പൂക്കളുമായി ബന്ധപ്പെട്ട അഭിനയഗാനങ്ങൾ പൂപറിക്കാൻ പോരുമോ, പോരുമോ, അമ്മാവാ..... അമ്മാവാ.... എവിടെ പോകുന്നു.<br>(1, 2, 3, 4, ക്ലാപ്പ് |
| • സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. അവയെക്കുറിച്ച് പറയുന്നു. | • ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• ചിത്രങ്ങൾ കീറിയെടുത്ത് ഒട്ടിക്കൽ.<br>• മണൽത്തടത്തിൽ പൂക്കൾ വരയ്ക്കൽ.<br>• ഫ്ളവർ ബെയ്സിൽ പൂക്കൾ ക്രമീകരിക്കൽ. | • ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• ക്ലാഞ്ഞിൽ (തേങ്ങയെ കുലയിൽ ബന്ധിപ്പിക്കുന്ന ഭാഗം) ബ്രഷ്<br>• ചായത്തിൽ മുക്കി ഇഷ്ടാനുസരണം ചായംതേക്കൽ. ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രങ്ങൾ കീറിയെടുത്ത് ഒട്ടിക്കൽ.<br>• ചിത്രംവര – ബോർഡ്, ചുമർ.......... |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| | • ചിത്രം നോക്കി പറയൽ<br>• പൂക്കളെക്കുറിച്ച് പറയൽ | • വരച്ച ചിത്രം - പൂവ്/കൊളാഷ് മണൽ, അറക്കപ്പൊടി നോക്കി പറയൽ.<br>• മണൽത്തടത്തിൽ പൂക്കൾ കുത്തി അലങ്കരിക്കൽ.<br>• ഫ്ളവർ ബേയ്സിൽ പൂക്കൾ ക്രമീകരിക്കൽ/<br>• മാലകോർക്കൽ |
| • തന്റെ ചുറ്റുപാടുമുള്ളതും വീട്ടിൽ വളർത്തുന്നതുമായ ചെടികൾ, പൂക്കൾ എന്നിവയുടെ സവിശേഷതകൾ പറയുന്നു. | • സ്വതന്ത്രഭാഷണം - ചോദ്യത്തിന് മറുപടി പറയൽ. | • വീട്ടിൽ വളർത്തുന്ന ചെടികൾ, പൂക്കൾ എന്നിവയെക്കുറിച്ച് പറയൽ.<br>• പ്രകൃതിനടത്തത്തിൽ കണ്ട വസ്തുക്കൾ/ചെടി/പൂക്കൾ/ എന്നിവയെക്കുറിച്ച് അച്ഛനമ്മമാർ, ടീച്ചർ, കൂട്ടുകാർ, മുതിർന്നവർ എന്നിവരോട് ചോദിക്കൽ. പറയൽ. |
| **വൈജ്ഞാനികവികാസം**<br>• പൂക്കൾ - പൂന്തോട്ടം- ശലഭങ്ങൾ - എന്നിവയുമായി ബന്ധപ്പെട്ട് പരമാവധി കാര്യങ്ങൾ പറയാനും കേട്ട് മനസ്സിലാക്കാനും ചോദിച്ചറിയാനും. | • പ്രകൃതിനടത്തത്തിൽ കണ്ട ചെടി/ പൂക്കൾ/ എന്നിവയെ കുറിച്ച് അധ്യാപിക ചോദിക്കുമ്പോൾ പറയൽ.<br>• ക്ലാസ്മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം, പൂന്തോട്ടമൊരുക്കൽ എന്നിവയിൽ നിർദേശമനുസരിച്ച് സംഘമായി പങ്കെടുക്കൽ. | • പൂക്കളുടെ സാമ്യവും വ്യത്യാസവും നിരീക്ഷിച്ച് പറയൽ.<br>• ക്ലാസ്മുറി അലങ്കരിക്കൽ,ശുചീകരണപ്രവർത്തനം,പൂന്തോട്ടം ഒരുക്കൽ എന്നിവയിൽ സംഘമായി പങ്കെടുക്കൽ. |
| • പൂക്കൾ താരതമ്യം ചെയ്യുന്നതിനും ഗണിതഭാഷയിൽ അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • വ്യത്യസ്ത വലുപ്പത്തിലുള്ള ചിത്രത്തിൽ നിറം നൽകുന്നു.<br>• എത്ര പൂവിൻ പേരറിയാം കളി. | • പൂക്കൾ തിരിച്ചറിയൽ കളി.<br>• എത്ര പൂവിൻ പേരറിയാം കളി.<br>• ചിത്രത്തിൽ ചെറിയ കൂട്ടം, വലിയ കൂട്ടം വട്ടമിടൽ, നിറം നൽകൽ.<br>• ഇതളുകൾ- ഒട്ടിച്ചുചേർക്കൽ (പേപ്പർ ഇതളുകൾ)<br>• പൂക്കൾ - മേനിപറച്ചിൽ |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി ചെടികൾ, പൂക്കൾ, ശലഭങ്ങൾ എന്നിവ നിരീക്ഷിച്ച് കണ്ടെത്തലുകൾ വാചികമായി പറയുന്നു. | • മണത്തു പറയാം<br>• മണമുള്ളതും ഇല്ലാത്തതുമായ പൂക്കൾ തിരിച്ചറിയൽ.<br>• രുചിച്ചുനോക്കാം | • മണമുള്ളതും ഇല്ലാത്തതുമായ പൂക്കൾ തരം തിരിക്കൽ.<br>• മിനുസമുള്ളതും പരുപരുത്തതുമായ വസ്തുക്കൾ തിരിച്ചറിയൽ (പലതരം ഇലകൾ, പൂവ്).<br>• പരിചിതമായ ആകൃതികൾ പറയൽ.<br>• ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>• പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കഥകൾ പറയൽ. |
| • പൂക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയുന്നു. | • പൂക്കളുടെ നിറം പറയൽ | • പൂക്കളെ തരംതിരിക്കൽ (നിറം, മണം). |
| • വ്യത്യസ്ത സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു. | • നിർദേശങ്ങൾ അനുസരിച്ച് ക്ലാസ്മുറി അലങ്കരിക്കൽ, പൂന്തോട്ടം ഒരുക്കൽ, സംഘമായിചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നു. | • അത്തപ്പൂക്കളമിടൽ<br>– എങ്ങനെ തയാറാക്കാം? (അഭിപ്രായങ്ങൾ)<br>– പൂക്കളത്തിൽ പൂക്കൾ എവിടെ,എങ്ങനെ ഒരുക്കണം? (നിർദേശങ്ങൾ)<br>– പൂക്കളം ഇഷ്ടപ്പെട്ടോ? |
| • പൂക്കളുമായി ബന്ധപ്പെട്ട വിവിധ കലാരൂപങ്ങൾ – (നൃത്തം, പാട്ട്, അഭിനയം, വീഡിയോ) നിരീക്ഷിക്കാനും ആസ്വദിക്കാനും കഴിയുന്നു. | • പൂന്തോട്ടപരിപാലനം<br>• പാട്ടു കേൾക്കൽ, പാടൽ<br>• കഥ കേൾക്കൽ, പറയൽ<br>• ചിത്രംവര – നിറം കൊടുക്കൽ | • റോൾപ്ലേ – പൂന്തോട്ടപരിപാലനം<br>• കഥകേൾക്കൽ, പറയൽ, അഭിനയിക്കൽ.<br>• ചിത്രങ്ങളിൽ നിറം നൽകൽ.<br>• ചിത്രംവര – ഒട്ടിക്കൽ |
| • ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ എന്നിവ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു. | • പ്രകൃതിനടത്തം<br>• ഇലകൾ, തൂവലുകൾ ഒട്ടിക്കൽ. | • പ്രകൃതിനടത്തം<br>• ചിത്രങ്ങൾ ശേഖരിക്കൽ, ഒട്ടിക്കൽ.<br>• ഇലകൾ, തൂവലുകൾ ഒട്ടിക്കൽ. |

**തീം : 10 – ഓണം, റംസാൻ** **കാലയളവ് : സെപ്തംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്.<br>2. ആഘോഷത്തിന്റെ ഭാഗമായി ക്ലാസും പരിസരവും സ്കൂളും അലങ്കരിക്കുന്നു. | 1. ഓണം, പെരുന്നാൾ തുടങ്ങി പലതരം ആഘോഷങ്ങളുണ്ട്. ഓരോന്നിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്. ചിലത് സ്കൂളിൽ ആഘോഷിക്കാറുണ്ട്.<br>2. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും ഒക്കെ അലങ്കരിക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രമായി പ്രവർത്തനം ചെയ്യാൻ കഴിയുന്നു. | • **സ്വതന്ത്രമായി കളികളിൽ ഏർപ്പെടൽ**<br>• ഊഞ്ഞാലാട്ടം<br>• പന്തുകളി<br>• ആസൂത്രിതകളികൾ<br>• താളാത്മകചലനങ്ങൾ | • **സ്വതന്ത്രമായി കളികളിൽ ഏർപ്പെടൽ**<br>• ഊഞ്ഞാലാട്ടം<br>• പന്തുകളി<br>• ആസൂത്രിതകളികൾ<br>• താളാത്മകചലനങ്ങൾ |
| ആഘോഷങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങഃൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു. | • ക്ലാസ്മുറി അലങ്കരിക്കൽ, ശുചീകരണ പ്രവർത്തനം, പൂന്തോട്ടമൊരുക്കൽ തുടങ്ങിവ സംഘമായി ചെയ്യൽ. | • ക്ലാസ്മുറി അലങ്കരിക്കൽ, ശുചീകരണപ്രവർത്തനം, പൂന്തോട്ടമൊരുക്കൽ സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയിൽ തന്റെ അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ പറയൽ.<br>ഉദാ: അത്തപ്പൂക്കളമിടൽ, റംസാൻ ആഘോഷങ്ങൾ – എങ്ങനെ തയാറാക്കാം?എന്തൊക്കെ ചെയ്യണം? (അഭിപ്രായങ്ങൾ)<br>പൂക്കളത്തിൽ പൂക്കൾ എവിടെ,എങ്ങനെ ഒരുക്കണം? (നിർദേശങ്ങൾ)<br>പൂക്കളം ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്?(നിഗമനം) |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ആഘോഷങ്ങളുമായി ബന്ധപ്പെട്ടു കളികളിലും നിർമാണപ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോടു ചേർന്നും സഹകരണമനോഭാവത്തോടെ നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ടു പ്രവർത്തിക്കാൻ കഴിയുന്നു. | • കൂട്ടമായുള്ള പ്രവർത്തനങ്ങൾ<br>• സംഘഗാനം | • സംഘപ്രവർത്തനങ്ങൾ<br>• പിറന്നാൾ ആഘോഷം<br>• ക്ലാസ്മുറി വൃത്തിയാക്കൽ<br>• മുതിർന്നവരെ ബഹുമാനിക്കൽ, സ്വാഗതം ചെയ്യൽ.<br>• കളികളിൽ പങ്കെടുക്കൽ |
| • ഉത്സവങ്ങൾ/ആഘോഷങ്ങൾ (ഓണം, ക്രിസ്മസ്, റംസാൻ) തുടങ്ങിയ സന്ദർഭങ്ങളിൽ ഉണ്ടാക്കുന്ന ആഹാരങ്ങൾ (സദ്യ, ബിരിയാണി, കേക്ക്.....) പരിചയപ്പെടുന്നതിനും അവ പരസ്പരം പങ്കുവയ്ക്കുന്നതിനും കഴിയുന്നു. | • വിശേഷാഹാരം പറയൽ.<br>• കഥകൾ കേൾക്കൽ<br>• ചിത്രവായന<br>• പങ്കുവയ്ക്കൽ | • വിശേഷാഹാരം പറയൽ<br>• അനുഭവങ്ങൾ പറയൽ<br>• ആഹാരം പങ്കുവയ്ക്കൽ |
| • ഓണം, റംസാൻ എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ(കൂട്ടപ്പാട്ട്,വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ മുതലായവ) ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ). | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ). |








**തീം : 11 – പച്ചക്കറികൾ** **കാലയളവ് : സെപ്തംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പലതരം പച്ചക്കറികളുണ്ട്.<br>2. വലുപ്പത്തിലും നിറത്തിലും അവ വ്യത്യസ്തമാണ്.<br>3. പാകം ചെയ്തും അല്ലാതെയും പച്ചക്കറികൾ കഴിക്കുന്നു. | 1. പലതരം പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്.<br>2. വീട്ടിൽ പച്ചക്കറികൾ നട്ടുവളർത്താറുണ്ട്.<br>3. പാകം ചെയ്തും അല്ലാതെയും പച്ചക്കറികൾ കഴിക്കുന്നു.<br>4. വലുപ്പത്തിലും ആകൃതിയിലും നിറത്തിലും വ്യത്യാസമുണ്ട്.<br>5. വള്ളികളിലും ചെടികളിലും പച്ചക്കറികൾ കായ്ക്കുന്നു.<br>6. ആഹാരത്തിൽ പച്ചക്കറികൾ ഉൾപ്പെടുത്തണം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്വതന്ത്രവും നിയന്ത്രിതവുമായ ലഘു പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പഴം പച്ചക്കറി കളി<br>• കുളംകര കളി (പഴം അകത്ത്, പച്ചക്കറി പുറത്ത്) | • പഴം പച്ചക്കറി കളി<br>• കുളംകര കളി (പഴം അകത്ത്, പച്ചക്കറി പുറത്ത്) |
| • സൂക്ഷ്മപേശികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • സസ്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• കട്ടൗട്ട് ചിത്രങ്ങൾ വരച്ച് നിറം നൽകൽ.<br>• പച്ചക്കറി ചിത്രങ്ങൾ ഒട്ടിക്കൽ. | • ഈർക്കിൽ, ക്രയോൺ, ചോക്ക്, സ്ലേറ്റ് പെൻസിൽ എന്നിവ ഉപയോഗിച്ച് നിറം നൽകൽ.<br>• കട്ടൗട്ട് ചിത്രങ്ങൾ വരച്ച് ഉചിതമായ നിറം നൽകൽ.<br>• പച്ചക്കറികളുടെ ചിത്രങ്ങൾ കത്രികകൊണ്ട് മുറിച്ചെടുത്ത് ഒട്ടിക്കൽ.<br>• പാവനിർമാണം (Finger puppet) |
| • പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കൊണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • പച്ചക്കറികൾ കുട്ടികൾ കഷണങ്ങളാക്കുന്നു. അധ്യാപികയുടെ സഹായം. | • അധ്യാപികയുടെ സഹായത്തോടെ കത്തി ഉപയോഗിച്ച് പച്ചക്കറി കഷണങ്ങളാക്കൽ, സലാഡാക്കി വിതരണം ചെയ്യൽ.<br>• പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കൊണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കണ്ടും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. | • വീട്ടിലെ പച്ചക്കറികളെക്കുറിച്ചു പറയൽ.<br>• കണ്ടെത്താം പറയാം കളി (നിറം, വലുപ്പം, രുചി)<br>• പച്ചക്കറികളുമായി ബന്ധപ്പെട്ട ചിത്രവായന.<br>• കഥകൾ കേൾക്കൽ - പറയൽ<br>• പാട്ടുകൾ പാടൽ<br>• പച്ചക്കറികളുടെ മേനിപറച്ചിൽ. | • വീട്ടിൽ വിളഞ്ഞ, ഉപയോഗിക്കുന്ന പച്ചക്കറികൾ- സ്വതന്ത്രഭാഷണം.<br>• കണ്ടെത്താം. പറയാം കളി (ആകൃതി, നിറം, രുചി, മണം, ചെടി.....)<br>• ചിത്രവായന<br>• കഥകൾ കേൾക്കൽ - നിർമിക്കൽ - പറയൽ<br>• പാട്ടുകൾ കേൾക്കൽ - നിർമിക്കൽ- പാടൽ<br>• പാവകളി<br>• മേനിപറച്ചിൽ (സവിശേഷത, പ്രയോജനം) |
| • കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • പച്ചക്കറികളെ കുറിച്ച് പറയൽ. | • മുങ്ങുമോ പൊങ്ങുമോ - ലഘുപരീക്ഷണം<br>• പച്ചക്കറികളുടെ സവിശേഷതകൾ പറയൽ. |
| • വസ്തുക്കളെ താരതമ്യം ചെയ്ത് ഗണിതഭാഷയിൽ പറയുന്നു. | • കൂട്ടത്തിൽ നിന്നു ചെറുതും വലുതും കണ്ടെത്തി പറയൽ.<br>• പച്ചക്കറികൾക്ക് വലുതിനും ചെറുതിനും വേറെ വേറെ നിറം നൽകൽ.<br>• ചിത്രം നോക്കിയും പച്ചക്കറികൾ നോക്കിയും എണ്ണിപ്പറയൽ. | • വലിയ കൂട്ടം, ചെറിയകൂട്ടം എന്നു തരംതിരിക്കൽ.<br>• വലുതിനും ചെറുതിനും വട്ടമിടൽ.<br>• 1 - 5 വരെ എണ്ണിപ്പറയൽ.<br>• ഗണിതപ്പാട്ടുകൾ പാടൽ. പാട്ടുകളെ അടിസ്ഥാനമാക്കി എത്രയെന്നു പറയൽ. |


| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പാറ്റേണുകൾ കണ്ടെത്തുന്നതിനും അവ സൗന്ദര്യാത്മകമായി ക്രമീകരിക്കുന്നതിനും കഴിയുന്നു. | • പച്ചക്കറികൾ ഉപയോഗിച്ച് വിവിധ പാറ്റേൺ രൂപങ്ങൾ നിർമിക്കുന്നു. | • പച്ചക്കറികൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമിച്ച് അതിലെ പാറ്റേൺ കണ്ടെത്തി പറയൽ. |
| • ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു. | • കളിമണ്ണ്, മൈദമാവ് എന്നിവ കൊണ്ട് പച്ചക്കറി രൂപങ്ങൾ നിർമിക്കുന്നു.<br>• കാർഡിൽ പച്ചക്കറിയുടെ ചിത്രത്തിൽ പശതേച്ച് - സാൻഡ് കൊളാഷ് ചെയ്യൽ. | • പച്ചക്കറികളുടെ കൊളാഷ് നിർമാണം<br>• കളിമണ്ണ്, പ്ലാസ്റ്റീൻ, കുഴച്ചമൈദമാവ് എന്നിവ ഉപയോഗിച്ച് പച്ചക്കറി മോഡലുകൾ നിർമിക്കൽ.<br>• മറ്റു വസ്തുക്കൾ ഉപയോഗിച്ച് പച്ചക്കറിരൂപങ്ങൾ നിർമിക്കൽ (മുട്ടത്തോട്).<br>• സാൻഡ് കൊളാഷ് ചെയ്യൽ.<br>• വെജിറ്റബിൾ പ്രിന്റിങ് (തുണി, കടലാസ്) |
| • ലഘു ആശയങ്ങളെ വിവിധ കലാരൂപങ്ങളിൽ അവതരിപ്പിക്കാൻ കഴിയുന്നു. | • പാവനാടകം കാണൽ (പച്ചക്കറി കഴിക്കേണ്ട ആവശ്യകത).<br>• ആംഗ്യപ്പാട്ട്<br>• പച്ചക്കറിച്ചന്ത - റോൾപ്ലേ<br>• കളികൾ | • പാവനാടകം - കാണൽ, അവതരിപ്പിക്കൽ (പച്ചക്കറി നിത്യവും കഴിക്കേണ്ടതിന്റെ ആവശ്യകത).<br>• ആംഗ്യപ്പാട്ട്<br>• പച്ചക്കറിച്ചന്ത - റോൾപ്ലേ |
| • നിർമാണപ്രവർത്തനങ്ങളിൽ സംഘമായും മുതിർന്നവരോടു ചേർന്നും പ്രവർത്തിക്കാൻ കഴിയുന്നു. | • അധ്യാപികയുടെ സഹായത്തോടെ സലാഡ് വിതരണം.<br>• നാരങ്ങവെള്ളം നിർമാണം, വിതരണം | • പച്ചക്കറി നടൽ (പച്ചക്കറിത്തോട്ടം)<br>• സലാഡ് നിർമാണം - പങ്കുവയ്ക്കൽ |

| തീം : 12 - ഗാന്ധിജയന്തി | കാലയളവ് : ഒക്ടോബർ |
|---|---|
| **(3+)** | **(4+)** |
| **ആശയങ്ങൾ**<br>1. ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയ ദിനങ്ങൾ സ്കൂളുകളിൽ ആഘോഷമായി നടത്താറുണ്ട്.<br>2. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കാറുണ്ട്. | 1. ഗാന്ധിജയന്തി, ശിശുദിനം തുടങ്ങിയ ദിനങ്ങൾ സ്കൂളുകളിൽ ആഘോഷമായി നടത്താറുണ്ട്.<br>2. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കാറുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു. | • ചിത്രങ്ങളിൽ ക്രയോൺ, പെൻസിൽ എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു. | • ചിത്രങ്ങളിൽ ക്രയോൺ, പെൻസിൽ എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു. |
| • ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ/ പാട്ടുകൾ കേൾക്കൽ പറയൽ. | • ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ/ കേൾക്കുന്നു. പാട്ടുകൾ പാടുന്നു. | • ഗാന്ധിജയന്തിയുമായി ബന്ധപ്പെട്ട കഥകൾ/ കേൾക്കുന്നു. പാട്ടുകൾ പാടുന്നു. |
| • കടലാസ്, തുണി എന്നിവ മുറിക്കാനും മടക്കാനും ഒട്ടിക്കാനും കഴിയുന്നു. | • തോരണങ്ങൾ തയാറാക്കുന്നു. അവ ഉപയോഗിച്ച് അലങ്കരിക്കുന്നു. | • തോരണങ്ങൾ തയാറാക്കുന്നു.<br>• ക്ലാസ് മുറി അലങ്കരിക്കുന്നു.<br>• ബിഡ്ജുകൾ നിർമിച്ച് ഉപയോഗിക്കുന്നു. |

**തീം : 13 – ജീവികൾ – വളർത്തുമൃഗം, വളർത്തുപക്ഷികൾ** | **കാലയളവ് : ഒക്ടോബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പശു, ആട്, കാള, പട്ടി, പൂച്ച, മുയൽ മുതലായവയെ വീട്ടിൽ വളർത്തുന്നു.<br>2. വളർത്തുമൃഗങ്ങളെ കൊണ്ട് ഉപയോഗമുണ്ട്. (പാലുതരുന്നു, വീട് കാക്കുന്നു).<br>3. ചില പക്ഷികളെ വീട്ടിൽ വളർത്താറുണ്ട്.<br>4. ചില പക്ഷികളെ കൊണ്ട് ഉപയോഗമുണ്ട്. (കോഴി, താറാവ്, .....) | 1. പശു, ആട്, കാള, പട്ടി, പൂച്ച, മുയൽ മുതലായവയെ വീട്ടിൽ വളർത്തുന്നു.<br>2. വളർത്തുമൃഗങ്ങളെ കൊണ്ട് ഉപയോഗമുണ്ട്. (പാലുതരുന്നു, വീട് കാക്കുന്നു).<br>3. ചില പക്ഷികളെ വീട്ടിൽ വളർത്താറുണ്ട്.<br>4. ചില പക്ഷികളെ കൊണ്ട് ഉപയോഗമുണ്ട്. (കോഴി, താറാവ്, .....)<br>5. വളർത്തുജീവികൾക്ക് പരിചരണം ആവശ്യമാണ്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സാഹചര്യങ്ങൾക്കനുസരിച്ച് ഇഴഞ്ഞും കുനിഞ്ഞും ചരിഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നു. | • പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ (തവളച്ചാട്ടം, മുയൽ, ആന, പൂമ്പാറ്റ)<br>• കളികൾ, കഥകൾ, പാട്ടുകൾ | • പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ (തവളച്ചാട്ടം, മുയൽ, ആന, പൂമ്പാറ്റ)<br>• കളികൾ, കഥകൾ, പാട്ടുകൾ<br>• മൈമിങ്<br>• ഡെസ്ക്, മേശ, കസേര എന്നിവയുടെ അടിയിലൂടെ കടക്കൽ. |
| • ശരീരത്തിലെ ചെറുപേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • ജീവികളുടെ ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു. | • ജീവികളുടെ ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• ക്ലാഞ്ഞിൽ (തേങ്ങയെ കുലയിൽ ബന്ധിപ്പിക്കുന്ന ഭാഗം)/ ബ്രഷ് ചായത്തിൽ മുക്കി ഇഷ്ടാനുസരണം ചായംതേക്കുക.<br>• വസ്തുവായന, ചിത്രവായന |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • തന്റെ ചുറ്റുമുള്ള വസ്തുക്കൾ, സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ശ്രദ്ധിച്ച് കാണാനും കേൾക്കാനും കഴിയുന്നു. | • ശബ്ദം തിരിച്ചറിയൽ കളി (പക്ഷികൾ ,മൃഗങ്ങൾ,വാഹനങ്ങൾ)<br>• ആംഗ്യപ്പാട്ട് ശ്രദ്ധിക്കൽ<br>• പാട്ടു കേൾക്കൽ (ഐ.സി.ടി)<br>• കഥ കേൾക്കൽ (ഐ.സി.ടി)<br>• കൊമ്പരകൊമ്പര കളി | • ശബ്ദാനുകരണ കളികൾ (പക്ഷികൾ...)<br>• പാട്ട്, കഥ, നാടകം കേൾക്കൽ (ഐ.സി.ടി)<br>• കൊമ്പരകൊമ്പര കളി |
| • ഭാവം ഉൾക്കൊണ്ടുകൊണ്ട് മൃഗങ്ങൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെട്ട കഥകൾ,പാട്ടുകൾ,സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു (ശബ്ദവ്യത്യാസം, ഭാവം, ആംഗ്യം, ഈണം, താളം, ചലനം). | • ആംഗ്യപ്പാട്ട് പാടൽ<br>• കഥപറയൽ<br>• ചിത്രം നിരീക്ഷിച്ച് പറയൽ.<br>• മണൽത്തടത്തിലെ ക്രമീകരണം നോക്കി പറയൽ. | • കളിരീതി പ്രക്രിയ പാലിച്ച് പറയൽ.<br>• കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തി പറയൽ.<br>• സംഭവങ്ങൾ വിശദാംശങ്ങളോടെ പറയൽ.<br>• ബിഗ് പിക്ചർ നോക്കി പറയൽ. |
| • വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • പ്രകൃതിനടത്തത്തിൽ കണ്ട പക്ഷികൾ, ജീവികൾ എന്നിവയെക്കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും ചോദിക്കൽ.<br>• ചിത്രം നോക്കി പറയൽ.<br>• ഇഷ്ടപ്പെട്ട വസ്തുക്കളെ കുറിച്ച് പറയൽ.<br>• പാവകളി | • പ്രകൃതിനടത്തത്തിൽ കണ്ട വസ്തുക്കൾ/ ചെടി/ വിത്ത്/പൂക്കൾ/ ആകർഷിച്ച വസ്തുക്കൾ എന്നിവയെ കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും ചോദിക്കൽ.<br>• ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ.<br>• കഥ മെനഞ്ഞു പറയൽ<br>• പാവനിർമാണം, പാവകളി |
| • ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചുപറയാൻ കഴിയുന്നു. | • ചാർട്ടിലെ ചിത്രം നോക്കി പറയൽ. | • ചാർട്ടിലെ ചിത്രം നോക്കി കഥ ഊഹിച്ചു പറയൽ.<br>• കഥയുടെ ബാക്കിഭാഗം പൂരിപ്പിക്കൽ. |
| • കഥകൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ വിശകലനം ചെയ്ത് മറ്റുള്ളവർക്ക് നന്മയും സന്തോഷവും ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ.<br>(ഉദാ: വീട്ടിലെ ചേട്ടൻ/ചേച്ചി, അനിയൻ, അനിയത്തി കളിപ്പാട്ടത്തിന് തർക്കം കൂടുന്നത്.)<br>• കഥപറയൽ, കേൾക്കൽ. | • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ<br>• കഥകൾ വിശകലനം ചെയ്യൽ<br>(ഉദാ: കാക്കയും കുറുക്കനും അപ്പം തട്ടിയെടുത്ത കഥ.)<br>"കുറുക്കൻ ചെയ്തത് ശരിയാണോ?" |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽ പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയുന്നതിനും കൂട്ടത്തിൽപ്പെടാത്തതിനു കാരണം പറയുന്നതിനു കഴിയുന്നു. | • പക്ഷികൾ/മൃഗങ്ങൾ തിരിച്ചറിയൽ | • പക്ഷികളും മൃഗങ്ങളും-സാമ്യവ്യത്യാസം കണ്ടെത്തി പറയൽ (നിറം, വലുപ്പം, ഉയരം, നീളം).<br>• കൂട്ടത്തിൽ പെടുന്നത്, അല്ലാത്തത് തിരിച്ചു പറയൽ. |
| • കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു. | • സംഘമായും ഒറ്റയ്ക്കും പാടൽ | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ. |
| • ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ, എന്നിവ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു. | • ചിത്രങ്ങൾ (മൃഗങ്ങൾ, പക്ഷികൾ), തൂവലുകൾ ഒട്ടിക്കൽ | • ഇലകൾ, തൂവലുകൾ, ചിത്രങ്ങൾ, എന്നിവ ശേഖരിച്ച് ഒട്ടിക്കൽ.<br>• മൃഗ ആൽബം തയാറാക്കൽ.<br>• എങ്ങനെ തയാറാക്കാം? എന്തൊക്കെ ചെയ്യണം? (അഭിപ്രായങ്ങൾ) |
| • വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവ തരിപ്പിക്കാൻ കഴിയുന്നു | • ചിത്രം നോക്കി പറയൽ<br>• ഇഷ്ടപ്പെട്ട വസ്തുക്കളെ കുറിച്ച് പറയൽ. | • ഇലമൃഗശാല തയാറാക്കൽ<br>• മൃഗ - പക്ഷി ആൽബം തയാറാക്കുന്നു. |
| • വീട്ടുമൃഗങ്ങൾ - കാട്ടിലെ മൃഗങ്ങൾ, വീട്ടുപക്ഷികൾ - കാട്ടിലെപക്ഷികൾ എന്നിവയെ തിരിച്ചറിയുന്ന തിനും സവിശേഷതകൾ പറയുന്നതിനും. വാസ സ്ഥലങ്ങൾ തിരിച്ചറിഞ്ഞു പറയുന്നതിനും കഴി യുന്നു. | • സ്വതന്ത്രഭാഷണം<br>• ചിത്രത്തിൽ നിന്നും, (ചിത്രകാർഡ്) വീഡിയോ കണ്ടും മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിഞ്ഞു പറയൽ.<br>• ചിത്രത്തിൽ നിറം കൊടുക്കൽ.<br>• മുഖംമൂടി വച്ച് അഭിനയം. | • സ്വതന്ത്രഭാഷണം<br>• ചിത്രകാർഡുകൾ ഉപയോഗിച്ച് വീട്ടിലെ മൃഗ ങ്ങളെയും കാട്ടിലെ മൃഗങ്ങളെയും തരം തിരിക്കൽ.<br>• ഊഹിച്ചുപറയൽ.<br>• ചിത്രത്തിൽ നിറം കൊടുക്കൽ - അമ്മയും കുഞ്ഞും യോജിപ്പിക്കൽ.<br>• മുഖംമൂടി വച്ച് അഭിനയം.<br>• കഥ കേൾക്കൽ, നിർമിക്കൽ.<br>• വീഡിയോ കണ്ട് പ്രതികരിക്കൽ. |

| | | |
|---|---|---|
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ജീവജാലങ്ങൾ എന്നിവയുടെ ശബ്ദം അനുകരിക്കാൻ കഴിയുന്നു. | • ശബ്ദം തിരിച്ചറിയൽ കളി (കാക്ക കരയുന്ന ശബ്ദം, ചുമയ്ക്കുന്ന ശബ്ദം). | • ശബ്ദം തിരിച്ചറിയൽ കളി (കാക്ക കരയുന്ന ശബ്ദം, ചുമയ്ക്കുന്ന ശബ്ദം....) |
| • ജന്തുക്കൾ/പക്ഷികൾ ഇവയെ സംബന്ധിച്ച് കാര്യകാരണ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നു.(പൂച്ച പറക്കാത്തതെന്തുകൊണ്ട്?) | • ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചുള്ള ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>ഉദാ: എന്തുകൊണ്ടെന്തുകൊണ്ട്? | • ജീവികൾ, പക്ഷികൾ, മൃഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചോദ്യോത്തരപ്പാട്ടുകൾ പാടൽ. |
| • വസ്തുക്കൾ/ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയുന്നതിനും. കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയുന്നതിനു കഴിയുന്നു. | • പക്ഷികൾ/മൃഗങ്ങൾ തിരിച്ചറിയൽ<br>• ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചുള്ള ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>ഉദാ: എന്തുകൊണ്ടെന്തുകൊണ്ട്? | • ജന്തുക്കൾ/പക്ഷികൾ എന്നിവയുടെ കടങ്കഥകൾ പറയൽ.<br>• ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>• പ്രകൃതിപ്രതിഭാസങ്ങൾ/വസ്തുക്കൾ/ജന്തുക്കൾ/സസ്യങ്ങൾ എന്നിവയുടെ കടങ്കഥകൾ പറയൽ.<br>• പക്ഷികൾ/മൃഗങ്ങൾ തിരിച്ചറിയൽ |
| • പ്രാണികൾ, ശലഭങ്ങൾ, മൃഗങ്ങൾ, വീട്ടുമൃഗങ്ങൾ, കാട്ടിലെ മൃഗങ്ങൾ, പക്ഷികൾ, വീട്ടുപക്ഷികൾ, കാട്ടിലെ പക്ഷികൾ എന്നിവയെ തിരിച്ചറിയുന്നതിനും സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുന്നതിനും വാസപ്രദേശങ്ങൾ തിരിച്ചറിഞ്ഞു പറയുന്നതിനു കഴിയുന്നു. | • പ്രകൃതിനടത്തം (കാണുന്ന ജീവികളെ തിരിച്ചറിഞ്ഞ് പേരു പറയൽ, സവിശേഷതകൾ പറയൽ).<br>• ചിത്രവായന | • പ്രകൃതിനടത്തം (ശലഭങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിയൽ/സവിശേഷത പറയൽ).<br>• വിവിധ ജീവികളെ നേരിൽ കാണൽ. |



| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയുന്നു. | • പ്രകൃതിനടത്തം<br>• സസ്യങ്ങളെയും ജന്തുക്കളെയും പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• ചെടികൾക്ക് വെള്ളമൊഴിക്കൽ.<br>• മീൻ, പക്ഷികൾ എന്നിവയ്ക്ക് ഭക്ഷണം നൽകൽ. | • പ്രകൃതിനടത്തം<br>• സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതായ പാട്ടുകൾ/കഥകൾ കേൾക്കൽ.<br>• പൂന്തോട്ടനിർമാണം, പരിപാലനം<br>• വളർത്തുപക്ഷികൾ/മൃഗങ്ങൾ എന്നിവയ്ക്ക് ആഹാരം നൽകൽ. |
| • കഥകൾ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥകൾ കേൾക്കൽ (ഓഡിയോ) | • ഓഡിയോ, റോൾപ്ലേ, പാവകളി തുടങ്ങിയവയിലൂടെ കഥകൾ കേൾക്കൽ. |
| • ഒന്നിനെ മറ്റൊന്നായി സങ്കൽപ്പിച്ചും (ചുറ്റുമുള്ള ജീവികൾ, വസ്തുക്കൾ) മറ്റൊരാളായി സ്വയം സങ്കൽപ്പിച്ചും ഭാവനയിൽ അവസ്ഥകൾ സൃഷ്ടിച്ചും ആശയപ്രകടനം നടത്താൻ കഴിയുന്നു. | • ചമഞ്ഞുകളി<br>• മൃഗങ്ങളുടെയും പക്ഷികളുടെയും മുഖംമൂടിവച്ച് കളിക്കൽ. | • മുഖംമൂടിവച്ച് കളിക്കൽ.<br>• മേനിപറച്ചിൽ<br>• കമ്പ് തുടങ്ങിയ വസ്തുക്കളെ വിവിധ വസ്തുക്കളായി സങ്കൽപ്പിച്ച് അവതരണം.<br>• കിച്ചൺസെറ്റ് (ഓർക്കസ്ട്ര) |
| • ചുറ്റുമുള്ള ജീവികൾ, വസ്തുക്കൾ, ആളുകൾ എന്നിവയുടെ ശബ്ദം, ചലനം തുടങ്ങിയവ അനുകരിക്കാൻ കഴിയുന്നു. | • ശബ്ദാനുകരണക്കളികൾ<br>• സംഘകളികൾ | • ശബ്ദാനുകരണക്കളികൾ<br>• സംഘകളികൾ |
| • ചിത്രങ്ങൾ, ഇലകൾ, തൂവലുകൾ, കൗതുകവസ്തുക്കൾ, മഹാന്മാരുടെ ചിത്രങ്ങൾ, കലാകാരന്മാരുടെ ചിത്രങ്ങൾ എന്നിവ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു. | • ഇലകൾ, തൂവലുകൾ ഒട്ടിക്കൽ | • ഇലകൾ, തൂവലുകൾ, ചിത്രങ്ങൾ, കൗതുകവസ്തുക്കൾ എന്നിവ ശേഖരിച്ച് ഒട്ടിക്കൽ. |

**തീം : 14 - വന്യജീവികൾ** **കാലയളവ് : ഒക്ടോബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്.<br>2. വലുതും ചെറുതുമായ മൃഗങ്ങളുണ്ട്. | 1. കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്.<br>2. വലുതും ചെറുതുമായ മൃഗങ്ങളുണ്ട്.<br>3. മാംസാഹാരം കഴിക്കുന്ന മൃഗങ്ങളും സസ്യാഹാരം കഴിക്കുന്ന മൃഗങ്ങളുമുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • മൃഗങ്ങളുടെ ചലനങ്ങൾ അനുകരിക്കുന്നു. (ആന, സിംഹം, മാൻ..........)<br>• ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുക.<br>• പേപ്പർ ചുരുട്ടൽ<br>• മൃഗരൂപങ്ങൾ നിർമിക്കൽ | • മൃഗങ്ങളുടെ ചലനങ്ങൾ അനുകരിക്കുന്നു. (ആന, സിംഹം, മാൻ..........)<br>• മാസ്കിന്റെ സഹായത്തോടെയുള്ള ചലനങ്ങൾ.<br>• ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• ആന കൊമ്പനാന കളി<br>• സ്വന്തമായി വരയ്ക്കൽ - നിറം നൽകൽ<br>• വസ്തു വായന, ചിത്രവായന |
| • ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • വഴികാണിക്കൽ<br>• കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തീകരിക്കുന്നു. | • വഴികാണിക്കൽ<br>• കുത്തുകൾ യോജിപ്പിച്ച് ചിത്രം പൂർത്തീകരിക്കുന്നു. |
| • മൃഗങ്ങളുമായി ബന്ധപ്പെട്ട ലഘുബാല സാഹിത്യകൃതികൾ വായിച്ചു കേൾക്കാനും വായിച്ചു കേട്ടവ വിവിധ രീതികളിൽ (വാചികം, അഭിനയം, ചിത്രം) ആവിഷ്കരിക്കാനും കഴിയുന്നു. | • വായിച്ചുകേട്ട കാര്യങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നു. | • വായിച്ചുകേട്ട കാര്യങ്ങൾ വാചികമായി അവതരിപ്പിക്കുന്നു. റോൾപ്ലേ, ചിത്രംവര, അഭിനയം എന്നിവയിലൂടെ പ്രകടിപ്പിക്കൽ (മാസ്ക് വച്ചും ആകാം). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്ഥലപരവും ദിശാപരവുമായ ആശയങ്ങൾ അവതരിപ്പിക്കാൻ ഗണിതഭാഷ പ്രയോജനപ്പെടുന്നു. | • ഒരു വിരൽ ആടുമ്പോൾ പാട്ട്<br>• ലഘുവ്യായാമക്കളി (മൃഗമാസ്ക്)<br>• എത്രപേർ എത്രപേർ കളി | • ഒരു വിരൽ ആടുമ്പോൾ പാട്ട്<br>• മൃഗചിത്രങ്ങൾ വിവിധ രൂപത്തിൽ ക്രമീകരിക്കാം. (ജിഗ്സോ പസിൽ)<br>• ലഘുവ്യായാമക്കളി - മൃഗമാസ്ക്കിന്റെ സഹായം (ഇടതുകൈ വലതുകൈ ഇരുകൈ..... മുന്നിൽ പിന്നിൽ നിര നിര ഉയരാം).<br>• എത്രപേർ എത്രപേർ കളി |
| • ആകൃതി, വലുപ്പം, ഉയരം തുടങ്ങിയ ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് തരംതരിച്ച് ക്രമീകരിക്കുന്നു. | • ചിത്രകാർഡുകൾ താരതമ്യം ചെയ്ത് ക്രമീകരിക്കുന്നു. (വലുപ്പം, ഉയരം മുതലായവ).<br>• മേനിപറച്ചിൽ, വീഡിയോ കണ്ട് പ്രതികരിക്കൽ. | • ചിത്രകാർഡുകളെ വിവിധരീതിയിൽ തരംതിരിച്ച് മാനദണ്ഡം പറയുന്നു.<br>• മൃഗങ്ങളുടെ സവിശേഷതകൾ പറയുന്നു.<br>• സവിശേഷതകളുടെ അടിസ്ഥാനത്തിൽ മേനി പറയുന്നു.<br>• വീഡിയോ കണ്ട് കണ്ട കാര്യങ്ങളെ കാര്യകാരണ ബന്ധം പറയുന്നു. |
| • മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവയെ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും കഴിയുന്നു. (പാട്ട്, കല, ചിത്രകല) | • പാട്ടുപാടിക്കഴിഞ്ഞ് കൂട്ടുകാരിക്ക്/ കൂട്ടുകാരന് കൈയടിച്ച് പ്രോത്സാഹനം.<br>• സമ്മാനം നൽകൽ | • പാട്ട്/കഥ/നിർമാണ പ്രവർത്തനങ്ങൾ എന്നിവ ചെയ്ത് കഴിയുമ്പോൾ കൈയടിച്ച് പ്രോത്സാഹനം നൽകൽ.<br>• സമ്മാനം നൽകൽ<br>• ഹസ്തദാനം നൽകൽ |
| • മൃഗങ്ങൾ, പക്ഷികൾ, പ്രാണികൾ, ഇഴജന്തുകൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് ക്രമീകരിക്കുന്നു. ഒട്ടിക്കുന്നു. | • മൃഗങ്ങൾ - വീട്ടുമൃഗങ്ങൾ, വന്യമൃഗങ്ങൾ, പ്രാണികൾ, പക്ഷികൾ എന്നിവയുടെ ചിത്രം ശേഖരിച്ച് ഒട്ടിക്കുന്നു. | • മൃഗങ്ങൾ - വീട്ടുമൃഗങ്ങൾ, വന്യമൃഗങ്ങൾ, പക്ഷികൾ - വീട്ടിൽ - കാട്ടിൽ<br>• പ്രാണി, ഇഴജന്തുകൾ എന്നിവയുടെ ചിത്രങ്ങൾ മേൽ സൂചന പ്രകാരം ഒട്ടിക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ ,വിവരണങ്ങൾ,കഥകൾ എന്നിവ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • മൃഗങ്ങളുമായി ബന്ധപ്പെട്ട് കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ (ആഹാരരീതി). | • മൃഗങ്ങളുമായി ബന്ധപ്പെട്ട കണ്ടതും കേട്ടതുമായ കാര്യങ്ങളെക്കുറിച്ച് പറയൽ (വാസസ്ഥലം, ആഹാരം, ആഹാരരീതി). |
| • ഭാവം ഉൾക്കൊണ്ടുകൊണ്ട് കഥകൾ,പാട്ടുകൾ,സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു (ശബ്ദവ്യത്യാസം, ഭാവം ,ആംഗ്യം, ഈണം, താളം,ചലനം). | • മൃഗങ്ങളുമായി ബന്ധപ്പെട്ട ആംഗ്യപ്പാട്ട്, കഥ തുടങ്ങിയവ പാടുന്നു, പറയുന്നു. മണൽത്തടത്തിലെ കഥ. | • ഈണത്തോടെ താളാത്മകമായി പാടി അഭിനയിക്കുന്നു. <br>• ഭാവം ഉൾക്കൊണ്ടുകൊണ്ട് ശബ്ദവ്യതിയാനത്തോടെ കഥകൾ,സംഭവങ്ങൾ എന്നിവ പറയൽ (മൃഗബന്ധം). |
| • മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം,റോൾപ്ലേ, ചമഞ്ഞുകളി തുടങ്ങിയവ നടത്താൻ കഴിയുന്നു. | • സവിശേഷത പറയൽ, മേനിപറയൽ (പഴങ്ങൾ,പച്ചക്കറികൾ..) <br>• ചമഞ്ഞുകളി-മൃഗങ്ങളുടെ മാസ്ക് ഉപയോഗിച്ച് സംഭാഷണം. | • റോൾപ്ലേ, പാവനാടകം, ചമഞ്ഞുകളി എന്നിവയിൽ സംഭാഷണങ്ങൾ പറയൽ. |
| • വിവിധയിനം പാട്ടുകൾ(കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ......) മുതലായവ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ). | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • മൃഗങ്ങളുമായി ബന്ധപ്പെട്ട കഥകൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ വിശകലനം ചെയ്ത് മറ്റുള്ളവർക്ക് നന്മയും സന്തോഷവും ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയും. | • ബിഗ് പിച്ചറിൽ തയാറാക്കി വച്ച കുറുക്കന്റെയും കൊക്കിന്റെയും കഥ, കാക്ക-കുറുക്കൻ, ആന - തയ്യൽക്കാരൻ, ആമ-മുയൽ തുടങ്ങിയ കഥകൾ പറയുന്നു, കേൾക്കുന്നു, മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കൽ. | • ബിഗ് പിച്ചർ<br>പാവ<br>മണൽത്തടം എന്നിവയുടെ സഹായത്തോടെ വിവിധതരം കഥകൾ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു.<br>• കുറുക്കന്റെയും കൊക്കിന്റെയും കഥ, കാക്ക-കുറുക്കൻ, ആന - തയ്യൽക്കാരൻ, ആമ-മുയൽ തുടങ്ങിയ കഥകൾ പറയുന്നു, കേൾക്കുന്നു, മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കൽ. |
| • സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും ചരിഞ്ഞും ഇഴഞ്ഞും മുട്ടുകുത്തി നടന്നും ശരീരത്തെ ഒതുക്കിയും വികസിപ്പിച്ചും പ്രയോജനപ്പെടുത്താൻ കഴിയുന്നു. | • ആംഗ്യപ്പാട്ട്<br>പുഴ നീന്തിക്കടന്ന് | • ആംഗ്യപ്പാട്ട്<br>• പുഴനീന്തിക്കടന്ന്<br>......................<br>• എയ്റോബിക്സ്<br>• പൂച്ചനടത്തം, ആനനടത്തം, മാൻനടത്തം മുതലായവ. |



| തീം : 15 – മണ്ണ്, കൃഷി | | കാലയളവ് : ഒക്ടോബർ |
|---|---|---|

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. ചെടികൾ വളരുന്നത് മണ്ണിലാണ്.<br>2. മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു.<br>3. കൃഷി ചെയ്യാൻ ഉപകരണങ്ങൾ ആവശ്യമാണ്. | 1. ചെടികൾ വളരുന്നത് മണ്ണിലാണ്.<br>2. മണ്ണിൽ ജീവികളുണ്ട്. (മണ്ണിര, കുഴിയാന)<br>3. മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു.<br>4. വിത്തുകൾ മുളപ്പിച്ചും കമ്പുകൾ നട്ടും കൃഷി ചെയ്യാം.<br>5. കൃഷി ചെയ്യാൻ ഉപകരണങ്ങൾ ആവശ്യമാണ്.<br>6. മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിന് സഹായിക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • തോൾ, മണിബന്ധം, വിരലുകൾ, കാൽമുട്ട്, പാദം, എന്നിവയിലെ ചെറുപേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • കളിമണ്ണ് കുഴയ്ക്കുക, വിവിധ രൂപങ്ങൾ, മണ്ണപ്പം എന്നിവ ഉണ്ടാക്കുന്നു. | • കളിമണ്ണ് കുഴയ്ക്കുക, ഉരുട്ടുക, രൂപങ്ങൾ, മണ്ണപ്പം നിർമിക്കുന്നു. |
| • കൃഷിയിടങ്ങൾ, കൃഷിചെയ്യുന്ന ചിത്രങ്ങൾ/വീഡിയോ എന്നിവ കണ്ടും വായിച്ചും (പ്രാഗ് വായന) ആശയങ്ങൾ പങ്കുവയ്ക്കുന്നു. | • ചിത്രങ്ങളിൽ നിന്നും വീഡിയോകളിൽ നിന്നും ഗ്രഹിച്ച കാര്യങ്ങൾ പറയുന്നു.<br>• ചിത്രങ്ങളിൽ നിന്നു കൃഷിയുപകരണങ്ങൾ തിരിച്ചറിയുന്നു. | • ചിത്രങ്ങളിൽ നിന്നും വീഡിയോ കണ്ടും ഗ്രഹിച്ച കാര്യങ്ങൾ പറയുന്നു.<br>• കൃഷിയിടങ്ങൾ സന്ദർശിച്ച് കണ്ടതും അറിഞ്ഞതുമായ കാര്യങ്ങൾ പങ്കുവയ്ക്കുന്നു.<br>• വീഡിയോ/ചിത്രം എന്നിവ കാണുന്നു. പറയുന്നു.<br>• കൃഷിപ്പണിയിൽ മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവയുടെ ഉപയോഗം പറയുന്നു. |
| • കൃഷിയെപ്പറ്റി കണ്ടും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ, കഥകൾ, പാട്ടുകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • വീട്ടിലെ കൃഷി – സൗഹൃദസംഭാഷണം (കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ)<br>• കണ്ടും കേട്ടും തിരിച്ചറിഞ്ഞ കൃഷി ഉപകരണങ്ങളുടെ പേര് പറയുന്നു. | • സൗഹൃദസംഭാഷണം – കൃഷി, കൃഷി ഉപകരണങ്ങൾ ഉപയോഗങ്ങൾ പറയൽ.<br>• കൃഷിയുമായി ബന്ധപ്പെട്ട കഥ പറയൽ.<br>• കൃഷിപ്പാട്ടുകൾ പാടൽ, അഭിനയിക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
| --- | --- | --- |
| • വായിച്ച് കേട്ടതിന്റെ അടിസ്ഥാനത്തിൽ ചിത്രങ്ങളെ ക്രമപ്പെടുത്തി കഥ പറയാൻ കഴിയുന്നു. | • കഥാഭാഗങ്ങൾ ചിത്രരൂപത്തിൽ നൽകി കഥ പറയുന്നു. | • വായിച്ച് കേട്ടകഥയിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ പറയൽ. |
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വിവിധയിനം മണ്ണുകൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയുന്നു. (നിറം, മൺതരിയുടെ ആകൃതി, വലുപ്പം, പരുപരുപ്പ്, മണം ലരേ......) | • ഹാൻഡ് ലെൻസിന്റെ സഹായത്തോടെ മണ്ണ് നിരീക്ഷിക്കുന്നു. | • ഹാൻഡ് ലെൻസിന്റെ സഹായത്തോടെ മണ്ണ് നിരീക്ഷിക്കുന്നു.<br>• മണ്ണ് വെള്ളത്തിലിടുമ്പോൾ എന്ത് സംഭവിക്കുന്നു എന്നു പറയുന്നു. |
| • മുതൽ 5 വരെ സംഖ്യകൾ എണ്ണുന്നതിനും വസ്തുക്കളുടെ എണ്ണവും സംഖ്യയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും കഴിയുന്നു. | • കൃഷി ഉപകരണങ്ങളുടെ ചിത്രങ്ങൾ 1 – 3 വരെ എണ്ണിപ്പറയുന്നു.<br>• കാർഷികോൽപ്പന്നങ്ങളുടെ ചിത്രങ്ങളിൽ നിറം നൽകുന്നു. (ഉദാ: 5 തേങ്ങ– ടീച്ചർ 2 എണ്ണത്തിൽ നിറം കൊടുക്കാൻ നിർദേശിക്കുന്നു. നിറമുള്ളതെത്ര? ഇല്ലാത്തതെത്ര?) | • കൃഷി ഉപകരണങ്ങളുടെ ചിത്രങ്ങൾ 1 – 5 വരെ എണ്ണിപ്പറയുന്നു.<br>• തേങ്ങ, ചേന, വാഴക്കുല തുടങ്ങിയവയുടെ ചിത്രങ്ങൾ നോക്കി എണ്ണുന്നു. വലിയ കൂട്ടത്തിന് വട്ടമിടുന്നു.<br>• പ്രദർശിപ്പിച്ച ചിത്രത്തിലെ എണ്ണത്തിനു തുല്യമായി കല്ല്, പുളിങ്കുരു തുടങ്ങിയവ എണ്ണിയെടുക്കുന്നു. |
| • വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • നെൽകൃഷി, വാഴക്കൃഷി, തെങ്ങു കൃഷി – ചിത്രം നോക്കി പറയൽ. | • നെൽകൃഷി, വാഴക്കൃഷി, തെങ്ങുകൃഷി – ചിത്രം നോക്കി പറയൽ.<br>• മണൽത്തടം, ബിഗ്പിക്ചർ എന്നിവയിൽ ക്രമീകരിച്ച് ചിത്രം നോക്കി പറയൽ.<br>• കൃഷിയുമായി ബന്ധപ്പെട്ട കഥ പറയുമ്പോൾ കുട്ടികൾ മണൽത്തടം ബിഗ്പിക്ചറിൽ ചിത്രങ്ങൾ ക്രമീകരിക്കുന്നു.<br>• കൃഷിയുമായി ബന്ധപ്പെട്ട കഥ മെനഞ്ഞ് പറയുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വിവിധ തരം പാട്ടുകൾ (കൂട്ടപ്പാട്ട്, ചീരപ്പാട്ട്, ചോദ്യോത്തര ആംഗ്യപ്പാട്ട്, കൃഷിപ്പാട്ട്, വായ്ത്താരികൾ, കഥാഗാനങ്ങൾ) എന്നിവ ശ്രദ്ധയോടെ കേൾക്കുന്നതിനും കൂടെ പാടുന്നതിനും ആസ്വദിക്കുന്നതനും കഴിയുന്നു. | • ചോദ്യോത്തര ആംഗ്യപ്പാട്ടുകൾ<br>• അധ്യാപികയും കുട്ടികളും ചേർന്ന് പാട്ടുകൾ പാടി ആസ്വദിക്കുന്നു. | • വീഡിയോ കാണിച്ച് പാടുന്നു.<br>• ഓഡിയോ കേൾപ്പിക്കുന്നു.<br>• പാട്ടുകൾ പാടി ആസ്വദിക്കുന്നു.<br>• വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.<br>• കൂട്ടമായി പാടി ആസ്വദിക്കുന്നു. |
| • കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും കഴിയുന്നു. | • വിത്തു മുളപ്പിക്കൽ | • വിത്തു മുളയ്ക്കുന്നത് നിരീക്ഷിക്കൽ, പറയൽ.<br>• കൃഷിയിടത്തിൽ കണ്ടതും പരിചയപ്പെട്ടതുമായ കൃഷിയുടെ പേരു പറയുമ്പോൾ ഏതു ഭാഗമാണ് നടുന്നതെന്ന് പറയുന്നു.<br>(ഉദാ: നെല്ല്, വാഴ.......) |



| തീം : 16 – തൊഴിൽ | | കാലയളവ് : നവംബർ |
|---|---|---|
| (3+) | | (4+) |
| **ആശയങ്ങൾ**<br>1. പലതരം തൊഴിലുകൾ ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്.<br>2. തൊഴിൽ ചെയ്താൽ കൂലി കിട്ടും. | | 1. പലതരം തൊഴിലുകൾ ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്.<br>2. ജോലി ചെയ്തു കിട്ടുന്ന പണം കൊണ്ടാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്.<br>3. തൊഴിൽ ചെയ്യാൻ തൊഴിലുപകരണങ്ങൾ വേണം. |
| **ശേഷികൾ** | **പഠനാനുഭവങ്ങൾ (3+)** | **പഠനാനുഭവങ്ങൾ (4+)** |
| • ലഘുയന്ത്രങ്ങളുപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • പലതരം ഉപകരണങ്ങൾ പരിചയപ്പെടുന്നു. (സ്ക്രൂഡ്രൈവർ, കത്രിക ലരേ)<br>• സ്ക്രൂ മുറുക്കൽ, അഴിക്കൽ, അടപ്പ് ഇളക്കൽ. | • കൈകൾ ഉപയോഗിച്ചുള്ള സൂക്ഷ്മപ്രവൃത്തികൾ,<br>• നൂലിൽ മുത്തുകോർക്കൽ, പൂകോർക്കൽ.<br>• സൂചിയിൽ നൂല് കോർക്കൽ.<br>• സ്റ്റേപ്ലർ, പഞ്ചിങ് മെഷീൻ, സ്ക്രൂഡ്രൈവർ, സ്പാനർ തുടങ്ങിയവ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (സ്ക്രൂഡ്രൈവർ ഉപയോഗിച്ച് സ്ക്രൂ പിരിച്ച് കയറ്റൽ, അഴിച്ചെടുക്കൽ). |
| • കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു. | • കടലാസ് മടക്കുക<br>• കടലാസ് വലിയ കഷണങ്ങളായി കീറുക.<br>• കീറിയ കഷണങ്ങൾ ഒട്ടിക്കുക.<br>• തുണി മടക്കുക. | • കടലാസ് ആവശ്യാനുസരണം കീറുന്നു.<br>• കീറി ഒട്ടിക്കുന്നു.<br>• കത്രിക ഉപയോഗിച്ച് മുറിക്കുന്നു.<br>• ഒട്ടിക്കുക – കൊളാഷ് നിർമിക്കുക. |
| • ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • തീപ്പെട്ടിക്കൂട്, കാർഡ്ബോർഡ് പെട്ടി തുടങ്ങിയവ ഉപയോഗിച്ച് കളിയുപകരണങ്ങൾ നിർമിക്കുന്നു. | • കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമിക്കൽ (മച്ചിങ്ങവണ്ടി, തീവണ്ടി.....)<br>• പേപ്പർ, കളിമണ്ണ്, കമ്പുകൾ,ചരട്, പൂക്കൾ, മുത്ത്, മൈദ, കളിമണ്ണ് തുടങ്ങിയവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കണ്ടും കേട്ടും മനസ്സിലാക്കിയ തൊഴിലുകൾ സംബന്ധിച്ച് ആശയങ്ങൾ പങ്കുവയ്ക്കുന്നു. | • സ്വതന്ത്രഭാഷണം - വീട്ടുജോലികൾ<br>• തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയെ ബന്ധിപ്പിച്ച് സംസാരിക്കുന്നു.<br>• ജോലി ചെയ്യുന്നവർക്ക് എന്താണ് നൽകുന്നത്? | • സ്വതന്ത്രഭാഷണം - വീട്ടുജോലികൾ<br>• കണ്ട ജോലികൾ, വീട്ടിൽ നടക്കുന്ന ജോലികൾ തുടങ്ങിയവ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു.<br>• ചിത്രങ്ങൾ, വീഡിയോ എന്നിവയിൽ നിന്നു തൊഴിൽ, ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വേഷം എന്നിവ തിരിച്ചറിഞ്ഞ് പറയുന്നു. (ബസ്, ഓട്ടോ, ആശുപത്രി)<br>• ചിത്രത്തിൽ നിറം കൊടുക്കുന്നു.<br>• ജോലി ചെയ്യുന്നവർക്ക് എന്താണ് നൽകുന്നത്? കുട്ടികളുമായി സംസാരിക്കുന്നു.<br>• തൊഴിലിടത്തിലേക്ക് ഒരു യാത്ര. |
| • വിവിധയിനം പാട്ടുകൾ (കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ..... ) മുതലായവ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ (ഓഡിയോ) കേൾക്കൽ. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ. (ഓഡിയോ) കേൾക്കൽ. |
| • കൃഷിയുമായി ബന്ധപ്പെട്ട് കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു. | • സംഘമായും ഒറ്റയ്ക്കും പാടൽ. | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ. |
| • ഭാവം ഉൾക്കൊണ്ടുകൊണ്ട് തൊഴിലുമായി ബന്ധപ്പെട്ട കഥകൾ, സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു. | • ആംഗ്യപ്പാട്ട് (നിങ്ങളുടെ നാട്ടിലിപ്പോൾ.....)<br>• തൊഴിലുമായി ബന്ധപ്പെട്ട കഥ.<br>• തൊഴിലുകൾ-അഭിനയം<br>• കഥാഗാനം | • ആംഗ്യപ്പാട്ട് (നിങ്ങളുടെ നാട്ടിലിപ്പോൾ.....)<br>• തൊഴിലുമായി ബന്ധപ്പെട്ട കഥ.<br>• തൊഴിലുകൾ, അഭിനയം (മീൻപിടിക്കൽ, കണ്ടക്ടർ)<br>• കഥാഗാനം (തൊപ്പിക്കാരൻ അപ്പൂപ്പൻ)<br>• പാവകളി |
| • തൊഴിലുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിച്ച് ആൽബം നിർമിക്കാൻ കഴിയുന്നു. | • തൊഴിലുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിക്കുന്നു. | • തൊഴിലുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിക്കുന്നു. ആൽബം നിർമിക്കുന്നു. |

**തീം : 17 – ശിശുദിനം** **കാലയളവ് : നവംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>(ആഘോഷങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ)<br>1. ശിശുദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ നടത്താറുണ്ട്. | 1. ശിശുദിനവുമായി ബന്ധപ്പെട്ട് വിവിധ കലാപരിപാടികൾ നടത്താറുണ്ട്.<br>2. ശിശുദിനത്തിന്റെ ഭാഗമായി പ്രീസ്കൂളും പരിസരവും അലങ്കരിക്കാറുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശിശുദിന ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു. (ക്രയോൺ, പെൻസിൽ, വാട്ടർ കളർ, അറക്കപ്പൊടി, പേപ്പർ മുതലായവ) | • ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു. | • ചിത്രം വരച്ച് ക്രയോൺ, പെൻസിൽ, വാട്ടർകളർ ഉപയോഗിച്ച് നിറം നൽകുന്നു. |
| • വ്യത്യസ്ത സന്ദർഭങ്ങളിൽ സ്വന്തം നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ, നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു. | • നിർദേശങ്ങൾക്കനുസരിച്ച് ക്ലാസ് മുറി അലങ്കരിക്കുന്നു. | • കൂട്ടായും അല്ലാതെയും ക്ലാസ്മുറി അലങ്കരിക്കുന്നു.<br>• സ്വന്തം അഭിപ്രായം പ്രകടിപ്പിക്കുന്നു. |
| • കടലാസ്, തുണി എന്നിവ മുറിക്കാനും മടക്കാനും ഒട്ടിക്കാനും കഴിയുന്നു. | • തോരണങ്ങൾ തയാറാക്കുന്നു. അലങ്കരിക്കുന്നു. | • തോരണങ്ങൾ തയാറാക്കുന്നു. ക്ലാസിന് അകത്തും പുറത്തും അലങ്കരിക്കുന്നു. |

**തീം : 18 – പക്ഷികൾ** **കാലയളവ് : നവംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. നമുക്ക് ചുറ്റും പലതരം പക്ഷികളുണ്ട്.<br>2. ചില പക്ഷികളെ വീട്ടിൽ വളർത്തുന്നു.<br>3. പക്ഷികളുടെ നിറം, വലുപ്പം, ആകൃതി, ശബ്ദം എന്നിവ വ്യത്യസ്തമാണ്.<br>4. കോഴി, താറാവ് എന്നീ വീട്ടുപക്ഷികൾ നമുക്ക് മുട്ട തരുന്നു. | 1. നമുക്ക് ചുറ്റും പലതരം പക്ഷികളുണ്ട്.<br>2. ചില പക്ഷികളെ വീട്ടിൽ വളർത്തുന്നു.<br>3. പക്ഷികളുടെ നിറം, വലുപ്പം, ആകൃതി, ശബ്ദം എന്നിവ വ്യത്യസ്തമാണ്.<br>4. പക്ഷികളെക്കൊണ്ട് നമുക്ക് പല പ്രയോജനങ്ങളുമുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിർദേശങ്ങൾ പാലിച്ചും കൊണ്ടുള്ള ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പക്ഷികളുമായി ബന്ധപ്പെട്ട ആയിത്തീരൽ കളികൾ.<br>• ആംഗ്യപ്പാട്ട് (കാക്ക പാറി വന്നു..)<br>• പക്ഷികളുടെ ചലനങ്ങൾ | • ആയിത്തീരൽ കളികൾ<br>• ആംഗ്യപ്പാട്ടുകൾ<br>• മൃഗങ്ങൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ പാടൽ, അഭിനയം<br>• മൈമിങ് |
| • പക്ഷികൾ/അവയുടെ ചിത്രങ്ങൾ നോക്കി വിശദാംശങ്ങൾ, കണ്ടെത്തലുകൾ അവതരിപ്പിക്കാൻ കഴിയുന്നു. | • പക്ഷിയെ/ചിത്രം നോക്കിപ്പറയൽ (ചുണ്ട്, തല, ഉടൽ, ചിറക്, വാൽ, കാൽ).<br>• ഇഷ്ടപ്പെട്ട പക്ഷിയെക്കുറിച്ച് പറയൽ (നിറം, ശബ്ദം, വലുപ്പം). | • പക്ഷി/ചിത്രം നോക്കി സവിശേഷതകൾ പറയൽ.<br>• വിവരണം കേട്ട് പക്ഷിയെ തിരിച്ചറിയൽ.<br>• ചിത്രത്തിൽ കാണുന്ന സംഭവങ്ങൾ പറയൽ.<br>• ഇഷ്ടപ്പെട്ട പക്ഷി/ഇഷ്ടപ്പെടാനുള്ള കാരണം പങ്കുവയ്ക്കൽ. |
| • പ്രാഗ് ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • കുത്തുകൾ യോജിപ്പിച്ച് പക്ഷികളുടെ ചിത്രം പൂർത്തീകരിക്കൽ, പേരു പറയൽ.<br>• വിരൽ ഉപയോഗിച്ച് മണലിൽ വരയ്ക്കൽ.<br>• പക്ഷികളുടെ രേഖാചിത്രങ്ങളിൽ ചായമിടൽ (ക്രയോൺ).<br>• സ്റ്റെൻസിൽ പക്ഷി ചിത്രത്തിലൂടെ വരയ്ക്കൽ. | • സ്വന്തമായി വരച്ച് നിറം കൊടുത്ത പക്ഷിയെ പരിചയപ്പെടുത്തൽ.<br>• കുത്തുകൾ യോജിപ്പിച്ച് പക്ഷികളുടെ ചിത്രം പൂർത്തീകരിച്ച് പക്ഷിയെ തിരിച്ചറിഞ്ഞ് പറയൽ.<br>• ചോക്ക്, പെൻസിൽ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| | | • വിരൽ കൊണ്ട് മണലിൽ വരയ്ക്കൽ.<br>• ഇയർബഡ്സ് ചായത്തിൽ മുക്കി ചിത്രം വരയ്ക്കൽ.<br>• കിളി വരയ്ക്കൽ കളി-(ടീച്ചറും കുട്ടികളും ചേർന്ന് കിളിയെ പൂർത്തിയാക്കുന്നു).<br>• പക്ഷിയുടെ പകുതിഭാഗം വരച്ച് ചിത്രം പൂർത്തീകരിക്കൽ (തല, ചുണ്ട്, കാല്, വാല്).<br>• കട്ടൗട്ടിലൂടെ വരയ്ക്കൽ<br>• ചിത്രംവര |
| • പക്ഷികളെക്കുറിച്ചുള്ള സ്വന്തം നിരീക്ഷണങ്ങൾ പറയാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം - പക്ഷികൾ, വീട്ടുപക്ഷികൾ, പറയാൻ അവസരം (പേര്, നിറം, വലുപ്പം, ശബ്ദം, ഉപയോഗം..)<br>• ചിത്രക്കൂട്ടത്തിൽ നിന്നു പരിചിത പക്ഷികളെ തിരഞ്ഞെടുത്ത് അവയുടെ ശബ്ദം, ചലനം അനുകരിക്കുന്നു. വാസസ്ഥലം പറയുന്നു. | • സ്വതന്ത്രഭാഷണം, പക്ഷികൾ, വീട്ടുപക്ഷികൾ, പറയാൻ അവസരം (പേര്..........)<br>• മേനിപറച്ചിൽ<br>• ചിത്രക്കൂട്ടത്തിൽ നിന്നു പരിചിത പക്ഷികളെ തിരഞ്ഞെടുത്ത് അവയുടെ ശബ്ദം, ചലനം അനുകരിക്കുന്നു. വാസസ്ഥലം പറയുന്നു. |
| • സംഘത്തിലെ അംഗം എന്ന നിലയിൽ മറ്റുള്ളവർക്ക് അവസരം നൽകിയും തന്റെ ഊഴം തിരിച്ചറിഞ്ഞും സംഭാഷണങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • വീട്ടിൽ വളർത്തുന്ന പക്ഷികളെക്കുറിച്ചുള്ള സംഭാഷണത്തിൽ ഏർപ്പെടൽ. | • മൂന്നു പേരടങ്ങുന്ന ഗ്രൂപ്പിൽ ഓരോരുത്തരും ശേഖരിച്ച പക്ഷികളുടെ തൂവലുകളെക്കുറിച്ചുള്ള സംഭാഷണത്തിൽ ഏർപ്പെടൽ.<br>• ഗ്രൂപ്പിൽ വീട്ടുപക്ഷികൾ/പ്രയോജനം എന്നിവ സംബന്ധിച്ച ചർച്ചയിൽ പങ്കെടുക്കൽ. |
| • സഹപാഠികളുടെ പ്രകടനങ്ങളെ വിലയിരുത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു. | • ശബ്ദാനുകരണക്കളി/പാട്ടുപാടൽ ഒറ്റയ്ക്കും, ചെറുസംഘങ്ങളായും (കൈയടിച്ച് പ്രോത്സാഹിപ്പിക്കൽ). | • പക്ഷികൾ, മൃഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കഥകൾ പറയൽ, പാട്ടുകൾ പാടൽ, റോൾപ്ലേ, കടങ്കഥയുത്തരം പറയൽ (കൈയടിച്ച് പ്രോത്സാഹിപ്പിക്കൽ). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പക്ഷികളുടെ ചിത്രങ്ങൾ, തൂവലുകൾ എന്നിവ ശേഖരിച്ച് ആൽബം നിർമിക്കുന്നു.<br>• കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിച്ച് പറയുന്നതിനും കഴിയുന്നു.<br>• പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കൗതുകവസ്തുക്കൾ/കൊളാഷ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • പക്ഷികളുടെ ചിത്രങ്ങൾ ഒട്ടിക്കൽ. | • പക്ഷികളുടെ ചിത്രങ്ങൾ തൂവലുകൾ ബന്ധിപ്പിച്ച് ഒട്ടിക്കൽ.<br>• മുങ്ങുമോ? പൊങ്ങുമോ? ഗ്രൂപ്പ് പ്രവർത്തനം (തൂവലുകൾ, പേപ്പർ, ഇല, കമ്പ്, ഈർക്കിൽ, കല്ല്...)<br>• പക്ഷികളുടെ കൊളാഷ് നിർമാണം (ഗ്രൂപ്പ് പ്രവർത്തനം)<br>• നിർമിച്ച കൊളാഷിന്റെ പ്രദർശനം.<br>• കുട്ടികളുടെ വിലയിരുത്തൽ<br>• പക്ഷി പപ്പറ്റ്, മുട്ടത്തോട് പക്ഷി നിർമാണം-അവതരണം. |
| • നമുക്കു ചുറ്റും നടക്കുന്ന സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ശ്രദ്ധിച്ച് കാണാനും കേൾക്കാനും ചോദ്യങ്ങൾക്ക് മറുപടി പറയാനും കഴിയുന്നു. | • ശബ്ദം തിരിച്ചറിയൽ കളി (പക്ഷികൾ, മൃഗങ്ങൾ)<br>• കഥകൾ കേട്ട് പ്രതികരിക്കൽ.<br>(ഉറുമ്പിനെ രക്ഷിച്ച പ്രാവ്/ഉറുമ്പും തത്തമ്മയും)<br>• കഥ കേൾക്കൽ (ഐ.സി.ടി) ഉപയോഗിച്ച് | • പക്ഷികളുമായി ബന്ധപ്പെട്ട് തനിക്കുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കൽ.<br>• ശബ്ദാനുകരണക്കളികൾ (പക്ഷികൾ)<br>• കഥകൾ/അനുഭവങ്ങൾ/സംഭവങ്ങൾ കേട്ട് പ്രതികരിക്കുന്നു. (ഉറുമ്പിനെ രക്ഷിച്ച പ്രാവ്/ഉറുമ്പും തത്തമ്മയും/വേടനും ഉറുമ്പും പ്രാവും...)<br>• കഥ, നാടകം കേൾക്കൽ (ഐ.സി.ടി) |
| • പക്ഷികൾ അടങ്ങുന്ന ചിത്രകഥകൾ നിരീക്ഷിച്ച് കഥ ഊഹിച്ചു പറയാൻ കഴിയുന്നു. | • ആംഗ്യപ്പാട്ട് പാടൽ<br>• ചിത്രം നിരീക്ഷിച്ച് കഥ പറയൽ. | • കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തി പറയൽ.<br>• സംഭവങ്ങൾ വിശദാംശങ്ങളോടെ പറയൽ. |

**തീം : 19 - പ്രാണികൾ, ഇഴജന്തുക്കൾ** **കാലയളവ് : ഡിസംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. വീട്ടിലും പുറത്തും ധാരാളം പ്രാണികളുണ്ട്.<br>2. ചില പ്രാണികളും ഇഴജന്തുക്കളും നമുക്ക് ആപത്തുണ്ടാക്കും.<br>3. ആകൃതിയിലും നിറത്തിലും വലുപ്പത്തിലും പ്രാണികൾക്കും ഇഴജന്തുക്കൾക്കും വ്യത്യാസങ്ങളുണ്ട്. | 1. വീട്ടിനകത്തും പുറത്തും ധാരാളം പ്രാണികളുണ്ട്. അവയുടെ പേരുകൾ തിരിച്ചറിയുന്നു.<br>2. ഇഴജന്തുക്കൾ മാളത്തിൽ വസിക്കുന്നു.<br>3. ചില പ്രാണികളും ഇഴജന്തുക്കളും നമുക്ക് ആപത്തുണ്ടാക്കും.<br>4. ചില പ്രാണികൾ നമുക്ക് ഉപകാരം ചെയ്യുന്നു. (തേനീച്ച, ചിത്രശലഭങ്ങൾ, ഉറുമ്പ്)<br>5. ആകൃതിയിലും നിറത്തിലും വലുപ്പത്തിലും പ്രാണികൾക്കും ഇഴജന്തുക്കൾക്കും വ്യത്യാസങ്ങളുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും, ചരിഞ്ഞും ഇഴഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നു. | • കുനിയൽ, ഇഴയൽ തുടങ്ങിയ ശാരീരികചലനങ്ങളെപ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കഥ പറയുന്നതിനനുസരിച്ച് പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചലനം അനുകരിക്കുന്നു. | • കുനിയൽ, ഇഴയൽ, മുട്ടുകുത്തി നടക്കൽ തുടങ്ങിയ ശാരീരിക ചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പറയലും പ്രകടനവും. |
| • ചിത്രങ്ങൾ വായിച്ച് (പ്രാഗ്‌വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. | • ചിത്രവായന | • ചിത്രവായന<br>• സവിശേഷതകൾ ഉൾപ്പെടുത്തിക്കൊണ്ട് വിശദാംശങ്ങളോടെ പറയൽ. |
| • ചുറ്റുമുള്ള പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയെക്കുറിച്ച് തന്റെ അനുഭവങ്ങൾ, സവിശേഷതകൾ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം - ചിത്രം<br>• വീഡിയോ കണ്ട് സ്വാനുഭവവുമായി ബന്ധിപ്പിച്ച് പറയുന്നു. | • സ്വതന്ത്രഭാഷണം<br>• വീഡിയോ, ചിത്രം എന്നിവ കണ്ട് പ്രാണികൾ ഇഴജന്തുക്കൾ എന്നിവയുടെ സവിശേഷതകൾ സ്വാനുഭവത്തിൽ നിന്നു പറയുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പ്രാണികൾ, ശലഭങ്ങൾ, ഇഴജന്തുക്കൾ എന്നിവയെ തിരിച്ചറിയുന്നതിനും സവിശേഷതകൾ കണ്ടെത്തി വിശദീകരിക്കുന്നതിനും വാസപ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പറയുന്നതിനും കഴിയുന്നു. | • പ്രകൃതിനടത്തം (കാണുന്ന ജീവികളെ തിരിച്ചറിഞ്ഞ് പേര് പറയൽ, സവിശേഷതകൾ പറയൽ)<br>• ചിത്രവായന<br>• ഉപകാരികളായ പ്രാണികളെ തിരിച്ചറിഞ്ഞ് പേരുകൾ പറയുന്നു. | • പ്രകൃതിനടത്തം – പ്രാണികൾ, ശലഭങ്ങൾ, എന്നിവയെ തിരിച്ചറിയൽ/സവിശേഷത പറയൽ/വാസപ്രദേശങ്ങൾ തിരിച്ചറിയൽ.<br>• വിവിധ ജീവികളെ നേരിൽ കാണൽ. സവിശേഷത പറയൽ.<br>• ചിത്രത്തിലെ പ്രാണി/ഇഴജന്തുവിനെ കണ്ട് വാസസ്ഥലം പറയൽ.<br>• ഉപകാരികളായ പ്രാണികളെ തിരിച്ചറിഞ്ഞ് പേരു പറയുന്നു. |
| • ചിത്രങ്ങൾ നിരീക്ഷിച്ച് കൂട്ടത്തൽപ്പെടാത്തവ വേർതിരിച്ച് കണ്ടെത്തി പറയുന്നു. കാരണം പറയുന്നു. | • ചിത്രക്കാർഡുകൾ (പക്ഷികൾ, പ്രാണികൾ, ശലഭങ്ങൾ, വീട്ടുമൃഗങ്ങൾ, ഇഴജന്തുക്കൾ) | • ചിത്രക്കാർഡുകളിൽ നിന്നു പക്ഷികൾ, മൃഗങ്ങൾ, പ്രാണികൾ, ശലഭങ്ങൾ, വീട്ടുമൃഗങ്ങൾ ഇഴജന്തുക്കൾ എന്നിവയെ വേർതിരിക്കുന്നു. |
| • പ്രകൃതിയുമായി ബന്ധപ്പെട്ട് മനസ്സിലാക്കിയ കാര്യങ്ങൾ മറ്റുള്ളവരെ പറഞ്ഞ് ബോധ്യപ്പെടുത്താൻ കഴിയുന്നു. | • നിരീക്ഷിച്ചു പറയൽ<br>• പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ കഥ, പാട്ട് റോൾപ്ലേ അവതരിപ്പിക്കൽ. | • നിരീക്ഷിച്ചു പറയൽ<br>• പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ കഥ/പാട്ട് അവതരിപ്പിക്കൽ.<br>• പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ കഥ, പാട്ട്, റോൾപ്ലേ അവതരിപ്പിക്കുന്നു. (മുൻതീമുകളിലെ കഥാപാത്രങ്ങളുമായി ബന്ധിപ്പിക്കണം). |
| • വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു. | • ചിത്രങ്ങൾ പൂർത്തിയാക്കൽ (പ്രാണികൾ ഇഴജന്തുക്കൾ)<br>• ചിത്രപസിലുകൾ പൂർത്തിയാക്കൽ | • ചിത്രങ്ങൾ പൂർത്തിയാക്കൽ (ശരീരഭാഗങ്ങൾ)<br>• ചിത്രപസിലുകൾ പൂർത്തിയാക്കൽ<br>• വാൽ വരച്ചുചേർക്കൽ |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • നിറം, ആകൃതി, വലുപ്പം, നീളം തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു. | • ചിത്രവായന (പലതരം പ്രാണികൾ)<br>• നിറം, വലുപ്പം, നീളം എന്നിവയുടെ അടിസ്ഥാനത്തിൽ. | • ഗണിതകളികൾ<br>• പലതരം പ്രാണികളുടെ ചിത്രങ്ങളിൽ നിന്നും നിറം, വലുപ്പം, നീളം എന്നിങ്ങനെ മറ്റുള്ളവയുമായി ബന്ധിപ്പിച്ച് ഊഹിച്ചു പറയുന്നു. |
| • പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട വിവിധയിനം പാട്ടുകൾ (കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ) ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ<br>• സംഭാഷണങ്ങൾ കേൾക്കൽ (ഓഡിയോ) | • കഥാഗാനങ്ങൾ<br>• സംഭാഷണങ്ങൾ, ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ). |
| • ചിത്രങ്ങൾ ശേഖരിച്ച് ക്രമീകരിച്ച് സൂക്ഷിക്കുന്നു. | • പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കൽ - ഒട്ടിക്കൽ. | • പ്രാണികൾ, ഇഴജന്തുക്കൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിക്കൽ - ഒട്ടിക്കൽ.<br>• വീട്ടിനകത്തു കാണുന്ന പ്രാണികൾ, വീട്ടിനുപുറത്തുകാണുന്ന പ്രാണികൾ എന്നിവയെ തരംതിരിച്ച് ആൽബമാക്കൽ. |

തീം : 20 – വസ്ത്രം

കാലയളവ് : ഡിസംബർ

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പലതരം വസ്ത്രങ്ങളുണ്ട്.<br>2. മുതിർന്നവർക്കുള്ളത്, കുട്ടികൾക്കുള്ളത്, സ്ത്രീകൾക്കുള്ളത്, പുരുഷൻമാർക്കുള്ളത്.<br>3. വസ്ത്രത്തിന്റെ ഉപയോഗം – ശരീരം മറയ്ക്കാൻ, ചൂട്, തണുപ്പ് എന്നിവയിൽ നിന്നു രക്ഷനേടാൻ. | 1. പലതരം വസ്ത്രങ്ങളുണ്ട്.<br>2. മുതിർന്നവർക്കുള്ളത്,കുട്ടികൾക്കുള്ളത്, സ്ത്രീകൾക്കുള്ളത്, പുരുഷൻമാർക്കുള്ളത്.<br>3. വസ്ത്രത്തിന്റെ ഉപയോഗം – ശരീരം മറയ്ക്കാൻ, ചൂട്, തണുപ്പ് എന്നിവയിൽ നിന്നു രക്ഷനേടാൻ.<br>4. പലതരത്തിലുള്ള തുണികളുണ്ട് (പരുപരുത്തത്, മിനുസമുള്ളത്, കട്ടിയുള്ളത്). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കടലാസ്, തുണി തുടങ്ങിയവ മടക്കാനും മുറിക്കാനും ഒട്ടിക്കാനും കഴിയുന്നു. | • കടലാസ് മടക്കൽ<br>• കടലാസ് വലിയ കഷണങ്ങളായി കീറൽ.<br>• കീറിയ കഷണങ്ങൾ ഒട്ടിക്കൽ.<br>• തുണി മടക്കൽ | • കടലാസ്, തുണി തുടങ്ങിയവ മടക്കൽ.<br>• കടലാസ് ആവശ്യാനുസരണം കീറൽ.<br>• കീറി ഒട്ടിക്കൽ.<br>• സ്വന്തം വസ്ത്രം മടക്കൽ. |
| • സൂക്ഷ്മ-സ്ഥൂലപേശികളെ ഏകോപിപ്പിച്ച് ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങൾ ശ്രദ്ധയോടെ ചെയ്യാൻ കഴിയുന്നു. | • വസ്ത്രം ഊരിവയ്ക്കൽ, ധരിക്കൽ<br>• ബട്ടൺസ് ഇടൽ | • വസ്ത്രം ഊരിവയ്ക്കൽ, ധരിക്കൽ<br>• ഷർട്ടിന്റെ ബട്ടൺസ് അഴിക്കൽ, ഇടൽ, സിബ് ഇടൽ |
| • കുട്ടികളുടെയും മുതിർന്നവരുടെയും ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി പറയൽ.<br>• ഇഷ്ടപ്പെട്ട വസ്ത്രങ്ങളെക്കുറിച്ച് പറയൽ.<br>• വീട്ടിൽ ധരിക്കുന്ന വസ്ത്രങ്ങളെക്കുറിച്ച് പറയൽ. | • ചിത്രസന്ദർഭത്തെ സ്വാനുഭവവുമായി ബന്ധിപ്പിച്ച് പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ.<br>• കഥ മെനഞ്ഞു പറയൽ (വസ്ത്രവുമായി ബന്ധപ്പെട്ട കഥ.)<br>• ആഘോഷങ്ങളും വസ്ത്രങ്ങളും തമ്മിലുള്ള ബന്ധം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി തുണികൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്താനും പറയാനും കഴിയുന്നു. (നിറം, മണം, മിനുസം, പരുപരുത്തത്, ചിത്രം) | • പലതരം തുണിക്കഷണങ്ങൾ നിരീക്ഷിച്ച് പ്രത്യേകതകൾ പറയൽ. (ഗ്രൂപ്പ്) (നിറം, മിനുസം, മണം, ചിത്രം)<br>• മിനുസമുള്ളതും പരുപരുത്തതുമായ തുണി തിരിച്ചറിഞ്ഞു പറയൽ. | • പലതരം തുണിക്കഷണങ്ങൾ നിരീക്ഷിച്ച പ്രത്യേകതകൾ പറയൽ (ഗ്രൂപ്പ്). (നിറം, മണം, മിനുസം, പരുപരുത്തത്, ചിത്രങ്ങൾ.)<br>• മിനുസമുള്ളതും പരുപരുത്തതുമായ തുണികൾ തിരിച്ചറിഞ്ഞു പറയൽ. |
| • വസ്ത്രങ്ങൾ/ചിത്രങ്ങൾ നിരീക്ഷിച്ചു കൂട്ടത്തിൽപ്പെടാത്തവ വേർതിരിച്ചു കണ്ടെത്തി പറയാനും കൂട്ടത്തിൽപ്പെടാത്തതിന്റെ കാരണം പറയാനും കഴിയുന്നു. | • സ്വതന്ത്രഭാഷണം - ധരിക്കുന്ന വസ്ത്രങ്ങൾ<br>• ബന്ധമുള്ളവ കണ്ടെത്തൽ(പാവാട, ബ്ലൗസ്, സാരി, ചുരിദാർ/ട്രൗസർ/പാന്റ്സ്, ഉടുപ്പ്, മുണ്ട് തുടങ്ങിയവ) (ആൺകുട്ടികൾ, പെൺകുട്ടികൾ ധരിക്കുന്നത്). | • സ്വതന്ത്രഭാഷണം - ധരിക്കുന്ന വസ്ത്രങ്ങൾ<br>• ബന്ധമുള്ളവ കണ്ടെത്തൽ<br>• തുണികളിലെ സവിശേഷതകൾ കണ്ടെത്തി സാമ്യവ്യത്യാസങ്ങൾ പറയൽ (നിറം, ചിത്രം തുടങ്ങിയവ). |
| • വസ്ത്രശുചിത്വശീലങ്ങൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം - അനുഭവം പറയൽ<br>• വസ്ത്രശുചിത്വം പാലിക്കൽ - കുട്ടികളുമായി സംസാരിക്കൽ. | • സ്വതന്ത്രഭാഷണം - അനുഭവങ്ങൾ പറയൽ.<br>• വസ്ത്രശുചിത്വം പാലിക്കൽ<br>• കുട്ടികളുമായി ലഘുചർച്ച<br>• വസ്ത്രങ്ങളുടെ ചിട്ടയായ ക്രമീകരണം.<br>• വസ്ത്രം കഴുകൽ, ഇസ്തിരിയിടൽ, ഉണക്കൽ തുടങ്ങിയവ. |
| • അംഗീകാരമില്ലാത്ത ഏകകങ്ങൾ (ചുവട്, കമ്പ്, കൈമുഴം, സ്പൂൺ, തീപ്പെട്ടിക്കമ്പ്, ചരട്) ഉപയോഗിച്ച് തുണികളുടെ അളവുകൾ താരതമ്യം ചെയ്യാൻ കഴിയുന്നു. | • പല അളവിലുള്ള റിബ്ബൺ, തുണികൾ കുട്ടികൾക്ക് നൽകി വിവിധ രീതികളിൽ അളക്കൽ. | • പല അളവിലുള്ള റിബ്ബൺ, തുണികൾ തുടങ്ങിയവ കുട്ടികൾക്ക് നൽകി - ഊഹം പറയൽ. വിവിധ രീതിയിൽ അളക്കൽ. (കഥയുടെ പിൻബലത്തിൽ/പാവകളിയുടെ പിൻബലത്തിൽ ഇതു ചെയ്യണം.) |
| • വസ്ത്രങ്ങൾ, തുണികൾ എന്നിവയിൽ നിന്നു ഗണിത പാറ്റേണുകൾ കണ്ടെത്താനും അവ സൗന്ദര്യാത്മകമായി പ്രയോജനപ്പെടുത്താനും കഴിയുന്നു. | • തുണികൾ/വസ്ത്രങ്ങളിലെ പാറ്റേണുകൾ കണ്ടെത്തൽ.<br>• വെജിറ്റബിൾ പ്രിന്റിങ് | • തുണികൾ/വസ്ത്രങ്ങളിലെ പാറ്റേണുകൾ കണ്ടെത്തൽ.<br>• വെജിറ്റബിൾ പ്രിന്റിങ്<br>• ഫിംഗർ പ്രിന്റിങ് |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വസ്ത്രങ്ങളുമായി ബന്ധപ്പെട്ട സമയം, കാലം, പ്രായം – നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു. | • ആർക്കുചേരും കളി – വിവിധ പ്രായക്കാർ ധരിക്കുന്ന വസ്ത്രങ്ങൾ/ചിത്രങ്ങൾ ഉപയോഗിച്ചുള്ള കളി.<br>• വിവിധ കാലങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ തിരിച്ചറിയൽ– വീഡിയോ/ചിത്രങ്ങൾ<br>– മഴക്കാലവസ്ത്രം<br>– തണുപ്പുകാലവസ്ത്രം<br>– വേനൽക്കാലവസ്ത്രം<br>(കമ്പിളി, കോട്ടൺ വസ്ത്രങ്ങൾ, കോട്ട് തുടങ്ങിയവ)<br>• വസ്ത്രങ്ങൾ ധരിക്കുന്നതെന്തിനാണ്? (ചർച്ച)<br>• തുണി എളുപ്പം ഉണങ്ങുന്ന സമയം ഏത്? അനുഭവം പങ്കുവയ്ക്കൽ.<br>– വെയിൽ (ഉച്ച)<br>– മഴക്കാലം | • ആർക്കുചേരും കളി–വിവിധ പ്രായക്കാർ ധരിക്കുന്ന വസ്ത്രങ്ങൾ/ചിത്രങ്ങൾ ഉപയോഗിച്ചുള്ള കളി.<br>• വിവിധ കാലങ്ങളിൽ ധരിക്കുന്ന വസ്ത്രങ്ങൾ തിരിച്ചറിയൽ. – വീഡിയോ/ചിത്രങ്ങൾ<br>– മഴക്കാലവസ്ത്രം<br>– തണുപ്പുകാലവസ്ത്രം<br>– വേനൽക്കാലവസ്ത്രം<br>• (കമ്പിളി, കോട്ടൺ വസ്ത്രങ്ങൾ, കോട്ട് തുടങ്ങിയവ.)<br>• തുണി എളുപ്പം ഉണങ്ങുന്ന സമയം ഏത്? അനുഭവം പങ്കുവയ്ക്കൽ.<br>– വെയിൽ (ഉച്ച)<br>– മഴക്കാലം (രാത്രി)<br>• എന്തിനാണ് വസ്ത്രങ്ങൾ ധരിക്കുന്നത് ? – ചർച്ച |
| • കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • തുണികഴുകൽ (ജലകേളി)<br>• തുണി ഉണക്കൽ – മാറ്റങ്ങൾ നിരീക്ഷിച്ച് പറയൽ<br>• മുങ്ങുമോ പൊങ്ങുമോ? (പലതരം തുണിക്കഷ്ണങ്ങൾ) | • തുണി അലക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ – അഭിനയം – ക്രമീകരിച്ചുപറയൽ. (ആദ്യം–അതിനുശേഷം – അവസാനം)<br>• തുണി സോപ്പുപയോഗിച്ച് കഴുകൽ. (ജലകേളി).<br>• തുണി ഉണക്കൽ – അകത്ത്, വെയിലിൽ നിരീക്ഷിച്ച് പറയൽ.<br>• മുങ്ങുമോ പൊങ്ങുമോ? പലതരം തുണിക്കഷണങ്ങൾ നിരീക്ഷിച്ചു പറയൽ. – ചർച്ച |
| • കഥകൾ, സന്ദർഭങ്ങൾ, അനുഭവങ്ങൾ എന്നിവയിലെ കഥാപാത്രങ്ങൾക്കിണങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് അഭിനയിക്കാൻ കഴിയുന്നു. | • റോൾപ്ലേ – അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി തുടങ്ങിയവർ. | • റോൾപ്ലേ – (അച്ഛൻ, അമ്മ, രാജാവ്, രാജ്ഞി വേഷങ്ങൾ, ഗാന്ധിജി) |
| • നൂല് ഉപയോഗിച്ച് പലതരം ചിത്രങ്ങൾ, കൊളാഷ് നിർമിക്കാൻ കഴിയുന്നു. | • നൂൽച്ചിത്ര രൂപീകരണം (നൂൽ മഷിയിൽ/കളറിൽ മുക്കി കടലാസിനടിയിൽ വച്ച് പല ദിശയിൽ വലിക്കുന്നു).<br>• തുണി കൊളാഷ് | • നൂൽച്ചിത്ര രൂപീകരണം (നൂൽ മഷിയിൽ/കളറിൽ മുക്കി കടലാസിനടിയിൽ വച്ച് പല ദിശയിൽ വലിക്കുന്നു.<br>• തുണി കൊളാഷ്<br>• പശ തേച്ച് ചിത്രം ഉണ്ടാക്കൽ. അതിൽ ഡയിൻ (വിവിധ കളർ) ഒട്ടിക്കൽ. |

**തീം : 21 – ക്രിസ്മസ്** **കാലയളവ് : ഡിസംബർ**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.<br>2. ഓരോ നാട്ടിലും ഉത്സവങ്ങളുണ്ട്. | 1. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു.<br>2. ഓരോ നാട്ടിലും ഉത്സവങ്ങളുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വിവിധ സന്ദർഭങ്ങളിലെ സ്വന്തം നിരീക്ഷണങ്ങൾ,അഭിപ്രായങ്ങൾ,നിർദേശങ്ങൾ എന്നിവ കൂട്ടുകാരോടും മുതിർന്നവരോടും പൊതുസദസ്സുകളിലും പറയാൻ കഴിയുന്നു. | • ക്ലാസ്മുറി അലങ്കരിക്കൽ,ശുചീകരണപ്രവർത്തനം,പൂന്തോട്ടമൊരുക്കൽ സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവിടങ്ങളിൽ തന്റെ അഭിപ്രായങ്ങൾ പറയൽ (എങ്ങനെ, എപ്പോൾ? എന്തൊക്കെ ഒരുക്കങ്ങൾ?). | • ക്ലാസ്മുറി അലങ്കരിക്കൽ,ശുചീകരണപ്രവർത്തനം,പൂന്തോട്ടമൊരുക്കൽ... സംഘമായി ചെയ്യുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവിടങ്ങളിൽ തന്റെ നിരീക്ഷണങ്ങൾ,അഭിപ്രായങ്ങൾ,നിർദേശങ്ങൾ എന്നിവ പറയൽ. |
| • ക്രിസ്മസുമായി ബന്ധപ്പെട്ട കളികളിലും നിർമാണപ്രവർത്തനങ്ങളിലും മറ്റു പ്രവർത്തനങ്ങളിലും ഒറ്റയ്ക്കും സംഘമായും മുതിർന്നവരോട് ചേർന്നും സഹകരണ മനോഭാവത്തോടും നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ടും പ്രവർത്തിക്കാൻ കഴിയുന്നു. | • കൂട്ടമായുള്ള പ്രവർത്തനങ്ങൾ.<br>• സംഘഗാനം<br>• ക്രിസ്മസ് ആഘോഷം<br>• മുതിർന്നവരെയും മറ്റുള്ളവരെയും സ്വാഗതം ചെയ്യൽ. | • സംഘപ്രവർത്തനങ്ങൾ<br>• ക്രിസ്മസ് ആഘോഷം<br>• ക്ലാസ്മുറി വൃത്തിയാക്കൽ<br>• മുതിർന്നവരെ ബഹുമാനിക്കൽ, സ്വാഗതം ചെയ്യൽ. |
| • ഉത്സവങ്ങൾ/ആഘോഷങ്ങൾ (ഓണം, ക്രിസ്മസ്, റംസാൻ....) തുടങ്ങിയ സന്ദർഭങ്ങളിൽ ഉണ്ടാക്കുന്ന ആഹാരങ്ങൾ (സദ്യ, ബിരിയാണി, കേക്ക്.....) പരിചയപ്പെടുന്നതിനും അവ പരസ്പരം പങ്കുവയ്ക്കുന്നതിനും കഴിയുന്നു. | • വിശേഷാഹാരം പറയൽ<br>• കഥകൾ<br>• ചിത്രങ്ങൾ<br>• പങ്കുവയ്ക്കൽ<br>• ചമഞ്ഞുകളി | • വിശേഷാഹാരം പറയൽ.<br>• അനുഭവങ്ങൾ പറയൽ.<br>• ആഹാരം പങ്കുവയ്ക്കൽ. |
| • ക്രിസ്മസുമായി ബന്ധപ്പെട്ട പാട്ട് കേൾക്കാനും ഇഷ്ടപ്പെട്ടവ അവതരിപ്പിക്കാനും കഴിയുന്നു. | • ആംഗ്യപ്പാട്ട്, താരാട്ടുപാട്ട്, സിനിമപ്പാട്ട് (ഓഡിയോ) കേൾക്കൽ.<br>• പരിപാടികളിൽ അവതരിപ്പിക്കൽ. | • വിവിധതരം പാട്ടുകൾ കേൾക്കൽ (ഓഡിയോ).<br>• വിവിധ പരിപാടികളിൽ അവതരിപ്പിക്കൽ. |

| തീം : 22 – വാഹനങ്ങൾ | | കാലയളവ് : ജനുവരി |
|---|---|---|
| **(3+)** | | **(4+)** |
| **ആശയങ്ങൾ**<br>1. പലതരം വാഹനങ്ങളുണ്ട്.<br>2. യാത്ര ചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും വാഹനങ്ങൾ ഉപയോഗിക്കുന്നു.<br>3. കര, വെള്ളം, ആകാശം എന്നിവയിലൂടെ പോകുന്ന വാഹനങ്ങളുണ്ട്. | | 1. പലതരം വാഹനങ്ങളുണ്ട്.<br>2. യാത്രചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും വാഹനങ്ങൾ ഉപയോഗിക്കുന്നു.<br>3. കര, വെള്ളം, ആകാശം എന്നിവയിലൂടെ പോകുന്ന വാഹനങ്ങളുണ്ട്.<br>4. വാഹനങ്ങളിൽ കയറാനും ഇറങ്ങാനും പ്രത്യേക ഇടങ്ങളുണ്ട്. (ബസ്സ്റ്റാന്റ്, റെയിൽവേസ്റ്റേഷൻ, ബോട്ടുജെട്ടി, വിമാനത്താവളം). |
| **ശേഷികൾ** | **പഠനാനുഭവങ്ങൾ (3+)** | **പഠനാനുഭവങ്ങൾ (4+)** |
| • താളാത്മകമായി ശബ്ദമുണ്ടാക്കുന്നതിനും ശരീരാവയവങ്ങൾ യഥേഷ്ടം ചലിപ്പിക്കുന്നതിനും കഴിയുന്നു. | • വാഹനങ്ങളുമായി ബന്ധപ്പെട്ട അഭിനയഗാനം.<br>• വാഹനചലനങ്ങൾ അനുകരിക്കൽ.<br>• തോണിപ്പാട്ട് – കളി.<br>• പാർക്കിങ് കളി<br>• കുതിരയിൽ ഓട്ടം<br>• ബസ്സുകളി. | • വാഹനങ്ങളുമായി ബന്ധപ്പെട്ട അഭിനയഗാനം.<br>• വാഹനചലനങ്ങൾ അനുകരിക്കൽ.<br>• തോണിപ്പാട്ട് – കളി.<br>• പാർക്കിങ് കളി.<br>• ബസ്സുകളി. |
| • കടലാസ്, ചുറ്റുമുള്ള വസ്തുക്കൾ എന്നിവ ഉപയോഗിച്ച് വിവിധ വാഹനരൂപങ്ങൾ നിർമിക്കുന്നതിനു കഴിയുന്നു. | • വാഹനങ്ങളുടെ രൂപങ്ങൾ നിർമിക്കുന്നു. – ഒറിഗാമി (തോണി).<br>• തീപ്പെട്ടിത്തീവണ്ടി നിർമാണം<br>• വാഹനഭാഗങ്ങൾ ചേർത്ത് വാഹനം നിർമിക്കൽ. | • ഒറിഗാമി രൂപങ്ങൾ (തോണി)<br>• പ്ലാവില, മച്ചിങ്ങ, ഈർക്കിൽ, കടലാസുപെട്ടികൾ എന്നിവ കൊണ്ട് വാഹനങ്ങൾ നിർമിക്കൽ.<br>• തീപ്പെട്ടിത്തീവണ്ടി നിർമാണം<br>• വാഹനഭാഗങ്ങൾ ചേർത്ത് വാഹനം നിർമിക്കൽ.<br>• വാഹനങ്ങൾ നിർമിച്ച് കളിക്കൽ. (തോണി വെള്ളത്തിൽ ഇടുന്നു–ജലകേളികൾ.)<br>• കൊളാഷ് (വാഹനം) |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • മുത്തുകൾ യോജിപ്പിച്ച് വാഹനം ചിത്രീകരിക്കൽ, പേരു പറയൽ.<br>• സ്റ്റെൻസിൽ വാഹനം വര.<br>• ചിത്രത്തിൽ നിറം കൊടുക്കൽ. | • കുത്തു ചേർത്ത് വാഹനചിത്രങ്ങൾ പൂർത്തിയാക്കൽ.<br>• കട്ടൗട്ട് വാഹനം വര - നിറം കൊടുക്കൽ.<br>• വാഹനത്തിന്റെ പകുതി ചിത്രം പൂർത്തികരിക്കൽ.<br>• വാഹനത്തിന്റെ ചക്രം വര.<br>• റോഡ് വരച്ചു നിറംകൊടുക്കൽ.<br>• റെയിൽപ്പാളം വരച്ചു നിറംകൊടുക്കൽ. |
| • കണ്ടും കേട്ടും മനസ്സിലാക്കിയ വാഹനം സംബന്ധിച്ച വിവരങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം (വാഹനം)<br>• വാഹനവുമായി ബന്ധപ്പെട്ട കഥ കേൾക്കൽ - പറയൽ, നിർമിക്കൽ<br>• ചിത്രങ്ങൾ നോക്കി കഥ നിർമിക്കൽ.<br>• വാഹനപ്പാട്ടുകൾ അവതരിപ്പിക്കൽ. | • സ്വതന്ത്രഭാഷണം (യാത്രാനുഭവം പറയൽ)<br>• വാഹനവുമായി ബന്ധപ്പെട്ട കഥ കേൾക്കൽ - പറയൽ, നിർമിക്കൽ.<br>• ചിത്രങ്ങൾ നോക്കി കഥ പൂർത്തീകരിക്കൽ.<br>• വാഹനപ്പാട്ടുകൾ അവതരിപ്പിക്കൽ<br>• യാത്രാനുഭവങ്ങൾ - വേഗം, നിർത്തൽ, മറ്റ് അനുഭവങ്ങൾ. |
| • വാഹനങ്ങളുടെ കളിപ്പാട്ടങ്ങൾ,ചിത്രങ്ങൾ, വീഡിയോ എന്നിവ നോക്കി വിശദാംശങ്ങൾ അവതരിപ്പിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി, വീഡിയോ കണ്ട് ഓരോ വാഹനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പറയൽ.<br>- സ്റ്റിയറിങ്<br>- ചക്രം/സീറ്റ്<br>- ഹോൺ/ബെല്ല്<br>- ഡ്രൈവർ<br>(ചിത്രം - ബസ്, കാർ, ലോറി)<br>ഇതുപോലെ തീവണ്ടി, കപ്പൽ, വിമാനം എന്നിവയുമായി ബന്ധപ്പെട്ട ചർച്ച നടത്താം. | • ചിത്രം നോക്കി, വീഡിയോ കണ്ട് ഓരോ വാഹനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പറയൽ.<br>- സ്റ്റിയറിങ്<br>- ചക്രം/സീറ്റ്<br>- ഹോൺ/ബെല്ല്<br>- കണ്ടക്ടർ<br>- ഡ്രൈവർ<br>ഇതുപോലെ തീവണ്ടി, കപ്പൽ, വിമാനം എന്നിവയുമായി ബന്ധപ്പെട്ട ചർച്ച നടത്താം.<br>• കേട്ട വിവരണവും ചിത്രവും തമ്മിൽ ബന്ധപ്പെടുത്തൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വാഹനങ്ങളുടെ ചിത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ നിരീക്ഷിച്ച് കൂട്ടത്തിൽ പെടാത്തവ, പെടുന്നവ കണ്ടെത്തി പറയുന്നതിനും കാരണം പറയുന്നതിനും കഴിയുന്നു. | • ചിത്രങ്ങളിൽനിന്നു വാഹനങ്ങൾ തിരിച്ചറിയുന്നു (കര, കടൽ, ആകാശം).<br>• വാഹനങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി പറയൽ.<br>• ചിത്രങ്ങൾക്കനുസരിച്ച് വാഹനകളിപ്പാട്ടം തിരഞ്ഞെടുക്കൽ. | • ചിത്രങ്ങളിൽനിന്നു വാഹനങ്ങൾ തിരിച്ചറിയൽ. തരം തിരിക്കൽ. (കര, കടൽ, ആകാശം).<br>• വാഹനങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി പറയുന്നു.<br>• ചിത്രവും മാർഗവും തമ്മിൽ ബന്ധിപ്പിച്ച് പറയൽ. |
| • വാഹനങ്ങളുടെ വിവിധ ഭാഗങ്ങളെ ഗണിതഭാഷയിൽ പറയാൻ കഴിയുന്നു. | • ഗണിതപ്പാട്ട്<br>• വാഹനം/ചിത്രം കണ്ട് ചക്രങ്ങളുടെ എണ്ണം പറയൽ.<br>• വലുത്-ചെറുത് തരം തിരിക്കൽ | • ഗണിതപ്പാട്ട്<br>• വാഹനം/ചിത്രം കണ്ട് ചക്രങ്ങളുടെ എണ്ണം പറയൽ.<br>• വലുത് - ചെറുത് തരം തിരിക്കൽ.<br>• കൂടുതൽ ആളുകൾ- കുറച്ചാളുകൾ ഉയരം, നീളം തുടങ്ങിയവ. |
| • വാഹനങ്ങളുമായി ബന്ധപ്പെട്ട ബാലകൃതികൾ വായിച്ചു കേൾക്കാനും കേട്ട കാര്യങ്ങൾ വിവിധ രീതികളിൽ ആവിഷ്കരിക്കാനും കഴിയുന്നു. | • ബാലകൃതികൾ/കഥ കേട്ട് വിവിധ രീതിയിൽ അവതരിപ്പിക്കൽ.<br>– അഭിനയം<br>– മേനിപറച്ചിൽ | • ബാലകൃതികൾ/കഥ കേട്ട് വിവിധ രീതികളിൽ അവതരിപ്പിക്കൽ.<br>– അഭിനയം<br>– റോൾപ്ലേ<br>– ചിത്രീകരണം<br>– മേനിപറച്ചിൽ<br>– കഥ നിർമിച്ചു പറയൽ |

**തീം : 23 – എന്റെ ഗ്രാമം** **കാലയളവ് : ജനുവരി**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്. | 1. എന്റെ നാടിന് പേരുണ്ട്.<br>2. എന്റെ വീടിന് ചുറ്റും അയൽവീടുകൾ, മരങ്ങൾ, ജീവജാലങ്ങൾ, കുന്നുകൾ, പുഴകൾ എന്നിവയുണ്ട്.<br>3. വീടുകൾ, റോഡുകൾ, കടകൾ,കെട്ടിടങ്ങൾ എന്നിവയുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്വതന്ത്രമായി ചിത്രങ്ങൾ വരച്ചു നിറം നൽകാൻ കഴിയുന്നു. | • വീടും ചുറ്റുപാടും വരച്ച് നിറം കൊടുക്കൽ.<br>• മണൽത്തടത്തിലൊരുക്കിയ എന്റെ ഗ്രാമം നോക്കി പറയൽ, കൂട്ടിച്ചേർക്കൽ.<br>• ഗ്രാമചിത്രം നിറം കൊടുക്കൽ. | • വീടും ചുറ്റുപാടും പ്രത്യേകതകളോടെ വരയ്ക്കൽ, നിറം കൊടുക്കൽ – (തോട്, വീട്, കുന്ന്, മരം തുടങ്ങിയവ).<br>• മണൽത്തടത്തിൽ എന്റെ ഗ്രാമം അധ്യാപികയുടെ സഹായത്തോടെ രൂപപ്പെടുത്തൽ.<br>• ഗ്രാമചിത്രം നിറം കൊടുക്കൽ. |
| • എന്റെ നാടുമായി ബന്ധപ്പെട്ട് പരമാവധി കാര്യങ്ങൾ പറയാനും കേട്ടു മനസ്സിലാക്കാനും ചോദിച്ചറിയാനും കഴിയുന്നു. | • നാടുകാണൽ, കണ്ട കാര്യങ്ങൾ പറയൽ – ചോദിക്കൽ<br>(പുഴ, തോട്, മരം, പാലം, ആളുകൾ, കൃഷി തുടങ്ങിയവ). | • നാടുകാണൽ, കണ്ട കാര്യങ്ങൾ പറയൽ – ചോദിക്കൽ.<br>(പുഴ, തോട്, മരം, പാലം, ആളുകൾ, കൃഷി തുടങ്ങിയവ). |
| • ഗ്രാമത്തിന്റെ ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ഗ്രാമചിത്രം നോക്കി പറയൽ – ഇഷ്ടപ്പെട്ട കാര്യം പറയൽ – കേട്ട കാര്യവുമായി ചിത്രത്തെ ബന്ധിപ്പിക്കൽ. | • ഗ്രാമചിത്രം നോക്കി പറയൽ;.<br>• ചിത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കൽ.<br>• ഇഷ്ടപ്പെട്ട കാര്യം പറയൽ– കേട്ട കാര്യവുമായി ബന്ധിപ്പിക്കൽ. |
| • തന്റെ യാത്രാനുഭവങ്ങൾ, സംഭവങ്ങൾ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം – യാത്ര | • സ്വതന്ത്രഭാഷണം – യാത്ര (കുട്ടികളും ടീച്ചറും രക്ഷിതാക്കളും.) |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ബാലസാഹിത്യകൃതികൾ (യാത്ര) വായിച്ചു കേൾക്കാനും കേട്ട കാര്യങ്ങൾ വാചികം, അഭിനയം, ചിത്രം എന്നിവയിലൂടെ ആവിഷ്കരിക്കാനും കഴിയുന്നു. | • അധ്യാപിക ഭംഗിയായി വായിക്കുന്നതു കേൾക്കൽ.<br>- ചോദ്യങ്ങൾക്ക് ഉത്തരം പറയൽ.<br>- അിനയിച്ചു കാണിക്കൽ.<br>- ചിത്രംവര | • വായിച്ചുകേട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം പറയൽ.<br>- അിനയിച്ചു കാണിക്കൽ<br>- ചിത്രീകരിക്കൽ - നിറം നൽകൽ<br>• റോൾപ്ലേ |
| • ഗ്രാമങ്ങളുമായി ബന്ധപ്പെട്ട പാട്ടുകൾ/കഥകൾ കേൾക്കുന്നതിനും സ്വന്തമായി നിർമിച്ചു പറയുന്നതിനും കഴിയുന്നു. | • എന്റെ ഗ്രാമവുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ കേൾക്കൽ, പറയൽ (ഗ്രാമം - പട്ടണം തുടങ്ങിയവ).<br>• മുത്തശ്ശിമാർ കഥ പറയുന്നു. | • എന്റെ ഗ്രാമവുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ കേൾക്കൽ, കേട്ട കഥകൾ തന്റേതായ ഭാഷയിൽ പ്രകടിപ്പിക്കൽ, ഇഷ്ടപ്പെട്ട ഭാഗം അഭിനയിക്കൽ. (ഗ്രാമം - പട്ടണം തുടങ്ങിയവ).<br>• ഗ്രാമവുമായി ബന്ധപ്പെട്ട പാട്ടുകൾ കേൾക്കൽ, കൂട്ടമായി പാടൽ.<br>• മുത്തശ്ശിമാർ/മുതിർന്നവർ കഥ പറയുന്നു, എന്റെ കുട്ടിക്കാലം പറയൽ, ഗ്രാമകഥ പറയൽ. |




**തീം : 24 – പൊതുസ്ഥാപനങ്ങൾ** **കാലയളവ് : ജനുവരി**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. എന്റെ നാട്ടിൽ അങ്കണവാടിയും ആശുപത്രിയുമുണ്ട്.<br>2. മീൻ, പച്ചക്കറികൾ എന്നിവ വാങ്ങാൻ പ്രത്യേകം ചന്തകളുണ്ട്. | 1. എന്റെ നാട്ടിൽ സ്കൂൾ, അങ്കണവാടി, ബാങ്ക്, ആശുപത്രി എന്നിവയുണ്ട്.<br>2. മീൻ, പച്ചക്കറികൾ, അരി എന്നിവ വാങ്ങാൻ ചന്തകളുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്ഥാപനങ്ങളെക്കുറിച്ച് കണ്ടും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം<br>• കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ. അങ്കണവാടി, ആശുപത്രി തുടങ്ങിയവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ. | • സ്വതന്ത്രഭാഷണം<br>• കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ – പ്രീസ്കൂൾ, അങ്കണവാടി, ആശുപത്രി, ചന്ത തുടങ്ങിയവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ പറയൽ.<br>സംഭവങ്ങൾ വിശദാംശങ്ങളോടെ പറയൽ. |
| • വീഡിയോ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി പറയൽ<br>• വീഡിയോയിലെ സംഭവങ്ങളെക്കുറിച്ച് പറയൽ | • ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ.<br>• സ്വാനുഭവങ്ങളുമായി ബന്ധിപ്പിച്ച് പറയൽ. |
| • മറ്റൊന്നായി താദാത്മ്യം പ്രാപിച്ച് പാവനാടകം, റോൾപ്ലേ, ചമഞ്ഞുകളി എന്നിവ നടത്താൻ കഴിയുന്നു. | • റോൾപ്ലേ – ആശുപത്രി, ടീച്ചർ, കുട്ടി, പോലീസ്സ്റ്റേഷൻ കളി<br>• പാവനാടകം കാണൽ – കണ്ടത് പറയൽ | • റോൾപ്ലേ – ആശുപത്രി, ടീച്ചർ, കുട്ടി, പോലീസ് സ്റ്റേഷൻ, മാവേലിസ്റ്റോർ കളി<br>• പാവനാടകം കാണൽ – കണ്ടത് പറയൽ – പാവകളിക്കൽ |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • അടുത്തുള്ള പൊതുസ്ഥാപനങ്ങൾ സന്ദർശിച്ച് അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. | • അടുത്തുള്ള പൊതുസ്ഥാപനങ്ങളിൽ ചിലത് സന്ദർശിക്കൽ, കണ്ടതു പറയൽ. | • അടുത്തുള്ള പൊതുസ്ഥാപനങ്ങളിൽ ചിലത് സന്ദർശിക്കൽ, കണ്ടതു പറയൽ. |
| • സ്ഥലപരവും ദിശാപരവുമായ ആശയങ്ങൾ ഗണിതഭാഷയിൽ വാചികമായും ചിത്രീകരണത്തിലൂടെയും അവതരിപ്പിക്കാൻ കഴിയുന്നു. | • ബിഗ്പിക്ചറിൽ ക്രമീകരിച്ച കാര്യങ്ങൾ പറയൽ.<br>• വീട്ടിൽനിന്നു പ്രീസ്കൂളിലേക്കുള്ള വഴി പറയൽ.<br>• വഴികണ്ടെത്തൽ കളി.<br>• ചിത്രത്തിൽ നിറം നൽകൽ. | • കണ്ട കാര്യങ്ങൾ മണൽത്തടത്തിൽ ക്രമീകരിക്കൽ - ചൂണ്ടിക്കാണിച്ചു പറയൽ.<br>• വീട്ടിൽ നിന്നു പ്രീസ്കൂളിലേക്കുള്ള വഴി പറയൽ.<br>• വഴികണ്ടെത്തൽ (വർക്ക്ഷീറ്റിൽ) ചെയ്യുന്നു.<br>• ചിത്രത്തിൽ നിറം നൽകൽ. |







| തീം : 25 - കലകൾ - പ്രാദേശിക ഉത്സവങ്ങൾ | | കാലയളവ് : ഫെബ്രുവരി |
|---|---|---|
| (3+) | | (4+) |
| **ആശയങ്ങൾ**<br>1. നാട്ടിൽ നടക്കുന്ന പലതരം ഉത്സവങ്ങളുണ്ട്.<br>2. ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വാദ്യോപകരണങ്ങളുണ്ട്. | | 1. നമ്മുടെ നാട്ടിൽ പലതരം കലാരൂപങ്ങളുണ്ട്.<br>2. കലാരൂപങ്ങൾക്ക് വിവിധ തരം വേഷങ്ങളുണ്ട്.<br>3. നാട്ടിൽ പലതരം ഉത്സവങ്ങൾ നടക്കുന്നുണ്ട്.<br>4. ഉത്സവങ്ങളുമായി ബന്ധപ്പെട്ട് വാദ്യോപകരണങ്ങളുണ്ട്.<br>5. ആന, മുത്തുക്കുട, വെടിക്കെട്ട്, വള്ളംകളി തുടങ്ങിയവ ഉത്സവവുമായി ബന്ധപ്പെട്ടു നടക്കുന്നുണ്ട്. |
| **ശേഷികൾ** | **പഠനാനുഭവങ്ങൾ (3+)** | **പഠനാനുഭവങ്ങൾ (4+)** |
| • ഭാവം ഉൾക്കൊണ്ട് പാട്ടുകൾ, കലാരൂപങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനും താളാത്മക മായി ശബ്ദമുണ്ടാക്കുന്നതിനും കഴിയുന്നു. | • ആംഗ്യപ്പാട്ട് - 'അമ്പലമുറ്റത്താന നിരന്നു' - പാടിക്കളിക്കൽ<br>• ഉത്സവമേളം അവതരിപ്പിക്കൽ (വാദ്യസംഘം)<br>• വാദ്യോപകരണങ്ങൾ (ചിത്രം) അതിനെക്കുറിച്ച് പറയൽ<br>• വാദ്യോപകരണങ്ങളുടെ ശബ്ദം ഉണ്ടാക്കൽ.<br>• വിവിധ വസ്തുക്കളിൽ കമ്പുകൾ കൊണ്ടടിച്ച് ശബ്ദം കേൾക്കൽ. | • ആംഗ്യപ്പാട്ട്- ഇണ്ടിണ്ടം താളത്തിൽ--— അമ്പലമുറ്റത്താന...<br>• പാട്ടുപാടി കളിക്കൽ-താളത്തിൽ ചുവടുവയ്ക്കൽ<br>• വള്ളംകളി<br>• ചെണ്ടപ്പാട്ട്<br>• ഉത്സവമേളം<br>• വാദ്യോപകരണങ്ങൾ (ചിത്രം) - ചർച്ച<br>• താളത്തിൽ കൈകൊട്ടൽ<br>• വാദ്യോപകരണങ്ങളുടെ ശബ്ദം ഉണ്ടാക്കൽ.<br>• വിവിധ വസ്തുക്കളിൽ കമ്പുകൾ കൊണ്ടടിച്ച് ശബ്ദം കേൾക്കൽ- പറയൽ.<br>• ജലതരംഗം കേൾക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വാദ്യോപകരണങ്ങളുടെയും നാടൻ കലാരൂപങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിച്ച് മറ്റുള്ളവരെ പറഞ്ഞു കേൾപ്പിക്കാൻ കഴിയുന്നു. | • വീഡിയോ/ചിത്രങ്ങൾ കണ്ട് കാര്യങ്ങൾ പറയൽ,<br>• ചില വാദ്യോപകരണങ്ങളുടെ പേരുകൾ പറയൽ.<br>• ചിത്രത്തിൽ നിറം നൽകൽ. | • വീഡിയോ/ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ അനുഭവങ്ങളുമായി ബന്ധിപ്പിച്ച് പറയൽ.<br>• ചിത്രത്തിൽ നിറം നൽകൽ. |
| • ഉത്സവങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ ക്രമമായി പറയാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം | • സ്വതന്ത്രഭാഷണം |
| • പൊതുസദസ്സുകളിൽ കലാശേഷികൾ ആത്മവിശ്വാസത്തോടെ പ്രകടിപ്പിക്കാൻ കഴിയുന്നു. | • ബാലസഭകൾ, പി.ടി.എ, സ്കൂൾ അസംബ്ലി, വാർഷികാഘോഷ പരിപാടികൾ എന്നീ സന്ദർഭങ്ങളിൽ വ്യക്തിഗതമായും ഗ്രൂപ്പായും കലാപരിപാടികൾ അവതരിപ്പിക്കൽ. | • ക്ലാസ് സഭകൾ, സ്കൂൾ ബാലസഭകൾ, പി.ടി.എ, സ്കൂൾ അസംബ്ലി, വാർഷികാഘോഷങ്ങൾ എന്നീ സന്ദർഭങ്ങളിൽ വ്യക്തിഗതമായും ഗ്രൂപ്പായും കലാപരിപാടികൾ അവതരിപ്പിക്കൽ. |
| • ഉത്സവങ്ങൾ, കലാരൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രപുസ്തകങ്ങൾ, വായിച്ചു കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും ലഘുചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിനും കഴിയുന്നു. | • ചിത്രപുസ്തകം വായിക്കൽ, വായിച്ചത് പറയൽ. | • ചിത്രപുസ്തകം വായിക്കൽ-ചിത്രത്തിൽ കാണുന്നത് പറയൽ, ചിത്രത്തിൽനിന്നു കഥ നിർമിക്കൽ, പാട്ട് നിർമിക്കൽ. |
| • സംഗീതോപകരണങ്ങൾ നിർമിക്കുന്നതിനും ഒറ്റയ്ക്കും സംഘമായും കൈകാര്യം ചെയ്യുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • സോഡമൂടി, തീപ്പെട്ടി, വാട്ടർ ബോട്ടിൽ തുടങ്ങിയവ ഉപയോഗിച്ച് കിലുക്കുണ്ടാക്കൽ, അതുപയോഗിച്ച് പാട്ടുകൾ പാടൽ. | • സോഡമൂടി, തീപ്പെട്ടി, വാട്ടർ ബോട്ടിൽ തുടങ്ങിയവ ഉപയോഗിച്ച് കിലുക്ക്, വാദ്യോപകരണങ്ങൾ എന്നിവ നിർമിക്കൽ, അതുപയോഗിച്ച് പാട്ടു പാടി ആസ്വദിക്കൽ. |
| • കഥകൾ, പാട്ടുകൾ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • വീഡിയോ-ഓഡിയോ സഹായത്തോടെ കഥകൾ കേൾക്കൽ. അവ പറയൽ. | • വീഡിയോ-ഓഡിയോ സഹായത്തോടെ കഥകൾ കേൾക്കൽ, അവ തന്റേതായ ഭാഷയിൽ അവതരിപ്പിക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ഒന്നു മുതൽ 8 വരെയുള്ള സംഖ്യകൾ എണ്ണുന്നതിനും സംഖ്യയും വസ്തുക്കളും തമ്മിൽ ബന്ധിപ്പിച്ച് പറയുന്നതിനും കഴിയുന്നു. | • ഉത്സവച്ചന്ത-കളിപ്പാട്ടക്കട (കളി) | • കളിപ്പാട്ടങ്ങൾ (പക്ഷികൾ, വാഹനങ്ങൾ...) കളിനോട്ടുകൾ നൽകുന്നു. ആവശ്യമായ അത്രയും എണ്ണം സംഖ്യകളും വസ്തുക്കളും ചിത്രങ്ങളും പൊരുത്തപ്പെടുത്തുന്നു.<br>[3] [● ● ●]<br>• പൊട്ടിയ ബലൂൺ എത്ര?<br>• എത്രപേർ, എത്രപേർ കളി. |
| • ഉത്സവങ്ങൾ, കലാരൂപങ്ങൾ, വാദ്യോപകരണങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച്, ഒട്ടിച്ച് ആൽബം നിർമിക്കാൻ കഴിയുന്നു. | • ചിത്രങ്ങൾ ശേഖരിക്കൽ, അവ ചാർട്ടിൽ ഒട്ടിക്കൽ, അവ എന്താണെന്ന് പറയൽ. | • ചിത്രങ്ങൾ വിവിധ മാർഗങ്ങളിലൂടെ ശേഖരിക്കൽ.<br>• ചാർട്ടിൽ ഒട്ടിക്കൽ. ആൽബം തയാറാക്കുന്നു. |
| • വിവിധ കലാരൂപങ്ങൾ നിരീക്ഷിക്കുന്നതിനും ആസ്വദിക്കുന്നതിനും-താളത്തിനൊത്ത് ചുവടുവച്ചു പാടാനും കഴിയുന്നു. | • വീഡിയോ/ചിത്രങ്ങൾ നിരീക്ഷിച്ച് കണ്ടതു പറയൽ.<br>• വീഡിയോ/ഓഡിയോ കണ്ടും കേട്ടും താളത്തിനൊത്ത് നൃത്തം ചെയ്യൽ. | • വീഡിയോ/ചിത്രങ്ങൾ നിരീക്ഷിച്ച് കണ്ടതു പറയൽ.<br>• വീഡിയോ/ഓഡിയോ കണ്ടും കേട്ടും താളത്തിനൊത്ത് കളിക്കൽ. |



**തീം : 26 – ആകാശം** | **കാലയളവ് : ഫെബ്രുവരി**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. ആകാശത്തു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവ കാണാം.<br>2. പകൽ സൂര്യനുണ്ട്, രാത്രി അമ്പിളി അമ്മാവനെയും നക്ഷത്രങ്ങളെയും കാണാം.<br>3. സൂര്യനുദിക്കുമ്പോൾ വെളിച്ചമുണ്ടാകുന്നു. | 1. ആകാശത്തു സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മേഘം എന്നിവ കാണാം.<br>2. പകൽ സൂര്യനുണ്ട്. രാത്രി അമ്പിളി അമ്മാവനെയും നക്ഷത്രങ്ങളെയും കാണാം.<br>3. സൂര്യനുദിക്കുമ്പോൾ വെളിച്ചമുണ്ടാകുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ ഇരുട്ടാകുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്വതന്ത്രമായി ആകാശചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച് പെൻ, വാട്ടർകളർ). | • ചിത്രങ്ങളിൽ ക്രയോൺ, സ്കെച്ച്പെൻ എന്നിവ ഉപയോഗിച്ച് നിറം നൽകൽ. | • ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻ, വാട്ടർകളർ, പേപ്പർ, തുണി എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു. |
| • തന്റെ ചുറ്റുമുള്ള അനുഭവങ്ങൾ പറയാൻ കഴിയുന്നു. ചിത്രീകരിക്കാൻ കഴിയുന്നു. | • സ്വതന്ത്രഭാഷണം – (പകൽ ആകാശം– രാത്രി ആകാശം) | • സ്വതന്ത്രഭാഷണം – (പകൽ ആകാശം– രാത്രി ആകാശം)<br>• ചിത്രീകരണം |
| • പ്രകൃതിയുമായി ബന്ധപ്പെട്ട് ബോധ്യപ്പെട്ട കാര്യങ്ങൾ മറ്റുള്ളവരെ പറഞ്ഞു കേൾപ്പിക്കാൻ കഴിയുന്നു. | • അനുഭവിച്ചറിയൽ, പറയൽ (രാത്രി, പകൽ) | • നിരീക്ഷിച്ചു പറയൽ<br>• അനുഭവിച്ചറിയൽ<br>• കഥ/പാട്ട് അവതരിപ്പിക്കൽ (രാവിലെ– ഉച്ച–രാത്രി, സൂര്യൻ–പ്രകാശം–ചൂട്– വെയിൽ). |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സമയം/കാലം/പ്രായം അടിസ്ഥാനപ്പെടുത്തി നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു. | • രാത്രി-പകൽ കളി (രാവിലെ, ഉച്ച, രാത്രി)<br>• കഥകൾ, പാട്ടുകൾ (ഇന്നലെ, ഇന്ന്, നാളെ പഴയത് - പുതിയത്.) | • രാത്രി - പകൽകളി (രാവിലെ, ഉച്ച, വൈകിട്ട്, സന്ധ്യ, രാത്രി, വെളുപ്പിന്)<br>• കഥകൾ/പാട്ടുകൾ (ഇന്നലെ - ഇന്ന് - നാളെ, പഴയത് - പുതിയത്.) |
| • ആകാശവുമായി ബന്ധപ്പെട്ടു കേട്ട പാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു. | • സംഘമായും ഒറ്റയ്ക്കും പാടൽ. | • കേട്ട പാട്ടുകൾ സംഘമായും ഒറ്റയ്ക്കും താളാത്മകമായി പാടൽ. |
| • തന്റെ ചിന്തകൾ, വികാരങ്ങൾ, ഭാവനകൾ എന്നിവ മറ്റുള്ളവർക്ക്(കുട്ടുകാർ,മുതിർന്നവർ....) മനസ്സിലാകും വിധം പങ്കുവയ്ക്കാൻ കഴിയുന്നു. | • വരച്ചു നൽകിയ ചിത്രത്തിൽ നിറം നൽകൽ. | • ഭാവനാപൂർവം കഥ രൂപീകരിച്ച് പറയൽ. നിശ്ചിതസന്ദർഭങ്ങളിൽ (സന്തോഷം,സങ്കടം,കൗതുകം)വികാരങ്ങൾ പ്രകടിപ്പിക്കൽ.<br>• ആകാശം നോക്കി മേഘചിത്രങ്ങൾ എന്താണെന്നു പറയൽ, ചിത്രീകരിക്കൽ, നിറം കൊടുക്കൽ. |

**തീം : 27 - കളികൾ, വിനോദങ്ങൾ** **കാലയളവ് : ഫെബ്രുവരി**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പലതരം കളികളുണ്ട്.<br>2. കളിപ്പാട്ടങ്ങൾ ഉപയോഗിച്ചും അല്ലാതെയും കളിക്കാം. | 1. പലതരം കളികളുണ്ട്.<br>2. കളിപ്പാട്ടങ്ങൾ പലതരത്തിലുണ്ട്. നിർമിക്കാവുന്നത് - വിലകൊടുത്തു വാങ്ങാവുന്നത്.<br>3. കളിപ്പാട്ടങ്ങൾ ഉപയോഗിച്ചും ഇല്ലാതെയും കളിക്കാം.<br>4. ചില നിർദേശങ്ങളും കളിയിൽ പാലിക്കേണ്ടതുണ്ട്. രണ്ടുപേർ ചേർന്നും സംഘമായുമുള്ള കളികളുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പേപ്പർ/അപ്പൂപ്പൻതാടി/ഇല/ബലൂൺ തുടങ്ങിയവ ഊതിപ്പറപ്പിക്കൽ (ആസൂത്രിതകളി). | • മെഴുകുതിരി ഊതി അണയ്ക്കൽ (ആസൂത്രിതകളി) |
| • ചുറ്റുപാടുമുള്ള പലതരം വസ്തുക്കൾ ഉപയോഗിച്ച് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • മരക്കട്ടകൾ, ബിൽഡിങ് ബ്ലോക്സ്, തീപ്പെട്ടിക്കൂട്, കാർഡ്ബോർഡ്പെട്ടി തുടങ്ങിയവ ഉപയോഗിച്ചുള്ള നിർമാണം. | • കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമിക്കൽ (മച്ചിങ്ങവണ്ടി, തീപ്പെട്ടിത്തീവണ്ടി).<br>• പേപ്പർ, കളിമണ്ണ്, കമ്പുകൾ,ചരട്, പൂക്കൾ, മുത്ത്, വിത്ത്, മൈദ, കളിമണ്ണ്തുടങ്ങിയവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കൽ. |
| • സാഹചര്യങ്ങൾക്കനുസരിച്ച് കുനിഞ്ഞും ചരിഞ്ഞും ഇഴഞ്ഞും മുട്ടുകുത്തി നടന്നും ഒതുക്കിയും വികസിപ്പിച്ചും ശരീരത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നു. | • കുനിയൽ, ഇഴയൽ തുടങ്ങിയ ശാരീരിക ചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തി ലുള്ള കഥ പറയലും പ്രകടനവും. | • കുനിയൽ, ഇഴയൽ, മുട്ടുകുത്തി നടക്കൽ തുടങ്ങിയ ശാരീരികചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള കഥ പറയലും പ്രകടനവും. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • മറ്റുള്ളവരുടെ കഴിവുകൾ, നല്ല പ്രവൃത്തികൾ എന്നിവ പ്രോത്സാഹിപ്പിക്കാനും അംഗീകരിക്കാനും കഴിയുന്നു. | • പ്രീസ്കൂൾ, കായികപ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | • പാട്ട്/കഥ/നിർമാണ പ്രവർത്തനങ്ങൾ എന്നിവ ചെയ്ത് കഴിയുമ്പോൾ കൈയടിച്ച് പ്രോത്സാഹനം നൽകൽ. |
| • പ്രതിസന്ധിഘട്ടങ്ങളിൽ മനസ്സാന്നിധ്യം നഷ്ടപ്പെടാതെ അനുനയരൂപത്തിൽ പ്രശ്നം പരിഹരിക്കാൻ കഴിയുന്നു. | • സംഘകളികൾ | • സംഘപ്രവർത്തനങ്ങൾ<br>• സംഘകളികൾ<br>• കളിക്കോപ്പുകൾ, ഇരിപ്പിടം പങ്കുവയ്ക്കൽ, ഊഴം കാത്തുനിൽക്കൽ. |
| • സംഗീതോപകരണങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ നിർമിക്കാൻ കഴിയുന്നു. | • തീപ്പെട്ടിക്കിലുക്ക്<br>• തീപ്പെട്ടിപ്പാവ<br>• | • ഓലപ്പീപ്പി<br>• മച്ചിങ്ങവണ്ടി<br>• വിവിധ കളിപ്പാട്ടങ്ങൾ നിർമാണം |
| • വീഡിയോ/ചിത്രങ്ങൾ കണ്ട് വിശദാംശങ്ങൾ അവതരിപ്പിക്കുന്നു. | • വീഡിയോ, ചിത്രങ്ങൾ നോക്കി കളിയുടെ പേരുകൾ പറയൽ.<br>• വിവിധ വിനോദങ്ങളുടെ പേരുകൾ പറയൽ. – ശേഖരിക്കൽ.<br>• പാവയെ ഒരുക്കൽ | • വീഡിയോ/ചിത്രങ്ങൾ നോക്കി കളികളുടെ പേരു പറയൽ (ഫുട്ബോൾ, ക്രിക്കറ്റ്).<br>• ഇഷ്ടപ്പെട്ട കളികളെക്കുറിച്ച് പറയൽ.<br>• വിവിധ വിനോദങ്ങളുടെ പേരുകൾ പറയൽ – വെള്ളത്തിൽ കളിക്കൽ.<br>• പാവയെ ഒരുക്കൽ കളി |
| • ഗണിതഭാഷ ഉപയോഗിച്ചുകൊണ്ട് കളിയുപകരണങ്ങളുടെ സ്ഥാനം, കളിക്കാരുടെ സ്ഥാനം പറയാൻ കഴിയുന്നു. | • സ്വതന്ത്രകളികളിൽ ഇടപെടൽ.<br>• ചിത്രവായന | • സ്വതന്ത്രകളികളിൽ ഇടപെട്ടുകൊണ്ട് നിയമങ്ങൾക്കനുസരിച്ച് കളിക്കൽ.<br>• ഗണിതഭാഷ ഉപയോഗിച്ച് നിർദേശങ്ങൾ പറയൽ. (അടുത്ത്, അകലെ, പിന്നിൽ, മുന്നിൽ, ആദ്യം അവസാനം.)<br>• ചിത്രവായന–പന്തും കളിക്കാരനും തമ്മിലുള്ള സ്ഥാനം പറയൽ. |

| തീം : 28 – റേഡിയോ, ടി.വി., ഫോൺ | കാലയളവ് : മാർച്ച് |
|---|---|
| (3+) | (4+) |
| **ആശയങ്ങൾ**<br>1. വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങളുണ്ട്.<br>2. വിവരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും അറിയിക്കുന്നതിന് ഫോൺ ഉപയോഗിക്കുന്നു.<br>3. വാർത്തകൾ അറിയുന്നതിനും വിനോദപരിപാടികൾ കാണുന്നതിനും കേൾക്കുന്നതിനും ടി.വി. ഉപയോഗിക്കുന്നു.<br>4. വാർത്തകൾ, വിനോദപരിപാടികൾ കേൾക്കുന്നതിന് റേഡിയോ, മൊബൈൽഫോൺ എന്നിവ ഉപയോഗിക്കുന്നു.<br>5. പത്രം വായിച്ച് നാം വാർത്തകൾ അറിയുന്നു. | 1. വാർത്തകൾ അറിയാൻ വിവിധ മാർഗങ്ങളുണ്ട്.<br>2. വിവരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും അറിയിക്കുന്നതിന് ഫോൺ ഉപയോഗിക്കുന്നു.<br>3. വാർത്തകൾ അറിയുന്നതിനും വിനോദപരിപാടികൾ കാണുന്നതിനും കേൾക്കുന്നതിനും ടി.വി. ഉപയോഗിക്കുന്നു.<br>4. വാർത്തകൾ, വിനോദപരിപാടികൾ കേൾക്കുന്നതിന് റേഡിയോ, മൊബൈൽഫോൺ എന്നിവ ഉപയോഗിക്കുന്നു.<br>5. പത്രം വായിച്ച് നാം വാർത്തകൾ അറിയുന്നു.<br>6. കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങളുണ്ട്. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പത്രത്തിലെ ചിത്രങ്ങൾ നോക്കി വാർത്തയുടെ വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ചിത്രം നോക്കി പറയൽ. | • ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ. |
| • വിവിധയിനം പാട്ടുകൾ, സംഭാഷണങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും ഇഷ്ടപ്പെട്ടവ അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • റേഡിയോ/ഫോൺ/ടി.വി./മൊബൈൽ ഫോൺ (കഥാഗാനങ്ങൾ, സംഭാഷണ ഗാനങ്ങൾ)<br>• താരാട്ടുപാട്ട്, സിനിമപ്പാട്ട് പാടൽ. | • റേഡിയോ/ടി.വി.(കഥാഗാനങ്ങൾ, സംഭാഷണ ഗാനങ്ങൾ ചോദ്യോത്തരപ്പാട്ട്, കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ) കേൾക്കൽ.<br>• വിവിധ റേഡിയോ, ടി.വി. പരിപാടികൾ അവതരിപ്പിക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വാർത്താമാധ്യമങ്ങൾ/ചിത്രങ്ങൾ നോക്കി വിശദാംശങ്ങൾ അവതരിപ്പിക്കുന്നു. | • റേഡിയോ/ടി.വി. പരിപാടികൾ അവതരിപ്പിക്കൽ.<br>• ചിത്രം നോക്കി ടി.വി. റേഡിയോ, ഫോൺ, പത്രം എന്നിവ തിരിച്ചറിഞ്ഞ് പറയൽ.<br>• സ്വതന്ത്രഭാഷണം-ടി.വി, റേഡിയോ, ഫോൺ അനുഭവങ്ങൾ പങ്കുവയ്ക്കൽ.<br>• ഇഷ്ടപ്പെട്ട മാധ്യമത്തെക്കുറിച്ച് പറയൽ. | • സ്വതന്ത്രഭാഷണം – മാധ്യമങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങൾ (ടി.വി, റേഡിയോ, ഫോൺ)<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• കേട്ടവിവരണവും ചിത്രവും തമ്മിൽ ബന്ധിപ്പിക്കൽ (ടി.വി, റേഡിയോ, കംപ്യൂട്ടർ, ഇന്റർനെറ്റ്, ഫോൺ...)<br>• വാർത്തകൈമാറൽ കളി |



**തീം : 29 - വെള്ളം, പുഴ, കടൽ** **കാലയളവ് : മാർച്ച്**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. വെള്ളം കിട്ടുന്നത് മഴയിലൂടെയാണ്.<br>2. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതും താഴുന്നതുമായ വസ്തുക്കളുണ്ട്.<br>3. കുടിക്കാനും കുളിക്കാനും ആഹാരം പാകം ചെയ്യാനും മറ്റു ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ഉപയോഗിക്കുന്നു.<br>4. വീട്ടിലെ എല്ലാ അംഗങ്ങൾക്കും അവരവരുടേതായ ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്. | 1. വെള്ളത്തിന്റെ പ്രധാന സ്രോതസ്സ് മഴയാണ്.<br>2. വെള്ളത്തിൽ അലിയുന്നതും അലിയാത്തതുമായ വസ്തുക്കളുണ്ട്.<br>3. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതും താഴുന്നതുമായ വസ്തുക്കളുണ്ട്.<br>4. കുടിക്കാനും കുളിക്കാനും ആഹാരം പാകം ചെയ്യാനും മറ്റു ദൈനംദിന ആവശ്യങ്ങൾക്കും വെള്ളം ഉപയോഗിക്കുന്നു.<br>5. വീട്ടിലെ എല്ലാ അംഗങ്ങൾക്കും അവരവരുടേതായ ഉത്തരവാദിത്വങ്ങളും കടമകളുമുണ്ട്.<br>6. വിവിധ ജലാശയങ്ങളുണ്ട്. (പുഴ, കടൽ) |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തിക്കൊണ്ട് സ്വതന്ത്രവും നിയന്ത്രിതവുമായ (നിർദേശങ്ങൾ പാലിച്ച്) ലഘുപ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • സ്വതന്ത്രകളികൾ | • ആസൂത്രിതകളികൾ, സ്വതന്ത്രകളികൾ. |
| • പ്രകൃതിയെ നിരീക്ഷിച്ച് (പ്രകൃതി, വസ്തു, ചിത്രങ്ങൾ) (പ്രാഗ് വായന) ആശയങ്ങൾ പറയാൻ കഴിയുന്നു. | • പ്രകൃതിവായന<br>• ചിത്രത്തിൽ കാണുന്നതു പറയൽ (പുഴ, കടൽ, വെള്ളം തുടങ്ങിയവ.) | • ചിത്രവായന, പ്രകൃതിവായന<br>• ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ പറയൽ-അവയുടെ ഉപയോഗം പറയൽ. |
| • വെള്ളവുമായി ബന്ധപ്പെട്ട സംഭവങ്ങൾ, തന്റെ അനുഭവങ്ങൾ, അവസ്ഥകൾ, സവിശേഷതകൾ എന്നിവ പരസ്പരം ബന്ധിപ്പിച്ച് പറയാൻ കഴിയുന്നു. | • വെള്ളത്തിൽ കളിച്ചത്, കുളിച്ചത്, തണുത്ത വെള്ളം കുടിച്ചത്, ഐസ് തിന്നത് തുടങ്ങിയവ. | • വെള്ളത്തിൽ കളിച്ചത്, കുളിച്ചത്, തണുത്തവെള്ളം കുടിച്ചത്, ഐസ് തിന്നത് തുടങ്ങിയ അനുഭവങ്ങൾ പറയുന്നു. |
| • അംഗീകാരമില്ലാത്ത ഏകകങ്ങൾ (സ്പൂൺ, കപ്പ്, ഗ്ലാസ്, ചരട്) ഉപയോഗിച്ച് അളവുകൾ താരതമ്യം ചെയ്യാൻ കഴിയുന്നു. | • വെള്ളം നിറയ്ക്കൽ കളി | • അംഗീകാരമില്ലാത്ത ഏകകങ്ങൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>- കപ്പിൽ എത്ര ഗ്ലാസ് വെള്ളം?<br>- കുപ്പിയിൽ എത്ര ഗ്ലാസ് വെള്ളം?<br>- ഏതിലാണ് കൂടുതൽ വെള്ളം? ഒരുപോലെയുള്ളവ തുടങ്ങിയ ലഘുപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| വെള്ളം, പുഴ, കടൽ എന്നിവയുമായി ബന്ധപ്പെട്ട വിവിധ പാട്ടുകൾ, കഥകൾ (കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ) മുതലായവ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ കേൾക്കൽ (ഓഡിയോ).<br>• കഥകൾ കേൾക്കൽ - പറയൽ | • കഥാഗാനങ്ങൾ, സംഭാഷണഗാനങ്ങൾ ചോദ്യോത്തരപ്പാട്ട്,കൂട്ടപ്പാട്ട്, വായ്ത്താരി എന്നിവ കേൾക്കൽ (ഓഡിയോ).<br>• കഥകേൾക്കൽ-പറയൽ-നിർമിക്കൽ |
| ജലകേളികളിൽ ഏർപ്പെടാൻ കഴിയുന്നു. | • പേപ്പർവള്ളം, കുപ്പിയുടെ അടപ്പ്, പാത്രത്തിന്റെ അടപ്പ് എന്നിവ ഉപയോഗിച്ചുള്ള കളികൾ. | • വിവിധ വസ്തുക്കൾ ഉപയോഗിച്ച് ജലകേളികളിൽ ഏർപ്പെടൽ. |
| കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • ജലവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ<br>- ചൂട്-തണുപ്പ് | • ജലവുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ<br>- മുങ്ങുമോ പൊങ്ങുമോ?<br>- ചൂട്-തണുപ്പ്<br>- മഴവില്ല് ഉണ്ടാക്കുന്നു. (വെള്ളത്തിൽ മുഖം നോക്കുന്ന കണ്ണാടി സൂര്യപ്രകാശത്തിൽ വയ്ക്കുന്നു.) |
| വെള്ളവുമായി ബന്ധപ്പെട്ട കഥകൾ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും കഴിയുന്നു. | • ജലവുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ -പറയൽ. | • ജലവുമായി ബന്ധപ്പെട്ട കഥകൾ കേൾക്കൽ, പറയൽ, നിർമിക്കൽ.<br>- സംഭാഷണം<br>- മറ്റൊരു കഥ നിർമിക്കൽ |
| • പ്രാഗ്ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • മഴത്തുള്ളി വരയ്ക്കൽ | • മഴത്തുള്ളി വരയ്ക്കൽ<br>• മഴ-മേഘം എന്നിവ വരയ്ക്കൽ. |
| • പ്രാഗ്വായന-വെള്ളവുമായി ബന്ധപ്പെട്ട ലഘുബാല സാഹിത്യ കൃതികൾ വായിച്ചു കേൾക്കാനും കേട്ട കാര്യങ്ങൾ വിവിധ രീതികളിൽ അവതരിപ്പിക്കാനും കഴിയുന്നു. | • കഥ കേൾക്കുന്നു, വിവിധ രീതിയിൽ അവതരിപ്പിക്കുന്നു.<br>- അഭിനയം<br>- ചിത്രംവര<br>- സംഭാഷണം | • കഥ കേൾക്കുന്നു, വിവിധ രീതിയിൽ അവതരിപ്പിക്കുന്നു.<br>- അഭിനയം<br>- ചിത്രംവര<br>- റോൾപ്ലേ<br>- സംഭാഷണം<br>- മറ്റൊരു കഥ നിർമിക്കൽ |

**തീം : 30 – മരങ്ങൾ, കാട്** — **കാലയളവ് : മാർച്ച്**

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. നമ്മൾ നട്ടുവളർത്തുന്നതും അല്ലാത്തതുമായ മരങ്ങളുണ്ട്.<br>2. മാങ്ങ, ചക്ക, പേരക്ക, നെല്ലിക്ക തുടങ്ങിയ കായ്ഫലങ്ങൾ നമുക്ക് ലഭിക്കുന്നു.<br>3. വീടും വീട്ടുപകരണങ്ങളും ഉണ്ടാക്കാൻ മരം ഉപയോഗിക്കുന്നു. | 1. നമ്മൾ നട്ടുവളർത്തുന്നതും അല്ലാത്തതുമായ മരങ്ങളുണ്ട്.<br>2. മാങ്ങ, ചക്ക, പേരക്ക, നെല്ലിക്ക തുടങ്ങിയ കായ്ഫലങ്ങൾ നമുക്ക് ലഭിക്കുന്നു.<br>3. വീടും വീട്ടുപകരണങ്ങളും ഉണ്ടാക്കാൻ മരം ഉപയോഗിക്കുന്നു.<br>4. വിറക് കത്തിക്കാൻ ഉപയോഗിക്കുന്നു.<br>5. മരങ്ങളെയും കാടിനെയും സംരക്ഷിക്കണം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • മരം/കാട് എന്നിവയുമായി ബന്ധപ്പെട്ട് സ്വതന്ത്രമായി ചിത്രങ്ങൾ വരച്ച് നിറം നൽകാൻ കഴിയുന്നു (ക്രയോൺ, സ്കെച്ച് പെൻ, വാട്ടർ കളർ...). | • ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു.<br>• പ്രിന്റിങ് (വിരൽ, പച്ചക്കറി, കമ്പ്) | • ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• പ്രിന്റിങ് (വിരൽ, പച്ചക്കറി, കമ്പ്, ഇല, കടലാസ് ചുരുട്ടിയത്).<br>• ചിത്രങ്ങൾ വരച്ച് ക്രയോൺ, പെൻ, വാട്ടർകളർ എന്നിവ ഉപയോഗിച്ച് നിറം നൽകുന്നു. |
| • മരം/കാട് എന്നിവയെ ബന്ധിപ്പിച്ച് തന്റെ ചുറ്റുമുള്ള സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ ശ്രദ്ധിച്ച് കാണാനും കേൾക്കാനും കഴിയുന്നു. | • കഥ കേൾക്കൽ<br>• പാട്ടുകേൾക്കൽ<br>• സ്വതന്ത്രഭാഷണം<br>• എന്റെ വീട്ടിലെ മരങ്ങൾ | • കഥ കേൾക്കൽ-കേട്ട കഥപറയൽ, നിർമിക്കൽ.<br>• സ്വതന്ത്രഭാഷണം – തന്റെ വീട്ടിലെ മരങ്ങളുമായി സ്വന്തം അനുഭവങ്ങൾ പറയുന്നു.<br>• പാട്ടു കേൾക്കൽ-പാടൽ – നിർമിക്കൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • മരം/കാട് എന്നിവയെക്കുറിച്ച് കണ്ടും കേട്ടും മനസ്സിലാക്കിയ സംഭവങ്ങൾ, വിവരണങ്ങൾ എന്നിവ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കഴിയുന്നു. | • കണ്ടതും കേട്ടതുമായ കാര്യങ്ങളെ കുറിച്ച് പറയൽ<br>• ഞാൻ കണ്ട മരം-ലഘുവിവരണങ്ങൾ പറയുന്നു. | • കേട്ട സംഭവങ്ങൾ ക്രമപ്പെടുത്തി പറയൽ<br>• ഞാൻ കണ്ട മരം വിശദാംശങ്ങളോട് വിവർണം പറയുന്നു. |
| • മരം/കാട് ബന്ധിപ്പിച്ച് ചുറ്റുപാടുകളിൽ നിന്നു ഗണിത പാറ്റേണുകൾ കണ്ടെത്തുന്നതിനും അവ സൗന്ദര്യാത്മകമായി പ്രയോജനപ്പെടുത്തുന്നതിനും കഴിയുന്നു.<br>• വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • മരത്തിലെ ഫലങ്ങൾക്ക് നിറം നൽകുന്നു. | • ചിത്രം നോക്കി പരസ്പരം ബന്ധിപ്പിച്ച് പറയുന്നു.<br>• ഇഷ്ടപ്പെട്ട മരത്തെക്കുറിച്ച് പറയുന്നു.<br>• മരത്തിൽ യോജ്യമായ ഫലം വരച്ചു ചേർക്കുന്നു.<br>• വിവരണം കേട്ട് ചിത്രവുമായി ബന്ധിപ്പിക്കുന്നു.<br>• മരം/കാട് എന്നിവയുമായി ബന്ധപ്പെട്ട കഥകൾ മെനയുന്നു. |
| • ചുറ്റുപാടും നിരീക്ഷിച്ച് മരവുമായി ബന്ധപ്പെട്ട രൂപങ്ങൾ തിരിച്ചറിയുന്നതിനും ചിത്രീകരിക്കുന്നതിനും. | • മരം/കാട് എന്നിവയുമായി ബന്ധപ്പെട്ട കഥ മെനയുന്നു. | • മരക്കഷണങ്ങളിൽ നിന്ന് അവയുടെ ആകൃതി തിരിച്ചറിഞ്ഞ് വരയ്ക്കുന്നു. (വട്ടം, ചതുരം, ഉരുണ്ടത്) |
| • മരങ്ങളെയും കാടുകളെയും സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും കഴിയുന്നു. | • മരക്കഷണങ്ങളിൽ നിന്ന് അവയുടെ ആകൃതി തിരിച്ചറിയുന്നു, പറയുന്നു. (വട്ടം, ചതുരം ശേഖരിക്കണം).<br>• പ്രകൃതിനടത്തം<br>• കാടുകാണൽ<br>• മരം - കൊളാഷ്<br>• ചിത്രങ്ങൾ ശേഖരിച്ച് ഒട്ടിക്കുന്നു. | • വീഡിയോ<br>• പ്രകൃതിനടത്തം<br>• കാടു കാണൽ - വീഡിയോ<br>• മരങ്ങളും ജീവികളും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന കഥകൾ, പാട്ടുകൾ) പാവനാടകം എന്നിവ കാണുന്നു- പറയുന്നു.<br>• റോൾപ്ലേ അവതരിപ്പിക്കുന്നു.<br>• മരം - കൊളാഷ്<br>• ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമിക്കുന്നു. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • മൃഗങ്ങൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെട്ട് ഭാവം ഉൾക്കൊണ്ട് കഥകൾ, പാട്ടുകൾ, സംഭവങ്ങൾ എന്നിവ അവതരിപ്പിക്കാൻ കഴിയുന്നു. (ശബ്ദവ്യത്യാസം, ഭാവം, ആംഗ്യം, ഈണം, താളം, ചലനം) | • ആംഗ്യപ്പാട്ട് പാടൽ<br>• കഥപറയൽ<br>• ചിത്രം നിരീക്ഷിച്ച് കഥ ഊഹിച്ചു പറയൽ<br>• മണൽത്തടത്തിലെ ക്രമീകരണം നോക്കി പറയൽ.<br>• പ്രകൃതിനടത്തം | • കളിരീതി പ്രക്രിയ പാലിച്ച് പറയുന്നു.<br>• കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തി പറയൽ.<br>• സംഭവങ്ങൾ വിശദാംശങ്ങളോടെ പറയൽ.<br>• ബിഗ്പിക്ചർ നോക്കി പറയൽ. |
| • വസ്തുക്കളുടെയും സംഭവങ്ങളുടെയും ചിത്രങ്ങൾ നോക്കി വിശദാംശങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കാൻ കഴിയുന്നു. | • ജീവികൾ, പക്ഷികൾ എന്നിവയെക്കുറിച്ച് അധ്യാപികയോടും കൂട്ടുകാരോടും ചോദിക്കൽ.<br>• ചിത്രം നോക്കി പറയൽ.<br>• ഇഷ്ടപ്പെട്ട വസ്തുക്കളെ കുറിച്ച് പറയൽ. പാവകളി<br>• ചാർട്ടിലെ ചിത്രം നോക്കി പറയൽ. | • ചിത്രത്തിലെ സംഭവങ്ങൾ പറയൽ.<br>• ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ.<br>• ചിത്രവും കേട്ട വിവരണവും തമ്മിൽ ബന്ധിപ്പിക്കൽ.<br>• കഥ മെനഞ്ഞ് പറയൽ<br>• പാവനിർമാണം, പാവകളി<br>• ചാർട്ടിലെ ചിത്രം നോക്കി കഥ ഊഹിച്ചു പറയൽ.<br>• കഥയുടെ ബാക്കിഭാഗം പൂരിപ്പിക്കൽ. |
| • കഥകൾ, സംഭവങ്ങൾ, സന്ദർഭങ്ങൾ വിശകലനം ചെയ്ത് മറ്റുള്ളവർക്ക് നന്മയും സന്തോഷവും ഉണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു. | • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ (ഉദാ: വീട്ടിൽ ചേട്ടൻ/ചേച്ചി, അനിയൻ, അനിയത്തി കളിപ്പാട്ടത്തിന് തർക്കം കൂടുന്നത്.)<br>• കഥ പറയൽ, കേൾക്കൽ. | • സന്ദർഭങ്ങൾ വിശകലനം ചെയ്യൽ<br>• കഥ കേൾക്കൽ, നിർമിക്കൽ<br>• വീഡിയോ കണ്ട് പ്രതികരിക്കൽ<br>• കഥകൾ വിശകലനം ചെയ്യൽ (ഉദാ: കാക്കയും കുറുക്കനും അപ്പം തട്ടിയെടുത്ത കഥ). "കുറുക്കൻ ചെയ്തത് ശരിയാണോ?" |
| • പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ/ ജീവജാലങ്ങൾ എന്നിവയുടെ ശബ്ദം അനുകരിക്കാൻ കഴിയുന്നു. | • ശബ്ദം തിരിച്ചറിയൽ കളി (കാക്ക കരയുന്ന ശബ്ദം, ചുമയ്ക്കുന്ന ശബ്ദം....) | • ശബ്ദം തിരിച്ചറിയൽ കളി (കാക്ക കരയുന്ന ശബ്ദം, ചുമയ്ക്കുന്ന ശബ്ദം.) |
| • ജന്തുക്കൾ/പക്ഷികൾ ഇവയെ സംബന്ധിച്ച് കാര്യകാരണ ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്നു. (പൂച്ച പറക്കാത്തതെന്തുകൊണ്ട്?) | • ചുറ്റുമുള്ള വസ്തുക്കളെക്കുറിച്ചുള്ള ചോദ്യോത്തരപ്പാട്ടുകൾ പാടൽ. ഉദാ: എന്തുകൊണ്ടെന്തുകൊണ്ട്? | • ജീവികൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെടുത്തി ചോദ്യോത്തരപ്പാട്ടുകൾ പാടൽ.<br>• ജന്തുക്കൾ/പക്ഷികൾ എന്നിവയുമായി ബന്ധപ്പെടുത്തി ഇവയുടെ കടങ്കഥകൾ പറയൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • വസ്തുവിന്റെ ഭാഗങ്ങളും പൂർണമായ വസ്തുവും തമ്മിലുള്ള ബന്ധം വിശദീകരിക്കാൻ കഴിയുന്നു. | • പ്രകൃതിനടത്തം (കാണുന്ന ജീവികളെ തിരിച്ചറിഞ്ഞ് പേര് പറയൽ, സവിശേഷതകൾ പറയൽ)<br>• ചിത്രവായന | • പ്രകൃതിനടത്തം<br>(പ്രാണികൾ, ശലഭങ്ങൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെ തിരിച്ചറിയൽ/സവിശേഷതപറയൽ/ വാസപ്രദേശങ്ങൾ തിരിച്ചറിയൽ.<br>• വിവിധ ജീവികളെ നേരിൽ കാണൽ. |
| • നിറം, ആകൃതി, വലുപ്പം, ഭാരം, നീളം, കനം തുടങ്ങി ഒന്നിലേറെ മാനദണ്ഡങ്ങൾ പരിഗണിച്ച് വസ്തുക്കളെ തരംതിരിച്ച് ക്രമീകരിക്കാൻ കഴിയുന്നു.<br>• സസ്യങ്ങളെയും ജന്തുക്കളെയും സ്നേഹിക്കുന്നതിനും പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും കഴിയുന്നു. | • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പറയൽ | • പ്രകൃതിനടത്തം<br>• അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>• പ്രകൃതിയിലെ മാറ്റങ്ങൾ പറയൽ |
| • വിവിധയിനം പാട്ടുകൾ(കൂട്ടപ്പാട്ട്, വായ്ത്താരി, ചോദ്യോത്തരപ്പാട്ടുകൾ, കഥാഗാനങ്ങൾ, സംഭാഷണങ്ങൾ......) മുതലായവ ശ്രദ്ധയോടെ കേൾക്കുന്നതിനും ആസ്വദിക്കുന്നതിനും. | • നിരീക്ഷിച്ചു പറയൽ<br>• അനുഭവിച്ചറിയൽ<br>• പ്രകൃതിയുമായി ബന്ധപ്പെട്ട പാട്ടുകൾ, കഥകൾ പാടുന്നു/പറയുന്നു (പകൽ, രാത്രി<br>പകൽ - സൂര്യൻ<br>രാത്രി - ചന്ദ്രൻ, നക്ഷത്രം.) | • നിരീക്ഷിച്ചു പറയൽ<br>• അനുഭവിച്ചറിയൽ<br>• കഥ/പാട്ട് അവതരിപ്പിക്കൽ (രാവിലെ-ഉച്ച-രാത്രി, സൂര്യൻ-പ്രകാശം-ചൂട്-വെയിൽ...)<br>ചന്ദ്രൻ - നക്ഷത്രം |
| • പ്രകൃതിയെ ആസ്വദിക്കുന്നതിനും ചിത്രത്തിലൂടെ പ്രകടിപ്പിക്കുന്നതിനും നിറം നൽകുന്നതിനും കഴിയുന്നു. | • ചിത്രങ്ങൾ പൂർത്തിയാക്കൽ<br>(പൂവ്, വീട് ....)<br>• ചിത്രപസിലുകൾ<br>പൂർത്തിയാക്കൽ | • ചിത്രങ്ങൾ പൂർത്തിയാക്കൽ (പൂവ്, വാഹനങ്ങൾ, ശരീരഭാഗങ്ങൾ, പാറ്റേണുകൾ)<br>• ചിത്രപസിലുകൾ പൂർത്തിയാക്കൽ |




# തീം – ആസൂത്രണം

## തീം ആസൂത്രണം എന്ത്? എന്തിന്? എങ്ങനെ?

നിശ്ചിത കാലയളവിൽ പ്രീസ്കൂൾ കുട്ടി വിവിധ വികാസമേഖലകളുമായി ബന്ധപ്പെട്ട് നേടേണ്ട ശേഷികൾക്കുള്ള പ്രവർത്തനങ്ങൾ ഒരു തീമിൽ ഉൾപ്പെടുത്തി അവതരിപ്പിക്കുന്നതിനെയാണ് തീം ആസൂത്രണം എന്നു പറയുന്നത്. കുട്ടിയുടെ മുന്നറിവ്, വികാസനിലവാരം, താൽപ്പര്യം എന്നിവയെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കണം. മൂന്ന്, നാല് പ്രായക്കാരെ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി കണ്ണിചേർത്ത് നൽകാനും തീം ആസൂത്രണം സഹായകമാണ്.

ഒരു പ്രധാന തീം, അതിനുള്ളിൽ ഉപതീമായി പരിഗണിക്കേണ്ടവ എന്നിവ ശിശുപക്ഷത്തു നിന്ന് നോക്കിക്കാണുകയാണ് വേണ്ടത്. തീമിൽ/ഉപതീമിൽ പരിഗണിക്കേണ്ട വിവിധ വികാസമേഖലകളെ കണ്ടെത്തുക എന്നതാണ് അടുത്ത ഘട്ടം. തീം/ഉപതീമുമായി ബന്ധപ്പെട്ട ആശയങ്ങൾ, നിശ്ചിത ആശയങ്ങളുമായി ബന്ധപ്പെടുത്താവുന്ന പഠനാനുഭവങ്ങൾ എന്നിവ തുടർന്ന് നിശ്ചയിക്കാം.

ഓരോ തീമിനെയും അഞ്ച് വികാസമേഖലകളാക്കി വെബ്മാതൃകയിൽ സമഗ്രാസൂത്രണം നിർവഹിക്കുകയാണ് ആദ്യം വേണ്ടത്.




ചിത്രത്തിലേതുപോലെ തീം, വികാസമേഖലകൾ, പ്രവർത്തനസൂചനകൾ എന്നിവ രൂപീകരിക്കുമ്പോൾ ഓരോ തീമിലെയും ശേഷികൾ, ആശയങ്ങൾ എന്നിവയും പരിഗണിക്കണം.

ഓരോ വികാസമേഖലയുമായി ബന്ധപ്പെട്ട ശേഷികൾ ശിശുസൗഹൃദപരമായ രീതിയിൽ കുട്ടികളിൽ എത്തിക്കുന്നതിനാണ് തീം ആസൂത്രണത്തിലൂടെ നാം ശ്രമിക്കുന്നത്. അനുയോജ്യമായ കളിപ്രവർത്തനത്തിലൂടെ കടന്നുപോകുന്ന കുട്ടിക്ക് ആശയങ്ങൾ രൂപീകരിക്കുന്നതിന് ഇതിലൂടെ കഴിയും.

## തീം ആസൂത്രണം രേഖപ്പെടുത്തുമ്പോൾ ഉൾപ്പെടുത്തേണ്ടവ

- തീമിന്റെ പേര്/ഉപതീമുകൾ
- ശേഷികൾ
- രൂപീകരിക്കുന്ന ആശയങ്ങൾ
- ഓരോ വികാസമേഖലയിലും ഉൾപ്പെടുന്ന ശിശുപ്രവർത്തനങ്ങൾ
- പ്രതീക്ഷിത സമയം
- പ്രവർത്തനങ്ങളുടെ പ്രക്രിയാവിശദാംശങ്ങൾ
- അനുരൂപീകരണ സാധ്യതകൾ
- ഐ.സി.ടി. സാധ്യതകൾ
- വിലയിരുത്തൽ സൂചനകൾ.

## തീമുകൾ ക്രമപ്പെടുത്തിയതിന്റെ യുക്തി

പ്രീസ്കൂളിൽ 30 തീമുകളാണ് പരിഗണിച്ചിരിക്കുന്നത്.ഇതിൽ 26 എണ്ണം പ്രധാന തീമുകളും 4 എണ്ണം ഉപതീമുകളുമാണ്. പ്രധാനമായും ദിനാചരണങ്ങളാണ് ഉപതീമുകളായി പരിഗണിച്ചിരിക്കുന്നത്.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾ പൂർത്തിയാക്കേണ്ട അനിവാര്യമായ പ്രവർത്തനങ്ങൾ ഒന്നോ രണ്ടോ ദിവസങ്ങളിലേക്ക് പരിഗണിച്ചാൽ മതിയാകും. മൂന്നു വയസ്സുകാരനെ സംബന്ധിച്ചിടത്തോളം പ്രീസ്കൂൾ എന്നത് പുതിയ അനുഭവകേന്ദ്രമായതിനാൽ മഞ്ഞുരുക്കൽ പ്രവർത്തനവും സന്നദ്ധപ്രവർത്തനങ്ങളും ബോധപൂർവം ഒരുക്കേണ്ടതുണ്ട്. ജൂണിലെ ആദ്യ ദിവസങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിനാൽ രണ്ട് തീമുകൾ മാത്രമേ വാർഷികാസൂത്രണത്തിൽ ജൂണിലേക്കു നൽകിയിട്ടുള്ളൂ.

വിവിധ ശിശുവികാസമേഖലകളിലെ ശേഷികൾ മൂന്ന്, നാല് പ്രായഗ്രൂപ്പിലെ കുട്ടികൾക്ക് ലഭിക്കുന്നതിന് യോജിച്ച തീമുകൾ കണ്ടെത്തി പഠനകളിപ്രവർത്തനങ്ങൾ ഒരുക്കുക എന്നതാണ് അധ്യാപിക ചെയ്യേണ്ടത്. ഇവിടെ കുട്ടികളുടെ അനുഭവപരിസരം, പ്രാദേശികമായ പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഉചിതമായ തീമുകൾ അഥവാ ഉപതീമുകൾ നിശ്ചയിക്കാൻ അധ്യാപികയ്ക്ക് കഴിയും.

യോജിപ്പിച്ച തീമുകളെ ക്ലസ്റ്ററുകൾ ആയി പരിഗണിച്ചിട്ടുണ്ട്. ഓരോ മാസവും ഓരോ ക്ലസ്റ്റർ വീതം വിനിമയത്തിനായി പരിഗണിക്കാവുന്നതാണ്. എങ്കിലും തീം ആസൂത്രണം ചെയ്യുമ്പോൾ പ്രത്യേകം തീമുകളായി കാണുന്നതാണ് ഉചിതം.

ഓരോ തീമിനെയും 5 വികാസമേഖലകളാക്കി വെബ്മാതൃകയിൽ സമഗ്രാസൂത്രണം നിർവഹിക്കണം.

ചിത്രത്തിലേതു പോലെ തീം, വികാസമേഖലകൾ, പ്രവർത്തനസൂചനകൾ എന്നിവ രൂപീകരിക്കുമ്പോൾ ഓരോ തീമിലെയും ശേഷികൾ, ആശയങ്ങൾ എന്നിവയും പരിഗണിക്കണം. ഓരോ വികാസമേഖലയുമായി ബന്ധപ്പെട്ട ശേഷികൾ ശിശുസൗഹൃദപരമായ രീതിയിൽ കുട്ടികളിൽ എത്തിക്കുന്നതിനാണ് തീം ആസൂത്രണത്തിലൂടെ നാം ശ്രമിക്കുന്നത്.

## പ്രായോഗിക പരീക്ഷണം (ട്രൈഔട്ട്)

ചില തീമുകളും അവയുമായി ബന്ധപ്പെട്ട വികാസമേഖലവളും അതിനനുസൃതമായ പ്രവർത്തനസൂചനകളും പ്രായോഗിക പരീക്ഷണക്ലാസ് (ട്രൈഔട്ട്) ആയി വിവിധ പ്രീസ്കൂളുകളിൽ പരീക്ഷിച്ച് നോക്കുകയുണ്ടായി. പച്ചക്കറികൾ, പക്ഷികൾ എന്നീ തീമുകളാണ് ഇതിനായി ഉപയോഗിച്ചത്. പ്രായോഗിക പരീക്ഷണക്ലാസ് കൈകാര്യം ചെയ്ത അധ്യാപകരുടെ സ്വയം വിലയിരുത്തലും ക്ലാസ് നിരീക്ഷിച്ച സംഘത്തിന്റെ നിരീക്ഷണ വിശകലന റിപ്പോർട്ടും പാഠാസൂത്രണത്തിന്റെ തുടർച്ചയായി ഈ അധ്യായത്തിൽ നൽകിയിരിക്കുന്നു.

ട്രൈഔട്ട് നടത്തി ബോധ്യപ്പെട്ടതാണെങ്കിലും എല്ലാ സാഹചര്യങ്ങളിലും ഇത് വിജയകരമാകണമെന്നില്ല. കുട്ടികളുടെ നിലവാരം, മറ്റുസാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് അധ്യാപകർ ആവശ്യമായ മാറ്റങ്ങൾ ആസൂത്രണത്തിൽ വരുത്തേണ്ടതാണ്.


## തീം : പച്ചക്കറികൾ

| (3+) | (4+) |
|---|---|
| **ആശയങ്ങൾ**<br>1. പലതരം പച്ചക്കറികളുണ്ട്.<br>2. വലുപ്പത്തിലും നിറത്തിലും അവ വ്യത്യസ്തമാണ്.<br>3. പാകം ചെയ്തും അല്ലാതെയും പച്ചക്കറികൾ കഴിക്കുന്നു. | 1. പലതരം പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്.<br>2. വീട്ടിൽ പച്ചക്കറികൾ നട്ടുവളർത്താറുണ്ട്.<br>3. പാകം ചെയ്തും അല്ലാതെയും പച്ചക്കറികൾ കഴിക്കുന്നു.<br>4. വലുപ്പത്തിലും ആകൃതിയിലും നിറത്തിലും വ്യത്യാസമുണ്ട്.<br>5. വള്ളികളിലും ചെടികളിലും പച്ചക്കറികൾ കായ്ക്കുന്നു.<br>6. ആഹാരത്തിൽ പച്ചക്കറികൾ ഉൾപ്പെടുത്തണം. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • സ്വതന്ത്രവും നിയന്ത്രിതവുമായ ലഘു പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • പഴം പച്ചക്കറി കളി<br>• കുളംകര കളി (പഴം അകത്ത്, പച്ചക്കറി പുറത്ത്) | • പഴം പച്ചക്കറി കളി<br>• കുളംകര കളി (പഴം അകത്ത്, പച്ചക്കറി പുറത്ത്) |
| • സൂക്ഷ്മപേശികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നു. | • സസ്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ചിത്രത്തിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ.<br>• കട്ടൗട്ട് ചിത്രങ്ങൾ വരച്ച് നിറം നൽകൽ.<br>• പച്ചക്കറി ചിത്രങ്ങൾ ഒട്ടിക്കൽ. | • ഈർക്കിൽ, ക്രയോൺ, ചോക്ക്, സ്ലേറ്റ് പെൻസിൽ എന്നിവ ഉപയോഗിച്ച് നിറം നൽകൽ.<br>• കട്ടൗട്ട് ചിത്രങ്ങൾ വരച്ച് ഉചിതമായ നിറം നൽകൽ.<br>• പച്ചക്കറികളുടെ ചിത്രങ്ങൾ കത്രികകൊണ്ട് മുറിച്ചെടുത്ത് ഒട്ടിക്കൽ.<br>• പാവനിർമാണം (Finger puppet) |
| • പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കൊണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. | • പച്ചക്കറികൾ കുട്ടികൾ കഷണങ്ങളാക്കുന്നു. അധ്യാപികയുടെ സഹായം. | • അധ്യാപികയുടെ സഹായത്തോടെ കത്തി ഉപയോഗിച്ച് പച്ചക്കറി കഷണങ്ങളാക്കൽ, സലാഡാക്കി വിതരണം ചെയ്യൽ.<br>• പാചകവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ കൊണ്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. |

| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • കണ്ടും കേട്ടും മനസ്സിലാക്കിയ കാര്യങ്ങൾ ആശയച്ചോർച്ചയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. | • വീട്ടിലെ പച്ചക്കറികളെക്കുറിച്ചു പറയൽ.<br>• കണ്ടെത്താം പറയാം കളി (നിറം, വലുപ്പം, രുചി)<br>• പച്ചക്കറികളുമായി ബന്ധപ്പെട്ട ചിത്രവായന.<br>• കഥകൾ കേൾക്കൽ - പറയൽ<br>• പാട്ടുകൾ പാടൽ<br>• പച്ചക്കറികളുടെ മേനിപറച്ചിൽ. | • വീട്ടിൽ വിളഞ്ഞ, ഉപയോഗിക്കുന്ന പച്ചക്കറികൾ- സ്വതന്ത്രഭാഷണം.<br>• കണ്ടെത്താം. പറയാം കളി (ആകൃതി, നിറം, രുചി, മണം, ചെടി.....)<br>• ചിത്രവായന<br>• കഥകൾ കേൾക്കൽ - നിർമിക്കൽ - പറയൽ<br>• പാട്ടുകൾ കേൾക്കൽ - നിർമിക്കൽ- പാടൽ<br>• പാവകളി<br>• മേനിപറച്ചിൽ (സവിശേഷത, പ്രയോജനം) |
| • കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനും അവതരിപ്പിക്കുന്നതിനും കഴിയുന്നു. | • പച്ചക്കറികളെ കുറിച്ച് പറയൽ. | • മുങ്ങുമോ പൊങ്ങുമോ? - ലഘുപരീക്ഷണം.<br>• പച്ചക്കറികളുടെ സവിശേഷതകൾ പറയൽ. |
| • വസ്തുക്കളെ താരതമ്യം ചെയ്ത് ഗണിതഭാഷയിൽ പറയുന്നു. | • കൂട്ടത്തിൽ നിന്നു ചെറുതും വലുതും കണ്ടെത്തി പറയൽ.<br>• പച്ചക്കറികൾക്ക് വലുതിനും ചെറുതിനും വേറെ വേറെ നിറം നൽകൽ.<br>• ചിത്രം നോക്കിയും പച്ചക്കറികൾ നോക്കിയും എണ്ണിപ്പറയൽ. | • വലിയ കൂട്ടം, ചെറിയകൂട്ടം എന്നു തരംതിരിക്കൽ.<br>• വലുതിനും ചെറുതിനും വട്ടമിടൽ.<br>• 1 - 5 വരെ എണ്ണിപ്പറയൽ.<br>• ഗണിതപ്പാട്ടുകൾ പാടൽ. പാട്ടുകളെ അടിസ്ഥാനമാക്കി എത്രയെന്നു പറയൽ. |







| ശേഷികൾ | പഠനാനുഭവങ്ങൾ (3+) | പഠനാനുഭവങ്ങൾ (4+) |
|---|---|---|
| • പാറ്റേണുകൾ കണ്ടെത്തുന്നതിനും അവ സൗന്ദര്യാത്മകമായി ക്രമീകരിക്കുന്നതിനും കഴിയുന്നു. | • പച്ചക്കറികൾ ഉപയോഗിച്ച് വിവിധ പാറ്റേൺ രൂപങ്ങൾ നിർമിക്കുന്നു. | • പച്ചക്കറികൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമിച്ച് – അതിലെ പാറ്റേൺ കണ്ടെത്തി പറയൽ. |
| • ദ്വിമാന, ത്രിമാന നിർമിതികളിലൂടെ ആശയങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്നു. | • കളിമണ്ണ്, മൈദമാവ് എന്നിവ കൊണ്ട് പച്ചക്കറി രൂപങ്ങൾ നിർമിക്കുന്നു.<br>• കാർഡിൽ പച്ചക്കറിയുടെ ചിത്രത്തിൽ പശതേച്ച് – സാൻഡ് കൊളാഷ് ചെയ്യൽ. | • പച്ചക്കറികളുടെ കൊളാഷ് നിർമാണം<br>• കളിമണ്ണ്, പ്ലാസ്റ്റീൻ, കുഴച്ചമൈദമാവ് എന്നിവ ഉപയോഗിച്ച് പച്ചക്കറി മോഡലുകൾ നിർമിക്കൽ.<br>• മറ്റു വസ്തുക്കൾ ഉപയോഗിച്ച് പച്ചക്കറിരൂപങ്ങൾ നിർമിക്കൽ (മുട്ടത്തോട്).<br>• സാൻഡ് കൊളാഷ് ചെയ്യൽ.<br>• വെജിറ്റബിൾ പ്രിന്റിങ് (തുണി, കടലാസ്) |
| • ലഘു ആശയങ്ങളെ വിവിധ കലാരൂപങ്ങളിൽ അവതരിപ്പിക്കാൻ കഴിയുന്നു. | • പാവനാടകം കാണൽ (പച്ചക്കറി കഴിക്കേണ്ട ആവശ്യകത).<br>• ആംഗ്യപ്പാട്ട്<br>• പച്ചക്കറിച്ചന്ത – റോൾപ്ലേ<br>• കളികൾ | • പാവനാടകം – കാണൽ, അവതരിപ്പിക്കൽ (പച്ചക്കറി നിത്യവും കഴിക്കേണ്ടതിന്റെ ആവശ്യകത).<br>• ആംഗ്യപ്പാട്ട്<br>• പച്ചക്കറിച്ചന്ത – റോൾപ്ലേ |
| • നിർമാണപ്രവർത്തനങ്ങളിൽ സംഘമായും മുതിർന്നവരോടും ചേർന്നും പ്രവർത്തിക്കാൻ കഴിയുന്നു. | • അധ്യാപികയുടെ സഹായത്തോടെ സലാഡ് വിതരണം.<br>• നാരങ്ങവെള്ളം നിർമാണം, വിതരണം | • പച്ചക്കറി നടൽ (പച്ചക്കറിത്തോട്ടം)<br>• സലാഡ് നിർമാണം – പങ്കുവയ്ക്കൽ |

## തീം: പച്ചക്കറികൾ

**പ്രവർത്തനം** : കഥ അവതരണം (4+)
**വികാസമേഖല** : ഭാഷാവികാസം, സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസം
**ബഹുമുഖബുദ്ധി** : ഭാഷാപരമായ ബുദ്ധി

### ശേഷികൾ

- ലഘുവായ കഥകൾ കേട്ടാസ്വദിക്കുന്നു.
- കേട്ട കഥകളിലെ ആശയം ഗ്രഹിച്ച് സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു.
- വിവിധ പച്ചക്കറികൾ തിരിച്ചറിയുന്നു.

*സാമഗ്രികൾ: മണൽത്തടം, പച്ചക്കറികളുടെ സ്റ്റിക്ക് പപ്പറ്റുകൾ*

**പ്രതീക്ഷിത ഉൽപ്പന്നങ്ങൾ:** കഥ പറയൽ ശേഷി, നിറം കൊടുക്കൽ, വിവിധ രീതിയിലൂള്ള അവതരണം, മണൽത്തടം ക്രമീകരിക്കൽ, സ്റ്റിക്ക് പപ്പറ്റ്

സമയം : 45 മിനിറ്റ്



| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം/പ്രക്രിയ**<br>അധ്യാപിക കറിവയ്ക്കാൻ ഉപയോഗിക്കുന്ന പച്ചക്കറികളെക്കുറിച്ച് ചോദിക്കുന്നു.<br>കുട്ടികൾ പ്രതികരിക്കുന്നു.<br>അധ്യാപിക വള്ളിച്ചെടികളിൽ ഉണ്ടാകുന്ന പച്ചക്കറികളെ കുറിച്ച് ഒരു പാട്ട് പാടുന്നു. കുട്ടികൾ ഏറ്റുപാടുന്നു.<br>ഒന്നാം വേലിക്കൽ ചെന്നു പറിച്ചു<br>ഒന്നര വട്ടി പാവയ്ക്ക<br>പാവയ്ക്ക പറിച്ചാലും<br>പാവലുവള്ളി പറിക്കരുതേ<br>രണ്ടാം വേലിക്കൽ ചെന്നു പറിച്ചു<br>രണ്ടര വട്ടി മത്തങ്ങ<br>മത്തങ്ങ പറിച്ചാലും<br>മത്തൻവള്ളി പറിക്കരുതേ<br>ടീച്ചർ മത്തങ്ങയുടെ സ്റ്റിക്ക് പപ്പറ്റ് ഉയർത്തിക്കാണിക്കുന്നു. മത്തങ്ങയെ കുറിച്ച് അറിയാവുന്ന കാര്യങ്ങൾ പറയട്ടെ. ഇനി മത്തങ്ങയെക്കുറിച്ച് ഒരു കഥ ആയാലോ. ടീച്ചർ സ്റ്റിക്ക് പപ്പറ്റുകൾ ഉപയോഗിച്ചു കഥ പറയുന്നു.<br>**ഉരുണ്ടുരുണ്ട് മത്തങ്ങ**<br>ചന്തുവേട്ടൻ ഉന്തുവണ്ടിയുമായി ചന്തയിലെത്തി. ഉന്തുവണ്ടിയിൽ പച്ചക്കറികൾ കൊണ്ടുപോയി വിൽക്കലാണ് ചന്തുവേട്ടന്റെ പണി. | • കുട്ടികൾ പച്ചക്കറികളുടെ പേരുകൾ പറഞ്ഞു. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| പലതരം പച്ചക്കറികൾ വാങ്ങി വണ്ടിയിൽ അടുക്കിവച്ചു. എന്തൊക്കെ പച്ചക്കറികളാവും വാങ്ങിയിട്ടുണ്ടാവുക?<br>കുട്ടികൾ പ്രതികരിക്കുന്നു.<br>കൂട്ടത്തിൽ മൂത്ത് പാകമായ മഞ്ഞനിറമുള്ള ഒരു മത്തങ്ങയും വാങ്ങി.<br>"ഇതിന്റെ കുരു വിത്തിന് എടുക്കാം".<br>ചന്തുവേട്ടൻ മനസ്സിൽ വിചാരിച്ചു.<br>*"പച്ചക്കറി വേണോ? പച്ചക്കറി.....പച്ചക്കറി..."*<br>ഉന്തുവണ്ടിയും ഉന്തി ഉന്തി ചന്തുവേട്ടൻ റോഡിലൂടെ നടന്നു. വണ്ടി അങ്ങനെ പോകുന്നതിനിടയിൽ ചന്തമുള്ള മത്തൻ ഉരുണ്ട് റോഡിൽ വീണു. മത്തൻ താഴെ വീണ കാര്യം ചന്തുവേട്ടൻ അറിഞ്ഞില്ല. മത്തങ്ങ ഉരുണ്ടുരുണ്ട് എത്തിയതോ, ഒരു കല്യാണവീട്ടിൽ. അവിടെയതാ സദ്യക്കുള്ള പച്ചക്കറികൾ നിരന്നിരിക്കുന്നു.<br>പടവലങ്ങ, പാവയ്ക്ക, വെണ്ടക്ക, കുമ്പളങ്ങ, പയർ, തക്കാളി....അങ്ങനെ കുറേയെണ്ണം. (കുട്ടികൾക്ക് പറയാൻ അവസരം). പച്ചക്കറികളുടെ സ്റ്റിക്ക് പപ്പറ്റുകൾ ഉപയോഗിക്കുന്നു. മത്തങ്ങയെ കണ്ടപ്പോൾ അവർ വിശേഷങ്ങൾ ചോദിച്ചു. ഉന്തുവണ്ടിയിൽ നിന്നു വീണതും ഉരുണ്ടുരുണ്ട് ഇവിടെ എത്തിയതും മത്തങ്ങ പറഞ്ഞു. | • 3+ കുട്ടികൾ കഥയിൽ ആദ്യഘട്ടത്തിൽ പങ്കെടുത്തില്ലെങ്കിലും രണ്ടാംഘട്ടമായപ്പോൾ സജീവമായി പങ്കെടുക്കാൻ തുടങ്ങി.<br>• 4+ കുട്ടികൾ കഥയിലെ അഭിനയ മുഹൂർത്തങ്ങൾ വരുന്ന ഭാഗങ്ങൾ വളരെ ഭംഗിയായി ചെയ്തു.<br>• മണൽത്തടത്തിൽ ക്രമീകരിക്കൽ എന്ന പ്രവർത്തനത്തിൽ കുട്ടികൾ സജീവമായി പങ്കെടുത്തു. 3+ കുട്ടികളെ 4+ കുട്ടികൾ സഹായിക്കുന്നത് കണ്ടു.<br>• കുട്ടികൾ കഥ ആസ്വദിച്ചു. ഉന്തുവണ്ടി എന്താണെന്ന് തിരിച്ചറിയാൻ ചിത്രവും മോഡലും ഉപയോഗിച്ചത് നന്നായി. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| "ഞങ്ങളെയൊക്കെ ഇപ്പോ മുറിച്ചു കഷണങ്ങളാക്കി കറിവയ്ക്കും. ഇവിടെ നിന്നാൽ നിന്നെയും മുറിക്കും. വേഗം രക്ഷപ്പെട്ടോ" - പച്ചക്കറികൾ ഒന്നിച്ചു പറഞ്ഞു.<br>ഇത് കേട്ട മത്തങ്ങയ്ക്ക് പേടിയായി. അത് ഉരുണ്ടുരുണ്ട് റോഡിലേക്കിറങ്ങി.<br>കഥ ഇഷ്ടമായോ?<br>ആശയഗ്രഹണ ചോദ്യങ്ങൾ ചോദിക്കുന്നു.<br>• ആരാണ് ചന്തയിൽ എത്തിയത്?<br>• ചന്തയിൽ എന്തൊക്കെ പച്ചക്കറികളാണുണ്ടാവുക?<br>• മത്തങ്ങ എങ്ങനെയുള്ളതായിരുന്നു? (നിറം, ആകൃതി....)<br>• വഴിയിൽ വച്ച് മത്തങ്ങയ്ക്ക് എന്തു സംഭവിച്ചു?<br>• എവിടെയാണ് മത്തങ്ങ എത്തിയത്?<br>• അവിടെ ആരെയൊക്കെ കണ്ടു?<br>• മത്തങ്ങ മറ്റു പച്ചക്കറികളോട് എന്തൊക്കെ പറഞ്ഞിരിക്കും?<br>• മത്തങ്ങ രക്ഷപ്പെട്ടിട്ടുണ്ടാവുമോ?<br>• ചോദ്യങ്ങളോട് കുട്ടികൾ പ്രതികരിക്കുന്നു.<br>• അധ്യാപിക പ്രതികരണങ്ങളെ ഭാവപ്രകടനത്തോടെ കഥാരൂപത്തിൽ അവതരിപ്പിക്കുന്നു.<br>• കുട്ടികൾക്കും അവസരം നൽകുന്നു. | • ചോദ്യങ്ങൾക്ക് കുട്ടികൾ പ്രതികരിച്ചു. കുട്ടികൾ പ്രതികരിക്കുന്നതിന് അധ്യാപികയുടെ സഹായം വേണ്ടിവന്നു. |

**3+ കുട്ടികൾക്കും ഭിന്നശേഷിയുള്ള കുട്ടികൾക്കും ആശയപ്രകടനത്തിനുള്ള മറ്റു സാധ്യതകൾ എന്തൊക്കെ?**

- കഥയിലെ ചില സന്ദർഭങ്ങൾ അഭിനയിക്കണം.
  - ഉന്തുവണ്ടിയുമായി പോകുന്നത്.
  - മത്തങ്ങ ഉരുണ്ടുരുണ്ട് പോകുന്നത്.
- സന്ദർഭങ്ങൾ/കഥാപാത്രങ്ങൾക്ക് നിറം കൊടുക്കാം.
  - പച്ചക്കറികൾ
  - ഉന്തുവണ്ടി
  - ചന്ത
- മണൽത്തടത്തിൽ ക്രമീകരിക്കൽ (കൂട്ടുപ്രവർത്തനം)
  - വിവിധ തരം പച്ചക്കറികൾ
  - വണ്ടിയിൽ പച്ചക്കറിമാതൃകകൾ അടുക്കിവയ്ക്കൽ
  - ചന്ത ഒരുക്കൽ

**4+ പ്രായത്തിലുള്ള കുട്ടികൾക്ക് എന്തൊക്കെ?**

- കഥ സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ.
- കഥാസന്ദർഭമുള്ള ചിത്രങ്ങൾ ക്രമമനുസരിച്ചുവയ്ക്കൽ.
- കഥയിൽ പിന്നീടെന്ത് നടന്നു-പ്രവചിക്കൽ.

ഉദാ: റോഡിലെത്തിയ മത്തങ്ങ ഒരു ആനയുടെ മുമ്പിലാണ് ചെന്നുപെട്ടത്/ വാഹനം റോഡിലൂടെ ചീറിപ്പാഞ്ഞു വരുന്നു./ ദൂരെ നിന്നു ചന്തുവേട്ടന്റെ വിളി - പച്ചക്കറി വേണോ........

- മത്തങ്ങയ്ക്കു പിന്നാലെ കല്യാണവീട്ടിൽ നിന്നു മുരിങ്ങക്കായ തുള്ളിത്തുള്ളി വന്നു - അഭിനയിച്ചു കാണിക്കൽ-മറ്റു പച്ചക്കറികൾ വന്നത് എങ്ങനെയാവും?

ഇത്തരത്തിൽ തുടർസാധ്യതകൾ ആലോചിക്കേണ്ടതല്ലേ?

കഥാവതരണത്തിനു ശേഷം എന്തൊക്കെ വിലയിരുത്താം?

- അവതരണശേഷി(കുട്ടികളുടെ)
- ആശയഗ്രഹണം
- വൈവിധ്യമാർന്ന ആശയപ്രകടനങ്ങൾ

(ചിത്രംവര, അഭിനയം, കഥാചിത്രങ്ങൾ ക്രമീകരിക്കൽ, മണൽത്തടം ഒരുക്കുന്നതിലെ സർഗാത്മകത).

# തീം: പക്ഷികൾ

## ശേഷികൾ (4+)

- ഈണം, താളം എന്നിവ പാലിച്ച് ഒറ്റയ്ക്കും സംഘമായും പാട്ടുകൾ പാടി ആസ്വദിക്കാൻ കഴിയുന്നു.
- വിവിധതരം പക്ഷികളുടെ നിറങ്ങളുമായി ബന്ധപ്പെട്ട വരികൾ കൂട്ടിച്ചേർത്ത് പാട്ടുകൾ നിർമിക്കാൻ കഴിയുന്നു.
- കടലാസ് മുറിച്ചും ഒട്ടിച്ചും കൊളാഷ് നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അവ ആസ്വദിക്കുന്നതിനുമുള്ള കഴിവ് നേടുന്നു.
- വിവിധ പക്ഷികളെ തിരിച്ചറിയുന്നു.
- സംഖ്യകളെ വസ്തുക്കളുമായി പൊരുത്തപ്പെടുത്തുന്നതിനും 1-5 വരെ എണ്ണുന്നതിനും കഴിയുന്നു.
- കണ്ടെത്തൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും നിഗമനങ്ങൾ അനുഭവത്തിന്റെ പിൻബലത്തിൽ അവതരിപ്പിക്കുന്നതിനും കഴിയുന്നു.


## സാമഗ്രികൾ

മണൽത്തടം, പക്ഷികളുടെ ചിത്രങ്ങൾ, കട്ടൗട്ടുകൾ, സ്റ്റിക്പപ്പറ്റ്, നിറമുള്ള കടലാസ്, ക്രയോണുകൾ/ഡിസ്പ്ലേബോർഡ്, ബക്കറ്റ്, വെള്ളം, ഇല, തൂവൽ, മരക്കഷണം, കല്ല്, പെൻസിൽ, പുളിങ്കുരു, പൂവൻകോഴി (ചിത്രം), പശ. (സമയം - ഒരു ദിവസം)

## പരിഗണിച്ച മേഖലകൾ

| | |
|---|---|
| **വൈജ്ഞാനികവികാസം** | : • ലഘുപരീക്ഷണം |
| **സാമൂഹികവും സൗന്ദര്യാത്മകവുമായ വികാസം** | : • കളികൾ, കൂട്ടായ പ്രവർത്തനം |
| **ശാരീരിക ചാലക വികാസം** | : • കൊളാഷ് നിർമാണം, കളി |
| **ഭാഷാപരമായ വികാസം** | : • പാട്ടു കേൾക്കൽ-നിർമിക്കൽ, കഥ കേൾക്കൽ, നിർമിക്കൽ - പ്രതികരണങ്ങൾ. |


| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം - 1 പാട്ടുപാടാം, കളിക്കാം**<br>**ഭാഷാപരമായ വികാസം, സൗന്ദര്യാത്മകമായ വികാസം (ഭാഷാപരമായ ബുദ്ധി, സംഗീതപരമായ ബുദ്ധി)**<br>കുട്ടികളോട് ക്ഷേമാന്വേഷണം നടത്തുന്നു. അധ്യാപിക ഒരു കൊച്ചു ചോദ്യം ചോദിക്കുന്നു: 'നിങ്ങൾക്ക് പറക്കാൻ കഴിയുമോ?' നിരവധി പ്രതികരണങ്ങൾ-അധ്യാപികയുടെ പ്രോത്സാഹനം.<br>കടലാസുകൊണ്ടുള്ള ഫാൻ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഫാനിൽ പക്ഷികളുടെ ചിത്രം (ചെറുത്) ഒട്ടിച്ചിട്ടുണ്ട്. കുട്ടികൾ എല്ലാവരും കസേര, ബെഞ്ച് എന്നിവയുടെ പുറത്തു കയറുന്നു. അധ്യാപികയും കസേരയിൽ കയറുന്നു. നിർദേശാനുസരണം കടലാസ് ഫാൻ താഴേക്കിടുന്നു. കുട്ടികൾക്ക് വീണ്ടും വീണ്ടും ചെയ്യാൻ അവസരം നൽകുന്നു.<br>ഫാനിൽ ഒട്ടിച്ച ചിത്രം നോക്കാൻ പറയുന്നു. കുട്ടികൾ പക്ഷിയെന്നു വിളിച്ചു പറയുന്നു.<br>പക്ഷിയുമായി ബന്ധപ്പെട്ട പാട്ടുകൾ കുട്ടികൾ പാടുന്നു. നേരത്തേ തയാറാക്കിയ പക്ഷികളുടെ സ്റ്റിക്പപ്പറ്റുകൾ അധ്യാപിക ഉപയോഗിക്കുന്നു - ഓരോന്നിനെക്കുറിച്ചും കുട്ടികൾ പറയുന്നു. അധ്യാപിക കൂട്ടിച്ചേർക്കുന്നു.<br>അധ്യാപിക പാട്ടിലെ ആദ്യവരികൾ പാടുന്നു. | |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| *കാക്കയ്ക്കുണ്ടൊരു കുപ്പായം*<br>*കറുത്ത കുപ്പായം*<br><br>കുട്ടികളും ചേർന്ന് പാടുന്നു. ആംഗ്യത്തോടെ പാടുന്നു. ചുവടുവച്ചു പാടുന്നു.<br>അധ്യാപിക തത്തയുടെ പപ്പറ്റ് കാണിക്കുന്നു. കുട്ടികൾ സ്വന്തമായി വരികൾ നിർമിച്ച് പാടുന്നു.<br><br>*തത്തയ്ക്കുണ്ടൊരു കുപ്പായം*<br>*പച്ചക്കുപ്പായം*<br>കൊക്കിന്റെ ചിത്രം ഉയർത്തിക്കാണിക്കുന്നു. കുട്ടികൾ ആവേശത്തോടെ വരികൾ നിർമിക്കുന്നു.<br><br>*കൊക്കിനുമുണ്ടൊരു കുപ്പായം*<br>*വെള്ളക്കുപ്പായം*<br>ടീച്ചർ തന്റെ കുപ്പായം കാണിച്ച് പാടുന്നു. എനിക്കുമുണ്ടൊരു കുപ്പായം. പുള്ളിക്കുപ്പായം. കുട്ടികൾ സ്വന്തം കുപ്പായത്തെ അടിസ്ഥാനമാക്കി പാടുന്നു. എല്ലാവരും ചേർന്ന് മുഴുവൻ വരികളും പാടുന്നു.<br>അധ്യാപിക പപ്പറ്റുകൾ മണൽത്തടത്തിൽ കുത്തിനിർത്തുന്നു. അവ ചൂണ്ടിക്കൊണ്ട് | • കുട്ടികൾ ആദ്യം വരികൾ നിർമിച്ചു പാടാൻ പ്രയാസപ്പെട്ടെങ്കിലും പിന്നീട് എല്ലാവർക്കും സാധിച്ചു.<br>• സ്റ്റിക് പപ്പറ്റ് ഉപയോഗിച്ചത് നന്നായി.<br>• പ്രവർത്തനങ്ങളിൽ കുട്ടികൾ നല്ല താൽപര്യം പ്രകടിപ്പിച്ചു. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| കുട്ടികൾ പാട്ട് ആവർത്തിക്കുന്നു. കളിച്ചു ചെയ്യുന്നു. മണൽത്തടത്തിൽ അധികമായി വച്ചിരുന്ന പൊൻമാൻ, പുള്ളിക്കോഴി എന്നിവയെ ചേർത്തും അവർ പാട്ടുകൾ നിർമിച്ചു പാടുന്നു.<br>എല്ലാവർക്കും പക്ഷികളുടെ ഔട്ട്‌ലൈൻ ചിത്രങ്ങൾ വിതരണം ചെയ്യുന്നു. വീട്ടിൽ നിന്ന് അനുയോജ്യമായ നിറം നൽകി വരാൻ നിർദേശിക്കുന്നു.<br>**പ്രവർത്തനം - 2 ചിത്രച്ചാർട്ട്**<br>**(സാമൂഹിക - വൈകാരിക വികാസമേഖല, സർഗാത്മകവികാസം, ശാരീരിക ചാലക ബുദ്ധി)**<br>വരച്ചു നിറം നൽകിയ ചിത്രങ്ങൾ ഭംഗിയായി ചാർട്ടിൽ ഒട്ടിക്കുന്നു. അധ്യാപിക കുട്ടികളുടെ പേര് താഴെ എഴുതുന്നു. ചിത്രങ്ങൾ വിലയിരുത്തുന്നു. അധ്യാപിക ബിഗ്പിക്ചറിൽ നേരത്തേ തയാറാക്കിയ പൂവൻകോഴിയുടെ ചിത്രം കർട്ടൻ മാറ്റി പ്രദർശിപ്പിക്കുന്നു. കർട്ടൻ മാറ്റുമ്പോൾ ഓരോ ഭാഗവും മെല്ലെ മെല്ലെ കാണുന്ന തരത്തിൽ കുട്ടികൾക്ക് ആകാംക്ഷ ജനിപ്പിക്കുന്ന വിധത്തിലാണ് ചെയ്യുന്നത്. മുഴുവൻ പ്രദർശിപ്പിക്കുന്നു. ആരാണെന്ന് ചോദിക്കുന്നു. കുട്ടികൾ പ്രതികരിക്കുന്നു. പൂവൻകോഴിയുമായി ബന്ധപ്പെട്ട ലഘുചർച്ച. കുട്ടികൾക്ക് പാടാൻ അവസരം നൽകുന്നു. അധ്യാപിക പൂവൻകോഴിയുടെ ഒരു പാട്ട് പാടുന്നു. | • സൂക്ഷ്മമായ ആസൂത്രണം ഉണ്ടെങ്കിൽ കുട്ടികളിൽ ശേഷീ വികാസം സാധ്യമാകുമെന്ന് ബോധ്യമായി.<br>• പ്രീസ്കൂളിൽ ധാരാളം പഠനകളിപ്പാട്ടങ്ങൾ അത്യാവശ്യമാണെന്ന തിരിച്ചറിവുണ്ടാകുന്നു. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| *പതിവായെന്നെ കൂകിയുണർത്തും*<br>*പൂവൻകോഴി പൂങ്കോഴീ*<br>*മുറ്റത്തങ്ങനെ തലയും പൊക്കി*<br>*ചുറ്റിനടക്കും പൂങ്കോഴീ*<br>*എന്തൊരു ചന്തം നിൻതൊപ്പി*<br>*എങ്ങനെ കിട്ടി ചെന്തൊപ്പി*<br><br>കുട്ടികളും ടീച്ചറും ചേർന്ന് പാടുന്നു. പാടിക്കളിക്കുന്നു.<br><br>കുട്ടികൾക്ക് പക്ഷികളുടെ ചിത്രങ്ങളുള്ള നറുക്കുകൾ വിതരണം ചെയ്യുന്നു. ഒരേ തരം പക്ഷികളുടെ ചിത്രം കിട്ടിയവർ ഒരുമിച്ചിരിക്കുന്നു. പക്ഷികളുടെ പേരു പറയുമ്പോൾ അവയുടെ ശബ്ദം പുറപ്പെടുവിക്കുന്നു. ചലനം അനുകരിക്കുന്നു.<br><br>ഗ്രൂപ്പിൽ കുട്ടികൾക്ക് പൂവൻകോഴിയുടെ വലിയ ചിത്രത്തിന്റെ ഔട്ട്‌ലൈൻ നൽകുന്നു. പശ, നിറമുള്ള കടലാസുകൾ എന്നിവ നൽകുന്നു. കുട്ടികൾ പൂവൻകോഴിയുടെ ഔട്ട്‌ലൈനിൽ ഒട്ടിക്കുന്നു. അധ്യാപിക ആവശ്യമായ സഹായവും ഇടപെടലും നൽകുന്നു.<br><br>പൂവൻകോഴിയുടെ കൊളാഷ് ഗ്രൂപ്പായി പ്രദർശിപ്പിക്കുന്നു. ചിത്രങ്ങൾ വിലയിരുത്തുന്നു. എല്ലാ കുട്ടികൾക്കും സംസാരിക്കാൻ അവസരം നൽകുന്നു. ചിത്രങ്ങൾ ചുമരിൽ തൂക്കിയിടുന്നു. പൂവൻകോഴിയുടെ പാട്ട് ടീച്ചറും കുട്ടികളും ചേർന്നു പാടുന്നു. | • കുട്ടികളുടെ പങ്കാളിത്തം, ഗ്രൂപ്പിനുള്ളിലെ ഇടപെടൽ, സഹകരണം, കൃത്യത, സൂക്ഷ്മത പാലിച്ചിട്ടുണ്ട്. (പേപ്പർ മുറിക്കാൻ, കുട്ടികൾ)<br>• പേപ്പർ മുറിക്കാനും ഒട്ടിക്കാനും കഴിയുന്നുണ്ട്.) |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം -3 ഒന്ന് രണ്ട് മൂന്ന് എണ്ണി എടുക്കാലോ**<br><br>**(വൈജ്ഞാനികവികാസം - യുക്തി - ഗണിതപരമായ ബുദ്ധി, ദൃശ്യസ്ഥലപര ബുദ്ധി)**<br><br>പൂവൻകോഴിയുടെ ചിത്രം ഭംഗിയായിട്ടുണ്ട്. ഇനിയൊരു കടങ്കവിത ചൊല്ലാം. ഉത്തരം വിളിച്ചു പറയല്ലേ....<br><br>*ചുണ്ടിൽ ചോപ്പുനിറം*<br>*കഴുത്തിലുണ്ട് സ്വർണമാല*<br>*പച്ചനിറത്തിൽ കുപ്പായം*<br>*സുന്ദരി ഞാൻ ആരാണ്?*<br><br>കുട്ടികൾ ഉത്തരം പറയുന്നു (തത്ത). കണ്ട പക്ഷികളുടെ പേരുകൾ കുട്ടികൾ പറയുന്നു. അധ്യാപിക കണ്ട പക്ഷികളുടെ ചിത്രം പ്രദർശിപ്പിക്കുന്നു. ചിത്രങ്ങൾ ബിഗ്പിക്ചർ/ഡിസ്പ്ലേ ബോർഡിൽ പ്രദർശിപ്പിക്കുന്നു.<br><br>അധ്യാപിക പക്ഷികളുടെ ഔട്ട്‌ലൈൻ ചിത്രങ്ങൾ ഒരു കവറിനകത്തിട്ട് വിതരണം ചെയ്യുന്നു.<br><br>ചിത്രങ്ങൾ (കാക്ക-1, തത്ത-3, കൊക്ക്-2, മഞ്ഞക്കിളി -4. ഉപ്പൻ -5. അനുയോജ്യമായ നിറം | |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| നൽകുന്നു. അതിനടിയിൽ കുട്ടിയുടെ പേരെഴുതുന്നു. ഉടുപ്പിൽ ബാഡ്ജായി കുത്തുന്നു.<br>അവരവർക്ക് കിട്ടിയ പക്ഷികളുടെ പേരുകൾ വിളിച്ചു പറയുന്നു. അധ്യാപികയുടെ നിർദേശമനുസരിച്ച് - പക്ഷികളായി മാറിയ കുട്ടികൾ പറന്നുവരുന്നു.<br>*ടീച്ചർ - കാക്കകൾ പറന്നുവരൂ.....*<br>*ഒരു കാക്ക പറന്നുവരുന്നു.*<br>*ടീച്ചർ - കാക്ക ഒന്നേ ഉള്ളൂ എന്നു പറയുന്നു.*<br>*- മഞ്ഞക്കിളികൾ പറന്നു വരൂ....*<br>*മഞ്ഞക്കിളികൾ പറന്നു വരുന്നു.*<br>*- ടീച്ചർ: ഹായ് ...*<br>*മഞ്ഞക്കിളികൾ*<br>*എത്ര പേരുണ്ട്?*<br>*നാലു പേരുണ്ടല്ലോ.*<br><br>*- തുടർന്ന് മറ്റു പക്ഷികളെയും എണ്ണത്തിനനുസരിച്ച് വിളിക്കുന്നു.*<br>*കളി ആവർത്തിക്കുന്നു.*<br>അധ്യാപിക നമ്പറുകൾ മാത്രം വിളിക്കുന്നു. അതിനനുസരിച്ച് കുട്ടികൾ പറന്നുവരുന്നു.<br>ടീച്ചർ - (2) 2 - കൊക്കുകൾ പറന്നുവരുന്നു എന്നു പറയുമ്പോൾ ശബ്ദവും ഉണ്ടാക്കുന്നു. എണ്ണി നോക്കാൻ പറയുന്നു. കളി ആവർത്തിക്കുന്നു.<br>ബാഡ്ജുകൾ മേശപ്പുറത്ത് ഡിസ്പ്ലേ ചെയ്യുന്നു.<br>പക്ഷിയുടെ പേരു പറയുമ്പോൾ ഉചിതമായ എണ്ണം ബിഗ്പിക്ചറിൽ ഒട്ടിച്ചുവയ്ക്കുന്നു. കളി ആവർത്തിക്കുന്നു. | • നിർദേശങ്ങൾ പാലിച്ച് കളിയിൽ പങ്കാളികളാകാനുള്ള കഴിവ്.<br>• ഗണിതാശയം/സംഖ്യക്കൂട്ടം തിരിച്ചറിഞ്ഞ് നിശ്ചിത സന്ദർഭത്തിൽ പ്രവർത്തിക്കാൻ കഴിയുന്നു.<br>• സംഖ്യയും വസ്തുക്കളുമായി പൊരുത്തപ്പെടുത്താൻ കഴിയുന്നു. |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| **പ്രവർത്തനം -4 മുങ്ങുമോ പൊങ്ങുമോ?**<br>**(വികാസമേഖല - വൈജ്ഞാനിക മേഖല)**<br>ടീച്ചറും കുട്ടികളും ചേർന്ന് കാക്കയ്ക്കുണ്ടൊരു കുപ്പായം പാട്ട് പാടിക്കളിക്കുന്നു.<br>അധ്യാപിക ബിഗ്പിക്ചറിൽ ഒരു പ്രാവിനെയും ഉറുമ്പിനെയും പ്രദർശിപ്പിക്കുന്നു. ഇവർ ആരാണെന്ന് കുട്ടികളോട് ചോദിക്കുന്നു - പറയുന്നു. കാണുന്ന കാര്യങ്ങൾ കുട്ടികൾ പറയുന്നു.<br>- ഇലകൾ ഇല്ലാത്ത മരം.<br>- മരക്കൊമ്പിൽ ഇരിക്കുന്ന പ്രാവ്.<br>- വെള്ളത്തിൽ വീണ ഉറുമ്പ്.<br>അധ്യാപിക പ്രാവിന്റെയും ഉറുമ്പിന്റെയും കഥ ഭാവത്തോടെ അഭിനയിച്ചു പറയുന്നു. - പ്രാവിന് ഉറുമ്പിനെ സഹായിക്കണം. പക്ഷേ, മരത്തിൽ ഇലകളില്ല- എന്തുചെയ്യും? കുട്ടികൾ പ്രതികരിക്കുന്നു. ഊഹം പറയാൻ അവർക്ക് അവസരം നൽകുന്നു. എല്ലാ വസ്തുക്കളും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു? ഏതൊക്കെ വസ്തുക്കൾ വെള്ളത്തിൽ പൊങ്ങിക്കിടക്കും? അധ്യാപിക സ്വാഭാവികമായി ചോദിക്കുന്നു. അവരുടെ ഊഹം പ്രകടിപ്പിക്കുന്നു.<br>തൂവൽ മുങ്ങുമോ പൊങ്ങുമോ? അധ്യാപികയുടെ ചോദ്യത്തോട് കുട്ടികൾ പ്രതികരിക്കുന്നു.<br>നമുക്ക് ചെയ്തുനോക്കാം. | |

| പ്രവർത്തനം | വിലയിരുത്തൽ |
|---|---|
| കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ക്ലാസിനു നടുവിൽ ഒരു ബക്കറ്റ് വെള്ളം കൊണ്ടുവയ്ക്കുന്നു. അധ്യാപിക ഒരു കുട്ടിയുടെ കൈയിൽ തൂവൽ കൊടുക്കുന്നു, വെള്ളത്തിലിടുന്നു.<br>എന്തു സംഭവിച്ചു...... കുട്ടികൾ പ്രതികരിക്കുന്നു.<br>മറ്റ് (മൂന്ന്) വസ്തുക്കൾ കുട്ടികൾക്ക് നൽകി വെള്ളത്തിൽ ഇട്ടുനോക്കുന്നു. ഓരോ വസ്തുവും ഉയർത്തിക്കാണിച്ച് മുങ്ങുമോ പൊങ്ങുമോ എന്നു ചോദിക്കുന്നു. വിവിധ ഗ്രൂപ്പുകൾക്ക് ബക്കറ്റും വെള്ളവും നൽകി - ലഘുപരീക്ഷണം ആവർത്തിക്കുന്നു. കുട്ടികൾ അവരുടേതായ നിഗമനങ്ങൾ പറയുന്നു.<br>അധ്യാപിക നൽകിയ വസ്തുക്കൾ ശേഖരിച്ച് ഓരോന്നും ഉയർത്തിക്കാണിച്ച് ചോദ്യം ആവർത്തിക്കുന്നു. കുട്ടികൾ ഉത്തരം നൽകുന്നു - എന്തുകൊണ്ട്? കുട്ടികൾ അവരുടെ നിഗമനം പറയുന്നു. അധ്യാപിക കുട്ടിച്ചേർക്കുന്നു.<br>അധ്യാപിക കഥ തുടരുന്നു. അങ്ങനെ പ്രാവ് ഉറുമ്പിനെ രക്ഷിച്ചു. എങ്ങനെ? കുട്ടികൾ പ്രതികരിക്കുന്നു. തൂവൽ കൊത്തിയിട്ട് ഉറുമ്പിന്റെ ജീവൻ രക്ഷിച്ചു. കഥ ഇഷ്ടമായോ?...... | • കൃത്യമായി പ്രവർത്തനം ചെയ്ത് കണ്ടെത്തലുകൾ ശരിയായി പറഞ്ഞ് കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.<br>• ടീച്ചർ കൊണ്ടുവന്ന ഏതെങ്കിലും ഒരു വസ്തു മുങ്ങുകയും പൊങ്ങുകയും ചെയ്തിട്ടുണ്ട്.<br>• തൂവൽ പൊങ്ങിക്കിടക്കുന്നതാണെന്നും ഉറുമ്പിന് രക്ഷപ്പെടാൻ സാധിച്ചിട്ടുണ്ടാകുമെന്നും കുട്ടികൾക്ക് മനസ്സിലാക്കാൻ പര്യാപ്തമായ പ്രവർത്തനം. |

## അധ്യാപികയുടെ പ്രതികരണം നോക്കൂ

*ഓരോ ഘട്ടത്തിലും വിലയിരുത്തൽ നടത്തി - പ്രവർത്തനത്തിൽ എല്ലാ കുട്ടികളും പങ്കെടുത്തു. ഓരോ കുട്ടിയുടെയും പ്രതികരണങ്ങൾക്ക് കൃത്യമായി മറുപടിയും മെഗാഫോണിങ്ങും നടത്തി. കുട്ടികൾക്ക് വളരെ ഇഷ്ടപ്പെട്ടതായി തോന്നി.*

*ഇനി എന്തൊക്കെ പ്രവർത്തനങ്ങളാകാം....*

*എല്ലാ മേഖലകൾക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ കുട്ടികൾക്ക് അനുഭവങ്ങളായി നൽകാൻ സാധിച്ചിട്ടുണ്ടോ? ഓരോ പ്രവർത്തനം കഴിയുമ്പോഴും ഇടയിലും കുട്ടികൾ നേടേണ്ട ശേഷികൾ എത്രമാത്രം നേടിയെന്ന് സ്വയം വിലയിരുത്തി രേഖപ്പെടുത്തുന്നത് തുടർപ്രവർത്തനാസൂത്രണത്തെയും കുട്ടിയുടെ ശരിയായ വികാസത്തെയും സഹായിക്കും.*

*അനുഭവപ്രവർത്തനങ്ങൾ മേൽ രൂപത്തിൽ സൂക്ഷ്മമായി ആസൂത്രണം ചെയ്താൽ കുട്ടിക്ക് ശേഷീപരമായ വികാസവും ആശയപരമായ വികാസവും നേടിക്കൊടുക്കാൻ കഴിയുമെന്ന് എനിക്കുറപ്പുണ്ട്.*

## നിരീക്ഷണ വിശകലന റിപ്പോർട്ട്

| | | | | | |
|---|---|---|---|---|---|
| **പ്രവർത്തനം** | : | മുങ്ങുമോ പൊങ്ങുമോ? | **തീം** | : | പക്ഷികൾ |
| **അധ്യാപിക** | : | വിജയ.വി | **കുട്ടികൾ** | : | 16 |
| **വിദ്യാലയം** | : | പി.പി.ഇ.ടി.ടി.ഐ - കോട്ടൺഹിൽ | **സമയം** | : | 30 മിനിറ്റ് |

രാവിലെ 11.30 ന് ക്ലാസ് ആരംഭിച്ചു. സൗഹൃദഭാഷണത്തിനു ശേഷം ടീച്ചർ പ്രാവിന്റെയും ഉറുമ്പിന്റെയും കഥ പറയാനാരംഭിച്ചു. ഉറുമ്പ് വെള്ളത്തിൽ വീണു. ഉണങ്ങിയ മരമായതിനാൽ ഇല ഇല്ല എന്ന ഘട്ടത്തിൽ എന്തു ചെയ്യും എന്ന ചോദ്യം ഉന്നയിച്ചു. 2 കുട്ടികൾ വേറൊരു മരത്തിലെ ഇല പറിച്ചിടണം എന്നും പ്രാവ് പറന്നു ചെന്ന് ഉറുമ്പിനെ കൊത്തിയെടുത്ത് രക്ഷപ്പെടുത്തണം എന്നും പറഞ്ഞു. പിന്നീട് തൂവൽ മുങ്ങുമോ പൊങ്ങുമോ എന്ന ചോദ്യത്തിലൂടെ മുങ്ങുമോ പൊങ്ങുമോ എന്ന എന്ന പ്രവർത്തനത്തിലേക്ക് കടന്നു. ബക്കറ്റ് ക്ലാസിന് മധ്യത്തിൽ വച്ചു. ആദ്യത്തെ മൂന്നു പേരെ വിളിച്ചു. 3 സാധനങ്ങൾ നൽകി അവർ അത് വെള്ളത്തിൽ ഇട്ടു. മുങ്ങുന്നവയും പൊങ്ങുന്നവയും തിരിച്ചറിഞ്ഞു. തുടർന്ന് ഓരോ മൂന്നുപേരെയും വിളിച്ച് പുതിയ മൂന്ന് സാധനങ്ങൾ വീതം നൽകി പ്രവർത്തനം തുടർന്നു. ശേഷം വെള്ളം നിറച്ച സുതാര്യമായ പ്ലാസ്റ്റിക് പാത്രം കൊണ്ടുവന്നു. കുട്ടികൾ എല്ലാവരും കാൺകെ നേരത്തേ ചെയ്ത മുഴുവൻ സാധനങ്ങളും വെള്ളത്തിലിട്ട് മുങ്ങുമോ? പൊങ്ങുമോ എന്ന് പൊതുവായി ക്രോഡീകരിച്ചു.

ഭാരമുള്ള വസ്തുക്കൾ വെള്ളത്തിൽ മുങ്ങുന്നുവെന്നും ഭാരം കുറഞ്ഞ വസ്തുക്കൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നുവെന്നും ക്രോഡീകരിച്ചു. ക്ലാസിൽ കുട്ടികൾ വളരെ സജീവമായിരുന്നു. ഓരോ വസ്തുവും വെള്ളത്തിലിടുമ്പോൾ അവ പൊങ്ങും, മുങ്ങും എന്നൊക്കെ പരസ്പരം പറയുന്നുണ്ടായിരുന്നു. കുട്ടികളുടെ യുക്തി, ചിന്ത, ഊഹം എന്നിവയ്ക്ക് നല്ല അവസരങ്ങൾ നൽകുന്ന പ്രവർത്തനമായിരുന്നു. കുട്ടികൾ പ്രവർത്തനത്തിലേർപ്പെടാനും ഊഹം ശരിയാണോ എന്നറിയാനും താൽപര്യത്തോടെ ശ്രമിക്കുന്നുണ്ടായിരുന്നു. 30 മിനിറ്റ് കൊണ്ട് പ്രവർത്തനം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

**പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ**

- കുട്ടികളുടെ നിലവാരത്തിന് ഉതകുന്നതും വളരെയധികം താൽപര്യം ജനിപ്പിക്കുന്നതുമായിരുന്നു.
- ബക്കറ്റ്, സുതാര്യമായ പാത്രം എന്നിവയിൽ രണ്ടു തവണയായി ചെയ്യുന്നതിനു പകരം സുതാര്യമായ പാത്രത്തിൽ ഒരു തവണ ചെയ്താൽ മതിയാകുമായിരുന്നു.
- എല്ലാ കുട്ടികൾക്കും ഓരോ സാധനം വെള്ളത്തിലിടാൻ അവസരം നൽകിയത് തുടർപ്രവർത്തനത്തിന് പ്രേരകമായിരുന്നു.
- വേറെ മരത്തിൽ നിന്ന് ഇല പറിച്ചു കൊണ്ടുവരാം, ഉറുമ്പിനെ കൊത്തി എടുത്തുവരാം എന്നീ നിർദേശങ്ങൾ ക്ലാസിൽ പൊതുവായി പറഞ്ഞ് ചെയ്ത് കൂടുതൽ ചിന്തകൾക്ക് അവസരം നൽകിയാൽ നന്നാകുമായിരുന്നു.
- ക്ലാസിൽ പൊതുവായി സാധനങ്ങൾ വച്ച് പ്രാവായി മാറി അഭിനയിച്ച് ഓരോ സാധനങ്ങളായി കുട്ടികൾക്ക് കൊണ്ടുവന്നു നൽകിയാൽ ഭംഗിയാകുമായിരുന്നു.
- സ്വന്തം തൂവൽ നൽകി ഉറുമ്പിനെ രക്ഷിച്ചു എന്ന രീതിയിൽ മൂല്യബോധം വിനിമയം ചെയ്യാൻ കഴിയും.
- വീട്ടിലെ അടുക്കളയിൽ ഉപയോഗിക്കുന്ന ഏതൊക്കെ സാധനങ്ങൾ മുങ്ങുന്നതാണ്/പൊങ്ങുന്നതാണ് എന്ന തുടർപ്രവർത്തന സാധ്യത പരിഗണിക്കാൻ മൊഡ്യൂളിന് കഴിയണം.





| | | | | | |
|---|---|---|---|---|---|
| **പ്രവർത്തനം** | : | കൊളാഷ് നിർമാണം | **തീം** | : | പക്ഷികൾ |
| **അധ്യാപിക** | : | പ്രശാന്തിദേവി | **കുട്ടികൾ** | : | 20 |
| **വിദ്യാലയം** | : | പി.പി.ടി.ടി.ഐ - കോട്ടൺഹിൽ | **സമയം** | : | 30 മിനിറ്റ് |

കുട്ടികളുമായി അനൗപചാരിക ഭാഷണം നടത്തിക്കൊണ്ടാണ് ടീച്ചർ ക്ലാസ് ആരംഭിച്ചത്. ക്ഷേമാന്വേഷണത്തിലൂടെ രാവിലെ ആരാ നമ്മെ കൂവി ഉണർത്തുന്നത് എന്ന ചോദ്യം ഉന്നയിച്ചു. 'കോഴി' എന്നു പല കുട്ടികളും വിളിച്ചുപറഞ്ഞു. കുട്ടികളെ വട്ടത്തിൽ കസേരയിട്ടാണ് ഇരുത്തിയിരുന്നത്. അതിനാൽ ടീച്ചറുടെ എല്ലാ ചെയ്തികളും കുട്ടികൾക്ക് ശരിയായി കാണാൻ കഴിഞ്ഞിരുന്നു. തുടർന്ന് കോഴിയെ മാത്രമാണോ വീട്ടിൽ വളർത്തുന്നത് എന്ന് ടീച്ചർ ചോദിച്ചു. തത്ത, താറാവ് എന്നിങ്ങനെയുള്ള പേരുകൾ പറഞ്ഞു. 'കോഴിയെ എല്ലാവർക്കും ഇഷ്ടമാണോ' - ടീച്ചർ ചോദിച്ചു. 'ഇഷ്ടമാണ്' എന്നു കുട്ടികൾ വിളിച്ചുപറഞ്ഞു. പിന്നീട് പൂവൻകോഴിയുടെ പ്രത്യേകതകൾ കുട്ടികളെക്കൊണ്ട് പറയിപ്പിച്ചു. അതിനുശേഷം

'പൂവൻകോഴീ പതിവായെന്നെ കൂവിയുണർത്തും പൂങ്കോഴീ '.

എന്ന പാട്ട് പാടിക്കൊടുത്തു. കുട്ടികൾ പാട്ട് ഏറ്റുപാടി. പാട്ടുപാടിക്കൊണ്ടിരിക്കുമ്പോൾ ടീച്ചർ ക്ലാസിൽ ഒട്ടിച്ച് ഉണ്ടാക്കിയ പൂവൻകോഴിയുടെ ചിത്രം കാണിക്കുന്നു. 'ഈ കോഴിയെ എല്ലാവർക്കും ഇഷ്ടമായോ?' ടീച്ചർ ചോദിച്ചു.

ഇഷ്ടമായി എന്ന് കുട്ടികൾ പറഞ്ഞു.

"നമുക്ക് ഇതേപോലെ ഒരു കോഴിയെ ഉണ്ടാക്കിയാലോ"?

'വേണം' എന്ന് കുട്ടികൾ പറഞ്ഞു.

തുടർന്ന് കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. വിവിധ പക്ഷികളുടെ ചിത്രങ്ങൾ ഒരു കവറിൽ ഇട്ട് ഓരോ കുട്ടിയുടെയും മുമ്പിൽ കൊണ്ടുചെന്ന് ഓരോ ചിത്രം വീതം എടുപ്പിക്കുന്നു.

എല്ലാവരും ചിത്രം എടുത്തുകഴിഞ്ഞ ശേഷം എന്തിന്റെയൊക്കെ ചിത്രങ്ങളാണ് കിട്ടിയത് എന്ന് പറയിപ്പിക്കുന്നു.

തത്ത, കോഴി, കാക്ക, മയിൽ, വേഴാമ്പൽ എന്നീ പക്ഷികളുടെ ചിത്രങ്ങളാണ് നൽകിയത്.

പിന്നീട് ടീച്ചർ ഓരോ പക്ഷിയുടെയും പേരു വിളിച്ചു പറഞ്ഞു. ആ പക്ഷികളെ കിട്ടിയവരെ ഗ്രൂപ്പുകളാക്കി. 5 ഗ്രൂപ്പുകൾ. ഓരോ ഗ്രൂപ്പിലും 4 പേർ വീതം.

ഉയരം കുറഞ്ഞ ഡസ്കിന് ഇരുപുറവുമായി കുട്ടികളെ കസേരയിലിരുത്തി.

തുടർന്ന് കുട്ടികൾക്ക് പൂവൻകോഴിയുടെ ഔട്ട്ലൈൻ ചിത്രം, ചെറിയ പാത്രത്തിൽ മാസികയിലെ കടലാസ് ചെറുതായി കീറിയത്, ബൗളിൽ മൈദപ്പശ, തേങ്ങയുടെ തണ്ട് ചതച്ച ബ്രഷ് എന്നിവ നൽകി.

കുട്ടികൾ പേപ്പർ തുണ്ടിൽ പശ തേച്ച് കോഴിയുടെ ഔട്ട്ലൈനിനുള്ളിൽ ഒട്ടിച്ചു. ഗ്രൂപ്പിലെ എല്ലാ കുട്ടികളും ചേർന്ന് കൊളാഷ് പൂർത്തിയാക്കി. ടീച്ചർ ഓരോ ഗ്രൂപ്പിലും ഇടപെട്ട് നിർദേശങ്ങളും ആവശ്യമായ സഹായങ്ങളും നൽകിക്കൊണ്ടിരുന്നു.

എല്ലാ ഗ്രൂപ്പും കോഴിയുടെ ചിത്രം ഒട്ടിച്ചു പൂർത്തിയായി കഴിഞ്ഞശേഷം ചിത്രങ്ങൾ പൊതുവായി പ്രദർശിപ്പിച്ചു. കൂട്ടത്തിൽ ടീച്ചർ തയാറാക്കിയ ചിത്രം വച്ചു. ഇനി ഈ ചിത്രങ്ങൾ നമുക്ക് ചുമരിൽ തൂക്കിയിടാം എന്ന് ടീച്ചർ പറഞ്ഞു.

ഒരിക്കൽ കൂടി കോഴിയുടെ പാട്ട് പാടി ക്ലാസ് അവസാനിച്ചു.

**പ്രത്യേകം ശ്രദ്ധിച്ച കാര്യങ്ങൾ**

- കടലാസ് മുറിക്കാനുള്ള അവസരം കൂടി കുട്ടികൾക്ക് നൽകാമായിരുന്നു.
- പശ തേക്കാൻ തെങ്ങിന്റെ ബ്രഷ് ഉപയോഗിച്ചത് നന്നായി തോന്നി.
- ഗ്രൂപ്പാക്കിയപ്പോൾ വേഴാമ്പലിന്റെ ചിത്രം നൽകിയത് കുട്ടികൾക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല.
- കുട്ടികൾ വളരെ താൽപര്യത്തോടുകൂടി മുഴുവൻ സമയവും പ്രവർത്തനത്തിൽ പങ്കാളികളായി.
- എല്ലാ ചിത്രങ്ങളും കാണിച്ച ശേഷം പൊതുവായുള്ള വിലയിരുത്തൽ നടത്താത്തത് പോരായ്മയായി തോന്നി.



| | | | | |
|---|---|---|---|---|
| **പ്രവർത്തനം** | : പാട്ടു പാടാം | **തീം** | : | പക്ഷികൾ |
| **അധ്യാപിക** | : എ.കെ.സക്കീന | **കുട്ടികൾ** | : | 15 |
| **വിദ്യാലയം** | : ജി..യു.പി.എസ്. പൂജപ്പുര | **സമയം** | : | |

രാവിലെ 12.30 ന് ക്ലാസ് ആരംഭിച്ചു. കുട്ടികളുമായി സൗഹൃദസംഭാഷണത്തിൽ ഏർപ്പെട്ട ശേഷം പക്ഷികളുടെ വിശേഷങ്ങൾ ചോദിച്ചു.

കടലാസ് ഫാൻ (4 നിറത്തിൽ) വിതരണം ചെയ്തു. അവ ഉയരത്തിൽ കയറി താഴേക്കിട്ടു. കുട്ടികൾ ആഹ്ലാദപൂർവം വീണ്ടും വീണ്ടും കസേരയിൽ കയറുന്നുണ്ടായിരുന്നു.

കടലാസ് ഫാനിൽ ചെറുചിത്രങ്ങൾ (പക്ഷികളുടെ) ഒട്ടിച്ചു വയ്ക്കുന്ന പ്രവർത്തനം മാറ്റിയാണ് ടീച്ചർ അവതരിപ്പിച്ചത്. എല്ലാവർക്കും ചെയ്യാൻ കഴിയുന്ന രീതിയിൽ പ്രവർത്തനം ലഘൂകരിച്ചത് നന്നായി.

പക്ഷികളെക്കുറിച്ച് അറിയാവുന്ന പാട്ടുപാടാൻ നൽകിയ പ്രവർത്തനം ഒഴിവാക്കി നേരിട്ട് പ്രവർത്തനത്തിലേക്കു കടന്നു. (സമയപരിമിതിയുണ്ടായിരുന്നു).

മണൽത്തടം, കട്ടൗട്ടുകൾ എന്നിവ ടീച്ചർ നേരത്തേ ഒരുക്കിയിരുന്നു.

മണൽത്തടത്തിന്റെ മുൻവശത്ത് തുണിക്കടയും പിന്നിൽ പക്ഷികളുടെയും കുട്ടിയുടെയും രൂപങ്ങളും ഒരുക്കി. തുണിക്കടയുടെ പശ്ചാത്തലം പിന്നിലായി ക്രമീകരിക്കുകയായിരുന്നു നല്ലത്. കൂടാതെ മണൽത്തടം അടുത്തു നിന്ന് നിരീക്ഷിക്കാനും കണ്ട കാര്യങ്ങൾ പറയാനും അവസരം നൽകണമായിരുന്നു.



കാക്കയുടെ സ്റ്റിക്ക് പപ്പറ്റ് ഉയർത്തിപ്പിടിച്ച് കാക്കയെക്കുറിച്ച് പറയാൻ അവസരം നൽകി. കുട്ടികൾ നല്ലരീതിയിൽ പ്രതികരിച്ചിരുന്നു. തുടർന്ന് ടീച്ചർ ആദ്യത്തെ രണ്ടു വരികൾ അവതരിപ്പിച്ചു.

*കാക്കയ്ക്കുണ്ടൊരു കുപ്പായം*
*കറുത്ത കുപ്പായം*

ടീച്ചറോടൊപ്പം കുട്ടികളും പാടുന്നതിന് അവസരം നൽകി. കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്ന രീതിയിൽ നൃത്തച്ചുവടുകൾ വച്ചും അഭിനന്ദനങ്ങൾ നൽകിയും അവതരിപ്പിച്ചു. കുട്ടികൾ പാടുന്നുണ്ടെങ്കിലും ആവേശപൂർവം പാട്ട് പാടുന്നതായി കണ്ടില്ല.

തത്തയുടെ കുപ്പായം പച്ചനിറമാണെന്നും കൊക്കിന് വെള്ളനിറമാണെന്നും കുട്ടികൾ പ്രതികരിച്ചിരുന്നു.

4+ പ്രായത്തിലുള്ള കുട്ടികൾ വരികൾ കൂട്ടിച്ചേർക്കുന്നതിന് മുൻപന്തിയിലായിരുന്നു. ഏതാനും 3+ കുട്ടികളും വിളിച്ചു പറയുന്നുണ്ടായിരുന്നു. 'തത്തയ്ക്കുണ്ടൊരു' എന്ന വരി ടീച്ചർ പാടി നിർത്തുമ്പോൾ പച്ചക്കുപ്പായം എന്നു കൂട്ടിച്ചേർത്തു. പിന്നീട് മുഴുവൻ വരിയും പാടാൻ ടീച്ചർ നിർദേശം നൽകി. കുട്ടികൾ പാടി.

പൊന്മാൻ/മീൻകൊത്തിയുടെ ചിത്രം കാണിച്ചു പരിചയപ്പെടുത്തി. മിക്ക കുട്ടികളും പക്ഷിയെ തിരിച്ചറിഞ്ഞു. കുറച്ചുകൂടി വ്യക്തമായതും വലുതുമായ ചിത്രം ഉപയോഗിക്കാമായിരുന്നു. കുപ്പായത്തിന്റെ നിറം നീലയാണെന്ന് കുട്ടികൾ പ്രതികരിച്ചിട്ടുണ്ട്. ഇങ്ങനെ കുട്ടികളുടെ പങ്കാളിത്തത്തോടെ പാട്ട് വികസിപ്പിക്കാൻ കഴിഞ്ഞു. വാചിക പ്രതികരണങ്ങൾ മികച്ചു നിന്നെങ്കിലും പാട്ട് ആവേശപൂർവം പാടുന്ന കാര്യത്തിൽ തണുത്ത പ്രതികരണമാണ് അനുഭവപ്പെട്ടത്. സംഘമായി പാടുന്നതിനൊപ്പം ഒറ്റയ്ക്ക് പാടുന്നതിനുള്ള അവസരം പഠനനേട്ടത്തിലുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല.

പകുതിയിലധികം കുട്ടികളും നല്ല പ്രതികരണമായിരുന്നു. ചോദ്യങ്ങൾ, നിർദേശങ്ങൾ പാലിക്കുന്നതിൽ എല്ലാവരും മികച്ചു നിൽക്കുന്നു. പ്രവർത്തനങ്ങളിൽ പിന്നാക്കം നിൽക്കുന്നവരെ മുന്നോട്ടു നയിക്കുന്നതിൽ ടീച്ചറുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഭാഷയുടെ കാര്യത്തിൽ വടക്കേയിന്ത്യക്കാരനായ ഒരു കുട്ടിക്ക് പ്രയാസമുണ്ടായിരുന്നു. എന്നാൽ നൃത്തച്ചുവടുകൾ വച്ച് അഭിനയിക്കുന്നതിന് ആ കുട്ടി മുൻപന്തിയിലായിരുന്നു. പഠനസാമഗ്രികൾ ഉപയോഗിച്ചതിൽ നേരത്തേ ചൂണ്ടിക്കാട്ടിയ പോരായ്മകൾ ഒഴിച്ചു നിർത്തിയാൽ മികവാർന്നതായിരുന്നു.

പഠനത്തോടൊപ്പം കുട്ടികളെ നിരീക്ഷിച്ചുകൊണ്ടുള്ള വിലയിരുത്തൽ സാധ്യത പ്രയോജനപ്പെടുത്തിയിട്ടുണ്ട്.



| | | | | | |
|---|---|---|---|---|---|
| **പ്രവർത്തനം** | : | ഒന്ന് രണ്ട് മൂന്ന് എണ്ണി എടുക്കാലോ? | **തീം** | : | പക്ഷികൾ |
| **അധ്യാപിക** | : | ഷെറിൻ | **കുട്ടികൾ** | : | 15 |
| **വിദ്യാലയം** | : | ഗവ. യു.പി.എസ്. പൂജപ്പുര | **സമയം** | : | 30 മിനിറ്റ് |

**നിരീക്ഷണ വിശകലന റിപ്പോർട്ട്**

പക്ഷികൾ എന്ന തീമിൽ വൈജ്ഞാനികമേഖലയിലെ ഗണിതകളികൾ പ്രവർത്തനമാണ് ട്രൈഔട്ടിനായി തിരഞ്ഞെടുത്തത്. സംഖ്യയെ വസ്തുക്കളുമായി പൊരുത്തപ്പെടുത്തുന്നു. (1 - 5 വരെ), വിവിധ പക്ഷികളെ തിരിച്ചറിയുകയും (ഗണിതപരമായി) അനുകരിക്കുകയും ചെയ്യുന്നു എന്നീ പഠനനേട്ടങ്ങളെ ആധാരമാക്കിയുള്ള പ്രീസ്കൂൾ തീം പ്രവർത്തനത്തിന്റെ ഫലപ്രാപ്തിയാണ് ട്രൈ ഔട്ടിലൂടെ അന്വേഷിച്ചത്. 30 മിനിറ്റാണ് പ്രവർത്തനത്തിന്റെ ദൈർഘ്യം നിശ്ചയിച്ചത്.

**സംഘാടനം**

ശിശുസൗഹൃദ പ്രീ-പ്രൈമറി ക്ലാസിന്റെ സവിശേഷത പ്രകടമാകുന്ന ക്ലാസ്മുറിയിൽ അധ്യാപിക ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. അർധവൃത്താകൃതിയിൽ ഇരിപ്പിടങ്ങൾ ക്രമീകരിച്ചുകൊണ്ട് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനുള്ള സ്ഥലം ഉറപ്പുവരുത്തുന്നത്, പഠനസാമഗ്രികൾ ശേഖരിക്കൽ എന്നിവ മികച്ചതായിരുന്നു. ഒരു ശിശുസൗഹൃദ ഡിസ്പ്ലേബോർഡ് കൂടി ക്ലാസിൽ ഉറപ്പുവരുത്താമായിരുന്നു.

**പ്രവർത്തനം**

11 - 40 ന് ക്ലാസ് ആരംഭിച്ചു. അധ്യാപിക സൗഹൃദഭാഷണത്തിലൂടെയാണ് പ്രവർത്തനത്തിലേക്ക് കടന്നത്. കുട്ടികളുടെ യാത്ര സംബന്ധിച്ച വിശേഷങ്ങൾ പേരെടുത്ത് വിളിച്ച് ചോദിച്ചത് നന്നായിരുന്നു. ഇവിടെ പരമാവധി കുട്ടികളെ പഠനസന്ദർഭത്തിലേക്ക് കൊണ്ടുവരുന്നതിൽ അധ്യാപിക വിജയിച്ചിട്ടുണ്ട്.

അധ്യാപിക കണ്ട അഞ്ച് പക്ഷികളുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. ഓരോ പക്ഷിയുടെയും പ്രത്യേകതകൾ, പേര് എന്നിവ കുട്ടികളെക്കൊണ്ട് പറയിപ്പിച്ചു. ഇവിടെ പക്ഷികളുടെ ചിത്രങ്ങൾ ഡിസ്പ്ലേബോർഡിൽ ഒട്ടിക്കുന്ന പ്രവർത്തനത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താമായിരുന്നു. കുട്ടികളുടെ വീട്ടിലുള്ള പക്ഷികൾ, കണ്ട പക്ഷികൾ എന്നിവയെക്കുറിച്ച് അധ്യാപിക അന്വേഷിച്ചറിഞ്ഞു. കുട്ടികളുടെ മുന്നറിവ് സംബന്ധിച്ച വിലയിരുത്തൽ സന്ദർഭം ഇവിടെ അധ്യാപിക ഫലപ്രദമായി ഉപയോഗപ്പെടുത്തി.

തുടർന്ന് കുട്ടികൾക്ക് പക്ഷികളുടെ ചിത്രങ്ങൾ വ്യക്തിഗതമായി നൽകി. ഉചിതമായ നിറം നൽകാൻ നിർദേശിച്ചു. നിറം നൽകാൻ കൊടുത്ത ചിത്രത്തിലെ പക്ഷികളുടെ വലുപ്പം കുട്ടികൾക്ക് സംശയത്തിനിട നൽകാത്ത വിധമാവാൻ ശ്രദ്ധിക്കണം (ഉദാ: ലൗബേർഡ്സ്, പ്രാവ് തമ്മിൽ ചിത്രത്തിൽ വലുപ്പവ്യത്യാസം പ്രകടമാകണം). ഇവിടെ നിറം നൽകുന്ന പ്രവർത്തനം അധ്യാപിക വ്യക്തിഗതമായി വിലയിരുത്തി. ആവശ്യമായ മോട്ടിവേഷൻ ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ ചിത്രരചന മെച്ചപ്പെടുത്താനാവശ്യമായ വിലയിരുത്തൽ, ഫീഡ്ബാക്ക് നൽകൽ എന്നിവ അധ്യാപിക വേണ്ടത്ര പരിഗണിച്ചിട്ടില്ല. തുടർന്ന് ഓരോ പക്ഷിയെയും പേരെടുത്ത് മുന്നിലേക്ക് വിളിച്ചു. കുട്ടികളെല്ലാം നിർദേശത്തിനനുസരിച്ച് മുന്നോട്ടു വന്നു. ഒരു കുട്ടി മാത്രം തന്റെ പേരു വിളിക്കാതെ തന്നെ തെറ്റായി മുന്നോട്ടു കയറി വന്നു. ഇവിടെ 'മോൻ പ്രാവല്ല' എന്ന് പറഞ്ഞ് അവനെ തിരിച്ചയച്ചു. ഈ ഘട്ടത്തിൽ ചിത്രം നോക്കൂ, മോൻ ഏത് പക്ഷിയാണ്? ഇവിടെ ഒപ്പം വന്നിരിക്കുന്ന പക്ഷികളേതാ എന്നിങ്ങനെയുള്ള ഫീഡ്ബാക്ക് ചോദ്യങ്ങളിലൂടെ സ്വയം വിലയിരുത്തൽ സാധ്യമാക്കാമായിരുന്നു.

തുടർന്ന് നിറം നൽകിയ ചിത്രങ്ങൾ അധ്യാപിക കുട്ടികൾക്ക് ബാഡ്ജായി നൽകി. ഓരോ പക്ഷിയെയായി അധ്യാപിക മുന്നിലേക്ക് വിളിച്ചു. പ്രത്യേകത നോക്കി കൂട്ടങ്ങളായി നിൽക്കാനും തങ്ങൾ എത്രപേരുണ്ടെന്ന് എണ്ണിനോക്കാനും പറഞ്ഞു. കുട്ടികൾക്ക് അതിന് കഴിയുന്നുണ്ട്.

തുടർന്ന് ശബ്ദമുണ്ടാക്കി പറന്നുചെന്ന് ഓരോ ഗ്രൂപ്പിനും ഇരിക്കേണ്ട കസേരകൾ കണ്ടെത്തി ഇരിക്കാൻ നിർദേശിച്ചു. കുട്ടികൾ നിർദേശം പാലിച്ച് തങ്ങളുടെ കസേരകൾ കണ്ടെത്തി ഇരുന്നു. ഇവിടെ കസേരകൾ 3, 4, 5 ന്റെ കൂട്ടങ്ങളായി വൃത്തത്തിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും.







# 7 ഒപ്പം കൂട്ടാം (പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ)

ഗോകുൽ എന്നും ബീനടീച്ചറുടെ നോട്ടപ്പുള്ളിയാണ്. ടീച്ചറുടെ നിർദേശ ങ്ങൾക്കനുസരിച്ച് മറ്റെല്ലാ കുട്ടികളും പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഗോകുൽ അടുത്തിരിക്കുന്നവരോട് ഓരോന്ന് ചോദിച്ചുകൊണ്ടിരിക്കും. ടീച്ചർ ശ്രദ്ധിച്ചാൽ ഗോകുൽ മിണ്ടാതിരിക്കും. ടീച്ചറുടെ ശ്രദ്ധമാറിയാൽ വീണ്ടും പഴയപടി തന്നെ. എന്നാൽ അൽപ്പം സാവധാനത്തിലാണെങ്കിലും പ്രവർത്തനങ്ങൾ അവൻ പൂർത്തിയാക്കും. ബീനടീച്ചറുടെ സൂക്ഷ്മനിരീ ക്ഷണത്തിൽ ഒരു കാര്യം മനസ്സിലായി. ടീച്ചർ എന്തെങ്കിലും പറയുമ്പോൾ ഗോകുൽ തല ചരിച്ചുപിടിച്ച് ഇരിക്കും. രക്ഷിതാക്കളുമായി ടീച്ചർ ഈ കാര്യം ചർച്ചചെയ്തു. ടീച്ചറുടെ നിർദേശമനുസരിച്ച് ആശുപത്രിയിൽ നട ത്തിയ വിദഗ്ധപരിശോധനയിൽ ഗോകുലിന് കേൾവിക്കുറവ് ഉണ്ടെന്ന് മനസ്സിലായി. ടീച്ചർ പറയുന്നത് ശരിക്ക് കേൾക്കാത്തതിനാൽ കൂട്ടുകാരോട് അവൻ കാര്യങ്ങൾ ചോദിച്ചറിയുകയാണ് എന്ന് ബീനടീച്ചർക്ക് ബോധ്യ പ്പെട്ടു.

ഇങ്ങനെ സവിശേഷമായ ശ്രദ്ധ വേണ്ടിവരുന്ന കുട്ടികൾ ക്ലാസിൽ ഉണ്ടാ വാറില്ലേ?

- കാഴ്ചയ്ക്ക് പ്രയാസമുള്ളവർ
- കേൾവിക്കുറവുള്ളവർ
- സംസാരവൈകല്യമുള്ളവർ
- ചലനത്തിന് പ്രയാസമുള്ളവർ
- ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ
- ഓട്ടിസം പോലെയുള്ള പ്രശ്നങ്ങളുള്ളവർ

ഇവരൊക്കെ സവിശേഷശ്രദ്ധ വേണ്ടിവരുന്നവരാണ്. ജന്മനാ ഇത്തരം പ്രശ്നങ്ങൾ ഉള്ളവരും പിന്നീട് പല കാരണങ്ങളാൽ തകരാറുകൾ സംഭ വിക്കുന്നവരും ഉണ്ടാകാം. എത്രയും നേരത്തേ ശാരീരികമോ മാനസികമോ വൈകല്യങ്ങൾ കണ്ടെത്തുകയും വിദഗ്ധചികിൽസ ലഭ്യമാക്കുകയും ചെയ്താൽ പൂർണമായോ ഭാഗികമായോ വൈകല്യങ്ങൾ ഇല്ലാതാക്കാൻ കഴിയും. ഇക്കാര്യത്തിൽ പ്രീസ്കൂൾ തലത്തിൽത്തന്നെ അധ്യാപികയുടെ സൂക്ഷ്മമായ നിരീക്ഷണവും അന്വേഷണവും ഉണ്ടാകേണ്ടതുണ്ട്.

## കാഴ്ചത്തകരാറ് എങ്ങനെ കണ്ടെത്താം?

- അസാധാരണമായും നിരന്തരമായും കണ്ണുചിമ്മുക.
- എപ്പോഴും കണ്ണുതിരുമ്മുകയോ തുടയ്ക്കുകയോ ചെയ്യുക.
- എപ്പോഴും കണ്ണിൽനിന്ന് വെള്ളം വരുക.
- സ്ഥിരമായി കണ്ണുവേദന ഉണ്ടാവുക.
- നടക്കുമ്പോഴും ഓടുമ്പോഴും പ്രയാസം അനുഭവപ്പെടുക. (അധിക മായ സൂക്ഷ്മത പ്രകടിപ്പിക്കൽ, ഓടാൻ മടി).
- നിലത്ത് നോക്കി സൂക്ഷ്മതയോടെ നടക്കുക.
- സഞ്ചരിക്കുമ്പോൾ തടഞ്ഞുവീഴുക, വസ്തുക്കളിൽ ചെന്ന് മുട്ടുക.
- എന്തു സാധനം നോക്കുമ്പോഴും മുഖത്തോടു ചേർത്തു പിടിച്ചു നോക്കുക.
- ചില നിറങ്ങൾ തിരിച്ചറിയില്ല.
- എപ്പോഴും ബോർഡിന് അടുത്തുതന്നെ വന്നുനിൽക്കുക എന്നിവയൊ ക്കെ കാഴ്ചക്കുറവിന്റെ ലക്ഷണങ്ങളാവാം.

## കേൾവിക്ക് തകരാറുള്ള കുട്ടികൾ

- ഉച്ചാരണവൈകല്യം
- നേരിട്ടു കാണാവുന്ന തരത്തിൽ ചെവിക്ക് തകരാറുകൾ ചിലപ്പോൾ ഉണ്ടാകാം.
- നിരന്തരമായ ചെവിവേദന ഉണ്ടാവാറുണ്ട്.
- ചെവിയിൽനിന്ന് പഴുപ്പ് വരാറുണ്ട്.
- കേൾക്കേണ്ട അവസരങ്ങളിൽ തല ഒരു വശത്തേക്ക് ചരിച്ചുപിടിക്കുന്നു.
- ഒരേ കാര്യം വീണ്ടും വീണ്ടും പറയാൻ ആവശ്യപ്പെടുക.
- ചോദിക്കുന്നതിനു മറുപടി പറയാതിരിക്കുക, മറ്റെന്തെങ്കിലും പറയുക.
- സംസാരിക്കാൻ താമസം.
- മറ്റുള്ളവർ സംസാരിക്കുമ്പോൾ ചുണ്ടിന്റെ ചലനം ശ്രദ്ധിച്ചു നോക്കുക.

ഇത്തരം പ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് കേൾവിക്ക് പ്രയാസം ഉണ്ടാവാൻ സാധ്യതയുണ്ട്.

## സംസാരവൈകല്യം അനുഭവപ്പെടുന്ന കുട്ടികൾ

- വികാസഘട്ടത്തിനനുസരിച്ച് സംസാരശേഷി വികസിച്ചുവരാത്ത അവസ്ഥ
- സംസാരത്തിനിടയിൽ അസാധാരണമായ നിർത്തൽ ഉണ്ടാവും.
- സംസാരത്തിനിടയിൽ അക്ഷരങ്ങൾ, പദങ്ങൾ എന്നിവ വിട്ടുപോവുക.
- വിക്ക് ഉണ്ടായിരിക്കും.
- ദീർഘനേരം ശബ്ദം പുറപ്പെടുവിക്കാൻ കഴിയാതിരിക്കും.
- അവ്യക്തമായി ഭാഷണം നടത്തും.
- തിരുത്തിയാലും ചില അക്ഷരങ്ങൾ/പദങ്ങൾ തെറ്റായി ഉച്ചരിക്കാനേ കഴിയൂ.

ഇത് സംസാരത്തിലുള്ള വൈകല്യമാവാം.

## ചലനത്തിന് പ്രയാസമുള്ള കുട്ടികൾ

- സന്ധികൾ ശരിയായി വഴങ്ങാതിരിക്കുക, നിരന്തരമായ വേദന.
- സന്ധികളിൽ നിരന്തരമായി വരുന്ന നീർക്കെട്ട്.
- കൈകാലുകൾ, കഴുത്ത്, വിരലുകൾ, അരക്കെട്ട് എന്നിവിടങ്ങളിൽ പ്രത്യക്ഷത്തിൽ കാണുന്ന രൂപവൈകൃതം, വൈകല്യം.
- ഇരിക്കുക, വസ്തുക്കൾ പിടിക്കുക, എഴുതുക എന്നിവയ്ക്കുള്ള പ്രയാസം.
- ബലം പിടിച്ചുള്ള നടത്തം.
- അവയവങ്ങൾ നഷ്ടപ്പെടുക (അപകടം, രോഗം തുടങ്ങിയവ മൂലം).
- നിയന്ത്രണമില്ലാത്തതുപോലെയുള്ള ശരീരചലനങ്ങൾ.
- നടക്കാനും ഓടാനും മടികാണിക്കുക.

ഇത് ശാരീരികമായ ചലനത്തിന് പ്രയാസം ഉള്ളതുമൂലമാവാം.

## ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ

- പ്രത്യക്ഷത്തിൽത്തന്നെ തിരിച്ചറിയാൻ കഴിയുന്ന ശാരീരിക പ്രത്യേകതകൾ ചില കുട്ടികളിൽ കാണാം. (മംഗോളിസം, വലിയതല, തുറന്നുപിടിച്ച വായ തുടങ്ങിയവ.)
- അടിസ്ഥാനകാര്യങ്ങൾ പോലും സ്വയം നിറവേറ്റാൻ കഴിയുന്നില്ല.
- സമപ്രായക്കാരെ അപേക്ഷിച്ച് എല്ലാ മേഖലയിലും ഏറെ പിറകിലായിരിക്കും.
- ചലനത്തിന് പ്രയാസമുണ്ട്.
- ഏതൊരു ശേഷി നേടിയെടുക്കാനും അധികസമയം ആവശ്യമായി വരുന്നു.
- പഠനശേഷിയിലെ പിന്നാക്കാവസ്ഥ.

ഇതെല്ലാം ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പ്രത്യേകതകളാവാം.

## ഓട്ടിസമുള്ള കുട്ടികൾ

- പ്രായത്തിനനുസരിച്ച് സംസാരശേഷി വികസിച്ചുവരാത്ത അവസ്ഥ.
- പ്രായത്തിനനുസരിച്ച് പരസ്പരപൂരകമായ സാമൂഹികശേഷി (ഉദാ- മുഖത്തുനോക്കുക, വിളിക്കുമ്പോൾ നോക്കുക, ചൂണ്ടിക്കാട്ടുക, റ്റാറ്റാ പറയുക).
- ഉദ്ദേശ്യരഹിതമായ ആവർത്തനചേഷ്ടകൾ, വാക്കുകൾ എന്നിവ പ്രകടിപ്പിക്കുക.
- കൂട്ടത്തിൽ നിന്നു പിൻവാങ്ങി ഒറ്റപ്പെട്ട കളിപ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ചില കുട്ടികൾ ഇതോടൊപ്പം വികൃതിസ്വഭാവവും പ്രകടിപ്പിക്കും.

ശാരിരീകമായി ഒന്നിലേറെ വെല്ലുവിളികൾ നേരിടുന്ന അവസ്ഥയുള്ളവരും ഉണ്ടായിരിക്കും.

ഏതെങ്കിലും ഒരു മേഖലയിൽ നേരിടുന്ന വെല്ലുവിളി മറ്റു മേഖലയെ കൂടി ബാധിക്കാനും സാധ്യതയുണ്ട്.

ഉദാഹരണം : കേൾവിക്കുറവുള്ള കുട്ടിക്ക് ഭാഷണവൈകല്യവും ഉണ്ടാവാൻ സാധ്യതയുണ്ട്.

ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ തിരിച്ചറിയുന്നതിന് എപ്പോഴും കഴിയണമെന്നില്ല. പ്രത്യക്ഷത്തിൽ ബോധ്യപ്പെടുന്നതോ അനുഭവപ്പെടുന്നതോ ആയവ മാത്രമേ പെട്ടെന്ന് തിരിച്ചറിയാൻ കഴിയൂ. എങ്കിലും മുകളിൽ പറഞ്ഞ ലക്ഷണങ്ങൾ ഉള്ള കുട്ടികളെ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ട്.

- രക്ഷിതാക്കളോടുള്ള അന്വേഷണം
- ഗൃഹസന്ദർശനം
- വൈദ്യപരിശോധനയ്ക്ക് നിർദേശിക്കുക.

ഇവയെല്ലാം ഈ തിരിച്ചറിയലിന് അവലംബിക്കാവുന്ന മാർഗങ്ങളാണ്.

ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞാൽ ഈ വെല്ലുവിളികളെ മറികടക്കുന്നതിനുള്ള ഇടപെടൽ ടീച്ചറുടെ ഭാഗത്തുനിന്ന് ഉണ്ടാവണം.

ക്ലാസ്മുറിക്കകത്തും രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിലും ഇത്തരം കുട്ടികൾക്ക് നിരന്തരം സഹായം വേണ്ടിവരും.

കാഴ്ചയ്ക്ക് പ്രയാസം നേരിടുന്ന കുട്ടികൾക്ക് സ്വതന്ത്രമായ ചലനത്തിനുള്ള അവസരം ഒരുക്കുക. മറ്റു കുട്ടികളുമായി ഇടപഴകുന്നതിനുള്ള അവസരം ധാരാളമായി ഒരുക്കുക.

എല്ലാ പഠനപ്രവർത്തനങ്ങളിലും പങ്കാളിത്തം ഉറപ്പുവരുത്തുക. വ്യക്തമായി കാണുന്ന തരത്തിൽ ഇരിപ്പിടം ക്രമീകരിക്കുക. പഠനോപകരണങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുക. (വലുപ്പം, നിറം..)

- ശബ്ദം, ഗന്ധം എന്നിവയിലൂടെ വസ്തുക്കൾ തിരിച്ചറിയാൻ കഴിയുന്നതിനുള്ള പരിശീലനം നൽകുക.
- അനുഭാവപൂർവം പെരുമാറാൻ മറ്റു കുട്ടികളെ ശീലിപ്പിക്കുക.
- വെല്ലുവിളി പരിഹരിക്കുന്നതിനുള്ള ഉപകരണങ്ങൾ കൃത്യമായി, കാലാനുസൃതമായ മാറ്റത്തോടെ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ കാര്യത്തിൽ ഇങ്ങനെയുള്ള ശ്രദ്ധ ആവശ്യമാണ്.

കേൾവിക്ക് പ്രയാസം നേരിടുന്ന കുട്ടികളോട് മുഖത്തുനോക്കി സ്പഷ്ടമായും ഉച്ചത്തിലും സംസാരിക്കുക.

സംഘപ്രവർത്തനങ്ങൾക്ക് കൂടുതൽ അവസരം നൽകുക. നിർദേശങ്ങൾ വരച്ചു കാണിച്ചും ആംഗ്യത്തിലൂടെയും വ്യക്തമാക്കുക.

കേൾവിക്കുറവ് പരിഹരിക്കാനുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഉപകരണത്തിന്റെ പ്രവർത്തനക്ഷമത ഉറപ്പാക്കുക.

വൈദ്യപരിശോധന കൃത്യമായി നടത്തുന്നതിന് രക്ഷിതാവിനെ ബോധവൽക്കരിക്കുക.

വീട്ടിൽനിന്ന് അനുഭാവപൂർവമായ പെരുമാറ്റം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

സംസാരശേഷിക്കുറവിന്റെ ഒരു പ്രധാന കാരണം കേൾവിക്കുറവായിരിക്കും.

സംസാരശേഷി കുറഞ്ഞ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ സംസാരിക്കാനുള്ള ധാരാളം അവസരങ്ങൾ ബോധപൂർവം ഉണ്ടാക്കേണ്ടതുണ്ട്.

വായക്കും നാവിനും വഴക്കം കിട്ടുന്ന രീതിയിലുള്ള പാട്ടുകൾ, വാചകങ്ങൾ, വായ്ത്താരികൾ എന്നിവ പറയാൻ അവസരം നൽകുക.

*ഉദാ:* *'ചരലുരുളുമ്പോൾ*
*ഉരലുരുളില്ല!*
*കാർ റാലി പോലെ*
*ലോറി റാലി!*

*'താത തക്കിട തന്നാരോ തക*
*തക്കിട തക്കിട തന്നാരോ!'*

*അരികുറുക ചെറുകുറുക*
*വിത്തെല്ലാം വാരി പാകുന്നേ..*

ഓരോ കാര്യവും പറയേണ്ട സന്ദർഭങ്ങളിൽ ആവശ്യമായ സമയം, സാവകാശം എന്നിവ നൽകുക.

കൂടുതൽ പറയാൻ പ്രോത്സാഹിപ്പിക്കുക.

ആത്മവിശ്വാസം തകർക്കുന്ന രീതിയിൽ ഭാഷണം നടത്താൻ നിർബന്ധിക്കരുത്. (ഒരു സംഘത്തിന്റെ മുന്നിൽ പറയാൻ).

പ്രകടിപ്പിക്കുന്ന മറ്റു കഴിവുകൾ എടുത്തുകാട്ടി പ്രോത്സാഹിപ്പിക്കുക.

ഭാഷണം ആവശ്യമില്ലാത്ത പ്രവർത്തനങ്ങൾ (ചിത്രംവര, നിർമാണം, മൈമിങ്..) ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. സ്പീച്ച് തെറാപ്പിക്ക് വിധേയമാക്കേണ്ട കുട്ടിയാണെങ്കിൽ അതിനുള്ള അവസരം ഉണ്ടാക്കുക.

രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

സംസാരവൈകല്യമുള്ള കുട്ടികൾക്ക് ഇത്തരം ശ്രദ്ധ നൽകേണ്ടതാണ്.

ചലനപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ മറ്റെല്ലാ തരത്തിലും സാധാരണ കുട്ടികളെപ്പോലെ ഇടപെടാൻ കഴിയുന്നവരായിരിക്കും. വരുന്നതിനും പോകുന്നതിനും ഉള്ള സൗകര്യങ്ങൾ ഇത്തരം കുട്ടികൾക്ക് വേണ്ടി ഒരുക്കേണ്ടതുണ്ട്. (വാഹനം, വീൽചെയർ, റാമ്പ്)

- ആത്മവിശ്വാസം വളർത്തുന്ന രീതിയിൽ കുട്ടിയോട് ഇടപെടണം.
- കളികൾ ആസൂത്രണം ചെയ്യുമ്പോൾ ഈ കുട്ടിക്ക് കൂടി വേണ്ടിയുള്ള കളികൾ ഉണ്ടായിരിക്കണം.
- മറ്റു കുട്ടികൾക്ക് അനുഭാവപൂർവം പെരുമാറാൻ നിർദേശം നൽകണം.
- ടോയ്‌ലറ്റ്, വാഷ്ബേസിൻ, ഇരിപ്പിടം തുടങ്ങി എല്ലായിടവും ശാരീരികമായ വെല്ലുവിളികൾ പരിഹരിക്കത്തക്ക വിധത്തിൽ പുനക്രമീകരിക്കണം.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ വേണ്ടിവരും. വ്യക്തിപരമായി ചെയ്യേണ്ട കാര്യങ്ങളിൽ നിരന്തരമായ ശ്രദ്ധയും പരിശീലനവും നൽകേണ്ടി വരും (ശരീരം ശുചിയാക്കുക, ടോയ്‌ലറ്റ് ഉപയോഗിക്കുക, ആഹാരം കഴിക്കുക.)

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് മറ്റു ശാരീരികമായ വെല്ലുവിളികൾ (കാഴ്ച, കേൾവി, ചലനം, സംസാരം) ഇല്ല എന്ന് ഉറപ്പുവരുത്തണം.

സ്നേഹത്തോടെയുള്ള പെരുമാറ്റം, ആവർത്തിച്ചുള്ള ഓർമപ്പെടുത്തൽ, പരിഗണന എന്നിവ ഇത്തരം കുട്ടികൾക്ക് കൂടുതൽ അളവിൽ നൽകേണ്ടി വരും. രക്ഷിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തണം.

സാമൂഹികമായ എല്ലാ ചടങ്ങുകളിലും പൊതുപരിപാടികളും ഇവരെ പങ്കാളികളാക്കണം. ചികിത്സ ആവശ്യമുണ്ടെങ്കിൽ അത് കൃത്യമായി ലഭ്യമാക്കണം. (ഇത്തരം കുട്ടികൾക്ക് അപസ്മാരം പോലെയുള്ള അസുഖങ്ങൾ ഉണ്ടാവാനും സാധ്യതയുണ്ട്.)

**എല്ലാ കുട്ടികളെയും പങ്കാളികളാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നാം വിഭാവനം ചെയ്യുന്നത്**

പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ അവരുടെ സ്വഭാവപ്രശ്നത്തിന്റെ പേരിൽ പ്രിസ്കൂൾ ക്ലാസിൽ നിന്നു പുറത്താക്കരുത്.ഇത്തരം കുട്ടികളുടെ മാതാപിതാക്കൾക്ക് ആവശ്യമായ ആത്മവിശ്വാസം നൽകി കുട്ടികളെ ദിവസവും പ്രീസ്കൂളിൽ കൊണ്ടുവരുന്നതിന് പ്രോത്സാഹിപ്പിക്കുക. കുട്ടികളിലെ സ്വഭാവപ്രശ്നങ്ങൾ ആദ്യത്തെ രണ്ടുമൂന്ന് മാസങ്ങൾകൊണ്ട് പൊതുവിൽ കുറഞ്ഞുവരുന്നതാണ്. ഇത്തരമൊരു സങ്കലിത സമീപനത്തിന് എന്തെന്തു തടസ്സങ്ങളാണ് ഉള്ളതെന്ന് തിരിച്ചറിയുകയും അത് പരിഹരിക്കാനുള്ള നടപടി കൈക്കൊള്ളുകയും ചെയ്യുന്നതിലൂടെ ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം അർഥവത്താകും.

ഉൾപ്പെടുത്തിയുള്ള പ്രവർത്തനം എങ്ങനെ ആസൂത്രണം ചെയ്യും എന്നു നോക്കാം.

## 'ചിത്രവായന' എന്ന പ്രവർത്തനം നടത്തുമ്പോൾ....

കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടിക്ക് ചിത്രം കൂടുതൽ വലുതാക്കി നൽകേണ്ടി വരും.

ചിലപ്പോൾ ചിത്രത്തിലെ കാര്യങ്ങൾ രൂപങ്ങളാക്കി നൽകേണ്ടി വരും.

കേൾവിക്ക് പ്രയാസമുള്ളവരും സംസാരിക്കാൻ പ്രയാസമുള്ളവരുമായ കുട്ടികൾക്ക് ചിത്രം വരയ്ക്കൽ, കൂട്ടത്തിൽനിന്ന് ചിത്രത്തിലുള്ളത് തിരഞ്ഞെടുക്കൽ, ചിത്രത്തിലുള്ള കാര്യം അഭിനയിച്ചുകാണിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് അവസരം നൽകണം.

## മുന്നാക്കം നിൽക്കുന്ന കുട്ടികളും അന്യഭാഷക്കാരായ കുട്ടികളും

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിൽ പരിഗണിക്കേണ്ട മറ്റു രണ്ടു വിഭാഗങ്ങളാണ് ബുദ്ധിപരമായി ഏറെ മുന്നാക്കം നിൽക്കുന്ന കുട്ടികളും അന്യഭാഷക്കാരായ കുട്ടികളും.

ബുദ്ധിപരമായി ശരാശരിയിലും ഉയർന്ന നിലവാരത്തിലുള്ള കുട്ടിക്ക് മറ്റു കുട്ടികൾക്ക് നൽകുന്ന പ്രവർത്തനങ്ങൾ മാത്രം മതിയാവില്ല. ഇത്തരക്കാരെക്കൂടി പരിഗണിക്കാൻ പ്രവർത്തനത്തിൽ സാധ്യതവേണം.

ഉദാഹരണം: ചിത്രവായനയുടെ പ്രക്രിയ എടുക്കാം.

എല്ലാ കുട്ടികളും ചിത്രത്തിൽ എന്തൊക്കെ ഉണ്ട് എന്നു കണ്ടെത്തി പറയുന്നു.

ഈ പ്രവർത്തനം വേഗം ചെയ്തു കഴിഞ്ഞ കുട്ടിക്ക് സൂക്ഷ്മനിരീക്ഷണത്തിനുള്ള അവസരം നൽകാം.

ചിത്രത്തിലെ ഏതെങ്കിലും ഒന്നു മാത്രം നിരീക്ഷിച്ച് കൂടുതൽ കാര്യങ്ങൾ പറയുന്നതിന്, ഒരാൾ മറ്റൊരാളോട് എന്താണ് പറയുന്നത് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ ഇവർക്കായി നൽകാം.

പ്രവർത്തനങ്ങളിൽ ഇത്തരം കുട്ടികളുടെ സവിശേഷ കഴിവ് പ്രകടിപ്പിക്കാൻ അവസരം ലഭിച്ചിരിക്കണം.

മറ്റൊരു വിഭാഗമായ അന്യഭാഷക്കാരായ കുട്ടികൾക്ക് ആശയം ഗ്രഹിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും പ്രയാസം ഉണ്ടായിരിക്കും. ക്രമേണ ഈ ശേഷി ഉണ്ടാക്കിയെടുക്കാൻ കഴിയും. അതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കുകയാണ് ആദ്യം വേണ്ടത്. വരച്ചു കാണിക്കാനും അഭിനയിച്ചും നിർമിച്ചും കാണിക്കാനുമുള്ള ധാരാളം അവസരങ്ങൾ ഇവർക്കു നൽകണം. അവരുടെ ഭാഷയിൽ സങ്കോചമില്ലാതെ പറയാനുള്ള ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കണം. മറ്റു കുട്ടികളുമായി കൂട്ടുകൂടാനും സംഘപ്രവർത്തനങ്ങളിൽ ഏർപ്പെടാനും അവസരം ഉണ്ടാക്കണം.

പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, ആദിവാസികൾ,ലൈംഗിക തൊഴിലാളികൾ, ജയിൽവാസം അനുഭവിക്കുന്നവർ, എച്ച്.ഐ.വി. അണുബാധിതർ എന്നിങ്ങനെയുള്ളവരുടെ കുട്ടികളോടും ഇതേ സങ്കലിതസമീപനമാണ് പുലർത്തേണ്ടത്.



# 8 നിരന്തര വിലയിരുത്തൽ

*അമ്മു : ടീച്ചർ.... ടീച്ചർ ഞാൻ വരച്ച ചിത്രം.*
*ടീച്ചർ : ആഹാ, നന്നായിട്ടുണ്ടല്ലോ!*
*ടീച്ചർ : ഇത് ആരുടെ വീടാണ്?*
*അമ്മു : എന്റെ വീടാ...*

ഈ സന്ദർഭത്തിലെ രണ്ട് പ്രീസ്കൂൾ അധ്യാപികമാരുടെ പ്രതികരണങ്ങൾ നോക്കൂ.




അവൾ ഓടിപ്പോയി വീടിന് വാതിൽ വരയ്ക്കാൻ തുടങ്ങി.

- തന്റെ വീടിന്റെ ചിത്രം ഓർമയിലെത്തി.
- അതിന്റെ സവിശേഷതകൾ (വാതിൽ, ജനൽ, നിറം) ഓർത്തെടുത്തു.
- വാതിൽ, ജനൽ എന്നിവയുടെ സ്ഥാനം, രൂപം ഓർത്തെടുത്തു.
- സവിശേഷതകൾ ഉൾപ്പെടുത്തി ചിത്രം വരയ്ക്കാൻ തീരുമാനിച്ചു.

*ടീച്ചർ : നവ്യമോളെന്താ വീടിന് വാതിൽ വരയ്ക്കാത്തത്? വാതിൽ വരയ്ക്കൂ....*
*നവ്യമോൾ : ശരി ടീച്ചർ*

രണ്ടാമത്തെയാൾ നവ്യമേളെന്താ വീടിനു വാതിൽ വരയ്ക്കാത്തത്? വാതിൽ വരയ്ക്കൂ... എന്ന് നിർദേശിച്ചപ്പോൾ കുട്ടി തന്റെ ചിത്രത്തിന് വാതിൽ വരയ്ക്കാൻ തുടങ്ങി.

- രണ്ട് അധ്യാപികമാരുടെയും പ്രതികരണങ്ങൾ ശ്രദ്ധിച്ചുവോ?

ഒന്നാമത്തെയാൾ നവ്യമോൾ എങ്ങനെയാണ് വീടിനകത്ത് കയറുക എന്ന ചോദ്യം ചോദിച്ചപ്പോൾ കുട്ടിയുടെ മനസ്സിൽ നടന്ന വ്യാപാരമെന്താണ്?

ഒന്നാമത്തെ അധ്യാപികയുടേത് ചിന്തോദ്ദീപകമായ ചോദ്യമായിരുന്നു. രണ്ടാമത്തെ അധ്യാപികയുടേത് നിർദേശവും.

- തന്റെ ചിത്രംവരയെ മെച്ചപ്പെടുത്താനുള്ള കുട്ടിയുടെ താൽപ്പര്യത്തെ ഏത് ചോദ്യമാണ്/അധ്യാപികയാണ് കൂടുതൽ പരിഗണിച്ചത്? എന്തുകൊണ്ട്?

എങ്ങനെയാണ് വീടിനകത്ത് കയറുക എന്ന ചോദ്യം തന്റെ ചിത്രത്തെ സ്വയം വിലയിരുത്താൻ കുട്ടിക്ക് പ്രേരണയായി മാറുന്നത് നമ്മൾ കണ്ടു. ഇത്തരത്തിൽ സ്വയം വിലയിരുത്തൽ പ്രക്രിയയിലൂടെ കടന്നുപോകുന്ന കുട്ടികൾക്കാണ് സ്വയം മെച്ചപ്പെടാനും അറിവു രൂപീകരിക്കാനും കഴിയുക.

കുട്ടികൾ വരച്ച ചിത്രങ്ങൾ പ്രദർശന ബോർഡിൽ പ്രദർശിപ്പിക്കാൻ അനുവദിച്ചാൽ അവർക്ക് സ്വന്തം ചിത്രത്തെയും കൂട്ടുകാരന്റെ ചിത്രത്തെയും താരതമ്യം ചെയ്യാൻ സാധിക്കും. ഇവിടെയും അധ്യാപികയ്ക്ക് ഫീഡ്ബാക്ക് ചോദ്യങ്ങളാകാം.

- ആരുടെ ചിത്രമാണ് നിങ്ങൾക്ക് ഇഷ്ടമായത്?
- എന്താണ് ആ ചിത്രം ഇഷ്ടപ്പെടാനുള്ള കാരണം?

ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കുമ്പോൾ മാത്രമല്ലേ സ്വന്തം രചനയും കൂട്ടുകാരന്റെ രചനയും താരതമ്യം ചെയ്ത് ആവശ്യമായ മെച്ചപ്പെടുത്തൽ വരുത്താൻ കുട്ടിക്ക് സാധിക്കുകയുള്ളൂ.

പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ നിരന്തരവിലയിരുത്തൽ പ്രക്രിയക്കും ഫീഡ്ബാക്കിനും വലിയ സ്ഥാനമുണ്ട്. കുട്ടിയുടെ സമഗ്രപുരോഗതിയും പഠനസന്നദ്ധതയും ലക്ഷ്യം വയ്ക്കുമ്പോൾ ശിശുവികാസമേഖലകളിലെ കുട്ടിയുടെ അവസ്ഥ കൃത്യമായി വിലയിരുത്തേണ്ടതുണ്ട്. മൂല്യനിർണയത്തിനപ്പുറം നിരന്തരവിലയിരുത്തൽ രീതിയാണ് നാം പ്രീസ്കൂളിൽ സ്വീകരിക്കേണ്ടത്. കുട്ടികളെ വിലയിരുത്തി ഗ്രേഡ് ചെയ്യുക എന്നത് പ്രീസ്കൂളിലെ വിലയിരുത്തൽ ലക്ഷ്യമല്ല. പ്രീസ്കൂൾ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവമായ പങ്കാളിത്തവും ആവശ്യമായ സഹായവും പ്രോത്സാഹനവും ഉറപ്പുവരുത്തുകയാണ് വിലയിരുത്തൽ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

## വിലയിരുത്തൽ ലക്ഷ്യങ്ങൾ

- വികാസമേഖലയിൽ തന്റെ കുട്ടി എവിടെ നിൽക്കുന്നു എന്ന് തിരിച്ചറിയാൻ.
- പ്രീസ്കൂൾ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തത്തിന് സഹായവും പ്രോത്സാഹനവും ഉറപ്പുവരുത്തുക.
- ശുചിത്വശീലം, ആഹാരശീലം, മൂല്യങ്ങൾ രൂപീകരിക്കൽ എന്നിവയിൽ ആവശ്യമായ പിന്തുണ ഉറപ്പുവരുത്തൽ.
- ഓരോ കുട്ടിയുടെയും വ്യക്തിപരമായ സവിശേഷതയും കഴിവും തിരിച്ചറിയുകയും ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പ്രത്യേക പരിഗണനയും പിന്തുണയും ഉറപ്പുവരുത്തുന്നതിന്.
- ഫലപ്രദമായ പ്രീസ്കൂൾ സംവിധാനം, ഫലപ്രദമായ പഠന-കളിയുപകരണങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിന്.
- തങ്ങളുടെ കുട്ടികളുടെ കഴിവും പരിമിതിയും സംബന്ധിച്ച് രക്ഷിതാക്കൾക്ക് ഫീഡ്ബാക്ക് നൽകാനും പിന്തുണ ഉറപ്പുവരുത്താനും.
- അധ്യാപികയ്ക്ക് പ്രീസ്കൂൾ പഠനപ്രവർത്തനം മെച്ചപ്പെടുത്താൻ വിലയിരുത്തൽ വഴി ലഭിക്കുന്ന ഫീഡ്ബാക്ക് സഹായകമാണ്.

## വിലയിരുത്തൽ തന്ത്രങ്ങൾ

തങ്ങളുടെ കളിയും പ്രവർത്തനവും വിലയിരുത്തുകയാണ് എന്ന ബോധം കുട്ടികൾക്ക് സ്വാഭാവികമായി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിന് തടസ്സം സൃഷ്ടിക്കും. പ്രവർത്തനത്തോടൊപ്പമുള്ള സ്വാഭാവികസന്ദർഭത്തിലെ വിലയിരുത്തലാണ് ഇവിടെ അഭികാമ്യം.

## വിലയിരുത്തൽ എങ്ങനെയൊക്കെ?

a. **നിരീക്ഷണം:** കുട്ടികളുടെ പ്രവർത്തനങ്ങൾ (പങ്കാളിത്തം, നേതൃത്വം, സഹകരണം, പങ്കുവയ്ക്കൽ, സഹായിക്കൽ, ശുചിത്വശീലം, ആഹാരശീലം, വിവിധ ശേഷികൾ....) എന്നിവയൊക്കെ നിരീക്ഷിക്കുന്നതിലൂടെ കുട്ടികളെ വിലയിരുത്താൻ അധ്യാപികയ്ക്ക് സാധിക്കും.

b. **അനൗപചാരികമായ സംഭാഷണം:** അനൗപചാരികമായ സംഭാഷണങ്ങളിലൂടെ കുട്ടിയുടെ ഭാഷാവികാസം, വൈജ്ഞാനികവികാസം, മൂല്യങ്ങൾ, മനോഭാവം, തീമുമായി ബന്ധപ്പെട്ട ആശയഗ്രഹണം എന്നിവയിലെ നില നിർണയിക്കാൻ സാധിക്കും.

c. **പോർട്ട്ഫോളിയോ(പഠനോൽപ്പന്നങ്ങൾ) വിലയിരുത്തൽ:** പ്രീസ്കൂൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി കുട്ടികൾ രൂപപ്പെടുത്തുന്ന പഠനോൽപ്പന്നങ്ങൾ വിലയിരുത്തുന്നതിലൂടെ ഭാഷാവികാസം, വൈജ്ഞാനികവികാസം, സർഗാത്മക/ക്രിയാത്മക വികാസം എന്നീ മേഖലയകളിൽ കുട്ടികളുടെ നിലവാരം തിരിച്ചറിയാൻ അധ്യാപികയ്ക്ക് സാധിക്കും. കുട്ടികളുടെ സൂക്ഷ്മപേശീവികാസ മേഖലയിലെ നിലനിർണയം നടത്താനും പോർട്ട്ഫോളിയോ വിലയിരുത്തുന്നതിലൂടെ സാധിക്കും.

d. **പ്രകടനങ്ങൾ വിലയിരുത്തൽ:** കുട്ടികളുടെ അവതരണങ്ങൾ (കഥ, പാട്ട്, റോൾപ്ലേ, പാവനാടകം, മറ്റു പ്രകടനങ്ങൾ) എന്നിവ വിലയിരുത്തുക വഴി വിവിധ വികാസമേഖലകളിലെ കുട്ടികളുടെ പുരോഗതി നിർണയിക്കാൻ സാധിക്കും.

e. **രക്ഷിതാക്കളുമായുള്ള അഭിമുഖം:** രക്ഷിതാക്കളുമായുള്ള അഭിമുഖത്തിലൂടെ കുട്ടികളുടെ വീട്ടിൽ നിന്നുള്ള പ്രവർത്തനങ്ങൾ (ചിത്രം വര, നിർമാണം, കളി, ടി.വി. കാണൽ, ആഹാരശീലങ്ങൾ തുടങ്ങിയവ) തിരിച്ചറിയാനും മറ്റ് വികാസമേഖലകളിലെ പുരോഗതി മനസ്സിലാക്കാനും സാധിക്കും. വിലയിരുത്തലിന്റെ സമഗ്രതയ്ക്ക് വേണ്ടി രക്ഷിതാക്കളുമായി സംവദിക്കുക എന്ന പ്രക്രിയക്ക് വലിയ സ്ഥാനമുണ്ട്.

*3+, 4+ പ്രായഗ്രൂപ്പിലെ കുട്ടികൾക്കായി നിശ്ചയിച്ച ആശയങ്ങൾ, വികാസമേഖലകൾ, ശേഷികൾ എന്നിവ പരിഗണിച്ചാവണം വിലയിരുത്തൽ പ്രക്രിയ അധ്യാപിക പൂർത്തിയാക്കേണ്ടത്.*

വിലയിരുത്തൽ പോലെത്തന്നെ പ്രധാനമാണ് അനിവാര്യമായ സന്ദർഭങ്ങളിൽ കുട്ടികൾക്ക് ഫീഡ്ബാക്ക് നൽകുക എന്നതും. കുട്ടികൾക്ക് ഗ്രഹിക്കാനോ പൂർത്തിയാക്കാനോ പ്രയാസമുള്ള പ്രവർത്തനം ഏതെന്ന് നിർണയിച്ച് താൽപ്പര്യപൂർവം പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള കൈത്താങ്ങ് നൽകുക എന്നതാണ് ഫീഡ്ബാക്ക് കൊണ്ട് ലക്ഷ്യമിടുന്നത്.

## പ്രീസ്കൂളിലെ ഫീഡ്ബാക്ക് എങ്ങനെയൊക്കെയാവാം?

- ലളിതമായ, ചിന്തിപ്പിക്കുന്ന ചോദ്യങ്ങളിലൂടെ.
- കൃത്യമായി/ദിശാബോധം നൽകുന്ന സൂചനകളിലൂടെ.
- മാതൃകകൾ അവതരിപ്പിക്കുന്നതിലൂടെ.
- ടീച്ചർ/മുതിർന്നവർ പ്രവർത്തനം ചെയ്ത് കാണിക്കൽ.
- പ്രവർത്തനം പൂർത്തിയാക്കുന്ന വീഡിയോകളിലൂടെ (പപ്പറ്റ്, കൊളാഷ് നിർമാണം.)
- സാദൃശ്യമുള്ള മറ്റ് അനുഭവങ്ങൾ അവതരിപ്പിക്കുന്നതിലൂടെ.

## രേഖപ്പെടുത്തൽ

കുട്ടികളുടെ സവിശേഷതകൾ, കഴിവുകൾ, പരിമിതികൾ എന്നിവയൊക്കെ അധ്യാപിക സംക്ഷിപ്തമായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ട്. വികാസമേഖലകളിലെ നിശ്ചിത തലത്തിൽ നിന്നു കുട്ടികൾ എത്രമാത്രം മുന്നോട്ടു പോയിട്ടുണ്ട് എന്നു തിരിച്ചറിയാൻ ഈ രേഖപ്പെടുത്തൽ അത്യാവശ്യമാണ്. രേഖപ്പെടുത്തൽ ലളിതവും വഴക്കമുള്ളതുമാകാൻ ആവശ്യമായ ഫോർമാറ്റുകൾ അധ്യാപികയ്ക്ക് തയാറാക്കാവുന്നതാണ്.



# 9 പ്രിയ രക്ഷിതാവിന് സ്നേഹപൂർവം

**സന്തോഷകരമായ ബാല്യവും ആഹ്ലാദകരമായ പ്രീസ്കൂൾ വിദ്യാഭ്യാസവും കുട്ടിയുടെ അവകാശമാണ്.**

ശിശുവികസന പ്രചോദനപ്രവർത്തനങ്ങൾ, പോഷണം, ആരോഗ്യസംരക്ഷണം, സുരക്ഷിതത്വം, ലാളനം, ശുചിത്വം, ദിനചര്യകൾ, പെരുമാറ്റം, മൂല്യബോധം തുടങ്ങി കുട്ടിയുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്നതും മാതാപിതാക്കൾ ഏറ്റെടുക്കേണ്ടതുമായ പരിപാലനരീതികളെയാണ് രക്ഷാകർത്തൃത്വം കൊണ്ട് വിവക്ഷിക്കുന്നത് (Parenting). ജനിതക പ്രത്യേകതകൾക്കൊപ്പംതന്നെ കുട്ടികളുടെ ദൈനംദിന വികാസത്തെ രക്ഷാകർത്തൃത്വവും സ്വാധീനിക്കുന്നുണ്ട്. രക്ഷാകർത്തൃത്വത്തിന്റെ പരിധിയിൽ അച്ഛൻ, അമ്മ, ബന്ധുക്കൾ, അയൽക്കാർ, സമൂഹം തുടങ്ങി കുട്ടിക്ക് പരിചരണസേവനം നൽകുന്നവർ വരെ ഉൾപ്പെടുന്നു.

ശൈശവത്തിൽ കുട്ടികളുടെ വികസനകാര്യത്തിൽ രക്ഷിതാക്കൾക്ക് പ്രധാനമായ കൈത്താങ്ങായി പ്രവർത്തിക്കുന്നത് പ്രീസ്കൂൾ സ്ഥാപനങ്ങളാണ്. കുഞ്ഞുങ്ങളുടെ സമഗ്രവികാസമാണ് പ്രിസ്കൂൾ വിദ്യാഭ്യാസവും രക്ഷിതാക്കളും ലക്ഷ്യമിടുന്നത്. അതുകൊണ്ട് പ്രീസ്കൂളും കുടുംബവും തമ്മിൽ പരസ്പരവിശ്വാസവും സഹകരണവും അനിവാര്യമാണ്.

വിദ്യാലയം കുട്ടികൾക്കുവേണ്ടി എന്തൊക്കെ ചെയ്യുന്നുവെന്ന് രക്ഷാകർത്താക്കൾ അറിയേണ്ടതുണ്ട്. അധ്യാപകർക്കാവട്ടെ, കുട്ടികൾക്കാവശ്യമായ വ്യക്തിഗത പ്രചോദന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് കുടുംബസാഹചര്യത്തെക്കുറിച്ചുമുള്ള ധാരണ ആവശ്യവുമാണ്.

ശൈശവകാലത്ത് ലഭിക്കുന്ന അനുഭവങ്ങൾ, സ്നേഹം, പരിരക്ഷ, പ്രോത്സാഹനം, കൈത്താങ്ങ് എന്നിവയൊക്കെത്തന്നെയാണ് ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനും തന്റെ സമൂഹത്തിൽ ഫലപ്രദമായി ഇടപെടാനും കുട്ടിയെ പ്രാപ്തനാക്കുന്നത്. പ്രീസ്കൂളിൽ നിന്ന് ലഭിക്കുന്ന അനുഭവങ്ങളുടെയും അവസരങ്ങളുടെയും തുടർച്ചയാണ് കുട്ടിക്ക് വീട്ടിൽനിന്ന് ലഭിക്കേണ്ടത്. “ഓരോ വീടും ഒരു വിദ്യാലയം കൂടിയാണ്; മാതാപിതാക്കൾ അധ്യാപകരും” എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടിട്ടുണ്ട്. കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടുനോക്കിയും തനിക്ക് ചുറ്റുമുള്ളതിനെ അറിയുന്ന കുരുന്നിന്റെ കുഞ്ഞുസംശയങ്ങൾ ദൂരീകരിക്കുന്ന രക്ഷിതാവിനെക്കാളും മികച്ച അധ്യാപകൻ മറ്റാരുണ്ട്?

## രക്ഷാകർത്തൃ പങ്കാളിത്തത്തിന്റെ അനിവാര്യത

1. അമ്മയുടെ മടിത്തട്ടാണ് കുട്ടിയുടെ ആദ്യവിദ്യാലയം. രക്ഷാകർത്താക്കൾ ആദ്യ അധ്യാപകരും സുപ്രധാന വഴികാട്ടികളുമാണ്. ആകയാൽ രക്ഷാകർത്താക്കൾക്ക് കുട്ടിയെ എപ്രകാരം ശാസ്ത്രീയമായി ഉയർത്തിക്കൊണ്ടുവരാമെന്ന ധാരണ ഉണ്ടാവണം.
2. കുട്ടികളുടെ പ്രധാനപ്പെട്ട അവകാശങ്ങൾ അതിജീവനവും സംരക്ഷണവുമാണ്. ഈ രണ്ടു ചുമതലകളും രക്ഷാകർത്താവിന് നിർവഹിക്കാൻ കഴിയണമെങ്കിൽ രോഗത്തിലേക്കും അപകടത്തിലേക്കും കുട്ടി പോകാതിരിക്കാൻ ആവശ്യമായ സേവനങ്ങളെക്കുറിച്ച് തിരിച്ചറിവുണ്ടാകണം.
3. കുട്ടിയുടെ ശരിയായ വികാസം സാധ്യമാകണമെങ്കിൽ ശാരീരികവും മാനസികവും വൈകാരികവും ബുദ്ധിപരവുമായ വികാസപ്രക്രിയകളെക്കുറിച്ച് രക്ഷാകർത്താക്കൾക്ക് സാമാന്യമായ ധാരണ വേണം.

4. ഇത്തരം കാര്യങ്ങൾ ശരിയാംവിധം തിരിച്ചറിയണമെങ്കിൽ പ്രീസ്കൂൾ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനും കുട്ടിയുടെ പുരോഗതിയും പ്രശ്നങ്ങളും തടസ്സങ്ങളും തിരിച്ചറിയുന്നതിനും സാഹചര്യം ഉണ്ടാവണം.

5. ശിശു പരിചരിക്കപ്പെടുകയും പഠിക്കുകയും ചെയ്യുന്ന സ്ഥാപനത്തിന്റെ സാഹചര്യങ്ങളും പ്രവർത്തനങ്ങളും തിരിച്ചറിഞ്ഞാൽ മാത്രമേ അവരെ മെച്ചപ്പെടുത്താൻ രക്ഷാകർത്താവിന് കഴിയൂ.

6. സമപ്രായക്കാരായ ശിശുക്കളിൽനിന്ന് വ്യത്യസ്തരായ കുട്ടികളുടെ പ്രശ്നങ്ങളും പരിമിതികളും തിരിച്ചറിയുന്നതിനും മറികടക്കുന്നതിനും മതിയായ സഹായവും ഇടപെടലുകളും ഏതൊക്കെയെന്ന് മനസ്സിലാക്കാൻ രക്ഷാകർത്താക്കൾക്ക് അവസരം ഒരുക്കണം.

7. രക്ഷാകർത്താക്കൾ അശാസ്ത്രീയമായ കീഴ്വഴക്കങ്ങളും തെറ്റായ വിശ്വാസങ്ങളും പുലർത്തുന്നുവെങ്കിൽ അവ സ്വയം ബോധ്യപ്പെട്ട് തിരുത്തുന്നതിനുള്ള സാഹചര്യമൊരുക്കേണ്ടതാണ്.

പ്രീസ്കൂൾ പ്രായത്തിലെ കുട്ടികൾ ഏറ്റവും അധികം ആഗ്രഹിക്കുന്നത് അമ്മയുടെയും അച്ഛന്റെയും സാമീപ്യമാണ്. ഈ പ്രായത്തിൽ എന്തൊക്കെ കാര്യങ്ങൾ കുട്ടി നിങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്? ഓർത്തുനോക്കൂ.

- ഒന്നിച്ച് കളിക്കാൻ
- ഒന്നിച്ച് ഭക്ഷണം കഴിക്കാൻ
- ഒന്നിച്ച് യാത്രചെയ്യാൻ
- ഒന്നിച്ച് ഉറങ്ങാൻ
- കഥപറയാൻ, പാട്ടുപാടാൻ
- കളിയുപകരണങ്ങൾ നിർമിച്ചുനൽകാൻ
- ചിത്രം വരച്ചുനൽകാനും നിറം നൽകാനും
- ഇഷ്ടപ്പെട്ട വസ്തുക്കൾ ശേഖരിക്കാൻ
- ഇഷ്ടമുള്ള ചിത്രം വെട്ടിനൽകാൻ, ഒട്ടിക്കാൻ
- ഉടുപ്പ് ഇട്ടു നൽകാൻ, ചമയിക്കാൻ

ഇതിൽ ഏതൊക്കെ കാര്യങ്ങളിൽ അവർക്കൊപ്പം നിൽക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ട്?

തന്റെ കുട്ടിയെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന, മക്കളുടെ സ്നേഹം ആവോളം ലഭിക്കുന്ന രക്ഷിതാവാണോ നിങ്ങൾ?

തന്റെ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്ന നല്ല രക്ഷിതാവാകാൻ നമുക്കെന്തൊക്കെ കാര്യങ്ങൾ ചെയ്യാം?

## രക്ഷാകർത്തൃപരിശീലനത്തിൽ ഉൾപ്പെടുത്തേണ്ട ആശയങ്ങൾ

- കുട്ടിയുടെ വികാസാവശ്യങ്ങളും പ്രകൃതവും തിരിച്ചറിയുക.
- പ്രീസ്കൂളിലും വീടുകളിലും ഉറപ്പുവരുത്തേണ്ട അന്തരീക്ഷത്തെക്കുറിച്ച് ധാരണ രൂപീകരിക്കുക.
- പ്രീസ്കൂൾ പ്രവർത്തനങ്ങൾ (തീം, അനുബന്ധപ്രവർത്തനങ്ങൾ) ശിശുമനശ്ശാസ്ത്രം എന്നിവ സംബന്ധിച്ച ധാരണ മെച്ചപ്പെടുത്തുക.
- ആഹാര, ആരോഗ്യ, ശുചിത്വശീലങ്ങൾ പാലിക്കാനും സാമൂഹീകരണം സാധ്യമാക്കാനുമുള്ള തന്ത്രങ്ങൾ ബോധ്യപ്പെടുക.
- അനിവാര്യമായ പിന്തുണ സംബന്ധിച്ച കാര്യങ്ങളിൽ തെളിച്ചമുണ്ടാവുക.
- ബാലാവകാശങ്ങളെക്കുറിച്ചും നിലനിൽക്കുന്ന നിയമവ്യവസ്ഥയെ സംബന്ധിച്ചും സംവിധാനങ്ങളെക്കുറിച്ചുമുള്ള ധാരണ മെച്ചപ്പെടുത്തുക.
- വെല്ലുവിളി നേരിടുന്ന കുട്ടികളുടെ പരിഗണന സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത നേടുക.
- കുട്ടിയെ നിരന്തരമായി വിലയിരുത്തുകയും ഫീഡ്ബാക്ക് നൽകുകയും ചെയ്യുന്ന പ്രക്രിയയിൽ രക്ഷിതാവ് എന്ന നിലയിൽ തന്റെ റോൾ തിരിച്ചറിയുക.
- കുട്ടികളുടെ റോൾമോഡൽ ആയി രക്ഷിതാവ് മാറേണ്ടതിന്റെ അനിവാര്യത ബോധ്യപ്പെടുക.

മേൽസൂചിപ്പിച്ച ലക്ഷ്യങ്ങളിൽ സമാനമായവയെ ഒന്നിച്ചുചേർക്കുകയും ആശയരൂപീകരണം ഫലപ്രദമാക്കാനാവശ്യമായ പരിശീലനമൊഡ്യൂൾ തയാറാക്കി രക്ഷാകർത്തൃപരിശീലനം ഉറപ്പുവരുത്തുകയാണ് അധ്യാപിക ചെയ്യേണ്ടത്.

ചില മേഖലകളിൽ വിഷയവിദഗ്ധരുടെ ക്ലാസുകൾ ഉറപ്പുവരുത്താനും നമുക്ക് കഴിയണം. (ഉദാ: ബാലാവകാശങ്ങൾ - നിയമവ്യവസ്ഥ)

"കുട്ടികൾ ജനിച്ചതുകൊണ്ടുമാത്രം ഈ ലോകത്ത് ആരും രക്ഷിതാവായിട്ടില്ല; കുട്ടികൾ ജനിച്ചാൽ അച്ഛനും അമ്മയുമാകാൻ നമുക്ക് കഴിയും. പക്ഷേ, നല്ല രക്ഷിതാവാകണമെങ്കിൽ പരിശീലനം നേടുക തന്നെ വേണം" - മൈക്കൽ സ്റ്റീവൻസൺ

- ഒരു പരിശീലനമൊഡ്യൂൾ നൽകിയിരിക്കുന്നത് നോക്കൂ.

## രക്ഷാകർത്തൃബോധവൽക്കരണ പരിപാടി

### പരിശീലന മൊഡ്യൂൾ

**ഉദ്ദേശ്യം** : പ്രീസ്കൂൾ കാലഘട്ടത്തിലെ ശിശുവികാസം, ലഭ്യമാകേണ്ട അനുഭവങ്ങൾ, രക്ഷിതാക്കളുടെ പിന്തുണ എന്നിവ സംബന്ധിച്ച ധാരണ മെച്ചപ്പെടുന്നതിലൂടെ കുട്ടിയുടെ വളർച്ചാഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെടാൻ രക്ഷിതാവിനെ പ്രാപ്തനാക്കുക.

**ലക്ഷ്യങ്ങൾ**

1. പ്രീസ്കൂൾ കാലഘട്ടത്തിൽ വിവിധ ശിശുവികാസമേഖലകൾക്ക് ലഭിക്കേണ്ടുന്ന അനുഭവങ്ങൾ പ്രധാനപ്പെട്ടതാണ്.
2. ത്വരിതഗതിയിൽ ബുദ്ധിവളർച്ചയുണ്ടാകുന്ന പ്രീസ്കൂൾ കാലഘട്ടത്തിൽ കൃത്യമായി പഠനകളിയനുഭവങ്ങൾ ഒരുക്കാൻ വീടും പ്രിസ്കൂളും ശ്രദ്ധിക്കേണ്ടതുണ്ട്.
3. കുട്ടികൾക്ക് ലഭിക്കുന്ന പോഷകാഹാരം കുട്ടിയുടെ വളർച്ചയെയും പ്രീസ്കൂൾ പ്രവർത്തനസന്നദ്ധതയെയും സ്വാധീനിക്കുന്നുണ്ട്.
4. സ്നേഹം, പ്രോത്സാഹനം, അംഗീകാരം, പിന്തുണ എന്നീ ഘടകങ്ങൾ കുട്ടിയുടെ സമഗ്രവികാസത്തെ സ്വാധീനിക്കുന്നു.
5. ഫലപ്രദമായ പ്രീസ്കൂൾ കെട്ടിപ്പടുക്കാനും ഗുണമേന്മയുള്ള പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പുവരുത്താനും രക്ഷിതാക്കളുടെ ഇടപെടലിലൂടെ സാധിക്കും.

**പ്രവർത്തനം**

രജിസ്ട്രേഷൻ നടക്കുന്നിടത്ത് 5/6 നിറത്തിലുള്ള പേപ്പർ (എ 4 ന്റെ പകുതി വലുപ്പം) ഒരാൾക്ക് ഒന്ന് ലഭിക്കുംവിധം വയ്ക്കുന്നു.

രക്ഷിതാക്കൾ ഇഷ്ടമുള്ള കടലാസ് എടുക്കുന്നു.

എല്ലാവരും കടലാസ് മടക്കിയോ മുറിച്ചോ എന്തെങ്കിലും ഒരു കളിയുപകരണം തയാറാക്കട്ടെ (പീപ്പി, പമ്പരം, ഒറിഗാമി രൂപം.)

കളിയുപകരണം നിശ്ചിത സ്ഥലത്ത് പ്രദർശിപ്പിക്കുന്നു.

ഏറ്റവും കൂടുതൽ പേർ നിർമിച്ച കളിയുപകരണം ഏത്?

എന്തുകൊണ്ടായിരിക്കാം കൂടുതൽ പേരും ഈ രൂപം നിർമിച്ചത്?

നിങ്ങൾ നിശ്ചിത നിറമുള്ള കടലാസ് തിരഞ്ഞെടുത്തത് എന്തുകൊണ്ട്?

പ്രദർശിപ്പിച്ചതിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കളിയുപകരണം ഏത്?

ഇനി ഒരവസരം കൂടി ലഭിച്ചാൽ നിങ്ങൾ ഏത് കളിയുപകരണം നിർമിക്കും?

അംഗങ്ങളുടെ പ്രതികരണം.

ചർച്ച

*കുട്ടികൾ വ്യത്യസ്തരാണ്. അവരുടെ താൽപ്പര്യങ്ങളും കഴിവുകളും വ്യത്യസ്തമാണ്. മുന്നനുഭവങ്ങളാണ് നമ്മുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നത്. തന്റെയും കൂട്ടുകാരന്റെയും പ്രവർത്തനങ്ങളെയും ഉൽപ്പന്നങ്ങളെയും വിലയിരുത്താൻ കുട്ടികൾക്ക് കഴിയും എന്നിവയാണ് ഇവിടെ ക്രോഡീകരിക്കേണ്ടത്.*

കുട്ടികളുടെ പ്രകൃതത്തെ അംഗീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രക്ഷിതാക്കളാണോ നിങ്ങൾ?

ചെക്ക്‌ലിസ്റ്റ് അവതരിപ്പിക്കുന്നു.

അവരവരുടെ ധാരണ, പ്രവൃത്തി എന്നിവ പരിഗണിച്ച് രക്ഷിതാക്കൾ വ്യക്തിഗതമായി വർക്ക്ഷീറ്റ് പൂർത്തിയാക്കുന്നു . (വർക്ക്ഷീറ്റ് - അനുബന്ധം -1)

മുഴുവനും അതെ അല്ലെങ്കിൽ ശരി എന്ന് രേഖപ്പെടുത്തിയവർ ആരൊക്കെ?

ഇതൊക്കെ അഭിലഷണീയമായ പിന്തുണാഘടകങ്ങളാണെങ്കിൽ രക്ഷിതാവെന്ന നിലയിൽ നാം ഇനിയും ഉയരേണ്ടത് എങ്ങനെയൊക്കെ?

അംഗങ്ങളുടെ പ്രതികരണം.

ചർച്ച, ആശയരൂപീകരണം

നാലുവയസ്സുകാരൻ വരച്ച ചിത്രം ടീച്ചർ പ്രദർശിപ്പിക്കുന്നു.

ചിത്രം നോക്കൂ. ചിത്രത്തെക്കുറിച്ച് എന്തൊക്കെ പറയാം?

കുട്ടിയുടെ ചിത്രംവരയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ എന്തൊക്കെ അവനോട് പറയാൻ കഴിയും? (രൂപം, നിറം, മനോഹാരിത, വരയുടെ രീതി...)

**ക്രോഡീകരണം**

കുട്ടികൾക്ക് പ്രചോദനം നൽകാൻ കഴിയണമെങ്കിൽ അവരുടെ ശാരീരികാവശ്യങ്ങൾക്കൊപ്പം മാനസികാവശ്യങ്ങളും പരിഗണിക്കപ്പെടണം. വാത്സല്യം, അംഗീകാരം, വിജയം, സുരക്ഷിതത്വം, നിഷ്കർഷ എന്നിവ മാനസികാവശ്യങ്ങളിൽ പ്രധാനമാണ്.

ഇവ പൂർത്തീകരിച്ച്, കുട്ടി സന്തോഷത്തിലേക്ക് എത്തിച്ചേരണമെങ്കിൽ കുടുംബാന്തരീക്ഷം ഇപ്പറയും പ്രകാരം നിലനിർത്തണം.

**രക്ഷിതാക്കളോടു സംവദിക്കാൻ ചില പ്രധാന കാര്യങ്ങൾ**

സ്വാംശീകരിക്കേണ്ടതും മാതാപിതാക്കൾ ഏറ്റെടുക്കേണ്ടതുമായ പരിപാലന രീതികളെയാണ് രക്ഷാകർത്തൃത്വം കൊണ്ട് വിവക്ഷിക്കുന്നത് (Parenting). ജനിതകപ്രത്യേകതകൾക്കൊപ്പംതന്നെ രക്ഷാകർത്തൃത്വവും കുട്ടികളുടെ ദൈനംദിനവികാസത്തെ സ്വാധീനിക്കുന്നുണ്ട്. രക്ഷാകർത്തൃത്വത്തിന്റെ പരിധിയിൽ അച്ഛൻ, അമ്മ, ബന്ധുക്കൾ, അയൽക്കാർ, സമൂഹം തുടങ്ങി കുട്ടിക്ക് പരിചരണസേവനം നൽകുന്നവർ വരെ ഉൾപ്പെടുന്നു. കുട്ടികളുടെ വളർച്ചയ്ക്ക് പ്രചോദനം നൽകാൻ കഴിയണമെങ്കിൽ അവരുടെ ശാരീരികാവശ്യങ്ങൾക്കൊപ്പം മാനസികാവശ്യങ്ങളും പരിഗണിക്കപ്പെടണം. വാത്സല്യം, അംഗീകാരം, വിജയം, സുരക്ഷിതത്വം, നിഷ്കർഷ എന്നിവ മാനസികാവശ്യങ്ങളിൽ പ്രധാനമാണ്. ഇവ പൂർത്തീകരിച്ച്, കുട്ടി സന്തോഷത്തിലേക്ക് എത്തിച്ചേരണമെങ്കിൽ കുടുംബാന്തരീക്ഷം താഴെ പറയും പ്രകാരം നിലനിർത്തണം.

- കുടുംബാന്തരീക്ഷത്തിലെ സന്തോഷവും യോജിപ്പും
- പരസ്പരബഹുമാനം
- സത്യസന്ധതയും സുതാര്യതയും
- നിബന്ധനകൾക്കതീതമായ സ്നേഹവും താൽപ്പര്യവും
- ക്ഷമാശീലവും സമയം കണ്ടെത്തലും

**രക്ഷാകർത്താക്കൾ കുട്ടികളോട് എങ്ങനെ പെരുമാറണം?**

- ശിശുക്കൾക്ക് ഉചിതമായ രീതിയിൽ വാത്സല്യവും സ്നേഹവും നൽകുക.
- ആരോഗ്യകരമായ വളർച്ചയ്ക്ക് യോജിച്ച ചുറ്റുപാടുകൾ ലഭ്യമാക്കുക.
- കുട്ടികളെ വിമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാതിരിക്കുക.
- മറ്റു കുട്ടികളുമായി താരതമ്യം ചെയ്യരുത്.
- കുട്ടികളുടെ മുന്നിൽ മാതാപിതാക്കൾ കലഹിക്കരുത്.
- കുട്ടിയുടെ പരാജയത്തിൽ ഉത്കണ്ഠ പ്രകടിപ്പിക്കാതെ മുന്നേറാൻ സഹായിക്കുക.
- കുട്ടിക്കൊപ്പം പ്രശ്നങ്ങൾ നേരിടാൻ നിലയുറപ്പിക്കുക.
- കുട്ടികളുടെ ന്യായമായ ആവശ്യങ്ങൾ സാധ്യമാക്കുക.
- മാർഗനിർദേശം നൽകുകയും മാതൃകയാവുകയും ചെയ്യുക.
- കുട്ടിയിൽ ആത്മവിശ്വാസം വളർത്തുക.
- സ്കൂളുമായി സഹകരിക്കുക.

**രക്ഷിതാവ് അറിയാൻ...**

- കുട്ടികൾക്ക് വ്യക്തമായ വികാസഘട്ടങ്ങളും അതിനോടനുബന്ധിച്ചുള്ള സവിശേഷതകളുമുണ്ട്.
- സമഗ്രവികാസം സാധ്യമാകണമെങ്കിൽ വ്യത്യസ്തമായ വികാസ മേഖലകൾ ഏതെല്ലാമെന്ന് രക്ഷിതാവ് തിരിച്ചറിയണം.
- കുട്ടികളുടെ നൈസർഗികവികാസത്തെ പരിപോഷിപ്പിക്കുന്നതിനൊപ്പം വികാസത്തിനു തടസ്സമായി നിൽക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും വേണം.
- കളികളിൽനിന്നു കുട്ടികൾ ഏറെ പഠിക്കുന്നുണ്ട് എന്നു തിരിച്ചറിഞ്ഞ് കളിക്കുന്നതിനുള്ള അവസരം ഒരുക്കണം.
- ശിശുക്കളുടെ വികാസശേഷികൾക്കും അവരുടെ രീതികൾക്കും അതീതമായി മുതിർന്നവരുടെ പഠനരീതികൾ അടിച്ചേൽപ്പിക്കരുത്.
- വികാസവ്യതിയാനമുള്ള കുട്ടികൾക്ക് കഴിയുന്നത്ര വേഗം യോജിച്ച പരിചരണം നൽകണം.
- അശാസ്ത്രീയമായ, പരസ്യങ്ങളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന ചെലവേറിയ പ്രീസ്കൂളുകളിലേക്ക്/സ്ഥാപനത്തിലേക്ക് ആകൃഷ്ടരാകരുത്.
- ശിശുക്കളെ അനുചിത പെരുമാറ്റങ്ങൾക്ക് വിധേയരാക്കുന്ന സാഹചര്യങ്ങളിൽ ഏൽപ്പിക്കുകയോ അവരെ ശാരീരികമായോ വാചികമായോ ശിക്ഷിക്കുകയോ അവഗണിക്കുകയോ ചെയ്യരുത്.
- പ്രശ്നസ്വഭാവമുള്ള കുട്ടികൾക്ക് ശാസ്ത്രീയമായ വ്യവഹാര വ്യതിയാന പ്രവർത്തനങ്ങൾ വഴി ഗുണകരമായ മാറ്റങ്ങൾ വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

**രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കാൻ പ്രീസ്കൂളിൽ എന്തൊക്കെ ചെയ്യാം?**

1. ഭവനസന്ദർശനവും കുട്ടികളുടെ സർവേയും അവസ്ഥാ അപഗ്രഥനവും സന്ദേശവും.
2. വളർച്ചാ നിരീക്ഷണവും ശേഷീവികാസപുരോഗതിയും അമ്മമാരുമായി പങ്കുവയ്ക്കൽ, ചർച്ച (Open house).
3. മദർ പി.ടി.എ.
4. സ്കൂൾ കലാപരിപാടികളും വാർഷികങ്ങളും
5. ദേശീയ ദിനാചരണങ്ങളും ആഘോഷപരിപാടികളും
6. ഉല്ലാസയാത്രകൾ, പ്രകൃതിപഠനയാത്രകൾ
7. പി.ടി.എ. യോഗങ്ങൾ
8. രക്ഷാകർത്തൃ ശാക്തീകരണ ക്ലാസുകൾ, ശിശുപരിചരണ വിദ്യാഭ്യാസം (Good Parenting)
9. ശിശുക്കൾക്കുള്ള ആരോഗ്യപരിശോധന
10. രക്ഷാകർത്തൃ കൗൺസലിങ്
11. പോഷണ-ആരോഗ്യ ക്ലാസുകൾ




# വിഭവങ്ങൾ

## 1. കഥകൾ



### രാജാവും മാനും

ഒരിക്കൽ ഒരു രാജാവ് കൂട്ടുകാരോടൊത്ത് കാട്ടിൽ വേട്ടയാടാൻ പോയി. അവർ ഒരു മാനിനെ കണ്ടു. രാജാവ് മാനിനെ അമ്പെയ്തുവെങ്കിലും മാൻ കാട്ടിലേക്ക് ഓടിമറഞ്ഞു. രാജാവ് കൂട്ടുകാരോട് അവിടെ നിൽക്കാൻ പറഞ്ഞിട്ട് മാനിനെ തിരഞ്ഞ് കാട്ടിനുള്ളിലേക്ക് ഓടി. ഓട്ടത്തിനിടയിൽ രാജാവ് ഒരു ചതുപ്പിൽ വീണുപോയി. കാലുകൾ ചതുപ്പിൽ താഴാൻ തുടങ്ങി. "അയ്യോ..... രക്ഷിക്കണേ...." രാജാവ് ഉറക്കെ കരഞ്ഞു. ആരു കേൾക്കാൻ? പക്ഷേ നമ്മുടെ മാൻ ഓടിച്ചെന്ന് രാജാവിനോട് പറഞ്ഞു: "എന്റെ കൊമ്പിൽ മുറുകെ പിടിച്ച് കയറിക്കോളൂ." രാജാവ് അപ്രകാരം മാനിന്റെ കൊമ്പിൽ പിടിച്ച് കരയ്ക്കു കയറി. മാൻ രാജാവിനെ മുതുകത്ത് ഇരുത്തി കൂട്ടുകാരുടെ അടുത്ത് എത്തിച്ചു. "നല്ലവനായ ഈ മാനിനെയാണല്ലോ ഞാൻ കൊല്ലാൻ നോക്കിയത്.'' രാജാവിന് വിഷമം തോന്നി പിന്നീടൊരിക്കലും രാജാവ് മൃഗങ്ങളെ വേട്ടയാടാൻ പോയില്ല.



### കുറുക്കന്റെ സൂത്രം

ഒരു കാട്ടിൽ ഒരു കുറുക്കനും കുറുക്കത്തിയും താമസിച്ചിരുന്നു. ഒരു ദിവസം കുറുക്കത്തിക്ക് മീൻ തിന്നാൻ കൊതിയായി. കുറുക്കൻ നേരെ പുഴയിലേക്ക് പോയി. അവിടെ രണ്ട് പൂച്ചകൾ മീൻ പിടിക്കുന്നുണ്ടായിരുന്നു. കുറുക്കൻ അത് അവർ കാണാതെ നോക്കിയിരുന്നു. പൂച്ചകൾക്ക് നല്ല ഒരു മീൻ കിട്ടി. "നമുക്ക് ഈ മീനിനെ പങ്കുവച്ചെടുക്കാം." ഒരു പൂച്ച പറഞ്ഞു. "ഞാനല്ലേ പിടിച്ചത്, എനിക്കു കൂടുതൽ വേണം." "അതുപറ്റില്ല." മറ്റേ പൂച്ച പറഞ്ഞു. അങ്ങനെ അവർ തമ്മിൽ തർക്കമായി. അപ്പോൾ അവിടെ എത്തിയ കുറുക്കൻ പറഞ്ഞു: "ഞാൻ പങ്കുവച്ചുതരാം." പൂച്ചകൾ സമ്മതിച്ചു.

കുറുക്കൻ വാൽ ഒരു പൂച്ചയ്ക്കും തല മറ്റേ പൂച്ചയ്ക്കും മുറിച്ചുകൊടുത്തു. "ഓഹരിവച്ച കൂലിയായി എനിക്ക് ഈ കഷണമിരിക്കട്ടെ" എന്ന് പറഞ്ഞ് കൊണ്ട് മീനിന്റെ വലിയ കഷണവുമായി കുറുക്കൻ ഒറ്റ ഓട്ടംവച്ചു

കൊടുത്തു. അപ്പോഴാണ് കുറുക്കന്റെ സൂത്രം പൂച്ചകൾക്ക് പിടികിട്ടിയത്. ''വെറുതെ തർക്കിച്ചതുകൊണ്ടാണ് കുഴപ്പമായത്''-പൂച്ചകൾക്ക് മനസ്സിലായി.

## ശത്രുവിനെ വിശ്വസിക്കരുത്

ഒരിക്കൽ ഒരു ഇടയൻ ആടുകളെ തീറ്റാനായി മൈതാനത്ത് എത്തി. അപ്പോൾ ആവഴി ഒരു ചെന്നായ വന്നു. ചെന്നായ ആടുകളുടെയും ഇടയന്റെയും അടുത്തു ചെന്നു നിന്നു. കുറേനേരം കഴിഞ്ഞിട്ടും അവൻ ആടുകളെ ആക്രമിച്ചില്ല. മാത്രമല്ല, ഒരു കാവൽക്കാരനെപ്പോലെ ആടുകളോടൊപ്പം നടക്കാനും തുടങ്ങി. ദിവസവും ആടുകളോടൊപ്പം പോയിരുന്ന ചെന്നായയെ ഇടയൻ വിശ്വസിച്ചു. ഒരു ദിവസം ഇടയൻ ആടുകളെ ചെന്നായെ ഏൽപ്പിച്ച് ദൂരെ യാത്രപോയി. ഇടയൻ പോയതും ചെന്നായയുടെ മട്ടുമാറി. അവൻ ആടുകളെ ആക്രമിച്ച് കുറേ എണ്ണത്തിനെ ശാപ്പിട്ടു. ഇടയൻ തിരിച്ചെത്തിയപ്പോൾ കുറേ ആടുകളെ കാണാനില്ല. "ആടുകളുടെ ശത്രുവായ ചെന്നായയെ കാവൽ ഏൽപ്പിച്ച ഞാനെന്തൊരു മണ്ടനാ"- ഇടയന് മനസ്സിലായി.

## പൂച്ച

ഒരു കാട്ടിൽ കുറേ എലികളുണ്ടായിരുന്നു. ഒരിക്കൽ ഒരു ഭയങ്കരൻ പൂച്ച ആ കാട്ടിലെത്തി. അവൻ എലികളെ പിടിച്ചു തിന്നാൻ തുടങ്ങി. വൈകാതെ എലികളുടെ എണ്ണം കുറയാനും തുടങ്ങി. ഒരിക്കൽ ബുദ്ധിമാനായ ഒരു എലി ആ കാട്ടിലെത്തി. അവൻ എലികളുടെ നേതാവായി. "ദുഷ്ടനായ ആ പൂച്ചയെ നമുക്ക് ബുദ്ധികൊണ്ടേ തോൽപ്പിക്കാനാവൂ" - നേതാവ് എലി പറഞ്ഞു. അവൻ ചില പദ്ധതികൾ ആലോചിച്ചു. എല്ലാവരും കൂടി ഒരുഭാഗത്ത് കൂടിനിൽക്കുകയും നേതാവ് എലിമാത്രം ഒറ്റയ്ക്കു നിൽക്കുകയും ചെയ്തു. നേതാവ് നിന്നതിനടുത്ത് വലിയ ഒരു കുഴി ഉണ്ടാക്കി അതിൽ മുള്ളും കല്ലും പകുതിവരെ നിറച്ചിരുന്നു. കുന്നിൻ മുകളിൽ നിന്നിരുന്ന പൂച്ച എലികൾ നിരന്നു നിന്നത് കാണുകയും ഒറ്റയ്ക്ക് നിൽക്കുന്ന എലിയുടെ മേലേയ്ക്ക് ചാടുകയും ചെയ്തു. ഇത് മുൻകൂട്ടി കണ്ടിരുന്ന നേതാവ് ചാടിമാറിക്കളഞ്ഞു. പൂച്ച നേരെ കുഴിയിൽ വീണു. എലികൾ എല്ലാവരും കൂടി കുഴിയിലേക്ക് കല്ലും മറ്റും എടുത്തെറിഞ്ഞ് പൂച്ചയുടെ കഥകഴിച്ചു.

## പക്ഷിരാജാവ്

ഒരിക്കൽ പക്ഷികളുടെ രാജാവിനെ തിരഞ്ഞെടുക്കാൻ വനവേദത തീരുമാനിച്ചു. "എല്ലാവരും കുളിച്ചു വരുക. ഏറ്റവും ഭംഗിയുള്ളയാളെ രാജാവാക്കും." വനദേവത പറഞ്ഞു. പക്ഷികളെല്ലാം പുഴക്കരയിൽ കുളിക്കാനെത്തി. "എനിക്ക് രാജാവാകണം, എന്റെ കറുത്ത തൂവലുകൾ കണ്ടാൽ ആരും രാജാവാക്കില്ല." കാക്കയ്ക്കു തോന്നി. പുഴക്കരയിൽ മറ്റ് പക്ഷികളുടെ ദേഹത്ത് നിന്നു പൊഴിഞ്ഞുവീണ തൂവലുകൾ കാക്ക തന്റെ ദേഹത്ത് പശ തേച്ച് ഒട്ടിച്ചുവച്ചു. എന്നിട്ട് വനദേവതയുടെ അടുത്തെത്തി. കാക്കയുടെ സൂത്രം പിടികിട്ടിയ വനദേവത പുഞ്ചിരിയോടെ പറഞ്ഞു: "ശരി, നീ തന്നെ രാജാവ്." മറ്റുള്ള പക്ഷികൾക്കും കാക്കയുടെ തട്ടിപ്പ് മനസ്സിലായിരുന്നു. എല്ലാവരും കൂടി കാക്കയുടെ ദേഹത്തുള്ള തൂവലുകൾ കൊത്തിപ്പറിച്ചു. നാണിച്ചുപോയ കാക്ക വേഗം അവിടെ നിന്നു പറന്നുപോയി. ആരെയും അധികനേരം പറ്റിക്കാൻ കഴിയില്ല എന്ന് കാക്കയ്ക്ക് മനസ്സിലായി.

## ന്യായാന്യായം

ഒരിക്കൽ ഒരുമീൻപിടിത്തക്കാരൻ മീൻ പിടിക്കാൻ പുഴയിൽ കൂടുവച്ചു. ആ കൂടിനുള്ളിൽ കുറേ പരൽമീനുകളും ഒരു നീർക്കോലിയും കുടുങ്ങി. പരൽമീനുകളെ കണ്ടപ്പോൾ നീർക്കോലി വിചാരിച്ചു: ''ഇവരെ അകത്താക്കാം." നീർക്കോലി മീനുകളെ പിടിച്ചുതിന്നാനായി അടുത്തേക്ക് ചെന്നു. പക്ഷേ, മീനുകൾ കൂട്ടമായി നീർക്കോലിയെ കടിച്ചു. അപ്പോഴാണ് കൂടിനു പുറത്തുകൂടി ഒരു തവള പോകുന്നത് നീർക്കോലി കണ്ടത്. "കണ്ടോ ചങ്ങാതീ, ഈ മീനുകൾ എന്നെ കടിക്കുന്നത് ഇവർ ചെയ്യുന്നത്

ശരിയാണോ?'' നീർക്കോലി തവളയോട് ചോദിച്ചു. അതു കേട്ട് തവള പറഞ്ഞു: "ഹാ....ഹാ....ഹാ! എന്നു മുതലാണ് നീ തെറ്റും ശരിയുമൊക്കെ നോക്കി ജീവിക്കാൻ തുടങ്ങിയത്? മീനുകളോ തവളകളോ നിന്റെ അടുത്തു കൂടിപ്പോയാൽ ചാടി വിഴുങ്ങുകയല്ലേ നിന്റെ പതിവ്." അത്രയും പറഞ്ഞിട്ട് തവള സ്ഥലംവിട്ടു. നീർക്കോലി നാണിച്ചുപോയി.

## മൺചട്ടിയും പിച്ചളച്ചട്ടിയും

ഒരിക്കൽ ഒരിടത്ത് വലിയ ഒരു വെള്ളപ്പൊക്കമുണ്ടായി. വീടുകളെല്ലാം വെള്ളത്തിൽ മുങ്ങി. വീട്ടിലെ പാത്രങ്ങളെല്ലാം വെള്ളത്തിൽ ഒഴുകിനടന്നു. അക്കൂട്ടത്തിൽ ഒരു മൺചട്ടിയും ഒരു പിത്തളക്കുടവും ഉണ്ടായിരുന്നു. മൺചട്ടിയെ നോക്കി പിച്ചളക്കുടം പറഞ്ഞു: "നമ്മൾ രണ്ടാളും വെള്ളത്തിൽ ഒഴുകുകയല്ലേ. എന്നോടൊപ്പം ചേർന്ന് ഒഴുകിക്കൊള്ളൂ," മൺചട്ടി ഒന്നും മിണ്ടിയില്ല. "നിനക്ക് ആപത്ത് വരാതെ ഞാൻ സൂക്ഷിക്കാം" – പിച്ചളക്കുടം പിന്നെയും പറഞ്ഞു. മൺചട്ടി അപ്പോഴും ഒന്നും പറഞ്ഞില്ല. "എന്താ ഒന്നും മിണ്ടാത്തത്?'' പിച്ചളക്കുടം ചോദിച്ചു. അപ്പോൾ മൺചട്ടി പറഞ്ഞു: "അങ്ങയുടെ സ്നേഹത്തിനു നന്ദി. പക്ഷേ, അങ്ങയോട് അടുക്കുന്നത് ആപത്താണ്." അതെങ്ങനെ"–പിച്ചളക്കുടം ചോദിച്ചു. "കുടുതൽ അടുത്താൽ നമ്മൾ തമ്മിൽ കൂട്ടിമുട്ടും. അങ്ങനെ വന്നാൽ ഞാൻ പൊട്ടിപ്പോകും." ശക്തന്മാരോട് അധികം അടുക്കാതിരിക്കുന്നതാണ് നല്ലത്. ഇതും പറഞ്ഞ് മൺചട്ടി മാറി ഒഴുകാൻ തുടങ്ങി.

## അത്യാഗ്രഹം ആപത്ത്

ഒരിക്കൽ കാട്ടിൽ വലിയ വരൾച്ച ഉണ്ടായി. മരങ്ങളെല്ലാം ഉണങ്ങി. പഴങ്ങൾ കിട്ടാതെ കിളികൾ വിഷമിച്ചു. "അടുത്തുള്ള ഗ്രാമത്തിൽ പഴങ്ങളുണ്ട്. നമുക്ക് അങ്ങോട്ട് പോകാം." കിളികളുടെ നേതാവ് പറഞ്ഞു. അവർ അടുത്തുള്ള ഗ്രാമത്തിലേക്കു പറന്നു. ഗ്രാമത്തിലെത്തിയപ്പോൾ നേതാവ് പറഞ്ഞു: "ഇനി ഓരോരുത്തരും ഓരോ വഴിക്കു പോകണം. എവിടെയെങ്കിലും പഴങ്ങളോ മറ്റോ കണ്ടാൽ മറ്റുള്ളവരെക്കൂടി വിവരം അറിയിക്കണം." എല്ലാവരും അത് സമ്മതിച്ചു. ഓരോ വഴിക്കു പറന്നുപോയി. കൂട്ടത്തിൽ അത്യാഗ്രഹിയായ ഒരു കിളിയുണ്ടായിരുന്നു. അവൻ പോയ വഴിയിൽ കുറേ ധാന്യം വീണുകിടപ്പുണ്ടായിരുന്നു. ''ഇക്കാര്യം ആരോടും പറയണ്ട. കുറേ ദിവസത്തേക്ക് തിന്നാനുള്ളത് ഉണ്ട്.'' കിളി വിചാരിച്ചു. കിളി ഒറ്റയ്ക്ക് വയറുനിറയെ തിന്നു. കൂട്ടുകാരുടെ അടുത്ത് ഇത് പറഞ്ഞതുമില്ല."ആരും ആ വഴി പോവണ്ട. അവിടെ ഒന്നുമില്ല"– കിളി മറ്റുള്ളവരോട് പറഞ്ഞു. പിറ്റേന്നു കിളി ധാന്യം വീണുകിടന്ന സ്ഥലത്തെത്തി. പക്ഷേ, ധാരാളം തിന്നുന്നതിനിടയിൽ ഒരു വണ്ടി വന്നത് കിളി കണ്ടില്ല. കാളവണ്ടിയുടെ ചക്രത്തിൽ കിളിയുടെ ചിറക് കുരുങ്ങി കിളിക്കു പരിക്കുപറ്റി. പറക്കാൻ കഴിയാതെയായി. മറ്റു കിളികൾ ഈ കിളിയെ കാണാതെ തിരക്കിവന്നപ്പോൾ ധാരാളം ധാന്യം കിടക്കുന്നതും കൂട്ടുകാരൻ പറക്കാൻ കഴിയാതെ കിടക്കുന്നതും കണ്ടു. മറ്റു കിളികളോട് ധാന്യത്തെപ്പറ്റി പറയാഞ്ഞതും ഒറ്റയ്ക്ക് വന്ന് ധാന്യം കഴിച്ചതും കൂട്ടുകാർ തിരക്കിവന്നതും ഒക്കെ ഓർത്തപ്പോൾ കിളിക്ക് സങ്കടമായി. ഉള്ളത് എല്ലാവരും കൂടി ഒരുമിച്ചു കഴിക്കുമ്പോൾ മാത്രമേ സന്തോഷം ഉണ്ടാകൂ എന്ന് കിളി മനസ്സിലാക്കി.

## ഭംഗിയുണ്ടോ.....

ഒരിക്കൽ രണ്ടു നദികളിലെ മീനുകൾ തമ്മിൽ കണ്ടുമുട്ടി. മഹാ അഹങ്കാരികളായിരുന്നു അവർ രണ്ടുപേരും. "നിന്നെ കാണാൻ ഒന്നിനും കൊള്ളില്ല. ഞാനാണ് സുന്ദരി." ഒരു മീൻ പറഞ്ഞു. ഇതു കേട്ട് മറ്റേ മീൻ പറഞ്ഞു: "നീണ്ടുമെലിഞ്ഞ ഞാൻ തന്നെയാണ് തടിച്ചിയായ നിന്നെക്കാളും സുന്ദരി." "ഹും! ആരു പറഞ്ഞു" – മറ്റേ മീനും വിട്ടുകൊടുത്തില്ല. അങ്ങനെ അവർ തമ്മിൽ തർക്കമായി. അപ്പോഴാണ് കരയിൽ ഒരു മുതല കിടക്കുന്നത് അവർ കണ്ടത്. "നമുക്ക് ആ മുതലയോട് ചോദിക്കാം." മറ്റേ മീൻ അത് സമ്മതിച്ചു. അവർ മുതലയുടെ അടുത്തെത്തി കാര്യം പറഞ്ഞു. മുതല പറഞ്ഞു: "ഞാനല്ലേ നിങ്ങളേക്കാൾ സുന്ദരി. എന്റെ പല്ല് കണ്ടില്ലേ." ഇതും പറഞ്ഞ് മുതല മീനുകളെ പിടികൂടാനായി വെള്ളത്തിലേക്ക് ഒറ്റച്ചാട്ടം.

പേടിച്ചുപോയ മീനുകൾ വേഗം നീന്തിരക്ഷപ്പെട്ടു. "ഹും! വെറുതെ തർക്കിച്ച് നമ്മൾ ഇപ്പോൾ അപകടത്തിലായേനെ". മീനുകൾക്ക് തെറ്റു മനസ്സിലായി.

## സുകേശിനിയുടെ നൂൽ

ഒരു പരുത്തിത്തോട്ടത്തിലെ കാവൽക്കാരിയായിരുന്നു സുകേശിനി. ഒരു ദിവസം അവർ കുറേ പരുത്തി എടുത്ത് നൂൽ പിരിച്ചു. എന്നിട്ട് അവ ചുറ്റി പല നൂലുകൾ ഉണ്ടാക്കി കുട്ടയിലാക്കി വീട്ടിലേക്ക് പോയി. കുറേ നടന്നപ്പോൾ സുകേശിനിക്ക് വല്ലാത്ത ക്ഷീണം തോന്നി. അവർ ഒരു മരത്തിനു ചുവട്ടിൽ ഇരുന്ന് ഉറങ്ങിപ്പോയി. അപ്പോൾ അതുവഴി വന്ന ഒരു സ്ത്രീ കുട്ടയിലെ നൂലുകൾ കണ്ടു. "ഇവ എടുത്തുകൊണ്ടു പോയാൽ ആരും അറിയില്ല!" അവർ കുട്ടയുമെടുത്ത് നടന്നു. സുകേശിനി പെട്ടെന്ന് ഉണർന്നു. അവർ ഓടി മോഷ്ടിച്ച സ്ത്രീയുടെ അടുത്തെത്തി. "എന്റെ കുട്ടതാ" – സുകേശിനി പറഞ്ഞു " ഹും! ഇത് എന്റേതാണ്." മറ്റേ സ്ത്രീയും വിട്ടുകൊടുത്തില്ല. ഒടുവിൽ തർക്കം ഗ്രാമമുഖ്യന്റെ അടുത്തെത്തി. അദ്ദേഹം രണ്ടുപേരോടും കാര്യങ്ങൾ തിരക്കി. "എന്തിൻമേലാണ് നൂൽ ചുറ്റിയത് – മോഷ്ടാവായ സ്ത്രീയോട് അദ്ദേഹം ചോദിച്ചു. "ഒരു മുത്തിൻമേലാണ് നൂൽ ചുറ്റിയത്." അവർ പറഞ്ഞു. സുകേശിനി പരുത്തിക്കുരുവിൻ മേലാണ് നൂൽ ചുറ്റിയതെന്ന് പറഞ്ഞു. ഗ്രാമത്തലവൻ നൂലുണ്ട അഴിച്ചുനോക്കുകയും സത്യം മനസ്സിലാക്കി നൂൽ സുകേശിനിക്ക് കൊടുക്കുകയും ചെയ്തു.

## കോഴിയമ്മയുടെ കൃഷി


ഒരിക്കൽ ഒരു കോഴിയമ്മ വഴിയിലൂടെ നടന്നു പോവുകയായിരുന്നു. കോഴിയമ്മയ്ക്ക് നന്നായി വിശക്കുന്നുണ്ടായിരുന്നു. അവിടവിടെ ചികിനോക്കി. അപ്പോൾ ഒരു ധാന്യമണി കിട്ടി. അത് കൊത്തിത്തിന്നാൻ പുറപ്പെട്ട കോഴിയമ്മയെ നോക്കി ധാന്യമണി കരഞ്ഞു പറഞ്ഞു: "എന്നെ തിന്നാതെ കുഴിച്ചിട്ടൂടേ? ഞാൻ ഒരുപാട് ധാന്യമണി നിനക്ക് തരാം." കോഴിയമ്മ വിചാരിച്ചു, ഒരു മണി ധാന്യം കൊണ്ട് എന്റെ വിശപ്പ് മാറില്ല. ഞാനിത് കുഴിച്ചിട്ടേക്കാം. ധാന്യമണി വീട്ടിൽ കൊണ്ടുപോയി കോഴിയമ്മയും മക്കളും കൂടി കുഴിച്ചിട്ടു. അതിന് ദിവസവും വെള്ളമൊഴിച്ചു. വളമിട്ടു. ചെടി വളർന്നു കതിരിട്ടു. നിറച്ചും ധാന്യം. കോഴിയമ്മയും മക്കളും ധാന്യം കൊയ്ത് അപ്പമുണ്ടാക്കി വയറുനിറയെ തിന്നു.

## വൃത്തിതന്നെ രക്ഷ

കൃഷിക്കാരനായിരുന്നു ദാമു. ഒരു ദിവസം അയാൾ വയലിൽ വിത്തു വിതയ്ക്കാനിറങ്ങി. പണി കഴിഞ്ഞപ്പോൾ ദാമുവിന് വല്ലാത്ത ക്ഷീണം തോന്നി. കുറച്ച് വിശ്രമിച്ചിട്ട് വീട്ടിൽ പോകാം. ദാമു വിചാരിച്ചു. അയാൾ വയൽക്കരയിൽ തളർന്നിരുന്നു. പെട്ടെന്ന് ഒരു ഈച്ച പറന്നു വന്ന് അയാളുടെ കഷണ്ടിത്തലയിൽ ഇരുന്നു. ദാമു ഈച്ചയെ അടിക്കാനായി കൈയോങ്ങി. അടികൊണ്ടത് തലയ്ക്കാണെന്ന് മാത്രം. വീണ്ടും ഈച്ച വന്നിരുന്നു. ദാമു വീണ്ടും അടിക്കാനോങ്ങി. ഇപ്രാവശ്യവും അടി ദാമുവിന്റെ തലയ്ക്കു തന്നെ. ദാമുവിന് തോന്നി, ഇത്തരിപ്പോന്നൊരു ഈച്ചയെ ഓടിക്കാൻ അടിച്ചിട്ട് കാര്യമില്ല. കുളിച്ചിട്ട് തന്നെ കാര്യം.

## ആമയും മുയലും

ഒരിടത്ത് അഹങ്കാരിയായ ഒരു മുയൽ ഉണ്ടായിരുന്നു. എല്ലാവരെയും കളിയാക്കലാണ് അവന്റെ ജോലി. താൻ വലിയ ഓട്ടക്കാരനാണ് എന്നാണ് മുയലിന്റെ ഭാവം. ഒരു ദിവസം മുയൽ ഒരു ആമയെ കണ്ടു. മുയൽ ആമയെ കളിയാക്കി. "അയ്യയ്യേ... നിനക്ക് എന്നെപ്പോലെ ഓടാൻ പറ്റില്ലല്ലോ." മുയലിന്റെ കളിയാക്കൽ കേട്ട് ആമയ്ക്ക് ദേഷ്യം വന്നു: "ഹും! അങ്ങനെ കളിയാക്കുകയൊന്നും വേണ്ട. നമുക്ക് ഒരു ഓട്ടമത്സരം നടത്താം."



അതുകേട്ട് മുയലിന് ചിരിവന്നു. എങ്കിലും മുയൽ സമ്മതിച്ചു. “ശരി, നാളെ നമുക്ക് മത്സരം നടത്താം.” അങ്ങനെ പിറ്റേ ദിവസം ആമയും മുയലും ഓട്ട മത്സരം തുടങ്ങി. കുറുക്കൻ റഫറിയായി. മുയൽ കുറേ ഓടി മുന്നിലെത്തി. “ആമ വരുമ്പോഴേയ്ക്കും ക്ഷീണം മാറ്റാം.” മുയൽ അടുത്ത മരത്തിനു ചുവട്ടിലിരുന്നു. നല്ല കാറ്റ്. മുയൽ ഉറങ്ങിപ്പോയി. ആമ പതുക്കെ നടന്നു നടന്നു മുന്നിലെത്തി. കുറച്ചു കഴിഞ്ഞപ്പോൾ കുറുക്കൻ മുയലിനെ തട്ടി എഴുന്നേൽപ്പിച്ചു പറഞ്ഞു: “ജയിച്ചത് ആമയാ.” അതുകേട്ട് മുയൽ ഞെട്ടി. നാണിച്ച് സ്ഥലം വിട്ടു.

## മുതിർന്നവരെ അനുസരിക്കണം

കാട്ടിലെ മരത്തിൽ കുറേ പക്ഷികൾ താമസിച്ചിരുന്നു. വയസ്സായ ഒരു പരുന്തായിരുന്നു അവരുടെ നേതാവ്. വയസ്സനായതുകൊണ്ട് ചില ചെറുപ്പക്കാരായ പക്ഷികൾ പരുന്ത് പറഞ്ഞാൽ അനുസരിക്കില്ലായിരുന്നു. ഒരിക്കൽ കാട്ടിൽ കൊടുംവരൾച്ചയുണ്ടായി. മരങ്ങളെല്ലാം ഉണങ്ങിക്കരിഞ്ഞു. കുളങ്ങളെല്ലാം വറ്റിവരണ്ടു. “ഏതു നിമിഷവും കാട്ടുതീ ഉണ്ടാകാം. നമുക്ക് കാടിന്റെ മറുവശത്തേക്ക് താമസം മാറാം. “പരുന്ത് മറ്റു പക്ഷികളോട് പറഞ്ഞു. “ഞങ്ങൾക്ക് പേടിയില്ല. ഞങ്ങൾ ഈ മരത്തിൽ തന്നെ താമസിച്ചോളാം.വേണമെങ്കിൽ നിങ്ങൾ പൊയ്ക്കോ'' - മഞ്ഞക്കിളിയും കൂട്ടുകാരനും പരുന്തിനോട് പറഞ്ഞു.

''എങ്കിൽ ഞങ്ങൾ പോവുകയാണ്.'' പരുന്തും കൂട്ടരും കാടിന്റെ മറുവശത്തേക്ക് പറന്നുപോയി. മഞ്ഞക്കിളി അവരെ കളിയാക്കി: “പേടിത്തൊണ്ടൻമാർ”. പക്ഷേ, പിറ്റന്നത്തേക്ക് തീ പടരാൻ തുടങ്ങി. “അയ്യോ! തീ! നമുക്ക് രക്ഷപ്പെടാം.'' മഞ്ഞക്കിളിയും കൂട്ടുകാരനും ഒരുവിധത്തിൽ പറന്ന് കാടിന്റെ മറുവശത്തെത്തി. പരുന്തും മറ്റുള്ളവരും അവരെ സ്വീകരിച്ചു. “ഞങ്ങളോട് ക്ഷമിക്കണേ, പ്രായവും അറിവുമുള്ള നിങ്ങളുടെ വാക്ക് അനുസരിക്കാത്തതിന്റെ ഫലം ഞങ്ങൾക്ക് കിട്ടി.” മഞ്ഞക്കിളിയും കൂട്ടുകാരനും പറഞ്ഞു.

## കുറുക്കനും കൊറ്റിയും

ഒരിടത്ത് ഒരു കൊറ്റി ഉണ്ടായിരുന്നു. കൊറ്റി ഒറ്റക്കാലിൽ വെറുതെയങ്ങനെ നിൽക്കുമ്പോൾ ഒരു കുറുക്കൻ ആ വഴി വന്നു. തണുപ്പു സഹിക്കാഞ്ഞിട്ടാണ് കൊറ്റി കൂനിക്കൂടി നിന്നത്. കുറുക്കനെ കണ്ടപ്പോൾ കൊറ്റി ചോദിച്ചു. “കുറുക്കാ, കുറുക്കാ, എന്നെയും നിന്റെ വീട്ടിൽ താമസിപ്പിക്കുമോ? നിന്നെ ഞാൻ പറക്കാൻ പഠിപ്പിക്കാം.” കുറുക്കൻ സമ്മതിച്ചു. അവർ രണ്ടാളും കൂടി കുറുക്കന്റെ മാളത്തിൽ താമസമാക്കി.

കുറച്ച് വേട്ടക്കാർ ആ കാട്ടിലേക്ക് വന്നു. അവർക്ക് മനസ്സിലായി. ഒരു കുറുക്കനും കൊറ്റിയും കൂടി ഒന്നിച്ച് താമസിക്കുന്നുണ്ടെന്ന്. അവർ കുറുക്കന്റെ മാളത്തിനരികെ കുഴിക്കാൻ തുടങ്ങി.

കുറുക്കൻ ചോദിച്ചു: “കൊറ്റീ, കൊറ്റീ, നമ്മളിനി എന്ത് ചെയ്യും?”

കൊറ്റി പറഞ്ഞു: “ആവൂ, ഇതാണോ പ്രയാസം? ഒരു പത്ത് ഉപായമെങ്കിലും എനിക്കറിയാം.”

കുറുക്കൻ പിന്നെയും പിന്നെയും കൊറ്റിയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. വേട്ടക്കാർ അടുത്തെത്താറായിരിക്കുന്നു. അപ്പോൾ കൊറ്റി പറഞ്ഞു: “എനിക്ക് ഒരുപായമേ തോന്നുന്നുള്ളൂ.”

“ശരി” - കുറുക്കൻ പറഞ്ഞു: “അതെന്താണെന്ന് വേഗം പറയൂ.”

കൊറ്റി പറഞ്ഞു: “ഞാൻ മാളത്തിനരികെ ചത്തപോലെ കിടക്കും. വേട്ടക്കാർ എന്നെ എടുത്ത് ചത്തുവോ എന്ന് പരിശോധിക്കുന്നതിനിടയ്ക്ക് നീ ഓടി രക്ഷപ്പെടണം. അവർ നിന്റെ പിന്നാലെ വരുമ്പോൾ ഞാൻ രക്ഷപ്പെട്ടോളാം.”

കുറുക്കന് തോന്നി, നല്ല സൂത്രം.

കൊറ്റി മാളത്തിനു വാതിൽക്കൽ മരിച്ചപോലെ കിടന്നു. വേട്ടക്കാർ മാളത്തിലെത്തിയപ്പോൾ കൊറ്റി ചത്തുകിടക്കുന്നതു കണ്ട് അത്ഭുതപ്പെട്ടു. “ഒരു കുറുക്കൻ കൊറ്റിയെ കൊന്നിരിക്കുന്നു. ആദ്യമായി കേൾക്കുകയാണ്.”

അവർ പറഞ്ഞു നിർത്തും മുൻപ് കുറുക്കൻ ഒറ്റയോട്ടം വച്ചു കൊടുത്തു. കൊറ്റി ചിറകടിച്ച് പറന്നുയർന്നു.

ഹോ! ഹോ! കുറുക്കൻ വിളിച്ചു.

ഹോ! ഹോ! കൊറ്റി വിളി കേട്ടു.

അവർ രണ്ടു പേരും വീണ്ടും ഒരുമിച്ചു. അപ്പോൾ കുറുക്കൻ പറഞ്ഞു: "നീ എന്നെ പറക്കാൻ പഠിപ്പിക്കണം. നീ വാക്കു തന്നതാണ്."

"ശരി, ശരി" - കൊറ്റി പറഞ്ഞു: "എന്റെ പുറത്ത് കയറിക്കോ."

കുറുക്കൻ കൊറ്റിയുടെ പുറത്ത് കയറി. കൊറ്റി കുറച്ച് ദൂരം പറന്നു. പൊന്തിയിട്ട് കുറുക്കനെ താഴെയിട്ടു. കുറുക്കൻ നിലത്ത് വീണു. പക്ഷേ, മുറിവൊന്നും ഇല്ലാതെ രക്ഷപ്പെട്ടു.

"എങ്ങനെയുണ്ട് പറക്കൽ" - കൊറ്റി ചോദിച്ചു.

"നല്ല രസമുണ്ട്." കുറുക്കൻ പറഞ്ഞു. "എന്റെ പുറത്ത് ഒന്നു കൂടി കയറിക്കോ" - കൊറ്റി പറഞ്ഞു.

കൊറ്റി കുറച്ചുകൂടി ഉയരത്തിൽ പറന്നു.

കുറുക്കനും പറക്കാൻ പറഞ്ഞു. കുറുക്കനുണ്ടോ കഴിയുന്നു? കൈകാൽ വീശി പറക്കാൻ ആശിച്ച കുറുക്കൻ താഴെ വീണു പോയി.

"എങ്ങനെയുണ്ട് പറക്കൽ" - കൊറ്റി ചോദിച്ചു.

അതിന് ഉത്തരം പറയാൻ നിൽക്കാതെ കുറുക്കൻ എഴുന്നേറ്റ് ഓടിപ്പോയി.

## കുറുക്കനും കരടിയും

ഒരിക്കൽ കരടി അടുക്കളത്തോട്ടത്തിൽ കൃഷിചെയ്യുന്നത് കണ്ട് കുറുക്കൻ അടുത്തു കൂടി. എന്നിട്ട് പറഞ്ഞു:

"കരടിച്ചേട്ടാ, എനിക്ക് ഈ അടുക്കളത്തോട്ടത്തിൽ കൃഷിചെയ്താൽ കൊള്ളാമെന്നുണ്ട്."

കരടി പറഞ്ഞു: "കുറുക്കച്ചാരേ, സംഗതി കൊള്ളാം. പക്ഷേ, നീ നടുന്നതിനു ഒരു പങ്ക് എനിക്ക് വേണം."

കുറുക്കൻ പറഞ്ഞു: "അങ്ങനെയാവാം. ഞാനുണ്ടാക്കുന്ന വിളവിന്റെ പകുതി തരാം."

കരടിക്ക് സന്തോഷമായി. കൃഷിയെല്ലാം കുറുക്കൻ ചെയ്യും. കരടിക്ക് വെറുതെ വീട്ടിലിരുന്നാൽ മതി. വിളവിനെ പകുതി കിട്ടും. ഭക്ഷണം കുശാൽ!

കുറുക്കൻ മൺവെട്ടിയും പിക്കാസും ഒക്കെയായി വന്നപ്പോൾ കരടി ഗമയിൽ ഒരു കാര്യം കൂടി പറഞ്ഞു. "കൃഷി ചെയ്യുന്നതൊക്കെ കൊള്ളാം. ഇത്തവണത്തെ വിളവിനു മുകൾഭാഗം എനിക്കും മണ്ണിനടിയിലേത് നിനക്കുമായിരിക്കും." കുറുക്കൻ അത് സമ്മതിച്ചു. കുഴികുത്തി ചേന നട്ടു. ചേന മണ്ണിനടിയിലാണല്ലോ ഉണ്ടാകുന്നത്. വിളവെടുക്കുന്ന സമയമായപ്പോൾ കുറുക്കൻ കരാർ പ്രകാരം മണ്ണിനുമുകളിലെ തണ്ടും ഇലയും കരടിക്ക് കൊണ്ടുകൊടുത്ത്, വലിയ ചേന ചുമന്ന് വീട്ടിലേക്ക് പോയി. കരടിക്ക് ദേഷ്യം വന്നു. കള്ളക്കുറുക്കൻ! തന്നെ പറ്റിച്ചു, അല്ലേ? ശരി. അടുത്ത തവണ അവനെ ഞാനും പറ്റിക്കും.

പിറ്റേന്ന് തന്നെ മൺവെട്ടിയും പിക്കാസുമായി കുറുക്കൻ വന്നപ്പോൾ കരടി ഗർജിച്ചു: "കുറുക്കാ, നിന്റെ വേല എന്നോട് വേണ്ട. ഇത്തവണ കൃഷി ചെയ്യുന്നതിന്റെ അടിഭാഗം എനിക്ക് തരണം. മുകളിലുണ്ടാകുന്ന ഇലയും മറ്റും നീയെടുത്തോ." കുറുക്കൻ സമ്മതിച്ചു.

വലിയ കുഴികുത്തി അതിൽ വാഴ നട്ടു. കുഴികുത്തുന്നതും വളമിടുന്നതും വെള്ളം നനയ്ക്കുന്നതുമെല്ലാം കരടി കൈയും കെട്ടി നോക്കിയിരുന്നു. വിളവെടുക്കാറായപ്പോൾ കുറുക്കൻ മുകളിലെ ഇലയും കുലയുമെല്ലാം എടുത്തു. കരാർ അങ്ങനെയാണല്ലോ! കരടിക്ക് അടിഭാഗവും കൊടുത്തു. കരടിക്ക് ഒറ്റ പഴവും കിട്ടിയില്ല. ഇതിൽ നിന്നു കരടി ഒരു പാഠം പഠിച്ചു.

*അറിയാത്ത തൊഴിൽ ചെയ്യാൻ പോകരുത്.*

*മറ്റുള്ളവരുടെ അധ്വാനഫലം ആഗ്രഹിക്കരുത്.*

## പാടം ഉഴുത ഈച്ച

ഒരു ദിവസം ഒരാൾ തന്റെ കാളകളെയും കൊണ്ട് കന്നുപൂട്ടാൻ പോയി. ഒരു കാളയുടെ പുറത്ത് ഒരു ഈച്ച കയറിയിരുന്നു. അത് കാളയോട് ചോദിച്ചു: "നീ എങ്ങോട്ടാ?"

കാള പറഞ്ഞു: "ഞാൻ കന്നുപൂട്ടാൻ പോവുകയാണ്."

ഈച്ച ചോദിച്ചു: "അതെന്തിനാ?"

കാള പറഞ്ഞു: "പാടം ഉഴുതുമറിച്ചിട്ട് വേണം വിത്തു വിതയ്ക്കാൻ. വിത്തു വിതച്ചാൽ നെൽച്ചെടികൾ വളരും. അവ കതിരിടും. ധാരാളം നെല്ലുണ്ടാകും. അത് കൊണ്ടുപോയി കുത്തിയിട്ടാണ് അരിയുണ്ടാവുക. അതുകൊണ്ടാണ് ചോറു വയ്ക്കുന്നത്."

അന്ന് മുഴുവൻ പൂട്ടിയ ശേഷം വൈകുന്നേരം അയാൾ മടങ്ങി. നമ്മുടെ ഈച്ച കാളയുടെ കൊമ്പിൽ കയറി ഇരുന്നു.

അങ്ങനെ വരുമ്പോൾ അവർക്കെതിരെ പറന്നു വന്ന മറ്റൊരു ഈച്ച അതിനോട് ചോദിച്ചു: "നീയിതെവിടെ പോയിട്ട് വരുന്നു?"

കാളക്കൊമ്പിൽ ഇരിക്കുകയായിരുന്ന ഈച്ച ഗമയിൽ പറഞ്ഞു:

"കണ്ടാലറിഞ്ഞു കൂടേ? ഞാൻ കന്നുപൂട്ടിയിട്ട് വരുകയാണ്."

രണ്ടാമത്തെ ഈച്ച പൊട്ടിച്ചിരിച്ചു. എന്നിട്ട് പറഞ്ഞു: "ഞാൻ കന്നുപൂട്ടി എന്ന് പറയണ്ട, കാളകളാണ് പൂട്ടിയത്- അവരെ കണ്ടാലറിയാലോ! നിനക്ക് നാവിട്ടടിക്കാൻ അറിയാമെന്ന് പണ്ടേ അറിയാം. നിനക്ക് കന്നുപൂട്ടാൻ അറിയാമെന്ന് ഞാൻ ഇതുവരെ കണ്ടറിഞ്ഞിട്ടില്ല."

*ആദ്യത്തെ ഈച്ച വിഡ്ഢിയായി.*

## പച്ചപ്പയ്യും ഉറുമ്പുകളും

വേനൽക്കാലം കഴിഞ്ഞ് മഴക്കാലം വന്നു. ഒരു പച്ചപ്പയ്യ് മഴയും കൊണ്ട് പുല്ലിൽ നനഞ്ഞുകുളിച്ച് ഇരിക്കുകയായിരുന്നു. അപ്പോഴാണ് ഉറുമ്പുകൾ വരിവരിയായി മാളത്തിലേക്ക് കയറിപ്പോകുന്നതു കണ്ടത്. പച്ചപ്പയ്യ് ചെന്ന് ഉറുമ്പുകളോട് പറഞ്ഞു: "ഉറുമ്പുകളേ, നിങ്ങൾ ധാന്യവും ശേഖരിച്ചു വച്ചതിൽ നിന്ന് കുറച്ച് എനിക്ക് തരാമോ? വിശന്നിട്ട് വയ്യ."

ഉറുമ്പുകൾ അവിടെ നിന്നു. അവർ പച്ചപ്പയ്യിനോട് ചോദിച്ചു:

"വേനൽക്കാലത്ത് ഭക്ഷണമൊന്നും കരുതിയില്ലേ? വേനൽ കഴിഞ്ഞ് മഴ വരുമെന്ന് ഓർത്തില്ലേ? ആട്ടെ, വേനൽക്കാലത്ത് നീ എന്തു ചെയ്യുകയായിരുന്നു?"

"ചങ്ങാതിമാരേ, ഞാൻ പാടിത്തിമർക്കുകയായിരുന്നു" - പച്ചപ്പയ്യ് പറഞ്ഞു.

"അങ്ങനെയോ? എന്നാൽ ഇപ്പോൾ പോയി കുറച്ച് നൃത്തം കൂടി ചെയ്തു കൊള്ളുക" എന്നു പറഞ്ഞ് ഉറുമ്പുകൾ പോയി.

*അധ്വാനിച്ചവർക്കേ അതിനു ഫലം കിട്ടൂ.*

## പാലും തവളകളും



തമാശക്കാരായ രണ്ട് തവളകൾ ഉണ്ടായിരുന്നു. ഒരിക്കൽ പാൽപ്പാത്രത്തിനരികിൽ കളിച്ച് കളിച്ച് അതിൽ വീണുപോയി. ആദ്യത്തെ തവള പറഞ്ഞു: "ചങ്ങാതീ, ഇവിടെ നിന്ന് രക്ഷപ്പെടാൻ വഴിയില്ല. നമ്മുടെ കഥ കഴിഞ്ഞതുതന്നെ." രണ്ടാമത്തെ തവള പറഞ്ഞു: "ഒരു വിഷമം പിടിച്ച സന്ദർഭം ഉണ്ടായാൽ അതിനെ നേരിടണം. എന്തെങ്കിലും ഒരു വഴിയുണ്ടാകും.'' അങ്ങനെ അവർ കൈകാലിട്ടടിച്ച് അതിൽ തുഴഞ്ഞുനടന്നു. കുറച്ചു കഴിഞ്ഞപ്പോൾ കുറച്ച് വെണ്ണ ഊറിയുണ്ടായി. കട്ടിവെണ്ണയിൽ ചവിട്ടി തവളകൾ പുറത്തേക്ക് ചാടി രക്ഷപ്പെട്ടു.

## എലിയും തവളയും

എലിയും തവളയും അയൽക്കാരായിരുന്നു. ഒരു ദിവസം അവർ തമ്മിൽ വഴിയെച്ചൊല്ലി തർക്കമായി. എലിയുടെ വീട്ടിലേക്കുള്ള വഴി തവള ഉപയോഗിക്കുന്നു എന്ന് എലി പറഞ്ഞു. നേരെ മറിച്ചാണ് നടക്കുന്നതെന്ന്

തവളയും. അവർ തമ്മിൽ ലഹളയായി. കണ്ടാൽ പരസ്പരം മാന്തിക്കീറും. എവിടെവച്ച് കണ്ടാലും പരസ്പരം ആക്രമിക്കും. ഇങ്ങനെ കുറേ ദിവസം കഴിഞ്ഞു. ഒടുവിൽ രണ്ടും കല്പിച്ചുള്ള അവസാനയുദ്ധത്തിന് അവർ തുറസ്സായ സ്ഥലത്തു വന്നു. രണ്ടു പേരും ഓരോ വടിയും എടുത്താണ് നിന്നത്. ആകാശത്തു പറക്കുന്ന കഴുകൻ അവരെ കണ്ടു. താണു പറന്നു വന്ന് ഒറ്റയടിക്ക് രണ്ടിനെയും റാഞ്ചി പറന്നുപോയി.

## എലികളുടെ അന്ത്യം

ഒരു വലിയ വീടുണ്ടായിരുന്നു. വീടിനു സാമാന്യം വലിയ തൊടിയും ഉണ്ടായിരുന്നു. ധാരാളം മരങ്ങളുള്ള തൊടിയിൽ ഒരു മാളത്തിൽ ഒരു കീരിയും വേറൊരു ഭാഗത്ത് ഒരു പാമ്പും താമസിച്ചിരുന്നു. ഒട്ടനവധി മാളങ്ങളിലായി നിരവധി എലികളും പാർത്തിരുന്നു. എലികൾ വളരെ ബുദ്ധിമുട്ടിയാണ് ജീവിച്ചുപോന്നത്. കാരണം, പുറത്തെത്തിയാൽ രണ്ട് ശത്രുക്കൾ ഉണ്ടല്ലോ - കീരിയും പാമ്പും. അങ്ങനെയിരിക്കെ പാമ്പും കീരിയും തമ്മിൽ പൊരിഞ്ഞ അടിപിടിയായി. കീരി ചാടിക്കടിക്കുകയും പാമ്പ് കൊത്തുകയും ഒക്കെ ചെയ്തു. ഈ തക്കം നോക്കി പുറത്തിറങ്ങിയ എലികളെ കണ്ടതും കീരിയും പാമ്പും യുദ്ധം നിർത്തി. രണ്ട് പേർക്കും നല്ല വിശപ്പുണ്ടായിരുന്നു. രണ്ട് പേരും കുറേ എലികളെ ശാപ്പിട്ടു.

## യാത്രക്കാരും മരവും

ഒരിക്കൽ രണ്ട് യാത്രക്കാർ പൊടിനിറഞ്ഞ പാതയിലൂടെ പോവുകയായിരുന്നു. തണലിന് ഒരു വൃക്ഷം പോലും ഇല്ല. വെയിലാണെങ്കിൽ അതികഠിനം. യാത്രക്കാർ തളർന്നു വലഞ്ഞു. അപ്പോഴാണ് നിറയെ ശാഖകളുള്ള ഒരു മരം അവർ കണ്ടത്. അവർ അതിനെ തണലിലിരുന്ന് ക്ഷീണം തീർത്തു. ക്ഷീണം തീർന്നപ്പോൾ അവരിൽ ഒരാൾ പറഞ്ഞു: “ഈ മരത്തിൽ പഴങ്ങളൊന്നുമില്ല. ഉപയോഗശൂന്യമായ മരം. ഇതു വെട്ടിക്കളയുകയാണ് ഭേദം.” മരത്തിന് ഇത് കേട്ടപ്പോൾ ദേഷ്യവും സങ്കടവും വന്നു. അതു പറഞ്ഞു: “നന്ദിയില്ലാത്ത മനുഷ്യാ! എന്റെ തണലിലിരുന്ന് ക്ഷീണം തീർത്തിട്ട് എന്നെക്കൊണ്ട് ഉപയോഗമില്ലെന്നോ? ഉടനെ സ്ഥലം വിട്ടു കൊൾക.” നന്ദിയില്ലായ്മ മറ്റുള്ളവരുടെ കോപം ക്ഷണിച്ചുവരുത്തുന്നു.



## 2. കവിതകൾ

### കുടുംബം, വീടും പരിസരവും

**പാർപ്പിടം**

പശുവിന് പാർക്കാൻ ആല
കോഴിയുറങ്ങും കൂട്ടിൽ
പാമ്പിന് പാർക്കാൻ മാളം
എനിക്കുമച്ഛനുമമ്മയ്ക്കും
അമ്മിണിമോൾക്കും വീടുണ്ട്.

**എന്റെ വീട്**

എനിക്ക് നല്ലൊരു വീടുണ്ട്
എന്നുടെ വീട്ടിൽ പലരുണ്ട്
കഥകൾ ചൊല്ലാൻ മുത്തശ്ശി
ചോറുവിളമ്പാൻ എന്നമ്മ
തോളത്തെടുക്കാൻ എന്നച്ഛൻ
ആടി രസിക്കാൻ ഊഞ്ഞാല
പാലുകുടിക്കും പൂച്ചമ്മ
വാതില് കാക്കും നായ്ക്കുട്ടി
എന്നുടെ വീട്ടിൽ പലരുണ്ട്
എന്നോടിഷ്ടമവർക്കുണ്ട്

**വീട്**

- എന്തു നല്ല വീട്
  ഞാൻ പിറന്ന വീട്
  അച്ഛനുണ്ട് വീട്ടിൽ
  അമ്മയുണ്ട് വീട്ടിൽ
- അമ്മ നല്ല അമ്മ
  അമ്മ തരും ഉമ്മ
  ഉമ്മ തരും അമ്മ
  എന്റെ സ്വന്തം അമ്മ
- വീട്ടിലുണ്ടൊരു മുത്തശ്ശി
  കഥകൾ പറയും മുത്തശ്ശി
  പാട്ടുകൾ പാടും മുത്തശ്ശി
  എന്നുടെ സ്വന്തം മുത്തശ്ശി



- അച്ഛനുണ്ട് വീട്ടിൽ
  അമ്മയുണ്ട് വീട്ടിൽ
  ഒത്തുചേർന്നു പാടിയാടാൻ
  ചേച്ചിയുണ്ട് വീട്ടിൽ
- ഒരുമയുള്ള വീട്
  നന്മയുള്ള വീട്
  അരുമയോടെ കാക്കും – ഞങ്ങൾ
  തെളിമയുള്ള വീട്

**ബൗ ബൗ മ്യാവൂ മ്യാവൂ**

അപ്പുവിന്റെ വീട്
ഭംഗിയുള്ള വീട്
വീട്ടിലൊരു നായ
വീരനായ നായ
അങ്ങെ പാത്താൽ ബൗ ബൗ
ഇങ്ങെ പാത്താൽ ബൗ ബൗ
അങ്ങെ ഇങ്ങെ എങ്ങെ പാത്താൽ
ബൗ ബൗ ബൗ
അപ്പുവിന്റെ വീട്
ഭംഗിയുള്ള വീട്
വീട്ടിലൊരു പൂച്ച
വെളുവെളുത്ത പൂച്ച
അങ്ങെ പാത്താൽ മ്യാവൂ
ഇങ്ങെ പാത്താൽ മ്യാവൂ
അങ്ങെ ഇങ്ങെ എങ്ങെ പാത്താൽ

മ്യാവൂ.. മ്യാവൂ... മ്യാവൂ...
അപ്പുവിന്റെ വീട്
ഭംഗിയുള്ള വീട്
വീട്ടിലൊരു കോഴി
പുള്ളിയുള്ള കോഴി
അങ്ങെ പാത്താൽ കൊക്കൊ
ഇങ്ങെ പാത്താൽ കൊക്കൊ
അങ്ങെ ഇങ്ങെ എങ്ങെ പാത്താൽ
കൊ ക്കൊ ക്കൊ

## കൂട്

കാക്കയ്ക്കുണ്ടൊരു കൂട്
കമ്പുകൾ കൊണ്ടൊരു വീട്
കുരുവിക്കുണ്ടൊരു കൂട്
നാരുകൾ കൊണ്ടൊരു വീട്
തത്തയ്ക്കുണ്ടൊരു കൂട്
പൊത്തിനകത്തൊരു വീട്
കോഴിക്കുണ്ടൊരു കൂട്
നമ്മളൊരുക്കും വീട്

## അ.. ആ.... ഇ... ഈ.....

അ ആ ഇ ഈ ഉ ഊ
അക്ഷരമേതാണിഷ്ടം ചൊല്ലൂ
അ - പറഞ്ഞാലമ്മ വരും
ഇ - പറഞ്ഞാലിപ്പൊ വരും
ഉ - പറഞ്ഞാലുമ്മ തരും

## അമ്മ

ഓടിയെത്തും നേരമെന്നെ
ഓമനിക്കും അമ്മ
പാലുതരും പീപ്പിതരും
പാവ തരും അമ്മ
ഉമ്മവയ്ക്കും പാട്ടുപാടും
എന്നുമെന്റെ അമ്മ
പട്ടുടുപ്പു തുന്നിത്തരും
പൊട്ടുതൊടീക്കും അമ്മ

## തെങ്ങ്

അച്ഛൻ നട്ടൊരു തെങ്ങ്
അമ്മ നനച്ചൊരു തെങ്ങ്
ഏറെ കുലകൾ പേറും തെങ്ങിത്
കാണാനെന്തൊരു ശേല്

കാറ്റത്തിളകും കൈയാൽ
മാടിവിളിക്കുന്നെന്നെ
കുഞ്ഞേ! വളരൂ.! വേഗം നന്നായ്
നല്ല ഫലങ്ങൾ നൽകൂ.

# ഞാനും എന്റെ ശരീരവും - ശുചിത്വം, ആരോഗ്യം

## മഴപ്പനി

കാറ്റും മഴയും വന്നപ്പോൾ
മുറ്റം മുഴുവൻ കടലായി

കപ്പലിറക്കി കളിയാടാൻ
കുഞ്ഞിക്കുട്ടന് കൊതിയായി
കൊതിയും കളിയും തീർന്നപ്പോൾ
തീപോലുള്ളൊരു പനിയായി

## അരുതേ അരുതേ

അരുതേ അരുതേ ചെയ്യരുതേ
അരുതാത്തത് നാം ചെയ്യരുതേ
പുകവലിയരുതേ ദുരിതത്തിൽ
പുലിവാലിൽ പിടികൂടല്ലേ
മദ്യം മോന്തി നടക്കല്ലേ
മത്തുപിടിച്ചു നശിക്കല്ലേ
വെറ്റിലമുറുക്ക് നടത്തല്ലേ
വയ്യാവേലി വരുത്തരുതേ
വഴിയിൽ തുപ്പിക്കൂട്ടരുതേ
വെറുതെ പൊല്ലാപ്പാക്കരുതേ
അരുതേ അരുതേ ചെയ്യരുതേ
അരുതാത്തതു നാം ചെയ്യരുതേ

## മടിയൻ

മടികൂടുമ്പോൾ തടികൂടുന്നു.
തടികൂടുമ്പോൾ മടി കൂടുന്നു.
മടിയും തടിയും കൂടിവരുമ്പോൾ
മടിയൻ തടിയൻ കുഴിമടിയൻ

## കൈയും വായും

കൈയിൽ അഴുക്ക് പുരണ്ടെന്നാൽ
നന്നായ് കഴുകണം കൂട്ടുകാരേ
ആഹാരത്തിനു മുമ്പും പിമ്പും
കൈയും വായും കഴുകേണം
തന്നിന്നം തന്നിന്നം
താനിന്നം തന്നിന്നം
തന്നിന്നം തന്നിന്നം
തന്നാരേ

നിത്യം കുളിക്കണം പല്ലുതേച്ചീടണം
കൈനഖമെല്ലാം വെട്ടീടണം
തന്നിന്നം തന്നിന്നം
താനിന്നം തന്നിന്നം

തന്നിന്നം തന്നിന്നം
തന്നാരേ

## മഴയും കാലാവസ്ഥയും

### മഴവെള്ളം

വെള്ളം വെള്ളം മഴവെള്ളം
മുറ്റം നിറയെ മഴവെള്ളം
മഴവെള്ളത്തിൽ കളിവള്ളം
കളിവള്ളത്തിലെ യാത്രക്കാർ
തുമ്പപ്പൂവും തുമ്പികളും

### വെള്ളം

മഴമഴ മഴമഴ പെയ്യുന്നു
വഴിയും പുഴയും നിറയുന്നു
മഴമഴ മഴമഴ പെയ്യുന്നു
തോടും വയലും നിറയുന്നു.
മഴമഴ മഴമഴ പെയ്യുന്നു
കുടവും കലവും നിറയുന്നു.
മഴമഴ മഴമഴ പെയ്യുന്നു
കിണറും കുളവും നിറയുന്നു.

### മഴ

മഴ പെയ്യുന്നു മഴ പെയ്യുന്നു
മുറ്റം നിറയെ മഴവെള്ളം
മാനത്തെവിടെയിരിക്കുന്നമ്മേ
മുറ്റം നിറയാൻ മഴവെള്ളം
ഉണ്ണിനോക്കൂ മാനത്ത്
മാനം നിറയെ മേഘങ്ങൾ
മേഘം മഴയായ് പെയ്യുന്നൂ
നാടു മുഴുക്കെ നനയ്ക്കുന്നൂ.

### മഴ

മഴമഴ മഴമഴ മഴ വന്നൂ
മാനത്തൂന്നൊരു മഴ വന്നൂ
മലയുടെ മുകളിൽ തങ്ങാതെ
മാളികമുകളിൽ തങ്ങാതെ
മഴമഴ മഴമഴ മഴ വന്നൂ
മിഴികൾക്കുത്സവമായ് വന്നൂ

### മഴ പെയ്താൽ

മിന്നലൊരിടിയും ചിന്നം പിന്നം
മഴയുടെ വരവിൽ മുന്നോടി
മാനമിരുണ്ടു മഴ വന്നെത്തി
ശീതക്കാറ്റിൻ കേളികളായി
കാറ്റും മഴയും കൈകോർത്തപ്പോൾ
ആറ്റിൽ അയ്യട പെരുവെള്ളം.

### മഴ

- തുള്ളിച്ചാടി വരുന്ന മഴ
  തുള്ളിക്കൊരു കുടമെന്ന മഴ
  കൊള്ളാമീ മഴ കൊള്ളരുതീ മഴ
  കൊള്ളാം കൊള്ളാം പെയ്യട്ടെ
- മഴ മഴ മഴ മഴ പെയ്തല്ലോ
  ചറ പറ ചറ പറ പെയ്തല്ലോ
  മഴ മഴ മഴ മഴ പെയ്തല്ലോ
  ഇടിയും വെട്ടി പെയ്തല്ലോ
  ഠോ......ഠോ.....ഠോ..........ഠോ.......ഠൊ......
  ഠൊ.....ഠോ...........
- മഴപെയ്താൽ മഴവെള്ളം
  മുറ്റത്താകെ മഴവെള്ളം
  മഴപെയ്താൽ മഴവെള്ളം
  ഇലകളിലാകെ മഴവെള്ളം
  മഴപെയ്താൽ മഴവെള്ളം
  ചെടികളിലാകെ മഴവെള്ളം
  മഴപെയ്താൽ മഴവെള്ളം
  റോഡിൽ നിറയെ മഴവെള്ളം
- കിണറെവിടേ കിണറെവിടേ
  (എവിടെ എന്ന ആംഗ്യം)
  വെള്ളം കോരിയെടുക്കട്ടേ
  (വെള്ളം കോരുന്ന ആംഗ്യം)
  പുഴയെവിടേ പുഴയെവിടേ
  (എവിടെ എന്ന ആംഗ്യം)
  തോണിതുഴഞ്ഞു കളിക്കട്ടെ
  (തോണി തുഴയുന്ന ആംഗ്യം)
  കുളമെവിടേ കുളമെവിടേ
  (എവിടെ എന്ന ആംഗ്യം)
  നീന്തി നീന്തി രസിക്കട്ടെ
  (നീന്തുന്ന ആംഗ്യം)
- തുള്ളി തുള്ളി തുള്ളികളായ്
  താളത്തിൽ മഴ പെയ്യുന്നു
  ഇലയിൽത്തട്ടി പൂവിൽത്തട്ടി
  തുള്ളികൾ താഴെയെത്തുന്നു
  താഴത്തെത്തിയ തുള്ളികളെല്ലാം
  ചാലിട്ടെങ്ങോ പോകുന്നു
- കറു കറു കറു കറു കരിമേഘം
  മാനം നിറയെ നിരന്നല്ലോ.
  ഠഠഠ ഠേ ഇടി വെട്ടി
  പള പള പള പള പള ഇടിമിന്നൽ
  ആകെ ഇളക്കി മറിച്ചെത്തുന്നു

ശൂ ശൂ ശൂ ശൂ കൊടുങ്കാറ്റ്
കല പില പാടി മഴയെത്തുന്നു
പൂരം മഴയുടെ പൊടിപൂരം

• പെയ്യുന്നൂ മഴ പെയ്യുന്നൂ
മലയുടെ മേലെ പെയ്യുന്നു
പെയ്യുന്നൂ മഴ പെയ്യുന്നൂ
വീടിനു മേലെ പെയ്യുന്നൂ
പെയ്യുന്നൂ മഴ പെയ്യുന്നൂ
മാനമിരുണ്ടു മഴ വന്നൂ
ഞാനെൻ ശീലക്കുട ചൂടി
കാടും തോടും മേടുകളും
മാനം കൊണ്ടൊരു കുട ചൂടി
മഴ മഴ മഴ മഴ പെയ്യുന്നു
പുഴ പുഴ പുഴ പുഴയൊഴുകുന്നു
മഴ മാറുമ്പോൾ വെയിലേറും
വെയിലേറുമ്പോൾ പുഴ താഴും
കാടിനു വളരാൻ മഴ വേണം
നാടിന് കുളിരാൻ പുഴ തന്നെ
മഴയും പുഴയും ഒരുപോലെ
നമ്മൾക്കെല്ലാം ഉപകാരം

### കുഞ്ഞിക്കാറ്റ്

കാടു കടന്ന്
തോട് കടന്ന്
കുഞ്ഞിക്കാറ്റ് വരുന്നുണ്ടേ
പൂക്കളെയെല്ലാം തഴുകിയുണർത്താൻ
കുഞ്ഞിക്കാറ്റ് വരുന്നുണ്ടേ.

## സസ്യങ്ങൾ, മരങ്ങൾ, പഴങ്ങൾ

### ആലുമരം

ആ....ആ....ആലുമരം
ആലിനു മീതെ തത്തമ്മ
മാ... മാ.... മാവുമരം
മാവിൻ മേലെ കുയിലമ്മ
പാ.... പാ.... പാലമരം
പാലമരത്തിൽ പൂവമ്മ
പൂവമ്മയ്ക്കൊരു പൊന്നുമ്മ
അമ്മേടുമ്മ നല്ലുമ്മ

### മാങ്ങ

മാങ്ങ പഴുത്തതു കണ്ടില്ലേ
മാവിൽ കയറാൻ വയ്യല്ലോ
അണ്ണാൻകുഞ്ഞേ വേഗം വാ
മാങ്ങയൊരെണ്ണമെനിക്കും താ!

### നെല്ലിക്ക

നെല്ലിക്കക്കുട്ടാ നെല്ലിക്കക്കുട്ടാ......
ചില്ലയിൽ നിന്നു നീ താഴേക്കു വാടാ.......
എങ്ങോട്ടുമില്ലാ ചെല്ലൻ കുറുക്കാ....
ചങ്ങാതിമാരെല്ലാം ചില്ലയിലാ.

### ചക്ക

ചക്ക പഴുത്തു
ചക്ക പറിച്ചു
ചക്ക മുറിച്ചു തിത്തിത്തോം
ചരുവമെടുത്തു
ചവണയെടുത്തു
ചവിണിപറിച്ചു - തെയ്യത്തോം

### മഞ്ചാടിക്കുരു

കൊഞ്ചിക്കൊഞ്ചി കാട്ടിൽനിന്നൊരു
മഞ്ചാടിക്കുരു പാടുന്നു.
കുട്ടികളെന്നെക്കണ്ടാലുടനേ
കൈയിലെടുത്ത് കളിക്കുന്നു.
കുസൃതികളിത്തിരിയുണ്ടെന്നാലും
കുട്ടികൾ നല്ലവരാണല്ലോ
പുല്ലിൽവീണു കിടപ്പവരേയും
നല്ലവർ കൈവിടുകില്ലല്ലോ

### കടങ്കഥ - ചക്കപ്പഴം

മുള്ളുണ്ടേലും കുത്തില്ല
പാലുണ്ടേലും രുചിയില്ല
മൂത്തു പഴുത്തു കഴിഞ്ഞെന്നാൽ
മൂക്കിൽ തട്ടും മണമല്ലോ
മുള്ളും കാടും നീക്കീടിൽ
ഉള്ളിലിരിപ്പോൻ രുചിവീരൻ

### പഴങ്ങൾ

പേരമരത്തിൽ - പേരയ്ക്ക
കാരമരത്തിൽ - കാരയ്ക്ക
നാരകമരത്തിൽ - നാരങ്ങ
മധുരം മധുരം - നാരങ്ങ

## ആഹാരം

### അരിയപ്പം

അപ്പം - അപ്പം - അരിയപ്പം
അമ്മ പുഴുങ്ങീ - അരിയപ്പം

അച്ഛൻ തിന്നു - അണ്ണൻ തിന്നു
അമ്മിണി മോളും തിന്നല്ലോ...

**ഒറ്റശ്വാസത്തിൽ പറയാമോ?**

ഏത്തക്കായ് വാങ്ങി
വട്ടത്തിൽ നുറുക്കി
വെളിച്ചെണ്ണേൽ വറുത്ത്
പാട്ടയിൽ നിറച്ച്
തട്ടിൻമേൽ വച്ചു
പൂച്ചമ്മ വന്നു
തട്ടിൻമേൽ കേറി
തട്ടൊന്നു കൊടുത്തു
പാട്ട തുറന്നു
പൂച്ചമ്മ തിന്നു
ക്റും.. ക്റും.. ക്റും!!

**ദോശ**

ശീ... ശൂ.... രണ്ടൊച്ച
ദോശ ചുടുമ്പോഴുള്ളൊച്ച
ദോശ ചുടുന്നത് കാതറിയും
ദോശ ചുടുന്നത് മൂക്കറിയും.

**നല്ലതേത്?**

കായും കാമ്പും കൂമ്പും ചേമ്പും
ചേനേം കൂടി കൂട്ടാൻ വച്ചാൽ
കായോ കാമ്പോ കൂമ്പോ ചേമ്പോ
ചേന്യോ നല്ലത് ചൊല്ലാമോ?

**വട വേണോ വട**

വട വട - നല്ല പരിപ്പുവട
വേണോ നല്ല മസാലവട
വട വട രസികനുഴുന്നുവട
വേണോ കടുമുടു പക്കവട
വടവട ചൂടൻ മുളകുവട
വേണോ പുത്തൻ തൈരുവട
വട വാങ്ങീടുക കൈ നിറയെ
വട വട തിന്നുക വയർ നിറയെ

**നല്ല സദ്യ**

ആഴക്കരികൊണ്ടു ചോറുവച്ചു
ആയിരം പാത്രത്തിലാക്കിവച്ചു.
അച്ഛനുമമ്മയ്ക്കും ചോർ കൊടുത്തു.
അമ്മിണിപ്പാവയ്ക്കും ചോർ കൊടുത്തു.
അങ്ങേലെ ചേട്ടനും ചോർ കൊടുത്തും
ഇങ്ങേലെ ചേച്ചിക്കും ചോർ കൊടുത്തു.
ആനയ്ക്കും നന്നായി ചോർ കൊടുത്തു.
പട്ടിക്കും പൂച്ചയ്ക്കും ചോർ കൊടുത്തു.
ആഴക്കരികൊണ്ട് വച്ച ചോറ്
ആയിരം പാത്രത്തിലുണ്ട് ബാക്കി.
ഉണ്ണുവനാരാലും ബാക്കിയുണ്ടോ
സദ്യക്കിരിക്കുവാൻ ബാക്കിയുണ്ടോ

**നല്ലതു കുട്ട്യോളേ**

നല്ലതു നല്ലതു കുട്ട്യോളേ
തകര പച്ചില ഉപ്പേരി
നല്ലതു നല്ലതു കുട്ട്യോളേ
ചീര തണ്ടു കറിവെക്കാൻ

**ചായക്കട**

പുട്ടെട് വേഗം കടലയെട്
ചട്ണിയൊഴിച്ചൊരു ദോശയെട്
മുട്ട മസാലേം ചപ്പാത്തീം
കട്ടൻകാപ്പിയുമൊപ്പമെട്
കുട്ടൻ ചേട്ടന് പത്ത് പൊറോട്ട
വെക്കം പാഴ്സലെടുത്തുകൊട്
പുട്ടും കടലേം തിന്നൊരു ചേട്ടനൊ-
രെട്ടര രൂപ പറ്റുകൊട്.
എട്ടരരൂപ ഇല്ലെങ്കിൽ വാ
ചട്ടീം കലവും തേച്ചുകൊട്.

**സദ്യ**

നെയ്യിൽ കാച്ചിയ പപ്പടമുണ്ടേ
പായസമുണ്ടേ പഴമുണ്ടേ
പാവയ്ക്കായുടെ തോരനുമുണ്ടേ
പച്ചടികിച്ചടി രസവുമുണ്ടേ
ഓലനുമുണ്ടേ കാളനുമുണ്ടേ
പടവലമിട്ടൊരു സാമ്പാറുമുണ്ടേ
പച്ചരി വെച്ചു വിളമ്പിയതുണ്ടേ
ഉണ്ണിക്കുട്ടാ തട്ടിക്കോ...

**സാമ്പാർ**

പൊക്കം കുറഞ്ഞൊരു കുട്ടാ കുട്ടാ
തക്കാളിക്കുട്ടാ വന്നാട്ടെ
തണ്ടു പെരുത്തൊരു ചേട്ടാ ചേട്ടാ
വെണ്ടക്ക ചേട്ടാ വന്നാട്ടേ
പത്തായം പോലുള്ള ചേച്ചീ ചേച്ചീ
മത്തങ്ങചേച്ചീ വന്നാട്ടേ
തക്കാളീം വെണ്ടക്കേ മത്തങ്ങേ കൂടി
വേഗം സാമ്പാറാകട്ടെ.

**ദോശ**

കോരിയൊഴിച്ചു ശൂ... ശൂ...ശൂ...
നിരത്തിയിട്ടു ശൂ... ശൂ...ശൂ...

പൊരിഞ്ഞകല്ലിൽ ചട്ടുകമിട്ടു
തിരിമറിയിട്ടു ശൂ... ശൂ...ശൂ...
മണത്തു പിന്നീടെടുത്തു വച്ചു
ചട്ടിണി കൂട്ടി ശൂ... ശൂ...ശൂ...

**പത്തിരി**

പത്ത് പത്തിരി ചുട്ടമ്മ
പത്തായത്തിൽ വെച്ചമ്മ
ഒന്നേ-രണ്ടേ-മൂന്നേ-നാലേ
അഞ്ചു വിഴുങ്ങി പൂച്ചമ്മ!
ആറേ-ഏഴേ-എട്ടേ-ഒമ്പതേ
പത്തും തിന്നു പൂച്ചമ്മ

**അപ്പം**

അപ്പം അപ്പം അരിയപ്പം
അമ്മ പുഴുങ്ങി അരിയപ്പം
അച്ഛൻ തിന്നൂ-അണ്ണൻ തിന്നൂ
അമ്മിണിമോളും തിന്നല്ലോ

**കഞ്ഞിയും കറിയും**

കണ്ണൻചിരട്ടയിൽ കുഞ്ഞിമാളു
മണ്ണരികൊണ്ടുള്ള കഞ്ഞിവെച്ചു
പൂങ്കുലകൊണ്ടു കറിയൊരുക്കി
പച്ചിലപ്പപ്പടം ചുട്ടു വെച്ചു
പാവക്കിടാവിനു നൽകുവാനായ്
കണ്ടോ കണ്ടോ തക്കാളി
എന്തൊരു ചന്തം തക്കാളി

കണ്ടോ കണ്ടോ വെണ്ടക്ക
എന്തൊരു നീളൻ വെണ്ടക്ക
കണ്ടോകണ്ടോ കോവക്ക
വെറുമൊരു മുണ്ടൻ കോവക്ക
കണ്ടോ കണ്ടോ പാവക്ക
എന്തൊരു മുള്ളൻ പാവക്ക
കണ്ടോ കണ്ടോ പേരക്ക
മഞ്ഞനിറത്തിൽ പേരക്ക
കണ്ടോ കണ്ടോ ഓറഞ്ച്
അല്ലികളാക്കി തിന്നാലോ
ആപ്പിൾ എന്തൊരു രസമാണ്!
കടയിൽ നിന്നും വാങ്ങാലോ
ചന്തയിൽനിന്നു വിരുന്നു വന്നു
അഞ്ചെട്ടു ചങ്ങാതിമാരെൻ വീട്ടിൽ
മത്തങ്ങ, പാവൽ, പടവലങ്ങ
മഞ്ഞയുടുപ്പിട്ട വെള്ളരിക്ക
തക്കാളി, പീച്ചിങ്ങ, കക്കരിക്ക
നീണ്ടു മെലിഞ്ഞുള്ള പച്ചപ്പയർ
എല്ലാം ചേർത്തൊരു
സദ്യതീർത്തു
എല്ലാരും ചേർന്നത് തിന്നു
തീർത്തു.

**ആഹാ - എന്തു രസം!**

കറുകറുത്തൊരു ഹൽവയും
വെളുവെളുത്തൊരു ഹൽവയും
ചെമചെമപ്പുള്ള ഹൽവയെ
കാണാൻ ചെന്നപ്പം
വെളുവെളെ വെളുത്തൊരു
ഇടിയപ്പം

കൊഞ്ചിക്കൊഞ്ചിപ്പാടി
ശർക്കര കൂട്ടി കുഴച്ചെടുത്താൽ
അവലിന് എന്തു രസം!
പാലും പഴവുംചേർത്തു
കഴിച്ചാൽ ആഹാ എന്തു രസം!
ഉപ്പിൽ മുങ്ങിയ
മാങ്ങ കഴിക്കാൻ
ആഹാ എന്തു രസം!
എല്ലാ രസവും
ചേരുമ്പോഴോ,
നാവിന് നല്ല രസം!

**ആഹാരം**

ചൂട് ചൂട് ചായ
ആറ്റി ഊറ്റി ചായ
പതഞ്ഞു പൊള്ളും ചായ
പാലൊഴിച്ച ചായ
മെല്ലെ മോന്തി അയ്യോ
പഞ്ചസാരയില്ല.

## ആഘോഷങ്ങൾ - സ്വാതന്ത്ര്യ ദിനം, ഗാന്ധിജയന്തി, ശിശുദിനം

**ഇന്ത്യ**

ഇന്ത്യയെന്ന നാട്
ഞാൻ പിറന്ന നാട്
എന്റെ സ്വന്തനാട്
ചന്തമാർന്ന നാട്
ഭാഷയേറെയുണ്ട്
വേഷമേറെയുണ്ട്
എങ്കിലും നാമൊന്നായ്
കൈകൊരുക്കും നാട്

## കൊടി

വരിക വരിക കൂട്ടരേ
വരി വരിയായി നിൽക്കുവിൻ
തലനിവർത്തി നേരെ നിന്ന്
നമുക്ക് കൊടിയെ വന്ദിക്കാം
പച്ച, വെള്ള, കുങ്കുമം
മൂന്നു നിറങ്ങൾ ഉണ്ടല്ലോ
നടുവിലായ് കൊടിയിലൊരു
നീലച്ചക്രമുണ്ടല്ലോ
നമ്മുടെ നാടിൻ കൊടിയിത്
നമുക്ക് കൊടിയെ വന്ദിക്കാം.
നമ്മുടെ നാടിൻ കൊടിയിത്
നമുക്ക് കൊടിയെ വന്ദിക്കാം.

## ബാപ്പുജി

നമ്മൾക്കുണ്ടൊരു മുത്തച്ഛൻ
നന്മയെഴുന്നൊരു മുത്തച്ഛൻ
നമ്മുടെ നാടിനു സ്വാതന്ത്ര്യം
നേടിത്തന്നൊരു മുത്തച്ഛൻ
അടിയും വെടിയും കൂസാതെ
അടിപിടി കൂടാൻ പോകാതെ
അടമച്ചങ്ങലപൊട്ടിക്കാൻ
പാടുകൾ പെട്ടു മുത്തച്ഛൻ
നല്ലതു മാത്രം ചെയ്യാനും
നല്ലവരായിത്തീരാനും
വഴികാണിച്ചു മുത്തച്ഛൻ
ബാപ്പുജിയെന്നൊരു മുത്തച്ഛൻ

## ഇന്ത്യ

ഇന്ത്യ എന്റെ രാജ്യം
എന്റെ സ്വന്തം രാജ്യം
ഇന്ത്യ എന്റെ ജീവനേക്കാൾ
ജീവനായ രാജ്യം
അമ്മയായ നാട്
നന്മയാർന്ന നാട്
മക്കൾ ഞങ്ങൾ സേവനത്താൽ
സ്വർഗമാക്കും നിന്നെ

## ഗാന്ധിയപ്പൂപ്പൻ

പല്ലില്ലാത്ത മോണ കാട്ടി
പുഞ്ചിരി തൂകും അപ്പൂപ്പൻ
നാടിനുവേണ്ടി നിരവധി കാലം
സമരം ചെയ്തോരപ്പൂപ്പൻ
ഇതാണ് നമ്മുടെ അപ്പൂപ്പൻ
സ്വന്തം ഗാന്ധിജിയപ്പൂപ്പൻ

## ശിശുദിനം

ശിശുക്കളാണ് ഞങ്ങൾ (2)
ചിത്തശുദ്ധിയുള്ള ഓമനക്കിടാങ്ങൾ
കള്ളമില്ല കപടമില്ല കൊള്ളിവായും
ഒന്നും ഇല്ലാ.....പൂക്കളാണ് ഞങ്ങൾ
ഗാന്ധിജനിച്ച നാട്ടിലെ
നെഹ്റുവാണ നാട്ടിലെ
പൂക്കളാണ് ഞങ്ങൾ
പൂക്കളാണ് ഞങ്ങൾ

# പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ

## പത്തുപൂക്കൾ

ഒന്നാമൻ - ഓണപ്പൂ
രണ്ടാമൻ - ഉണ്ടപ്പൂ
മൂന്നാമൻ - മുല്ലപ്പൂ
നാലാമൻ - പാലപ്പൂ
അഞ്ചാമൻ - അല്ലിപ്പൂ
ആറാമൻ - തുമ്പപ്പൂ
ഏഴാമൻ - താഴംപൂ
എട്ടാമൻ - കൊട്ടിപ്പൂ
ഒമ്പതാമൻ - തുമ്പപ്പൂ
പത്താമൻ - മത്തപ്പൂ
പൂക്കളതെല്ലാം ഒത്തപ്പോൾ
ഓണത്തിനൊരു കളമായി

## പൂമ്പാറ്റ

പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
തുള്ളിപ്പറക്കണതെങ്ങോട്ടാ
മാനത്തെയമ്പിളിമാമനെ
മെല്ലെ നീ തൊട്ടുവോ പൂമ്പാറ്റേ
കണ്ടുവോ കണ്ടുവോ പൂമ്പാറ്റേ
നക്ഷത്രക്കുഞ്ഞിന്റെ കുഞ്ഞുടുപ്പ്
കുഞ്ഞിച്ചിറകിലെ പുള്ളികള്
കിട്ടിയതെങ്ങനെ പൂമ്പാറ്റേ
പൂവിലെ തേനും പൂമ്പൊടിയും
കട്ടു കുടിക്കണതെന്തിന് നീ
അമ്മ വരുന്നതിൻ മുൻപേ നീ
ഓടിയൊളിക്കണതെങ്ങോട്ടാ
ഓടി ഒളിക്കണതെങ്ങോട്ടാ

### കവിതാപൂരണം

റോസാപ്പൂവിന് മണമുണ്ട്
കോളാമ്പിക്കോ മണമില്ല
മുല്ലപ്പൂവിന് മണമുണ്ട്
ചെമ്പരത്തിക്കോ മണമില്ല.

.............................................................

.............................................................

മുല്ല പൂത്തു മുല്ലപൂത്തു
മല്ലികളും പൂത്തു
പൂ പറിക്കാൻ പോരണില്ലേ
കൂട്ടുകാരേ നിങ്ങൾ
പൂവുകൊണ്ടൊരു മാലകെട്ടാം
തലമുടിയിൽ ചൂടാം
തലമുടിയിൽ ചൂടിയിട്ട് പാട്ട് പാടിയാടാം.

### പൂക്കൾ

മാനം നോക്കിയിരിക്കും
കാറ്റിലാടി രസിക്കുന്നു
പൂവിലിരിക്കും ഓണത്തുമ്പി
നൃത്തം ചെയ്തു കളിക്കുന്നു.
മാവിലിരിക്കണ വാനമ്പാടികൾ
നൃത്തം കണ്ട് രസിക്കുന്നു.
തേൻ തേടീടും വണ്ടത്താനോ
പൂന്തേനുണ്ട് രസിക്കുന്നു.

### പൂന്തോട്ടം

മുറ്റത്തുണ്ടൊരു പൂന്തോട്ടം
ചന്തമുള്ളൊരു പൂന്തോട്ടം
പിച്ചി, മുല്ല, ചെമ്പരത്തി
മല്ലികപ്പൂവുണ്ടല്ലോ
കാണാനെന്തൊരു ചേലാണ്!
ഹാ! കാണാനെന്തൊരു ചേലാണ്!

### പൂക്കൾ

പൂക്കൾ ഞങ്ങൾ പൂക്കൾ

ഞങ്ങൾ റോസാ പൂക്കൾ
ചുവന്ന റോസാ പൂക്കൾ
പൂക്കൾ ഞങ്ങൾ പൂക്കൾ

പൂക്കൾ ഞങ്ങൾ പൂക്കൾ
നല്ല നല്ല പൂക്കൾ
പല നിറത്തിൽ
പല തരത്തിൽ
നറു മണത്തിൽ പൂക്കൾ

### പൂക്കളം

പൂക്കളം പൂക്കളം
ഭംഗിയുള്ള പൂക്കളം
ഞങ്ങൾ തീർത്ത പൂക്കളം

എന്തു നല്ല പൂക്കളം!

പൂക്കളം പൂക്കളം
എത്ര നല്ല പൂക്കളം,
പല നിറത്തിൽ പൂക്കളം

എന്തു ഭംഗി പൂക്കളം!

### പൂമ്പാറ്റ

പൂവുകൾ തോറും പാറിനടന്ന്
തേൻ കുടിക്കും പൂമ്പാറ്റേ
പൂന്തേനുണ്ട് കഴിഞ്ഞാൽ നീ - എന്നുടെ,
അരികിൽ വന്നാട്ടെ
ചക്കര മുത്തം നൽകീടാം
കളിയും പാട്ടും ആട്ടവുമായി

### മഞ്ഞപ്പൂമ്പാറ്റ

മൂന്ന് മഞ്ഞപ്പൂമ്പാറ്റ തേൻ കുടിക്കാൻ വന്നല്ലോ
ഒന്നും കുടി പറന്നുവന്നാൽ
അപ്പോൾ എണ്ണം നാല്

നാല് മഞ്ഞപ്പൂമ്പാറ്റ തേൻ കുടിക്കാൻ വന്നല്ലോ
ഒന്നും കുടി പറന്നുവന്നാൽ
അപ്പോൾ എണ്ണം അഞ്ച്

അഞ്ചു മഞ്ഞപ്പൂമ്പാറ്റ തേൻ കുടിക്കാൻ വന്നല്ലോ
ഒന്നും കുടി പറന്നുവന്നാൽ
അപ്പോൾ എണ്ണം ആറ്

ആറ് മഞ്ഞപ്പൂമ്പാറ്റ തേൻ കുടിക്കാൻ വന്നല്ലോ
ഒന്നും കുടി പറന്നുവന്നാൽ
അപ്പോൾ എണ്ണം ഏഴ്

### മുല്ലപ്പൂവ്

വെളുത്തപ്പൂവേ മുല്ലപ്പൂ
മഞ്ഞപ്പൂവച്ച ജമന്തിപ്പൂ
ചുമന്നിരിക്കും ചെമ്പരത്തി
നീലപ്പൂവിതു കായാമ്പൂ
പിങ്കാണല്ലോ നാലുമണിപ്പൂ
റോസകൾ പലനിറമുണ്ടല്ലോ

### പൂമണം

മണമുണ്ടേ മണമുണ്ടേ
മുല്ലപ്പൂവിന് മണമുണ്ടേ
മണമുണ്ടേ മണമുണ്ടേ
റോസാപ്പൂവിനു മണമുണ്ടേ

മണമുണ്ടേ മണമുണ്ടേ
ജമന്തിപ്പൂവിന് മണമുണ്ടേ

## മാല

മാല നല്ല മാല
ഞങ്ങൾ കോർത്ത മാല
എന്തു നല്ല മാല
ചന്തമുള്ള മാല
മാല നല്ല മാല
പലനിറത്തിൽ മാല
പലതരത്തിൽ മാല
ഞങ്ങൾ കോർത്ത മാല

## പൂക്കാരൻ

പൂവിന്മേലൊരു പൂക്കാരൻ
പൂവിൽ നോക്കിയിരിക്കുന്നു
പമ്മിച്ചെന്ന് പിടിക്കാനായ്
പിള്ളേരോടിച്ചെല്ലുന്നു

അയ്യട മനമേ പൊങ്ങുന്നു
ചിറകു വിരിച്ചു പറക്കുന്നു
ആഹാ കാണാനെന്തു രസം!
പാറി നടക്കും പൂമ്പാറ്റ

## മുല്ലപ്പൂ

കുട്ടി : മുല്ലേ, മുല്ലേ, പൂ തരുമോ?
മാലകൊരുക്കാൻ നീ വരുമോ?

മുല്ല : എന്തിനു കുഞ്ഞേ മുല്ലപ്പൂ?
ഉണ്ണിത്തലയിൽ ചൂടാനോ?

കുട്ടി : എനിക്കു ചൂടാനല്ലല്ലോ
വേറൊരു കാരിയമുണ്ടല്ലോ.

മുല്ല : എനിക്കു വെള്ളം തന്നവളേ,
നിനക്കെടുക്കാം പൂവെല്ലാം.

കുട്ടി : പൂക്കളിറുക്കും ഞാനെന്നും
മാലകൊരുക്കും ഞാനെന്നും

മുല്ല : ആർക്കു കൊടുക്കാനാ മാല?
ആരെച്ചാർത്താനാ മാല?

കുട്ടി : ചുവരിലിരിക്കുന്നുണ്ടല്ലോ
നമ്മുടെ ഗാന്ധിജിയപ്പൂപ്പൻ

## പൂമ്പാറ്റ

പൂവുകൾ തേടും പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ
പൂമ്പൊടി പേറും പൂമ്പാറ്റേ
പൂന്തേനുണ്ണും പൂമ്പാറ്റേ

## തുമ്പി

ഞാനൊരു തുമ്പിയെ കണ്ടു
ഹാ! എന്തൊരു ഭംഗി
ആനത്തലയൻ കമ്പിവാലൻ
പൂവിന്ററ്റത്ത് പൂവിന്ററ്റത്ത്
ആരുമില്ലേ കാണാൻ
അമ്മച്ചിവന്നാൽ കാണാം
ചേച്ചിവന്നാൽ പോകുമെന്നെ
ആനത്തലയൻ തുമ്പി
അയ്യയ്യോ പോയല്ലോ
ദൂരത്തങ്ങനെ പോയല്ലോ
ഞാനെന്തു ചെയ്തു
നീയങ്ങ് പറക്കാൻ
ഇനിയും വരുകില്ലേ
ഇനിയും വരുകില്ലേ

# ഓണം

## ഓണക്കൊതി

ഓണക്കറികൾ പലതുണ്ടേ
പയ്യെ പയ്യെ വിളമ്പാം ഞാൻ
പച്ചടി, കിച്ചടിയച്ചാറ്
അച്ചിങ്ങാക്കറി സാമ്പാറ്
ഓലൻ, കാളൻ, നെല്ലിക്കാ

ചേനത്തോരൻ പർപ്പടകം
മത്തങ്ങാക്കറിയുപ്പേരി
പുളികൊണ്ടുള്ള പുളിശ്ശേരി
ജിംജിം ജിംജിം പുളിയഞ്ചി
തൊട്ടാൽ നക്കാം ചമ്മന്തി
ഓണക്കറികൾ പലതുണ്ടേ
കൊതികെണ്ടങ്ങനെ വരയ്ക്കും ഞാൻ

## ഓണക്കറികൾ

ഓണത്തപ്പാ മുത്തപ്പാ
ഓണക്കറികള് എന്തെല്ലാം?
അച്ചിങ്ങ പീച്ചിങ്ങ സാമ്പാറ്
പച്ചടി കിച്ചടിയച്ചാറ്

## ഓണം

ഓണം വന്നേ ഓണം വന്നേ
മാമല നാടിനൊരുത്സവമായ്
പൂവിളികൾ കേൾക്കുന്നു. പൂക്കളം തീർക്കണം
ഒരു വട്ടിപൂതാ കൊച്ചുതുമ്പി
മാവേലി എത്തുന്നു സദ്യയൊരുക്കേണം
തിരുവേണമാണിന്ന് കൊച്ചുതുമ്പീ

(വരികൾ കൂട്ടിച്ചേർത്ത്
ഭക്ഷണസാധനങ്ങളെപ്പറ്റി പാടാം.)

### ഓണത്തപ്പൻ

ഓണത്തപ്പാ കുടവയറാ
പൊന്നോണക്കറിയെന്തെല്ലാം
ചേനത്തണ്ടും ചെറുപയറും
ചിരട്ടപൊട്ടിച്ചുപ്പേരീം
ഓണപ്പൂക്കൾ പറിക്കട്ടെ
ഓണക്കോടി ഉടുക്കട്ടെ
ഓണസ്സദ്യ ഉണ്ണട്ടെ
ഓണക്കളികൾ കളിക്കട്ടെ

### ഒണത്തുമ്പി

ഓണമടുത്തു കഴിഞ്ഞല്ലോ
ഓണപ്പൂക്കൾ വിരിഞ്ഞല്ലോ
കുഞ്ഞിക്കിളിയേ പോരുന്നോ
ഊഞ്ഞാലാടാൻ പോരുന്നോ
ഓണക്കോടിയുടുക്കേണ്ടേ
ഓണപ്പാട്ടുകൾ പാടേണ്ടേ
ഓണസ്സദ്യ ഒരുക്കേണ്ടേ
ഓണത്തുമ്പീ പോരുന്നോ

### ഓലപ്പീപ്പി

ഓണത്തപ്പനെയെ-
തിരേൽക്കാൻ
ഓലപ്പീപ്പി മെടഞ്ഞു തരാം
ഓണപ്പത്തനെയെ
തിരേൽക്കാൻ
ഓണപ്പൂക്കളമിട്ടു തരാം
ഓണപ്പൂവട ചുട്ടുതരാം
ഓണപ്പാട്ടുകൾ പാടീടാം
ഓണത്തുമ്പീ നീ വരുമോ

### ഓണസ്സദ്യ

ഓണത്തപ്പാ കുടവയറാ
നാളത്തെക്കറി എന്തെല്ലാം?
പച്ചടി കിച്ചടി സാമ്പാറ്
അച്ചിങ്ങാക്കറി പുളിശ്ശേരി
അവിയലുമോലനുമിഞ്ചിക്കറിയും
രുചിയേറുന്നൊരു തോരൻ പിന്നെ
അമ്പിളിപോലൊരു പപ്പടവും
ഹാ ഹാ നല്ലൊരു പായസവും

### പൂമ്പാറ്റ

പൂമ്പാറ്റേ... പൂമ്പാറ്റേ
പുള്ളിച്ചിറകുള്ള പൂമ്പാറ്റേ
വരയും കുറിയും മേലാകെ
എന്തൊരു ചന്തം പൂമ്പാറ്റേ!
കൊമ്പൻമീശകൾ രണ്ടെണ്ണം
ഉണ്ടക്കണ്ണുകൾ രണ്ടെണ്ണം
എന്തൊരു ചന്തം പൂമ്പാറ്റേ!

## പച്ചക്കറികൾ

### പച്ചക്കറി

മഞ്ഞനിറത്തിൽ മത്തങ്ങ
ചോപ്പുനിറത്തിൽ തക്കാളി
കനകനിറത്തിൽ കാരറ്റ്
കാവി നിറത്തിൽ ബീറ്റ്റൂട്ട്
വെള്ള നിറത്തിൽ കാബേജ്
പോഷകമേറും പച്ചക്കറികൾ
എന്നും നമ്മൾ കഴിച്ചീടേണം.

### മത്തൻ

മത്തൻ വാങ്ങി മത്തായി
മത്തൻ വെട്ടി മത്തായി
മുഴുവൻ തട്ടീ മത്തായി
മത്തൻ പോലെ വയറായി

### തോട്ടം

എന്തു നല്ല തോട്ടം
നമ്മൾ കണ്ട തോട്ടം
പൂവുകളും കായ്കളും
ഇളകിയാടും തോട്ടം (എന്തു നല്ല തോട്ടം...)
വെണ്ടയുണ്ട്, ചീരയുണ്ട്
മുളകുമുണ്ട് നോക്കൂ
വഴുതനയും പാവലും
വെള്ളരിയും ഉണ്ട് (എന്തു നല്ല തോട്ടം...)
അരികിലായി വാഴയുണ്ട്
പേരമരവുമുണ്ട്
മാവുണ്ട്, മുരിങ്ങയുണ്ട്
സപ്പോട്ടയുമുണ്ട് (എന്തു നല്ല തോട്ടം...)

## ജീവികൾ, പ്രാണികൾ, വളർത്തു ജീവികൾ, വന്യമൃഗങ്ങൾ

### ഈയാംപാറ്റ

അയ്യയ്യയ്യേ....
ഇയ്യാംപാറ്റേ
പാറിപ്പാറി വിളക്കത്തേക്കോ?
അയ്യയ്യയ്യേ
ഈയ്യാം പാറ്റേ
ചിറകു കരിഞ്ഞോ കഷ്ടം, കഷ്ടം!

### മിന്നുന്നതെല്ലാം പൊന്നല്ല

മിന്നുന്നു മിന്നുന്നു പൊന്ന് - എങ്ങും
മിന്നിപ്പറക്കുന്നു പൊന്ന്
പൊന്നല്ല പൊന്നല്ല കുഞ്ഞേ - വെറും
മിന്നാമിനുങ്ങിന്റെ കുഞ്ഞ്

### ചോണനുറുമ്പ്

മിഠായിഭരണിയിൽ പെട്ടുപോയി
പെട്ടെന്ന് കേറുവാൻ പറ്റാതായി
മിഠായിയൊക്കെയും തിന്നുതീർത്ത്
കുട്ടകം പോലെ വയറുമായി
തിരികെ കയറുവാൻ വയ്യാതായി
കുത്തിയിരിക്കുന്നു കുഞ്ഞുചോണൻ

### മൂട്ട

കണ്ടാലൊരു ചെറു മഞ്ചാടി
ചോര കുടിക്കും ചങ്ങാതി
കടികൊണ്ടാലോ 'സുല്ലായി'
പിന്നെയുറക്കം 'കട്ടായി'

### ഉറുമ്പുകൾ

അരിമണി പൊക്കാൻ വയ്യയ്യോ - ഏലയ്യാ
ഏലയ്യാ
വരണേ വരണേ നാട്ടാരെ - ഏലയ്യാ ഏലയ്യാ
അതു കേട്ടു വിടുന്നവിടുന്നായി - ഏലയ്യാ
ഏലയ്യാ
അറുപത് ഉറുമ്പുകൾ പാഞ്ഞെത്തി -
പാലക്കൊമ്പിലൊരുക്കീടാം-ഏലയ്യാ ഏലയ്യാ
ഏലയ്യാ! എന്നാർപ്പോടെ-ഏലയ്യാ ഏലയ്യാ
അവരും ഒത്തുപിടിച്ചിട്ട്-ഏലയ്യാ ഏലയ്യാ
അരിമണി തരിപോൽ കൊണ്ടോടി-ഏലയ്യാ
ഏലയ്യാ
അവരുടെ കൂട്ടിലത്താഴം - ഏലയ്യാ ഏലയ്യാ

### കുഴിയാന

നമ്മുടെ വീട്ടിലുമുണ്ടല്ലോ
വീടിനു ചുറ്റും നൂറാന
പിന്നോട്ടാണ് നടപ്പയ്യ
നമ്മുടെ ആന കുഴിയാന

### അണ്ണാറക്കണ്ണൻ

അണ്ണാറക്കണ്ണാ ചാടിച്ചാടി വാ
മാവിന്റെ കൊമ്പുകൾ തോറും
തെണ്ടി നടക്കാതെ
കാറ്റടിച്ചാലോ വീണുപോവൂലേ
മാവു കുലുങ്ങിയാലോ താഴെ വീഴൂലേ
ഛിൽ ഛിൽ ഛിൽ പാട്ടുകൾ പാടാം
കൂട്ടിന് പോരാം ഞാൻ കഥ പറഞ്ഞീടാം

### മണ്ണിര

മുറ്റത്തുണ്ടൊരു തീവണ്ടി
മിണ്ടാതോടും തീവണ്ടി
തൊടിയിലുമുണ്ടീ തീവണ്ടി
തൊട്ടാൽ നിൽക്കും തീവണ്ടി
പുകയില്ലാത്തൊരു തീവണ്ടി
പാളം വേണ്ടാ തീവണ്ടി
തീയില്ലാത്തൊരു തീവണ്ടി
തിന്നും മണ്ണീ തീവണ്ടി
കണ്ടോ നല്ലൊരു തീവണ്ടി
മണ്ണിര നമ്മുടെ തീവണ്ടി

### പല്ലി

ചുവരിനു മീതെ ഓടിനടക്കും
പല്ലിക്കുട്ടാ ചങ്ങാതീ
ചുവരിൽ നിന്നും താഴെ വീണാൽ
ദേഹം നോവും ചങ്ങാതീ
പേടിവന്നാലുടനെ തന്നെ
വാലുമുറിക്കും ചങ്ങാതീ
വാലുമുറിഞ്ഞാൽ നീ പിന്നെ
വാലില്ലാത്തൊരു ചങ്ങാതീ

### കുഴിയാന

ഞങ്ങടെ വീട്ടിലുമുണ്ടല്ലോ
വീടിനു ചുറ്റും നൂറാന
പിമ്പോട്ടാണു നടപ്പയ്യ
നമ്മുടെ ആന കുഴിയാന
വീട്ടിൽ ചെന്നാൽ ആളില്ല
വീടു തുറന്നാൽ ആളുണ്ട്
മണ്ണു കുഴിച്ചതു വീടാക്കും

നമ്മുടെയാന കുഴിയാന
മണ്ണിനു മീതെ വച്ചാലോ
ഇന്ത്യ വരയ്ക്കും കുഴിയാന
അങ്ങനെയിങ്ങനെ ഇഴയുമ്പോൾ
അക്ഷരമെഴുതും കുഴിയാന.

### പെരുങ്കള്ളൻ

ചേറിലും പാറിടും
ചെളിയിലും പാറിടും
ചൊറിയിലും കേറിടും
ചോറിലും കേറിടും

ആറുകാലുള്ളൊരു
പെരുങ്കള്ളനീച്ചയെ
കണ്ണിന്റെ വെട്ടത്ത്
കണ്ടാലകറ്റണം.

### ആനച്ചേട്ടൻ

അമ്പമ്പോ ആനച്ചേട്ടൻ
കുമ്പയിളക്കുന്നേ
അമ്പമ്പോ ആനച്ചേട്ടൻ
തുമ്പിയാട്ടുന്നേ
അമ്പമ്പോ ആനച്ചേട്ടൻ
കൊമ്പു കുലുക്കുന്നേ
അമ്പമ്പോ വമ്പൻമാരേ
പമ്പ കടന്നോളൂ

### അണ്ണാൻ

മാങ്ങ പഴുത്താലും
മാങ്ങ പഴുത്താലും
വാഴകുലച്ചാലും
അവിടെ ചിൽ ചിൽ ചിൽ
ആരോ ചിൽ ചിൽ ചിൽ
പേരകൾ കായ്ച്ചാലും
ചക്ക വിളഞ്ഞാലും
അവിടെ ചിൽ ചിൽ ചിൽ
അണ്ണാൻ ചിൽ ചിൽ ചിൽ

### പൂച്ച

മീശയുള്ള പൂച്ച
മ്യാവ് - മ്യാവ് - പൂച്ച
കണ്ണുരുട്ടും - പൂച്ച
ഹായ് - ഹായ് - പൂച്ച
വെളുവെളുത്ത പൂച്ച
പങ്ങിപ്പങ്ങി വന്ന്
കലമുടയ്ക്കും പൂച്ച

### പേടി

എലികൾക്കുണ്ടൊരു പേടി
മ്യാവൂ മ്യാവൂ പൂച്ച
കോഴിക്കുഞ്ഞിൻ പേടി
കാകാ കാകാ കാക്ക
കള്ളൻമാർക്കൊരു പേടി
ഭൗ ഭൗ ഭൗ ഭൗ നായ!

### കുസൃതിക്കാരൻ

കൊച്ചു കുറുക്കൻ കാട്ടിൽ മുഴുവൻ
കുസൃതികൾ കാട്ടിനടക്കുന്നു
ഓടിപ്പോകും മാൻകുട്ടികളെ
പേടിപ്പിച്ചു കളിക്കുന്നു.
മുയലുകളോടി വരുമ്പോഴവരുടെ
മുന്നിൽച്ചാടിച്ചെല്ലുന്നു
കടുവച്ചാരോ പുലിയോ വന്നാൽ
ഉടനെ പേടിച്ചോടുന്നു.

### ഹെൽമറ്റാമ

ആമച്ചാരേ കൊള്ളാം കൊള്ളാം
എവിടുന്നാണീ ഹെൽമറ്റ്
കുടു കുടു - കുക്കുടു ബൈക്കിൽ കേറി
ചെത്തിയടിച്ചു കറങ്ങാലോ
പോലീസേമ്മാൻ കൈകാണിച്ചാൽ
കൂസാതങ്ങ് പറക്കാലോ

### ഏതുപോലെ

ആന നടക്കണ കണ്ടിട്ടുണ്ടോ?
ഏതുപോലെ ഏതുപോലെ
ആന നടക്കണ കണ്ടിട്ടുണ്ട്
ഇതുപോലെ ഇതുപോലെ

(കൂടുതൽ മൃഗങ്ങളുടെ ചലനങ്ങൾ അനുകരിക്കാം).

### പൂച്ച

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലുവെച്ച പാത്രം
വൃത്തിയാക്കി വെച്ചു

### വമ്പനൊരാന

വമ്പനൊരാന നടന്നു വരുന്നൂ
കൊമ്പുകൾ രണ്ടുണ്ടേ
കുമ്പ കുലുക്കി നടന്നു വരുന്നേ
തുമ്പിക്കരമുണ്ടേ
അമ്പട! ഞാനെ പാപ്പാനങ്ങനെ
മുമ്പിൽ നടപ്പുണ്ടേ
നല്ല തിരക്കുണ്ടേ

## പൂച്ച

കൊച്ചു പൂച്ചയെ കണ്ടിടുമ്പോൾ
എന്ത് കൗതുകം
നീണ്ട വാലും കുറിയകാലും
കൂർത്ത ചെവികളും
നീണ്ടുരുണ്ട കണ്ണുകളും കൊമ്പൻ മീശയും
എലിയെ കണ്ടാൽ പാത്തു പതുങ്ങി
ചാടിച്ചെന്ന് പിടിച്ചിടും

## അടിക്കല്ലേ

തട്ടിൻ പുറത്തൊരു ചുണ്ടെലിക്കുഞ്ഞിനെ

പൂച്ച പിടിച്ചപ്പോൾ കീ... കീ... കീ..
ചിക്കിപ്പെറുക്കുന്ന തള്ളച്ചിക്കോഴിയെ
കുറുക്കൻ പിടിച്ചപ്പോൾ കൊക്കൊക്കോ
കൂട്ടിൽ കിടന്നൊരു വെള്ളച്ചിപ്പട്ടിയെ
കുട്ടനടിച്ചപ്പോൾ ബൗ ബൗ ബൗ...
പൊട്ടക്കുളത്തിലെ പേക്കാച്ചി മൂപ്പനെ
പാമ്പുപിടിച്ചപ്പോൾ ക്രോം - ക്രോം
വല്ലാതെ വാശിപിടിക്കുന്ന കുഞ്ഞിനെ
അമ്മയടിച്ചപ്പോൾ അയ്യോ അയ്യോ അയ്യയ്യോ...

## പൈക്കുട്ടി

വാലുകുലുക്കി
കാലുമടക്കി
പാലുകുടിച്ചു പൈക്കുട്ടി
വാലു നിവർത്തി
കാലു നിവർത്തി
ചാടി മറഞ്ഞു പൈക്കുട്ടി

## ദിക്കുകൾ

പുള്ളിപ്പശുവേ എങ്ങോട്ടാ?
പുല്ലു തേടി വടക്കോട്ടാ...
നായേ നായേ എങ്ങോട്ടാ?
കാവലിരിക്കാൻ തെക്കോട്ടാ...

പൂച്ചേ പൂച്ചേ എങ്ങോട്ടാ?

പുഴമീൻ വാങ്ങാൻ പടിഞ്ഞാട്ടാ...
പൂവൻകോഴീ എങ്ങോട്ടാ?
കുഴലുവിളിക്ക് കിഴക്കോട്ടാ...

## നാരാച്ചി

നമ്മം നമ്മം നാരാച്ചി
നാരാച്ചിക്കുടുക്കേലെന്തുണ്ട്

കുഞ്ഞനു വെച്ച ങ്ങ്ണ്ട്.
ങ്ങ് ന് കൂട്ടാനെന്തുണ്ട്
കുഞ്ഞിക്കോയിന്റെ കൊക്കുണ്ട്.
കൊക്ക് മുറിച്ച് പാലോട്ട്
പാലത്തിനക്കരെ വായേച്ച്
വായ കൊലച്ച് തെക്ക്ന്ന്
തെക്ക്ന്ന് വന്ന പനങ്കിളിയെ
തെക്കോട്ടെന്തെല്ലാം വർത്താനം
ഇന്നലേം പന്ത്രണ്ടെള്ളാട്ടി
ഇന്നും പന്ത്രണ്ടെള്ളാട്ടി
വലിയ പെലാക്കൂല് ചെല്ലുമ്പം
ചോണനുറുമ്പിന്റെ കല്യാണം
ചെറിയ പെലാക്കൂല് ചെല്ലുമ്പം
ചെറിയനുറുമ്പിന്റെ കല്യാണം

## ഉറുമ്പിന്റെ കല്യാണം

അയ്യാ നിങ്ങളറിഞ്ഞില്ലേ?

കൂനനുറുമ്പിനു കല്യാണം

ആരാണാവോ മണവാട്ടി?

എന്തു വിളമ്പും സദ്യക്ക്?

വാഴത്തേനും പൂമ്പൊടിയും

സദ്യവിളമ്പാനാരു വരും

ചോണനുറുമ്പുകൾ നൂറു വരും

## തവള

വയലിനു നടുവിലെ
കുഞ്ഞുകുളത്തിൽ
തവളക്കൂട്ടം പാടുന്നു
പേക്രാം പേക്രാം
പേക്രാം പേക്രാം
താളം കൊട്ടി പാടുന്നു.

പാട്ടുകേട്ടു പാത്തുപതുങ്ങി
നീന്തിവരുന്നു നീർക്കോലി
പാട്ടു നിർത്തി തവളക്കൂട്ടം
പൊത്തിലൊളിച്ചല്ലോ

## കൊച്ചുപൂച്ച

കൊച്ചുപൂച്ചക്കുഞ്ഞിനൊരു കൊച്ചമളി പറ്റി
കാച്ചിവച്ച ചൂടുപാല് ഓടിച്ചെന്ന് നക്കി
കൊച്ചുനാവു പൊള്ളിയപ്പോൾ
പൂച്ചക്കുഞ്ഞു തേങ്ങി ഞ്യാവൂ...ഞ്യാവൂ..

### ഉറുമ്പ്

കുഞ്ഞനുറുമ്പിൻ പട്ടാളം
വരിവരിയായി വരുന്നുണ്ടേ
അരിമണി പൊക്കി വരുന്നുണ്ടേ
തരികൾ പേറി വരുന്നുണ്ടേ
തീരെ ചെറിയവരാണേലും
ഒത്തൊരുമിച്ചൊരു പട്ടാളം

### നന്ദിനിപ്പശു

**കുട്ടി :**എവിടെ എവിടെ വീടെവിടെ
സുന്ദരിക്കാക്കേടെ വീടെവിടെ?

**സുന്ദരിക്കാക്ക :**അവിടെ അവിടെ മരക്കൊമ്പിൽ
സുന്ദരിക്കാക്കേടെ കൂടവിടെ.

**കുട്ടി :**എവിടെ എവിടെ വീടെവിടെ
നന്ദിനിപ്പശുവിന്റെ വീടെവിടെ?

**നന്ദിനിപ്പശു :**അവിടെ അവിടെ ആ വീട്ടിൽ
നന്ദിനിപ്പശുവിന് തൊഴുത്തുണ്ട്

### അണ്ണാൻ

മിണ്ടാൻ പാടാൻ കഥ പറയാൻ
മാവിൻകൊമ്പിൽ പലരുണ്ട്.
മഞ്ഞക്കിളിയും തത്തകളും
മാടത്തക്കിളി ഉണ്ടല്ലോ

### പൂച്ച

പൂച്ചവരുന്നതു കണ്ടോ
പമ്മിവരുന്നതു കണ്ടോ
പൂച്ചവരുന്നതു കണ്ടോ
പാത്തുവരുന്നതു കണ്ടോ

അയ്യോ ഒറ്റച്ചാട്ടം
എലിയോ പേടിച്ചോട്ടം
അയ്യോ ചമ്മിപ്പോയി
പൂച്ച ചമ്മിപ്പോയി

### ആനയും ഈച്ചയും

ആ വരുന്നതൊരാന
ഈ വരുന്നതൊരീച്ച
ആനയ്ക്കുണ്ടോ പേടി
ഈച്ചയ്ക്കുണ്ടോ പേടി
രണ്ടിനുമില്ലൊരു പേടി
ആന നടന്നു നേരേ
ഈച്ച പറന്നു മേലേ

### വീട്ടുമൃഗങ്ങൾ

വീട്ടുമൃഗങ്ങൾ ഏതെല്ലാം
ഒന്നൊന്നായി ചൊല്ലട്ടെ
വീട്ടിൽ കാവൽകിടക്കാനായ്
പട്ടികളല്ലോ കേമന്മാർ

പൂച്ചയെ നമ്മൾ വളർത്തീടും
എന്തിനാണ് ചൊല്ലാമോ
പാറ്റേം എലിയേം ഇല്ലാതാക്കാൻ
പൂച്ചയ്ക്കുണ്ടേ സാമർഥ്യം.
ആടും പശുവും എരുമകളേ
എന്തിനു നമ്മൾ വളർത്തുന്നു?
പോഷകമേറും പാലുതരാൻ
ഇവർക്കു കഴിയും അറിയില്ലേ
വണ്ടിവലിക്കാൻ കാളകളും
വയലുഴുവാനായ് പോത്തുകളും
കൗതുകമേറും മുയലുകളും
വളർത്തീടും നാം വീടുകളിൽ

### ചോണനുറുമ്പ്

മുട്ടോളം കയറിയല്ലോ ചോണനുറുമ്പ്
തട്ടീട്ടും തട്ടീട്ടും പോകുന്നില്ല
ഇടുപ്പോളം കയറിയല്ലോ
ചോണനുറുമ്പ്

തട്ടീട്ടും തട്ടീട്ടും പോകുന്നില്ല
വായറോളം കയറിയല്ലോ
ചോണനുറുമ്പ്

തട്ടീട്ടും തട്ടീട്ടും പോകുന്നില്ല
നെഞ്ചോളം കയറിയല്ലോ
ചോണനുറുമ്പ്

തട്ടീട്ടും തട്ടീട്ടും പോകുന്നില്ല
കഴുത്തോളം കയറിയല്ലോ
ചോണനുറുമ്പ്

തട്ടീട്ടും തട്ടീട്ടും പോകുന്നില്ല
തലയോളം കയറിയല്ലോ
ചോണനുറുമ്പ്

തട്ടീട്ടും തട്ടീട്ടും പോകുന്നില്ല

### പാറ്റയും പല്ലിയും

വിളക്കു തെളിയും നേരത്ത്
പാറ്റകൾ പാറിവന്നെത്തും
പാറ്റകൾ വട്ടം ചുറ്റുമ്പോൾ
നാവു നീട്ടി പല്ലിയതാ

## ചെറുപ്രാണികൾ

ചെറുപ്രാണികളും പലതരമുണ്ടേ
ഏതെല്ലാമെന്നറിയാമോ
പല്ലിയും പാറ്റയും കരിവണ്ടും
പൂമ്പാറ്റകളും ഉണ്ടല്ലോ
തുമ്പിയും ഈച്ചയും ചിലന്തിയുമെല്ലാം
ചെറുപ്രാണികളിൽപ്പെടുമല്ലോ

## ഉറുമ്പ്

വരിവരിയായി വരുന്നുണ്ട്
ഒന്നിനു പിറകെ ഒന്നൊന്നായ്
നന്നായ് ജോലികൾ ചെയ്യുന്നു
കൂട്ടായ് ജോലികൾ ചെയ്യുന്നു
കൂട്ടംതെറ്റിപ്പോയാലോ
തിരികെ കൂട്ടം ചേരുന്നു

## അമ്മ

ഓടിയെത്തും നേരമെന്നെ
ഓമനിക്കും അമ്മ
പാലുതരും പീപ്പിതരും
പാവതരും അമ്മ
കൊച്ചു കഥ ചൊല്ലിത്തരും
നിത്യവുമെന്നമ്മ
പട്ടുറുമാൽ തുന്നിത്തരും
പൊട്ടുതൊടുവിക്കും
അച്ഛനെന്നെ തല്ലിടുമ്പോൾ
ഓടിയെത്തും അമ്മ
അമ്മയാണീ പാരിടത്തിൽ
എന്നും എന്റെ ദൈവം
അമ്മയെ മറക്കുമോ ഞാൻ
ജീവനുള്ള കാലം

## എലിയും പൂച്ചയും

പൂച്ചയിതാ എലിക്കുഞ്ഞിനെ പിടിക്കാനായി
പോണു
എലിയൊന്നതാ മാളം നോക്കി പരക്കം
പാഞ്ഞു പോണു
മാളമാണെന്നോർത്തു എലി കുപ്പിയൊന്നിൽ
കയറി
കുപ്പിയേയും ചുറ്റിപ്പറ്റി കാവലായി പൂച്ച
കുപ്പീൽ നിന്നും രക്ഷപ്പെടാൻ
എലിക്കുഞ്ഞിന് മേല
കുപ്പിക്കുള്ളിൽ കടന്നു ചെല്ലാൻ തക്കം
നോക്കി പൂച്ച
പൂച്ചയ്ക്കൊരു ബുദ്ധിതോന്നി
ചൂണ്ടയിട്ടെടുക്കാം
ചൂണ്ട തേടി പൂച്ചയതാ പോകുന്നത് കണ്ടോ
തക്കം നോക്കി എലിക്കുഞ്ഞിന്റെ കൂട്ടുകാ
രുമെത്തി
പേടിക്കേണ്ട കൂട്ടുകാരാ...രക്ഷിച്ചീടാം ഞങ്ങൾ
കൂട്ടുകാരൻ തോളുകാട്ടി മറ്റൊരാളു കേറി
അതിനു മേലെ അടുത്തയാളും ചാടിയതാ
കേറി
മോളിൽ നിന്നും കുപ്പിക്കുള്ളിൽ വാലു നീട്ടി
കാട്ടി
കൊച്ചനുജൻ വാലു നീട്ടി പുറത്തേക്കങ്ങ്
ചാടി
കൂട്ടരവർ ഒത്തു ചേർന്നു ഓടിയൊളിച്ചല്ലോ
ചൂണ്ടയുമായ് വന്ന പൂച്ച ഓടിയൊളിച്ചല്ലോ

## പൂച്ചമ്മ

രാരീരീ രാരീരീ രാരിരാരോ (2)
എന്തിനാണമ്മേ ഈ പൂച്ചയെന്നും
നക്കിത്തുടയ്ക്കുന്നു ദേഹമെല്ലാം
ദേഹം മുഴുവനും വൃത്തിയാക്കാൻ
നക്കിത്തുടയ്ക്കുന്നു പൂച്ചയെന്നും
(രാരീരീ...)
പൂച്ചയ്ക്ക് സോപ്പില്ലേ വെള്ളമില്ലേ
നമ്മെ പോലൊന്ന് കുളിച്ചുകൂടേ
പൂച്ച കുളിക്കുകയില്ല മോളേ
വെള്ളവും സോപ്പും അതിനു വേണ്ട
(രാരീരീ..)

## ആട്ടിൻകുട്ടി

ആട്ടിൻകുട്ടിക്കറിയാം
കാട്ടിൽ മേയാനറിയാം
തുള്ളിച്ചാടാനറിയാം
തണലിലുറങ്ങാനറിയാം
വെയിൽ ചായുന്നൊരുനേരം
വീട്ടിൽ പോകാനറിയാം
അമ്മയ്ക്കരികിൽ ചെന്ന്
ഉമ്മ കൊടുക്കാനറിയാം

## തുമ്പിക്കൈ

തുമ്പീ-തുമ്പീ-തുമ്പിക്കൈ
പൂത്തുമ്പിക്കില്ലാ തുമ്പിക്കൈ
ആനയ്ക്കുണ്ടൊരു തുമ്പിക്കൈ
കുഴിയാനയ്ക്കില്ലാ തുമ്പിക്കൈ

## ആന വരുന്നേ

കറുത്ത പൊണ്ണൻ മലപോലെ
ആന വരുന്നേനയ്യയ്യാ!
വെളുത്ത കൊമ്പുകൾ രണ്ടുണ്ട്
കറുത്ത തുമ്പിക്കൈയുണ്ട്
മുറം കണക്കെച്ചെവിയുണ്ട്
ചൂലു കണക്കൊരു വാലുണ്ട്
തൂണുകൾ മാതിരി കാലുണ്ട്
പത്തായം പോൽ വയറുണ്ട്
കറുത്ത പൊണ്ണൻ മലപോലെ
ആനവരുന്നേനയ്യയ്യാ!

## ജിറാഫ്

കഴുത്തു നീണ്ട ജിറാഫേ നിന്നെ-
കാണാനെന്തു രസം
കഴുത്തു നീളാൻ കാരണമെന്തേ?
കാര്യം പറയേണം
പല പല കൊമ്പിൽ കഴുത്തു നീട്ടി
ഇലകൾ തിന്നല്ലോ
കണ്ടോ കണ്ടോ അങ്ങനെയെന്നുടെ
കഴുത്തു നീണ്ടല്ലോ!

## പശു

കൊമ്പു കുലുക്കും പശുവമ്മ
വലിട്ടാട്ടും പശുവമ്മ
പുല്ലു തിന്നും പശുവമ്മ
പാലു തരുന്നൊരു നല്ലമ്മ

# കൃഷി

## വാഴ

വാഴേ വാഴേ ചങ്ങാതി
വാവാ ഞങ്ങടെ ചങ്ങാതീ
ഞങ്ങൾക്കുണ്ണാൻ തൂശനില
കൂട്ടാൻ കൂട്ടാൻ കീറ്റിലയും
ചക്കര പൊതിയാൻ കരിയിലയും
തരുന്ന നീ ഞങ്ങടെ ചങ്ങാതി
മുത്തശ്ശിക്ക് വെറ്റില പൊതിയാൻ
വാഴപ്പോളയുമെന്നല്ല
കറിവയ്ക്കാനായി വാഴക്കായും
പഴവും പലവക തന്നീടും
കൊച്ചനിയത്തി കരയുമ്പോൾ
കൊടുത്തൊരു വാഴത്തേൻ
ഈ വകയെല്ലാം നൽകും നീ
മറന്നീടാത്തോൻ ചങ്ങാതീ

## കൃഷി

ചോറുണ്ടാവാൻ
ചോറുണ്ടാവാൻ എന്തുണ്ട്?
ചോറുണ്ടാവാൻ അരിയുണ്ട്
അരിയുണ്ടാവാൻ എന്തുണ്ട്?
അരിയുണ്ടാവാൻ നെല്ലുണ്ട്
നെല്ലുണ്ടാവാൻ എന്തുണ്ട്?
നെല്ലുണ്ടാവാൻ കതിരുണ്ട്
കതിരുണ്ടാവാൻ എന്തുണ്ട്?
കതിരുണ്ടാവാൻ ഞാറുണ്ട്.
ഞാറുണ്ടാവാൻ എന്തുണ്ട്?
ഞാറുണ്ടാവാൻ വിത്തുണ്ട്.
വിത്തുണ്ടാവാൻ എന്തുണ്ട്?
വിത്തുണ്ടാവാൻ നിലമുണ്ട്
വിത്തുവിതയ്ക്കാൻ ആരുണ്ട്?
വിത്തുവിതയ്ക്കാൻ ഞാനുണ്ട്.

## ചോദ്യോത്തരപ്പാട്ട്

നെല്ല് കൊയ്യട കുഞ്ഞാ
എനിക്കു വയ്യെന്റമ്മേ
കറ്റമെതിക്കട കുഞ്ഞാ
എനിക്കു വയ്യെന്റമ്മേ
നെല്ലുകുത്തട കുഞ്ഞാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി കുടിക്കെടാ കുഞ്ഞാ
അങ്ങനെ പറയെന്റമ്മേ

# പക്ഷികൾ

## കുയിലും കാക്കയും

കാകാ - കരയും കാക്കച്ചി
കറുമ്പിയാണേ കാക്കച്ചി
കൂകൂ - കൂകും കുയിലമ്മ
കുറുമ്പിയാണേ കുയിലമ്മ

## തത്തമ്മ

മാവിന്റെ കൊമ്പത്തെ തത്തമ്മ
മാവു മറിഞ്ഞാലെന്തു ചെയ്യും
ആടിക്കുലുങ്ങി ആലുമറിഞ്ഞാൽ
ആലിന്റെ കൊമ്പത്തെ തത്തമ്മേ
ആലുമറിഞ്ഞാലെന്തു ചെയ്യും
ആടിക്കുലുങ്ങി ആലുമറിഞ്ഞാൽ
മാനത്തുനോക്കി പറപറക്കും.

## പൂങ്കുയിൽ

കുഞ്ഞിക്കുയിലേ പൂങ്കുയിലേ
കുഞ്ഞിച്ചുണ്ടിൽ പാട്ടുണ്ടോ?
കുഞ്ഞിനു കേൾക്കാനൊരു ഗാനം
പൂങ്കുയിലേ നീ പാടാമോ
പാടിത്തീർന്നാൽ ഞാൻ നൽകാം
പാലും പഴവും സമ്മാനം
പവിഴത്താലൊരു തേൻകൂടും.

## താറാവ്

താറാവേ താറാവേ
തത്തിട തരികിട താറാവേ
ഏലേലം പുഴയോളത്തിൽ
എല്ലാരും കൂടെങ്ങോട്ടാ
നീണ്ടു വളഞ്ഞ കഴുത്തല്ലേ
നീന്താൻ പറ്റിയ കാലല്ലേ
മുട്ടകളിട്ടു തരാമെങ്കിൽ
ഇഷ്ടം പോലെ തീറ്റ തരാം.

## മൂളും ചങ്ങാതി

കൂടെ വരാമോ ചങ്ങാതി - 'ഊം'
കൂടു തരാമോ ചങ്ങാതി - 'ഊം'
ഉരുള തരാമോ ചങ്ങാതി - 'ഊം'
ഉരുളി തരാമോ ചങ്ങാതി - 'ഊം'
ആരെന്തു പറഞ്ഞാലും ചങ്ങാതി - 'ഊം'
ആളൊരു മണ്ടൻ മൂങ്ങച്ചാർ - 'ഊം'

## പച്ചക്കിളി

പച്ചക്കാട്ടിൽ പോയീടാം
പച്ചമരങ്ങൾ കണ്ടീടാം
പച്ചമരത്തിൽ കൊമ്പിലിരിക്കും
പച്ചക്കിളിയെ കണ്ടീടാം

## ടക് ടക്

കൊത്തി കൊത്തി പിന്നേം കൊത്തി
പലനാൾ കൊത്തി
ടക്, ടക്, ടക്, ടക്
ടക്, ടക്, ടക്, ടക്
ഒത്തിരി കൊത്തി-
ട്ടിത്തിരയുള്ളൊരു
പൊത്തുണ്ടാക്കി
പൊത്തിലിരിക്കും
പുഴുവെ കൊത്തി
ചിറക് വിരിച്ചൊരു
കിളിയുടെ പേരത്
പറയാമോ? മരംകൊത്തി

## തത്ത

തത്തേ തത്തേ വാവാവാ
ചക്കരമുത്തം താതാതാ
പാലും പഴവും തന്നീടാം
പുതിയൊരു കൂടും തന്നീടാം
കൂട്ടിലിരിക്കാൻ മടിയാണെങ്കിൽ
എന്നുടെ മടിയിലിരുന്നോളൂ
പല പല കഥകൾ പറഞ്ഞീടാം
കൂട്ടരുമൊത്ത് കളിച്ചീടാം.

## ചോദ്യോത്തരപ്പാട്ട്

തത്തിപ്പാറുന്ന തത്തമ്മേ നിന്നെ
പാറാൻ പഠിപ്പിച്ചതാരാണ്?
മേലേ പൊത്തീന്ന് താഴോട്ട് വീണപ്പം
ചിറകിട്ടടിക്കാൻ പഠിച്ചതാണ്
നീന്തി നടക്കണ മീനേ നിന്നെ
നീന്താൻ പഠിപ്പിച്ചതാരാണ്?
വെള്ളത്തിലാണങ്ങ് പോകാറായപ്പം
ചിറകാൽ ഇഴഞ്ഞ് പഠിച്ചതാണ്
ഓടിനടക്കണ കുഞ്ഞേ നിന്നെ
ഓടാൻ പഠിപ്പിച്ചതാരാണ്
എന്നെ കൈവിട്ടമ്മ ദൂരേക്ക് പോകുമ്പം
പിന്നാലെ ഓടി പഠിച്ചതാണ്.

## കുയിൽ

പാട്ടു പാടി പാറി നടക്കും
കറുത്ത കുയിലമ്മേ
കാക്ക കൂട്ടിൽ മുട്ടയിടുന്നൊരു
കള്ളിക്കുയിലമ്മേ
ദൂരെ മാവിൻ കൊമ്പിലിരുന്ന്
നീ പാട്ടു പാടുമ്പോൾ
കൂകൂ കൂകൂ ഏറ്റുപാടാം
ഞാനും നിൻ കൂടെ....

## കിളിപ്പാട്ട്

ആലുങ്കടവിലൊരാലുണ്ട്
ആലിൻ മേലൊരു പോടുണ്ട്
പോടിനകത്തൊരു കൂടുണ്ട്
കൂട്ടിനകത്തൊരു കിളിയുണ്ട്
കിളിയുടെ ചുണ്ടിൽ പാട്ടുണ്ട്
പാട്ടൊഴുകുന്നൂ കീ... കീ....കീ...

## മയിലും കുയിലും

മയിലേ മയിലേ പാടാമോ?
കുയിലേ കുയിലേ ആടാമോ?

മയിലിനു പാടാനറിയില്ല
കുയിലിന് ആടാനറിയില്ല
മയിലാടുമ്പോൾ കുയിൽപാടും
കുയിൽ പാടുമ്പോൾ മയിലാടും

### കുട്ടിയും കാക്കയും

| | | |
|---|---|---|
| കുട്ടി | : | കാക്കേ നിന്നുടെ പേരെന്താ? |
| കാക്ക | : | കാക്കക്കുട്ടൻ എന്നാണേ |
| കുട്ടി | : | കാക്കേടച്ഛന്റെ പേരെന്താ? |
| കാക്ക | : | കാക്കക്കറുമ്പൻ എന്നാണേ |
| കുട്ടി | : | കാക്കേടമ്മേട പേരെന്താ? |
| കാക്ക | : | കാക്കക്കറുമ്പി എന്നാണേ |
| കുട്ടി | : | കാക്കേ നിന്നുടെ നാടേതാ |
| കാക്ക | : | കാക്കശ്ശേരിയിൽ എൻനാട് |

### കാക്ക

കറുത്ത കോട്ടും കാലുറയും
കുറിക്കു കൊള്ളും കൗശലവും
കാക്കേ! നീയൊരു വക്കീലോ?
പക്ഷിക്കോടതി വക്കീലോ?
കേസിനു പോവാൻ നീ മുമ്പൻ
ക്രോസു നടത്താന നീ വമ്പൻ
കാക്കേ! നീയൊരു വക്കീലോ
പക്ഷിക്കോടതി വക്കീലോ?

### പക്ഷികൾ

കോഴിക്കുഞ്ഞു ഞങ്ങൾ മുട്ടയിൽനിന്നും
പുറത്തിറങ്ങി വന്നൂ ആഹാ ആനന്ദം
ക്യോം ക്യോം ക്യോം ക്യോം ക്യോം ക്യോം
കാൺമിൻ ഞങ്ങടെ കാലുകൾ കാൺമിൻ
ഞങ്ങടെ ചുണ്ടുകൾ
ചികഞ്ഞീടും പിന്നെ കൊത്തി കൊത്തി
തിന്നും
ക്യോം ക്യോം ക്യോം ക്യോം ക്യോം ക്യോം
ഞങ്ങളുടെ അമ്മ കൊക്കോ കൊക്കോ
വിളിക്കും
ഓടി ഞങ്ങൾക്കൂടും തീറ്റി മുമ്പായ് നേടാൻ
ക്യോം ക്യോം ക്യോം ക്യോം ക്യോം ക്യോം
ഒരു ദിനമയ്യോ മഹാദുഃഖം കഷ്ടം
വലിയൊരു പരുന്ത് പറന്നു താണു
ക്യോം ക്യോം ക്യോം ക്യോം ക്യോം ക്യോം
ഓടി ഞങ്ങൾകൂടി അമ്മയുടൻ തന്നെ
ചിറകൊന്ന് വിടർത്തി നന്നായൊളിപ്പിച്ചു
പക്ഷേ ഒരു സോദരൻ പറന്നെത്തും മുമ്പേ
ദുഷ്ടനായ പരുന്ത് റാഞ്ചിക്കൊണ്ട് പോയി.
നല്ല പാഠം പഠിച്ചു ദൂരെയൊന്നും പോവില്ല
അമ്മയുടെ സാമീപ്യം ഭയമില്ലല്ലോ
ക്യോം ക്യോം ക്യോം ക്യോം ക്യോം ക്യോം

## വാഹനങ്ങൾ

### തീവണ്ടി

നീളക്കാരൻ കൂകുന്നേ
പാളം തെറ്റാതോടുന്നേ
കൂ കൂ എന്നൊരു കഥയറിയാം
കട കട നല്ലൊരു പാട്ടറിയാം.
മരങ്ങൾ തിന്നും പുഴുവാണോ?
മണ്ണു തുരക്കുമൊരെലിയാണോ
കിതച്ചൊരൽപ്പം നിന്നാലും
കുതിച്ചു പായും തീവണ്ടി

### വണ്ടി

അനിയനുണ്ട് വണ്ടി
രണ്ടു ചക്രവണ്ടി
മണിയടിച്ചു നീങ്ങും
നല്ല സൈക്കിൾ വണ്ടി
ഏട്ടനുണ്ട് വണ്ടി
രണ്ടു ചക്രവണ്ടി
കുതികുതിച്ചു പായും
നല്ല സ്കൂട്ടർ വണ്ടി

### മോട്ടോർ

ചെറിയ ചെറിയ മോട്ടോർ
വലിയ വലിയ മോട്ടോർ
പമ്പടിക്കണ മോട്ടോർ
പോം പോം മോട്ടോർ

### ശ്രദ്ധിക്കണം

ലാ മല്ലാ മല്ലാ ലേലോ
ലോ മല്ലേലാലാ ലോ
വണ്ടികളോടും റോഡിൽക്കൂടി

തണ്ടും കാട്ടി നടക്കരുതേ
തണ്ടും കാട്ടി നടന്നാലയ്യോ
കുണ്ടാമണ്ടീ പിണഞ്ഞിടുമേ.

കൂട്ടും കൂടി നടക്കുമ്പോൾ നാം
റോഡാണെന്ന് മറക്കരുതേ
റോഡിൽക്കൂടി നടക്കുമ്പോൾ നാം
വലതുവശത്തു നടക്കേണം.

റോഡു മുറിച്ചു കടക്കുമ്പോൾ നാം
ഇടതും വലതും നോക്കേണം

### വിമാനം

വാവാ എന്നു വിളിച്ചു വാനം
വാനിലുയർന്നു വിമാനം
പാറിപ്പാറി നടന്നൂ നാടുകൾ-
പലതും കണ്ടു വിമാനം
കുന്നും കുഴിയും പുഴയും വഴിയും
കടലും കണ്ടു മടങ്ങി.
മതി മതിയെന്നു മനസ്സിൽ തോന്നി
മണ്ണിൽ തിരികെയിറങ്ങി

### കട-കട ....... കാളവണ്ടി

കട കട കട കട കാളവണ്ടി
കിണി കിണി കിണി കിണി
സൈക്കിൾ വണ്ടി
പോ പോ പോ പോ മോട്ടോർ വണ്ടി
ഝുക് ഝുക് ഝുക് ഝുക് തീവണ്ടി

### തീവണ്ടി

- കൂകൂ കൂകൂ തീവണ്ടി
  കൂകിപ്പായും തീവണ്ടി
  കൽക്കരി തിന്നും തീവണ്ടി
  വെള്ളം മോന്തും തീവണ്ടി

- ചുക് ചുക് ചുക് ചുക് തീവണ്ടി
  ഒരുപാടാളെക്കേറ്റിപ്പായും
  വമ്പൻ ഞാനൊരു തീവണ്ടി
  ചുക് ചുക് ചുക് ചുക് തീവണ്ടി

  ചുക് ചുക് ചുക് ചുക് തീവണ്ടി
  നീളമുള്ളൊരു തീവണ്ടി
  ആളെക്കേറ്റും തീവണ്ടി
  ചുക് ചുക് ചുക് ചുക് തീവണ്ടി

### കുട്ടന്റെ വികൃതി

ഓടിപ്പോകും വണ്ടിയിലൊരുനാൾ
ചാടിക്കയറാൻ ഭാവിക്കെ
കുട്ടന്റമ്മ കരഞ്ഞു പറഞ്ഞു
കുട്ടാ മോനേ കയറല്ലേ
അമ്മ പറഞ്ഞത് കേട്ടിടാതെ
കുട്ടൻ പാഞ്ഞു മുന്നോട്ട്

ചാടിക്കയറും നേരം കുട്ടൻ
കൈവിട്ടയ്യോ നടുറോഡിൽ
നടുവും പോയി പുറവും പോയി
കാലുകളങ്ങനെ ഒന്ന് രണ്ട്

### തീവണ്ടി

ഝം ഝം ഝം കാരത്തോ-
ടോടി പോകും തീവണ്ടി
ഝടിതിയിലെങ്ങോട്ടീയാത്ര
ഝാൻസിയിലേക്കോ? പൊയ്ക്കോട്ടെ.

ടീച്ചർക്കും കുട്ടികൾക്കും ചേർന്ന് പാടിക്കളി
ക്കാവുന്ന പാട്ട്:

ദൂരെ ദൂരെ പോകേണം
ഏതിലൂടെ പോകേണം
കരയിലൂടെ പോകേണം
ഏതു വണ്ടിയിൽ പോകേണം
തീവണ്ടിയിൽ പോകേണം (സൈക്കിൾ, കാർ,
ബസ്)

ദൂരെ ദൂരെ പോകേണം
ഏതിലൂടെ പോകേണം
കടലിലൂടെ പോകേണം/പുഴയിലൂടെ
പോകേണം
ഏതു വണ്ടിയിൽ പോകേണം

കപ്പൽ കയറി പോകേണം (ബോട്ട്, തോണി,
വഞ്ചി)

ദൂരെ ദൂരെ പോകേണം
ഏതിലൂടെ പോകേണം
മാനത്തൂടെ പോകേണം
ഏതു വണ്ടിയിൽ പോകേണം
വിമാനമേറി പോകേണം
വിമാനമേറി പോകേണം (ഹെലികോപ്റ്റർ....)

### വിമാനം

ചിറകു വിടർത്തി മാനത്ത്
പറന്നു പോകുവതാരാണ്?
ആളെക്കേറ്റി വേഗത്തിൽ
പറന്നുപോകും വിമാനം

### തീവണ്ടി

*വമ്പൻ വണ്ടി തീവണ്ടി*
*കൂകിപ്പാഞ്ഞു വരുന്നുണ്ടേ*
*എന്തൊരു നീളം അമ്പമ്പോ*
*എന്തൊരു വേഗം അമ്പമ്പോ!*

*അതാ വരുന്നു ചെറുതോണി*
*ചാഞ്ചക്കം ചാഞ്ചക്കം*
*ചെറുതോണി നമുക്ക്*
*തുഴഞ്ഞീടാം*
*അക്കരെ വേഗം എത്തീടാം*

## എന്റെ ഗ്രാമം, പൊതുസ്ഥാപനങ്ങൾ, വാർത്താ വിനിമയമാർഗങ്ങൾ

### പോസ്റ്റമ്മാവൻ

*ഞങ്ങൾക്കുണ്ടേ സ്നേഹിക്കാൻ*
*ഞങ്ങടെ നാട്ടിലൊരമ്മാവൻ*
*നീലയുടുപ്പും സഞ്ചിയുമായ്*
*സൈക്കിളിലെത്തും അമ്മാവൻ*
*നട്ടുച്ച കൊടുവെയിലത്തും*
*കോരിച്ചൊരിയും മഴയത്തും*
*കത്തും പണവും പാഴ്സലുമായി-*
*ട്ടെത്തീടുന്നൊരമ്മാവൻ*

### ടി.വി.

*വെളു വെളു ചില്ലുള്ള സുന്ദരിപ്പെട്ടി*
*അച്ഛനീ കുട്ടനു നൽകിയപെട്ടി*
*വിരലൊന്ന് തൊട്ടാലോ ആട്ടവും പാട്ടും*
*കാട്ടിത്തരുന്നൊരു ചങ്ങാതിപ്പെട്ടി*

*മഴവില്ലിൻ നിറമൊക്കെ കാത്തിത്തരുന്നു*
*മധുരമാം ഗാനങ്ങൾ കേൾപ്പിക്കുന്നു.*

### റെയിൽവേസ്റ്റേഷൻ

*റെയിൽവേ സ്റ്റേഷനിൽ ചെന്നാലോ*
*ട്രെയിൻ വരുന്നതു കണ്ടീടാം*
*കൊടികൾ കാട്ടി നിൽക്കുന്ന*
*ഗാർഡിനെയൊന്ന് കണ്ടീടാം*
*ചുവപ്പു കൊടികൾ കാട്ടുമ്പോൾ*
*ട്രെയിൻ നിൽക്കുന്നത് കണ്ടീടാം*
*പച്ചക്കൊടികൾ കാട്ടുമ്പോൾ*
*ട്രെയിൻ പോകുന്നതു കണ്ടീടാം*

### റേഡിയോ

*വീട്ടിലുണ്ടൊരു കൊച്ചുപെട്ടി*
*പാട്ടുപാടും പെട്ടി*
*പെട്ടിക്കുള്ളിലാരുമില്ല*
*ഒച്ച മാത്രം കേൾക്കും*
*കഥ പറയും കളി പറയും*
*വാർത്തകൾ വായിക്കും*

### വണ്ടി

*വണ്ടിയിലേറിപ്പോകുമ്പോൾ*
*കാഴ്ചകളെന്തെല്ലാം*
*പോലീസ് സ്റ്റേഷനും പോസ്റ്റാപ്പീസും*
*ബസ് സ്റ്റാൻഡുകളും ഉണ്ടല്ലോ*
*സ്കൂളിൻ മുന്നിൽ കുട്ടികളെല്ലാം*
*കച്ചവടക്കാർ മേളിക്കും.*

### അമ്പിളിമാമൻ

*വാനിൽ നിന്ന് ചിരിക്കുന്നു*
*വെള്ളിവെളിച്ചം വിതറുന്നു*
*ഞാനോടുമ്പോൾ ഓടുന്നു*
*ഞാൻ നിൽക്കുമ്പോൾ നിൽക്കുന്നു*
*എന്തൊരു സുന്ദരനമ്മാവൻ*
*നമ്മുടെ അമ്പിളിയമ്മാവൻ*

### കുട്ടാപ്പി

*ചന്തയിൽ പോകും കുട്ടാപ്പീ*
*നിന്നുടെ വണ്ടിയിൽ എന്താണ്?*
*പുള്ളിപ്പശുവിൻ പാലുണ്ട്*
*കുപ്പികൾ നിറയെ പാലുണ്ട്*
*അമ്മിണിയാടിൻ പാലുണ്ട്*
*മുട്ടകൾ കുട്ടയിൽ പലതുണ്ട്*
*തട്ടിപ്പൊട്ടാതെത്തേണം*
*ചന്തയിൽ വാങ്ങാനാളുണ്ട്*

### ടെലിഫോൺ

*കിണി കിണി കിണി കിണി മണിനാദംടെലി*
*ഫോണിന്റെ മണിനാദം*
*ആരോ എന്നെ വിളിക്കുന്നു*
*ചെവിയിൽ ചേർത്തു പിടിച്ചപ്പോൾ*
*'ഹലോ' എന്നു കേൾക്കുന്നു*

*ചേച്ചി വിളിച്ചൊരു കോളാണേ*
*ഗൾഫീന്നുള്ളൊരു കോളാണേ*

### ഫോൺ

*ബെല്ലടി ബെല്ലടി കൈയിലെടുത്തു*
*കാതോട് ചേർത്തു ചോദിച്ചു*
*ഹലോ ഹലോ ആരാണ്*
*കാര്യമറിഞ്ഞു നന്ദി പറഞ്ഞു*
*നമസ്കാരം*

## വൈദ്യുതി

വൈദ്യുതി എന്നൊരു കേമൻ
ആളെ കൊല്ലും ഭീമൻ
സ്വിച്ചിൽ തൊട്ടാലോടിവരും
പെട്ടന്നണയും ശൂരൻ
കാണാൻ കണ്ണിന് കഴിയില്ല
തൊട്ടാൽ തട്ടി എറിഞ്ഞീടും
വിരലിൻ തുമ്പത്തൂഞ്ഞാലാടും
മനുഷ്യൻമാരുടെ ദാസൻ

# കലകൾ, പ്രാദേശിക ഉത്സവങ്ങൾ, കളികൾ, വിനോദങ്ങൾ

## പൂരം

ചെണ്ടയിലടിയടി ചീണ്ടൻ ചേട്ടാ
ഡിണ്ടട ഡിണ്ടം ഡിണ്ടിണ്ടം
മദ്ദളമുടനടി മാത്തൻ ചേട്ടാ
ധിംധിമി ധിംധിമി ധിംധിംധോ.

കുഴലുവിളിക്കൂ കുഞ്ഞൻ ചേട്ടാ
പെപ്പര പെപ്പേ പെപ്പപ്പേ
കൈമണി മുട്ടൂ മണിയൻ ചേട്ടാ
ഝിം ഝില്ലം (2)

ഡിണ്ട ധിംധിമി പെപ്പരഝില്ലം
ചേർന്നാൽ പൂരം പൊടിപൂരം

## പൂരം

കാവിൽ പൂരം പൂമ്പാറ്റേ
തെയ്യോം തിറയും പൂമ്പാറ്റേ
കൊട്ടും കുഴലും പൂമ്പാറ്റേ
കാണാൻ പോരൂ പൂമ്പാറ്റേ

## ചെണ്ട

ചെണ്ട കണ്ടോ ചെണ്ട
മണ്ടയുള്ള ചെണ്ട
ചെണ്ട മുട്ടു കേട്ടോ
ഡിണ്ട ഡിണ്ട ഡിണ്ടും

## ഞണ്ട്

ലല്ലലല്ല ലാലെ ലല്ലലല്ല ലാലെ
കല്ലിനുള്ളിലെ ഞണ്ടേ
കല്യാണത്തിനു പോണ്ടേ
ലല്ലലല്ല ലാലെ ലല്ലലല്ല ലാലെ
താലിം മാലേം വേണ്ടെ
ഓലപ്പീലി വിളിക്കേണ്ടേ
ലല്ലലല്ല ലാലെ ലല്ലലല്ല ലാലെ
പച്ചടി കിച്ചടി വേണ്ടേ
പാൽപ്പായസവും വേണ്ടേ
ലല്ലലല്ല ലാലെ ലല്ലലല്ല ലാലെ
കൊട്ടും കുരവയും വേണ്ടെ
ക്യാമറ ഒന്ന് മിന്നണ്ടേ
ലല്ലലല്ല ലാലെ ലല്ലലല്ല ലാലെ

## ആവർത്തനം

കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാനെ കണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീടുകണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീട്ടിലിരിക്കുന്ന കൂടു കണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീട്ടിലിരിക്കുന്ന കൂട്ടിൽ
കിടക്കുന്ന കോഴിയെ കണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീട്ടിലിരിക്കുന്ന കൂട്ടിൽ
കിടക്കുന്ന കോഴിയമ്മയെ കൊന്ന
കുറുക്കനെ കണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീടിലിരിക്കുന്ന കൂട്ടിൽ
കിടക്കുന്ന കോഴിയെ കൊന്ന
കുറുക്കനെ കൊന്നൊരു തോക്കു കണ്ടോ
കൂട്ടുകാരെ നിങ്ങൾ കുട്ടമ്മാൻ
കെട്ടിയ വീട്ടിലിരിക്കുന്ന കൂട്ടിൽ
കിടക്കുന്ന കോഴിയെ കൊന്ന
കുറുക്കനെ കൊന്നൊരു തോക്കുമായ്
തെക്കൂന്ന് തക്കിട, തരികിട താളം
ചവിട്ടി വരുന്നതു കണ്ടുവോ
കുട്ടമ്മാനല്ലയോ

## കടങ്കഥപ്പാട്ട്

i) ചാടിച്ചാടി പോകും ഞാൻ
വെള്ളം കണ്ടാൽ നീന്തീടും
പോക്രോം പോക്രോം കരയുന്ന
ഞാനാരാണെന്നറിയാമോ?

ii) പാറകണക്കെ തോന്നീടും
ഒച്ചയനക്കം കേട്ടാലുടനെ
തല ഞാൻ ഉള്ളിലൊളിപ്പിക്കും
പറയൂ പറയൂ പറയാമോ?
ഞാനാരാണെന്നറിയാമോ?

iii) ഞങ്ങൾ നീന്തും വെള്ളത്തിൽ
കരയ്ക്കു വന്നാൽ ചത്തീടും

നിങ്ങടെ കൈയിൽ പെട്ടാലോ
കറിയുണ്ടാക്കി തിന്നീടും

**പട്ടം**

കുട്ടൻ കെട്ടിയ പട്ടം
കുത്തനെ മറിയും പട്ടം
ചേലിൽ പാറും പട്ടം
ഉയരെ പോകും പട്ടം
പാടം ചുറ്റും പട്ടം
കാണാൻ നല്ലൊരു പട്ടം

**പൂരം**

പൂരം വന്നേ

തക്കിട - തരികിട ജീയ്യഞ്ചം
കാവിൽപ്പൂരം വന്നല്ലോ
പെപ്പര-പെപ്പര-ഡും ഡും ഡും
കാവിൽപ്പൂരം വന്നല്ലോ
ടെട്ടെട്ടെട്ടെ - വെടിപൊട്ടി
കാവിൽപ്പൂരം വന്നല്ലോ
എന്തു തിരക്കാണമ്പമ്പോ
കാവിൽപ്പൂരം വന്നല്ലോ

**ചെണ്ട**

*(കുട്ടികൾ വായ്ത്താരി മാത്രം ഏറ്റുപാടുന്നു. ടീച്ചർ വരികൾ പാടുന്നു.)*

ഡിം ഡിം ഡിണ്ട ണ്ടേ
ഡിംകണ ഡിംകണ ഡിംഡണ്ടേ

അമ്പലനടയിൽ പൊന്തുന്നേ
വമ്പൻ മേളം ഡിംഡിംണ്ടേ

(ഡിം ഡിം)

കോലുകൾ പൊങ്ങിത്താഴുന്നേ
ആളുകൾ ഓടിക്കൂടുന്നേ

(ഡിം ഡിം)

ആർപ്പുവിളികളുമുയരുന്നു
ആവേശത്തിൽ പടരുന്നു

(ഡിം ഡിം)

കുറ്റിത്തലയിൽ തോലുണ്ടേ
തോലിൻ മേലെ കോലുണ്ടേ

(ഡിം ഡിം)

**പൂരം**

മുത്തുക്കുടയും ചൂടി നിരന്നു
ആനകളെല്ലാം വരിവരിയായ്
മേലേക്കാവിലെ പൂരത്തിന്
ഇന്നാണല്ലോ കുടമാറ്റം
നീലനിറത്തിൽ മഞ്ഞനിറത്തിൽ
കുടകൾ വിരിഞ്ഞു മാനത്ത്
മുത്തുക്കുടകൾ വിരിയുമ്പോൾ
ആർപ്പും വിളിയും പൊടിപൂരം

**ചെണ്ടയടിക്കാൻ പോരുന്നോ**

ഗ്രൂപ്പ് 1: ചെണ്ടയടിക്കാൻ പോരുന്നോ
ചങ്ങാതികളേ പോരുന്നോ
ഗ്രൂപ്പ്2: ചെണ്ടയടിക്കാൻ പോരുന്നു
ചങ്ങാതികളേ പോരുന്നു
ഡംപട പട പട ഡംപട പട
പട ഡംപട പടപട ഡ്രം ഡ്രം ഡ്രം

ഗ്രൂപ്പ് 1: മദ്ദളം കൊട്ടാൻ പോരുന്നോ
ചങ്ങാതികളേ പോരുന്നോ

ഗ്രൂപ്പ് 2: മദ്ദളം കൊട്ടാൻ പോരുന്നു
ചങ്ങാതികളേ പോരുന്നു
തദ്ധിമി തകധിമി തദ്ധിമി
തകധിമി തദ്ധിമി തകധിമി
ധീം ധീം ധീം

ഗ്രൂപ്പ് 2: ചേങ്ങില കൊട്ടാൻ പോരുന്നോ
ചങ്ങാതികളേ പോരുന്നോ
ചേങ്ങില കൊട്ടാൻ പോരുന്നു
ചങ്ങാതികളേ പോരുന്നു
ണ്ണോം ണ്ണോം, ണ്ണോം ണ്ണോം, ണ്ണോം
ണ്ണോം, ണ്ണോം ണ്ണോം
ണ്ണോം ണ്ണോം, ണ്ണോം ണ്ണോം, ണ്ണോം
ണ്ണോം, ണ്ണോം.

ഗ്രൂപ്പ് 1: കൊമ്പ് വിളിക്കാൻ പോരുന്നോ
ചങ്ങാതികളേ പോരുന്നോ

ഗ്രൂപ്പ് 2: കൊമ്പ് വിളിക്കാൻ പോരുന്നു
ചങ്ങാതികളേ പോരുന്നു
പെപെപ്പേ പെപെപ്പേ
പെപ്പെര
പെപ്പെര പെപ്പെപ്പേ

**മണ്ണപ്പം**

മണ്ണപ്പത്തിന് മണ്ണ് കുഴച്ചു
ചപ്പിളി ചളിപിളി
ചപ്പിളി ചളിപിളി
ഹാ ഹാ എന്തു രസം!

**കടങ്കഥപ്പാട്ട്**

ആ...ആന...ആറാട്ട്
ഈ...ഈച്ച...ഈരണ്ട്

ഊ......ഊത്ത്......ഊഞ്ഞാൽ
ഏ........ഏണി..........ഏലയ്ക്ക
ആ...ഈ...ഊ........എ
തലയിൽ കൊമ്പുകൾ രണ്ടുണ്ട്
ഉടലിൻ പിന്നിൽ ചെറിയൊരു വാൽ
പാലുതരും ചെറിയൊരു ജന്തുവിൻ
പേരെന്താണ് പറയാമോ?

ആ........ട്

ചക്കരകണ്ടാൽ എത്തും ചുറ്റിപ്പറ്റി
പറക്കും

ഓടിച്ചാലും ഓടിച്ചാലും പിന്നെയുമെത്തും
ആരാണ്?

ഈ.....ച്ച

മാനം മേലെ പറന്നീടും മരങ്ങളിൽ കൂടുകൾ
കൂട്ടീടും

കിലുകിലെ എന്നൊരു പാട്ടും പാടി
മുറ്റത്തെത്തുവതാരാണ് - കിളി

### ആരാണാപോകുന്നു

ആരാണാ പോകുന്നു..ചെണ്ടക്കാരല്ലയോ
അമ്പലത്തിൽ കൊടുവാൾ തുമ്പമോടെ
പോകുന്നു.
ചെന്നെത്തീ ചെന്നെത്തീ പിന്നെയെന്തു
ചെയ്യുന്നു
ചെണ്ടച്ചരട് മുറുക്കീട്ട് മുണ്ടൊന്നരയിൽ
കെട്ടീട്ട്
തക്കിട, തരികിട താളത്തിൽ ഇർറണ്ടം
ഇർറണ്ടം
തംഞ്ചാളാ താളത്തിൽ ജീം ജീം ജീം ജീം
മുട്ടുന്നു
വന്നല്ലോ വന്നല്ലോ കുഴൽവിളിക്കാർ
വന്നല്ലോ
കുഴലുകൾ കൈയിലെടുക്കുന്നു പീപ്പിപീ
പിപ്പിപ്പീ പെപ്പരപെപ്പര പെപ്പെപ്പേ.....

### കഥാഗാനം

താനാരെ താനാരെ...
അങ്ങേവീട്ടിലെ മുത്തശ്ശിയമ്മേടെ
പൂവൻകോഴിയൊരുനാൾ
കാട്ടിൽ നടന്ന കലോത്സവം കാണാൻ
പാണ്ടൻ പൂച്ചയോടൊത്ത് പോയി(താനാരേ)
വാനരന്മാരുടെ താളത്തിനൊത്ത്
പുള്ളിമാനുകൾ തുള്ളാൻതുടങ്ങി
പച്ചക്കിളിയുടെ പാട്ടുകൾക്കൊപ്പം
പുള്ളിമയിലുകൾ നൃത്തംചവിട്ടി (താനാരേ)
പെട്ടെന്നൊരു കുര കേട്ടു(2)
വേട്ടക്കാരന്റെ പട്ടി ബൗ.... ..ബൗ...
പാട്ടും കളികളും എല്ലാം നിലച്ചു
കൂട്ടമായെല്ലാം ഓടി ഒളിച്ചു (താനാരേ)
കൂട്ടത്തിൽ പാണ്ടനും കാട്ടിലൊളിച്ചു
പൂവൻകോഴി ഒറ്റയ്ക്കുമായി
പട്ടി കുരച്ചുകൊണ്ടോടിയെത്തി
പൂവന് പേടിയതേറി (താനാരേ)
ഒറ്റ കുതിപ്പിന് കേറി മരക്കൊമ്പിൽ
രാത്രി മുഴുവനങ്ങൊറ്റയ്ക്കിരുന്നു
പിറ്റേന്ന് വീടിനെ നോക്കിക്കുതിച്ചു
വീട്ടിൻ പടിക്കലോ പാണ്ടനെ കണ്ടു (താനാരേ)
ആപത്തിൽ കൈവെടിഞ്ഞീടുന്ന ചങ്ങാതി
ചങ്ങാതിയാകുമോ കൂട്ടുകാരേ.....

## ആകാശം

### മേഘം

പറന്നു പോകും കിളിയല്ല
പാട്ടുകൾ പാടാനറിയില്ല
കടലിൽ നിന്നും പൊങ്ങുന്നു
കാറ്റത്തങ്ങനെ നീങ്ങുന്നു.

### ആകാശം

വടിയില്ല പിടിയില്ല നല്ല കുട
തുണിയില്ല കാലില്ല നല്ല കുട
മഴയത്തു ചോരുന്ന നല്ല കുട
വെയിലു കൊള്ളിക്കുന്ന വലിയ കുട
പകലു കഴിഞ്ഞാൽ കറുത്ത കുട
ഇരുളിൽ മിനുങ്ങുന്ന മുത്തുക്കുട
ആകാശം നമ്മുടെ നല്ല കുട
ഭൂമിക്കു മേലുള്ള വലിയ കുട

### പുലരി

പൂവിടരുമ്പോൾ പൊൻപുലരി
പൂവാടുമ്പോൾ മൂവന്തി
വെയിലെത്തുമ്പോൾ പൊൻപുലരി
വെയിലാറുമ്പോൾ മൂവന്തി
കിളി പാടുമ്പോൾ പൊൻപുലരി
കിളി പോകുമ്പോൾ മൂവന്തി
പുലരി കൊടുക്കും വകയെല്ലാം
തിരികെയെടുക്കും മൂവന്തി

**മേഘം**

മുകളിൽ കൂടി പോകുമ്പോൾ
മാനത്തങ്ങനെ പാറുമ്പോൾ
മലയിൽ വയലിൽ പുൽമേട്ടിൽ
മഴ പെയ്യിക്കും മേഘം ഞാൻ

**നക്ഷത്രങ്ങൾ**

ആകാശത്തെ പൂമുറ്റത്തൊരു
തേങ്ങാപ്പൂളു കിടക്കുന്നു
കൊതിയൻമാരാം നക്ഷത്രങ്ങൾ
ചുറ്റും നിന്നു ചിണുങ്ങുന്നു.

## വെള്ളം, പുഴ, കടൽ, ജലജീവികൾ

**മീൻ**

താനാ തനനാ താനന്നന (2)
പൂക്കോട്ട് കായലിൽ മീൻ പിടിക്കാൻ
താനാ...............
മീന് തലയ്ക്കൊരു ചൂണ്ടെറിഞ്ഞു
താനാ...............
ചൂണ്ട വലിച്ചവൻ നോക്കുന്നേരം
താനാ...............
ചൂണ്ട തലയ്ക്കൊരു മീൻ കുടുങ്ങി
ചൂണ്ട വലിച്ചവൻ കരയിലിട്ടു
മീൻ മുറിച്ചവൻ നോക്കുന്നേരം
മീനിനകത്തൊരു ചെപ്പുകണ്ടു
ചെപ്പു തുറന്നവൻ നോക്കുന്നേരം
ചെപ്പിനകത്തൊരു മാലകണ്ടു
മാലയെടുത്തവൻ കഴുത്തിലിട്ടു
ആനന്ദം കൊണ്ടവൻ തുള്ളിച്ചാടി.

(ഓരോ വരിക്കിടയിലും 'താനാതന്ന' എന്ന വായ്ത്താരി ചൊല്ലിയാൽ രസകരമാകും.)

**തവള**

മഴയൊന്ന് വയ്ക്കാൻ മാനം കറുത്താൽ
മണ്ണിന്റെ പാട്ടും പാടിരസിച്ച്
മറ്റുള്ളോർ കാണാതെ പാടവരമ്പത്ത്
കുത്തിയിരിക്കും തവളയെ കണ്ടോ?

കട്ടം തറയിൽ ചാടാനും
പൊട്ടക്കുളത്തിൽ നീന്താനും
വട്ടക്കണ്ണുള്ളൊരു കൊച്ചുമിടുക്കന്
ഒട്ടുമേ പേടിയില്ലയ്യയ്യോ ഒട്ടുമേ പേടിയില്ല.

തുമ്പികൾ പാറിപ്പറക്കുമ്പോൾ
നാക്കങ്ങ് നീട്ടിപ്പിടിച്ചീടും
നാക്കിന്റെ അറ്റത്ത് ഒട്ടിപ്പിടിക്കുന്ന സൂത്രം
പശയെന്ന് ചൊല്ലുമത്രേ
സൂത്രം പശയെന്ന് ചൊല്ലുമത്രേ!

**ആമ**


വലിയൊരു തോടും ചുമന്ന് കൊണ്ട്
ഇഴഞ്ഞ് നീങ്ങും ചങ്ങാതി

തലയും കാലും വാലും മാത്രം
പുറത്ത് നീട്ടും ചങ്ങാതി
ശബ്ദം കേട്ടാൽ തോടിനുള്ളിൽ
ഒളിച്ചിരിക്കും ചങ്ങാതി
കരയിൽ കാണാം
കുളത്തിൽ കാണാം
ആമച്ചേട്ടൻ ചങ്ങാതി



**പേക്രോം..... പേക്രോം.....**

പേക്രോം പേക്രോം തവളച്ചാർ
പാടവരമ്പിൽ ചാടുന്നു
ഉണ്ടക്കണ്ണു തുറുപ്പിച്ച്
കുണ്ടും കുഴിയും തേടുന്നു.
കുട്ടികൾ ചുറ്റും നിന്നിട്ട്
മാക്രിയെന്നു വിളിക്കുന്നു.



**മഴവില്ല്**

കൊള്ളാം നല്ലൊരു മഴവില്ല്
മാനത്തുള്ളൊരു മഴവില്ല്
നിനക്കു കിട്ടിയ ഏഴുനിറങ്ങൾ
പകർന്നു തരാമോ ഞങ്ങൾക്കായ്
പകർന്നു തരാമോ ഞങ്ങൾക്കായ്

**മഴവില്ല്**

കണ്ടോ കണ്ടോ ചന്തത്തിൽ
മഴവില്ലൊന്ന് മാനത്ത്
ഏഴു നിറത്തിലെ വില്ലാണേ
ഏഴഴകുള്ളൊരു വില്ലാണേ
ആകാശത്തിലെ മഴവില്ലിനെ
കാണാനാനെന്തൊരു ചേലാണേ

**കരിമുകിൽ**

കരിമുകിൽ നിറയണു മാനത്ത്
മഴവില്ലണയണു ചാരത്ത്
മയിലുകൾ ആടണു കൊമ്പത്ത്
പുതുമഴ വീഴണു പാടത്ത്

**പോകല്ലേ**

വാർ മഴവില്ലേ വന്നാലും
വാനിൽ മടിയിലിരുന്നാലും
കൺകുളിരുന്നു കാണുമ്പോൾ
കരൾ നോവുന്നു മായുമ്പോൾ

**ആമ്പൽപ്പൂവ്**

കഴുത്തിനൊപ്പം വെള്ളത്തിൽ
മുങ്ങിക്കുളിച്ചു രസിക്കും ഞാൻ
തണുത്തു കോച്ചും വെള്ളത്തിൽ
നീന്തിക്കളിച്ച് രസിക്കും ഞാൻ
ലാല ലല്ല ലല്ലല്ലാ... (2)
വെള്ളം താഴുമ്പോൾ താഴുന്നു
വെള്ളം പൊങ്ങുമ്പോൾ പൊങ്ങുന്നു
ഞാനാരാണെന്നറിയാമോ
ഞാനാണല്ലോ ആമ്പൽപ്പൂ
ലാല ലല്ല ലല്ലല്ലാ... (2)

**പുഴ**

പുഴയമ്മാവാ......പുഴയമ്മാവാ
എവിടെന്നോടി വരുന്നു നീ?
അകലെ കാണും മലയിൽ നിന്നും
ചാടിത്തുള്ളി വരുന്നു ഞാൻ
പോരും വഴിയിൽ എന്തെല്ലാം
കാഴ്ചകൾ കണ്ടു രസിച്ചു നീ?
പുൽമേടുകളും പൂന്തോപ്പുകളും
പൂഞ്ചോലകളും കണ്ടു ഞാൻ
പുഴയമ്മാവാ......പുഴയമ്മാവാ
എവിടേയ്ക്കോടി പോണൂ നീ?
അങ്ങു പടിഞ്ഞാറുള്ളൊരു
കടലിൽ കൂടി ചേരാൻ പോണൂ ഞാൻ.

## ക്രിസ്മസ്

**ക്രിസ്മസ്മരം**

മുറ്റത്ത് നിൽക്കണ
ക്രിസ്മസ് മരത്തിനെ
കാണാനെന്തൊരു ചേലാണ്
കാണാനെന്തൊരു ചേലാണ്!
മിനുമിനെ മിന്നും നക്ഷത്രങ്ങൾ
വർണബലൂണുകൾ എമ്പാടും
വർണബലൂണുകൾ എമ്പാടും
മുത്തുകൾ റിബണുകൾ
എല്ലാമുണ്ടേ
കാണാനെന്തൊരു ചേലാണ്!

**നക്ഷത്രദീപം**

നക്ഷത്രദീപം കൊളുത്തി വച്ചു
പുൽക്കൂട് നന്നായി ഒരുക്കിവച്ചു
ഒട്ടേറെ കുഞ്ഞുങ്ങൾ കാത്തിരുന്നു
ക്രിസ്മസ് രാത്രിയിങ്ങെത്തിയല്ലോ
ആകാശ താരകൾ കൺതുറന്നു
മാലാഖമാർ വന്നു കാതിലോതി
സ്നേഹസമാധാന ദൂതുമായി
ദേവൻ (ഉണ്ണിയേശു) പിറന്നതീ രാത്രിയല്ലോ

**പിറന്നാൾ**

പൊന്നുണ്ണിക്ക് പിറന്നാള്
ഇന്നാണല്ലോ പിറന്നാള്
അച്ഛൻ നൽകി പൊന്നുമ്മ
അമ്മ കൊടുത്തു നൂറുമ്മ
പുത്തനുടുപ്പുകൾ തുന്നീലോ
നല്ലൊരു കേക്കും വാങ്ങീലോ
ചേട്ടനയച്ചൊരു കാർഡുണ്ട്
ആശംസകളുടെ കാർഡുണ്ട്.

**ക്രിസ്മസ് പപ്പ**

ക്രിസ്മസ് പപ്പാ
ക്രിസ്മസ് പപ്പാ
ഞങ്ങടെ തൊപ്പികൾ കണ്ടില്ലേ
പലനിറമുള്ളൊരു
തൊപ്പികൾ കാണാൻ
എന്തൊരു ചേലാണയ്യയ്യാ.....
സമ്മാനങ്ങൾ തരുമോ പപ്പാ
പകരം തൊപ്പികൾ തന്നീടാം

## ഗണിതഗാനങ്ങൾ

**ഒന്നും രണ്ടും**

ഒന്നും ഒന്നും രണ്ട്
പൂവിലുണ്ട് വണ്ട്
രണ്ടും രണ്ടും നാല്
മയിലിനുണ്ട് പീലി
മൂന്നും മൂന്നും ആറ്
ആറ്റിലുണ്ട് പാറ.
നാലും നാലും എട്ട്

നെറ്റിയിലൊരു പൊട്ട്
അഞ്ചും അഞ്ചും പത്ത്
അത്തിമരത്തിൽ പൊത്ത്

### നാല്

മൂന്നും ഒന്നും നാലാണ്
പശുവിന് കാലുകൾ നാലാണ്
രണ്ടും രണ്ടും നാലാണ്
കാറിനു ചക്രം നാലാണ്.

### ഒന്നൊരു കൊന്നപ്പൂവാണ്

ഒന്നൊരു കൊന്നപ്പൂവാണ്
രണ്ടൊരു ചെറുകരിവണ്ടാണ്
മൂന്നൊരു പച്ചക്കുന്നാണ്
നാലൊരു നാടൻ കലമാണ്
അഞ്ചൊരു പുത്തൻ ബഞ്ചാണ്
ആറൊരു മേട്ടോർ കാറാണ്
ഏഴൊരു വാഴപ്പഴമാണ്
എട്ടൊരു മഞ്ഞപ്പട്ടാണ്
ഒൻപതൊരാമ്പൽക്കുളമാണ്
പത്തൊരു തത്തപ്പെണ്ണാണ്

### ഒന്ന്..... രണ്ട്.....

ഒന്നാം പാഠം കൈയിലെടുത്തി-
ട്ടുണ്ണിക്കണ്ണൻ പാടുന്നു.
ഒന്ന്.... രണ്ട്... മൂന്ന്... നാല്
അഞ്ചുണ്ടല്ലോ മഞ്ചാടി!
രണ്ടാം പാഠം കൈയിലെടുത്തി -
ട്ടുണ്ണിക്കണ്ണൻ പാടുന്നു.
ആറ് ഏഴ് എട്ട് ഒമ്പത്
പത്തുണ്ടല്ലോ തത്തമ്മ

### ഉണർത്തുപാട്ട്

നമുക്ക് പാടാം, ചുറ്റിച്ചുറ്റി ആടാം.
കൈമുട്ടിക്കൊൾവിൻ ബാലകരേ
എല്ലാരും കൂടി, ഒരുമിച്ചു കൂടി
കൈമുട്ടികൊൾവിൻ ബാലകരേ...

കൈരണ്ടും പൊക്കി
കൈ രണ്ടും താഴ്ത്തി
നേരെ നിൽപ്പിൻ കൂട്ടുകാരേ...
വലം കൈപൊക്കി
ഇടം കൈ താഴ്ത്തി
വലം ഭാഗം നോക്കിൻ കൂട്ടുകാരേ

ഇടം കൈ പൊക്കി
ഇടം കൈ താഴ്ത്തി
ഇടം ഭാഗം നോക്കിൻ കൂട്ടുകാരേ
വലം കാലിടിച്ച് ഇടം കാലിടിച്ച്
വലം ഭാഗം തിരിയിൻ കൂട്ടുകാരേ...
ഇടം കാലിടിച്ചു വലം കാലിടിച്ചു
ഇടം ഭാഗം തിരിയിൻ ബാലകരേ...

### പെരുവിരൽ

ഒന്നാം പെരുവിരൽ ഒന്നടി പതിയെ
രണ്ടാം പെരുവിരൽ ഒന്നടി പതിയെ
മൂന്നാം നടുവിരൽ ഒന്നടി പതിയെ
നാലാം മോതിരാവിരൽ ഒന്നടി പതിയെ
അഞ്ചാം ചെറുവിരൽ ഒന്നടി പതിയെ
അഞ്ചാളും ചേർന്നൊന്നടിപതിയെ
ഒന്ന്... രണ്ട്.... മൂന്ന്... നാല്... അഞ്ച്...
(എന്ന് പറഞ്ഞ് കൈകൊട്ടുന്നു.)

### നല്ലതു മാത്രം

നമുക്ക് കണ്ണുകൾ രണ്ടാണേ
നല്ലതു മാത്രം കാണുക നാം
നമുക്ക് കൈകൾ രണ്ടാണേ
നല്ലതു മാത്രം ചെയ്യുക നാം
നമുക്ക് ചെവികൾ രണ്ടാണേ
നല്ലതു മാത്രം കേൾക്കുക നാം
നമുക്ക് കാലുകൾ രണ്ടാണേ
നല്ല വഴിക്കു നടക്കുക നാം
നമുക്ക് നാവതു ഒന്നാണേ
നല്ലതു മാത്രം ചൊല്ലുക നാം.

### കവിതകൾ

വട്ടം വട്ടം വട്ടത്തിൽ
പപ്പടമുണ്ടേ വട്ടത്തിൽ
വട്ടം വട്ടം വട്ടത്തിൽ
അമ്പിളിമാമൻ വട്ടത്തിൽ
വട്ടം വട്ടം വട്ടത്തിൽ
പൊട്ടുണ്ടല്ലോ വട്ടത്തിൽ
വട്ടം വട്ടം വട്ടത്തിൽ
കുഞ്ഞിക്കിണ്ണം വട്ടത്തിൽ
വട്ടം വട്ടം വട്ടത്തിൽ
പത്തിരിയുണ്ട് വട്ടത്തിൽ

ഒന്നെന്നു പറയുമ്പോൾ
ഒന്നിച്ചു നിൽക്കണം
രണ്ടെന്നു പറയുമ്പോൾ
കൈ രണ്ടും കൊട്ടണം
മൂന്നെന്നു പറയുമ്പോൾ
മുന്നോട്ട് നീങ്ങണം
നാലെന്നു പറയുമ്പോൾ
നാണിച്ചു നിൽക്കണം
അഞ്ചെന്നു പറയുമ്പോൾ
ബെഞ്ചിലിരിക്കണം

## ദിവസങ്ങൾ

ദിവസങ്ങളെത്ര ഒരാഴ്ചയിൽ
ഏതെന്ന് ചൊല്ല്
പേരൊന്ന് ചൊല്ല്..... ചൊല്ല്
തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം
വെള്ളി, ശനി, ഞായർ

## ഗണിതഗാനങ്ങൾ

ഒരു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം എത്ര?

ഒരു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം രണ്ട്.

രണ്ടു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം എത്ര?

രണ്ടു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം മൂന്ന് - (ടീച്ചർ ഉത്തരം പറയുന്നു.)

മൂന്നു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം എത്ര?

മൂന്നു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം നാല് - (കുട്ടികൾ പറയുന്നു.)

നാലു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം എത്ര?

നാലു പച്ചത്തവള ചാടിച്ചാടി പോകുന്നു
ഒന്നും കൂടി ചാടി വന്നാൽ അപ്പോഴെണ്ണം അഞ്ച് - (കുട്ടികൾ പറയുന്നു.)

(കുട്ടികളെ പാടിക്കളിപ്പിക്കുന്നു (മാസ്ക് ഉപയോഗിച്ചും കളിക്കാം).

## സംഖ്യാഗാനം

പാട്ട് : വെള്ളം കോരിത്തേവുമ്പോൾ
പാളക്കാരുടെ വിളികേൾക്കാം
ഒന്ന് ഓരോന്ന് ഒന്ന് ഓരോന്ന്

(ആംഗ്യത്തോടെ അവതരിപ്പിക്കുന്നു. വെള്ളം കോരിത്തേവുന്ന ആംഗ്യവും സംഖ്യകളും വിരലുകൊണ്ട് കാണിക്കണം).

വെള്ളം കോരിത്തേവുമ്പോൾ
പാളക്കാരുടെ വിളികേൾക്കാം
രണ്ട് ഈരണ്ട്
രണ്ട് ഈരണ്ട്

## ഒന്ന് രണ്ട് മൂന്ന്

ആന നടന്നു വരുന്നുണ്ട്.
ആനയ്ക്കെത്ര വാലുണ്ട്
ഒന്നേ... ഒന്നേ... ഒന്നേ...
ആന നടന്നു വരുന്നുണ്ട്.
ആനയ്ക്കെത്ര കൊമ്പുണ്ട്.
രണ്ടേ... രണ്ടേ... രണ്ടേ...
ആനമേലെത്ര ആളുണ്ട്
മൂന്നേ മൂന്നേ മൂന്ന്
ആനയ്ക്കെത്ര കാലുണ്ട്
നാലേ നാലേ നാല്
ആനയ്ക്കെത്ര വയസ്സായി
അഞ്ചേ അഞ്ചേ അഞ്ച്

## 3. ശാസ്ത്രപ്രവർത്തനങ്ങൾ/പരീക്ഷണങ്ങൾ





### 1.പെയ്യട്ടെ മഴ/മാന്ത്രികമഴ

**സാമഗ്രികൾ** : പാൽപ്പൊടി ടിൻ/പ്ലാസ്റ്റിക് ബോട്ടിൽ, കുത്തിരുമ്പ്, ചുറ്റിക, ബക്കറ്റ്, വെള്ളം

**ചെയ്യുന്ന വിധം**

- കുട്ടികൾ ടിൻ/പ്ലാസ്റ്റിക് ബോട്ടിലിന്റെ അടിഭാഗത്ത് ഏതാനും സുഷിരങ്ങളിടുന്നു.
- ടിൻ/ബോട്ടിൽ ബക്കറ്റിലെ വെള്ളത്തിൽ മുക്കി വച്ച് അടപ്പിട്ട്/അടപ്പിന്റെ സ്ഥലത്ത് കൈവച്ച് ഉയർത്തുക.
- അടപ്പ്/കൈ പെട്ടെന്ന് മാറ്റി തിരികെ വയ്ക്കുമ്പോൾ ടിൻ/ബോട്ടിലിൽ നിന്ന് വെള്ളം പുറത്തേക്ക് വരുന്നതു കാണാം. (ടിന്നിന്റെ/ബോട്ടിലിന്റെ മുകൾഭാഗത്ത് ചെറിയ ദ്വാരമിട്ട് മൂടി അടച്ചതിനുശേഷം ദ്വാരം പൊത്തി ചെയ്താലും മതി.)

### 2.വെള്ളത്തിൽ മഴവില്ല്

**സാമഗ്രികൾ**

- പരന്ന പാത്രത്തിൽ എണ്ണ

**ചെയ്യുന്ന വിധം**

- എല്ലാ കുട്ടികളും ഒരു പരന്ന പാത്രത്തിൽ വെള്ളമെടുക്കുക.
- വെള്ളത്തിൽ ഒരു രണ്ടു തുള്ളി എണ്ണ ഇറ്റിക്കുക.
- വെയിലത്തു വച്ചാൽ പാത്രത്തിലെ വെള്ളത്തിൽ മഴവില്ല് കാണാം.

**സാമഗ്രികൾ** : പ്ലാസ്റ്റിക് മഗ്/മിനറൽ വാട്ടർ ബോട്ടിൽ മുറിച്ചത്, സോപ്പുപൊടി, വെള്ളം

**ചെയ്യുന്ന വിധം**

- ഓരോ കുട്ടിയും പ്ലാസ്റ്റിക് മഗിൽ പകുതിവരെ വെള്ളം എടുക്കുക.
- ഒരു ടീസ്പൂൺ സോപ്പുപൊടി ഇടുക.
- കൈകൊണ്ട് നന്നായി ഇളക്കി പതയുണ്ടാക്കുക.
- കൈയിലെടുത്ത് ഇളക്കി പതയുണ്ടാക്കി പതയെടുത്തും ചെയ്യാം. (മഗ് ആവശ്യത്തിന് കിട്ടുന്നില്ലെങ്കിൽ.)

### 3.ചുവരിലൊരു മഴവില്ല്

**സാമഗ്രികൾ** : പ്ലേറ്റ്, വെള്ളം, കണ്ണാടി, (പ്ലാസ്റ്റിക് ഫ്രേമുള്ളത്)

**ചെയ്യുന്ന വിധം**

- കുട്ടികളെ 2/3 പേരുള്ള ഗ്രൂപ്പുകളാക്കുന്നു.
- ഓരോ ഗ്രൂപ്പിനും 1 പ്ലേറ്റിൽ കുറച്ച് വെള്ളം, ഒരു കഷണം കണ്ണാടി എന്നിവ നൽകുന്നു.
- വെയിലത്ത് പ്ലേറ്റ് വച്ച് ചുമരിൽ വെളിച്ചം പ്രതിഫലിക്കുന്ന രീതിയിൽ കണ്ണാടി പാതി വെള്ളത്തിൽ വരുന്ന വിധം ചരിച്ചു വയ്ക്കുന്നു.
- ചുവരിൽ പ്രതിബിംബം പതിക്കുന്നിടത്ത് മഴവില്ല് കാണാം.

## 4. മുങ്ങുമോ പൊങ്ങുമോ?

**സാമഗ്രികൾ** : വലിയ ബേസിൻ, വെള്ളം, പച്ചക്കറികൾ, ധാന്യങ്ങൾ

**ചെയ്യുന്ന വിധം**

- ക്ലാസിന് മധ്യഭാഗത്തായി സ്റ്റൂളിൽ ബേസിൻ നിറയെ വെള്ളം വയ്ക്കുക.
- മേശമേൽ പച്ചക്കറികൾ, ധാന്യങ്ങൾ (ഓരോന്ന് വീതം) വച്ചത് കുട്ടികൾ ഓരോന്ന് വീതം എടുക്കുന്നു.
- ഓരോരുത്തരും അവർക്ക് ലഭിച്ച സാധനത്തിന്റെ പേരും അത് വെള്ളത്തിലിട്ടാൽ മുങ്ങുമോ പൊങ്ങുമോ എന്നുള്ളതും ഊഹിച്ചു പറയുന്നു.
- ഓരോ കുട്ടി വീതം മുന്നോട്ടു വന്ന് അവരും സാധനം ബേസിനിലെ വെള്ളത്തിലിട്ട് ഊഹവുമായി ബന്ധപ്പെടുത്തുന്നു.
- ടീച്ചർ ബേസിനിൽ മുങ്ങുന്നത്, പൊങ്ങുന്ന് പട്ടിക വരച്ച് ഓരോന്നും രേഖപ്പെടുത്തുന്നു.
- ശേഷം ആകെ മുങ്ങുന്നത് എത്ര? പൊങ്ങുന്നത് എത്ര? എന്ന് പറയുന്നു.
- ഏതാണ് കൂടുതൽ? കുറവ് എന്ന് ചർച്ചയിലൂടെ ക്രോഡീകരിക്കുന്നു.

## 5. പഞ്ചസാരയും ഉപ്പും എവിടെപ്പോയ്?

**സാമഗ്രികൾ** : 6 പാത്രം, വെള്ളം, 6 സ്പൂൺ, ഉപ്പ്, പഞ്ചസാര, മണൽ, കല്ല്, മുത്ത്, പുളിങ്കുരു.

**ചെയ്യുന്ന വിധം**

- ക്ലാസിൽ 6 പാത്രങ്ങളിൽ പകുതി വെള്ളം നിറച്ച് സ്പൂൺ ഇട്ട് വയ്ക്കുന്നു.
- കുട്ടികൾ ഓരോ പാത്രത്തിലും ഓരോ സാധനം വീതം ഇടുന്നു. (ഉപ്പ്, പഞ്ചസാര, മണൽ, കല്ല്, മുത്ത്, പുളിങ്കുരു)
- കുട്ടികൾ സ്പൂൺ കൊണ്ട് വെള്ളം നന്നായി ഇളക്കുന്നു.
- 5 മിനിറ്റിനുശേഷം എന്തു സംഭവിച്ചുവെന്ന് നോക്കി പറയുന്നു.
- ഉപ്പിനും പഞ്ചസാരയ്ക്കും എന്തു സംഭവിച്ചു? ചർച്ച-
- അലിയുന്നവ - അലിയാത്തവ - ക്രോഡീകരണം

**പുതിയ നിറങ്ങൾ**

**സാമഗ്രികൾ** : പോസ്റ്റർ കളർ/വാട്ടർ കളർ, ചില്ല് ഗ്ലാസുകൾ/ പ്ലാസ്റ്റിക് ബോട്ടിലുകൾ മുറിച്ചത്, വെള്ളം, 50 ml സ്പൂൺ, ചെറിയ പാത്രം.

**ചെയ്യുന്ന വിധം**

- 3 പാത്രങ്ങളിൽ വെള്ളമെടുത്ത് ചുവപ്പ്, നീല, മഞ്ഞ നിറങ്ങൾ കലക്കി വയ്ക്കുക.
- സ്പൂൺകൊണ്ട് ഒരു ബോട്ടിലിലേക്ക് ചുവപ്പും മഞ്ഞയും ഓരോ സ്പൂൺ വീതം ഒഴിക്കുന്നു.
- മാറ്റം നിരീക്ഷിച്ച് പറയുന്നു.
- മറ്റു നിറങ്ങൾ രണ്ടുവീതം ചേർത്ത് മാറ്റങ്ങൾ പറയുന്നു.
- മൂന്നു നിറങ്ങളും ഒന്നിച്ചു ചേർത്താൽ എന്തു സംഭവിക്കും/ ചെയ്തു നോക്കി പറയുന്നു.

  ചുവപ്പ് + നീല = വയലറ്റ്

  നീല + മഞ്ഞ = പച്ച

  മഞ്ഞ + ചുവപ്പ് = ഓറഞ്ച്

  (പട്ടിക പൂർത്തീകരിച്ച് നൽകണം.)

**സാമഗ്രികൾ** : മഞ്ഞൾപ്പൊടി, സോപ്പ്

**ചെയ്യുന്ന വിധം**

- സോപ്പ് ഉപയോഗിച്ച് കുട്ടികൾ കൈകൾ കൊണ്ട് പതയാക്കുന്നു.

- എല്ലാവരുടെ കൈയിലും ഒരു നുള്ള് മഞ്ഞൾ പ്പൊടി ഇടുന്നു.
- വീണ്ടും പതപ്പിക്കുമ്പോൾ നിറവ്യത്യാസം നിരീക്ഷിക്കുന്നു. പറയുന്നു.

**സാമഗ്രികൾ** : ചുണ്ണാമ്പുവെള്ളം, ഗ്ലാസ്, മഞ്ഞൾപ്പൊടി, സ്പൂൺ

**ചെയ്യുന്ന വിധം**
- കുട്ടികളെ 2 പേർ വീതമുള്ള ഗ്രൂപ്പുകളാക്കുന്നു.
- ഓരോ ഗ്ലാസ് ചുണ്ണാമ്പുവെള്ളം 1 സ്പൂൺ മഞ്ഞൾപ്പൊടിയും ഓരോ ഗ്രൂപ്പിനും നൽകുന്നു.
- മഞ്ഞൾപ്പൊടി ഗ്ലാസിലിട്ട് ഇളക്കുന്നു.
- നിറവ്യത്യാസം നിരീക്ഷിക്കുന്നു. പറയുന്നു.

**സാമഗ്രികൾ** : പേപ്പർ, തേക്കിന്റെ തളിരില, മറ്റു തളിരിലകൾ

**ചെയ്യുന്ന വിധം**
- തേക്കിന്റെ തളിരില കടലാസിലുരച്ച് ചിത്രം വരയ്ക്കുന്നു. നിറം നിരീക്ഷിച്ച് പറയുന്നു.
- മറ്റ് ഇലകൾ ഉപയോഗിച്ച് വരയ്ക്കുന്നു. നിറം ചർച്ച ചെയ്യുന്നു.

## 6.മെഴുകുചിത്രങ്ങളിലെ അത്ഭുതം

**സാമഗ്രികൾ** : വെള്ള ചാർട്ട്പേപ്പർ, മെഴുകുതിരി, വാട്ടർ കളർ, സ്പോഞ്ച് കഷണങ്ങൾ

**ചെയ്യുന്ന വിധം**
- വെള്ള ചാർട്ട്പേപ്പർ ഗ്രീറ്റിങ് കാർഡിന്റെ വലുപ്പത്തിൽ മുറിക്കുന്നു.
- മെഴുകുതിരികൊണ്ട് ചാർട്ട് പേപ്പറിൽ ചിത്രം വരയ്ക്കുന്നു.
- കുട്ടികൾ സ്പോഞ്ചിൽ കളർ ചേർത്ത് മെഴുകുചിത്രത്തിനുമേൽ തേക്കുന്നു.
- കാർഡിലെ മെഴുകുചിത്രം തെളിഞ്ഞുവരുന്നതു കാണാം.
- കൂടുതൽ നിറങ്ങൾ തേക്കുന്നു. നിറവ്യത്യാസം പരിചയപ്പെടുന്നു.

**സാമഗ്രികൾ**
- വെള്ള ചാർട്ട്പേപ്പർ, മെഴുകുതിരി, ചെമ്പരത്തിപ്പൂവ്, ചെറുനാരങ്ങ.

**ചെയ്യുന്ന വിധം**
- ചാർട്ട്പേപ്പർ ആശംസാകാർഡ് വലുപ്പത്തിൽ മുറിക്കുന്നു.
- മെഴുകുതിരികൾ കൊണ്ട് ചിത്രങ്ങൾ വരഞ്ഞു വയ്ക്കുന്നു.
- കാർഡിൽ കുട്ടികൾ ചെമ്പരത്തിപ്പൂവ് കൊണ്ട് തേക്കുന്നു.
- നാരങ്ങയിൽ വിരൽ തൊട്ട് ചെമ്പരത്തിപ്പൂവ് തേച്ച ഭാഗത്ത് തേക്കുന്നു. നിറവ്യത്യാസം നിരീക്ഷിക്കുന്നു.

## 7.നനയാത്ത തൂവാല

**സാമഗ്രികൾ**
- ഗ്ലാസ്, തൂവാല, ബക്കറ്റ്, വെള്ളം

**ചെയ്യേണ്ട വിധം**
- കുട്ടികൾ തൂവാലയെടുത്ത് ഗ്ലാസിനടിഭാഗത്ത് ഉറപ്പിച്ചു വയ്ക്കുന്നു.
- ഗ്ലാസ് കമഴ്ത്തി വെള്ളത്തിലേക്ക് താഴ്ത്തുന്നു.
- ഉയർത്തിയതിനുശേഷം ഇടതുകൈകൊണ്ട് ഗ്ലാസിലെ തൂവാല തൊട്ടു നോക്കുന്നു.
- എല്ലാ കുട്ടികളും ചെയ്യുന്നു.

## 8.വായുവിന്റെ ശക്തി

**സാമഗ്രികൾ**
- ബലൂൺ, നൂലോട, റബ്ബർബാന്റ്, കടലാസ് ബോൾ

**ചെയ്യുന്ന വിധം**
- നൂലോടയിൽ ബലൂൺ റബ്ബർബാന്റ് ഉപയോഗിച്ച് ഉറപ്പിക്കുന്നു. (ടീച്ചർ)
- കുട്ടികൾ നൂലോടയിലൂടെ ഊതി ബലൂൺ വീർപ്പിക്കാൻ പരിശീലിക്കുന്നു.
- തറയിൽ കടലാസ് ബോൾ വയ്ക്കുന്നു. ഓരോ

കുട്ടിയും ഒരുതവണ ബലൂൺ വീർപ്പിച്ച് കടലാസ് ഹോൾ എത്രദൂരം നീക്കാമെന്ന് കണ്ടെത്തുന്നു.

- കൂടുതൽ ദൂരം കടലാസ്ബോൾ നീക്കിയ ആൾ വിജയിക്കുന്നു.

## 9. കുപ്പി വെള്ളത്തിൽ താഴ്ത്താം

**സാമഗ്രികൾ**
- ചെറിയ പ്ലാസ്റ്റിക് ഡബ്ബ, ചെറിയ കല്ലുകൾ, ബക്കറ്റ് വെള്ളം.

**ചെയ്യേണ്ട വിധം**
- ഡബ്ബ വെള്ളത്തിലിടുന്നു. പൊങ്ങിനിൽക്കുന്നു.
- വെള്ളത്തിൽ താഴ്ത്താൻ - എന്തു ചെയ്യണം- ചർച്ച
- കല്ലിടണം - ഓരോ കല്ല് എല്ലാവർക്കും നൽകുന്നു. കല്ല് ഡബ്ബയിലിട്ട് വെള്ളത്തിലിടുമ്പോൾ ഉണ്ടാകുന്ന മാറ്റം നിരീക്ഷിക്കുന്നു.
- എപ്പോഴാണ് ഡബ്ബ പൂർണമായും വെള്ളത്തിൽ മുങ്ങിയത്?

## 10. ഗ്ലാസിൽ വെള്ളം നിറയ്ക്കാം

**സാമഗ്രികൾ**
- ബക്കറ്റ്, വെള്ളം ഗ്ലാസ്, ......................

**ചെയ്യേണ്ട വിധം**
- ഒരു സ്റ്റൂളിൽ ഒരു ബക്കറ്റ് വെള്ളം വയ്ക്കുക.
- 4, 5 ഗ്ലാസുമായി ചുറ്റും നിൽക്കുക.
- ഓരോരുത്തർക്കും ഓരോ മേസൺ പൈപ്പ് നൽകുക.
- ബക്കറ്റിൽ മേസൺ പൈപ്പിട്ട് നിലത്തിരുന്ന് പൈപ്പിലൂടെ വെള്ളം വലിച്ച് ഗ്ലാസ് നിറയ്ക്കുന്നു.

## 11. കടലാസിനെ കുപ്പിയിലാക്കാമോ?

**സാമഗ്രികൾ**
- പ്ലാസ്റ്റിക് കുപ്പി, കടലാസ്

**ചെയ്യുന്ന വിധം**
- പ്ലാസ്റ്റിക് ബോട്ടിൽ കിടത്തിവയ്ക്കുക.
- വായഭാഗത്ത് ഒരു കഷണം പേപ്പർ ഒട്ടിക്കുക.
- വായഭാഗത്ത് ഊതി പേപ്പറിനെ കുപ്പിക്കുള്ളിലാക്കാൻ ശ്രമിക്കട്ടെ.

## 12. നിവരും ബലൂൺ

**സാമഗ്രികൾ**
- പ്ലാസ്റ്റിക് ബോട്ടിൽ, ബലൂൺ, റബ്ബർ ബാന്റ്, വെള്ളം, ബക്കറ്റ്

**ഉപകരണം**
- കത്തി

**നിർമാണരീതി**

1. ഒരു പ്ലാസ്റ്റിക് കുപ്പി എടുക്കുക. കുപ്പിയുടെ അടിഭാഗം മുറിച്ചു മാറ്റുക.
2. മൂടി അഴിച്ചു മാറ്റി അതിന്റെ സ്ഥാനത്ത് ഒരു ബലൂൺ ഉറപ്പിക്കുക.

**പ്രവർത്തനരീതി**

1. കുപ്പി വെള്ളത്തിലേക്ക് താഴ്ത്തുക. എന്തു കാണുന്നു? ബലൂൺ വീർത്തുവരുന്നില്ലേ?
2. ബലൂണിന്റെ കഴുത്തിൽ (കുപ്പിക്കഴുത്തിനു മുകളിലായി) ചരടുകൊണ്ട് കെട്ടിയ ശേഷം കുപ്പി പുറത്തേക്കെടുക്കുക.
3. വീണ്ടും കുപ്പി വെള്ളത്തിൽ മുക്കിയശേഷം കെട്ടഴിച്ചാൽ എന്തു സംഭവിക്കും?

## 4. വിവിധ കളികൾ



### 1. പാടിക്കൊണ്ടു കളിക്കാം

കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു. ടീച്ചറും കുട്ടികളും ചേർന്ന് പാടിക്കളിക്കുന്നു.

ഇരിക്കുന്നേ ഞങ്ങൾ ഇരിക്കുന്നേ,
ഇരിക്കുന്നേ ഞങ്ങൾ ഇരിക്കുന്നേ,
ഇരിക്കുന്നേ ഞങ്ങൾ ഇരിക്കുന്നേ,
ഇരുന്നിരുന്ന് കളിക്കുന്നേ

നിൽക്കുന്നേ ഞങ്ങൾ നിൽക്കുന്നേ (3)
നിന്നിടത്തു നിൽക്കുന്നേ
നടക്കുന്നേ ഞങ്ങൾ നടക്കുന്നേ (3)
നട നട നട നടക്കുന്നേ!
ഓടുന്നേ ഞങ്ങൾ ഓടുന്നേ..(3)

ഓടി ഓടി കളിക്കുന്നേ
ചാടുന്നേ ഞങ്ങൾ ചാടുന്നേ (3)

ചാടിച്ചാടി കളിക്കുന്നേ.

### 2. കൈയടിക്കാം, പാടാം

ടീച്ചർ പാട്ടുപാടുന്നു, കുട്ടികൾ കൈയടിക്കുന്നു. ശേഷം കുട്ടികൾ പാടിക്കൊണ്ട് കൈയടിക്കുന്നു.

കാറ്റത്തു കേളുപോയി
കൈ രണ്ടു മുട്ടി കൂട്ടുകാരേ (X X - രണ്ടു തവണ കൈയടിക്കുന്നു.)

മഴയത്തു കേളുപോയി
കൈ രണ്ടു മുട്ടി കൂട്ടുകാരേ (X X - രണ്ടു തവണ കൈയടിക്കുന്നു.)

കാറ്റും മഴയും ഒന്നിച്ചപ്പോൾ

കൈയെത്ര മുട്ടി കേളുവേട്ടൻ (X X X X - നാലു തവണ കൈയടിക്കുന്നു.)

### 3. കൂട്ടുകാർ

ക്ലാസിലെ കുട്ടികളെ നാലു കൂട്ടങ്ങളാക്കുന്നു.

1. കോഴിക്കുഞ്ഞുങ്ങൾ
2. കാക്കക്കുഞ്ഞുങ്ങൾ
3. പട്ടിക്കുട്ടികൾ
4. പൂച്ചക്കുട്ടികൾ

ടീച്ചർ മുന്നിൽ ഇരിക്കുന്നു.

*ടീച്ചർ* *കോഴിക്കുഞ്ഞുങ്ങൾ വരട്ടെ എന്നു പറയുന്നു.*
*അപ്പോൾ 1-ാം ഗ്രൂപ്പ് കീയോം കീയോം കീയോ കീയോം കോഴിക്കുഞ്ഞുങ്ങൾ*
*കീയോം കീയോം കീയോ കീയോം കോഴിക്കുഞ്ഞുങ്ങൾ എന്നു പാടിക്കൊണ്ട് മുന്നോട്ട് വന്നു പിറകോട്ട് പോകുന്നു.*

*ടീച്ചർ* *കാക്കക്കുഞ്ഞുങ്ങൾ വരട്ടെ എന്നു പറയുന്നു.*
*2-ാം ഗ്രൂപ്പ് കാകാ......കാകാ...... കാക്കക്കുഞ്ഞുങ്ങൾ*

*കാ...... കാ ...... കാ...... കാ...... കാക്കക്കുഞ്ഞുങ്ങൾ എന്നു പാടി ക്കൊണ്ട് മുന്നോട്ടുവന്നു. പിറകോട്ടുപോകുന്നു.*

*3-ാം ഗ്രൂപ്പ് ഭൗ......ഭൗ......ഭൗ......ഭൗ പട്ടിക്കുഞ്ഞുങ്ങൾ (2)*

*ടീച്ചർ - പൂച്ചക്കുഞ്ഞുങ്ങൾ വരട്ടെ.*

*മ്യാവൂ...... മാവ്യൂ...... മ്യാവൂ...... മ്യാവൂ പൂച്ചക്കുഞ്ഞുങ്ങൾ (2)*

## 4. ഉൽസവമേളം

**സാമഗ്രികൾ:** കളിച്ചെണ്ട, പീപ്പികൾ......

**പ്രവർത്തനം**

- കുട്ടികൾ കൈവശമുള്ള ചെണ്ട, പീപ്പി ...... എല്ലാതരം ശബ്ദവുമു ണ്ടാവുന്ന ഉപകരണങ്ങളും ക്ലാസിൽ കൊണ്ടുവരുന്നു.
- കുട്ടികളെ വട്ടത്തിൽ നിർത്തുന്നു. ഓരോരുത്തരുടെയും കൈയിൽ ഓരോ ഉപകരണങ്ങൾ (പീപ്പി ഉള്ളവർ ഒന്നിച്ച്, ചെണ്ടയുള്ളവർ ഒന്നിച്ച് എന്നിങ്ങനെ.)
- ടീച്ചർ മധ്യത്തിൽനിന്ന് കൈ ഉയർത്തുമ്പോൾ ശബ്ദമുണ്ടാക്കി തുട ങ്ങുന്നു. കൈ താഴ്ത്തുമ്പോൾ ശബ്ദം ഉണ്ടാക്കുന്നത് നിർത്തുന്നു.
- ഒന്നു രണ്ട് തവണ ചെയ്തതിനുശേഷം ഒരേ താളത്തിൽ ശബ്ദമു ണ്ടാക്കാൻ ശ്രമിക്കട്ടെ.

**2 -ാം ഘട്ടം**

- ഒരേപോലുള്ള ഉപകരണങ്ങൾ ഓരോ മൂലയിലായി എടുത്തു നിൽക്കു ന്നു.
- ടീച്ചർ ഒരു മൂലയിലേക്ക് കൈ ചൂണ്ടുമ്പോൾ ആ മൂലയിലെ കുട്ടികൾ മാത്രം ശബ്ദമുണ്ടാക്കുന്നു.
- ടീച്ചർ ഒരു കൈ ഉയർത്തി അടുത്ത മൂലയിലേക്ക് വിരൽ ചൂണ്ടു മ്പോൾ നേരത്തേ ശബ്ദമുണ്ടാക്കുകയും ചെയ്യുന്നു.
- എല്ലാ മൂലയിലുള്ളവർക്കും 2, 3 തവണ അവസരം ലഭിക്കും വിധം പ്രവർത്തനം ആവർത്തിക്കുന്നു.

## 5. ബോട്ട് റേസ്

**സാമഗ്രികൾ -** പി.വി.സി. പൈപ്പ് നെടുകെ മുറിച്ച് വശങ്ങൾ അടച്ചത് 1 മീറ്റർ, 2 കഷണം തെർമോകോൾ, കടലാസ് തോണി.........,വെള്ളം.

**പ്രവർത്തനം**

- പി.വിസി. പാത്തിയിൽ വെള്ളം നിറച്ച് ക്ലാസിൽ വയ്ക്കുന്നു.
- തെർമോകോൾ മുറിച്ച് പേപ്പർ കൊണ്ട് ഒരേ വലുപ്പത്തിലുള്ള തോണി ഉണ്ടാക്കുന്നു.
- 2 കുട്ടികൾ വീതം മുന്നോട്ടുവന്ന് പാത്തിയുടെ ഒരറ്റത്തു നിന്ന് തോണി ഊതി അടുത്ത അറ്റത്തെത്തിക്കുന്നു.
- ആദ്യം എത്തിക്കുന്നയാൾ വിജയിക്കുന്നു. എല്ലാവരും ചെയ്യുന്നു.

## 6. കാട്ടിലെ കൂട്ടുകാർ

**സാമഗ്രികൾ -** മുഖംമൂടികൾ, കാട്/മറ

**പ്രവർത്തനം**

- ക്ലാസിന്റെ ഒരു മൂലയിൽ മരക്കൊമ്പുകൾ സ്ഥാപിച്ച് കാടിന്റെ പശ്ചാ ത്തലമൊരുക്കുന്നു/മറയുണ്ടാക്കുന്നു.
- അവിടെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഓരോ ജീവിയുടെയും മുഖംമൂടി ഒരുക്കുന്നു.
- കുട്ടികൾ അവിടെ മറഞ്ഞിരിക്കുന്നു.
- ടീച്ചർ ഒരു ജീവിയുടെ ശബ്ദമുണ്ടാക്കുന്നു. കുട്ടികൾ ഉടനെ ആ ജീവി യുടെ മുഖംമൂടിയണിഞ്ഞ് ശബ്ദമുണ്ടാക്കിക്കൊണ്ട് പുറത്തേക്ക് കട ന്നുവരുന്നു. അകത്തേക്ക് മറയുന്നു.

**കളികൾ/പ്രവർത്തനങ്ങൾ**

മുഖംമൂടികളുടെ ഇനത്തിനനുസരിച്ച് ടീച്ചർ ശബ്ദമുണ്ടാക്കുന്നു. കുട്ടികൾ മുഖംമൂടിയാണിഞ്ഞ് ശബ്ദമുണ്ടാക്കിക്കൊണ്ട് പുറത്തേക്കു വരുന്നു.

## 7. ഷർട്ടിന് ബട്ടണിടാം

സാമഗ്രികൾ - ഹാങ്ങർ, 2 ഷർട്ട്

**പ്രവർത്തനം**

- ക്ലാസിന്റെ ഒരറ്റത്ത് 2 ഹാങ്ങറിൽ ഷർട്ട് മുകളിലത്തെ ബട്ടൺ മാത്രം ഇട്ട് വയ്ക്കുന്നു.
- മറ്റേ അറ്റത്ത് 2 കുട്ടികളെ നിർത്തുക.
- ടീച്ചർ നിർദേശം നൽകുമ്പോൾ 2 പേരും ഹാങ്ങറിനടുത്തേക്ക് ഓടി വന്ന് ബട്ടണിടുന്നു.
- ആദ്യം ബട്ടൺ ഇടുന്നവർ വിജയി.
- എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതുവരെ പ്രവർത്തനം തുടരുക.

(ബട്ടൺ ഇടാൻ പ്രയാസമുള്ള കുട്ടികൾക്ക് കുറച്ച് അരിയും ചെറുപയറും ചേർത്ത് നൽകുക. അവ വേർതിരിക്കാൻ അവസരം നൽകുക. സൂക്ഷ്മ പേശീ വികാസത്തിന് വളരെ സഹായിക്കുന്നതാണ് ഈ പ്രവർത്തനം.)

## 8. കാക്ക പറപറ

**സാമഗ്രികൾ**

**പ്രവർത്തനം**

- കുട്ടികൾ ഒരു വരിയിൽ നിൽക്കുന്നു. ടീച്ചർ കാക്ക പറ പറ എന്നു പറയുന്നു.
- പറക്കുന്ന ജീവിയുടെ പേരാണ് പറഞ്ഞതെങ്കിൽ കുട്ടികൾ പറ പറ എന്നു പറഞ്ഞ് കൈകൾ പറക്കുന്നതുപോലെ വീശി ഓടണം.
- (പശു പറ പറ) പറക്കാത്ത ജീവിയുടെ പേരാണ് പറഞ്ഞതെങ്കിൽ പറക്കുന്നതായി അഭിനയിക്കാനും ഓടാനും പാടില്ല.
- തെറ്റായി ചെയ്യുന്ന കുട്ടികളെ കളിയിൽ നിന്നു മാറ്റിനിർത്തുന്നു. അവസാനം ബാക്കിവരുന്നയാളെ വിജയിയായി പ്രഖ്യാപിക്കുന്നു.
- കളി പലതവണ ആവർത്തിക്കുന്നു.

## 9. പഴക്കട

**സാമഗ്രികൾ**

പഴങ്ങളുടെ ചിത്രങ്ങൾ/പപ്പറ്റ്/മുഖംമൂടികൾ

**പ്രവർത്തനം**

- ക്ലാസിൽ കുട്ടികളുടെ കൈയിൽ മാമ്പഴം, ചക്ക, ഓറഞ്ച്, ആപ്പിൾ, വാഴപ്പഴം, എന്നിവയുടെ ചിത്രമോ പപ്പറ്റോ മാസ്കോ നൽകുന്നു. ക്ലാസിന്റെ പിറകിൽ വരിയായി നിർത്തുന്നു.
- ടീച്ചർ ആപ്പിൾ വരട്ടെ എന്നു പറയുന്നു.
- ആപ്പിൾ പപ്പറ്റ് കൈയിലുള്ള കുട്ടി ആപ്പിൾ വരുന്നു, ആപ്പിൾ വരുന്നു. എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ചാടിച്ചാടി മുന്നോട്ടു വന്ന് പപ്പറ്റ് ഉയർത്തിപ്പിടിച്ച് നിൽക്കുന്നു.
- മറ്റ് പഴങ്ങളുടെ പേരുകൾ പറഞ്ഞ് കളി തുടരുന്നു.
- ഒന്നോ രണ്ടോ തവണ കളി ആവർത്തിച്ചശേഷം പപ്പറ്റ് മേശമേൽ വയ്ക്കുന്നു.
- കുട്ടികൾ വട്ടത്തിൽ നിൽക്കുന്നു.
- ടീച്ചർ 'മാമ്പഴം' നാരങ്ങയുടെ ചെവി തൊട്ട് പോകൂ എന്നു പറയുന്നു.
- മാമ്പഴം എടുത്തു കുട്ടി നാരങ്ങ എടുത്ത കുട്ടിയുടെ ചെവി തൊട്ടു പോകുന്നു.
- മറ്റു കുട്ടികൾ ചെയ്തത് ശരിയാണോ എന്നു പറയുന്നു.

## 10. വലുകൈ ഇടതുകൈ കളി

**സാമഗ്രികൾ**

**പ്രവർത്തനം**

- ടീച്ചറും കുട്ടികളും വരിയായി ഒരേ ദിശയിൽ നിൽക്കുന്നു.
- ടീച്ചർ 'വലതു കൈ നീട്ടുന്നു' എന്നു പറഞ്ഞ് വലതുകൈ നീട്ടിപ്പിടിക്കുന്നു. അതേപോലെ കുട്ടികളും ചെയ്യുന്നു.

- വലതുകൈ മടക്കുന്നു. വലതുകൈ നിവർത്തുന്നു എന്നു പറയുന്നതു കുട്ടികൾ ചെയ്യുന്നു.
- പിന്നീട് ഇടതുകൈ നീട്ടുന്നു എന്നത് ‘നിവർത്തുന്നു’ വരെ ടീച്ചർ പറയുന്നത് ടീച്ചറും കുട്ടികളും ചെയ്യുന്നു.
- അടുത്ത ഒന്നു രണ്ടു തവണ ടീച്ചറും കുട്ടികളും ഒരുമിച്ചു പറയുകയും ചെയ്യുകയും ചെയ്യുന്നു.
- പാട്ടു പാടിക്കൊണ്ട് കളി തുടരുന്നു.
    - ടീച്ചർ പാട്ടു പാടുന്നു. കുട്ടികൾ ചെയ്യുന്നു.
    - ടീച്ചറും കുട്ടികളും പാട്ടു പാടി ചെയ്യുന്നു.

**പാട്ട്**


വലതു കൈ നീട്ടുക, വലതുകൈ മടക്കുക, വലതുകൈ
നിവർത്തുക,
തന്നത്താൻ ചുറ്റുക, മേലോട്ടൊന്നു ചാടുക.
ഇടതുകൈ നീട്ടുക, ഇടതുകൈ മടക്കുക, ഇടതു കൈ
നിവർത്തുക.
തന്നത്താൻ ചുറ്റുക, മേലോട്ടൊന്നു ചാടുക.

## 11. അയ്യോ പുലി വരുന്നേ

**സാമഗ്രികൾ**

**പ്രവർത്തനം**

- കുട്ടികൾ ക്ലാസിൽ പലയിടങ്ങളിലായി നിൽക്കുന്നു.
- ടീച്ചർ മേശയ്ക്കു പിറകിൽ നിന്ന് ഒരു ആനയുടെ (കുട്ടികൾക്കറിയാവുന്നത്) ശബ്ദം ഉണ്ടാക്കി വരുന്നു.
- കുട്ടികൾ ‘അയ്യോ ആന വരുന്നേ’ എന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ഓടുന്നു.



- ടീച്ചർ ഒരു കുട്ടിയെ തൊടുന്നു. ആ കുട്ടി മേശയുടെ പിറകിൽ നിന്നു മറ്റൊരു ജീവിയുടെ ശബ്ദമുണ്ടാക്കി വരുന്നു.
- കുട്ടികൾ ‘അയ്യോ പുലി വരുന്നേ’ എന്നു പറഞ്ഞ് ഓടുന്നു. ഒരാളെ തൊടുന്നു. അയാൾ അടുത്ത ജീവി.
- കളി തുടരുന്നു.

## 12. കൈകൊട്ടിക്കളി

**സാമഗ്രികൾ**

**പ്രവർത്തനം**

- കുട്ടികളെ വട്ടത്തിൽ നിർത്തുന്നു.
- ടീച്ചർ പാടുന്നതിന് മറുപടിപ്പാട്ടായി കുട്ടികൾ ചെയ്തു പാടണം.

    ടീച്ചർ കാലിൽ തൊട്ട് കൈ കൊട്ടൂ.

    കുട്ടികൾ കാലിൽ തൊടുന്നു. പാടുന്നു.

    കാലിൽ തൊട്ട് കൈകൊട്ടി

    ടീച്ചർ - മുട്ടിൽ തൊട്ട് കൈ കൊട്ടൂ

    കുട്ടികൾ - മുട്ടിൽ തൊട്ട് കൈ കൊട്ടി

തുടർന്ന് - വയർ, നെഞ്ച്, ചുണ്ട്, മൂക്ക്, ചെവി, കണ്ണ്, തല എന്നിവ ചേർത്ത് പാടുന്നു.

പിന്നീട് ഒപ്പം ചാടി കൈകൊട്ടൂ.



കുട്ടികൾ ഒപ്പം ചാടി കൈകൊട്ടി
ടീച്ചർ തിരിഞ്ഞും മറിഞ്ഞും കൈകൊട്ടൂ
കുട്ടികൾ തിരിഞ്ഞും മറിഞ്ഞും കൈകൊട്ടി.

## 13. തീവണ്ടിക്കളി

**പ്രവർത്തനം**

- കുട്ടികളെ വട്ടത്തിൽ നിർത്തുക. രണ്ട് കുട്ടികൾക്ക് കടന്നുപോവാനുള്ള അകലം പാലിക്കണം.
- ഒരു കുട്ടിയും ടീച്ചറും മധ്യത്തിൽ നിൽക്കണം. പാടുന്നു.

  കൂ കൂ കൂ കൂ തീവണ്ടി

  കൂകിപ്പായും തീവണ്ടി

  കുചു കുചു കുചു കുചു തീവണ്ടി

  കുചു കുചു കുചു കുചു തീവണ്ടി

- പാട്ട് കുട്ടികൾ പഠിച്ചശേഷം ടീച്ചറും കുട്ടികളും തീവണ്ടിയായി പാട്ടുപാടി കുട്ടികൾക്കിടയിലൂടെ

  ഒരു കുട്ടിയുടെ മുന്നിലൂടെ വന്ന് അടുത്ത കുട്ടിയുടെ പിന്നിൽ നിന്നു പാടുന്നു

  ഓടുന്നു. പാട്ട് നിൽക്കുമ്പോൾ അടുത്തുള്ള ഒരു കുട്ടിയെ തൊടുന്നു.

- ആ കുട്ടി തീവണ്ടിയുടെ ബോഗിയായി പിന്നിൽ കൂടണം. അവർ മൂന്നു പേരും ചേർന്ന് പാട്ടുപാടി നീങ്ങുന്നു. അടുത്ത കുട്ടി എന്ന നിലയിൽ എല്ലാ കുട്ടികളെയും ബോഗികളാക്കുന്നതുവരെ പ്രവർത്തനം തുടരുന്നു.


## 14. സ്ട്രോവടി

**സാമഗ്രികൾ –** സ്ട്രോ വടി

**പ്രവർത്തനം**

- എല്ലാ കുട്ടികൾക്കും 5 വീതം സ്ട്രോ നൽകുന്നു.
- കുട്ടികൾ സ്ട്രോ ഒന്നിനകത്ത് ഒന്ന് അൽപ്പം ഉള്ളിലേക്ക് കടത്തിവച്ച് വടി രൂപത്തിൽ നീളമുള്ള സ്ട്രോയാക്കി മാറുന്നു.
- ആദ്യം ചെയ്യുന്നവരെ വിജയിയായി പ്രഖ്യാപിക്കുന്നു.

  (ഇതുപോലെ തീപ്പെട്ടിവണ്ടിയും ഉണ്ടാക്കാം.)



## 2/7 ഗണിതകളികൾ

ഇന്ന് ഞാനൊരു പാട്ടുപാടിത്തരാം. എല്ലാവരും ചേർന്ന് പാടണം. ടീച്ചർ കാണിക്കുന്ന ആംഗ്യം കാണിക്കുകയും വേണം. ബീനടീച്ചർ പാടിത്തുടങ്ങി.

*ഒന്നേ ഒന്നേ ഒന്നല്ലോ*
*കുടയ്ക്ക് കാല് ഒന്നല്ലോ*

*രണ്ടേ രണ്ടേ രണ്ടല്ലോ*
*കോഴിക്ക് കാല് രണ്ടല്ലോ*

*മൂന്നേ മൂന്നേ മൂന്നല്ലോ*
*തേങ്ങയ്ക്കു കണ്ണുകൾ മൂന്നല്ലോ*

*നാലേ നാലേ നാലല്ലോ*
*പൂച്ചയ്ക്ക് കാലുകൾ നാലല്ലോ*

*അഞ്ചേ അഞ്ചേ അഞ്ചല്ലോ*
*തെച്ചിക്കിതളുകൾ അഞ്ചല്ലോ*

പാട്ടുപാടുമ്പോൾ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. ഓരോ സംഖ്യ പറയുമ്പോഴും അത്രയും എണ്ണം വിരലുകൾ പൊക്കിക്കാണിക്കുന്നു. കുട്ടികളും അതുപോലെ ചെയ്യുന്നു.

ഇങ്ങനെ ഗണിതപരമായ കാര്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ പ്രീ-പ്രൈമറി ക്ലാസിൽ നടത്താറുണ്ടല്ലോ. പ്രീ-പ്രൈമറി പ്രായത്തിലുള്ള കുട്ടികൾക്ക് ഗണിതപരമായി എന്തെല്ലാം മുന്നറിവുകളാണ് ഉള്ളത്? വലുത്, ചെറുത്, അടുത്ത്, അകലെ, കൂടുതൽ, കുറവ് ഇവ ഈ കുട്ടികളുടെ മുന്നറിവുകളല്ലേ. ഇതിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം. കഥ, പാട്ട്, നിർമാണം, ചിത്രംവര, കളികൾ എന്നിവയിലെല്ലാം ഗണിതപരമായ ശേഷികൾ വളർത്തിയെടുക്കാനുള്ള അവസരമുണ്ട്.

ദാഹിച്ചുവലഞ്ഞ കാക്ക കുടത്തിലെ വെള്ളം കുടിച്ച് ദാഹം മാറ്റിയ കഥ കുട്ടികൾക്ക് പറഞ്ഞുകൊടുത്തിട്ടില്ലേ. ഈ കഥയിൽ ഗണിതശേഷികൾ ഉൾപ്പെടുത്തി പറയാമല്ലോ. അതിന് എന്തെല്ലാം മാറ്റങ്ങൾ/ കൂട്ടിച്ചേർക്കലുകൾ കഥയിൽ വരുത്തേണ്ടതുണ്ട്?

ദാഹിച്ചുവലഞ്ഞ കാക്ക താഴെ വലിയൊരു കുടത്തിൽ

*കുറച്ചുവെള്ളം കണ്ടു. ..................................................................................*
*കാക്കയ്ക്ക് ഒരു സൂത്രം തോന്നി. കല്ലുകൾ കൊത്തിയിടാം.*
*ഒന്ന്........രണ്ട്...........മൂന്ന്...........നാല്..........അഞ്ച്...........*
*ഓരോ കല്ലുകളായി കൊത്തിയെടുത്ത് കുടത്തിലിട്ടു.*
*............................................... ദാഹം മാറ്റി.*
*കാക്ക കാ.........കാ........പാടി പറന്നുപോയി.*





ഇതുപോലെയുള്ള സാധ്യതകൾ മറ്റു കഥകളിലും ഉണ്ടാവില്ലേ? സ്വാഭാവിക സന്ദർഭങ്ങളിൽ മാത്രം ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയണം.

വീട് എന്ന തീമുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടിക്ക് അവസരമുണ്ട്.

വീട് വരച്ച് നിറം നൽകുക, പേപ്പർ ഒട്ടിച്ച് വീടിന്റെ രൂപം ഉണ്ടാക്കുക എന്നീ പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ഗണിതശേഷികൾക്ക് പ്രാധാന്യം നൽകുന്ന തരത്തിൽ നിർദേശങ്ങൾ നൽകാം.

രണ്ട് ജനലുകൾക്ക് ഒരേ നിറം നൽകുക, ഒരു വാതിൽ വരയ്ക്കുക, നീള ത്തിൽ സ്റ്റെപ്പ് വരയ്ക്കുക എന്നിങ്ങനെ വലിയ വീട്, ചെറിയ വീട്, ജനൽ-വാതിൽ ഇവയുടെ ആകൃതി. ഉയരമുള്ള വീട്. ഉയരം കുറഞ്ഞ വീട്. ഇങ്ങനെ എന്തെല്ലാം സാധ്യതകൾ ഉണ്ട്?

ആദ്യം എല്ലാവരും വലിയൊരു വീട് വരയ്ക്കുക. അതിനുശേഷം അതി നേക്കാൾ ചെറിയ വീട് വരയ്ക്കുക. പിന്നീട് അതിനേക്കാൾ ചെറുത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് വെല്ലുവിളിയും താൽപ്പര്യവും ഉള്ളതാവില്ലേ?

മുൻ കൂട്ടി തയാറാക്കിയ വിവിധ വലുപ്പത്തിലുള്ള വീടുകളുടെ കട്ടൗട്ടുകൾ നിശ്ചിത സമയം കൊണ്ട് വലുപ്പക്രമത്തിൽ ക്രമീകരിക്കുന്ന പ്രവർത്തനം രസകരമായ ഒരു കളികൂടിയാവില്ലേ.

വീടിന്റെ ഉപതീമായി അടുക്കള പരിഗണിക്കാം. അടുക്കള എന്ന തീമുമായി ബന്ധപ്പെടുത്തി ഗണിതശേഷികൾക്ക് ധാരാളം സാധ്യതകളുണ്ട്. പാത്ര ങ്ങളുടെ എണ്ണം, അളവുകൾ പാചകം തുടങ്ങിയവ.



ഒരു ഗ്ലാസ് വെള്ളം, ഒരു കപ്പ് വെള്ളം, രണ്ട് ബക്കറ്റ് വെള്ളം എന്നിങ്ങനെ യുള്ള പ്രയോഗങ്ങളുടെ സാധ്യത ഉണ്ടല്ലോ. പാചകം എന്നത് കുട്ടിക്ക് താൽപ്പര്യമുള്ള പ്രവർത്തനമാണ്.

നമുക്ക് സാലഡ് ഉണ്ടാക്കാം. എന്തെല്ലാമാണ് സാലഡ് ഉണ്ടാക്കാൻ വേണ്ട ത്. സവാള, തക്കാളി, ഉപ്പ്, തൈര്. ആദ്യം രണ്ട് സവാള ചെറുതായി അരി യാം. ഇനി ഈ മൂന്നു തക്കാളി ചെറുതായി അരിയാം. ഇതിലേക്ക് ഒരു സ്പൂൺ ഉപ്പ് ചേർക്കാം. ഒരു ഗ്ലാസ് തൈരും കൂടി ചേർത്ത് ഇളക്കിയെടു ക്കാം. നമ്മുടെ സാലഡ് തയാറായി.

ഇങ്ങനെ നിർദേശങ്ങൾ നൽകിക്കൊണ്ട് കുട്ടികളെക്കൊണ്ട് സലാഡ് തയാ റാക്കിക്കാം.

അളവുകൾ, സംഖ്യകൾ എന്നിവ സ്വാഭാവിക സന്ദർഭങ്ങളിൽ പ്രയോജന പ്പെടുത്താൻ കഴിയുന്ന പ്രവർത്തനമാണ് പാചകം.

കൂട്ടങ്ങളാക്കുക, വേർതിരിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും നട ത്താം.

ശരിയായ പഴങ്ങൾ, പച്ചക്കറികൾ

അല്ലെങ്കിൽ പഴങ്ങളുടെയും പച്ചക്കറികളുടെയും രൂപങ്ങൾ/ചിത്രം ഇവ കൂട്ടങ്ങളാക്കാൻ പറയാം. മാങ്ങയുടെ കൂട്ടം, ആപ്പിളിന്റെ കൂട്ടം, വെള്ളരി ക്കയുടെ കൂട്ടം ഇങ്ങനെ ചെയ്യാം. ഏത് കൂട്ടമാണ് വലുത്, ഏതാണ് ചെറുത്, എന്നിങ്ങനെയുള്ള ചോദ്യങ്ങളും ആവാം.

ഏതുകൂട്ടമാണ് ഏറ്റവും വലുത്, അതിനെക്കാൾ ചെറുത് ഏത് കൂട്ടമാണ് എന്നിങ്ങനെ ചോദിച്ച് കുട്ടികളെക്കൊണ്ട് പറയിക്കാം.

ഇത് ഒരു കളിപ്രവർത്തനമായി നടത്താം. മേശപ്പുറത്ത് ഒരു സ്കൂട്ടർ ബാഗ് വയ്ക്കുന്നു. ഇതിനെക്കാൾ ചെറിയ ഒരു സാധനം എല്ലാവരും എടുത്തു കാണിക്കൂ. കുട്ടികൾ ചെയ്യുന്നു.

ഇനി അതിനേക്കാൾ ചെറുത് എടുത്ത് കാണിക്കൂ. ഇനി അതിലേറെ ചെറുത്..... ഇങ്ങനെ സൂക്ഷ്മമായ നിരീക്ഷണത്തിലേക്ക് കുട്ടികളെ നയി

ക്കുന്ന തരത്തിൽ നിർദേശങ്ങൾ നൽകാം. ഏറെ താൽപ്പര്യം ഈ പ്രവർത്തനത്തിൽ കുട്ടികൾ കാണിക്കും.

## ഇനിയും എന്തെല്ലാം സാധ്യതകൾ

വിസിലടിക്കുമ്പോൾ ഇലകളെ വലുതിൽ നിന്ന് ക്രമമായി ചെറുതിലേക്കും തിരിച്ചും ക്രമീകരിക്കുക.

ഒരാൾ ഒരു വലിയ വട്ടം വരയ്ക്കുക. അടുത്തയാൾ അതിലേറെ ചെറുത്.... ഇങ്ങനെ എത്രമാത്രം ചെറുതാക്കി വരയ്ക്കാൻ കഴിയും?

സ്വാഭാവികമായി ഗണിതശേഷികൾ വികസിക്കുന്നതിനുള്ള സന്ദർഭങ്ങൾ പ്രവർത്തങ്ങളുടെ ഭാഗമാക്കാൻ കഴിയണം.

സ്ഥലപരമായ കാര്യങ്ങൾ, ഗുണപരമായ കാര്യങ്ങൾ എന്നിവ പ്രാഗ് ഗണിത ശേഷികളാണ്.

അടുത്ത് - അകലെ, താഴെ - മുകളിൽ ......

വലിയ കൂട്ടം, ചെറിയ കൂട്ടം, വലിയ പെട്ടി, ചെറിയ പെട്ടി, നീളം കൂടിയത്, നീളം കുറഞ്ഞത് - ഇവ ഗുണപരമായ ഗണിതശേഷിയുമാണ്.

ഗണിതപഠനത്തിന്റെ ഘട്ടങ്ങൾ - ELPS ൽ ഏതെല്ലാം ഘട്ടങ്ങളാണ് പരിഗണിക്കേണ്ടത്?

E - എക്സ്പീരിയൻസ്
L - ലാംഗ്വേജ്
P - പിക്ചർ
S - സിംബൽ

ഇതിൽ ആദ്യത്തെ മൂന്നു ഘട്ടങ്ങൾ പ്രീ-പ്രൈമറി ക്ലാസിൽ പരിഗണിക്കേണ്ടതും S സിംബൽ ഈ ഘട്ടത്തിൽ ആവശ്യമില്ലാത്തതുമാണ്.

കുട്ടിയുടെ മുന്നറിവ് പ്രയോജനപ്പെടുത്തി അനുഭവങ്ങൾ നൽകുക. ഇതിന് ആവശ്യമായ ഗണിതഭാഷ ഉപയോഗിക്കുക. ചിത്രം/രൂപം എന്നിവയുമായി ബന്ധിപ്പിക്കുക. (5 പൂവ്- 4 കിളി തുടങ്ങിയവ.). ഈ ഘട്ടങ്ങളിലൂടെ ക്രമമായി വികസിപ്പിച്ച് വരേണ്ടതാണ് ഗണിതശേഷികൾ.


## 5. നിർമാണം

### 1. മയിൽ

**സാമഗ്രികൾ** : കട്ടിക്കടലാസ്, പെൻസിൽ, ക്രയോൺസ്, സ്കെച്ച്പെൻ

**നിർമാണരീതി**

1. സമചതുരത്തിലുള്ള ഒരു കട്ടിക്കടലാസ് എടുക്കുക. കുത്തിട്ട ഭാഗങ്ങളിലൂടെ ഉള്ളിലേക്ക് മടക്കുക.
2. കുത്തിട്ട ഭാഗത്തുകൂടി ഉള്ളിലേക്ക് മടക്കുക.
3. ചിത്രത്തിൽ കാണിച്ചിരിക്കുന്നതുപോലെ മടക്കുക.
4. കൂർത്ത ഭാഗം മുന്നിലേക്ക് തലയായി.
5. നിറം കൊടുക്കൂ! മയിൽ റെഡി!




### 2. കടലാസുതിമിംഗലം

**സാമഗ്രികൾ** : കട്ടിക്കടലാസ്, പെൻസിൽ, ക്രയോൺസ്, സ്കെച്ച്പെൻ

**ഉപകരണം** : കത്രിക

**നിർമാണരീതി**

1. സമചതുരത്തിൽ ഒരു കട്ടിക്കടലാസ് എടുക്കുക. കുത്തിട്ട ഭാഗങ്ങളിലൂടെ ഉള്ളിലേക്ക് മടക്കുക.
2. കടലാസിന്റെ കുത്തിട്ട കൂർത്ത മുകൾഭാഗം താഴേക്കു മടക്കുക.
3. ഉള്ളിലേക്ക് മടക്കിയ രണ്ടുഭാഗങ്ങളും ചേർത്ത് വരയിട്ട ഭാഗത്തുകൂടി മടക്കുക. തിമിംഗലത്തിന്റെ ദേഹമായി.
4. കടലാസിന്റെ കുത്തിട്ടിരിക്കുന്ന കൂർത്തഭാഗത്ത് നിന്ന് പിന്നിലേക്ക് വളച്ചാൽ വാലായി.
5. പെൻസിൽ ഉപയോഗിച്ച് കണ്ണും വായും വരയ്ക്കുക. നിറം കൊടുത്താൽ തിമിംഗലം റെഡി.



## 3. കടലാസ് പെൻഗ്വിൻ

**സാമഗ്രികൾ** : കടലാസ്, സ്കെച്ച്പെൻ, പശ

**നിർമാണരീതി**

1. സമചതുരത്തിലുള്ള ഒരു കടലാസെടുക്കുക. ചിത്രത്തിൽ കാണുന്നതുപോലെ മടക്കുക.
2. നടുവിലുള്ള വരയിലൂടെ മടക്കുക. മുകൾഭാഗം മടക്കി പെൻഗ്വിൻ കൊക്ക് ഉണ്ടാക്കുക.
3. നടുവിലെ മടക്ക് നിവർത്തിയശേഷം കീഴ്ഭാഗം ചിത്രത്തിൽ കാണുന്നതുപോലെ മടക്കി കാലുണ്ടാക്കുക.
4. കണ്ണ് വരയ്ക്കുക. നിറം കൊടുക്കുക.

## 4. തയ്യൽ മെഷീൻ

**സാമഗ്രികൾ** : മച്ചിങ്ങ–1, ഇല–1, ഈർക്കിൽ–20 സെന്റീമീറ്റർ 2 എണ്ണം, 30 സെന്റീമീറ്റർ–1, 15 സെന്റീമീറ്റർ–1


**നിർമാണരീതി**

1. 30 സെന്റീമീറ്റർ നീളമുള്ള ഈർക്കിൽ (ആകൃതിയിൽ വളച്ച് മച്ചിങ്ങയിൽ കുത്തി നിർത്തുക.)

2. 15 സെന്റീമീറ്റർ നീളമുള്ള ഈർക്കിൽ ചിത്രത്തിൽ കാണുന്ന വിധം മച്ചിങ്ങയുടെ മധ്യത്തിൽ കുത്തി നിർത്തുക.

3. ഈർക്കിലിന്റെ മുകളിൽ ഇലവയ്ക്കുക. വളച്ച് വച്ച ഈർക്കിലിന്റെ അടിയിലൂടെ 20 സെന്റീമീറ്റർ നീളമുള്ള ഈർക്കിലുകൾ രണ്ടും കടത്തി ഇലയുടെ മുകളിലൂടെ എടുത്ത് വളഞ്ഞ ഈർക്കിലിന്റെ മറ്റേ വശത്ത് അടിയിലൂടെ കടത്തുക.

3. 20 സെന്റീമീറ്റർ നീളമുള്ള ഈർക്കിലുകൾ രണ്ടും പിടിച്ച് മച്ചിങ്ങ കറക്കുക. തയ്യൽ മെഷീന്റെ ശബ്ദം കേൾക്കുന്നില്ലേ! ഇലയിൽ തയ്യൽ അടയാളം ഉണ്ടോയെന്ന് നോക്കൂ....



## 5. തൊപ്പി

**സാമഗ്രികൾ** : പേപ്പർ റിബൺ, തടിച്ച പേപ്പർ, കളർ പെൻസിൽ

**ഉപകരണങ്ങൾ** : കത്രിക, പശ

**നിർമാണരീതി**

1. കുട്ടികളുടെ തലയുടെ അളവ് വരത്തക്കവിധം പേപ്പർ റിബൺ വട്ടത്തിൽ ഒട്ടിക്കുന്നു.

2. തടിച്ച കടലാസിൽ കൈവച്ച് കുട്ടികൾ കൈപ്പത്തിയുടെ ഔട്ട് ലൈൻ വരയുന്നു. അതിലൂടെ മുറിച്ചെടുക്കുന്നു.

3. തൊപ്പിക്കും കൈപ്പത്തിക്കും നിറം നൽകുന്നു.

4. മുറിച്ചെടുത്ത കൈപ്പത്തിയുടെ ചിത്രങ്ങൾ തൊപ്പിയുടെ ഇരുവശത്തുമായി ഒട്ടിച്ചുചേർക്കുന്നു.




## 6. ആമ

**സാമഗ്രികൾ** : കാർഡ് ബോർഡ്/ബനിയൻ പെട്ടി, കളർ

**ഉപകരണങ്ങൾ** : കത്രിക/പേപ്പർ കട്ടർ, പശ

**നിർമാണരീതി**

- കാർഡ് ബോർഡിൽ ആമയുടെ ശരീരഭാഗങ്ങൾ - ദീർഘവൃത്തം - 1 കാല് - 4, തല - 1, വാൽ-1, എന്നിവ മുറിച്ചെടുത്ത് നിറം നൽകുന്നു. കണ്ണ്, വായ വരച്ചു ചേർക്കുന്നു.



- ആമയുടെ ശരീരഭാഗത്ത് കാലുകൾ, തല, വാൽ എന്നിവ ഒട്ടിച്ചു ചേർക്കുന്നു.


## ആകാശപ്പമ്പരം

**സാമഗ്രികൾ** : മാസികയുടെ കവർ പേജ്, പശ

**ഉപകരണങ്ങൾ** : കത്രിക

### നിർമാണരീതി

1. 15 സെ.മീ. സമചതുരത്തിൽ കടലാസ് മുറിച്ചെടുക്കുക.
2. മുറിച്ചെടുത്ത കടലാസ് കുമ്പിളാകൃതിയിൽ ആക്കുക. അറ്റം പശതേച്ച് ഒട്ടിക്കുക. കുമ്പിളിന്റെ വീതികൂടിയ മുകൾഭാഗം നിരപ്പായി മുറിച്ച് മാറ്റുക.
3. തുറന്ന ഭാഗത്ത് 5 സെ.മീ. നീളത്തിൽ, 1. സെ.മീ. നീളത്തിൽ, 1.സെ.മീ. ഇടവിട്ട് സമാന്തരമായി മുറിക്കുക.



4. മുറിച്ചെടുത്ത ഭാഗം ചിത്രത്തിലേതുപോലെ വിടർത്തുക.
5. ആകാശപ്പമ്പരം മുകളിലേക്കെറിയൂ.


## കടലാസ് പങ്ക

**സാമഗ്രികൾ** : കടലാസ്, പശ

**ഉപകരണങ്ങൾ** : കത്രിക

### നിർമാണരീതി

1. 15 സെ.മീ. നീളവും 1.5 സെ.മീ. വീതിയും ഉള്ള 3 പേപ്പർ റിബണുകൾ എടുക്കുക.
2. 3 റിബണുകൾ നേർപകുതിയായി മടക്കുക.
3. ഓരോ റിബണിന്റെയും തുറന്ന ഭാഗം അടുത്ത് റിബണിന്റെ മടക്കിയ ഭാഗത്തിനുള്ളിൽ കടത്തിവയ്ക്കുക.
4. നടുവിൽ ത്രികോണക്കുമ്പിൾ രൂപപ്പെടുന്നതുവരെ, തുറന്ന ഭാഗങ്ങൾ സാവധാനം വലിച്ച് മുറുക്കുക.



5. മറ്റൊരു പേപ്പർ എടുത്ത് കടലാസ് കുമ്പിൾ ഉണ്ടാക്കി വിരൽ പോകാൻ പാകത്തിൽ ഒട്ടിക്കുക.

6. കടലാസ് കുമ്പിൾ വിരലിലണിഞ്ഞ് അതിന്റെ കൂർത്ത അഗ്രത്തിൽ പങ്ക വച്ച് ഓടി നോക്കൂ.


## കടലാസ് കൊണ്ടൊരു പങ്ക

**സാമഗ്രികൾ** : സമചതുരക്കടലാസ്, മൊട്ടുസൂചി, റബ്ബറുള്ള പെൻസിൽ, പശ

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി** :

1. സമചതുരക്കടലാസ് കോണോടു കോൺ മടക്കുക.
2. കോണുകളിൽ നിന്ന് കടലാസിന്റെ മധ്യബിന്ദുവിലേക്കുള്ള മടക്കിലൂടെ പകുതിവരെ മുറിക്കുക.
3. ഓരോ ത്രികോണത്തിന്റെയും ഓരോ മൂല മധ്യബിന്ദുവിലേക്ക് വളച്ച് പശകൊണ്ട് പരസ്പരം ഒട്ടിക്കുക.



4. മൊട്ടുസൂചി മുന്നിൽ നിന്നു പിന്നിലേക്ക് മധ്യത്തിലൂടെ കടത്തുക.
5. മൊട്ടുസൂചിയുടെ കൂർത്ത അറ്റം പെൻസിലിന്റെ റബ്ബറിൽ കുത്തി നിർത്തുക.

പെൻസിൽ പിടിച്ച് ഓടി നോക്കൂ.....


## വായുവിൽ നീന്തും മീൻ

**സാമഗ്രികൾ** : 20.cm കടലാസ് നാട, സ്കെച്ച് പെൻ - 1

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. 20 സെ.മീ. നീളവും 3 സെ.മീ. വീതിയും ഉള്ള ഒരു കടലാസ് നാടയെടുക്കുക.
2. കടലാസ് നാടയുടെ ഓരോ വശത്തും ചിത്രത്തിൽ കാണുന്നതുപോലെ 5 സെ.മീ. അകലത്തിൽ രണ്ട് കീറൽ ഉണ്ടാക്കുക.



3. കീറലുണ്ടാക്കിയ കടലാസ് വളച്ചെടുത്ത് ഒരു കീറൽ മറ്റേ കീറലിൽ കടത്തിവയ്ക്കുക.
4. വായും കണ്ണും ചെകിളയും സ്കെച്ച്പെൻ കൊണ്ട് വരച്ചുചേർക്കുക. മീൻ റെഡി.
5. തലയ്ക്ക് മുകളിൽ ഉയർത്തി താഴേക്ക് വിട്ടോളൂ.

## ഹെലികോപ്റ്റർ

**സാമഗ്രികൾ** : 10 x 3 സെ.മീ. കടലാസ് നാട

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. 10 സെ.മീ നീളവും 3സെ.മീ. വീതിയുമുള്ള ഒരു കടലാസ് നാടയെടുക്കുക.
2 കടലാസ് നെടുകെ നീളത്തിൽ പകുതിയായി മടക്കുക.
3. മധ്യത്തിൽ, വിലങ്ങനെ, തുറന്ന ഭാഗത്തായി, കത്രികകൊണ്ട് പകുതിവരെ മുറിക്കുക.
4. കടലാസ് നിവർത്തി കുത്തനെ വച്ചാൽ താഴെ ഭാഗത്തെ രണ്ടു വശങ്ങളും അകത്തേക്ക് വരത്തക്കവിധം മടക്കുക. ഒരു ക്രിക്കറ്റ് ബാറ്റിന്റെ ആകൃതിയിൽ കടലാസ് ആകും.
5. മടക്കിയതിന്റെ താഴത്തെ അറ്റത്ത് ചെറിയ രണ്ടുമൂന്നു മടക്കുകൾ മേലോട്ട് മടക്കുക. കത്രിക കൊണ്ട് വീതി കൂടിയ ഭാഗത്തെ നടുവിലെ മടക്കിലൂടെ താഴേക്കു മുറിക്കുക. ബാറ്റിന്റെ കൈപ്പിടിയുടെ 1 cm മുകളിൽ വരെ മുറിക്കുക.
6. മുറിച്ച് ഭാഗം രണ്ടുവശത്തേക്കും മടക്കി 'T' ആകൃതിയിലാക്കുക. ഹെലികോപ്റ്ററായി....

## കടലാസ് പീപ്പി

**സാമഗ്രികൾ** : 10 x 5 cm കടലാസ്

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. 10 സെ.മീ. നീളവും 5 സെ.മീ. വീതിയുമുള്ള കടലാസ് രണ്ടായി മടക്കുക.
2. മടക്കിന്റെ നടുവിൽ കത്രികകൊണ്ട് ഒരു വൃത്തം വെട്ടുക.
3. കടലാസിന്റെ തുറന്നഭാഗം രണ്ടും പുറത്തേക്ക് മടക്കുക.
4. കടലാസ് പീപ്പി വിരലിനിടയിലാക്കി ചുണ്ടിൽ വച്ച് ദ്വാരത്തിലൂടെ ഊതുക.


## പറക്കും പാറ്റ

**സാമഗ്രികൾ** : 10 x 5 cm കട്ടിക്കടലാസ്

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. 10 സെ.മീ. നീളവും വീതിയുമുള്ള സമചതുര കടലാസിനെ കോണോടു കോൺ മടക്കുക.





2. കടലാസിന്റെ പുറത്ത് പൂമ്പാറ്റയുടെ ചിത്രം വരയ്ക്കുക.

3. കടലാസുപൂമ്പാറ്റയെ നിലത്ത് വയ്ക്കുക. നിലത്ത് തൊടുന്ന മൂല മടക്കി അൽപ്പം ഉയർത്തി വയ്ക്കുക. പിറകിൽ നിന്നു പതുക്കെ ഊതൂ... പാറ്റ പറന്നുനീങ്ങുന്നത് കണ്ടില്ലേ!

## പേപ്പർ പടക്കം

**സാമഗ്രികൾ** : 20 x 30 cm കടലാസ്, സ്കെയിൽ, പെൻസിൽ

**നിർമാണരീതി**

1. 20 സെ.മീ. നീളവും 30 സെ.മീ വീതിയുമുള്ള കടലാസ് എടുക്കുക. അതിന്റെ വീതിയുള്ള ഭാഗത്ത് 6 തുല്യഭാഗങ്ങൾ വരയ്ക്കുക. അതിൽ 4 ഭാഗങ്ങൾ ഒന്നിന് മുകളിൽ ഒന്നായി മടക്കുക.
2. മടക്കിയ വശം വെളിയിൽ വരത്തക്കവിധം കടലാസിനെ കുറുകെ മടക്കുക.
3. വലതുവശം താഴത്തെ മൂല ഉള്ളിലേക്ക് കൊണ്ടുവരുക. അപ്പോൾ രണ്ട് കോണുകൾ കിട്ടും.
4. ഇടതുവശത്ത് താഴെയുള്ള മൂലകൾ ചൂണ്ടുവിരലിനും തള്ളവിരലിനും ഇടയിൽ പിടിച്ച് ആഞ്ഞ് വീശുക.
5. ടപ്പ്! ശബ്ദത്തോടൊപ്പം മൂലകൾ അപ്രത്യക്ഷമാകുന്നു.



## കിടക്ക

**സാമഗ്രികൾ** : സമചതുരക്കടലാസ്

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. സമചതുരക്കടലാസിന്റ ഇരുവശത്തുനിന്നും ഒരേ അളവിൽ ഉള്ളിലേക്ക് മടക്കുക.
2. മുകൾഭാഗത്തുനിന്നും 2/3 സെ.മീ. അളവിൽ താഴോട്ടുമടക്കി നിവർത്തുക.
3. മുകൾഭാഗത്ത് രണ്ട് ഭാഗത്തും രൂപാന്തരപ്പെട്ട ചതുരങ്ങളുടെ ഒരുവശം മുകളിൽ നിന്ന് താഴോട്ട് മുറിക്കുക..
4. മുറിച്ച ഭാഗം പിറകിലേക്ക് മടക്കിവയ്ക്കുക.
5. ചിത്രത്തിലേതുപോലെ ഇരുഭാഗവും പിറകിലേക്ക് മടക്കുക.
6. മടക്കിയ ഭാഗങ്ങൾ താഴോട്ടു മുകളിലെ ഭാഗം ഉയർത്തിയും മടക്കിവയ്ക്കുക. കട്ടിൽ തയാറായി.

## കിരീടം

**സാമഗ്രികൾ** : സമചതുരക്കടലാസ്, പശ

**നിർമാണരീതി**

1. സമചതുരക്കടലാസ് കോണോടുകോൺ പകുതിയായി മടക്കുക.
2. വീണ്ടും പകുതിയായി മടക്കി മധ്യഭാഗത്ത് വരയുണ്ടാക്കുക.
3 ഇരുവശത്തുനിന്നു മധ്യഭാഗത്തെ വരയിൽ നിന്ന് അൽപ്പം കടത്തി വരത്തക്കവിധം മടക്കുക.
4. അടിഭാഗത്തെ രണ്ടുകോണുകളും മുകളിലേക്ക് മടക്കുക. (വേണമെങ്കിൽ പശതേച്ച് ഒട്ടിക്കാം.)
5. അടിഭാഗം തുറന്ന് കിരീടം തലയിലണിയാം.

## നായക്കുട്ടി

**സാമഗ്രികൾ** : പേപ്പർ, സമചതുരം

**നിർമാണരീതി**

1. സമചതുരക്കടലാസ് കോണോടുകോൺ പകുതിയായി മടക്കുക.
2. താഴെ തുറന്ന ഭാഗത്തുനിന്ന് ഒരു കടലാസ് മുകളിലേക്ക് മടക്കി അതിന്റെ പകുതി മുന്നോട്ട് മടക്കിവയ്ക്കുക.
3. താഴെയുള്ള ബാക്കിയുള്ള കടലാസ് ഭാഗം പിറകിലേക്ക് മടക്കിവയ്ക്കുക.
4. സമചതുരക്കടലാസ് കോണോടുകോൺ പകുതിയായി മടക്കുക.
5. മുഖത്ത് കണ്ണ് വരച്ചുചേർത്താൽ നായ തയാറായി.

## തോണി

**സാമഗ്രികൾ** : ചതുരക്കടലാസ്, പശ, പേപ്പർ

**ഉപകരണങ്ങൾ** : കത്രിക/പേപ്പർകട്ടർ

**നിർമാണരീതി**

1. സമചതുരക്കടലാസ് കോണോടുകോൺ പകുതിയായി മടക്കുക. രണ്ടായി മുറിക്കുക.
2. ഒരു പേപ്പർ എടുത്ത് കോൺഭാഗം അൽപ്പം പുറത്തുവരത്തക്കവിധം മുകളിലേക്ക് മടക്കുക.
3. കമഴ്ത്തിയ രീതിയിൽ ഒരു പേപ്പറിൽ ഒട്ടിച്ചുവയ്ക്കുക. തോണിക്ക് നിറം നൽകുക.

## മൽസ്യം

**സാമഗ്രികൾ** : സമചതുരക്കടലാസ്, പശ, പേപ്പർ

**ഉപകരണങ്ങൾ** : കത്രിക/പേപ്പർകട്ടർ

**നിർമാണരീതി**

1. സമചതുരക്കടലാസിനെ കോണോടുകോൺ പകുതിയായി മുറിക്കുക.
2. അതിൽനിന്ന് ഒരു ത്രികോണമെടുത്ത് പകുതിയായി ത്രികോണങ്ങൾ മുറിച്ചെടുക്കുക.
3. വലിയ ത്രികോണത്തിനു പിൻഭാഗത്തായി ചെറിയ ത്രികോണം കയറ്റി ഒട്ടിക്കുക.
4. കണ്ണ്, ശരീരം, വാൽ, വരച്ച് ചേർത്ത് നിറം നൽകുക.
5. ചെറിയ ത്രികോണം പകുതിയായി മടക്കി ചെറിയ കഷണം മുറിച്ചു മാറ്റുക.


## സുന്ദരിമീൻ

**സാമഗ്രികൾ** : കടലാസ്/ചെറിയ പേപ്പർപ്ലേറ്റ്, പശ, കളർ

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. വട്ടത്തിലുള്ള കടലാസിൽനിന്ന് ത്രികോണാകൃതിയിലുള്ള ചെറിയൊരു കഷണം മുറിച്ചുമാറ്റുന്നു.
2. മുറിച്ചുമാറ്റിയ ഭാഗം നേരെ പിറകുവശത്ത് ഒട്ടിക്കുന്നു.
3. കണ്ണ്, ശരീരം വരയ്ക്കുന്നു. മീൻ തയാർ




## മുയൽ മുഖംമൂടി

**സാമഗ്രികൾ** : പേപ്പർ/ചെറിയ പേപ്പർപ്ലേറ്റ്, ചരട്, കളർ

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി**

1. 2 കടലാസ് വൃത്തങ്ങൾ എടുത്ത ഭാഗം മുറിച്ചുമാറ്റുന്നു.
2 രണ്ടാമത്തെ വൃത്തം നേർപകുതിയായി മുറിക്കുന്നു.
3. വൃത്തത്തിന് മുകൾഭാഗത്ത് പകുതി വൃത്തങ്ങൾ ചെവിയായി ഒട്ടിച്ചുചേർക്കുന്നു.
3. രണ്ട് ഭാഗത്ത് ദ്വാരം വച്ച് കെട്ടുന്നു.
4. കണ്ണ്, മൂക്ക് എന്നിവ വരച്ചു ചേർക്കുന്നു.




## വിശറി

**സാമഗ്രികൾ** : കടലാസ്, പശ, പരന്ന വടി

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി** :

1. ദീർഘചതുരാകൃതിയിലുള്ള പേപ്പർ 1 സെ.മീ. വീതിയിൽ Zig Zag ആയി മടക്കുക.
2 അടുക്കി ചേർത്തുവച്ച് പകുതിയായി മടക്കുക.
3. മടക്കുഭാഗത്ത് പശ തേച്ച് ചേർത്ത് ഒട്ടിക്കുക.
4. പുറംഭാഗം നിവർത്തി ഇടയിൽ വടി ചേർത്ത് രണ്ടു വശവും ഒന്നാക്കി ഒട്ടിക്കുക. വിശറി തയാർ.




## കടലാസ്പൂവ്

**സാമഗ്രികൾ** : മാസികയിലെ കടലാസ്, പശ, പെൻസിൽ/വടി

**ഉപകരണങ്ങൾ** : കത്രിക

**നിർമാണരീതി** :

1. മാസികയിലെ കളർപേജ് പകുതിയായി മുറിക്കുക.
2. ഒരു ഭാഗത്ത് നേർവരകൾ മുറിക്കുന്നു.
3 പേപ്പറിന്റെ അടിഭാഗത്ത് പശതേക്കുന്നു. പെൻസിൽ/വടി വച്ച് അതിൽ ചുരുട്ടി വയ്ക്കുന്നു.
4. പൂവിന്റെ ഇതൾപോലെ പേപ്പർ നിവർത്തുന്നു.



## കൈപ്പുസ്തകത്തിന് പ്രയോജനപ്പെടുത്തിയ റഫറൻസ് സാമഗ്രികൾ

- പ്രീസ്കൂൾ പാഠ്യപദ്ധതി
- പ്രീപ്രൈമറി നയരേഖ
- വിദഗ്ധ സമിതി റിപ്പോർട്ട്
- എൻ. സി. എഫ് 2005
- നാഷണൽ ഇ.സി.സി.ഇ. പോളിസി - 2013
- തീം ചാർട്ട് - ഐ.സി.ഡി.എസ്.
- മഴവില്ല്
- ശിശുകൗമാര മാനസികാരോഗ്യം പ്രശ്നങ്ങളും സമീപനങ്ങളും ഡോ.ജയപ്രകാശ്. ആർ (ചിന്തപബ്ലിക്കേഴ്സ്)
- ചൈൽഡ് ഡവലപ്മെന്റ് - Laura E. Berk
- ആദ്യകാല ശിശുവിദ്യാഭ്യാസ പ്രവർത്തകസഹായി (DPEP)
- കളിയും കാര്യവും (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്)
- കളിവണ്ടി
- താലോലം
- അങ്കണപ്പൂമഴ
- ബാലമാസികകൾ/പ്രസിദ്ധീകരണങ്ങൾ

## അധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്ന റഫറൻസ് സാമഗ്രികൾ (4+)

1. ആ പൂച്ച എവിടെ - മഞ്ജുള പദ്മനാഭൻ
2. ഒരു ദിവസം പ്രിയ - കാത്തി
3. ഈച്ച പൂച്ച - കല ശശികുമാർ
4. നൃത്തം ചെയ്യുന്ന തേനീച്ചകൾ - രഞ്ജിത്ത് ലാൽ
5. ഏറ്റവും നല്ല കൂട്ടുകാർ - ജി. മോഹനകുമാരി
6. ഞാൻ എന്ത് ഉണ്ടാക്കും. - നന്ദിനി നയ്യാർ
7. ഗ്രാമച്ചന്ത - രാധിക മേഘനാഥൻ
8. ഞാൻ ഒറ്റയാണ് - മഞ്ജുള പദ്മനാഭൻ
9. പ്രണവിന്റെ ചിത്രം - നന്ദിനി നയ്യാർ
10. വിത്ത് - ദീപ ബൽസവർ
11. മല്ലി - ജീവ രഘുനാഥ്
12. മോലോട്ടും താഴോട്ടും - വിനായക് വർമ
13. ഞാൻ ആരാണ് - സാക്ഷി ജെയൻ
14. നിറങ്ങളെ സ്നേഹിച്ച കുട്ടി - സുബീർ ശുക്ല
15. തലേം കുത്തി - ടി. ആർ. രാജേഷ്
16. സഞ്ചാരിയായ ഉറുമ്പമ്മൂമ്മ - സന്ധ്യാറാവു
17. പൂവൻകോഴിയും സൂര്യനും - മെറിൻ ഇംചെൻ
18. ആനയും തയ്യൽക്കാരനും - കെ.ബി. ജനാർദ്ദനൻ
19. മല്ലനും മാതേവനും - കെ.ടി. രാധാകൃഷ്ണൻ
20. മുത്തശ്ശീടെ കണ്ണുകൾ - സന്ധ്യാറാവു

## അധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്ന റഫറൻസ് സാമഗ്രികൾ (3+)

21. പുലിവരുന്നേ പുലി - സൂസൻ ജോർജ്
22. നെല്ല് കൊയ്യട കോരാ - കെ.ടി. രാധാകൃഷ്ണൻ
23. തൊടിയിലെ തെങ്ങ് - അൻവർ അലി
24. നല്ലൊരു നായ - ഡി. വിനയൻ
25. എന്റെ കാക്ക - ഡി. വിനയചന്ദ്രൻ
26. മണ്ണാങ്കട്ടയും കരിയിലയും - വിമലാമേനോൻ
26. ആനത്താര - ഡി. വിനയചന്ദ്രൻ
28. ആമയും കുരങ്ങനും വാഴ നട്ട കഥ - സൂസൻ ജോർജ്
29. പുസ്തകപ്പൂമാം? - കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്
30. നിറങ്ങളുടെ ഉത്സവം - മധുപാവ്ലെ
31. നഗരത്തിലെ ചന്തസന്ദർശനം - മഞ്ജുള പദ്മനാഭൻ
32. കാട്ടിൽ ഒരു ശബ്ദം - ജഗദീഷ് ജോഷി
33. വാലുകൾ - ഹൈഡ്രോസ് ആലുവ
34. മേഘാവൃതമായൊരു ദിനം - മെൽവിൻ ബർഗർ ഗിൽഡ ബർഗൻ
35. ദീപാവലി - രവി പരാജ്പെ
36. ഒരിക്കൽ ഒരു ഗ്രാമത്തിൽ - എച്ച്.സി. മദൻ
37. വീടുകൾ - എൻ. ബി. ടി.
38. ഇതൊരു വെറും കഥ - കാത്തി സ്പാഗ്നോളി
39. ഒരു ജെ.സി.ബിയുടെ കഥ - സചീന്ദ്രൻ കാറഡുക്ക
40. ഹാവൂ - എൻ.ടി. രാജീവ്
41. എവിടെ എന്റെ ഡപ്പി - എൻ.ടി. രാജീവ്
42. 24 x 7 - വെങ്കി